കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

# ഓഡിറ്റ് റിപ്പോർട്ട്

**2018-19**

**കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട് – 673032**

E-mail : corpkkd.ksad@kerala.gov.in

കെ.എസ്.എ/കെ.ഒ.സി/എ4/500/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം

കോഴിക്കോട് - 673032

E-mail: corpkkd.ksad@kerala.gov.in

തീയതി : 23.09.2020

സീനിയർ ഡപ്യൂട്ടി ഡയറക്ടർ,

ബഹു. മേയർ
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ.
(സെക്രട്ടറി മുഖാന്തരം)

സർ,

വിഷയം : കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം, കോഴിക്കോട് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതു - സംബന്ധിച്ച്.

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭ കൗൺസിലിന്റെ പ്രത്യേക യോഗം ചേർന്ന് ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ - ചട്ടം.14, 15 എന്നിവ കാണുക.)

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), ചട്ടം 20, 23 കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ - ചട്ടം 21(1), (2) എന്നിവ കാണുക.)

വിശ്വസ്തതയോടെ,

സീനിയർ ഡപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
4. കാര്യാലയ പ്രതി.

നം.കെഎസ്.എ./കെ.ഒ.സി.എ4/500/2020 തീയതി : 23.09.2020

**കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം - വകുപ്പ് 295 (4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. കോർപ്പറേഷനിൽ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം 47 ഓഡിറ്റ് റിക്വസിഷനുകൾ നൽകുകയുണ്ടായി. 166 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 52 എണ്ണത്തിന് മറുപടികൾ ലഭ്യമാക്കിയിട്ടുണ്ട്. മറുപടികൾ പരിഗണിച്ചതിനു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും, വിവരങ്ങളുടെയും, വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

| ഓഡിറ്റ് കാലയളവ് | 01.05.2019 മുതൽ 31.05.2020 വരെ | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ പേര് , തസ്തിക | 1. | ശ്രീ.എ.എസ്.ഷാജഹാൻ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (01.05.2019 മുതൽ 19.07.2019FN വരെ) |
| | 2. | ശ്രീ. മഹേശ.ബി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ( 19.07.2019AN മുതൽ 16.08.2019 വരെ ) |
| | 3. | ശ്രീ.ജലീൽ.കെ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ. (19.08.2019 മുതൽ തുടരുന്നു) |

നിർവ്വഹണാധികാരികൾ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| മേയർ | ശ്രീ.തോട്ടത്തിൽ രവീന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി.ജോഷി മൃണ്മയി ശശാങ്ക്, ഐ.എ.എസ്. | 01.04.2018 മുതൽ 30.06.2018വരെ |
| | ശ്രീ.വിനയൻ.കെ.പി, സെക്രട്ടറി ഇൻ ചാർജ് | 01.07.2018 മുതൽ 17.12.2018വരെ<br>27.12.2018 മുതൽ 31.01.2019വരെ |
| | ശ്രീ.സുധൻ.വി.വി, സെക്രട്ടറി ഇൻ ചാർജ് | 18.12.2018 മുതൽ 26.12.2018വരെ |
| | ശ്രീ.ബിനു ഫ്രാൻസിസ് | 01.02.2019 മുതൽ 31.03.2019വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ, എലത്തൂർ | ശ്രീമതി.നീന.കെ | 01.04.2018മുതൽ 31.03.2019വരെ |
| | | |

| | | |
|---|---|---|
| കൃഷി ഓഫീസർ, ചെറുവണ്ണൂർ നല്ലളം | ശ്രീ.സിദ്ധാർത്ഥൻ എ.കെ | 01.04.2018മുതൽ 31.03.2019വരെ |
| സീനിയർ വെറ്റിനറി സർജ്ജൻ | ഡോ.ബേബി കെ.കെ | 01.04.2018 മുതൽ 31.03.2019വരെ |
| ഹെൽത്ത് ഓഫീസർ | ഡോ.ആർ.എസ്.ഗോപകുമാർ | 01.04.2018 മുതൽ 31.03.2019വരെ |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.ടി.കെ.മോഹനൻ | 01.04.2018 മുതൽ 17.07.2018വരെ |
| | ശ്രീ.എം.എം.ഗോപാലൻ | 17.07.2018 മുതൽ 31.03.2019വരെ |
| വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | ശ്രീ.സുരേഷ് കുമാർ ഇ.കെ. | 01.04.2018 മുതൽ 31.03.2019വരെ |
| സി.ഡി.പി.ഒ., അർബൻ I | ശ്രീമതി.പത്മാവതി.കെ | 01.04.2018 മുതൽ 15.07.2018വരെ |
| | ശ്രീമതി.ബിന്ദു.എൻ.പി | 16.07.2018 മുതൽ 31.03.2019വരെ |
| സി.ഡി.പി.ഒ., അർബൻ II | ശ്രീമതി.പുഷ്പ.വി | 01.04.2018 മുതൽ 31.03.2019വരെ |
| സി.ഡി.പി.ഒ., അർബൻ III | ശ്രീമതി.സുധ.എം.എൻ | 01.04.2018 മുതൽ 08.07.2018വരെ |
| | ശ്രീമതി.സുഷ.പി.ടി | 09.07.2018 മുതൽ 31.03.2019വരെ |
| സി.ഡി.പി.ഒ., അർബൻ IV | ശ്രീമതി. ജാസ്മിൻ ബീഗം.എ | 01.04.2018 മുതൽ 31.03.2019വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.സുനീർ.വി | 01.04.2018 മുതൽ 31.03.2019വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.പി.ജി.നന്ദകുമാർ | 01.04.2018 മുതൽ 31.03.2019വരെ |
| പ്രോജക്ട് ഓഫീസർ കുടുംബശ്രീ | ശ്രീ. ടി.ആർ.ബാലൻ (ഇൻ ചാർജ്) | 01.04.2018 മുതൽ 31.07.2018വരെ |
| | ശ്രീ. റംസി ഇസ്മയിൽ എം.വി. | 01.08.2018 മുതൽ 31.03.2019വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. എ.വേണു. | 01.04.2018 മുതൽ 31.12.2018വരെ |
| | ശ്രീ.സതീഷ്.ഒ (ഇൻ ചാർജ്) | 01.01.2019 മുതൽ 16.01.2019വരെ |
| | ശ്രീ.സിയാദ് | 16.01.2019 മുതൽ 31.03.2019വരെ |
| വൃദ്ധമന്ദിരം സൂപ്രണ്ട് | ശ്രീ.സിദ്ധീഖ് ചുണ്ടക്കാടൻ | 01.04.2018 മുതൽ 31.03.2019വരെ |
| കോർപ്പറേഷൻ എഞ്ചിനീയർ/ സൂപ്രണ്ടിംഗ് എഞ്ചിനീയർ | ശ്രീ.ദിലീപ് എം.എസ് (ഇൻ ചാർജ്) | 01.04.2018 മുതൽ 10.04.2018വരെ |
| | ശ്രീ.വിഷ്ണുകുമാർ.ജി | 11.04.2018 മുതൽ 11.06.2018വരെ |
| | ശ്രീ.ബാബുജാൻ.വി.എ | 12.06.2018 മുതൽ 31.07.2018വരെ |
| | ശ്രീമതി.ജെസ്സി.ഇ.എസ് | 01.08.2018 മുതൽ 31.03.2019വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (1) | ശ്രീ.മുഹമ്മദ് ബഷീർ.ടി | 01.04.2018 മുതൽ 31.03.2019വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (2) | ശ്രീ.രമേഷ് കെ.പി. | 01.04.2018 മുതൽ 31.03.2019വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (3) | ശ്രീ.ദിലീപ് എം.എസ് | 01.04.2018 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (1) | ശ്രീ.സജീന്ദ്രൻ സി.എം | 01.04.2018 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (2) | ശ്രീ.ഗോപിനാഥ്.പി.എം | 01.04.2018 മുതൽ 19.06.2018വരെ |
| | ശ്രീമതി.ബിസിനി.എസ് | 20.06.2018 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പ്രോജക്ട്) | ശ്രീ.മനോജ് എം.ഒ | 01.04.2018 മുതൽ 19.08.2018വരെ |
| | ശ്രീമതി.ശകുന്തള.എം.കെ | 20.08.2018 മുതൽ 31.03.2019വരെ |

**ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം.**

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

| ഭാഗം.1 – പൊതു അവലോകനം | |
|---|---|
| 1-1 | ബജറ്റ്. |
| | |

| | |
|---|---|
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | സാമ്പത്തിക വിശകലനം. |
| 1-4 | ഫണ്ട് വിനിയോഗം. |
| 1-5 | പദ്ധതി അവലോകനം. |
| 1-6 | തനത് വരുമാനം. |
| 1-7 | ക്ഷേമ പദ്ധതികൾ. |
| 1-8 | ക്യാഷ് പരിശോധന. |
| 1-9 | ആഭ്യന്തര നിയന്ത്രണം |
| 1-10 | ഓഡിറ്റ് ഇംപാക്റ്റ്. |
| 1-11 | വാർഷിക കണക്കിലെ അപാകതകൾ. |
| 1-12 | കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമല്ലാതെ നിർമ്മിച്ച മാളിന് കോർപ്പറേഷൻ ഒക്യുപെൻസി സാക്ഷ്യപത്രം നൽകി- അനുമതിയില്ലാത്ത ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു |
| 1-13 | നഗരസഭയുടെ പൊതു ആവശ്യ ഫണ്ടിൽ നിന്നും എൽ.എസ്.ജി. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ശമ്പളാനുകൂല്യങ്ങൾക്ക് 1,28,30,957/- രൂപ അധികം അടവാക്കി |
| 1-14 | ഉപയോഗിക്കാത്ത വാഹനത്തിന്റെ സ്റ്റോപേജ് വിവരം യഥാസമയം ആർ.ടി.ഒ അധികാരികളെ അറിയിച്ചില്ല. കോർപ്പറേഷന് നികുതിയിനത്തിൽ വൻ തുക കുടിശ്ശിക ബാധ്യത |
| 1-15 | ജീവനം - സമഗ്ര ക്യാൻസർ പദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 1-16 | നഗരസഭ അനുമതിയില്ലാതെ സ്വകാര്യ വണ്ടിത്താവളങ്ങൾ ഫീസ് ഈടാക്കി ഏർപ്പെടുത്തുന്നു |
| 1-17 | നഗരസഭ പരിധിയിൽ അനധികൃത ഹോസ്റ്റൽ നടത്തിപ്പ് - നിയമാനുസൃത പിഴകൾ ഈടാക്കിയില്ല |
| 1-18 | നഗരസഭ വക മാനാഞ്ചിറ മൈതാനത്ത് ജില്ല സ്പോർട്സ് കൗൺസിലിന്റെ ബാസ്കറ്റ് ബോൾ കോർട്ട് |
| 1-19 | ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിലിന് അനുവദിച്ച സ്ഥലത്തിന്റെ ലൈസൻസ് ഫീ ഈടാക്കിയില്ല |
| 1-20 | മുനിസിപ്പൽ പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 1-21 | അനധികൃത കെട്ടിടത്തിൽ ഫിറ്റ്നസ് ഇല്ലാതെയും അംഗീകാരം ഇല്ലാതെയും സ്കൂൾ പ്രവർത്തിക്കുന്നു |
| 1-22 | ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറാതെ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് നഗരസഭ ഫണ്ടിൽ നിന്നും അടവാക്കുന്നു |
| 1-23 | സാധനങ്ങൾ ആവശ്യമില്ലാതെ വാങ്ങി കൂട്ടി- പൊതുഖജനാവിന് നഷ്ടം |
| 1-24 | നഗരസഭ വക ഷോപ്പിംഗ് കോംപ്ലക്സുകൾ, ബങ്കുകൾ എന്നിവ ലൈസൻസ് വ്യവസ്ഥയിൽ നൽകുന്നതിലെ അപാകതകൾ |

| | |
|---|---|
| 1-25 | നഗരസഭ വക കെട്ടിടങ്ങൾ ലൈസൻസ് വ്യവസ്ഥയിൽ എടുക്കുന്നവർ ലൈസൻസ് ഫീസ് അടവാക്കുന്നതിൽ വീഴ്ച വരുത്തുന്നു |
| 1-26 | ഉറവിട മാലിന്യസംസ്കരണം-ബയോഗ്യാസ് പ്ലാന്റ്, റിങ്ങ് കമ്പോസ്റ്റ് വിതരണം 2019 -പദ്ധതി നിർവ്വഹണം മന്ദഗതിയിൽ |
| 1-27 | അജൈവമാലിന്യം നീക്കം ചെയ്യൽ -ക്ഷണിച്ച ടെണ്ടർ നടപടി ക്രമങ്ങളിൽ അപാകതകൾ |
| 1-28 | കോർപറേഷൻ അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നില്ല |
| 1-29 | അജൈവ മാലിന്യം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഗുരുതരമായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടും കോർപറേഷന്റെ താത്പര്യം സംരക്ഷിക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചില്ല |
| 1-30 | ഹരിത കർമ്മസേനയുടെ പ്രവർത്തനം തൃപ്തികരമല്ല- രേഖകൾ ലഭ്യമാക്കേണ്ടതാണ് |
| 1-31 | ഉറവിട മാലിന്യസംസ്കരണം- പൈപ്പ് കമ്പോസ്റ്റ് - സ്ഥാപിക്കൽ-ഐ.ആർ.ടി.സി-യ്ക്ക് ബാക്കി തുക നൽകൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ചുള്ള രേഖകൾ അപൂർണ്ണം |
| 1-32 | നഗരസഭ സെക്രട്ടറി, അഡീ.സെക്രട്ടറി എന്നവരുടെ ശമ്പളാനുകൂല്യങ്ങൾ സർക്കാരിലേക്ക് അടവാക്കുന്നില്ല |
| 1-33 | നഗരസഭ പരിധിയിൽ സർക്കാർ വക കെട്ടിടങ്ങൾ വസ്തു നികുതി അടവാക്കുന്നതിൽ വീഴ്ച വരുത്തുന്നു |
| 1-34 | കേരളസംസ്ഥാന ബാംബൂ കോർപറേഷന് സ്ഥലം ലീസിന് നൽകിയത് - വസ്തുനികുതി, വാടക ഇനങ്ങളിലായി 36ലക്ഷം രൂപ പിരിച്ചെടുക്കാൻ ബാക്കി |
| 1-35 | പൂരക പോഷകാഹാര പദ്ധതിക്ക് ലഭിക്കുന്ന കേന്ദ്ര വിഹിതം പൂർണ്ണമായും വിനിയോഗിക്കുന്നില്ല |
| 1-36 | വസ്തു നികുതി അടവാക്കാതെ കെ.എസ്.ആർ.ടി.സി വർക്ക് ഷോപ്പ്. |
| 1-37 | കണ്ടൽകാട് ഉൾപ്പെടുന്ന പുഴപുറമ്പോക്ക് ഭൂമികൾ നിയമവിരുദ്ധമായി ലീസിന് നൽകി |
| 1-38 | വികസന ഫണ്ട് ഉപയോഗിച്ച് കക്കൂസ് റിപ്പയർ - പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമില്ല |
| 1-39 | കുടുംബശ്രീ അയൽക്കൂട്ട ഭാരവാഹികൾക്ക് അക്കൗണ്ടിംഗ് പരിശീലനം - പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി വികസന ഫണ്ട് ചെലവഴിച്ചു |
| 1-40 | മൃഗാശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ - വാങ്ങിയ മരുന്നുകൾ സ്റ്റോക്കിലെടുക്കാത്തതും മറ്റപാകതകളും |
| 1-41 | റിഫ്രഷ്മെന്റ് ചാർജ്ജിനത്തിലെ ചെലവ് - മുഴുവൻ കണ്ടിജന്റ് ഇനങ്ങളുടെ വാർഷിക ചെലവ് പരിധിയിലും അധികരിച്ചു |
| 1-42 | അലോപ്പതി സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ-കൃത്യമായ കരാർ ചമച്ചില്ല – മരുന്ന് മുഴുവനും ലഭിച്ചിട്ടില്ല |
| 1-43 | മുൻകൂറായി അനുവദിച്ച തുക നിയമാനുസൃത പലിശ സഹിതം അഡ്ജസ്റ്റ് ചെയ്തില്ല |
| 1-44 | മരം മുറിച്ച് മാറ്റിയ ചെലവ് - കൈപ്പറ്റ്, ലേല നടപടികൾ എന്നിവ ഇല്ല |
| 1-45 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.ക്ക് നൽകിയ അധിക തുക തിരികെ ഈടാക്കിയില്ല |
| 1- | കെ.എസ്.ഇ.ബി.ക്ക് മുൻകൂർ നൽകിയ തുകക്ക് വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ പത്രം |

| | |
|---|---|
| 46 | എന്നിവ ഹാജരാക്കിയില്ല. |
| 1-47 | വസ്തുനികുതി പരിഷ്കരണം നടപ്പാക്കാത്തതും മറ്റപാകതകളും |
| 1-48 | ചാളത്തറ ശ്മശാനം നവീകരണം - 75,00,000/- രൂപ പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തു - പ്രവൃത്തി പൂർത്തീകരിച്ചില്ല |
| 1-49 | എ ബി സി മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ഉപകരണങ്ങൾ, മരുന്നുകൾ, ഡോഗ് വാൻ വാങ്ങിക്കൽ - സബ്സിഡി മാർഗരേഖയ്ക്കു വിരുദ്ധമായി തുക ചെലവഴിച്ചു |
| 1-50 | ലൈസൻസ് പുതുക്കാതെ നഗരസഭ വക ഭൂമി ലീസിന് നൽകി |
| 1-51 | ലൈസൻസ് ഫീസ് കാലാനുസൃതമായി പുതുക്കാതെ നഗരസഭ വക ഭൂമി വാടകയ്ക്ക് നൽകി |
| 1-52 | നഗരസഭയുടെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല |
| **ഭാഗം .2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | മാളിനെ വാണിജ്യകെട്ടിടം എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു - കോർപ്പറേഷന് വസ്തു നികുതിയിനത്തിൽ നഷ്ടം |
| 2-2 | ചെറുവണ്ണൂർ നല്ലളം മേഖലാ ഓഫീസ് -വഴി സൗകര്യം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചത് മൂലം വസ്തുനികുതിയിനത്തിൽ നഷ്ടം |
| 2-3 | വസ്തുനികുതി - നിർണ്ണയിച്ച തുകയേക്കാൾ കുറവ് തുക ഡിമാന്റ് ചെയ്തു |
| 2-4 | നഗരസഭ വക ബസ്സ്സ്റ്റാന്റുകളുടെ ഫീസ് പിരിക്കുന്നതിന് കുത്തക നൽകിയതിലെ അപാകതകൾ സംബന്ധിച്ച് |
| 2-5 | ഡി.ആന്റ്.ഒ ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ |
| 2-6 | ചെറുവണ്ണൂർ നല്ലളം മേഖലാകാര്യാലയത്തിനു കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക ഈടാക്കിയതിലെ അപാകതകൾ |
| 2-7 | ബേപ്പൂർ മേഖലാകാര്യാലയത്തിനു കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക ഈടാക്കിയതിലെ അപാകതകൾ |
| 2-8 | വാണിജ്യ കെട്ടിടത്തിലെ വസ്തു നികുതി നിർണ്ണയത്തിലെ അപാകത – നികുതി നിർണ്ണയിച്ചതിൽ കുറവ് |
| 2-9 | വേക്കൻസി റമിഷൻചട്ട പ്രകാരമല്ലാതെ ഇളവ് നൽകി |
| **ഭാഗം.3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ മഴക്കാല പൂർവ്വ ശുചീകരണത്തിനായി 33,10,000/- രൂപ അധികം ചെലവഴിച്ചു |
| 3-2 | അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി പ്രാബല്യത്തിലുള്ള കരാർ നിബന്ധനകൾക്ക് വിരുദ്ധമായി പണം ചെലവഴിച്ചു - കോർപ്പറേഷന് ലക്ഷങ്ങളുടെ നഷ്ടം |
| 3-3 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള സാധനങ്ങൾ വാങ്ങി- കോർപ്പറേഷന് 14,71,324/- രൂപയുടെ അധിക ചെലവ് |
| 3-4 | ശുചീകരണ സാമഗ്രികൾ വിവിധ പദ്ധതികളിലായി ഒരേ സമയം അധിക നിരക്കിൽ വാങ്ങി- കോർപറേഷന് ലക്ഷങ്ങളുടെ നഷ്ടം |
| 3-5 | സർക്കാർ/എയ്ഡഡ് ഹയർസെക്കൻഡറി സ്കൂൾ/ഹൈസ്കൂളുകളിൽ സാങ്കേതിക തികവോടെ ബയോഗ്യാസ് പ്ളാൻറ് സ്ഥാപിക്കൽ -കോർപറേഷന് ലക്ഷങ്ങളുടെ നഷ്ടം |
| 3- | കോടികൾ ചെലവഴിച്ച് നിർമ്മിച്ച നഗരസഭ സ്റ്റേഡിയം ഗോകുലം ഫുട്ബോൾ ക്ലബിന് |

| | |
|---|---|
| 6 | ഉപയോഗിക്കുന്നതിന് സൗജന്യമായി അനുവദിച്ചു |
| 3-7 | വികസനഫണ്ട് മുൻകൂറായി പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 3-8 | ബേപ്പൂർ സോണൽ ഓഫീസിൽ ബാറ്ററി വാങ്ങിയത് സംബന്ധിച്ച അപാകതകൾ |
| 3-9 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം വരുമാന പരിധി പരിശോധിക്കാതെ അനുവദിച്ചതും മറ്റ് അപാകതകളും |
| 3-10 | ആദായ നികുതി റിട്ടേണുകൾ തെറ്റായി ഫയൽ ചെയ്തതിനാൽ നഗരസഭ ഫണ്ടിൽ നിന്നും പിഴ അടവാക്കിയതും, മറ്റ് ചെലവുകളും |
| 3-11 | മുനിസിപ്പൽ നിയമത്തിനു വിരുദ്ധമായി വാർഡ് സാനിറ്റേഷൻ കമ്മിറ്റികളുടെ പേരിൽ ബാങ്കുകളിൽ പ്രത്യേക അക്കൗണ്ടുകൾ ആരംഭിച്ചു |
| 3-12 | എസ്.സി. വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങൽ - പർച്ചേസിംഗ് മാർഗ്ഗരേഖ വ്യവസ്ഥകൾ, സർക്കാർ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചില്ല |
| 3-13 | മുൻകൂർ തുകകൾ സമയബന്ധിതമായി അഡ്ജസ്റ്റ് ചെയ്തില്ല - നിയമാനുസൃത പലിശ ഈടാക്കിയില്ല |
| 3-14 | കോർപ്പറേഷന്റെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ ഗുരുതര പാളിച്ചകൾ |
| 3-15 | സ്നേഹതീരം അങ്കണവാടി നിർമ്മാണം - കരാറുകാരന് അധികതുക നൽകി |
| 3-16 | പൂളക്കടവ് സ്റ്റാഫ് ക്വാർട്ടേഴ്സ് പാർക്ക് നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കാത്തതും മറ്റപാകതകളും |
| 3-17 | ഇടവിള കൃഷി വികസനം 2019 – തൈകൾ പൂർണ്ണമായും വിതരണം ചെയ്തില്ല |
| 3-18 | മേയർ ഭവൻ, അനുബന്ധ ക്വാട്ടേഴ്സുകൾ എന്നിവയുടെ വൈദ്യുതി ചാർജ്ജ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കിയില്ല |
| 3-19 | ഇതരസംസ്ഥാന തൊഴിലാളികൾക്കും കോർപറേഷൻ തൊഴിലാളികൾക്കും മെഡിക്കൽ ക്യാമ്പ് - അപാകതകൾ |
| 3-20 | നഗരസഭ കാര്യാലയം, സ്റ്റേഡിയം വൈദ്യുതി ചാർജ്ജ് - യഥാസമയം ബിൽ അടക്കാത്തതിനാൽ, പിഴ, ബിലേറ്റഡ് ഫീസ് അടവാക്കി |
| 3-21 | ഇ-ടോയ് ലറ്റുകളുടെ വാർഷിക പരിപാലന കരാർ - തുക അനുവദിച്ചത് - സംബന്ധിച്ച് |
| 3-22 | നഗരസഭ വക വാഹനങ്ങളിൽ ടയർ, ട്യൂബ് വാങ്ങിയത് സംബന്ധിച്ച അപാകതകൾ |
| 3-23 | ക്ഷമത സാക്ഷ്യപത്രമില്ലാതെ നഗരസഭ വാഹനങ്ങൾ ഉപയോഗിക്കുന്നു |
| 3-24 | പാർക്കിംഗ് പ്ലാസ - കം - കമേഴ്സിയൽ ബിൽഡിംഗ് - ബി.ഒ.റ്റി വ്യവസ്ഥയിലെ നിർമ്മാണം 10 വർഷം കഴിഞ്ഞും പൂർത്തീകരിച്ചില്ല – നഗരസഭക്ക് വൻധനനഷ്ടം |
| **ഭാഗം.4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. |

| | |
|---|---|
| 4-4 | വായ്പ/വായ്പ തിരിച്ചടവ്. |
| 4-5 | സ്ഥിരനിക്ഷേപങ്ങളുടെയും ഓഹരികളുടെയും വിശദാംശങ്ങൾ. |
| 4-6 | ഓഡിറ്റ് റിക്കവറി. |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ. |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം. |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. |
| **അനുബന്ധങ്ങൾ** | |
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ്. |
| 2 | ഖണ്ഡിക 3-9 പ്രകാരമുള്ള ഉത്തരവാദികൾ |
| 3 | മാളിനെ വാണിജ്യകെട്ടിടം എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിനാൽ കുറവ് വന്ന വസ്തുനികുതിയുടെ വിശദാംശം |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 27.03.2018 ലെ കൗൺസിൽ യോഗത്തിൽ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 26.03.2019 ലെ 1ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം പുതുക്കിയ ബജറ്റും അംഗീകരിച്ചു. യഥാർത്ഥ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകളുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 35,69,48,000.00 |
| വരവ് | 6,85,98,68,000.00 |
| ആകെ | 7,21,68,16,000.00 |
| ചെലവ് | 7,10,05,16,000.00 |
| നീക്കിയിരിപ്പ് | 11,63,00,000.00 |

പുതുക്കിയ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ (വാർഷിക കണക്ക് പ്രകാരമുള്ളത് ) വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+)/(-) |
| മുന്നിരിപ്പ് | 22,10,23,560.00 | 47,57,64,006.78 | 25,47,40,446.70 | | (+)115.25 |
| വരവ് | 3,90,21,88,000.00 | 3,52,09,54,757.00 | | 381233243.00 | (-)9.77 |
| ആകെ | 4,12,32,11,560.00 | 3,99,67,18,763.78 | | 12,64,92,796.22 | (-)3.07 |
| ചെലവ് | 3,81,74,11,060.00 | 3,11,50,75,123.00 | | 70,23,35,937.00 | (-)18.4 |

| | | | | | |
|---|---|---|---|---|---|
| നീക്കിയിരിപ്പ് | 30,58,00,500.00 | 88,16,43,640.78 | 57,58,43,140.70 | | (+)188.31 |

# 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 23.7.2019 | - | - |

(വാർഷിക കണക്കിലെ അപാകതകൾ ഭാഗം – 1 ൽ ഖണ്ഡിക.11 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. )

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 47,57,64,006.78 |
| വരവ് | 3,52,09,54,757.00 |
| ആകെ | 3,99,67,18,763.78 |
| ചെലവ് | 3,11,50,75,123.00 |
| നീക്കിയിരിപ്പ് | 88,16,43,640.78 |

# 1-4 ഫണ്ട് വിനിയോഗം

1. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ളത്.

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 592184000 | 575993661 | 575993661 | 484227076 | 84 | 91766585 |
| വികസന ഫണ്ട് (എസ്.സി.പി) | 92836000 | 92836000 | 92836000 | 92809031 | 99.97 | 26969 |
| വികസന ഫണ്ട് (ടി.എസ്.പി) | 4273000 | 4273000 | 4273000 | - | 0 | 4273000 |
| 14ാം ധനകാര്യ കമീഷൻ ഗ്രാന്റ് | 496917000 | 496917000 | 496917000 | 371341739 | 74.73 | 125575261 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 228377000 | 228377000 | 228377000 | 207167383 | 90.71 | 21209617 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 123427000 | 123427000 | 123427000 | 100559533 | 81.47 | 22867467 |

2. നഗരസഭ ലഭ്യമാക്കിയ കണക്കുകൾ പ്രകാരമുള്ളത്.

| ക്രമ നം | ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1. | സാക്ഷരത | വിവരം ലഭ്യമല്ല | | | | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 2. | ദുരിതാശ്വാസ നിധി | 1341894 | 1210500 | 2552394 | 1076118 | 1476276 |
| | തൊഴിലുറപ്പ് പദ്ധതി | 3737990 | 5147909 | 8885899 | 8884459 | 1440 |
| 4. | കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | |
| | അമൃത് (ATAL MISSION FOR REJUVENATION AND URBAN TRANSFORMATION) | 140893384 | 366926806 | 507820190 | 365941633 | 141878557 |
| | പി.എം.എ.വൈ (Pradhan Manthri Awas Yojana) | 25221983 | 322008693 | 347230676 | 215547970 | 131682706 |
| | എൻ.യു.എൽ.എം (National Urban Livelihoods Mission) | 8492247 | 4113037 | 12605284 | 7243232 | 5362052 |
| | ആർ.എം.എസ്.എ Rashtriya Madhyamik Shiksha Abhiyhan) | 13441739 | 5866141 | 19307880 | 4080689 | 15227191 |
| 5. | ബി ഫണ്ട് | 0 | 718633050 | 718633050 | 718633050 | 0 |
| 6. | പൊതു ആവശ്യ ഗ്രാന്റ് | 157034 | 237762000 | 237919034 | 237357804 | 561230 |
| 7. | തനത് ഫണ്ട് | 221023560 | 752833837 | 973857397 | 803299821 | 170557576 |

## 1-5 പദ്ധതി അവലോകനം.

<u>പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വീഴ്ച.</u>

<u>എ) വിവിധ മേഖലകളിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ തുകയിൽ 1,61,30,30,913/- രൂപ ലാപ്സായി.</u>

2018-19 സാമ്പത്തിക വർഷത്തിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ.

| നിർവഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരു ത്തിയ തുക | ചെലവ് തുക | % | ലാപ്സായ തുക |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 7 | 8371090 | 5149986 | 61.52 | 3221104 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 5 | 5 | 12886780 | 7192752 | 55.81 | 5694030 |
| നഗരസഭ സെക്രട്ടറി, | 15 | 11 | 68459914 | 65680859 | 95.94 | 2779055 |
| വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ | 25 | 6 | 70720314 | 27458296 | 38.82 | 43262018 |
| നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ | 37 | 22 | 199520596 | 148737768 | 74.54 | 50782828 |
| പട്ടികജാതി വികസന ഓഫീസർ | 25 | 22 | 123924691 | 73995623 | 59.71 | 49929068 |
| ഡപ്യൂട്ടി ഡയറക്ടർ (ക്ഷീര വികസനം) | 1 | 0 | 1200000 | --------- | ------ | 1200000 |
| ഹെൽത്ത് ഓഫീസർ | 31 | 19 | 71152630 | 28771588 | 40.44 | 42381042 |
| സീനിയർ വെറ്റിനറി സർജൻ | 17 | 11 | 39473767 | 10506147 | 26.61 | 28967620 |

| | | | | | | |
|---|---|---|---|---|---|---|
| വ്യവസായ വികസന ഓഫീസർ | 5 | 3 | 6800000 | 861950 | 12.68 | 5938050 |
| ശിശു വികസന പദ്ധതി ഓഫീസർ | 35 | 25 | 117863766 | 64881295 | 55.05 | 52982471 |
| ഹെൽത്ത് സൂപ്പർവൈസർ | 13 | 5 | 134678244 | 4558476 | 3.38 | 130119768 |
| കോർപ്പറേഷൻ എഞ്ചിനീയർ | 328 | 170 | 515231604 | 303681950 | 58.94 | 211549654 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 192 | 78 | 412907405 | 144857635 | 35.08 | 298049770 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 684 | 292 | 1102135213 | 385960776 | 35.02 | 716174437 |
| ആകെ | 1421 | 676 | 2885326014 | 1272295101 | 44.09 | 1613030913 |

നഗരസഭ പ്ലാനിംഗ് വിഭാഗം സമർപ്പിച്ച ഐ.കെ.എം. ചെലവ് പത്രിക പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ പദ്ധതികൾക്കായി വിവിധ ഫണ്ടുകളിൽ നിന്നും വകയിരുത്തിയ തുകയുടെയും, ചെലവഴിച്ച തുകയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| | ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 806962909 | 500417415 | 306545494 | 62.01 |
| 2 | വികസന ഫണ്ട്(എസ്.സി.പി) | 173929593 | 92809031 | 81120562 | 53.36 |
| 3 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 486340153 | 207167383 | 279172770 | 42.59 |
| 4 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 203184063 | 100559533 | 102624530 | 49.49 |
| 5 | ധനകാര്യ കമ്മീഷൻ അവാർഡ് | 782845043 | 371341739 | 411503304 | 47.43 |
| 6 | പ്രത്യേക ഗ്രാന്റ് | 23342486 | ------------ | 23342486 | 0 |
| 7 | കേന്ദ്രാവിഷ്കൃത ഫണ്ട് | 38080000 | ------------ | 38080000 | 0 |
| 8 | സംസ്ഥാനാവിഷ്കൃത ഫണ്ട് | 57837500 | ------------ | 57837500 | 0 |
| 9 | തനത് ഫണ്ട് | 242429627 | ------------ | 242429627 | 0 |
| 10 | മറ്റുള്ളവ | 70374640 | ------------ | 70374640 | 0 |
| | ആകെ | 2885326014 | 1272295101 | 1613030913 | 44.09 |

ഓഡിറ്റ് വർഷത്തിൽ നഗരസഭ വിഭാവനം ചെയ്ത് അംഗീകാരം വാങ്ങിയ 1421 പദ്ധതികളിൽ 676 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. 745 പദ്ധതികൾ നടപ്പാക്കിയില്ല.

ബി) വാർഷിക കണക്ക്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവപ്രകാരമുള്ള ആകെ വരവ് തുകയെക്കാൾ കൂടുതൽ തുക വാർഷിക പദ്ധതികൾക്കായി വകയിരുത്തി.

2018-19 വർഷത്തെ ഐ.കെ.എം. ചെലവ് പത്രിക പ്രകാരം പദ്ധതികൾക്കായി വകയിരുത്തിയ തുകയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും വാർഷിക കണക്കും പ്രകാരമുള്ള വരവ് തുകയും തമ്മിൽ വലിയ അന്തരം കാണുന്നുണ്ട്. (ഖ. 1-4 കണ്ടാലും). സംസ്ഥാന ബജറ്റിന്റെ നാലാം ഉപപട്ടികയിൽ ഓരോ വർഷവും വിവിധ മേഖലകളിൽ ചെലവാക്കേണ്ട തുകയുടെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി പദ്ധതികൾ നടപ്പാക്കണം എന്നിരിക്കേ വാർഷിക കണക്കിന് പരസ്പര പൂരകമല്ലാതെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത് ശരിയല്ല. ഇക്കാര്യത്തിൽ കൗൺസിലിന്റേയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

സി) ചെലവ് പത്രികയിൽ വകയിരുത്തിയ മറ്റ് ഫണ്ടുകളുടെ ചെലവ് വിശദാംശങ്ങൾ രേഖപ്പെടുത്തിയില്ല.

തൻ വർഷ ചെലവ് പത്രികയിൽ സംസ്ഥാന സർക്കാർ അനുവദിച്ച തുകയുടെ ചെലവിന്റെ വിശദാംശങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ നഗരസഭയുടെ വിവിധ ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചതിൽ നിന്നും താഴെ

പറയുന്ന തരത്തിലുള്ള പദ്ധതി ചെലവുകളും നടത്തിയതായി കാണുവാൻ കഴിഞ്ഞു.

| | ഫണ്ടിനം | ചെലവഴിച്ച തുക |
|---|---|---|
| 1 | തനത് ഫണ്ട് (അക്കൗണ്ട് നം 67109350615) | 4,90,89,602 |
| 2 | ഗുണഭോക്തൃ വിഹിതം (അക്കൗണ്ട് നം 67109350615) | 30,39,813 |
| 3 | അമൃത് പദ്ധതികൾ (അക്കൗണ്ട് നം.1423000105451363) | 36,59,41,633 |
| 4 | ആർ.എം.എസ്.എ. (അക്കൗണ്ട് നം.1423000105456702) | 40,80,689 |
| 5 | എം.പി, എം.എൽ.എ. ഫണ്ട്. (അക്കൗണ്ട് നം.1423000105445089) | 12,17,380 |
| 6 | കേന്ദ്ര വിഹിതം - എസ്.എൻ.പി. (അക്കൗണ്ട് നം.142300010545671) | 1,72,83,400 |
| | ആകെ | 44,06,52,517 |

നഗരസഭയിൽ പദ്ധതി പ്രവർത്തനങ്ങൾക്ക് മാത്രമായി പ്ലാനിംഗ് വിഭാഗമുള്ളപ്പോഴാണ് മേൽ വീഴ്ച സംഭവിച്ചിരിക്കുന്നത്. പ്ലാനിംഗ് വിഭാഗവും അക്കൗണ്ട്സ് വിഭാഗവും തമ്മിലുള്ള ഏകോപനമില്ലായ്കയും മേൽ വീഴ്ചക്ക് വഴിയൊരുക്കിയിട്ടുണ്ട്.

<u>ഡി) സമഗ്ര പദ്ധതികൾ</u>

പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനം അതിന്റെ അതിർത്തിക്കുള്ളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും കേന്ദ്ര – സംസ്ഥാനാവിഷ്കൃത പദ്ധതികളും പ്രാദേശിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനം തങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയോ അല്ലാതെയോ ചെയ്യേണ്ടുന്നതും, തദ്ദേശഭരണ സ്ഥാപനവുമായി ചേർന്നോ അല്ലാതെയോ മറ്റ് വകുപ്പുകളോ ഏജൻസികളോ, സ്ഥാപനങ്ങളോ, സംഘടനകളോ, മിഷനുകളോ, വ്യക്തികളോ ചെയ്യേണ്ടുന്നതും വിവിധ മേഖലകളിൽപ്പെടുന്നതുമായ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് സമഗ്ര പരിപാടികൾ തയ്യാറാക്കണം. ഇപ്രകാരം തയ്യാറാക്കുന്ന സമഗ്ര പരിപാടിയിൽ വിഭവസമാഹരണവും, സമഗ്രതയും ഉറപ്പ് വരുത്തുന്നതിനായി അതാത് തദ്ദേശഭരണ സ്ഥാപങ്ങൾ ഉൾകൊള്ളുന്ന നിയോജക മണ്ഡലാടിസ്ഥാനത്തിൽ അതാത് എം.എൽ.എ, എം.പി.മാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി സംയോജനം നടത്തണം. എന്നാൽ മേൽ രീതിയിലെ പ്രവർത്തനങ്ങൾ ഓഡിറ്റ് വർഷത്തിൽ നടപ്പാക്കിയിട്ടില്ല.

<u>ഇ) മേഖല അടിസ്ഥാനത്തിലുള്ള പദ്ധതികളുടെ പൊതുഅവലോകനം.</u>

കാർഷിക രംഗത്തെ സമഗ്ര വികസനത്തിനുതകും വിധമുള്ള അടിസ്ഥാന സൗകര്യങ്ങളും, കൃഷിഭവനുകളും, പ്രഗത്ഭമായ സേവനങ്ങളും നഗരസഭക്ക് ലഭ്യമാണെങ്കിലും വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി ഹരിതമിഷൻ വിഭാവനം ചെയ്യുന്ന തരത്തിലുള്ള വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉതകുന്ന പദ്ധതികൾ തൻവർഷം തയ്യാറാക്കിയിട്ടില്ല. സാധാരണയായി തയ്യാറാക്കി നടപ്പാക്കി വരുന്ന വിത്ത്/തൈ/വളം സബ്സിഡി വിതരണ പദ്ധതികൾ അതേ രീതിയിൽ തന്നെ നടപ്പാക്കുകയാണ് ഈ വർഷവും ചെയ്തിട്ടുള്ളത് . കേന്ദ്രാവിഷ്കൃത, സംസ്ഥാനവിഷ്കൃത പദ്ധതികളിലെ സമാനതകളും ഏകോപനമില്ലായ്മയും കാർഷിക മേഖലയിൽ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനെ ബാധിച്ചിട്ടുണ്ട്.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഉത്പ്പാദന മേഖലയിലെ പ്രധാന ഘടകമാണ് മൃഗസംരക്ഷണവും, ക്ഷീരവികസനവും. പ്രസ്തുത മേഖലകളിലെ പദ്ധതി ചെലവുകൾ പരിശോധിച്ചതിൽ നിന്നും പദ്ധതിക്കായി നീക്കിവെയ്ക്കുന്ന തുകകൾ തൃപ്തികരമായി ചെലവഴിക്കാൻ നഗരസഭക്ക് കഴിഞ്ഞില്ലായെന്ന് കാണാവുന്നതാണ്. വെറ്ററിനറി സർജ്ജൻ തൻവർഷം ചെലവഴിച്ചത് വകയിരുത്തിയ തുകയുടെ 26.61 % മാത്രമാണ്. ക്ഷീര വികസന ഡപ്യൂട്ടി ഡയറക്ടർ അംഗീകാരം ലഭിച്ച പദ്ധതി നടപ്പാക്കിയിട്ടുമില്ല. നഗരസഭ, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ് എന്നിവ തമ്മിൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഏകോപനമില്ലാത്താതും പ്രസ്തുത മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. വകുപ്പ്തല പദ്ധതികൾക്കു വേണ്ടി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് വാർഡ് സഭ മുഖാന്തിരമല്ലാത്തതിനാൽ നിലവിലെ ഗുണഭോക്താക്കൾ തന്നെ അനുയോജ്യരാണോ എന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.

സംസ്ഥാന വ്യവസായ വകുപ്പിൽ നിന്നും വ്യവസായ വികസന പ്രവർത്തനങ്ങളിൽ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ, വിദഗ്ധർ എന്നിവരെ പദ്ധതി പ്രവർത്തനങ്ങൾക്കായി നഗരസഭക്ക് കൈമാറികിട്ടിയിട്ടുണ്ട്. എന്നാൽ

വ്യവസായ മേഖലക്കായി നീക്കിവെച്ച പദ്ധതി വിഹിതത്തിന്റെ അനുപാതം പരിശോധിച്ചതിൽ നിന്നും അവ അർഹിക്കുന്ന പ്രാധാന്യം ലഭ്യമാക്കുവാൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ലായെന്ന് കാണാവുന്നതാണ്. നഗരസഭയിൽ നിന്നും സാമ്പത്തിക സഹായം നൽകുക എന്ന കടമ നടപ്പിലാക്കുന്ന രീതിയിലാണ് പദ്ധതികൾ രൂപീകരിച്ചതും നടപ്പാക്കിയതും.

സാമൂഹ്യക്ഷേമ മേഖലയിൽ പദ്ധതി ചെലവുകൾ ഉൾപ്പെടുത്തുന്ന സുലേഖ സോഫ്റ്റ് വെയറിൽ ഈ പദ്ധതിയുടെ ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത് വികസന ഫണ്ടിന്റെ ചെലവു മാത്രമാണ്. എന്നാൽ കേന്ദ്ര വിഹിതത്തിൽ നിന്നും ചെലവഴിച്ച 1,72,83,400/- രൂപ പദ്ധതി ചെലവ് പത്രിയിൽ ഉൾപ്പെട്ടിട്ടില്ല.

പ്രത്യേകഘടക പദ്ധതിക്കായി ലഭിച്ച തുകയിൽ 53.36% മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. കൃഷി, കൈതൊഴിൽ, ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ എന്നിവ നടപ്പാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. നഗരസഭ മുഖേനയും, പട്ടികജാതി വികസന വകുപ്പ് മുഖേനയും, മറ്റ് ഏജൻസികൾ മുഖേനയും ഓരോ വർഷവും അനുവദിച്ച വ്യക്തിഗത ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഡാറ്റാബാങ്ക് തയ്യാറാക്കി സൂക്ഷിക്കുവാൻ നിലവിലും നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. ഇത്തരത്തിലുള്ള ഡാറ്റ ബാങ്ക് തയ്യാറാക്കുന്നത് പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്തുവാനും, ആനുകൂല്യ വിതരണത്തിലെ ആവർത്തനം ഒഴിവാക്കുവാനും സഹായകരമാകുകയും, ആനുകൂല്യങ്ങൾ ലഭിക്കുവാൻ അവശേഷിക്കുന്ന കുടുംബങ്ങളുടെ വിവരം ഉറപ്പിക്കുവാനും കഴിയും.

ഡി.പി.സി.അംഗീകാരം ലഭിച്ച 1204 മരാമത്തു പ്രൊജക്ടുകളിൽ 540 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. (ഇതിൽ പല പ്രവൃത്തികളും ഭാഗികമായിട്ടാണ് നടപ്പാക്കിയത്) വിവിധ ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പദ്ധതികൾക്ക് 2,03,02,74,222/- രൂപ വകയിരുത്തിയതിൽ 83,45,00,361/-രൂപ മാത്രമാണ് ചെലവഴിച്ചത്. അതായത് 41.10 % തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ നിന്നും ഓഡിറ്റിൽ മനസ്സിലാക്കുവാൻ കഴിഞ്ഞത് പദ്ധതികളുടെ ആധിക്യം കാരണമാണ് തുക ചെലഴിക്കുവാൻ എഞ്ചിനീയറിംഗ് വിഭാഗത്തിന് കഴിയാതെ പോയത്. മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനട്സ് ബുക്കുകൾ പരിശോധിച്ചതിൽ മേൽ വിഭാഗങ്ങളുടെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ലെന്നു കാണുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

<u>എഫ്) സ്ഥിതി വിവര കണക്കുകളും മോണിട്ടറിംഗും.</u>

പ്രാദേശിക സർക്കാരുകൾക്ക് വികസന ആവശ്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ വിലയിരുത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിക്കുന്നതിനും സ്ഥിതി വിവര കണക്കുകൾ അനിവാര്യമാണ്. ലഭ്യമാക്കേണ്ട സ്ഥിതിവിവര കണക്കുകളുടെ ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

(1) പ്രകൃതി വിഭവങ്ങളെക്കുറിച്ചുള്ള സ്ഥിതിവിവര കണക്കുകൾ.

(2) മനുഷ്യവിഭവശേഷിയെക്കുറിച്ചുള്ള സ്ഥിതിവിവര കണക്കുകളും അവയുടെ ഇപ്പോഴത്തെ വിനിയോഗവും.

(3) മനുഷ്യരുടെ ആവശ്യങ്ങളെക്കുറിച്ചുള്ള സ്ഥിതിവിവര കണക്കുകൾ.

(4) നിലവിലുള്ള ആസ്തികളെക്കുറിച്ചുള്ള സ്ഥിതിവിവര കണക്കുകൾ.

(5) വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമകാര്യം, സംസ്കാരം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ

എന്നാൽ നഗരസഭ തലത്തിൽ പദ്ധതികൾ തയ്യാറാക്കുന്നതിനും വികസന ലക്ഷ്യങ്ങൾ തിട്ടപ്പെടുത്തുന്നതിനും ആവശ്യമായ സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ല. വാർഷിക പദ്ധതി രൂപീകരിക്കുന്നതിന്റെ അടിസ്ഥാന രേഖയായ സ്റ്റാററസ് റിപ്പോർട്ട് യഥാവിധി തയ്യാറാക്കുന്നതിനോ, പദ്ധതി മോണിട്ടറിംഗ് നടത്തുന്നതിനോ വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല. വാർഷിക പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രണ്ടോ മൂന്നോ യോഗങ്ങൾ ചേർന്നതല്ലാതെ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും സർക്കാർ നിർദ്ദേശാനുസരണമുള്ള പദ്ധതി നിർവ്വഹണ മോണിട്ടറിംഗ് നടത്തിയിട്ടില്ലായെന്നത് പദ്ധതി നിർവ്വഹണത്തിലെ പോരായ്മയാണ്. നിർവ്വഹണ സാധ്യതയില്ലാത്ത പദ്ധതികൾക്ക് തുക വകയിരുത്തിയതും, പദ്ധതികൾ പുതുക്കി അംഗീകാരം വാങ്ങുന്നതിന് കാലതാമസം വരുത്തിയതും, മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കാത്തതും തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്താതിരിക്കാൻ കാരണമാകുകയും വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിക്കുന്നതിനും തടസ്സമായി. വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കുന്നുവെന്നും, അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന

പദ്ധതികൾ മാത്രമേ ഏറ്റെടുക്കുന്നുള്ളൂവെന്നും, പദ്ധതിയുടെ പുരോഗതി യഥാസമയം മോണിറ്ററിംഗ് ചെയ്യുന്നുവെന്നും, പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം പൂർത്തിയാക്കുന്നുവെന്നും ഭരണ സമിതിയും ഉറപ്പാക്കിയില്ല. അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്. പദ്ധതികളുടെ എണ്ണം കുറച്ച്, ഏറ്റെടുക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കി പദ്ധതി ചെലവ് പരമാവധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ജി) നിർവ്വഹണ ഉദ്യോഗസ്ഥരെ പൂർണ്ണമായും ജനകീയാസൂത്രണ പദ്ധതികളിൽ ഉൾപ്പെടുത്തുന്നില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 227, 18.09.1995 ലെ സ.ഉ.(പി)189/95/ ത.സ്വ.ഭ. എന്നിവ പ്രകാരം സർക്കാരിന്റെ വിവിധ വകുപ്പുകളിൽപ്പെട്ട സ്ഥാപനങ്ങളേയും 30 ൽ പരം തസ്തികകളിൽപെട്ട സർക്കാർ ഉദ്യോഗസ്ഥരേയും നഗരസഭകൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ തൻവർഷം 15 നിർവ്വഹണ ഉദ്യോഗസ്ഥരെ മാത്രമാണ് പദ്ധതി പ്രവർത്തനങ്ങളിൽ പങ്കെടുപ്പിച്ചത്. ആയതിൽ തന്നെ 6 നിർവ്വഹണ ഉദ്യോഗസ്ഥർ നഗരസഭയിലെ സ്ഥിരം ഉദ്യോഗസ്ഥരും. ക്ഷീരവികസന ഓഫീസർ ഒരു പദ്ധതി തയ്യാറാക്കി ഡി.പി.സി. അംഗീകാരം വാങ്ങിയെങ്കിലും പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി നടപടികൾ സ്വീകരിച്ചില്ല. പ്രിൻസിപ്പാൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി, പ്രിൻസിപ്പാൾ ഹയർ സെക്കണ്ടറി, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തുടങ്ങിയ ഉദ്യോഗസ്ഥരിൽ നിന്നും പദ്ധതി നിർദ്ദേശങ്ങൾ ലഭ്യമാക്കുകയോ, പദ്ധതികൾ നടപ്പാക്കുന്നതിനായി ചുമതലപ്പെടുത്തുകയോ ചെയ്തിട്ടില്ല.

## 1-6 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 425018566 | 437484742 | 12466176 | 2.933 |
| നികുതിയേതര വരവുകൾ | 255410012 | 308336079 | 52926067 | 20.72 |
| ആകെ | 680428578 | 745820821 | 65392243 | 9.61 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2387750 | 1343 |
| കർഷകതൊഴിലാളി പെൻഷൻ | 9657600 | 822 |
| വിധവാപെൻഷൻ | 280227600 | 23605 |
| വാർദ്ധക്യകാലപെൻഷൻ | 322620900 | 30416 |
| വികലാംഗപെൻഷൻ | 58543400 | 4795 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 40695800 | 3365 |

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തിയിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ അതാതു സമയം പ്രത്യേക റിപ്പോർട്ടുകളായി കോർപറേഷൻ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

## 1-9 ആഭ്യന്തര നിയന്ത്രണം

(1) ഓഫീസ് ഉത്തരവ്

ഏതൊരു ഓഫീസിൻ്റേയും ദൈനംദിന പ്രവർത്തനങ്ങൾ ചിട്ടയായും കാര്യക്ഷമമായും നടക്കുന്നതിന് പ്രസ്തുത ഓഫീസിലെ ജീവനക്കാരുടെ ഉത്തരവാദിത്വം എന്തൊക്കെയാണെന്നും അവ നിർവ്വഹിക്കുന്നതിൽ വരുന്ന വീഴ്ച മൂലം ഭാവിയിലുണ്ടാകുന്ന എല്ലാവിധ ബാധ്യതകളും / ഭവിഷ്യത്തുകളും നിശ്ചയിക്കുന്നതിന് രേഖാമൂലം നിർദ്ദേശം നൽകുന്നതാണ് ഓഫീസ് ഉത്തരവ്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 50(2) പ്രകാരം നഗരസഭ സെക്രട്ടറി രേഖാമൂലമുള്ള ഉത്തരവ് വഴി തന്റെ ഏതെങ്കിലും ചുമതല നഗരസഭയുടെ ഏതെങ്കിലും ഉദ്യോഗസ്ഥനോ, ജീവനക്കാരനോ ഏൽപ്പിച്ചു കൊടുക്കാവുന്നതും അയാൾ അങ്ങനെയുള്ള ചുമതല നിർവ്വഹിക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. വകുപ്പ് 50(3) പ്രകാരം അധികാരം ഏൽപ്പിക്കപ്പെട്ട ഉദ്യോഗസ്ഥനോ, ജീവനക്കാരനോ സെക്രട്ടറിക്കുള്ള എല്ലാ അവകാശങ്ങളും പ്രത്യേകാവകാശങ്ങളും അധികാരശക്തിയും ഉണ്ടായിരിക്കുന്നതും അതുപോലെ തന്നെ ആ അവകാശങ്ങളും പ്രത്യേകാവകാശങ്ങളും അധികാരശക്തിയും വിനിയോഗിക്കുന്നതിൽ നിന്നും ഉൽഭവിക്കുന്ന എല്ലാ ബാദ്ധ്യതകൾക്കും വിധേയനായിരിക്കുന്നതാണ്.

01.07.2018 ലെ സി.4/44804/2001(02) നം നടപടിക്രമത്തിലൂടെ സെക്രട്ടറി തന്റെ ചുമതലകൾ എഞ്ചിനീയർമാർ, ഡപ്യൂട്ടി സെക്രട്ടറി, റവന്യൂ ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, ഹെൽത്ത് ഓഫീസർ എന്നീ തരത്തിലുള്ള മാനേജീരിയൽ വിഭാഗത്തിന് ഡെലിഗേറ്റ് ചെയ്തിട്ടുണ്ടെങ്കിലും, മേൽ മാനേജീരിയൽ വിഭാഗത്തിലുള്ളവർ തങ്ങൾക്ക് ലഭിച്ച ചുമതലകൾ താഴെ തട്ടിലുള്ള ഉദ്യോഗസ്ഥർക്കോ, ജീവനക്കാർക്കോ ഡെലിഗേറ്റ് ചെയ്ത് നൽകിയിട്ടില്ല. ഓരോ സെക്ഷനുകളിലെയും ജോലി കീഴ് വഴക്കമായി കൈമാറി വരുന്ന പ്രവണതയാണ് നിലവിലുള്ളത്. സെക്ഷൻ മാറുമ്പോൾ സെക്ഷന്റെ ചുമതല കൈമാറുന്നു എന്ന് കാണിച്ച് ഉത്തരവ് ഇറക്കുന്നുണ്ടെങ്കിലും ഇതിലും സെക്ഷന്റെ ഉത്തരവാദിത്വങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുന്നില്ല. ആയതിനാൽ തന്നെ താഴെതട്ടിലുള്ള ഉദ്യോഗസ്ഥരോ, ജീവനക്കാരോ വരുത്തിവെയ്ക്കുന്ന വീഴ്ചകൾക്ക് മേലുദ്യോഗസ്ഥരും, സെക്രട്ടറിയും മാത്രം ഉത്തരവാദികളാകുന്നു. ഇത് ക്രമക്കേടിനുത്തരവാദിയായ യഥാർത്ഥ ഉദ്യോഗസ്ഥൻ രക്ഷപ്പെടുന്നതിനും സാഹചര്യം ഒരുക്കുന്നു. ആയതിനാൽ നഗരസഭയുടെ വിവിധ സെക്ഷനുകളിൽ ജോലി ചെയ്യുന്ന എല്ലാ തസ്തികയിലുള്ള ജീവനക്കാരേയും ഉൾപ്പെടുത്തി അവരവരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും രേഖപ്പെടുത്തി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതാണ്.

(2) തനത് വരവ് രേഖകളുടെ സൂക്ഷിപ്പ്

നഗരസഭയിൽ നിലവിൽ സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് കണക്കുകൾ തയ്യാറാക്കൽ, വസ്തു നികുതിയുടെ വരവ്, നീക്കിയിരിപ്പ് അറിയുന്നതിനായി സഞ്ചയ സോഫ്റ്റ് വെയർ തുടങ്ങിയവ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ തൊഴിൽ നികുതി, ഡി.&.ഒ. ലൈസൻസ് തുടങ്ങിയവയുടെ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ, എഴുതി തള്ളൽ രജിസ്റ്ററുകൾ തുടങ്ങിയവയിൽ കൃത്യ സമയങ്ങളിൽ എഴുതി തയ്യാറാക്കി സൂക്ഷിക്കുന്നതിന് നിലവിലും ഉദ്യോഗസ്ഥ തലത്തിൽ വലിയ വീഴ്ച വരുത്തുന്നുണ്ട്. തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ ഒടുക്കാൻ ബാധ്യതപ്പെട്ടവരെ പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്താൻ നിലവിലും സ്ഥാപനത്തിലെ ജീവനക്കാർക്ക് കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ തലത്തിലെ ജാഗ്രതക്കുറവ് മാത്രമല്ല വ്യക്തമാക്കുന്നത്, നികുതി, ഫീസുകൾ ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും മേൽ അപാകതകൾക്ക് കാരണമാകുന്നുണ്ട്. മേൽ വിഷയം സംബന്ധിച്ച ഖണ്ഡികകൾ ഈ റിപ്പോർട്ടിന്റെ തുടർഭാഗങ്ങളിൽ പരാമർശിക്കുന്നുണ്ട്.

(3)വരുമാനം കണക്കാക്കുന്നതിലെയും പിരിച്ചെടുക്കുന്നതിലെയും നിയന്ത്രണ സംവിധാനങ്ങൾ

വരുമാനം കൃത്യമായി കണക്കാക്കുന്നതിലും അത് പിരിച്ചെടുക്കുന്നതിലുമുള്ള നിയന്ത്രണ സംവിധാനം ഫലപ്രദമല്ല. എല്ലാ നികുതി വരുമാനങ്ങളുടെയും, മിക്ക ഫീസിനങ്ങളുടെയും കാര്യത്തിൽ അപാകത നിലനില്ക്കുന്നു. പെർമിറ്റ് രജിസ്റ്റർ പ്രകാരം പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളിൽ നിർമ്മാണം പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചവ രേഖപ്പെടുത്താനുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കാത്തതും, പുതുതായി നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങൾ ഒന്നുപോലും ഒഴിഞ്ഞുപോകാതെ നികുതി പരിധിക്കുള്ളിൽപെടുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് തടസ്സമാകുന്നു. തൊഴിൽ നികുതി സംബന്ധിച്ച് നിയമത്തിലും ചട്ടങ്ങളിലും പ്രതിപാദിക്കും വിധമുള്ള നടപടിക്രമങ്ങൾ തൊഴിൽ നികുതിയുടെ ഡിമാന്റ് കണക്കാക്കുന്നതിന് പാലിക്കാത്തതിനാൽ തൊഴിൽ നികുതിയുടെ ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റും ഡിമാന്റ് രജിസ്റ്ററും അപൂർണ്ണമാണ്.

സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതും വാടകയ്ക്ക് നല്കാൻ ഉദ്ദേശിച്ചതുമായ എല്ലാ കെട്ടിടങ്ങളും /മുറികളും മേൽ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണവും സംക്ഷിപ്തം ഉൾപ്പെടുത്താത്തയുമാണ്. റഗുലറൈസേഷനുള്ള അപേക്ഷകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കാതെ ഇവയും പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് രേഖപ്പെടുത്തി വരുന്നത്.

(4)ഓഡിറ്റ് റിപ്പോർട്ടുകൾ - യഥാസമയം തുടർനടപടികൾ സ്വീകരിക്കുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, അനുബന്ധ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് വിഭാഗമായ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന റിപ്പോർട്ടുകളിൻമേൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കേണ്ട ചുമതല ബന്ധപ്പെട്ട നഗരസഭ സ്ഥാപനങ്ങൾക്കുണ്ട്. കോഴിക്കോട് നഗരസഭയുടെ 1996-97 മുതൽ 2017-18 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലായി 1983 തടസ്സവാദങ്ങൾ ഉചിതമായ ന്യൂനതാപരിഹാര നടപടികൾ സ്വീകരിക്കപ്പെടാത്തതിനാൽ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. എന്നാൽ നഗരസഭയിൽ ഓഡിറ്റ് റിപ്പോർട്ടുകളിൻമേൽ സ്വീകരിക്കേണ്ട നടപടികൾ തീർത്തും നിരുത്തരവാദിത്തപരമായാണ് കൈകാര്യം ചെയ്യുന്നത്. നിയമത്തിൽ അനുശാസിക്കുന്ന തരത്തിൽ കൃത്യ സമയങ്ങളിൽ പ്രത്യേക കൗൺസിൽ യോഗം വിളിച്ചു ചേർത്ത് ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുകയോ, യഥാസമയം പ്രഥമമറുപടി സമർപ്പിക്കുകയോ ചെയ്യുന്നില്ല.

15.07.2005 ലെ (ആർ.ടി)2810/05/ത.സ്വ.ഭ.വ. നം ഉത്തരവിലൂടെ ഓഡിറ്റ് വിഭാഗങ്ങൾക്ക് ഫയലുകൾ ലഭ്യമാക്കുന്നതിനും, ഓഡിറ്റ് റിപ്പോർട്ടുകൾ കൈകാര്യം ചെയ്യുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക ഓഡിറ്റ് സെൽ രൂപീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം മുനിസിപ്പൽ കോർപ്പറേഷനിൽ 1.സൂപ്രണ്ട്, 2.ക്ലാർക്കുമാർ ഉൾപ്പെടുന്ന ഒരു സെൽ രൂപീകരിക്കണം. എന്നാൽ അത്തരത്തിൽ ഒരു സെൽ ഓഡിറ്റ് കാലയളവ് വരേയും രൂപീകരിച്ചിട്ടില്ല. ഓഡിറ്റ് വേളയിൽ നൽകുന്ന ഒബ്ജക്ഷൻ സ്ലിപ്പുകൾക്കും യഥാസമയം മറുപടി നൽകുന്ന കാര്യത്തിലും തികഞ്ഞ അലംഭാവമാണ് മേൽ വിഭാഗത്തിൽ നിന്നും പ്രകടമാകുന്നത്. 2018-19 സാമ്പത്തിക വർഷത്തിലെ ഓഡിറ്റിന്റെ ഭാഗമായി 166 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 42 എണ്ണത്തിന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്.

(5)ഇൻകംബെൻസി രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ തങ്ങളുടെ ചുമതല കൈമാറുമ്പോൾ ബന്ധപ്പെട്ട ഫയലുകളും, മറ്റ് അനുബന്ധ രേഖകളും കൈമാറുന്നതിൽ വീഴ്ച വരുത്തുന്നതായും അതു വഴി അന്വേഷണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ രേഖകൾ ലഭിക്കാതെ വരുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടതിനെ തുടർന്നാണ് 03.07.2009 ലെ 74217/ എ.എ.3/08/ ത.സ്വ.ഭ.വ. നം സർക്കുലറിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ചുമതല കൈമാറ്റം സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്. മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം എല്ലാ ഓഫീസുകളിലും ഇൻകംബെൻസി രജിസ്റ്റർ സൂക്ഷിക്കേണ്ടതും അതിൽ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നതും മറ്റ് വകുപ്പുകളിൽ നിന്ന് കൈമാറികിട്ടിയ ഉദ്യോഗസ്ഥരുടേതുൾപ്പടെ ഉള്ളവരുടെ ജനനതീയ്യതി, സർവ്വീസിൽ പ്രവേശിച്ച തീയ്യതി, പ്രസ്തുത ഓഫീസിൽ ജോലിയിൽ പ്രവേശിച്ച/ചുമതലയേറ്റ തീയതി, മുൻ സർവീസ് വിവരങ്ങൾ, സ്ഥിരം മേൽവിലാസം, ബന്ധപ്പെടുവാനുള്ള ഫോൺ നമ്പർ, സ്ഥലം മാറ്റം ലഭിച്ച ഓഫീസിന്റെ വിവരങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തി സൂക്ഷിക്കണം. സ്ഥലംമാറി പോകുന്ന ഉദ്യോഗസ്ഥരുടെ കാര്യത്തിൽ അവർ കൈകാര്യം ചെയ്തിരുന്ന ഫയലുകൾ, രജിസ്റ്ററുകൾ, മറ്റ് വിലപിടിപ്പുള്ള രേഖകൾ/ വസ്തുക്കൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയതിനു ശേഷമേ ചുമതല കൈമാറുന്ന ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യാൻ പാടുള്ളൂ. എന്നാൽ സർക്കുലറിലെ നിർദ്ദേശങ്ങൾ ഓഡിറ്റ് കാലയളവ് വരേയും നഗരസഭ ജനറൽ സെക്ഷൻ വിഭാഗം പാലിച്ചിട്ടില്ല. ആയതിനാൽ തന്നെ ഓഡിറ്റ് കാലയളവിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിൽ വളരെയധികം സമയം ഓഡിറ്റ് വിഭാഗത്തിനും, നഗരസഭ വിഭാഗത്തിനും നീക്കിവെയ്ക്കേണ്ടി വന്നിട്ടുണ്ട്. സർക്കാർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് ഇൻകംബെൻസി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

(6)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ്.22 (1)(ഐ) പ്രകാരം മുനിസിപ്പൽ കോർപ്പറേഷന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. കമ്മിറ്റി മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ തൊഴിൽ നികുതി, ഡി&ഒ ലൈസൻസ്

ഫീസ്, വാടക തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല. കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ടെങ്കിലും മാസാന്ത്യ പത്രികയുടെ പരിശോധനയും നീക്കിയിരിപ്പും സംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഫലപ്രദമായി പരിശോധിക്കുന്നില്ല. പ്രതിമാസ വരവു ചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

(7)സകർമ സോഫ്റ്റ് വെയർ ഉപയോഗിച്ച് ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റി യോഗ നടപടികൾ അപ് ലോഡ് ചെയ്യുന്നില്ല.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സകർമ ഓൺലൈൻ അപ്ലിക്കേഷൻ വിന്യസിപ്പിക്കാൻ 03.12.2015 ലെ (സാധാ)3630/2015/ത.സ്വ.ഭ.വ നം ഉത്തരവിലൂടെ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണസമിതി യോഗ നടപടികൾ കൈകാര്യം ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയറാണ് സകർമ. ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ സകർമയിൽ തദ്ദേശസ്ഥാപന സെക്രട്ടറിമാർ, മറ്റു ജീവനക്കാർ, ജനപ്രതിനിധികൾ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ പദ്ധതി നിർവഹണ ഉദ്യോഗസ്ഥർ എന്നിവർക്ക് അജൻഡകളും യോഗതീരുമാനങ്ങളും അറിയാനാകും. പദ്ധതി നിർവഹണ ഉദ്യോഗസ്ഥർക്ക് അജൻഡകൾ അവരുടെ ലോഗിനിൽനിന്ന് തയ്യാറാക്കാനും കഴിയും. ഭരണസമിതി യോഗങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുതാര്യമാക്കുന്നതിനുമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സകർമ സോഫ്റ്റ് വെയർ വിന്യസിപ്പിക്കാൻ സർക്കാർ നിർദ്ദേശിച്ചത്. ഇതു വഴി മിനട്സിൽ തീരുമാനങ്ങൾ പിന്നീട് ഉൾപ്പെടുത്താൻ കഴിയാത്തതും അംഗങ്ങൾക്ക് അജൻഡ ഉൾപ്പെടുത്താൻ കഴിയുന്നതുമെല്ലാം സകർമയുടെ നേട്ടങ്ങളാണ്. എന്നാൽ കോഴിക്കോട് നഗരസഭയിൽ പ്രസ്തുത സോഫ്റ്റ് വെയർ മുഖാന്തിരം യോഗ നടപടികൾ അപ് ലോഡ് ചെയ്യുന്നില്ല.

# 1-10 ഓഡിറ്റ് ഇംപാക്റ്റ്.

2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് വേളയിൽ നൽകിയ വിവിധ അന്വേഷണ കുറിപ്പുകളുടെ അടിസ്ഥാനത്തിൽ 69,96,431/- രൂപ നഗരസഭ ഫണ്ടിൽ/ട്രഷറിയിൽ അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | അന്വേഷണ കുറിപ്പ് നമ്പർ/ തീയതി | വിഷയം | തിരികെ അടവാക്കിയ തുക | രസീതി/ ചലാൻ/ ചെക്ക് നം – തീയതി |
|---|---|---|---|---|
| 1 | 14/2018-19, 02.08.2019 | പദ്ധതി രൂപീകരിക്കാതെയും, വാർഡ് സഭ മുഖാന്തിരം തെരഞ്ഞെടുക്കാതെയും ഗ്രൂപ്പ് സംരംഭങ്ങൾക്ക് വികസന ഫണ്ടിൽ നിന്നും സബ്സിഡി തുക നൽകി | 11,35,000 | ചെക്ക് നമ്പർ/തിയതി 2076577/07.09.2019 |
| 2 | 96/2018-19, 04.12.2019 | ജീവനം സമഗ്ര ക്യാൻസർ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 54,99,683 | ചലാൻ നമ്പർ/തിയതി 84902, 18.06.2020 |
| 3 | 130/2018-19, 28.01.2020 | വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 5,264 | രശീത് നമ്പർ /തിയതി 120020102451, 15.06.2020 |
| 4 | 129/2018-19, 28.01.2020 | മടങ്ങിയ ചെക്കുകൾ വരവ് വന്നതിന്റെ വിശദാംശം ലഭ്യമാക്കുന്നത് സംബന്ധിച്ച് | 44,634<br>32,661<br>26,500<br>78,500<br>11,122 | രശീത് നമ്പർ /തിയതി<br>119020122050/ 05.11.2019<br>119060115619/ 14.10.2019<br>120270105154/25.06.2020<br>119390142537/18.03.2020<br>119390500883/19.10.2019 |

| | | | | |
|---|---|---|---|---|
| 5 | 16/2018-19, 07.08.2019 | സാമൂഹ്യ സുരക്ഷ പെൻഷൻ അദാലത്തിനായി അനുവദിച്ച മുൻകൂർ തുക സമയബന്ധിതമായി അഡ്ജസ്റ്റ് ചെയ്തില്ല. | 2,719 | രശീത് നമ്പർ /തിയതി 11927013l439/27.01.2019 |
| 6 | 79/2018-19, 27.11.2019 | വസ്തു നികുതി അടവാക്കാതെ കെ.എസ്.ആർ.ടി.സി വർക്ക് ഷോപ്പ്. | 1,102<br>340<br>106 | ചെക്ക് നമ്പർ/തിയതി<br>34968, 16.11.2019<br>34969, 16.11.2019<br>34970, 16.11.2019 |
| 7 | 31/2018-19, 16.09.2019 | വാഷിംഗ് അലവൻസ് കുടിശ്ശിക സംബന്ധിച്ച് | 8,800 | ശമ്പളത്തിൽ നിന്നും റിക്കവറി |
| 8 | 131/2018-19, 28.01.2020 | നഗരസഭയുടെ മരാമത്ത് പ്രവർത്തികൾ ഏറ്റെടുക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1,50,000 | ബില്ലുകളിൽ നിന്നും റിക്കവറി |
| | | ആകെ | 69,96,431 | |

## 1-11 വാർഷിക കണക്കിലെ അപാകതകൾ.

ഓഡിറ്റിന് സമർപ്പിച്ച 2018-19 വർഷത്തെ വാർഷിക കണക്കിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1. വരവിനങ്ങളായ വസ്തു നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ, വസ്തു നികുതി, തൊഴിൽ നികുതി എന്നീ ഇനങ്ങളുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കാത്തതിനാലും തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ്, കെട്ടിട വാടക മുതലായവയുടെ ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താത്തതിനാലും ഇത് സംബന്ധിച്ച വാർഷിക കണക്കുകളിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി 18 ലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. അഡ്ജസ്റ്റ് ചെയ്യാൻ ബാക്കിയുള്ള 18,74,96,153.22 രൂപയുടെ വർഷം/ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമല്ല. 2017-18 വർഷത്തെ ബാലൻഷീറ്റിലെ ഷെഡ്യൂൾ ബി 18 പ്രകാരം നീക്കിയിരിപ്പുണ്ടായിരുന്നതും 2018-19 വർഷം അഡ്ജസ്റ്റ് ചെയ്തതുമായ 12,07,24,905/- രൂപയുടെ (കോഡ് നം.460109900) വിശദാംശം ലഭ്യമാക്കിയിട്ടില്ല.

3. 2017-18 വർഷത്തെ ബാലൻഷീറ്റിലെ ഷെഡ്യൂൾ ബി 7 പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ 28,42,50,086 രൂപ ബാധ്യതയുണ്ട്. 2018-19 വർഷത്തിൽ ഈയിനത്തിൽ 1,78,96,317/- രൂപ വരവും (ആർ.പി.27 പ്രകാരം) 59,57,774/- രൂപ തിരിച്ചടവുമുണ്ട്. 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 7 ൽ 29,61,88,629/- രൂപയാണ് ബധ്യതയായി കാണിക്കേണ്ടതെങ്കിലും 29,41,71,404/- രൂപയാണ് കാണിച്ചിട്ടുള്ളത്. 20,17,225/- രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

4. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 14 ൽ stock in hand ആയി 2016-17, 2017-18, 2018-19 വർഷങ്ങളിൽ ഒരേ തുക തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത് (11,87,18,812/- രൂപ) stock in hand ആയി രേഖപ്പെടുത്തിയ തുകകളുടെ വിശദാംശം ലഭ്യമല്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുകളിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. പലവക ഡിമാന്റ് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ വരവ് ചെലവ് പത്രികയിലെ ഷെഡ്യൂൾ ആർ.പി.4, ആർ.പി.5 എന്നിവയിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 6 ൽ unsecured loans എന്ന ഹെഡിൽ കോഴിക്കോട് വികസന അതോറിറ്റിയുടെ ലോൺ ഇനത്തിൽ 12,48,93,861/- രൂപ തിരിച്ചടയ്ക്കാൻ ബാധ്യതയുള്ളതായി കാണുന്നു. എന്നാൽ വികസന

അതോറിറ്റിയുടെ 2016-17 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4-2 പ്രകാരം തിരിച്ചടയ്ക്കാനുള്ള തുക 7,48,93,861/- രൂപയാണ്. വ്യത്യാസം 5,00,00,000/- രൂപ.

8. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4 ൽ ഗുണഭോക്തൃ വിഹിതം എന്ന ഹെഡിലുള്ള 1,53,00,952/- രൂപയുടെ വിശദാംശം ലഭ്യമല്ല.

9. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 10 ൽ provision for expenses ആയി 2016-17, 2017-18, 2018-19 വർഷങ്ങളിൽ ഒരേ തുകയാണ് (30,91,950/-) രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത തുകയുടെ വിശദാംശം ലഭ്യമല്ല.

10. 2017-18 വർഷത്തെ ബാലൻസ് ഷീറ്റിലെ landscape B1 ഷെഡ്യൂൾ പ്രകാരം മുനിസിപ്പൽ ഫണ്ടിന്റെ നീക്കിയിരിപ്പ് 1,40,92,64,067.69/- രൂപയാണ്. എന്നാൽ 2018-19 ലെ landscape B1 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പായി കാണിച്ചത് 1,40,95,13,736.69/- രൂപയാണ്. വ്യത്യാസം 2,49,669/- രൂപ.

11. 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15 പ്രകാരം വസ്തു നികുതിയിനത്തിൽ 7,13,25,001.78/- രൂപ പിരിഞ്ഞു കിട്ടാനുണ്ട്. 2018-19 വർഷം 5,18,01,628/- രൂപ ഈയിനത്തിൽ വരവുണ്ട്. 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15 പ്രകാരം ഈയിനത്തിലെ കുടിശ്ശികയായി കാണിക്കേണ്ടത് 1,95,23,373.78/- രൂപയാണെങ്കിലും 1,91,90,535.09/- രൂപയാണ് കാണിച്ചിട്ടുള്ളത്. അതായത് 3,32,838.69/- രൂപ കുറവ്. 2017-18 വർഷവും മുൻവർഷത്തേക്കാൾ 6,00,98,687.78 രൂപ കുറവായാണ് ബാലൻസ് ഷീറ്റിൽ കാണിച്ചിരുന്നത്. അപാകത നാളിതുവരെ പരിഹിരിച്ചിട്ടില്ല.

12. 2018-19 വർഷത്തെ I & E പത്രികയിലെ പട്ടിക I-1 പ്രകാരം വസ്തു നികുതിയിനത്തിലെ തൻവർഷ ഡിമാന്റ് 26,20,55,418/- രൂപാണ്. R & P Statement ലെ ഷെഡ്യൂൾ RP-37 പ്രകാരം 22,29,83,904/- രൂപയാണ് ഈയിനത്തിലെ വരവ്. പിരിഞ്ഞുകിട്ടാൻ ബാക്കിയുള്ള തുക 3,90,71,510/- രൂപയാണെങ്കിലും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15 പ്രകാരം 4,15,56,063.69/- രൂപയാണ് കാണിച്ചിട്ടുള്ളത്. അതായത് 24,84,553.69/- രൂപ കൂടുതൽ.

# 1-12 കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമല്ലാതെ നിർമ്മിച്ച മാളിന് കോർപ്പറേഷൻ ഒക്യുപെൻസി സാക്ഷ്യപത്രം നൽകി- അനുമതിയില്ലാത്ത ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 12900/ആർ.എ1/15/തസ്വഭവ തിയ്യതി 02/12/15 പ്രകാരം കെട്ടിടനിർമ്മാണം, പൂർത്തീകരണം എന്നിവ സംബന്ധിച്ചുള്ള അപേക്ഷകളിൻമേൽ എഞ്ചിനീയറിംഗ് വിഭാഗം വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഈ റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നം, വിസ്തീർണ്ണം, വില്ലേജ്, കൈവശാവകാശം, ഉപയോഗക്രമം, എഫ്.എ.ആർ, കവറേജ്, നിലകളുടെ എണ്ണം, പാർക്കിംഗ് സംബന്ധമായ കണക്കാക്കലുകൾ മുതലായവ സംബന്ധിച്ച വിശദമായ വിവരങ്ങൾ ഉണ്ടാകേണ്ടതാണെങ്കിലും ഓഡിറ്റിന് ഹാജരാക്കിയ മഹിള മാൾ എന്ന കെട്ടിടത്തിന്റെ കെട്ടിട നിർമ്മാണ - പൂർത്തീകരണ ഫയലുകളിൽ ഈ വിവരം പൂർണ്ണമായും ലഭ്യമല്ല. 10.03.2020-ന് മുനി.കോർപ്പറേഷൻ അധികൃതരോടൊപ്പം കെട്ടിടത്തിൽ സംയുക്ത സ്ഥല പരിശോധന നടത്തിയതിൽ 1999- കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങൾക്കനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിനാണ് കോർപ്പറേഷൻ ഒക്യുപെൻസി സാക്ഷ്യപത്രം നൽകിയിട്ടുള്ളത് എന്ന് കണ്ടു. വിശദാംശം താഴെപറയുന്നു.

**ഫയൽ നം.ടി.പി.9/85747/2018**

ശ്രീമതി രാജശ്രീ ഹരീഷ്, ഹരീഷ് കുന്നത്ത് എന്നിവർക്ക് കോഴിക്കോട് കോർപ്പറേഷനിലെ റവന്യൂ വാർഡ് -5 ൽ ഉൾപ്പെട്ട കോഴിക്കോട് താലൂക്കിലെ കസബ വില്ലേജിലെ റീസർവ്വെ നം.819 ൽ ഉൾപ്പെട്ട 980ച.മീ. സ്ഥലത്ത് 3175.80 ച.മീ. തറ വിസ്തീർണ്ണമുള്ള 7 നില റസിഡെൻഷ്യൽ ഫ്ലാറ്റ് പണിയുന്നതിന് ഇ-1/70906/08 തീയതി 5/2009 പ്രകാരം കോർപ്പറേഷൻ കെട്ടിട നിർമ്മാണാനുമതി നൽകി. 2013 മാർച്ചിൽ ടി.പി-4/19487/13 നമ്പറായി മേൽ കെട്ടിടത്തിന് (കെട്ടിട നമ്പർ 5 /2497 A മുതൽ Eവരെ) വാണിജ്യം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നഗരസഭ ഒക്യുപെൻസിയും നൽകി.(ഈ ഒക്യുപെൻസി സാക്ഷ്യപത്രത്തിൽ കോർപറേഷന്റെ സീൽ പതിപ്പിച്ചിട്ടുണ്ടെങ്കിലും സെക്രട്ടറി ഒപ്പിട്ടതായി കാണുന്നില്ല. കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 3228.79 ച.മീറ്ററാണെന്ന് സൂപ്രണ്ടിംഗ് എൻജിനീയർ കണക്കാക്കി ഒപ്പിട്ട പേപ്പർ അതിനോടൊപ്പമുണ്ട്). തുടർന്ന് കോഴിക്കോട് സബ്ബ് രജിസ്ട്രാർ ഓഫീസിൽ 2015 ഏപ്രിൽ 28-ന് രജിസ്റ്റർ ചെയ്ത 314/1/2015 നമ്പർ ആധാരം പ്രകാരം ശ്രീ.ഹരീഷ് കുന്നത്ത് മേൽ സ്ഥലവും അതിലെ വസ്തുവകകളും ശ്രീ. ടി.പി മൊയ്തീൻകോയ, ശ്രീമതി സുലൈഖ മൊയ്തീൻകോയ , ശ്രീ. അർഷാദ് എ.പി, മൊയ്തീൻ, ടി.പി അബ്ദുൾസലാം എന്നിവർക്ക് ജൻമം തീരാധാരം എഴുതി നൽകി.

01.10.2012 മുതൽ 5 /2497 A മുതൽ F വരെയുള്ള നമ്പറുകൾ അനുവദിച്ച് എ.ആർ.വി അടിസ്ഥാനത്തിൽ വാർഷിക വസ്തു നികുതി ചുമത്തിയിട്ടുള്ള കെട്ടിടത്തെ മാൾ ആക്കി മാറ്റുന്നതിനായി കെട്ടിട ഉടമ പാർട്ടീഷൻ പ്ലാൻ (5 /2497 A മുതൽ Eവരെയുള്ള നമ്പറുകൾ വിഭജിക്കുന്നതിന് ) സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 5 /2497 A മുതൽ Eവരെയുള്ള നമ്പറുകൾ വിഭജിക്കുന്നതിന് അനുമതി നൽകുകയും (കെട്ടിട നമ്പർ-64/103 മുതൽ 63/108 വരെയുള്ള 87 മുറികളായി) ടി.പി-9/85747/18 തീയതി 01.10.2018 നമ്പറായി വാണിജ്യം എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. ഘടനാപരമായ മാറ്റം വരുത്തിയതിനെ തുടർന്ന് കെട്ടിടത്തിന് 01.10.2018 മുതൽ തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ അടിസ്ഥാന നിരക്ക് 105/-രൂപ നിരക്കിൽ കണക്കാക്കി വസ്തു നികുതി നിർണ്ണയിച്ചു.

ഓഡിറ്റിന് ലഭ്യമാക്കിയ പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 3228.79 ച.മീറ്ററാണ് (കോഴിക്കോട് കോർപ്പറേഷൻ സർക്കിൾ-II റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ട് പ്രകാരം). വിശദാംശം താഴെപറയുന്നു

| | |
|---|---|
| സെല്ലാർ | 555.6 ച.മീ |
| തറ നില | 391.39 ച.മീ |
| ഒന്നാം നില | 483.39 ച.മീ |
| രണ്ടാം നില | 414.96 ച.മീ |
| മൂന്നാം നില | 414.96 ച.മീ |
| നാലാം നില | 366.77 ച.മീ |
| അഞ്ചാം നില | 366.77 ച.മീ |
| ആറാം നില(ടെറസ്സ് ) | 234.95 ച.മീ |
| ആകെ | 3228.79 ച.മീ |

പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം, കാർപ്പെറ്റ് വിസ്തീർണ്ണം എന്നിവ യഥാക്രമം 2993.92 ച.മീറ്റർ, 1700.32 ച.മീറ്റർ എന്നിങ്ങനെയാണ്. നഗരസഭ അധികൃതർ മേൽ കെട്ടിടത്തിന് 12.06.2017 ന് ഒക്യുപെൻസി സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഒക്യുപെൻസി സാക്ഷ്യപത്രത്തിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം വാണിജ്യം എന്ന ഗണത്തിൽപ്പെടുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കോർപ്പറേഷൻ അംഗീകരിച്ച പൂർത്തീകരണ പ്ലാനിൽ സെല്ലാർ നിലയിൽ 10 കാർ പാർക്കിംഗ് യൂണിറ്റുകളും തറ നിലയിൽ കെട്ടിടത്തിന്റെ മുൻഭാഗത്തായി 5 കാർ പാർക്കിംഗ് യൂണിറ്റുകളും കെട്ടിടം നിൽക്കുന്ന പ്ലോട്ടിന്റെ തെക്ക് ഭാഗത്തുള്ള പൊതു ഡ്രെയിനേജിന്റെ അപ്പുറത്തെ പ്ലോട്ടായ കോഴിക്കോട് താലൂക്കിലെ കസബ വില്ലേജിലെ റീസർവ്വെ നം.819 ൽ ഉൾപ്പെട്ട 566.8ച.മീ. സ്ഥലത്ത് (കോഴിക്കോട് സബ്ബ് രജിസ്ട്രാർ ഓഫീസിൽ 2015 ഏപ്രിൽ 28-ന് രജിസ്റ്റർ ചെയ്ത ആധാരം നം 315/1/2015 പ്രകാരം ശ്രീ.ഹരീഷ് കുന്നത്ത് മേൽ സ്ഥലവും അതിലെ വസ്തുവകകളും ശ്രീ. ടി.പി മൊയ്തീൻകോയ, ശ്രീമതി സുലൈഖ മൊയ്തീൻകോയ ,ശ്രീ. അർഷാദ് എ.പി മൊയ്തീൻ,ടി.പി അബ്ദുൾസലാം എന്നിവർക്ക് ജൻമം തീരാധാരം എഴുതി നൽകി) 21 കാർപാർക്കിംഗ് യൂണിറ്റുകളും രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ കെട്ടിടം വാണിജ്യകെട്ടിടമെന്ന് കണക്കാക്കിയാണ് പാർക്കിംഗ് യൂണിറ്റുകൾ കാണിച്ചിട്ടുള്ളത് (1700.32/50=35). ആയത് കോർപ്പറേഷൻ അംഗീകരിച്ച് ഒക്യുപെൻസി സാക്ഷ്യപത്രം അനുവദിക്കുകയുണ്ടായി.

എന്നാൽ കോർപ്പറേഷൻ അസി.എക്സിക്യൂട്ടീവ് എൻജിനീയർ, ഓവർസിയർ എന്നിവരോടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത കെട്ടിടത്തിന്റെ വിവിധ നിലകൾ വാണിജ്യം (സെല്ലാർ, തറ നില, ഒന്ന്, രണ്ട്, മൂന്ന് നിലകൾ), ഡോർമിറ്ററി, ട്രെയിനിംഗ് സെന്റർ (നാലാം നില), ഓഡിറ്റോറിയം (അഞ്ചാം നില) എന്നീ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായി കാണുകയുണ്ടായി. എന്നാൽ ഇക്കാര്യമൊന്നും പരിഗണിക്കാതെയാണ് അധികൃതർ വാണിജ്യം എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി ഒക്യുപെൻസി സാക്ഷ്യപത്രം അനുവദിച്ചിട്ടുള്ളത്. 5ാം നില ഹാൾ ആയിട്ടാണ് ഉപയോഗിക്കുന്നതെന്ന് കെട്ടിട ഉടമ ശ്രീ.മൊയ്തീൻകോയ കോർപ്പറേഷനിൽ 09.11.2018 തീയതിയിൽ സമർപ്പിച്ച വസ്തുനികുതി നിർണ്ണയ റിട്ടേണിലും (ഫോറം-2), വസ്തുനികുതി നിർണ്ണയ-വിവരശേഖരണ ഫോറത്തിൽ (ഫോറം-6) റവന്യൂ ഇൻസ്പെക്ടർ, റവന്യൂഓഫീസർ, ഡെപ്യൂട്ടി സെക്രട്ടറി എന്നിവരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 1999 ലെ കേരള മുനിസിപ്പാലിറ്റി

കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം.34 പ്രകാരം ഒന്നിൽ കൂടുതൽ കൈവശാവകാശങ്ങൾ ഉൾക്കൊള്ളുന്ന കെട്ടിടം/കെട്ടിട സമുച്ചയത്തിന്റെ സംഗതിയിൽ ആവശ്യമായ പാർക്കിംഗ് അതേ പ്ലോട്ടിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. കോർപ്പറേഷൻ അംഗീകരിച്ച പൂർത്തീകരണപ്ലാനിൽ കെട്ടിടം നിൽക്കുന്ന പ്ലോട്ടിന്റെ തെക്ക് ഭാഗത്തുള്ള പൊതു ഡ്രെയിനേജിന്റെ അപ്പുറത്തെ പ്ലോട്ടിലാണ് 21 കാർ പാർക്കിംഗ് യൂണിറ്റുകൾ കാണിച്ചിട്ടുള്ളത്. പൊതു ഡ്രെയിനേജ് സ്ലാബിട്ടാണ് ഈ പ്ലോട്ടിലേക്ക് പ്രവേശനമാർഗ്ഗം ഒരുക്കിയിട്ടുള്ളത്. ഇക്കാര്യം പൂർത്തീകരണ പ്ലാൻ പരിശോധിച്ചതിലും സ്ഥലപരിശോധനയിലും കാണുകയുണ്ടായി. ആയതിനാൽ ചട്ടവിരുദ്ധമായ പൂർത്തീകരണ പ്ലാനാണ് കോർപ്പറേഷൻ അംഗീകരിച്ചിട്ടുള്ളതെന്ന് കാണുന്നു.

<u>പൂർത്തീകരണ പ്ലാനിൽ നിന്നും വ്യതിചലിച്ച് നടത്തിയ നിർമ്മാണപ്രവർത്തികൾ.</u>

എ) കോർപ്പറേഷൻ അംഗീകരിച്ച പൂർത്തീകരണ പ്ലാനിൽ സെല്ലാർ നിലയിൽ 10 കാർ പാർക്കിംഗ് യൂണിറ്റുകൾ കാണിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥലത്ത് കുടുംബശ്രീ മൈക്രോബസാർ വിപണന മേളയ്ക്കായി മുറികൾ തിരിച്ച് നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളതിനാൽ അവിടെ നിലവിൽ 4 കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലമേ ഉള്ളൂ. ആയത് ചട്ട വിരുദ്ധമായ നിർമ്മാണ പ്രവൃത്തിയാണ്.

ബി) കോർപ്പറേഷൻ അംഗീകരിച്ച പൂർത്തീകരണ പ്ലാനിൽ കെട്ടിടത്തിന്റെ മുൻഭാഗത്ത് വലത് ഭാഗത്ത് 5 കാർ പാർക്കിംഗ് യൂണിറ്റുകൾ കാണിച്ചിട്ടുണ്ട്. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 38(7) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ പരമാവധി 50% മാത്രമേ പാർക്കിംഗിനായി ഉപയോഗിക്കാവൂ. എന്നാൽ അവിടെ രണ്ട് കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലമാണുള്ളത്. കൂടാതെ കെട്ടിടത്തിന്റെ മുൻഭാഗത്തെ ഇടത് വശത്തെ തുറസ്സായ സ്ഥലത്ത് അലുമിനിയം ഷീറ്റ് കൊണ്ട് ട്രസ്സ് വർക്ക് ചെയ്ത് നിർമ്മിച്ച 'പ്രതിഭ' എന്ന് പേരിട്ട പച്ചക്കറി, പഴം സ്റ്റാൾ പ്രവർത്തിക്കുന്നുണ്ട്. ആയത് ചട്ട വിരുദ്ധമായ നിർമ്മാണ പ്രവൃത്തിയാണ്. സെല്ലാർ നിലയിലെ പാർക്കിംഗ് സ്ഥലത്തേക്കുള്ള വഴിയിൽ അലൂമിനിയം ഷീറ്റ് കൊണ്ട് ട്രസ്സ് വർക്ക് ചെയ്തതും നിയമാനുസൃതമല്ല.

<u>ഉപയോഗക്രമത്തിൽ വരുത്തിയ നിയമാനുസൃതമല്ലാത്ത മാറ്റങ്ങൾ</u>

വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനാണ് കോർപ്പറേഷൻ നിർമ്മാണാനുമതിയും തുടർന്ന് ഒക്യുപെൻസി സാക്ഷ്യപത്രവും നൽകിയിട്ടുള്ളത്. കോർപ്പറേഷൻ അംഗീകരിച്ച പൂർത്തീകരണ പ്ലാൻ പ്രകാരം 5ാം നിലയുടെ ഉപയോഗക്രമം ഫുഡ് കോർട്ട് ആണ്. എന്നാൽ നിലവിൽ ഈ നില ഉപയോഗിക്കുന്നത് 300 പേർക്ക് ഇരിക്കാവുന്ന ഓഡിറ്റോറിയമായിട്ടാണ്. ഹാളിന്റെ ഒരറ്റത്ത് സ്റ്റേജ്, മൈക്ക് സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. 5ാം നിലയിൽ 300 പേർക്കിരിക്കാവുന്ന എ.സി ഓഡിറ്റോറിയം സ്ഥാപിച്ചതായി കെട്ടിടത്തിന്റെ മുൻഭാഗത്ത് റോഡരികിലായി ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. ഇക്കാര്യം കോർപ്പറേഷൻ അസി.എക്സിക്യൂട്ടീവ് എൻജിനീയർ, ഓവർസിയർ എന്നിവരോടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫോറം-2, ഫോറം-6 എന്നിവയിലും 5ാം നിലയുടെ ഉപയോഗക്രമം ഓഡിറ്റോറിയമായിട്ടാണ് കെട്ടിട ഉടമസ്ഥനും കോർപ്പറേഷൻ അധികൃതരും സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. സെക്രട്ടറി ഓഡിറ്റിന് ഹാജരാക്കിയ മഹിളാ മാളിന്റെ ഹാൾ ബുക്കിംഗ് രജിസ്റ്റർ പരിശോധിച്ചതിലും 5ാം നില 2019-2020 സാമ്പത്തിക വർഷത്തിൽ വിവിധ പരിപാടികൾക്കായി ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പൂർത്തീകരണ പ്ലാനിലും ഒക്യുപെൻസി സാക്ഷ്യപത്രത്തിലും കാണിച്ചിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായി കെട്ടിടം ഉപയോഗപ്പെടുത്തുന്നത് ചട്ടവിരുദ്ധമാണ്.

മേൽ പരാമർശിച്ചതിൽ നിന്നും, 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് മഹിള മാളിന് കോർപ്പറേഷൻ അധികാരികൾ ഒക്യുപെൻസി സാക്ഷ്യപത്രം നൽകിയിട്ടുള്ളതെന്നും കെട്ടിട ഉടമ നിർമ്മാണ പ്രവർത്തികൾ നടത്തി ഉപയോഗിച്ചുവരുന്നതെന്നും കാണുന്നു. ആയതിനാൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് ഒക്യുപെൻസി സാക്ഷ്യപത്രം നൽകിയതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ഉപചട്ടം 17 പ്രകാരം വസ്തുനികുതി നിർണ്ണയത്തിന് ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലും ഉപയോഗ ക്രമത്തിലും വരുത്തുന്ന മാറ്റങ്ങൾ, കെട്ടിട ഉടമ മാറ്റം വരുത്തി മുപ്പത് ദിവസത്തിനകം സെക്രട്ടറിയെ അറിയിക്കേണ്ടതാണെങ്കിലും നാളിതു വരെയായി അറിയിച്ചിട്ടില്ല. കെട്ടിടത്തിന് നിയമാനുസൃത പാർക്കിംഗ്, ശുചീകരണ സൗകര്യങ്ങൾ, മാലിന്യസംസ്കരണസംവിധാനങ്ങൾ, മഴവെള്ള സംഭരണി തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

നിയമാനുസൃതമല്ലാതെ നിർമ്മിച്ചും ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുമായ കെട്ടിടത്തിനെതിരെ 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 406-ാം വകുപ്പ് , 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ അധ്യായം 20, 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17(2), ഉപചട്ടം 20 എന്നിവ പ്രകാരം നടപടിയെടുത്ത് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 നഗരസഭയുടെ പൊതു ആവശ്യ ഫണ്ടിൽ നിന്നും എൽ.എസ്.ജി. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ

# ശമ്പളാനുകൂല്യങ്ങൾക്ക് 1,28,30,957/- രൂപ അധികം അടവാക്കി.

സംസ്ഥാന ബജറ്റിൽ ഓരോ വർഷവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അടുത്ത സാമ്പത്തിക വർഷം വിവിധ മേഖലകളിൽ അനുവദിക്കുന്നതും ചെലവാക്കേണ്ടതുമായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്നുമുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് മുനസിപ്പൽ കോർപ്പറേഷന് ലഭ്യമായ പൊതു ആവശ്യ ഫണ്ട്, ആയതിന്റെ ചെലവ് എന്നിവ പരിശോധിച്ചതിൽ നിന്നും എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങൾക്കായി 5,22,43,620രൂപ (43,53,635x12=5,22,43,620) 2515-00-001-05(01)NP എന്ന ട്രഷറി ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് സർക്കാർ നിർദ്ദേശാനുസരണം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| മാസം | സർക്കാർ അനുവദിച്ച തുക | അടവാക്കിയ തുക | സർക്കാർ ഉത്തരവ്, തീയ്യതി |
|---|---:|---:|---|
| ഏപ്രിൽ | 1,98,13,500 | 43,53,635 | സ.ഉ.(സാധാ)നം.3490/2018/ധനം, 18.04.2018 |
| മേയ് | 1,98,13,500 | 43,53,635 | സ.ഉ.(സാധാ)നം.3930/2018/ധനം, 05.05.2018 |
| ജൂൺ | 1,98,13,500 | 43,53,635 | സ.ഉ.(സാധാ)നം.4791/2018/ധനം, 05.06.2018 |
| ജൂലായ് | 1,98,13,500 | 43,53,635 | സ.ഉ.(സാധാ)നം.5545/2018/ധനം, 30.06.2018 |
| ആഗസ്റ്റ് | 1,98,13,500 | 43,53,635 | സ.ഉ.(സാധാ)നം.6482/2018/ധനം, 31.07.2018 |
| സെപ്റ്റംബർ | 1,98,13,500 | 43,53,635 | സ.ഉ.(സാധാ)നം.7295/2018/ധനം, 31.08.2018 |
| ഒക്ടോബർ | 1,98,13,500 | 43,53,635 | സ.ഉ.(സാധാ)നം.8095/2018/ധനം, 29.09.2018 |
| നവംബർ | 1,98,13,500 | 43,53,635 | സ.ഉ.(സാധാ)നം.9004/2018/ധനം, 31.10.2018 |
| ഡിസംബർ | 1,98,13,500 | 43,53,635 | സ.ഉ.(സാധാ)നം.10069/2018/ധനം, 07.12.2018 |
| ജനുവരി | 1,98,13,500 | 43,53,635 | സ.ഉ.(സാധാ)നം.256/2019/ധനം, 11.01.2019 |
| ഫെബ്രുവരി | 1,98,13,500 | 43,53,635 | സ.ഉ.(സാധാ)നം.761/2019/ധനം, 31.01.2019 |
| മാർച്ച് | 1,98,13,500 | 43,53,635 | സ.ഉ.(സാധാ)നം.1626/2019/ധനം, 02.03.2019 |
| ആകെ | 23,77,62,000 | 5,22,43,620 | |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 25.11.2009 ലെ (എം.എസ്)നം.227/2009 ഉത്തരവിലൂടെ നഗരസഭ, ഗ്രാമ/ബ്ലോക്ക്/ജില്ല പഞ്ചായത്തുകൾക്ക് കൈമാറികിട്ടിയ ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങൾ അതത് സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പൊതു ആവശ്യ ഗ്രാന്റിൽ നിന്നും കുറവ് വരുത്തി നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 30.04.2011 ലെ (പി)നം 202/ 2011/ധനം സർക്കാർ ഉത്തരവിലൂടെ തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങൾ, പെൻഷൻ വിഹിതം എന്നിവ അതത് സ്ഥാപനങ്ങൾ തദ്ദേശ ഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പേരിൽ ട്രഷറിയിൽ അടവാക്കാൻ സർക്കാർ നിർദ്ദേശിച്ചു.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന് തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും 73 ജീവനക്കാരെ [സൂപ്രണ്ടിംഗ് എഞ്ചിനീയർ മുതൽ ഓവർസിയർ (ഗ്രേഡ് 3) വരെ] കൈമാറിക്കിട്ടിയിട്ടുണ്ട്. എന്നാൽ തൻവർഷം അനുവദിച്ച തസ്തികകളിൽ 11 പേരുടെ ഒഴിവ് നികത്താനുണ്ട്. (2019 മാർച്ച് മാസത്തെ സ്ഥിതി വിവര കണക്ക് പ്രകാരം) വിശദാംശങ്ങൾ പട്ടികയായി താഴെ കൊടുക്കുന്നു.

| ക്രമ നം | അനുവദിച്ച തസ്തിക | അനുവദിച്ച എണ്ണം | ഒഴിവുള്ളവരുടെ എണ്ണം |
|---|---|---|---|
| 1 | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 1 | ---- |
| 2 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2 | ---- |
| 3 | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3 | ---- |
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ | 13 | 2 |
| 5 | ഓവർസിയർ (ഗ്രേഡ്.1) | 15 | 2 |
| 6 | ഓവർസിയർ (ഗ്രേഡ്.2) | 18 | 5 |
| 7 | ഓവർസിയർ (ഗ്രേഡ്.3) | 21 | 2 |
| ആകെ | | 73 | 11 |

അനുവദിച്ച മുഴുവൻ തസ്തികകളിലും ജീവനക്കാരെ നിയമിച്ചിട്ടില്ലെങ്കിലും 73 പേർക്ക് ശമ്പളമിനത്തിൽ വരുന്ന തുക നഗരസഭയിൽ നിന്നും സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അടവാക്കുന്നുണ്ട്. മേൽ പ്രകാരം അധിക തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| മാസം | അടവാക്കിയ തുക | ചെലവഴിച്ച തുക (ട്രഷറി ബിൽ ബുക്ക് പ്രകാരം) | അധികം/കുറവ് അടവാക്കിയ തുക |
|---|---|---|---|
| ഏപ്രിൽ | 43,53,635 | 30,19,749 | 13,33,886 |
| മേയ് | 43,53,635 | 36,17,659 | 7,35,976 |
| ജൂൺ | 43,53,635 | 36,45,567 | 7,08,068 |
| ജൂലായ് | 43,53,635 | 27,00,176 | 16,53,459 |
| ആഗസ്റ്റ് | 43,53,635 | 45,65,910 | ( - )2,12,275 |
| സെപ്റ്റംബർ | 43,53,635 | ----- | 43,53,635 |
| ഒക്ടോബർ | 43,53,635 | 22,53,520 | 21,00,115 |
| നവംബർ | 43,53,635 | 66,75,377 | ( - ) 23,21,742 |
| ഡിസംബർ | 43,53,635 | 24,92,672 | 18,60,963 |
| ജനുവരി | 43,53,635 | 32,17,855 | 11,35,780 |
| ഫെബ്രുവരി | 43,53,635 | 39,18,718 | 4,34,917 |
| മാർച്ച് | 43,53,635 | 33,05,460 | 10,48,175 |
| ആകെ | 5,22,43,620 | 3,94,12,663 | 1,28,30,957 |

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ്.22 (1)(ഐ) പ്രകാരം സർക്കാരിൽ നിന്നും വിതരണം ചെയ്യുന്ന ഗ്രാന്റുകളും, അവയുടെ ശരിയായ ഉപയോഗവും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടത് മുനിസിപ്പൽ കോർപ്പറേഷൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. കൂടാതെ അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യേണ്ടതും, കോർപ്പറേഷൻ തൻവർഷം ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക കൗൺസിൽ അനുമതി നൽകിയിട്ടുള്ള ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോയെന്നും പരിശോധിക്കണം. എന്നാൽ നഗരസഭയുടെ വരവ് ചെലവുകൾ എസ്റ്റിമേറ്റ് ചെയ്യാൻ ധനകാര്യ വിഭാഗത്തിന് പൂർണ്ണമായും കഴിഞ്ഞില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. 1,28,30,957/- രൂപ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന് അധികം നൽകിയെങ്കിലും ആയത് തിരികെ ലഭിക്കുന്നതിനോ, അഡ്ജസ്റ്റ് ചെയ്യുന്നതിനോ ആവശ്യമായ നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല. അധികം നൽകിയ തുക തിരികെ

ലഭ്യമാക്കുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽ അടിയന്തിരമായി കൊണ്ടു വരേണ്ടതും തുക തിരികെ ലഭ്യമാക്കേണ്ടതുമാണ്.

## 1-14 ഉപയോഗിക്കാത്ത വാഹനത്തിന്റെ സ്റ്റോപേജ് വിവരം യഥാസമയം അധികാരികളെ അറിയിച്ചില്ല. കോർപ്പറേഷന് നികുതിയിനത്തിൽ വൻ തുക കുടിശ്ശിക ബാധ്യത

ഫയൽ നം.ഇ.ജി-14-85737/11-വാല്യം-II

കോഴിക്കോട് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള KL-11-F-4600 ടാറ്റാ സുമോ (1996 മോഡൽ) വാഹനത്തിന്റെ റിപ്പയർ ചെലവ് കൂടുതലായതിനാൽ ലേലം ചെയ്ത് വിൽക്കാൻ ഭരണസമിതി തീരുമാനിച്ചു (65/25.11.2011 നമ്പർ തീരുമാനം). (വാഹനത്തിന്റെ കസ്റ്റോഡിയന്റെ റിപ്പോർട്ടിൽ വാഹനം 30.12.2011 മുതൽ ഉപയോഗിക്കാതെ കിടക്കുകയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.) വാഹനം ലേലം ചെയ്ത് വിൽക്കുന്നതിലേയ്ക്കായി കോഴിക്കോട് പി.ഡബ്ല്യു.ഡി മെക്കാനിക്കൽ ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ (കത്ത് നം.ഇ.ജി 14/85737/11 തീയതി 16.01.2012) വാഹനത്തിന്റെ വില 65,000/- രൂപയായി നിശ്ചയിച്ചു നൽകി (കത്ത് നം.ഡി.1/Veh/Corprnതീയതി 02.05.2011). ഈ വിലയ്ക്ക് ആരും തന്നെ ലേലം വിളിക്കാത്തതിനാൽ 23.11.2015 ലെ ഇതേ നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ മേൽ വാഹനത്തിന്റെ വില 45,000/- രൂപയായി പുതുക്കി നിശ്ചയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ലേല നടപടികൾ പുരോഗമിച്ചു വരവെ 06.09.2016-ന് ലേലം കൊണ്ട ശ്രീ മൊയ്തീൻകോയ.പി.വി. എന്നവർ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് ബഹു. ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം കോഴിക്കോട് മുൻമ്പാകെ 03.12.2016-ന് സിസി 522/16 നമ്പറായി കേസ്സ് ഫയൽ ചെയ്തു. അദ്ദേഹത്തിന്റെ പരാതിയിൽ ക്രമനമ്പർ 8ാം നമ്പറായി 01.01.2012 മുതൽ 2016 വരെ വാഹനം കോർപ്പറേഷൻ കൈവശം വച്ച് ഉപയോഗിച്ച കാലത്ത് റോഡ് ടാക്സ് ഇനത്തിൽ കുടിശ്ശിക27,340/- രൂപയും അതിന്റെ പിഴയും ഇതുവരെ അടവാക്കി രസീത് വാങ്ങിയിട്ടില്ലായെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

കുറിപ്പ് ഫയൽ പരിശോധിച്ചതിൽ (പേജ് 30 മറുപുറം) 30.12.2011 മുതൽ ഉപയോഗിക്കാതെ കിടക്കുന്ന വാഹനത്തിന് സ്റ്റോപേജ് ലഭിക്കുന്നതിനായി ആർ.ടി.ഒ-യ്ക്ക് കത്ത് നൽകുവാൻ ശുപാർശ ചെയ്ത് അസിസ്റ്റന്റ് എൻജിനീയർ കോർപ്പറേഷൻ എക്സിക്യൂട്ടീവ് എൻജിനീയർക്ക് 05.05.2017 ന് ഫയൽ സമർപ്പിച്ചതായും എക്സിക്യൂട്ടീവ് എൻജിനീയറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്റ്റോപേജ് ലഭിക്കുന്നതിനും ടാക്സ് കുടിശ്ശിക ഒഴിവാക്കി തരുന്നതിനുമായി 11.05.2017 -ന് കോർപ്പറേഷൻ ആർ.ടി.ഒ യ്ക്ക് കത്ത് ( ഇ.ജി 14/85737/11 നമ്പർ കത്ത്) നൽകിയതായി കാണുന്നു. 30.12.2011 മുതൽ ഉപയോഗിക്കാതെ കിടക്കുന്ന മേൽ വാഹനത്തിന് ടാക്സ് ഒഴിവാക്കിക്കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ നഗരസഭ സ്വീകരിക്കുന്നത് 05.05.2011 ന് മാത്രമാണ്. എന്നാൽ ടാക്സ് ഒഴിവാക്കി തരുവാൻ നിർവ്വാഹമില്ലായെന്നും വൺ ഡേ സെറ്റിൽമെന്റ് ചെയ്യുന്നതിന് ആർ.ടി.ഒ ഓഫീസിൽ 10,181/- രൂപ അടവാക്കണമെന്നും മെക്കാനിക്ക് 26.05.2017 -ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കുവാനായി ചെക്ക് നം.902122 തീയതി 07.06.2017 പ്രകാരം പണം പിൻവലിച്ചുവെങ്കിലും അടവാക്കാൻ സാധിച്ചില്ല. കോർപ്പറേഷനിലെ ലേലം ചെയ്ത വാഹനങ്ങളുടെ നികുതി, ഇൻഷ്വറൻസ് എന്നിവ ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ഭരണസമിതി കസ്റ്റോഡിയൻ ഓഫീസറെ ചുമതലപ്പെടുത്തി ( തീരുമാനം നം. 23/28.02.2018). എന്നാൽ KL-11-F-4600 ടാറ്റാ സുമോ-യ്ക്ക് ടാക്സ് കുടിശ്ശികയിനത്തിൽ 36,270/- രൂപ അടവാക്കാനുണ്ടെന്നും ആയത് 7 ദിവസത്തിനുള്ളിൽ അടവാക്കണമെന്നും കാണിച്ച് ആർ.ടി.ഒ 13.06.2018-ന് കോർപ്പറേഷൻ സെക്രട്ടറിക്ക് കത്ത് നൽകി. കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ റൂൾസ് സെക്ഷൻ 10-പ്രകാരം വാഹനം ഓടിക്കുന്നില്ലെങ്കിൽ പൂർണ്ണമായും നികുതി ഇളവ് ലഭിക്കുന്നതാണ്. ആയതിലേയ്ക്കായി ഫോറം -ജി-യിൽ ഇളവ് ലഭിക്കേണ്ട കാലയളവിന്റെ ആദ്യത്തെ 7 ദിവസത്തിനകം അതാത് ആർ.ടി.ഒ ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഈ വാഹനത്തിന്റെ സ്റ്റോപ്പേജ് യഥാസമയം ആർ.ടി.ഒ-യെ അറിയിക്കാത്തതിനാലാണ് ഭീമമായ നികുതി കുടിശ്ശിക വന്നതെന്നും ആയതിനാൽ ഇതിന് കാരണക്കാരായ ജീവനക്കാരിൽ നിന്നും ആയത് ഈടാക്കാൻ നടപടി സ്വീകരിക്കുവാനും, ആർ.ടി.ഒ-യ്ക്ക് നൽകാനുള്ള 36,270/- രൂപ നൽകുന്നതിനും 30.07.2018-ന് അഡീഷണൽ സെക്രട്ടറി നിർദ്ദേശം നൽകി. എന്നാൽ വാഹനത്തിന് 01.01.2012 മുതൽ 30.09.2018 വരെ അടവാക്കേണ്ട നികുതി, പിഴ, പലിശ എന്നിവയടക്കം ആകെ 68,494/- രൂപയാണെന്ന് അറിയിച്ച് തുക സ്വീകരിക്കാതെ ആർ.ടി.ഒ ചെക്ക് മടക്കി. (ആർ.ടി.ഒ-യുടെ ബി.ഓ 5/കെഎൽ11എഫ്4600 -തീയതി 02.08.2018 നമ്പർ കത്ത്). എന്നാൽ ഈ വിഷയത്തിൽ യാതൊരു തുടർ നടപടിയും ഉണ്ടാകാത്തതിനാൽ കോർപ്പറേഷൻ അസി. എക്സിക്യൂട്ടീവ് എൻജിനീയർ 29.03.2019 ന് ഇക്കാര്യത്തിൽ പെട്ടെന്ന് നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ട് കത്ത്

നൽകിയെങ്കിലും വാഹനത്തിന് ഉപയോഗിക്കാത്ത കാലയളവിലെ നികുതി ഒഴിവാക്കി കിട്ടുന്ന കാര്യത്തിൽ യാതൊരു തീരുമാനവും നാളിതു വരെ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ കോർപ്പറേഷന്റെ ഭാഗത്ത് നിന്ന് കാര്യക്ഷമമായ പ്രവർത്തനം ഉണ്ടാകുന്നില്ലെങ്കിൽ വാഹനത്തിന്റെ നികുതി കുടിശ്ശിക, പിഴ, പലിശ എന്നീയിനങ്ങളിൽ വൻ തുക ബാധ്യത വരുന്നതും ആയതിന് ഇക്കാര്യത്തിൽ യഥാസമയം നടപടിയെടുക്കാൻ വീഴ്ച്ച വരുത്തിയവർ ഉത്തരവാദികളാകുകയും ചെയ്യുന്നതാണ്.

മേൽ വിഷയം സംബന്ധിച്ച ഒ.എസ്. (നമ്പർ 13/19-തീയതി 30.07.2019) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ മുനി.കോർപ്പറേഷന് ബാധ്യത വരാത്ത വിധം അടിയന്തിരമായി നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-15 ജീവനം - സമഗ്ര ക്യാൻസർ പദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

**ഫയൽ നം.** : K2/1050/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രോജക്ട് ഓഫീസർ, കുടുംബശ്രീ

വകയിരുത്തിയ തുക : 50 ലക്ഷം (പൊതുവിഭാഗം - സാധാരണ വിഹിതം)

ചെലവ് തുക : 50 ലക്ഷം (ബിൽ നം. 61/12.12.2018)

നഗരസഭ പരിധിയിലെ ക്യാൻസർ ബാധിതരായ സ്ത്രീകൾക്ക് സ്ഥിരമായ റിക്രിയേഷൻ/റീഹാബിലിറ്റേഷൻ/ ഹെൽപ്പ് ഡസ്ക്, മെഡിക്കൽ ചെക്കപ്പ്, യോഗ പരിശീലനം എന്നീ പ്രവർത്തനങ്ങളിലൂടെ ആരോഗ്യമുള്ള സ്ത്രീ സമൂഹത്തെ സൃഷ്ടിക്കുക എന്നതാണ് ജീവനം – സമഗ്ര ക്യാൻസർ പദ്ധതിയുടെ ലക്ഷ്യം. 16.11.2018 ലെ 52-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം മലബാർ ക്യാൻസർ കെയർ സൊസൈറ്റിയെ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. 2011-12 ൽ നഗരസഭയിൽ ആരംഭിച്ച സമഗ്ര ക്യാൻസർ പദ്ധതിയുടെ 4-ാം ഘട്ടമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. മൂന്ന് ഘട്ടങ്ങളുടേയും നടത്തിപ്പിന്റെ മേൽനോട്ട ചുമതലയുള്ള നോർത്ത് സി.ഡി.എസ്. ന് തന്നെയാണ് 4-ാം ഘട്ടത്തിന്റേയും നടത്തിപ്പ് ചുമതല നൽകിയിരിക്കുന്നത്. ആയതിനാൽ മേൽ ട്രഷറി ബിൽ പ്രകാരം പിൻവലിച്ച 50 ലക്ഷം രൂപ നോർത്ത് സി.ഡി.എസ്. ന്റെ യൂണിയൻ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം. 605402010005114) 21.12.2018 ൽ നിക്ഷേപിക്കുകയാണ് ചെയ്തത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

(1) പദ്ധതി പ്രകാരം താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങളാണ് 4-ാം ഘട്ടത്തിൽ നടപ്പിലാക്കാനുദ്ദേശിച്ചിരിക്കുന്നത്. മൂന്ന് ഘട്ടങ്ങളിലായി കണ്ടെത്തിയ ക്യാൻസർ ബാധിതർക്കും സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും തുടർ സേവനം നാലാം ഘട്ടത്തിലൂടെ നിർവ്വഹിക്കുക. ബോധവൽക്കരണവും, സ്കൂൾ തലങ്ങളിൽ ബോധവൽക്കരണ ക്ലാസും നടത്തുക. കൂടാതെ യോഗയും ക്യാൻസർ ബാധിതരായവർക്കുള്ള യോഗാ സെന്ററും റിക്രിയേഷൻ സെന്ററും സ്ഥാപിക്കുക. മൂന്ന് ഫിൽട്ടർ ക്യാമ്പും 2 മെഗാ ക്യാമ്പും 4-ാം ഘട്ടത്തിലും സംഘടിപ്പിക്കുക. ഇതിന്റെ ഭാഗമായി നോർത്ത് സി.ഡി.എസിന്റെ അക്കൗണ്ടിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രകാരം വൗച്ചർ മുഖേന തുക പിൻവലിച്ചിട്ടുണ്ട്.

| ക്രമ. നം. | വൗച്ചർ നം./ തീയതി | തുക | ഉദ്ദേശ്യം |
|---|---|---|---|
| 1 | 96/11.02.2019 ചെക്ക് നം.737450 11.02.2019 | 1,00,000 | ജീവനം 4-ാം ഘട്ടം ഉദ്ഘാടന ചടങ്ങിന് പ്രോജക്ട് ഓഫീസർ ശ്രീ.റംസി ഇസ്മായിലിന് അഡ്വാൻസ് നൽകിയ തുക |
| 2 | 102/27.02.2019 ചെക്ക് നം.737455 27.02.2019 | 2,00,000 | ജീവനം പദ്ധതിയിൽ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് പ്രോജക്ട് ഓഫീസർക്ക് അനുവദിച്ച തുക |

| | | | |
|---|---|---|---|
| 3 | 107/19.03.2019<br>ചെക്ക് നം.737681<br>11.03.2019 | 5,00,000 | ജീവനം 4-ാം ഘട്ട പദ്ധതിയിൽ വകയിരുത്തിയ ഡ്രഗ് ബാങ്ക് തുക യു.പി.എ. ഫണ്ടിലേക്ക് നൽകിയത് |
| 4 | 114/30.03.2019 | 5,00,000 | ജീവനം ക്യാൻസർ റീഹാബിലിറ്റേഷൻ സെന്ററിന്റെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലേക്ക് പ്രോജക്ട് ഓഫീസർക്ക് അഡ്വാൻസ് നൽകിയ തുക |
| 5 | 115/30.03.2019<br>ചെക്ക് നം.737683<br>25.03.2019 | 3,20,000 | ജീവനം 4-ാം ഘട്ടം യോഗ സെന്റർ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലേക്കുള്ള അഡ്വാൻസ് നൽകിയ തുക |
| | ആകെ | 16,20,000 | |

മേൽ കൊടുത്തിരിക്കുന്ന ക്രമ നം.1, 2 എന്നിവ പ്രകാരം ഉദ്ഘാടനത്തിനും, ക്യാമ്പ് നടത്തിപ്പിനുമായി ആകെ അനുവദിച്ച 3 ലക്ഷം രൂപയിൽ 2,90,962/- രൂപയുടെ അഡ്ജസ്റ്റ്മെന്റ് വൗച്ചർ മാത്രമേ ഫയലിൽ ലഭ്യമാക്കിയിട്ടുള്ളൂ. 9,038/- രൂപയുടെ അഡ്ജസ്റ്റ്മെന്റ് വൗച്ചർ ലഭ്യമല്ല. കൂടാതെ മലബാർ ക്യാൻസർ കെയർ സൊസൈറ്റിയുടെ ടീമംഗങ്ങൾക്കും ഡോക്ടർമാർക്കും ടി.എ. ഇനത്തിൽ നൽകിയ 18,500/- രൂപയുടെ ചെലവ് തുകയ്ക്ക് ആധികാരികമായ വൗച്ചറുകളോ തുകയുടെ കൈപ്പറ്റോ ഫയലിൽ ലഭ്യമല്ല.

ക്രമ നം.3 പ്രകാരം ഡ്രഗ് ബാങ്കിനായി 5 ലക്ഷം രൂപയും, ക്രമ നം.4 പ്രകാരം ക്യാൻസർ റീഹാബിലിറ്റേഷൻ സെന്റർ തുടങ്ങുന്നതിന് 5 ലക്ഷം രൂപയും അഡ്വാൻസായി അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകളുടെ വിനിയോഗ വിവരം, അഡ്ജസ്റ്റ്മെന്റ് വൗച്ചറുകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

ഫയൽ പ്രകാരം നഗരസഭ പരിധിക്കുള്ളിൽ 6 മെഡിക്കൽ ക്യാമ്പുകളിലായി ആകെ 707 പേരെ പങ്കെടുപ്പിച്ചതായി കാണുന്നു. ഇതിൽ എത്ര പേർക്ക് രോഗം നിർണ്ണയിച്ച് ഈ പ്രോജക്ടിന്റെ ഭാഗമായി മരുന്ന്, മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കി എന്നത് വ്യക്തമല്ല. മേൽ കൊടുത്തിരിക്കുന്ന ഇനങ്ങൾക്ക് തുക ചെലവഴിച്ചു എന്നല്ലാതെ രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

2. <u>സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വികസന ഫണ്ട് മുൻകൂറായി പിൻവലിച്ച് ചെലവഴിക്കാതെ ബാങ്കിൽ സൂക്ഷിക്കുന്നു.</u>

ജി.ഒ.(പി) 177/2006/ധനം. തീയതി 12.04.2006 ഉത്തരവ് ഖണ്ഡിക 6.1 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ വികസനഫണ്ട് മുൻകൂറായി പിൻവലിക്കാൻ പാടില്ല. ഇവിടെ 4-ാം ഘട്ടം ജീവനം പ്രോജക്ടിന്റെ ചെലവുകൾ ഒന്നും നടക്കാതെ തന്നെ വകയിരുത്തിയ തുക മുഴുവൻ പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. നോർത്ത് സി.ഡി.എസ് ന്റെ ക്യാഷ് ബുക്ക് പ്രകാരം ഈ പ്രോജക്ടിന് വേണ്ടി തൻവർഷം ആകെ 16,20,000 രൂപയാണ് ചെലവ് ചെയ്തത്. (മുൻവർഷങ്ങളിൽ ലഭിച്ച തുകയിൽ നിന്ന്) തൻവർഷം വികസന ഫണ്ടിൽ നിന്നും മേൽ പ്രോജക്ടിനായി പിൻവലിച്ച 50 ലക്ഷത്തിൽ 33,80,000രൂപ ഇപ്പോഴും നിഷ്ക്രിയമായി നോർത്ത് സി.ഡി.എസി ന്റെ ബാങ്ക് അക്കൗണ്ടിൽ കിടക്കുകയാണ്. വിവിധ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി യഥാസമയം വിനിയോഗിക്കേണ്ട പണം ഇപ്രകാരം വിനിയോഗിക്കാതെ ബാങ്ക് അക്കൗണ്ടിൽ നിഷ്ക്രിയമാക്കി വയ്ക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

3. <u>പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ പ്രോജക്ടിന് അംഗീകാരം നൽകി.</u>

സ.ഉ.(കൈ) നം.17/2018/ത.സ്വ.ഭ.വ. തീയതി 02.02.2018 നമ്പർ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.8.1(3) പ്രകാരം ഒരു പ്രോജക്ടിന് യാതൊരു കാരണവശാലും ആ പ്രോജക്ട് നിർവ്വഹണം നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ തന്നെ അംഗീകാരം നൽകാൻ പാടില്ല. അതായത് പ്രോജക്ട് അംഗീകരിക്കുന്ന ഉദ്യോഗസ്ഥനും നിർവ്വഹണ ഉദ്യോഗസ്ഥനും ഒരാളാകാൻ പാടില്ല. എന്നാൽ ഇവിടെ മേൽ പ്രോജക്ടിന് അംഗീകാരം നൽകിയതും പ്രോജക്ട് നടപ്പിലാക്കിയതും ശ്രീ.റംസി ഇസ്മയിൽ, കുടുംബശ്രീ പ്രോജക്ട് ഓഫീസർ തന്നെയാണ്. ഇത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

4. വിവിധ ഘട്ടങ്ങളിലായി ക്യാൻസർ തുടച്ച് നീക്കുക എന്ന ലക്ഷ്യത്തോടെ ജീവനം പദ്ധതിക്കായി താഴെ കൊടുത്തിരിക്കും പ്രകാരം 1,30,00,000/- രൂപ 2011-12 മുതൽ ചെലവഴിച്ചിട്ടുണ്ട്. അവയിൽ വിനിയോഗിക്കാതെ

സി.ഡി.എസ്. ബാങ്ക് അക്കൗണ്ടിൽ ബാലൻസ് ഉണ്ടായിരുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനം ഘട്ടങ്ങൾ | നടപ്പിലാക്കിയ വർഷം/ ചെലവഴിച്ച തുക | ഫണ്ടിനം | വിനിയോഗിച്ച തുക | നോർത്ത് സി.ഡി.എസ്. അക്കൗണ്ടിൽ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | 1-ാംഘട്ടം | 2011-12 10,00,000/- | എസ്.ജെ . എസ്.ആർ.വൈ | വിനിയോഗ വിവരം ലഭ്യമല്ല | ഫയൽ ലഭ്യമല്ല |
| 2 | 2-ാം ഘട്ടം | 2013-14, 30 ലക്ഷം ബിൽ നം.5/23.11.13 | വികസന ഫണ്ട് | 27,90,066/- രൂപ | 2,09,934/- രൂപ |
| 3 | 3-ാം ഘട്ടം | 2017-18, 40 ലക്ഷം ബിൽ നം.29/22.01.18 | വികസന ഫണ്ട് | 23,15,907/- രൂപ | 16,84,093/- രൂപ |
| 4 | 4-ാം ഘട്ടം | 2018-19, 50 ലക്ഷം | വികസന ഫണ്ട് | 16,20,000/- രൂപ | 33,80,000/- രൂപ |
| | | 1,30,00,000/- രൂപ | | | 52,74,027/- |

വിവിധ ഘട്ടങ്ങളിലായി പിൻവലിച്ച തുകയുടെ 50% ത്തോളം നോർത്ത് സി.ഡി.എസ്.ബാങ്ക് അക്കൗണ്ടിൽ വിനിയോഗിക്കാതെ കിടക്കുന്നതിനാൽ തന്നെ ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിറവേറ്റപ്പെട്ടിട്ടില്ല എന്ന് കാണാം. ഇക്കാര്യം ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ 54,99,683രൂപ ചലാൻ നം.84902, 18.06.2020 പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. നോർത്ത് സി.ഡി.എസ്. തനത് ഫണ്ട് അക്കൗണ്ടിൽ ഇപ്രകാരം അതാതു പദ്ധതി കാലഘട്ടത്തിൽ ചെലവഴിക്കേണ്ട തുക ചെലവഴിക്കാൻ ബാക്കിയുള്ളത് യഥാസമയം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കാതെ നീക്കിയിരിപ്പായി വച്ചത് ഗുരുതരമായ വീഴ്ചയാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഒ.എസിന് (96/18-19 തീയ്യതി :04-12-2019) 31-1-2020 ന് കെ2/777/16 നമ്പറായി കുടുംബശ്രീ പ്രോജക്ട് ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ നാലാം ഘട്ടത്തിലെ മെഡിക്കൽ ക്യാമ്പുകളെല്ലാം പൂർത്തീകരിക്കാൻ കഴിഞ്ഞെങ്കിലും അവിചാരിതമായി വന്നുപെട്ട പ്രളയത്തിന്റെ സാഹചര്യത്തിൽ സ്ക്രീനിംഗ് ക്യാമ്പും മെഗാക്യാമ്പും നടത്താൻ സാധിക്കാതിരുന്നതിനാലാണ് തുക സമയബന്ധിതമായി ചെലവഴിക്കാൻ കഴിയാതെ പോയതെന്ന് അറിയിച്ചിട്ടുണ്ട്. ഡോക്ടർമാർക്ക് യാത്രാപ്പടി തുക അവരുടെ ലെറ്റർ ഹെഡ്ഡിലാണ് നൽകിയതെന്നറിയിച്ചു. ഡ്രഗ് ബാങ്കിന് മെഡിസിൻ വാങ്ങിയ തുക യു.പി.എ ഫണ്ട് മുഖാന്തിരം നൽകിയതിനാൽ ആയതിന്റെ ബിൽ യു.പി.എ ഫയലിലാണ് കാണപ്പെടുകയെന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പൂർണ്ണമായും ഒരു ഫയൽ ആയി സൂക്ഷിക്കാതെ യു.പി.എ ഫയലിൽ വയ്ക്കുന്നത് ശരിയായ നടപടിയല്ല .മെഡിക്കൽ ക്യാമ്പിന്റെ തുടർച്ച ഉണ്ടായിട്ടില്ലെന്ന് മറുപടിയിൽ വ്യക്തമാക്കുന്നുണ്ട്. ക്യാമ്പിലൂടെ കണ്ടെത്തിയ 34 പേർക്ക് ചികിത്സാ സഹായം നൽകിവരുന്നതായി പറയുന്നുണ്ടെങ്കിലും ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ പദ്ധതി അംഗീകാരം നൽകിയത് ഒരു പ്രത്യേക സാഹചര്യത്തിലാണെന്നും ആയത് മാപ്പാക്കണമെന്നും മറുപടിയിൽ അപേക്ഷിച്ചിട്ടുണ്ട്. രണ്ടും മൂന്നും ഘട്ടത്തിലെ ബാക്കി തുക തിരിച്ചടക്കുമെന്നും നാലാം ഘട്ടത്തിലെ ബാക്കി തുക അഞ്ചാം ഘട്ടത്തിലേക്ക് പദ്ധതി റിവൈസ് ചെയ്ത് ഉപയോഗിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ലഭ്യമാക്കിയ മേൽ മറുപടികൾ ഒന്നും തന്നെ അംഗീകരിക്കാവുന്നതല്ല. ഒ.എസിൽ സൂചിപ്പിച്ച പ്രകാരം ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് കോർപറേഷൻ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 നഗരസഭ അനുമതിയില്ലാതെ ഫീസ് ഈടാക്കി സ്വകാര്യ വണ്ടിത്താവളങ്ങൾ ഏർപ്പെടുത്തുന്നു

<u>ഫയൽ നം.എ.36/111324/18</u>

നഗരസഭ പരിധിയിൽ നിർമ്മിച്ച കെ.എസ്.ആർ.ടി.സി ടെർമിനൽ, ഫോക്കസ് മാൾ, എമറാൾഡ് മാൾ എന്നിവിടങ്ങളിൽ അനധികൃത പാർക്കിംഗ് ഏർപ്പെടുത്തി ഫീസ് ഈടാക്കുന്നതായി ശ്രീ.അഭിലാഷ്.ജി, മലാപ്പറമ്പ,

കോഴിക്കോട് എന്നവർ 29.12.2018 ന് നഗരസഭ സെക്രട്ടറിക്ക് പരാതി നൽകി. നഗരത്തിൽ മറ്റ് ആവശ്യങ്ങൾക്കായി വരുന്നവർ പ്രസ്തുത കോമ്പൗണ്ടിനുള്ളിൽ ഫീസ് നൽകി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി ഉപയോഗപ്പെടുത്തുന്നത് കൊണ്ട് പ്രസ്തുത കെട്ടിടങ്ങളിലെ സ്ഥാപനങ്ങളിൽ വരുന്നവർക്ക് ലഭിക്കേണ്ട സൗജന്യ ഇളവ് നഷ്ടപ്പെടുത്തുന്നുവെന്നും, യഥാർത്ഥ ഗുണഭോക്താക്കൾ തങ്ങളുടെ വാഹനം കോമ്പൗണ്ടിനു വെളിയിൽ പാർക്ക് ചെയ്യേണ്ടി വരുന്നത് ഗതാഗത തടസ്സം സൃഷ്ടിക്കുന്നുവെന്നും പരാതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ പരാതിയിൽ ഉന്നയിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനായി റവന്യൂ ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയതിൽ എമറാൾഡ് മാളിൽ നഗരസഭ അനുമതിയോടെ പാർക്കിംഗ് ഏർപ്പെടുത്തുന്നുണ്ടെന്നും, കെ.എസ്.ആർ.ടി.സി ടെർമിനലിൽ നഗരത്തിൽ മറ്റ് ആവശ്യങ്ങൾക്കായി വരുന്നവർ പ്രസ്തുത കോമ്പൗണ്ടിനുള്ളിൽ ഫീസ് നൽകി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി ഉപയോഗപ്പെടുത്തുന്നുണ്ടെന്നും 16.01.2019 ന് സർക്കിൾ.2 റവന്യൂ ഇൻസ്പെക്ടർ അറിയിച്ചു. സർക്കിൾ.4 റവന്യൂ ഇൻസ്പെക്ടറുടെ പരിശോധനയിൽ ഫോക്കസ് മാളിൽ ഫീസ് പിരിച്ച് പാർക്കിംഗ് ഏർപ്പെടുത്തുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ നഗരസഭയിൽ നിന്നും അനുമതി ലഭിച്ച രേഖകൾ പരിശോധന വേളയിൽ ഹാജരാക്കിയിട്ടില്ല എന്ന് 28.02.2019 ന് അറിയിച്ചു. പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അനധികൃത പാർക്കിംഗ് ഫീസ് ഈടാക്കുന്നതിന് ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകുന്നതിന് 19.03.2019 ന് സൂപ്രണ്ട് ശുപാർശ ചെയ്ത് ഓഫീസ് നോട്ടിൽ രേഖപ്പെടുത്തിയെങ്കിലും ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് തുടർനടപടികൾ സ്വീകരിച്ചത് സംബന്ധിച്ച് ഫയലിൽ രേഖപ്പെടുത്തലുകളില്ല.

29.12.2018 ന് നൽകിയ പരാതിയിൻ മേൽ നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാത്തതിനാൽ 11.06.2019 ന് 2005 ലെ വിവരാവകാശ നിയമം പ്രകാരം വിവരങ്ങൾ ലഭ്യമാക്കുന്നതിന് മേൽ പരാതിക്കാരൻ അപേക്ഷ നൽകി. പ്രസ്തുത അപേക്ഷ ലഭിച്ചതിനു ശേഷം നഗരസഭ 06.07.2019 ന് കെ.എസ്.ആർ.ടി.സി ടെർമിനൽ, ഫോക്കസ് മാൾ, എമറാൾഡ് മാൾ എന്നിവടങ്ങളിലെ മാനേജ്മെന്റുകൾക്ക് നോട്ടീസ് നൽകി. എന്നാൽ പ്രസ്തുത നോട്ടീസുകൾ ലഭിച്ചവർ ആയതിന് മറുപടി ലഭ്യമാക്കിയില്ല. നഗരസഭ അധികൃതർ പിന്നീട് പ്രസ്തുത മാനേജ്മെന്റുകളോട് വിശദീകരണം ആവശ്യപ്പെടുകയോ, മറ്റ് നിയമ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. മേൽ വിഷയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ്.475 (1) പ്രകാരം നഗരസഭ സെക്രട്ടറിയിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ യാതൊരാളും ഒരു പുതിയ സ്വകാര്യ വണ്ടിത്താവളം തുറക്കാൻ പാടില്ലാത്തതാകുന്നു. റവന്യൂ ഇൻസ്പെക്ടർമാർ സമർപ്പിച്ച റിപ്പോർട്ടുകളിൽ ഫോക്കസ് മാൾ, കെ.എസ്.ആർ.ടി.സി. ടെർമിനൽ എന്നിവടങ്ങളിൽ ഫീസ് ഈടാക്കി അനധികൃത പാർക്കിംഗ് നടത്തുന്നതായി അറിയിച്ചിട്ടും ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട്, റവന്യൂ ഓഫീസർ (നോൺ ടാക്സ്) എന്നിവർ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പിഴ സഹിതം ലൈസൻസ് ഫീസ് ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.
2. വാണിജ്യ സ്ഥാപനങ്ങൾ അവരുടെ ഉപഭോക്താക്കൾക്ക് ആവശ്യമായ പാർക്കിങ് സൗകര്യം സൗജന്യമായി ഏർപ്പെടുത്തണമെന്ന് മാത്രമല്ല അത്തരത്തിൽ കെട്ടിടങ്ങൾക്ക് അനുസൃതമായ അളവിൽ പാർക്കിങ് ഏരിയകൾ ഉണ്ടെങ്കിൽ മാത്രമേ കെട്ടിടാനുമതി ലഭിക്കൂ എന്നിരിക്കെ നഗരസഭയിൽ നിന്നും നിലവിലും താൽകാലിക നമ്പർ മാത്രം കരസ്ഥമാക്കിയ കെ.എസ്.ആർ.ടി.സി ടെർമിനലിൽ നടത്തി വരുന്ന പാർക്കിംഗ് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികളേയോ, സർക്കാരിനെയോ അറിയിക്കുന്നതിൽ വീഴ്ച വരുത്തി.

നഗരസഭ പരിധിയിൽ ലൈസൻസ് അനുവദിക്കാതെ സ്വകാര്യ വണ്ടിത്താവളങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റവന്യൂ ഇൻസ്പെക്ടർമാരിൽ നിന്നും റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനായി 14.02.2020 ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയതിന് (നം. 146/2018-19) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-17 നഗരസഭ പരിധിയിൽ അനധികൃത ഹോസ്റ്റൽ നടത്തിപ്പ് - നിയമാനുസൃത പിഴകൾ ഈടാക്കിയില്ല

ഫയൽ നം.എഫ്.5/111397/18

കോഴിക്കോട് നഗരസഭ പരിധിയിൽ മുത്തപ്പൻ കാവ് ക്ഷേത്രത്തിന് പിറകിലായി ശ്രീ.അബൂബക്കർ സിദ്ധിഖ്, തെക്കയിൽ, മടവൂർ, കോഴിക്കോട് എന്നവരുടെ പേരിലുള്ള വീട്ടിൽ (നം.5/1749/എ) നഗരസഭയുടെ അനുമതിയോ, ലൈസൻസോ ഇല്ലാതെ നാൽപ്പതോളം വിദ്യാർത്ഥികളെ താമസിപ്പിച്ച് ഹോസ്റ്റൽ നടത്തുന്നതിനെതിരെയും,

കെട്ടിടത്തിൽ നിന്ന് മലിനജല ടാങ്ക് പൊട്ടി ജലം പുറത്തേക്ക് ഒഴുക്കി വിടുന്നതിനെതിരെയും മുത്തപ്പൻ കാവ് റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ 15.12.2018 ന് നഗരസഭ സെക്രട്ടറിക്ക് പരാതി നൽകി. മേൽ പരാതി പ്രാദേശികമായി പരിശോധിച്ച ഹെൽത്ത് ഇൻസ്പെക്ടർ (സർക്കിൾ.3) അനധികൃതമായി ഹോസ്റ്റൽ നടത്തുക, സ്ഥാപനത്തിൽ നാപ്കിൻ ഡിസ്ട്രോയർ സംവിധാനം ഏർപ്പെടുത്താതിരിക്കൽ, മലിനജലം പൊതുവഴിയിലേക്ക് ഒഴുക്കൽ തുടങ്ങിയവ ചൂണ്ടിക്കാണിച്ച് 24 മണിക്കൂറിനകം പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ട് 19.12.2018 ന് സി.3/98/18 നം നോട്ടീസ് നൽകി. തുടർന്ന് ശ്രീ.അബൂബക്കർ സിദ്ധിഖ് യാതൊരു നടപടികളും സ്വീകരിക്കാത്തതിനാൽ 19.01.2019 ന് ഹെൽത്ത് ഓഫീസർ പ്രസ്തുത സ്ഥാപനം അടച്ചു പൂട്ടാതിരിക്കാൻ വല്ല കാരണവും ഉണ്ടെങ്കിൽ 24 മണിക്കൂറിനകം രേഖാമൂലം ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകി. പരിസരവാസികളുടെ കിണറ്റിലെ വെള്ളം സി.ഡബ്ല്യൂ.ആർ.ഡി.എം. ലേക്ക് പരിശോധനക്കായി അയച്ചതിൽ കുടിവെള്ളത്തിൽ 9300 MPN/ 100 ML കോളിഫോം ബാക്ടീരിയ അടങ്ങിയിട്ടുള്ളതായി സി.ഡബ്ല്യൂ.ആർ.ഡി.എം. വിഭാഗം അറിയിച്ചു. (കുടിവെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അനുവദനീയമായ പരിധി 50 MPN/ 100 ML ആണ്).

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 334 (എ), 337, 340 (എ), 420, 434, 447 എന്നീ വകുപ്പുകളുടെ ലംഘനം ശ്രീ.അബൂബക്കർ സിദ്ധിഖ് നടത്തിയതായി അറിയിച്ച് 08.02.2019 നകം വിദ്യാർത്ഥികളെ ഒഴിവാക്കി സ്ഥാപനം അടച്ചു പൂട്ടാൻ ഹെൽത്ത് ഓഫീസർ 04.02.2019 ന് രേഖാമൂലം അറിയിപ്പ് നൽകി. 06.02.2019 ന് ശ്രീ.അബൂബക്കർ സിദ്ധിഖ് നോട്ടീസിന് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ സ്ഥാപനം അടച്ചു പൂട്ടുന്നതിന് സർക്കിൾ.3 ഹെൽത്ത് ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകി. ഇതിനെതിരെ ടിയാൻ നഗരസഭ കൗൺസിലിലേക്ക് നൽകിയ അപ്പീൽ അപേക്ഷ പരിഗണിച്ച് 15.02.2019 വരെ ഹെൽത്ത് ഓഫീസറുടെ നടപടി സ്റ്റേ ചെയ്തു. ശ്രീ.അബൂബക്കർ സിദ്ധിഖിനെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ ബഹു.മേയർ നഗരസഭ കൗൺസിലിൽ സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് അപ്പീൽ നിരസിക്കുന്നതിനും, ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന ഹോസ്റ്റൽ കെട്ടിടം അടിയന്തിരമായി അടച്ചു പൂട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും ഹെൽത്ത് ഓഫീസർക്ക് നിർദ്ദേശം നൽകി. (കൗൺസിൽ തീരുമാനം നം.103, 18.02.2019). എന്നാൽ ഹോസ്റ്റൽ അടച്ചു പൂട്ടിയതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളോ, അനധികൃമായി ഹോസ്റ്റൽ നടത്തിയതിന് ടിയാനെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ച് പിഴ ഈടാക്കിയതിന്റെ വിശദാംശങ്ങളോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

ശ്രീ.അബൂബക്കർ സിദ്ധിഖ് തന്റെ പേരിലുള്ള കെട്ടിടത്തിൽ അനധികൃതമായി ഹോസ്റ്റൽ നടത്തിയത് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വിവിധ വകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിച്ചാണ്. ടിയാനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ശിക്ഷാ നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 156/18-19, തീയ്യതി.06.02.2020) മറുപടി ലഭ്യമാക്കിയില്ല. മുനിസിപ്പാലിറ്റി നിയമത്തിലെയും ചട്ടങ്ങളിലെയും വിവിധ വ്യവസ്ഥകൾ പ്രകാരം ശ്രീ.അബൂബക്കർ സിദ്ധിഖിൽ നിന്നും ഈടാക്കേണ്ട പിഴ തുക ടിയാനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഹെൽത്ത് ഓഫീസറിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 നഗരസഭ വക മാനാഞ്ചിറ മൈതാനത്ത് ജില്ല സ്പോർട്സ് കൗൺസിലിന്റെ ബാസ്കറ്റ് ബോൾ കോർട്ട് .

ഫയൽ നം. – ഇ.ജി.12/102369/18

കോഴിക്കോട് നഗരസഭ വക മാനാഞ്ചിറ മൈതാനത്ത് നിലവിലുള്ള ബാസ്കറ്റ് ബോൾ കോർട്ട് അന്താരാഷ്ട്ര നിലവാരത്തിലേക്ക് നവീകരിച്ച് നിർമ്മിക്കുന്നതിനായുള്ള 10.04.2017 ലെ കോഴിക്കോട് ജില്ല സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ അപേക്ഷ 23.03.2019 ലെ കൗൺസിൽ യോഗത്തിൽ പരിഗണിച്ച് വ്യവസ്ഥകളോടെ അനുമതി നൽകി. (തീരുമാനം നം.33). നിബന്ധനകളുടെ പ്രധാന വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1)സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നഗരസഭയിൽ നിക്ഷിപ്തമായിരിക്കും.

2)സിന്തറ്റിക്ക് കോർട്ടിന് ഗ്യാലറിയോ, റൂഫോ നിർമ്മിക്കാൻ പാടുള്ളതല്ല.

3)നഗരസഭയുമായി കരാർ വെക്കേണ്ടതാണ്.

ബാസ്കറ്റ് ബോൾ കോർട്ട് നവീകരിച്ച് നിർമ്മിക്കുന്നതിനായി ജില്ല സ്പോർട്സ് കൗൺസിലിന് വിട്ടു നൽകിയതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ്.215, 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ എന്നിവ പ്രകാരം മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ള ഏതൊരു വസ്തുവും ഏത് വ്യവസ്ഥയിലാണോ അവ നിക്ഷിപ്തമായിട്ടുള്ളത് ആ വ്യവസ്ഥ ലംഘിക്കാതെ പാട്ടത്തിനോ, ലൈസൻസ് ഫീസ് കണക്കാക്കിയോ നൽകാവുന്നതാണ്. മേൽ നിയമ വ്യവസ്ഥ നിലനിൽക്കെയാണ് പ്രസ്തുത സ്ഥലം കോഴിക്കോട് ജില്ല സ്പോർട്സ് കൗൺസിലിന് സൗജന്യമായി അനുവദിക്കുവാൻ കൗൺസിൽ തീരുമാനിച്ചത്. മേൽ നിയമത്തിലെ വ്യവസ്ഥകൾ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട്, അഡീഷണൽ സെക്രട്ടറി എന്നിവരാരും ഫയലിൽ രേഖപ്പെടുത്തുകയോ, സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലും, കൗൺസിൽ യോഗത്തിലും ശ്രദ്ധയിൽപെടുത്തുകയോ ചെയ്തിട്ടില്ല.

2) മേൽ കൗൺസിൽ തീരുമാനപ്രകാരം(ക്രമ നമ്പർ. 3) സ്ഥലം വിട്ടു കൊടുക്കുന്ന കാലയളവ്, മറ്റ് നിബന്ധനകൾ എന്നിവ ഉൾക്കൊള്ളിച്ച് നഗരസഭ സ്പോർട്സ് കൗൺസിലുമായി കരാർ ചമക്കേണ്ടതാണെങ്കിലും ആയതും നടപ്പാക്കിയിട്ടില്ല.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 06.01.2020 ന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.118/2018-19) മറുപടി ലഭ്യമാക്കിയിട്ടില്ല. മുനിസിപ്പൽ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നഗരസഭയുടെ ആസ്തികൾ സൗജന്യമായി അനുവദിക്കുവാൻ കഴിയുന്നതല്ല. ആയതിനാൽ ജില്ല സ്പോർട്സ് കൗൺസിലിന് നഗരസഭ അനുവദിച്ച ഭൂമി ഏത് വ്യവസ്ഥയിലാണോ അവ നിക്ഷിപ്തമായിട്ടുള്ളത് ആ വ്യവസ്ഥ ലംഘിക്കാതെ പാട്ടത്തിനോ, ലൈസൻസ് ഫീസ് കണക്കാക്കിയോ നൽകേണ്ടതും ആയതിന് കൃത്യമായ വ്യവസ്ഥകളോടെ കരാർ ചമയ്ക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിലിന് അനുവദിച്ച സ്ഥലത്തിന്റെ ലൈസൻസ് ഫീ ഈടാക്കിയില്ല.

ഫയൽ നം. എ.34/2980/95

നഗരസഭ വക ബീച്ചിലുള്ള അക്വേറിയവും സ്ഥലവും ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിലിന് പ്രതിവർഷം 2,000/- രൂപ ലൈസൻസ് ഫീസ് നിശ്ചയിച്ച് 22.05.1995 മുതൽ 30 വർഷത്തേക്ക് അനുവദിച്ചതാണ്. കരാർ പ്രകാരം ഓരോ 3 വർഷം കൂടുമ്പോഴും ലൈസൻസ് അവകാശം പുതുക്കേണ്ടതാണ്. എന്നാൽ 22.05.1998ൽ കരാർ കാലാവധി കഴിഞ്ഞതിനു ശേഷം ലൈസൻസ് അവകാശം പുതുക്കുകയോ 1999 ജനവരി മുതൽ ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിൽ ലൈസൻസ് ഫീസ് അടവാക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയം ചൂണ്ടി കാണിച്ച് ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറിക്ക് 13.07.2017 ന് മേൽ ഫയൽ നമ്പർ പ്രകാരം നഗരസഭ ഡപ്യൂട്ടി സെക്രട്ടറി കത്ത് നൽകിയെങ്കിലും പണം അടവാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചില്ല. 30.05.2017 ലെ റവന്യൂ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം നിലവിലും ബീച്ചിൽ ലയൺസ് പാർക്കിനു സമീപം ടിക്കറ്റ് നിരക്കിൽ ഫീസ് ഈടാക്കി അക്വേറിയം പ്രവർത്തിക്കുന്നുണ്ട്. 7/2017 വരെ ലൈസൻസ് ഫീസിനത്തിൽ 93,009/- രൂപയും, 31,003/- രൂപ ഡപ്പോസിറ്റ് ഇനത്തിലും, 12,923/- രൂപ പിഴപലിശയിനത്തിലും 6/2007 മുതലുള്ള സേവന നികുതിയും അടവാക്കുവാനുണ്ട്. മേൽ വിഷയത്തിൽ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 19.03.2020 ന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.159/18-19) മറുപടി ലഭ്യമാക്കിയിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ്.538, 538എ, എന്നിവയിൽ നഗരസഭക്ക് ലഭിക്കേണ്ട തുക വസൂലാക്കുന്നത് എങ്ങനെയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടൂറിസം പ്രൊമോഷൻ കൗൺസിലിൽ നിന്നും ലഭ്യമാകേണ്ട ലൈസൻസ് ഫീസ്, ഡപ്പോസിറ്റ്, പിഴപലിശ, സേവന നികുതി എന്നിവ ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-20 മുനിസിപ്പൽ പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 310 (എ),(ബി),(സി),(ഡി) പ്രകാരമുള്ള സ്ഥാപനങ്ങൾ 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ)

ചട്ടങ്ങൾ 3 (1) പ്രകാരം മുനിസിപ്പിൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടുള്ളതല്ല. ചട്ടം 4(1), (2) പ്രകാരം പ്രസ്തുത സ്ഥാപനങ്ങൾ രജിസ്ട്രേഷനായി അപേക്ഷ നൽകേണ്ടതും ചട്ടം.5(1) പ്രകാരം രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് വർഷത്തിലും, ഓഡിറ്റ് കാലയളവിലും എലത്തൂർ മേഖല കാര്യാലയ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്വകാര്യ അശുപത്രികളും, പാരാമെഡിക്കൽ സ്ഥാപനങ്ങളും (പരിശീലന കേന്ദ്രങ്ങൾ, നഴ്സിംഗ് സ്കൂളുകൾ ഉൾപ്പടെ) രജിസ്ട്രേഷൻ ഫീസ് അടവാക്കിയതിന്റേയും, രജിസ്ട്രേഷൻ പുതുക്കിയതിന്റേയും വിശദാംശങ്ങൾ ലഭ്യമല്ല. 2018-19 സാമ്പത്തിക വർഷത്തിൽ മേഖല കാര്യാലയത്തിന്റെ വരവ് വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഇനത്തിൽ (ഹെഡ്ഡിൽ) തുകയൊന്നും വരവ് വന്നിട്ടില്ല (സാംഖ്യ സോഫ്റ്റ് വെയർ പ്രകാരം). ഡി&ഒ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

സ്ഥാപനങ്ങളുടെ പേരുകൾ താഴെ കൊടുക്കുന്നു.

| | ഉടമസ്ഥന്റെ പേര് | ക്ലിനിക്കിന്റെ പേര് | വാർഡ്, കെട്ടിടനം | ഡി & ഒ ലൈസൻസ് അനുവദിച്ച തീയ്യതി |
|---|---|---|---|---|
| 1 | ഡോ. രാധിക | എൻ.പി.കെ മെഡിക്കൽ സെന്റർ | 2/209 | 15.12.2018 |
| 2 | ശ്രീമതി. ആശലത | ആയുർവ്വേദിക് സിദ്ധ ഫാർമ | 4/ 91 A | 08.02.2018 |
| 3 | ശ്രീ.ടി.എൻ. പ്രസാദ് | മെഡിക്കൽ ലാബ് | 4/652 | 22.02.2018 |
| 4 | ഡോ.സജ്ജന ഹേമരാജ് | ശാന്തി ഡന്റൽ ക്ലിനിക് | 6/16 | 15.02.2018 |
| 5 | ശ്രീ.കെ.ഹരിദാസ് | ശോഭ ഡന്റൽ ക്ലിനിക് | 6/436 | 21.02.2018 |
| 6 | ശ്രീ.വിശ്വനാഥൻ.സി | മെഡിക്കൽ ലാബ് | 6/689 | 27.02.2018 |
| 7 | ഡോ.കെ.എം.മെഹബൂബ് | നഴ്സിംഗ് കോളേജ് | 7/9A | 27.02.2018 |
| 8 | ശ്രീമതി.ആശ | മെഡിക്കൽ ലാബ് | 7/2 B | 12.02.2018 |
| 9 | ശ്രീമതി.എം.സുധ | മെഡിക്കൽ ലാബ് | 7/ 371 A | 16.10.2018 |
| 10 | ശ്രീമതി.റീന.ഒ | ആയുർവ്വേദിക് ക്ലിനിക്ക് | 9/344 | 22.02.2018 |
| 11 | ശ്രീമതി.ജയശ്രീ.എം.കെ | മെഡിക്കൽ ലാബോറട്ടറി | 9/345 | 21.02.2018 |
| 12 | ശ്രീ.ബാലൻ.വി | ആയുർവ്വേദിക് ക്ലിനിക്ക് | 14/591 | 15.03.2018 |

മേൽ സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ മുനിസിപ്പൽ പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ചത് നിയമലംഘനമാണ്. ഈ വിഷയത്തിൽ അനന്തര അന്വേഷണം നടത്തി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നിലവിലെ നിയമ വ്യവസ്ഥകൾ പ്രകാരം (1994 ലെ കേരള മുനിസിപ്പൽ നിയമം , വകുപ്പ്.314) 5,000/- രൂപ വരെയുള്ള പിഴ ഈടാക്കേണ്ടതുമാണ്.

# 1-21 അനധികൃത കെട്ടിടത്തിൽ ഫിറ്റ്നസ് ഇല്ലാതെയും അംഗീകാരം ഇല്ലാതെയും സ്കൂൾ പ്രവർത്തിക്കുന്നു

**ഫയൽ നം.എ2/ടി.പി.11/94901/2017**

മേൽ ഫയൽ പ്രകാരം കോഴിക്കോട് കോർപ്പറേഷൻ ഒന്നാം വാർഡിൽ സെന്റ് ജോർജ് ഓർത്ത്ഡോക്സ് കത്തീഡ്രൽ ഉടമസ്ഥതയിൽ ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നിലകളിലായി 874.45 സ്ക്വയർ മീറ്റർ വരുന്ന സ്കൂൾ കെട്ടിടം പ്രവർത്തിച്ചു വരുന്നുണ്ട്. അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മിച്ച ഒന്നു മുതൽ ഏഴ് വരെ ഡിവിഷനുകളിലായി പ്രവർത്തിക്കുന്ന കെട്ടിടത്തിന് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരം നഗരസഭയിൽ നിന്നും നിയമാനുസൃതമായി ഒക്യുപെൻസി ലഭിക്കാതെ 1/4752-എ1 UAC നമ്പർ നൽകി നികുതി ചുമത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

(1) 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 143, 144, 145, 146, 147 എന്നിവ പ്രകാരം അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

(2) 12.09.2011 ലെ 42448/ഇ.ഡബ്ല്യൂ 3/2011 ത.സ്വ.ഭ.വ. നമ്പർ പ്രകാരം സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നത് സംബന്ധിച്ച് പൊതു നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പ്രീ-പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കേണ്ടതും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ/സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഓഫീസ് മേധാവി ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ പ്രസ്തുത സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായതായി കാണുന്നില്ല.

(3) സ.ഉ.(കൈ) 114/2015/പൊ.വി. തീയതി 14.05.2015 പ്രകാരം സെന്റ് ജോർജ്ജ് ഇംഗ്ലീഷ് മീഡിയം സ്കൂളിന് 1 മുതൽ 4 വരെ ക്ലാസുകൾ പ്രവർത്തിക്കുന്നതിന് സർക്കാർ അംഗീകാരം ലഭ്യമായിട്ടുണ്ട്. എന്നാൽ 5-ാം ക്ലാസ് മുതൽ 7-ാം ക്ലാസ് വരെയുള്ള പാഠ്യപദ്ധതിക്ക് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അനധികൃത നിർമ്മാണം ക്രമവൽക്കരിക്കാതെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയും 5-ാം ക്ലാസ് മുതൽ പ്രവർത്തിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭ്യമാകാതെയും നഗരസഭ പരിധിയിൽ മേൽ സ്കൂൾ പ്രവർത്തിക്കുന്നത് ഗുരുതര വീഴ്ചയാണ്. ഇക്കാര്യത്തിൽ കോർപ്പറേഷൻ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയില്ല

<u>ഫയൽ നം. - ബി.ഇസഡ്/ജി.5/10618/13</u>

30.05.2009ലെ (സാധാ)1275/2009/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം (ഖണ്ഡിക.നം.3 - 2, 3.) തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുകയും നേരിട്ട് പരിപാലിക്കുകയും ചെയ്യുന്ന കുടിവെള്ള പദ്ധതികൾ തുടർ നടത്തിപ്പിനായി ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ഏൽപ്പിക്കേണ്ടതും കുടിവെള്ള പദ്ധതികളുടെ തുടർസംരക്ഷണം, നടത്തിപ്പ്, വാർഷിക അറ്റകുറ്റപണി എന്നിവ ഗുണഭോക്തൃ ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതുമാണ് (വൈദ്യുതി ചാർജ്ജ്, ഓപ്പറേറ്ററുടെ വേതനം തുടങ്ങിയവ). എന്നാൽ മേൽ സർക്കാർ നിർദ്ദേശം പാലിക്കാതെയാണ് താഴെ പറയുന്ന കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിനായി നഗരസഭ ഫണ്ടിൽ നിന്നും 2018-19 വർഷം 1,64,760 രൂപ ചെലവഴിച്ചത്.

| | കുടിവെള്ള പദ്ധതിയുടെ പേര്, | കൺസ്യൂമർ നം |
|---|---|---|
| 1 | തടത്തിൽ പറമ്പ, | 1166359020822 |
| 2 | മാറാട് നടുവട്ടം, | 1166356001317 |
| 3 | കുന്നത്ത് പറമ്പ് | 1166356023746 |
| 4 | വലിയത്തോട്ടം | 1166355015099 |
| 5 | ബി.ടി.ആർ - കൈതവളപ്പ് | 1166351011935 |
| 6 | വാർഡ് 15 | 1166353021269 |
| 7 | ചാക്കേരിക്കാട് | 1166355018316 |
| 8 | പൊക്കിലാട്ട് വയൽ | 1166355023744 |
| 9 | പശുകുളം, | 1166351024962 |
| 10 | കൊന്നോളിപറമ്പ | 1166359015228 |
| 11 | മൽസ്യ ഗ്രാമം | 1166354017152 |
| 12 | കിഴക്കുമ്പാടം | 10121 |
| 13 | ഇരുട്ടചിറ | 10933 |

| | | |
|---|---|---|
| 14 | കുനിയിൽത്താഴം | 21270 |

ബന്ധപ്പെട്ട ഫയലിൽ കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിക്കുന്ന ഡിമാന്റ് നോട്ടീസ് ചേർക്കാത്തതിനാൽ കുടിശ്ശിക വന്നിട്ടുണ്ടോയെന്നും, പിഴ അടവാക്കിയിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ ലഭ്യമല്ല. കുടിവെള്ള പദ്ധതികളുടെ വൈദ്യുതിചാർജ് അടവാക്കൽ, തുടർസംരക്ഷണം, നടത്തിപ്പ്, വാർഷിക അറ്റകുറ്റപണി എന്നിവ നടത്തുന്നതിന് ഗുണഭോക്തൃ ഗ്രൂപ്പുകളെ ചുമതലപ്പെടുത്തേണ്ടതാണ്.

## 1-23 ആവശ്യകത നിർണ്ണയം നടത്താതെ ഉപകരണങ്ങൾ വാങ്ങി-സാമ്പത്തിക നഷ്ടം

ഓഡിറ്റിന് ഹാജരാക്കിയ ട്രാൻസ്പോർട്ട് വിഭാഗവുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ വാല്യം-14,15 എന്നിവ പരിശോധിച്ചതിൽ 2018-19 കാലയളവിൽ വാങ്ങിയ പല സാധനങ്ങളും നാളിതു വരെ വിതരണം ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം/ ഫയൽ നം | ഇനം/എണ്ണം | സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം | അപാകത |
|---|---|---|---|---|
| 1 | എഫ്-1/58678/18 | മാരുത് മെറ്റൽ സ്പ്രേയർ/100 | വാല്യം-14-പേജ്-114-26.03.2019 | 26.03.2019 ൽ വാങ്ങിയതിൽ വിതരണം ചെയ്യാതെ അവശേഷിച്ച 18 എണ്ണവും 28.03.2019 ൽ വാങ്ങിയ 84 എണ്ണവും അടക്കം 102 എണ്ണം നാളിതുവരെ വിതരണം ചെയ്തിട്ടില്ല. |
| 2 | 317/18-19/ എഫ്-6/58632/18 | ,,/84 | വാല്യം-14-പേജ്-115-28.03.2019 | |
| 3 | 1570/19/ എഫ്-1/630/19 | സ്കാനർ എപ്സൺ പെർഫെക്ഷൻ വി-39/15 | വാല്യം-15-പേജ്-55-22.03.2019 | നാളിതുവരെ വിതരണം ചെയ്തിട്ടില്ല. |
| 4 | 317/18-19/ എഫ്-6/58632/18 | വുഡ് കട്ടർ/10 | വാല്യം-15-പേജ്-105-28.03.2019 | ,, |
| 5 | എഫ്-1/66442/17 | ,, /3 | ,, | ,, |
| 6 | എഫ്-6/67707/18 | പ്രൊട്ടക്ഷൻ ഗ്ലാസ്സ്/100 | വാല്യം-15-പേജ്-125-15.03.2019 | ,, |
| 7 | എഫ്-1/66442/17 | വാട്ടർജെറ്റ് മെഷീൻ/10 | വാല്യം-15-പേജ്-133-27.03.2019 | ,, |
| 8 | എഫ്-1/66442/17 | എയർ ഫ്ലോവർ/15 | വാല്യം-15-പേജ്-131-27.03.2019 | ,, |
| 9 | എഫ്-6/62008/17 | ഹെഡ് മൌണ്ട് ടോർച്ച് /100 | വാല്യം-15-പേജ്-22-15.03.2019 | ,, |
| 10 | എഫ്-6/62008/17 | ഫേയ്സ് മാസ്ക്/1078 | വാല്യം-15-പേജ്-15-15.03.2019 | 15.03.2019 ൽ വാങ്ങിയതിൽ വിതരണം ചെയ്യാതെ അവശേഷിച്ച 392 എണ്ണവും അതേ |

| | | | | |
|---|---|---|---|---|
| 11 | എഫ്-6/67707/18 | „ /1376 | വാല്യം-15-<br>പേജ്-16-<br>15.03.2019 | തീയതിയിൽ വാങ്ങിയ 1376 എണ്ണവും അടക്കം 1768 എണ്ണം നാളിതുവരെ വിതരണം ചെയ്തിട്ടില്ല |

നഗരസഭ അധികാരികളോടൊപ്പം ഓഫീസിന് സമീപമുള്ള പി.എച്ച് (ട്രാൻസ്പോർട്ട് സെക്ഷൻ) ഓഫീസിൽ 07.01.2020 ന് നടത്തിയ സ്ഥല പരിശോധനയിൽ മേൽ പരാമർശിച്ച ഉപകരണങ്ങൾ (സ്കാനർ എപ്സൺ പെർഫെക്ഷൻ വി-39--15 എണ്ണം ഒഴികെ-അവിടെയല്ല സൂക്ഷിച്ചിട്ടുള്ളത്) വാങ്ങിയ തീയതി മുതൽ (03/2019) നാളിതുവരെ (9 മാസമായി) ഉപയോഗിക്കാതെ പെട്ടിയിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. റീചാർജ്ജബിൾ ഹെഡ് മൗണ്ട് ടോർച്ച് 97 എണ്ണമാണ് കണ്ടത് (100 എണ്ണം വാങ്ങിയതിൽ മൂന്നെണ്ണം ഉപയോഗത്തിനായി നൽകിയതായി കസ്റ്റോഡിയൻ സ്ഥല പരിശോധന വേളയിൽ ഓഡിറ്റിനെ നേരിട്ട് അറിയിച്ചെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല). മേൽ പരാമർശിച്ച റീചാർജ്ജബിൾ ഹെഡ് മൗണ്ട് ടോർച്ച് ഉൾപ്പെടെയുള്ള മിക്ക ഇലക്ട്രിക്ക് ഉപകരണങ്ങളും യഥാസമയം പ്രവർത്തിപ്പിക്കാതിരുന്നാൽ ഉപയോഗശൂന്യമാകുന്നവയാണ്. 2013-ലെ കേരള സ്റ്റോർപർച്ചേസ് മാന്വൽ ഖണ്ഡിക 6-1, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ(പി) 259/2010/ 08.11.2010) എന്നിവ പ്രകാരം സാധനങ്ങളുടെ വാർഷിക ആവശ്യകത നിർണ്ണയിക്കാതെ ഉപകരണങ്ങൾ വാങ്ങി കൂട്ടി ഉപയോഗപ്പെടുത്താതെ സൂക്ഷിക്കുന്നത് പൊതുപണത്തിന്റെ ദുർവിനിയോഗമാണ്. ഇത്തരം നിരുത്തരവാദപരമായ പ്രവർത്തികൾക്ക് നിർവഹണ ഉദ്യോഗസ്ഥർ ഉത്തരവാദികളാകുന്നതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. മേൽ പരാമർശിച്ച ഉപകരണങ്ങൾ വാങ്ങിയതിന് തുക നൽകിയിട്ടുള്ളത് 2019-20 ൽ ആണ്. ആവശ്യമില്ലാതെ ഉപകരണങ്ങൾ വാങ്ങി കൂട്ടി നാളിതുവരെയായി ഉപയോഗപ്പെടുത്താതെ സൂക്ഷിച്ചതു മൂലം അവ പ്രവർത്തനരഹിതമാകുന്നപക്ഷം കോർപ്പറേഷൻ ഫണ്ടിനുണ്ടായ നഷ്ടം ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ</u>

<u>എ) സാധനങ്ങൾ യഥാസമയം ലഭ്യമാക്കിയില്ല- കോർപ്പറേഷൻ കരാർ പ്രകാരമുള്ള നിയമാനുസൃത നടപടി സ്വീകരിച്ചില്ല</u>

<u>ഫയൽ നം.-എഫ്-6/67707/18</u>

ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷ സാമഗ്രികൾ വാങ്ങുന്നതിനുള്ള പദ്ധതിയിൽ (നം. എസ് 318/18-19) m/s ചോയിസ് കെമിക്കൽസിന് 15/03/2019 തീയതിയിലെ എഫ്-6/67707/18 നമ്പർ കത്ത് പ്രകാരം ഓർഡർ ലഭിച്ച് മൂന്ന് ദിവസത്തിനകം സാധനങ്ങൾ ലഭ്യമാക്കുന്നതിന് സപ്ലൈ ഓർഡർ നൽകിയിരുന്നു. സ്റ്റോക്ക് രജിസ്റ്ററിൽ അവ 15.03.2019 തീയതിയിൽ സ്റ്റോക്കിലെടുത്തതായി കാണിച്ചിട്ടുണ്ടെങ്കിലും സ്ഥാപനത്തിന്റെ ഇൻവോയ്സുകൾ 2019 ജൂണിലേതാണ്. 2019 ജൂണിൽ ലഭ്യമായ സാധനങ്ങൾ 15.03.2019 ന് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. സാധനങ്ങൾ യഥാസമയം ലഭ്യമാക്കാത്ത പക്ഷം ടെണ്ടർ റദ്ദാക്കുമെന്നും നഷ്ടോത്തരവാദിത്വത്തിൽ സാധനങ്ങൾ വാങ്ങുമെന്നും സപ്ലൈ ഓർഡർ പ്രകാരം അറിയിച്ചിട്ടുണ്ടെങ്കിലും അപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല. സാധനങ്ങൾ യഥാസമയം ലഭ്യമാക്കാത്ത സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശം അറിയിക്കേണ്ടതാണ്.

<u>ബി) സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതുന്നില്ല.</u>

ഓഡിറ്റിന് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ വാല്യം-14,15 എന്നിവ പരിശോധിച്ചതിൽ 2018-19 കാലയളവിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സാധനങ്ങൾ കൈപ്പറ്റിയ ഉദ്യോഗസ്ഥൻമാർ രജിസ്റ്ററിൽ ഒപ്പുവെച്ചിട്ടില്ല (24.12.2019 ന് നടത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ). മേൽ പരാമർശിച്ച അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പിന് (നം.119/2018-19 തീയതി 06.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

# 1-24 നഗരസഭ വക ഷോപ്പിംഗ് കോംപ്ലക്സുകൾ, ബങ്കുകൾ എന്നിവ ലൈസൻസ് വ്യവസ്ഥയിൽ നൽകുന്നതിലെ അപാകതകൾ.

**എ) ഫയൽ നമ്പർ – എ32a/3575/94 -** <u>ജയന്തി ബിൽഡിംഗ് റൂം നമ്പർ 2/4-എ - ലൈസൻസി മേൽവാടകക്ക്</u>

നൽകി ഉപയോഗക്രമം മാറ്റിയതും, മറ്റ് അപാകതകളും.

കോർപ്പറേഷൻ വക പാളയം ജയന്തി ബിൽഡിംഗിലെ റൂം നമ്പർ 2/4-എ ശ്രീ.ജോസ് ഫിലിപ്പ്, ശ്രീ.ആർ.കെ.രമേശ് എന്നിവർക്ക് എഞ്ചിനീയേഴ്സ് ടൗൺ പ്ലാനേഴ്സ് എന്ന സ്ഥാപനം നടത്തുന്നതിനായി ലൈസൻസ് വ്യവസ്ഥയിൽ നൽകിയതാണ്. ഇവരുടെ പാർട്ട്ണർഷിപ്പ് പിരിഞ്ഞതിനെ തുടർന്ന് 1999 മുതൽ പ്രസ്തുത മുറി ഉപയോഗിക്കുന്നതിനായി പവർ ഓഫ് അറ്റോണിയായി ശ്രീ.സത്താർ പൈക്കാട്ട്, പൈക്കാട്ട് ഹൗസ്, എരഞ്ഞിക്കൽ, എലത്തൂർ, കോഴിക്കോട് എന്നവർക്ക് അനുവദിച്ചു. ശ്രീ.സത്താർ പൈക്കാട്ട് പ്രസ്തുത മുറിയിൽ മലബാർ ചിട്ട് ഫണ്ട്സ് എന്ന സ്വകാര്യ ധനകാര്യ സ്ഥാപനമാണ് നടത്തിയിരുന്നത്.

31.03.2016 ന് ലൈസൻസ് കാലാവധി കഴിഞ്ഞതിനാൽ പുതുക്കി അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥിരം സമിതി ലൈസൻസികളായ ശ്രീ.ജോസ് ഫിലിപ്പ്, ശ്രീ.ആർ.കെ.രമേശ് എന്നിവരെ നേരിൽ കേട്ടതിൽ ശ്രീ.സത്താർ പൈക്കാട്ട് എന്നവരുമായി ചമച്ച പവർ ഓഫ് അറ്റോണി റദ്ദ് ചെയ്യുന്നും, ആയതിനാൽ ലൈസൻസ് റദ്ദ് ചെയ്യണമെന്നും ആവശ്യപ്പെട്ട അപേക്ഷ നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ മുറി ഒഴിവാകുന്നതിനായി നഗരസഭയിൽ നിന്നും നോട്ടീസ് നൽകിയതിനെ തുടർന്ന് ശ്രീ.സത്താർ പൈക്കാട്ട് ബഹു. ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചെങ്കിലും നഗരസഭയുടെ നടപടി ക്രമങ്ങൾ കോടതി ശരിവെച്ച് 14.01.2019 നകം മുറി ഒഴിവാകാൻ നിർദ്ദേശിച്ചു. എന്നാൽ ശ്രീ.സത്താർ പൈക്കാട്ട് മുറി ഒഴിവാകുവാനോ നഗരസഭ അധികൃതർ ലൈസൻസിയെ ഒഴിപ്പിക്കാനോ വേണ്ട നടപടികൾ സ്വീകരിച്ചില്ല.

14.11.2018 ലെ എ.31/9174/11 നം നോട്ടീസിലൂടെ പ്രസ്തുത മുറി 07.04.2019 ന് ലേലം നടത്തുന്നതാണെന്ന് അറിയിച്ച് ഡെപ്യൂട്ടി സെക്രട്ടറി പരസ്യപ്പെടുത്തിയിട്ടുണ്ട്. 14.01.2019 നാണ് ബഹു. ഹൈക്കോടതി ശ്രീ.സത്താർ പൈക്കാട്ട് എന്നവരോട് മുറി ഒഴിവാകാൻ നിർദ്ദേശിച്ചത്. എന്നാൽ കോടതി വിധി വരുന്നതിനു മുമ്പ് തന്നെ ഡപ്യൂട്ടി സെക്രട്ടറി ലേല നോട്ടീസ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. നോട്ടീസ് തീയ്യതിക്ക് ശേഷം 4 മാസവും 25 ദിവസവും കഴിഞ്ഞാണ് ലേലം നടത്തുവാൻ നിശ്ചയിച്ചതെങ്കിലും പ്രസ്തുത ദിവസം ലേലം നടത്തിയിട്ടില്ല. തുടർന്ന് 16.04.2019 ലെ എ32(എ)/ 3575/94 നം നോട്ടീസിലൂടെ പ്രസ്തുത മുറി 07.05.2019 ന് ലേലം നടത്തുന്നതായി 23.04.2019 ലെ ദേശാഭിമാനി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചു.

ലേലത്തിൽ പങ്കെടുക്കുന്നതിന് 10പേർ രജിസ്റ്റർ ചെയ്യുകയും, 3 സീൽഡ് ടെണ്ടർ ലഭിക്കുകയും ചെയ്തു. 8,500/- രൂപയിൽ ആരംഭിച്ച ലേലം 12,700/- രൂപയിൽ അവസാനിച്ചു. സീൽഡ് ടെണ്ടർ തുറന്നതിൽ ശ്രീ.സത്താർ പൈക്കാട്ടിന്റെ മകൻ, ശ്രീ.രമീസ് രാജ.പി (24 വയസ്സ്) എന്നവർ സമർപ്പിച്ച 17,750/- രൂപയുടെ ടെണ്ടർ അംഗീകരിച്ചു. 21.05.2019 ലെ ധനകാര്യ സ്ഥിരം സമിതിയുടെ യോഗത്തിലും (തീരുമാനം നം.25), 30.05.2019 ലെ കൗൺസിൽ യോഗത്തിലും (തീരുമാനം നം.101) മേൽ ലേലം അംഗീകരിച്ചു. മേൽ വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

(1) 1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215 (4) പ്രകാരം വാടകയ്ക്ക് കൊടുത്തിട്ടുള്ള കെട്ടിടമോ, മുറിയോ, ഇടമോ ലൈസൻസുകാരൻ നഗരസഭയുടെ അനുമതിയില്ലാതെ മറ്റേതെങ്കിലും ആൾക്ക് കീഴ് വാടകക്ക് നൽകാനോ അതിന്റെ ഉപയോഗത്തിന്റെ സ്വഭാവം മാറ്റാനോ പാടില്ലാത്തതാണ്. ലൈസൻസുകാരൻ ആവശ്യപ്പെടുന്നതിൻ മേൽ നഗരസഭക്ക് വ്യവസ്ഥകൾക്ക് വിധേയമായി മറ്റേതെങ്കിലും ആൾക്ക് ലൈസൻസ് കൈമാറ്റം ചെയ്യാവുന്നതും അങ്ങനെ കൈമാറ്റം ചെയ്യുമ്പോൾ അത് എല്ലാ ആവശ്യങ്ങൾക്കും ഒരു പുതിയ ലൈസൻസായി കരുതപ്പെടേണ്ടതും ആകുന്നു. ജയന്തി ബിൽഡിംഗിലെ റൂം നമ്പർ 2/4-എ ശ്രീ.ജോസ് ഫിലിപ്പ്, ശ്രീ.ആർ.കെ.രമേശ് എന്നിവർക്ക് എഞ്ചിനീയേഴ്സ് ടൗൺ പ്ലാനേഴ്സ് എന്ന ഓഫീസ് നടത്തുന്നതിനായിട്ടാണ് ലൈസൻസ് വ്യവസ്ഥയിൽ നൽകിയത്. ഓഫീസ് പ്രവർത്തനത്തിനായി അനുവദിച്ച മുറിയിൽ ഉപയോഗത്തിന്റെ സ്വഭാവം മാറ്റി കഴിഞ്ഞ 20 വർഷം നടത്തിയത് സ്വകാര്യ ധനകാര്യ സ്ഥാപനമായിരുന്നു. ലൈസൻസികൾക്ക് അനുവദിച്ച ആവശ്യത്തിനല്ല മുറി ഉപയോഗിച്ചത് എന്നുള്ള വിവരം നഗരസഭ നോൺ ടാക്സ് ഉദ്യോഗസ്ഥർക്ക് അറിവുള്ളതും ലൈസൻസ് ഫീസ് അടവാക്കുന്ന വേളകളിൽ മലബാർ ചിറ്റ് ഫണ്ട്സ് എന്ന സ്ഥാപനത്തിന്റെ സീൽ പതിച്ച രശീതിയും, ചെക്ക് ലീഫുകൾ കൈപ്പറ്റാറുള്ളതുമാണ്. ലൈസൻസികൾക്ക് അനുവദിച്ച ആവശ്യത്തിനല്ല മുറി ഉപയോഗിക്കുന്നത് എന്നുള്ള വിവരം 2016 വരെ കൈകാര്യം ചെയ്ത സെക്ഷൻ ക്ലാർക്കുമാർ, മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവർ ഭരണസിമിതിയെ അറിയിച്ചില്ല.

(2) മലബാർ ചിറ്റ് ഫണ്ട്സ് എന്ന ധനകാര്യ സ്ഥാപനത്തിന് സർക്കാർ വകുപ്പുകളിൽ നിന്നും മറ്റ് സർക്കാർ ഏജൻസികളിൽ നിന്നും 1992 മുതൽ ലഭ്യമായ അനുമതി പത്രങ്ങളിൽ മാനേജിംഗ് ഡയറക്ടറായി പേര് രേഖപ്പെടുത്തിയിട്ടുള്ളത് ശ്രീ.സത്താർ പൈക്കാട്ട് എന്നവരുടേതാണ്. പ്രസ്തുത സ്ഥാപനത്തിൽ ശ്രീ.ജോസ് ഫിലിപ്പ്, ശ്രീ.ആർ.കെ.രമേശ് എന്നവർക്ക് പങ്കാളിത്തമില്ല എന്ന് ഇതിൽ നിന്നും മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത

സ്ഥാപനം നടത്തുന്നതിന് ലൈസൻസികളായ ശ്രീ.ജോസ് ഫിലിപ്പ്, ശ്രീ.ആർ.കെ.രമേശ് എന്നവർ ഉയർന്ന മേൽ വാടകക്ക് ശ്രീ.സത്താർ പൈക്കാട്ടിന് നൽകിയതായി മനസ്സിലാക്കാം.

(3) 14.01.2019 നകം മുറി ഒഴിവാകണമെന്ന് കോടതി നിർദ്ദേശിച്ചിരുന്നെങ്കിലും നഗരസഭ അധികൃതർ ആയത് പരിഗണിക്കാതയും മുറി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെയും മലബാർ ചിറ്റ് ഫണ്ട്സ് എന്ന സ്ഥാപനത്തെ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നതിന് സാഹചര്യം ഒരുക്കുകയാണ് ചെയ്തത്.

(5) മുനിസിപ്പൽ നിയമം വകുപ്പ് 215 (3) പ്രകാരം ഓരോ ലൈസൻസും ആ കെട്ടിടമോ, അതിലുള്ള മുറിയോ ഇടമോ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചായിരിക്കണം കരാർ തയ്യാറാക്കേണ്ടത്. ശ്രീ.രമീസ് രാജ.പി. പ്രസ്തുത മുറിയിൽ ആരംഭിക്കുവാൻ പോകുന്ന സ്ഥാപനം എന്തെന്ന് കരാറിൽ വ്യക്തമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 15.02.2020 ന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.149/18-19) മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) <u>ഫയൽ നം. എ.34/115571/01-</u> <u>ഡെപ്യൂട്ടി സെക്രട്ടറി നിയമസാധുതയില്ലാത്ത കരാർ ചമച്ചതും മറ്റ് അപാകതകളും.</u>

കോർപ്പറേഷൻ വക ഐ.ജി.റോഡ് ബസ് സ്റ്റാന്റിൽ ടെലിഫോൺ ബൂത്ത് നടത്തുന്നതിനായി ശ്രീ.പി.പി.മൊയ്തീൻ കോയ എന്നവർക്ക് 24.02.1987 ലെ നഗരസഭ കമ്മീഷണറുടെ സി.1/ 51265/ 84 നമ്പർ നടപടി ക്രമത്തിലൂടെ അനുവദിച്ചിരുന്നു. 22.07.2008 ന് പി.പി.മൊയ്തീൻ കോയ മരണപ്പെട്ടതിനെ തുടർന്ന് ഭാര്യ ശ്രീമതി.കദീജകുട്ടി. പി.കെ എന്നവർ ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കി തന്റേയും മകളായ കുമാരി ഫാത്തിമ മിൻഹായുടേയും പേരിലേക്ക് ലൈസൻസ് അനുവദിച്ചു തരണമെന്ന് 06.10.2010 ന് അപേക്ഷിച്ചു. 19.01.2011 ലെ ധനകാര്യ സ്ഥിരം സമിതിയുടെ യോഗത്തിലും (തീരുമാനം നം.20), 04.03.2011 ലെ കൗൺസിൽ യോഗത്തിലും (തീരുമാനം നം.84) മേൽ വിഷയം പരിഗണിച്ച് ലൈസൻസ് ശ്രീമതി.കദീജകുട്ടി. പി.കെ, കുമാരി ഫാത്തിമ മിൻഹാ എന്നിവരുടെ പേരിലേക്ക് അനുവദിച്ചു നൽകി. ശ്രീമതി.കദീജകുട്ടി. പി.കെ എന്നവർ സമർപ്പിച്ച ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് പ്രകാരം 17.09.2010 ൽ കുമാരി ഫാത്തിമ മിൻഹായുടെ പ്രായം 6 വയസ്സാണ്. 03.02.2020 ന് ഡപ്യൂട്ടി സെക്രട്ടറിയുമായി ചമച്ച കരാറിന്റെ ആദ്യ പേജിൽ കുട്ടിയുടെ പ്രായം 15 എന്ന് രേഖപ്പെടുത്തിയത് ബ്ലേഡ് ഉപയോഗിച്ച് മായ്ച്ചിട്ടുണ്ട്. രണ്ടാമത്തെ പേജിൽ ശ്രീമതി.കദീജകുട്ടി. പി.കെ, കുമാരി ഫാത്തിമ മിൻഹാ എന്നീ രണ്ട് പേർക്കും 45വയസ്സാണ് രേഖപ്പെടുത്തിയത്. മേൽ വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

(1) കരാറിൽ ഏർപ്പെടുന്ന കക്ഷികൾ അതിൽ ഏർപ്പെടാൻ നിയമപരമായി അവകാശമുള്ളവരായിരിക്കണം. പ്രായപൂർത്തിയാകാത്തവർ, വസ്തുതകൾ ശരിയാം വണ്ണം മനസ്സിലാക്കാൻ പറ്റാതെയുള്ള മാനസിക രോഗികൾ തുടങ്ങിയവർ ഉണ്ടാക്കുന്ന കരാർ അസാധുവാണ്. ആയതിനാൽ തന്നെ നഗരസഭ ഡപ്യൂട്ടി സെക്രട്ടറി മൈനറായ കുമാരി ഫാത്തിമ മിൻഹായുമായി ചമച്ച കരാർ നിയമസാധുതയുള്ളതല്ല.

(2) 01.05.2013 മുതൽ 31.03.2016 വരെയുള്ള കാലയളവിൽ ഡപ്യൂട്ടി സെക്രട്ടറിയും, ലൈസൻസികളായ ശ്രീമതി.കദീജകുട്ടി. പി.കെ, കുമാരി ഫാത്തിമ മിൻഹാ എന്നിവരുമായി കരാർ ചമച്ചിട്ടുണ്ട്. പ്രസ്തുത കരാറിലെ ഖണ്ഡിക 4(3) പ്രകാരം ലൈസൻസ് കാലാവധി കഴിയുന്നതിന് മുമ്പുള്ള 3 കലണ്ടർ മാസങ്ങൾക്കുള്ളിൽ വാടകക്കാരൻ രേഖാമൂലം അപേക്ഷ നൽകി ലൈസൻസ് പുതുക്കേണ്ടതാണ് (കരാർ ചമച്ച കാലയളവിൽ കുമാരി ഫാത്തിമ മിൻഹായുടെ പ്രായം 9 വയസ്സാണ്). എന്നാൽ 31.03.2016 ന ശേഷം 04.08.2016 നാണ് ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷ നൽകിയത്. ആയതിന്റെ അടിസ്ഥാനത്തിൽ കരാർ കാലാവധി കഴിഞ്ഞ് 1 വർഷവും, 1 മാസവും, 8 ദിവസവും കഴിഞ്ഞ് 09.05.2017 ലെ ധനകാര്യ സ്ഥിരം സമിതിയുടെ യോഗത്തിൽ 01.04.2016 മുതൽ 3 വർഷത്തേക്ക് ലൈസൻസ് പുതുക്കി നൽകുന്നത് അംഗീകരിച്ചു. എന്നാൽ 01.04.2016 ന് ആരംഭിച്ച് 31.03.2019 വരെയുള്ള കാലയളവിലേക്കുള്ള കരാർ മേൽ ലൈസൻസികളുമായി ചമച്ചത് 03.02.2020 നാണ്. നിലവിൽ 01.04.2019 മുതൽ ലൈസൻസികൾ പഴയ നിരക്കിലുള്ള വാടകയുടെ അടിസ്ഥാനത്തിലും പുതിയ കരാർ ചമയ്ക്കാതെയുമാണ് ടെലിഫോൺ ബൂത്ത് നടത്തുന്നത്.

(3) 01.04.2016 മുതൽ 31.03.2019 വരെയുള്ള കാലയളവിലെ ലൈസൻസ് ഫീ ഇനത്തിൽ വ്യത്യാസം വന്ന തുക 5,142/- രൂപ, ഡെപ്പോസിറ്റ് ഇനത്തിൽ വ്യത്യാസം വന്ന തുക 726/- രൂപ എന്നിവ 06.08.2019 നാണ് നഗരസഭ ഫണ്ടിൽ അടവാക്കിയത്. (രശീതി നം. 01/119020112220, 01/119020112237) നഗരസഭ ഫണ്ടിന് യഥാസമയം ലഭ്യമാകേണ്ട തുക ലൈസൻസികളിൽ നിന്നും ഈടാക്കുന്നതിൽ വീഴ്ച വരുത്തി. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ

ആവശ്യപ്പെട്ട് 15.02.2020 ന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.148/18-19) മറുപടി ലഭ്യമാക്കിയിട്ടില്ല. വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

# 1-25 നഗരസഭ വക കെട്ടിടങ്ങൾ ലൈസൻസ് വ്യവസ്ഥയിൽ എടുക്കുന്നവർ ലൈസൻസ് ഫീസ് അടവാക്കുന്നതിൽ വീഴ്ച വരുത്തുന്നു.

നഗരസഭയുടെ പ്രധാനപ്പെട്ട വരവിനങ്ങളിൽ ഒന്നാണ് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിലൂടെ ലഭിക്കുന്ന ലൈസൻസ് ഫീ. ലൈസൻസ് ഫീ പിരിക്കൽ, ഡെപ്പോസിറ്റ് തുക സ്വീകരിക്കൽ, കരാർ പുതുക്കൽ, വാടക കുടിശ്ശിക വരുത്തിയവർക്കെതിരെയുള്ള നിയമ നടപടികൾ സ്വീകരിക്കൽ എന്നീ കാര്യങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്നതിനാൽ ലൈസൻസികൾ ഫീസിനത്തിൽ വലിയ കുടിശ്ശിക വരുത്തി മുറികൾ ഒഴിവായി പോകുന്നു. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ നൽകുന്നു.

<u>1) സി.എച്ച്. ഫ്ലൈഓവർ കെട്ടിടം - റൂം നമ്പർ.18. (ഫയൽ നം. എ.32/9119/92.)</u>

സി.എച്ച്. ഫ്ലൈഓവർ കെട്ടിടത്തിലെ 18 ാം നമ്പർ മുറി ശ്രീമതി.എം.സാവിത്രി, (മണിപുരി, പാലാട്ട് നഗർ, തിരുവണ്ണൂർ (പി.ഒ), കോഴിക്കോട്.29) എന്നവർക്ക് സോയ മഹിള സമാജം എന്ന സ്ഥാപനം നടത്തുന്നതിനായി അനുവദിച്ചതാണ്. 25.03.2014 മുതൽ 24.03.2017 വരെയുള്ള ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. എന്നാൽ 10/2016 മുതൽ 02/2018 വരെയുള്ള ലൈസൻസ് ഫീ അടവാക്കുന്നതിൽ ടിയാൾ കുടിശ്ശിക വരുത്തി. തുടർന്ന് 25.01.2017, 14.03.2017, 21.06.2017 എന്നീ തീയതികളിൽ നോട്ടീസ് നൽകുന്നതിനായി റവന്യൂ ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയെങ്കിലും മുറി അടഞ്ഞു കിടന്നതിനാൽ ഇഷ്യൂ ചെയ്യാൻ സാധിച്ചില്ല. 8 മാസം കഴിഞ്ഞ് 09.03.2018 ന് ടിയാരിക്ക് അയച്ച രജിസ്റ്റേഡ് തപാൽ കൈപ്പറ്റാൻ വിസമ്മതിച്ചതിനാൽ ആയതും തിരികെ വന്നു. ശ്രീമതി.എം.സാവിത്രിക്ക് അനുവദിച്ച ലൈസൻസ് റദ്ദ് ചെയ്യുന്നതിനായി 12.04.2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കൗൺസിലിലേക്ക് ശുപാർശ ചെയ്യുകയും 21.06.2018 ലെ കൗൺസിൽ യോഗത്തിൽ (തീരുമാന നം.53) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ അംഗീകരിക്കുകയും ചെയ്തു. 26.07.2018 ന് നിയമപരമായ നടപടികൾ സ്വീകരിച്ച് കൊണ്ട് റവന്യൂ ഓഫീസർ മുറികൾ പൂട്ടി ഏറ്റെടുത്തു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215(8) പ്രകാരമുള്ള നിയമവ്യവസ്ഥ നിലനിൽക്കെയാണ് 11/2016 മുതൽ ലൈസൻസ് ഫീ അടവാക്കാൻ കുടിശ്ശിക വരുത്തിയ ലൈസൻസിയുടെ മുറി പൂട്ടുവാൻ 26.07.2018 വരെ നഗരസഭ സമയം എടുത്തത്. അതായത് 20 മാസം 26 ദിവസം.

കുടിശ്ശിക തുക ഈടാക്കുന്നതിനായുള്ള റവന്യൂ റിക്കവറി നടപടികൾ നടപടിക്രമങ്ങളിലെ കാലതാമസം മൂലം നീണ്ടുപോയി. തുടർന്ന് 17.01.2020 ന് റവന്യൂ റിക്കവറിക്കായി വീണ്ടും അപേക്ഷ നൽകിയെങ്കിലും ഇതുവരെ തുക ലഭ്യമായിട്ടില്ല. കുടിശ്ശികയിനത്തിൽ ശ്രീമതി.എം.സാവിത്രി അടവാക്കേണ്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| | | |
|---|---|---|
| 1 | ലൈസൻസ് ഫീ കുടിശ്ശിക | 33,507 |
| 2 | പിഴ പലിശ | 3,016 |
| 3 | സർവ്വീസ് ടാക്സ്, ജി.എസ്.ടി | 7,118 |
| | ആകെ | 43,641 |

<u>2) ഐ.ജി.റോഡ് ബസ് സ്റ്റാന്റ് റൂം - നമ്പർ.40 (ഫയൽ നം. എ.29/26936/94)</u>

ഐ.ജി.റോഡ് ബസ് സ്റ്റാന്റ് റൂം നമ്പർ.40 ശ്രീ.സഹ്ദദ്. വി.പി. എന്നവരുടെ 29.02.2016 ലെ അപേക്ഷ പരിഗണിച്ച് 01.04.2016 മുതൽ 3 വർഷത്തേക്ക് പ്രതിമാസം 3,550/- രൂപ ലൈസൻസ് ഫീസും, 533/- രൂപ സേവന നികുതിയും കണക്കാക്കി പുതുക്കി നൽകിയതാണ്. (കൗൺസിൽ തീരുമാനം നം.78, 15.11.2016). കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി 21.11.2016 ന് (01.04.2016 ന ശേഷം 7 മാസം കഴിഞ്ഞ്) ഉത്തരവ് പുറപ്പെടുവിച്ചു. മുറി പൂട്ടികിടക്കുന്നതിനാൽ മേൽ ഉത്തരവ് നൽകാൻ കഴിഞ്ഞില്ലെന്ന് 15.12.2016 ന് സർക്കിൾ.4 ഓഫീസ് അറ്റന്റന്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് 09.02.2017 ന് നോട്ടീസ് നൽകുന്നതിനായി പോയപ്പോഴും മുറി അടഞ്ഞു

കിടക്കുന്നതായി റിപ്പോർട്ട് നൽകി. 18.04.2017, 21.05.2017 തീയ്യതികളിൽ രജിസ്റ്റേഡ് ആയി അയച്ച കൊടുക്കുകയും ആളില്ലാത്തതിനാൽ തിരികെ ലഭിക്കുകയും ചെയ്തു. തുടർന്ന് ലൈസൻസ് കാലാവധി ആരംഭിച്ച് 1 വർഷം കഴിഞ്ഞ് ടിയാൻ നഗരസഭയുമായി കരാറിൽ ഏർപ്പെട്ടു. 02/2017 മുതൽ 04/2017 വരെയുള്ള ലൈസൻസ് ഫീസ് കുടിശ്ശിക 18.05.2017 നാണ് അടവാക്കിയത്. നിയമപ്രകാരം ടിയാൻ കുടിശ്ശിക വരുത്തിയ കാലയളവ് പരിഗണിക്കാതെ വീണ്ടും തുടരാൻ അനുവദിക്കാനുണ്ടായ കാരണങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

05/17 മുതൽ ടിയാൻ ലൈസൻസ് ഫീസിനത്തിൽ 95,850/- രൂപ, ജി.എസ്.ടി. 17,280/- രൂപ പിഴ – 10,650/- രൂപ ഫൈൻ 6,008/- രൂപ ആകെ 1,29,788/- രൂപ കുടിശ്ശിക വരുത്തിയതിനാൽ 23.03.2019 ലെ കൗൺസിൽ യോഗത്തിൽ ലൈസൻസ് അവകാശം റദ്ദ് ചെയ്തു (തീരുമാനം നം.43). പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 06.04.2019 ന് ഡപ്യൂട്ടി സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചു. നഗരസഭ ഫണ്ടിന് നഷ്ടമായ തുക ടിയാനിൽ നിന്നും ഈടാക്കുന്നതിനായിട്ടുള്ള റവന്യൂ റിക്കവറി നടപടികൾക്ക് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് ശുപാർശ ചെയ്തത് 22.01.2020 നാണ്. ആകെ ഈടാക്കേണ്ട കുടിശ്ശിക 1,29,788/- രൂപ

**<u>3) ഇന്ദിര ഷോപ്പിംഗ് കോംപ്ലക്സിലെ എം, എൻ, ഒ. നമ്പർ മുറികൾ (ഫയൽ നം. എ.32/18109/92)</u>**

കോർപ്പറേഷൻ വക ഇന്ദിര കെട്ടിടത്തിലെ എം, എൻ, ഒ. നമ്പർ മുറികൾ 1964 മുതൽ ശ്രീ.കെ.ജി.ഭാസ്കരൻ എന്നവർക്ക് മഹാറാണ മിൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം നടത്തുന്നതിന് ലൈസൻസ് വ്യവസ്ഥയിൽ അനുവദിച്ചതായിരുന്നു. മേൽ മുറികളുടെ ലൈസൻസ് ഫീസ് 03/2010 വരെ അടവാക്കിയിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിൽ കുടിശ്ശിക വരുത്തിയതിനാൽ 21.05.2010 ന് ടിയാന് നഗരസഭയിൽ നിന്ന് നോട്ടീസ് നൽകുകയും കുടിശ്ശിക അടവാക്കാത്തതിനാൽ 13.08.2010 ന് മുറികൾ താൽകാലികമായി പൂട്ടുകയും ചെയ്തു. 28.12.2010 ലെ കൗൺസിൽ യോഗത്തിൽ ടി മുറികളുടെ ലൈസൻസ് അവകാശം റദ്ദ് ചെയ്തു. (തീരുമാനം നം.99). 04/2010 മുതൽ 08/2010 വരെയുള്ള ലൈസൻസ് ഫീ 16,310/- രൂപ, സർവ്വീസ് ടാക്സ് 1,680/- രൂപ, പലിശ 897/- രൂപ സഹിതം 18,887/- രൂപ കുടിശ്ശികയിനത്തിൽ അടവാക്കാനുള്ളതിൽ ടിയാൻ ഡപ്പോസിറ്റായി അടച്ച 8,700/- രൂപ നഗരസഭ ഫണ്ടിലേക്ക് 03.12.2014 ന് അഡ്ജസ്റ്റ് ചെയ്തു.

13.08.2010 ന് മേൽ മുറികൾ പൂട്ടിയെങ്കിലും 4 വർഷം 3 മാസത്തിനു ശേഷം 26.11.2014 നാണ് ടിയാനിൽ നിന്നും ലഭ്യമാകേണ്ട തുക റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിനായി ഓൺലൈൻ മുഖാന്തിരം ജില്ല കളക്ടറോട് സെക്രട്ടറി അപേക്ഷിച്ചത്. തുക ഈടാക്കിയതിന്റേയോ തുടർനടപടികളുടേയോ വിശദാംശം ഫയലിൽ ലഭ്യമല്ല. നിലവിൽ 9 വർഷം കഴിഞ്ഞതിനു ശേഷവും കുടിശ്ശിക തുക 10,187/- രൂപ (18887-8700) ഈടാക്കാതെ നിലനിൽക്കുന്നു.

**<u>4) സ്റ്റേഡിയം കോംപ്ലക്സ് – റൂം നമ്പർ – എഫ്.27 (ഫയൽ നം. എ.30/29021/05)</u>**

സ്റ്റേഡിയം കോംപ്ലക്സിലെ റൂം നമ്പർ.എഫ്.27 പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി നീക്കി വച്ചിട്ടുള്ളതാണ്. മേൽ മുറി 24.06.2009 മുതൽ പ്രതിമാസം 4200/- രൂപ നിരക്കിൽ ശ്രീ.പി.വി.ജയകുട്ടൻ, കൊളത്തറ കോഴിക്കോട് എന്നവർക്ക് ലൈസൻസ് വ്യവസ്ഥയിൽ അനുവദിച്ചു. കരാർ പുതുക്കാതെ ടിയാൻ 24.06.2012 മുതൽ 05/2015 വരെ ലൈസൻസ് ഫീ അടവാക്കി പ്രസ്തുത റൂം ഉപയോഗിച്ചു. 24.06.2012 മുതൽ 20% വർദ്ധനവ് വരുത്തുമ്പോൾ 840/- രൂപ വർദ്ധിച്ച് 5,040/- രൂപയാകും. 24.06.2015 ന് 20% വർദ്ധനവ് വരുത്തുമ്പോൾ 1,008/- രൂപ വർദ്ധിച്ച് 6,048/- രൂപയാകും. ഈയിനത്തിൽ നഗരസഭ ഫണ്ടിന് നഷ്ടം വന്ന തുക 41,328/- രൂപയാണ്. (24.06.2012 മുതൽ 23.06.2015 വരെയുള്ള 36 മാസം x 840 = 30,240 + 24.06.2015 മുതൽ 03.12.2015 വരെ 1848 x 6 = 11088 ) ആയതിന്റെ പലിശ കൂടി കണക്കാക്കുമ്പോൾ കുടിശ്ശിക തുക ഇനിയും വർദ്ധിക്കും. ലൈസൻസ് ഫീയിനത്തിൽ 41,328/- രൂപയും ആയതിന്റെ പലിശയും കുടിശ്ശികയായി നിലനിൽക്കുന്നു. 06/2015 മുതൽ ലൈസൻസ് ഫീസ് അടവാക്കാതെ കുടിശ്ശികയാക്കിയതിനാൽ 03.12.2015 ന് റവന്യൂ ഓഫീസർ മുറി പൂട്ടി സീൽ ചെയ്തു. ലൈസൻസ് ഫീസ് കുടിശ്ശിക തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് ബഹു.ജില്ല കളക്ടർക്ക് ഓൺലൈൻ അപേക്ഷ നൽകിയതായി ഓഫീസ് കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അപേക്ഷയുടെ പകർപ്പോ തുടർനടപടികളെ കുറിച്ചോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

**<u>5) വികാസ് വാണിജ്യകേന്ദ്രം (ഫയൽ നം. എ.38/88/16/കെ.എം.സി.)</u>**

കോഴിക്കോട് റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡിനു സമീപം ജയപ്രകാശ് നാരായണൻ റോഡിൽ സി.ഡി.എ.യുടെ ഉടമസ്ഥതയിലുള്ള 23 സെന്റ് സ്ഥലത്ത് (നഗരം വില്ലേജ്, സർവ്വേ നം.ടി.എസ്/234/2) ബി.ഒ.ടി. അടിസ്ഥാനത്തിൽ മൾട്ടിലെവൽ പാർക്കിംഗ് പ്ലാസ നിർമ്മിക്കുന്നതിനായി 15.09.2009 ന് നഗരസഭ കൗൺസിൽ യോഗത്തിൽ

തീരുമാനിച്ചു. പ്രസ്തുത സ്ഥലത്തോട്ടു ചേർന്ന സ്വകാര്യ ഭൂമി (2 സെന്റ് സ്ഥലം) ഉടമയായ ശ്രീമതി. പാറക്കാടൻ സഫിയ പാർക്കിംഗ് പ്ലാസ നിർമ്മിക്കുന്നതിനായി 31.12.2015 ലെ ഉടമ്പടിയിലൂടെ തന്റെ പേരിലുള്ള സ്ഥലം ഉപാധികളോടെ വികസന അതോറിറ്റിക്ക് വിട്ടു നൽകി. പ്രസ്തുത സ്ഥലത്തെ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് പകരമായി സി.ഡി.എ. ഉടമസ്ഥതയിലുള്ള വികാസ് ബിൽഡിംഗിലെ (നം.13/714 ൽ) രണ്ടാം നിലയിൽ 851 ചതുരശ്ര അടി സ്ഥലം ഓഫീസ് സ്പേസ് താൽകാലികമായി ഒരു വർഷത്തേക്ക് ഉപയോഗിക്കുന്നതിന് 20.01.2016 ന് കൈമാറി. പ്രസ്തുത ഓഫീസ് സ്പേസിന്റെ ഒരു വർഷത്തെ ലൈസൻസ് ഫീസ് (ചതുരശ്ര അടിക്ക് 23/- രൂപ നിരക്കിൽ ആകെ പ്രതിമാസം 19,573/- രൂപ) 50% വീതം സി.ഡി.എ.യും, പാർക്കിംഗ് പ്ലാസ നിർമ്മാണം ഏറ്റെടുത്ത യെന്നാറീസ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയും നൽകും. ഒരു വർഷത്തിനു ശേഷവും പ്രസ്തുത സ്ഥലത്ത് ശ്രീമതി. പാറക്കാടൻ സഫിയ തുടരുന്നുവെങ്കിൽ 100% ലൈസൻസ് ഫീസും യെന്നാറീസ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി നൽകണം. മേൽ രീതിയിൽ 3 കക്ഷികളും അംഗീകരിച്ച് 04.05.2016 ന് ത്രികക്ഷി കരാർ ചമച്ചു. 31.03.2017 ന് കോഴിക്കോട് വികസന അതോറിറ്റി സർക്കാർ പിരിച്ചു വിട്ടതിനാൽ ആസ്തികൾ കോഴിക്കോട് നഗരസഭയിൽ ലയിപ്പിച്ചു.

കരാറിലെ വ്യവസ്ഥകൾ പ്രകാരമുള്ള ലൈസൻസ് ഫീ അടവാക്കുന്നതിൽ യെന്നാറീസ് വിഭാഗം 04/17 മുതൽ വീഴ്ച വരുത്തുകയും കുടിശ്ശികയാക്കുകയും ചെയ്തതിനാൽ 28.12.2016, 23.09.2017, 19.09.2018 എന്നീ തീയതികളിൽ നഗരസഭയിൽ നിന്നും മേൽ ഫയൽ നമ്പർ പ്രകാരം നോട്ടീസുകൾ നൽകി. കുടിശ്ശികയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കാലയളവ് | കുടിശ്ശിക ലൈസൻസ് ഫീ | സേവന നികുതി | ജി. എസ്.ടി | പിഴ പലിശ | ആകെ |
|---|---|---|---|---|---|
| 04/2017 മുതൽ 10/2018 വരെ | 3,71,887 | 8, 808 | 56,371 | 64,004 | 5,01,070 |

23.09.2017 ന് നൽകിയ നോട്ടീസ് ലഭിച്ച കമ്പനി അധികാരികൾ 24.11.2017 ന് ബഹു. മേയറുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ പങ്കെടുത്ത് 01.04.2017 മുതൽ 31.03.2018 വരെയുള്ള കാലളവിലെ ലൈസൻസ് ഫീസിൻ മേലുള്ള പിഴ പലിശ 44,039/- രൂപ ഒഴിവാക്കി തരണമെന്ന് അപേക്ഷിച്ചു. 20.04.2018 ലെ യോഗത്തിൽ അപേക്ഷ ധനകാര്യ സ്ഥിരം സമിതി മുമ്പാകെ പരിഗണനയ്ക്കെടുത്ത് പിഴ പലിശ ഒഴിവാക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് സർക്കാരിൽ അറിയിക്കാവുന്നതാണെന്ന് കൗൺസിൽ യോഗത്തിലേക്ക് ശുപാർശ ചെയ്തു. (തീരുമാനം നം.1). 18.08.2018 ലെ കൗൺസിൽ യോഗത്തിൽ മേൽ ശുപാർശ അംഗീകരിക്കുകയും (തീരുമാന നം.4) സർക്കാരിൽ നിന്നും ഉചിതമായ തീരുമാനം ലഭിക്കുന്നതിന് 04.10.2018 ന് തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകുകയും ചെയ്തു. 26.11.2018, 15.02.2019 എന്നീ തീയ്യതികളിലെ ഐ.എ.4/250/2018-തസ്വഭവ നമ്പ്ര കത്തുകളിലൂടെ ത.സ്വ.ഭ.വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ശ്രീമതി. പാറക്കാടൻ സഫിയക്ക് അനുവദിച്ച ഓഫീസ് സ്പേസിന്റെ വാടക ചീട്ട്/ അനുബന്ധ രേഖകൾ, ത്രികക്ഷി കരാർ, ബിൽഡിംഗ് പെർമിറ്റ് സംബന്ധമായ രേഖകൾ, പുതുക്കിയ പ്ലാൻ വിവരങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു. എന്നാൽ ആയത് സംബന്ധിച്ച വിവരങ്ങൾ നാളിതു വരേയും സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

(1) 1999 ലെ കേരള മുനിസിപ്പാലിറ്റി (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതി തള്ളൽ) ചട്ടങ്ങളിലെ ചട്ടം.3 (1) പ്രകാരം നഗരസഭക്ക് കിട്ടേണ്ടതും എന്നാൽ വസൂലാക്കാൻ സാധിക്കാത്തതുമായ തുകകളുടെ ഒരു ലിസ്റ്റ് തുക എഴുതി തള്ളേണ്ടതിന്റെ കാരണങ്ങൾ കാണിച്ചു കൊണ്ട് 6 മാസത്തിലൊരിക്കൽ സെക്രട്ടറി തയ്യാറാക്കേണ്ടതും ആയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്. കൂടാതെ ഏത് തുകയും എഴുതി തള്ളാൻ ശുപാർശ ചെയ്യുന്നതിനു മുമ്പ് കുടിശ്ശികക്കാരനിൽ നിന്നും തുക ഈടാക്കാനുള്ള നിയമപരമായ എല്ലാ നടപടിക്രമങ്ങളും സ്വീകരിച്ചുവെങ്കിലും അവ പരാജയപ്പെട്ടെന്നും കുടിശ്ശികക്കാരനിൽ നിന്ന് ജപ്തി മുഖേന തുക ഈടാക്കാൻ അയാൾക്ക് വസ്തുവകകളൊന്നും ഇല്ലെന്നും നഗരസഭ സെക്രട്ടറി സാക്ഷ്യപ്പെടുത്തണം. ചട്ടം.3 (2) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അങ്ങനെയുള്ള തുക എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുമ്പോൾ കുടിശ്ശിക ഈടാക്കാൻ വേണ്ടി, സാധിക്കുന്ന എല്ലാ നടപടികളും കൈക്കൊണ്ടിരുന്നുവെന്നും അതു ഈടാക്കാനുള്ള സാദ്ധ്യത വളരെ കുറവാണ് എന്നുമുള്ള കാര്യം ഉറപ്പാക്കേണ്ടതാണ്. ചട്ടം.3 (5) പ്രകാരം തുക ഈടാക്കുവാൻ യാതൊരു വിധത്തിലും സാധിക്കുകയില്ല എന്ന് ബോദ്ധ്യം വന്നാൽ ഓരോ കേസ്സിലും മുനിസിപ്പൽ കോർപ്പറേഷനിൽ അയ്യായിരം രൂപ വരെ പരമാവധിയിൽ അധികരിക്കാത്ത തുക എഴുതിത്തള്ളാൻ കൗൺസിലിന് തീരുമാനിക്കാവുന്നതാണ്. തുക പരമാവധിയിൽ അധികരിക്കുന്നുവെങ്കിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ശുപാർശ ലഭ്യമാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയ ശേഷം എഴുതി തള്ളണം. എന്നാൽ ചട്ടങ്ങളിലെ മേൽ വ്യവസ്ഥകൾ പരിശോധിക്കാതെയും നടപ്പാക്കാതെയുമാണ് നഗരസഭ

ഫണ്ടിന് ലഭ്യമാകാവുന്ന ലൈസൻസ് ഫീ കുടിശ്ശികയുടെ ഒരു പ്രത്യേക കാലയളവിലെ പിഴപ്പലിശ എഴുതി തള്ളുന്നതിനായി 18.08.2018 ലെ കൗൺസിൽ യോഗത്തിൽ തീരുമാനിച്ചത്. മേൽ നിയമത്തിലെ വ്യവസ്ഥകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ, കൗൺസിലിന്റെയോ ശ്രദ്ധയിൽ പെടുത്തുന്നതിന് സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട്, റവന്യൂ ഓഫീസർ (നോൺ ടാക്സ്), ഡപ്യൂട്ടി സെക്രട്ടറി, സെക്രട്ടറി എന്നിവർ ഓഫീസ് കുറിപ്പിലോ, കൗൺസിലിലേക്ക് അജണ്ട ശുപാർശ ചെയ്യുന്ന വേളയിലോ രേഖപ്പെടുത്തിയിട്ടില്ല.

(2) 1998 ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസിക്കും കരാറുകാർക്കും കിസ്തിളവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം.4 പ്രകാരം പ്രകൃതിക്ഷോഭമോ പകർച്ചവ്യാധിയോ മൂലം സ്ഥാപനങ്ങൾ അടച്ചിടേണ്ടി വരിക, കൊടുങ്കാറ്റും പേമാരിയും മൂലം ആദായം എടുക്കാൻ കഴിയാതെ വരിക, മുതലായ അപ്രതീക്ഷിതവും മനുഷ്യന് നിയന്ത്രണാതീതവുമായ കാരണങ്ങളാൽ ഒരു പാട്ടക്കാരനോ, ലൈസൻസിക്കോ, കരാറുകാരനോ അയാളുടെ കുറ്റം കൊണ്ടല്ലാതെ കരാർ പ്രകാരം നൽകപ്പെട്ട അവകാശം യഥാവിധി അനുഭവിക്കുവാനോ, ഉപയോഗപ്പെടുത്തുവാനോ കഴിയാതെ വരുന്നത് മൂലം നഷ്ടം സംഭവിക്കുന്ന പക്ഷം യഥാർത്ഥത്തിൽ അയാൾക്ക് സംഭവിച്ചിട്ടുള്ള നഷ്ടത്തിന് ആനുപാതികമായി, കൗൺസിൽ തീരുമാന പ്രകാരം കിസ്തിളവ് അനുവദിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള കാരണങ്ങൾ അല്ല തുക എഴുതി തള്ളുന്നതിനായി 18.08.2018 ലെ കൗൺസിൽ യോഗത്തിൽ തീരുമാനിച്ചതും സർക്കാരിലേക്ക് ശുപാർശ ചെയ്തതും.

(3) 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215(8) പ്രകാരം ഏതെങ്കിലും ലൈസൻസുകാരൻ ലൈസൻസ് ഫീസ് കൊടുക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ സെക്രട്ടറി രേഖാമൂലമായ നോട്ടീസ് മൂലം കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള പലിശയോ പിഴയോ സഹിതം കൊടുക്കേണ്ട തുക, അങ്ങനെയുള്ള നോട്ടീസ് അയച്ച് 7 ദിവസത്തിനകം കൊടുക്കാൻ വീഴ്ചക്കാരനോട് ആവശ്യപ്പെടേണ്ടതും, അതിനു വീഴ്ച വരുത്തുന്ന സംഗതിയിൽ സെക്രട്ടറി ഉടൻ തന്നെ പരിസരങ്ങൾ താൽകാലികമായി അടച്ചിടീക്കേണ്ടതും പോലീസിന്റെ സഹായത്തോടെയോ അല്ലാതെയോ അതിന്റെ കൈവശക്കാരെ അവിടെ നിന്നും ഒഴിപ്പിക്കേണ്ടതുമാണ്. എന്നാൽ മേൽ നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല.

(4) 16.04.2005 ലെ (എം.എസ്)97/2005/ ആർ.ഡി നമ്പർ ഉത്തരവിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും 1968 ലെ കേരള റവന്യൂ റിക്കവറി നിയമം ബാധകമാക്കി സർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. (SRO.No.368/2005). എന്നാൽ റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഫീസിനത്തിൽ ലഭിക്കേണ്ട തുക യഥാസമയം ഈടാക്കാതിരുന്നതിനും, കുടിശ്ശിക തുക ഈടാക്കുന്നതിന് കാലതാമസം വരുത്തിയതിനും, റവന്യൂ റിക്കവറി നടപടികൾ യഥാസമയം ഫോളോഅപ്പ് ചെയ്യാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഒ.എസ് ന് (112/23.12.2019, 113/24.12.2019, 115/30.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുകകൾ കാലതാമസമില്ലാതെ ലൈസൻസികളിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നതാണ്.

## 1-26 ഉറവിട മാലിന്യസംസ്ക്കരണം-ബയോഗ്യാസ് പ്ലാന്റ്, റിങ്ങ് കമ്പോസ്റ്റ് വിതരണം 2019 -പദ്ധതി നിർവ്വഹണം മന്ദഗതിയിൽ- നടത്തിപ്പിൽ അപാകതകൾ

ഫയൽ നം. എഫ് 6/67704/18

| | |
|---|---|
| പദ്ധതിയുടെ പേര് | ഉറവിട മാലിന്യസംസ്ക്കരണം-ബയോഗ്യാസ് പ്ലാന്റ്, റിങ്ങ് കമ്പോസ്റ്റ് വിതരണം 2019<br>(പ്രൊജക്ട് നം.325/18-19) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർ വൈസർ |
| അടങ്കൽ തുക | ധനകാര്യകമ്മീഷൻ അവാർഡ്-2,50,00000/-, ഗുണഭോക്തൃ വിഹിതം -3,55,00000/-<br>ആകെ -6,05,00000/- |
| ചെലവ് തുക | ബിൽ നം.18160247003001546793 തീയതി 28.03.2019 -23,85,000/- |

| | |
|---|---|
| (Q ബിൽ) | മാറാതെ ക്യൂ ബിൽ ആയി<br>(2019-20 ൽ മാറിയ ബിൽ-19160247003000065301 തീയതി 05.04.2019-23,85000/-) |

ശുചിത്വ നഗരം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിലേയ്ക്കായി നഗരത്തിലെ മാലിന്യ സംസ്കരണത്തിനായി, പോർട്ടബിൾ ബയോഗ്യാസ്സ് പ്ലാന്റും റിംഗ് കമ്പോസ്റ്റും സ്ഥാപിക്കുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്. സാങ്കേതിക വിഭാഗത്തിൽ നിന്നും സ്പെസിഫിക്കേഷൻ വാങ്ങിയും ശുചിത്വമിഷൻ അംഗീകൃത സർവ്വീസ് പ്രൊവൈഡർമാരിൽ നിന്നും ടെണ്ടർ ക്ഷണിച്ചും അർഹതയുള്ള ഗുണഭോക്താക്കൾക്ക് നൽകുക എന്നതാണ് പദ്ധതി പ്രവർത്തനം. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.10.2018 ലെ 174/സി-2/2008/എസ്.എം നം.കത്ത് പ്രകാരം ശുചിത്വമിഷന്റെ സാമ്പത്തിക സഹായമില്ലാതെ നഗരസഭ പരിധിക്കുള്ളിൽ ഒരു എം.ക്യൂബ് കപ്പാസിറ്റിയുള്ള 3000 എണ്ണം പോർട്ടബിൾ ബയോഗ്യാസ്സ് പ്ലാന്റും (യൂണിറ്റ് കോസ്റ്റ് 13,500/-രൂപ, തസ്വഭ സ്ഥാപന വിഹിതം 5,500/-രൂപ) 8000എണ്ണം റിംഗ് കമ്പോസ്റ്റും (യൂണിറ്റ് കോസ്റ്റ് 2,500/-രൂപ, തസ്വഭ സ്ഥാപന വിഹിതം 1,250/-രൂപ) സ്ഥാപിക്കുന്നതിന് സാങ്കേതിക അനുമതി ലഭിച്ചു. പദ്ധതി നടത്തിപ്പിലേയ്ക്കായി ഫയൽ നം.എഫ്-6/67704/18 തീയതി 14.11.2018 പ്രകാരം ഇ-ടെണ്ടർ ക്ഷണിച്ചതിൽ ബയോഗ്യാസ് പ്ലാന്റ് യൂണിറ്റ് ഒന്നിന് 12,000/- രൂപയും റിംഗ് കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 2,250/-രൂപയും (നെഗോഷ്യേറ്റഡ് നിരക്കാണ്) എന്ന നിരക്കിൽ റെയ്ഡ്കോയുടെ ടെണ്ടർ അംഗീകരിച്ചു. (പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം- 2/24.01.2019, കൗൺസിൽ തീരുമാനം- 56/18.02.2019). ഗുണഭോക്തൃ വിഹിതം ബയോഗ്യാസ് പ്ലാന്റ് യൂണിറ്റ് ഒന്നിന് 7,000/- രൂപയും റിംഗ് കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 1,125/-രൂപയും ആണ്. ആയതിന്റെ അടിസ്ഥാനത്തിൽ റെയ്ഡ്കോ കേരളയുമായി 28.02.2019 ന് നിർവഹണ ഉദ്യോഗസ്ഥൻ കരാറിലേർപ്പെട്ടു. 08.03.2019 -ന് റെയ്ഡ്കോ-യ്ക്ക് സപ്ലൈ ഓർഡർ നൽകി. പ്രസ്തുത സപ്ലൈ ഓർഡർ അനുസരിച്ച് 150 ബയോഗ്യാസ്സ് പ്ലാന്റും 260 റിംഗ് കമ്പോസ്റ്റും സ്ഥാപിച്ചതായി റെയ്ഡ്കോ നഗരസഭക്ക് 27.03.2019 ന് കത്ത് നൽകി (ഇൻവോയ്സ് നം. KKD/2357/ 2018-19 തീയതി 27.03.2019- തുക-23,85,000/-). പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

<u>എ) പദ്ധതി നിർവഹണം മന്ദഗതിയിൽ - കോടിക്കണക്കിന് രൂപയുടെ പദ്ധതി പണം ലാപ്സായി</u>

2018-19 വർഷം 3000 എണ്ണം പോർട്ടബിൾ ബയോഗ്യാസ്സ് പ്ലാന്റും 8000 എണ്ണം റിംഗ് കമ്പോസ്റ്റും സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതിയിൽ ഫയലിൽ ലഭ്യമായ രേഖകൾ പ്രകാരം യഥാക്രമം 150 യൂണിറ്റ് ബയോഗ്യാസ്സ് പ്ലാന്റും 260 റിംഗ് കമ്പോസ്റ്റും (അതായത് കേവലം 5%) മാത്രമാണ് സ്ഥാപിക്കാൻ സാധിച്ചിട്ടുള്ളത്. ആയതിന് റെയ്ഡ്കോയ്-ക്ക് തുക നൽകിയിട്ടുള്ളത് 2019-20 ലാണ്. പദ്ധതി നിർവഹണത്തിനായി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് 28.02.2019 നും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി അപേക്ഷ സ്വീകരിക്കുവാൻ തീരുമാനിക്കുന്നത് 06.02.2019 നും മാത്രമാണ്(ഹെൽത്ത് സൂപ്പർവൈസറുടെ 06.02.2019 ലെ എഫ്6/67704/18 നമ്പർ നടപടി ക്രമം). 6,05,00,000/-രൂപ വകയിരുത്തിയ പദ്ധതിയുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ വൈകിയതിനാൽ ധനകാര്യകമ്മീഷൻ അവാർഡ് ഇനത്തിൽ കോർപറേഷന് ലഭിച്ച 2,26,15,000/- രൂപയും ലാപ്സാവുകയാണ് ചെയ്തത്.

<u>ബി) ടെണ്ടർ പ്രകാരമുള്ള ടെക്നിക്കൽ സ്പെസിഫിക്കേഷൻ പാലിക്കാത്ത റെയ്ഡ്കോയുടെ ബയോഗ്യാസ് പ്ലാന്റ് വാങ്ങി</u>.

1 $M^3$ കപ്പാസിറ്റിയുള്ള പോർട്ടബിൾ ബയോഗ്യാസ്സ് പ്ലാന്റ് ലഭ്യമാക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചതെങ്കിലും റെയ്ഡ്കോ കേരള കോർപറേഷനിൽ സാമ്പിളായി കൊണ്ടു വന്ന ബയോഗ്യാസ്സ് പ്ലാന്റിന്റെ വ്യാപ്തം 0.92 $m^3$ ആണെന്ന് കോർപ്പറേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ 17.01.2019 -ന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ ഇതു പരിഗണിക്കാതെ റെയ്ഡ്കോ കേരളയുടെ ബയോഗ്യാസ്സ് പ്ലാന്റ് വാങ്ങുന്നതിന് കൗൺസിൽ തീരുമാനിക്കുകയും അപ്രകാരം പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുകയുമാണ്.

<u>സി) ഗുണഭോക്തൃവിഹിതം ആനുപാതികമായി ചെലവഴിച്ചില്ല</u>

2018-19 വർഷം 150 യൂണിറ്റ് ബയോഗ്യാസ്സ് പ്ലാന്റും 260 റിംഗ് കമ്പോസ്റ്റും സ്ഥാപിച്ച വകയിൽ 13,42,500/-രൂപ (150x7000+260x1125=) ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത തുകയിൽ നിന്നുമാണ് ചെലവഴിക്കേണ്ടതെങ്കിലും മുഴുവൻ തുകയും ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നാണ് ചെലവ് ചെയ്തിട്ടുള്ളത്.

<u>ഡി) ശുചിത്വമിഷൻ വിഹിതം ലഭ്യമാക്കാതെ പദ്ധതി നടപ്പിലാക്കുന്നു</u>

2018-19 ലെ സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) നം.22/2018/തസ്വ.ഭ.വ തീയതി 14.02.2018 ഖണ്ഡിക നം.6.8(1) പ്രകാരം കോർപ്പറേഷന്റെ ഗാർഹിക തല ബയോഗ്യാസ്സ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പൊതു വിഭാഗത്തിന്

യൂണിറ്റ് കോസ്റ്റിന്റെ പരമാവധി 25% വും പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പരമാവധി 37.5 %വും ശുചിത്വമിഷൻ സബ്സിഡി ലഭ്യമാക്കേണ്ടതാണ്. എന്നാൽ ശുചിത്വമിഷൻ സബ്സിഡി ലഭ്യമാക്കാതെയാണ് കോർപ്പറേഷൻ പദ്ധതി നടപ്പിലാക്കി വരുന്നത്. പൊതുവിഭാഗം/പട്ടികജാതി/പട്ടികവർഗം ഗുണഭോക്താക്കൾ എന്നത് പരിഗണിക്കാതെ പൊതുവായി ബയോഗ്യാസ് പ്ലാന്റിന് ഗുണഭോക്തൃവിഹിതമായി 7,000/- രൂപയും (12000-5000) റിംഗ് കമ്പോസ്റ്റിന് ഗുണഭോക്തൃവിഹിതമായി 1,125/- രൂപയും (2250-1125) നിശ്ചയിക്കുകയാണ് കോർപറേഷൻ ചെയ്തിട്ടുള്ളത്. (ഭരണസമിതി തീരുമാനം നം.56/18.2.2019)

<u>പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.</u>

1) വിവിധ വാർഡ് സഭകൾ ഗുണഭോക്താക്കളെ അംഗീകരിക്കുന്നതിനായി ചേർന്ന മീറ്റിംഗുകളുടെ തീയതി, കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, കൗൺസിൽ തീരുമാനം

2) 2018-19 ലെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ്, ശുചിത്വ കമ്മിറ്റി സാക്ഷ്യ
പത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാട്ടിയ അപാകതകൾക്ക് വിശദീകരണവും രേഖകൾ ലഭ്യമാക്കാനും നിർദ്ദേശിച്ച് കൊണ്ടുള്ള ഒ.എസിന് (നമ്പർ 120/18-19 തീയതി. 06.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-27 അജൈവമാലിന്യം നീക്കം ചെയ്യൽ -ക്ഷണിച്ച ടെണ്ടർ നടപടി ക്രമങ്ങളിൽ അപാകതകൾ

<u>ഫയൽ നം. എഫ് 6/10813/17</u>

| | |
|---|---|
| പദ്ധതിയുടെ പേര് | നഗരസഭ പരിധിക്കുള്ളിൽ കൂടി കിടക്കുന്ന അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ ( പ്രൊജക്ട് നം.583/18-19) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർ വൈസർ |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ് - 65,00000/- |
| ചെലവ് | 1) ബിൽ നം.1816024700300078068 1<br>തീയതി 15.11.2018 -14,95,692/-<br>2) ബിൽ നം.181602470030012368 14 - തുക 10,79,298/-<br>തീയതി 12.03.2019<br>ആകെ 25,74,990/- |

കോർപ്പറേഷന്റെ വിവിധ വാർഡുകളിൽ ശേഖരിച്ചുവെച്ച അജൈവമാലിന്യം നീക്കം ചെയ്യുന്നതിലേയ്ക്കായി ക്ഷണിച്ച ടെണ്ടർ നടപടി ക്രമങ്ങളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

<u>എ) വ്യത്യസ്ത നിരക്കിൽ ടെണ്ടറുകൾ നൽകിയ ഒരേ സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച</u>

കോർപ്പറേഷന്റെ 75 വാർഡുകളിൽ ശേഖരിച്ചുവെച്ചിട്ടുള്ള അജൈവമാലിന്യം നീക്കം ചെയ്യുന്നതിലേയ്ക്കായി 23.01.2018 തീയതിയിലെ എഫ് 6/101813/17 നമ്പർ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ ക്ഷണിച്ചതിൽ താഴെ പറയുന്ന മൂന്ന് കമ്പനികളാണ് ടെണ്ടർ സമർപ്പിച്ചത്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | പ്രാഥമിക കരാറിലേർപ്പെട്ട വ്യക്തി | ക്വോട്ട് ചെയ്ത നിരക്ക് (രൂപ/ കി.ഗ്രാം) | റിമാർക്സ് |
|---|---|---|---|---|
| 1 | ഹൈടെക് ബയോഫെർട്ടിലൈസേർസ്, ഇന്ത്യ | കരാറിലേർപ്പെട്ടില്ല | 3.90 | ടെണ്ടർ നിബന്ധനകൾ പാലിച്ചില്ല എന്ന കാരണത്താൽ കുറഞ്ഞ നിരക്ക് അംഗീകരിച്ചില്ല. |
| 2 | നിറവ് സീറോവെയ്സ്റ്റ് മാനേജ്മെന്റ് | ഇ.പി സൂർജിത്ത് ഗോപാൽ, സി.ഇ.ഒ, നിറവ് സീറോവെയ്സ്റ്റ് മാനേജ്മെന്റ് | 4.90 | ടെണ്ടർ നിബന്ധനകൾ എല്ലാം പാലിച്ചിട്ടുള്ളതിനാൽ നിരക്ക് അംഗീകരിച്ചു. നെഗോഷ്യേറ്റഡ് നിരക്ക് കി.ഗ്രാമിന് 4.40 രൂപ |
| 3 | ശ്രീ.ഇ.പി സൂർജിത്ത് ഗോപാൽ | ശ്രീ.പി.പി മോഹനൻ, സി.ഇ.ഒ, നിറവ് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി | 6.80 | കൂടിയ നിരക്കായതിനാൽ ടെണ്ടർ അംഗീകരിച്ചില്ല. |

നിറവ് സീറോവെയ്സ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനം ടെണ്ടർ നിബന്ധനകൾ എല്ലാം പാലിച്ചിട്ടുണ്ടെന്ന ആരോഗ്യസ്ഥിരം സമിതിയുടെ 11/06.03.2018 നമ്പർ ശുപാർശയിൻമേൽ കൗൺസിൽ അവരുടെ ടെണ്ടർ അംഗീകരിച്ചു (ഭരണസമിതി തീരുമാനം-78/15.03.2018). ഈ സ്ഥാപനത്തിന് വേണ്ടി പ്രവൃത്തി നടത്തിപ്പിലേയ്ക്കായി 17.03.2018-ന് കോർപ്പറേഷനുമായി കരാറിലേർപ്പെട്ടത് മൂന്നാമത്തെ ടെണ്ടർ സമർപ്പിച്ച ശ്രീ. ഇ.പി.സൂർജിത്ത് ഗോപാൽ (സി.ഇ.ഒ, നിറവ് സീറോവെയ്സ്റ്റ് മാനേജ്മെന്റ്) എന്ന വ്യക്തിയാണ്. പദ്ധതി നടത്തിപ്പിലേയ്ക്കായി വ്യത്യസ്ത നിരക്കിലുള്ള ടെണ്ടറുകൾ സമർപ്പിച്ച ക്രമനം. രണ്ടും മൂന്നും പ്രകാരമുള്ള സ്ഥാപനങ്ങൾ ഒന്നു തന്നെയാണ് എന്നത് ഇതിൽ നിന്നും വ്യക്തമാണ്. ആയത് പരിശോധിക്കാതെ നിറവ് സീറോവെയ്സ്റ്റ് മാനേജ്മെന്റിന്റെ ടെണ്ടർ അംഗീകരിച്ചു.

<u>ബി) ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിനു മുമ്പേ ടെണ്ടർ അംഗീകരിച്ച് കരാറിലേർപ്പെട്ടു.</u>

ഓഡിറ്റിന് ഹാജരാക്കിയ കേരള സർക്കാരിന്റെ ഇ-ടെണ്ടറിംഗ് സൈറ്റിൽ നിന്നുള്ള ഫിനാൻസ് ബിഡ് ഇവാല്യൂവേഷൻ, ടെക്നിക്കൽ ബിഡ് ഇവാല്യൂവേഷൻ, ടെണ്ടർ സമ്മറി റിപ്പോർട്ട് എന്നിവ പ്രകാരം ടെണ്ടർ അവാർഡ് ചെയ്തത് 27.04.2018 -ന് മാത്രമാണ്. ഇങ്ങനെയിരിക്കെ നിറവ് സീറോവെയ്സ്റ്റ് മാനേജ്മെന്റുമായി 17.03.2018 - ന് കോർപ്പറേഷൻ കരാറിലേർപ്പെട്ടു.

<u>സി) ഇ-ടെണ്ടർ നോട്ടീസ്, കരാർ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല</u>

ഇ-ടെണ്ടർ നോട്ടീസിലെ 12-ാം നമ്പർ വ്യവസ്ഥ പ്രകാരം കരാറുകാരന് എല്ലാ വിധ അജൈവ പാഴ് വസ്തുക്കളും കൈകാര്യം ചെയ്യുന്നതിനുള്ള സെഗ്രിഗേഷൻ & റീസൈക്ളിംഗ് യൂണിറ്റ് ഉണ്ടായിരിക്കണം. ടെണ്ടറിനോടോപ്പം മാന്വലായി സമർപ്പിച്ച രേഖകളിൽ കർണ്ണാടകയിലെ മാണ്ഡ്യയിലെ സാദത്ത് നഗറിലുള്ള ശ്രീമതി.ഷബീന ബീഗം എന്നവരുടെ ഉടമസ്ഥതയിലുള്ള നിറവ് സെഗ്രിഗേഷൻ & റീസൈക്ലിംഗ് യൂണിറ്റുമായി അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് 05.03.2016 മുതൽ 5 വർഷത്തേക്ക് ഏർപ്പെട്ടിട്ടുള്ള കരാറിന്റെ പകർപ്പ് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിന് മാണ്ഡ്യ മുനിസിപ്പാലിറ്റി ആക്രി വസ്തുക്കൾ വിൽപ്പന നടത്തുന്നതിനാണ് 25.04.2017 -ന് MDY-TL-62114-2016-17 നമ്പർ ലൈസൻസ് പ്രകാരം അനുമതി നൽകിയിട്ടുള്ളത്. (31.03.2018 വരെ കാലാവധിയിൽ). ഈ സ്ഥാപനത്തിന് അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായുള്ള കർണ്ണാടക സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുടെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച ഒ.എസ്.നം. 100/2018-19-തീയതി 18.12.2019-ന് മറുപടി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-28 കോർപ്പറേഷന്റെ അജൈവ മാലിന്യസംസ്ക്കരണ കേന്ദ്രം ചട്ടങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നില്ല

2016 ലെ പ്ലാസ്റ്റിക്ക് മാലിന്യം(മാനേജ്മെന്റ്) ചട്ടത്തിലെ ഉപചട്ടം 6(1) പ്രകാരം അജൈവമാലിന്യങ്ങളുടെ വേർതിരിക്കൽ, ശേഖരണം, ഗതാഗതം, സംസ്കരണം എന്നിവയ്ക്കായുള്ള സംവിധാനം സ്വന്തമായോ ഏജൻസി മുഖേനയോ നടപ്പിലാക്കേണ്ടതാണ്. ഉപചട്ടം 6(4) പ്രകാരം ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും കേന്ദ്രചട്ടങ്ങൾക്കനുസൃതമായി ബൈലോ ഉണ്ടാക്കേണ്ടതാണ്. അജൈവമാലിന്യത്തിന്റെ ഉത്പാദനം, റീസൈക്ലിംഗ് എന്നിവയിലേർപ്പെടുന്ന സ്ഥാപനങ്ങൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ അനുമതി ഉണ്ടായിരിക്കേണ്ടതാണ് (ഉപചട്ടം 13(1)). ഉപചട്ടം 4(g) പ്രകാരം റീസൈക്കിൾ ചെയ്തുകിട്ടിയ പദാർത്ഥത്തിന്റെ ഗുണനിലവാരം IS 14534:1998 ആയിരിക്കേണ്ടതും ആയത് തദ്ദേശസ്വയംഭരണസ്ഥാപനം ഉറപ്പുവരുത്തേണ്ടതുമാണ് (ഉപചട്ടം 5(a)). സംസ്കരിക്കാൻ കഴിയാത്ത അജൈവ മാലിന്യം റോഡ് നിർമ്മാണത്തിന് ഉപയോഗിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണസ്ഥാപനം അജൈവമാലിന്യത്തിന്റെ ഉത്പ്പാദകർ, ഇറക്കുമതിക്കാർ, ബ്രാൻഡ് ഉടമസ്ഥർ എന്നിവരുമായി ചേർന്ന് കേടായ ഉത്പ്പന്നങ്ങൾ തിരിച്ചെടുക്കുന്നതിനുള്ള 'Extended producers responsibilty ' നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് (ഉപചട്ടം 6(9)). അജൈവമാലിന്യത്തിന്റെ റീസൈക്ലിംഗ്, സംസ്കരണം എന്നിവയിലേർപ്പെട്ടിരിക്കുന്ന ഓരോ സ്ഥാപനവും എല്ലാ വർഷവും ഏപ്രിൽ 30 -നകം ഫോം-IV പ്രകാരമുള്ള റിപ്പോർട്ട് തദ്ദേശസ്വയംഭരണസ്ഥാപനത്തിന് നൽകേണ്ടതാണ്(ഉപചട്ടം 17(1).

എന്നാൽ കോഴിക്കോട്, വേങ്ങേരി, നിറവ് സീറോ വെയ്സ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനം പ്രവർത്തിപ്പിക്കുന്ന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വെസ്റ്റ്ഹിലിലുള്ള അജൈവ മാലിന്യ സംസ്കരണ കേന്ദ്രം മേൽ പരാമർശിച്ച ചട്ടങ്ങൾക്കനുസൃതമായല്ല പ്രവർത്തിച്ചുവരുന്നതെന്ന് 06.12.2019 ന് മേൽ പ്ലാന്റിൽ കോർപ്പറേഷൻ അധികാരികളോടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ കണ്ടു. മേൽ സ്ഥാപനവുമായി കോർപ്പറേഷൻ 16.01.2018 തീയതിയിൽ ഒപ്പുവെച്ച കരാർ പ്രകാരം (ഫയൽനം. എഫ്-6/22107/16, ഭരണസമിതി തീരുമാനം-78/21.11.2017, ആരോഗ്യസ്ഥിരം സമിതി ശുപാർശ-08/06.11.2017) നഗരത്തിലുണ്ടാകുന്ന മുഴുവൻ അജൈവ പാഴ്‌വസ്തുക്കളും നഗരസഭ നേരിട്ടോ അല്ലെങ്കിൽ നഗരസഭ ചുമതലപ്പെടുത്തിയിട്ടുള്ള റസിഡന്റ് ഏജൻസികൾ/റസിഡന്റ് അസോസിയേഷനുകൾ മുഖേനയോ പ്ലാന്റിൽ എത്തിക്കുന്നതും ആയതു മുഴുവൻ കരാറുകാരൻ സംസ്കരിക്കേണ്ടതുമാണ്. എന്നാൽ 06.12.2019 ന് മേൽ പ്ലാന്റിൽ കോർപ്പറേഷൻ അധികാരികളോടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ അജൈവ മാലിന്യ സംസ്കരണ കേന്ദ്രത്തിനുള്ളിൽ യന്ത്രസാമഗ്രികൾക്ക് ചുറ്റും ചെളിയും ഭക്ഷണഅവശിഷ്ടങ്ങളും കലർന്ന പലതരം അജൈവ മാലിന്യങ്ങൾ കുന്നുകൂടി കിടക്കുന്നതായി കണ്ടു.

സംസ്കരണ കേന്ദ്രത്തിൽ ചിപ്പിംഗ് മെഷീൻ, ഗ്രൈന്റിംഗ് മെഷീൻ എക്സ്പെല്ലർ തുടങ്ങിയ യന്ത്രസാമഗ്രികൾ പ്രവർത്തിക്കുന്നതായി കണ്ടില്ല. പ്ലാസ്റ്റിക്ക് പൊടിക്കുന്ന യന്ത്രം പ്രവർത്തിക്കുന്നുണ്ട്. തൊഴിലാളികൾ വൃത്തിഹീനമായ അജൈവ മാലിന്യങ്ങൾ കൈയ്യുറ, ഗംബൂട്ട് തുടങ്ങിയവയൊന്നും ധരിക്കാതെ വേർതിരിക്കുന്നതാണ് കണ്ടത്. പ്ലാന്റ് പ്രവർത്തിപ്പിക്കുമ്പോൾ ഉണ്ടാകുന്ന വായുമലിനീകരണം (പൊടിപടലങ്ങൾ മൂലമുണ്ടാകുന്നത്), ശബ്ദമലിനീകരണം എന്നിവ ഒഴിവാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ (പ്ലാന്റിന്റെ പല ഭാഗങ്ങളും തുറന്ന് കിടക്കുന്നു), അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്നതിനുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്), അജൈവ മാലിന്യങ്ങൾ കഴുകി വൃത്തിയാക്കുന്നതിനുള്ള സംവിധാനം, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ഡ്രെയിനേജ് എന്നിവ സ്ഥാപിച്ചതായി കണ്ടില്ല. ശുചിമുറി സൗകര്യങ്ങളും വളരെ അപര്യാപ്തമാണ്. പ്ലാന്റ് ഉൾപ്പെടുന്ന ഷെഡിന് പുറത്തും പഴക്കം ചെന്ന അജൈവ മാലിന്യങ്ങൾ കുന്ന് കൂടി കിടക്കുന്നതായി കണ്ടു. കൂടാതെ ഓഡിറ്റ് പരിശോധന വേളയിൽ ടി സ്ഥാപന നടത്തിപ്പുകാർ ഹാജരാക്കിയ 15.10.2019 മുതൽ 14.11.2019 വരെയുള്ള പ്ലാന്റിന്റെ പ്രവർത്തന റിപ്പോർട്ടിൽ ഹരിതകർമ്മസേന വഴി കളക്ട് ചെയ്ത് പ്ലാന്റിലെത്തിച്ച പല ലോഡ് അജൈവമാലിന്യങ്ങളിലും ഭക്ഷണഅവശിഷ്ടങ്ങൾ, പാമ്പേഴ്സ്, റോഡിലെ ചണ്ടി എന്നിവ അടങ്ങിയിട്ടുള്ളതായും ആയതിനാൽ തിരിച്ചയച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട് (അജൈവമാലിന്യങ്ങൾ ചട്ടപ്രകാരം വൃത്തിയായും കൃത്യമായും വേർതിരിക്കുന്നില്ലായെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്).

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഒ.എസിന് (നം.100/2018-19-തീയതി 18.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. 2016 ലെ പ്ലാസ്റ്റിക്ക് മാലിന്യം(മാനേജ്മെന്റ് ) ചട്ടം, ഇതിന് അനുസൃതമായി കോർപ്പറേഷൻ തയ്യാറാക്കിയ 2019-ലെ ഖര-ദ്രവ-ഇ മാലിന്യപരിപാലന നിയമാവലി എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് കോർപ്പറേഷനിൽ അജൈവ മാലിന്യങ്ങളുടെ പരിപാലനം നടക്കുന്നതെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു. കോർപ്പറേഷനിൽ അജൈവമാലിന്യങ്ങളുടെ പരിപാലനം സാങ്കേതിക തികവോടെ നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തി ഓഡിറ്റിന് റിപ്പോർട്ട് നൽകേണ്ടതാണ്.

കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വെസ്റ്റ്ഹില്ലിലുള്ള അജൈവ മാലിന്യ സംസ്കരണ കേന്ദ്രം ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കോർപ്പറേഷനുമായി കോഴിക്കോട്, വേങ്ങേരി, നിറവ് സീറോ വെയ്സ്റ്റ് മാനേജ്മെന്റ്

എന്ന സ്ഥാപനം ചമച്ച 16.01.2018 ലെ കരാറിലെ 18-ാം നമ്പർ വ്യവസ്ഥ പ്രകാരം സെൻട്രൽ മാർക്കറ്റിലെ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ബയോഗ്യാസ് പ്ലാന്റിൽ ആവശ്യത്തിന് ജീവനക്കാരെ സ്വന്തം ചെലവിൽ നിയമിച്ച് കരാർ കാലാവധി വരെ (മൂന്ന് വർഷക്കാലത്തേക്ക്) ടി സ്ഥാപനം പരിപാലിക്കേണ്ടതാണ്. എന്നാൽ നിറവ്, വേങ്ങേരി പരിപാലിക്കേണ്ട ബയോഗ്യാസ് പ്ലാന്റ് നിലവിൽ പ്രവർത്തനക്ഷമമല്ലായെന്നും പ്ലാന്റിന്റെ പരിസരം വൃത്തിഹീനവും മാലിന്യചാക്കുകളുടെ കൂമ്പാരവുമാണെന്നും 06.12.2019 -ന് കോർപ്പറേഷൻ അധികൃതരോടൊത്ത് നടത്തിയ സ്ഥലപരിശോധനയിൽ കണ്ടു. (ചിത്രങ്ങൾ ചുവടെ നൽകുന്നു)





കരാർ ലംഘനത്തിന് സ്ഥാപനത്തിനെതിരെ നിയമാനുസൃത നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഓഡിറ്റിന് നൽകേണ്ടതാണ്. കൂടാതെ പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ച് താഴെപ്പറയുന്ന രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
എ) 2018-19 വർഷം പ്ലാന്റിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ പ്രവർത്തനാനുമതി ലഭിച്ചതിന്റെ രേഖ.

ബി) പ്ലാന്റിൽ റീസൈക്കിൾ ചെയ്തു കിട്ടിയ വസ്തുവിന്റെ ഗുണനിലവാരം IS 14534:1998 ആയിരിക്കേണ്ടതും ആയത് കോർപ്പറേഷൻ ഉറപ്പുവരുത്തേണ്ടതുമാണ്. അപ്രകാരം ഉറപ്പുവരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ.

സി) 2018-19 വർഷം കോർപ്പറേഷൻ ശുചീകരണ തൊഴിലാളികൾ, ഹരിതകർമ്മസേന പ്രവർത്തകർ എന്നിവ മുഖേന വിവിധ സർക്കിളുകളിൽ നിന്ന് ഓരോ മാസവും എത്ര ടൺ അജൈവ മാലിന്യം വെസ്റ്റ്ഹില്ലിലെ അജൈവ മാലിന്യം സംസ്കരണ കേന്ദ്രത്തിൽ എത്തിച്ചു, ആയതിൽ എത്ര ലോഡ് വിവിധ കാരണങ്ങളാൽ തിരിച്ചയക്കപ്പെട്ടു, തിരിച്ചയക്കപ്പെട്ടവ എന്ത് ചെയ്തു, എത്ര ലോഡ് മാലിന്യം റീസൈക്കിൾ ചെയ്തു, അവശിഷ്ടം എന്തു ചെയ്തു എന്നതു സംബന്ധിച്ച റിപ്പോർട്ട് തുടങ്ങിയവയും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-29 അജൈവ മാലിന്യം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഗുരുതരമായ അപാകതകൾ അധികാരികളുടെ നേരിട്ടുള്ള ശ്രദ്ധയിൽപ്പെട്ടിട്ടും കോർപ്പറേഷന്റെ താത്പര്യം സംരക്ഷിക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചില്ല

**ഫയൽ നം. എഫ് 6/10813/17**

| | |
|---|---|
| പദ്ധതിയുടെ പേര്, നം | നഗരസഭ പരിധിക്കുള്ളിൽ കൂടി കിടക്കുന്ന അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ (583/18-19) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർ വൈസർ |
| അടങ്കൽ തുക -65,00,000/- | ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് തുക – 25,74,990/- | ബിൽ നം.18160247003000780681, തീയതി 15.11.2018 തുക – 14,95,692/-<br>ബിൽ നം.18160247003001236814, തീയതി 12.03.2019 തുക – 10,79,298/- |

അജൈവ മാലിന്യം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഗുരുതരമായ അപാകതകൾ അധികാരികളുടെ ശ്രദ്ധയിൽപ്പെട്ടിട്ടും കോർപ്പറേഷന്റെ താത്പര്യം സംരക്ഷിക്കുന്നതിനുള്ള നിയമാനുസൃത നടപടികളൊന്നും സ്വീകരിച്ചില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനായി നിറവ് സീറോവെയ്സ്റ്റ് മാനേജ്മെന്റുമായി കോർപ്പറേഷൻ ഹെൽത്ത് സൂപ്പർവൈസർ ഏർപ്പെട്ട കരാറിലെ വ്യവസ്ഥകൾ പ്രകാരം കരാറുകാരൻ റിജക്ട് ലോഡ് ചെയ്യുന്നതിന് മുമ്പും, ലോഡ് ചെയ്തതിന് ശേഷവും വാഹനം നഗരസഭ നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ വെയിംഗ് മെഷീനിൽ തൂക്കം നോക്കേണ്ടതാണ് (വ്യവസ്ഥ നം.20).കേരള മോട്ടോർ വെഹിക്കിൾ നിയമം പ്രകാരമുള്ള അളവിലും നിയമങ്ങൾക്കും വിധേയമായി മാത്രമേ റിജക്ടുകൾ വാഹനങ്ങളിൽ കയറ്റി കൊണ്ടു പോകാവൂ (വ്യവസ്ഥ നം.12). വർക്ക് ബില്ലിനൊപ്പം ലോഡ് കയറ്റിയത് സംബന്ധിച്ച അളവ് നഗരസഭ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ തൂക്കം രേഖപ്പെടുത്തിയ വെയിംഗ് മെഷീൻ ബിൽ, ട്രിപ്പ് ഷീറ്റ്, അംഗീകൃത പുനഃചംക്രമണ കേന്ദ്രത്തിൽ എത്തി എന്നുള്ള പുനഃചംക്രമണ കേന്ദ്രത്തിലെ അധികാരിയുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്. ഇത് പരിശോധിക്കുന്നതിനായി സെക്രട്ടറിയുടെ 31.03.2018 ലെ നം.എഫ്-6/10183/17 ഉത്തരവ് പ്രകാരം എല്ലാ ഹെൽത്ത് ഇൻസ്പെക്ടർമാരെയും പ്രൊജക്ട് സെല്ലിലെ അസി.എൻജിനീയർ ശ്രീ.ജിത്തുവിനെയും ചുമതലപ്പെടുത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു

എ) <u>അജൈവമാലിന്യത്തോടൊപ്പം പൂഴി ചാക്കിൽ നിറച്ച് ലോറിയിൽ കയറ്റി തൂക്കം എടുത്തു-കരാർ ലംഘനം നേരിട്ട് ശ്രദ്ധയിൽപ്പെട്ടിട്ടും-നിയമാനുസൃത നടപടി സ്വീകരിച്ചില്ല.</u>

18.03.2019-ന് നിറവ്, സീറോവെയ്സ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനം കോർപ്പറേഷന്റെ അജൈവമാലിന്യ സംസ്കരണപ്ലാന്റിൽ കാലാകാലങ്ങളായി കെട്ടികിടക്കുന്ന അജൈവമാലിന്യത്തോടൊപ്പം പൂഴി ചാക്കിൽ നിറച്ചു വെച്ചത് 14-ാം സർക്കിളിലെ ബന്ധപ്പെട്ട ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്ക് നേരിട്ട് ബോധ്യപ്പെട്ടത് വീഡിയോ സഹിതം നഗരസഭ ആരോഗ്യ വിഭാഗത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലേക്ക് അയച്ചു കൊടുത്തതായും ഹെൽത്ത് ഓഫീസറെ നേരിട്ട് അറിയിച്ചതായും നഗരസഭ ഹെൽത്ത് സൂപ്പർവൈസർ ഈ ക്രമക്കേട് നേരിട്ട് ബോധ്യപ്പെട്ടതായും എഫ്.6/22602/19നം. ഫയലിൽ 18.03.2019, 15.06.2019, 18.06.2019 തീയതികളിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ രേഖപ്പെടുത്തിയിട്ടുള്ള മൊഴികളും കുറിപ്പ് ഫയലും പരിശോധിച്ചതിൽ കാണുന്നു. നിറവ്, വേങ്ങേരി എന്ന സ്ഥാപനം അന്യസംസ്ഥാന തൊഴിലാളികളെ ഉപയോഗിച്ച് രാത്രിയും പകലും ചാക്കിൽ മാലിന്യം നിറക്കുന്നതിനാൽ യഥാസമയം മാലിന്യം ചാക്കിൽ നിറക്കുന്നത് കാണുന്നതിന് നഗരസഭ അധികൃതർക്ക് സാധിക്കാത്തതിനാൽ, നിറച്ച ചാക്കുകൾ ലോറിയിൽ കയറ്റിയതിനുശേഷം തൂക്കം എടുക്കുകയാണ് പതിവെന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ മൊഴിയിലുണ്ട്. നിറവ്, വേങ്ങേരി എന്ന സ്ഥാപനം ക്രമക്കേട് നടത്തിയതായി നേരിട്ട് ബോധ്യപ്പെട്ടതായും നിലവിലുള്ള കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതിനാൽ സ്ഥാപനത്തിനെതിരെ കർശന നടപടി സ്വീകരിക്കണമെന്നും ഹെൽത്ത് സൂപ്പർവൈസർ 19.03.2019 ന് കുറിപ്പ് ഫയലിൽ എഴുതിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 18.03.2019 ന് മുമ്പ്, 15 ടണ്ണിലധികം മാലിന്യം കയറ്റി അയച്ച ദിവസങ്ങളിൽ നിറവിന് നൽകാനുള്ള 8,05,816/- രൂപ തൽക്കാലത്തേക്ക് കോർപ്പറേഷൻ ഫണ്ടിലേക്ക് മുതൽ കൂട്ടാൻ സെക്രട്ടറി 26.03.2019-ന് നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിന് 28.11.2018 മുതൽ 11.03.2019 വരെയുള്ള തീയതികളിൽ അജൈവമാലിന്യം കയറ്റി അയച്ച വകയിൽ നൽകാനുള്ള 10,87,548/-രൂപയിൽ നിന്നും 8,05,816/- രൂപ കുറവ് ചെയ്ത് 2,38,232/-രൂപ നൽകുവാൻ (ജി.എസ്.ടി 43,500/- രൂപ കിഴിച്ച്) 28.03.2019 ലെ എഫ്.6/101813/17 ഉത്തരവ് പ്രകാരം സെക്രട്ടറിയും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിറവ്, സീറോവെയ്സ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനം കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി അജൈവമാലിന്യത്തിന് പകരം പൂഴി ചാക്കിൽ നിറച്ചത് കോർപ്പറേഷൻ അധികാരികളുടെ നേരിട്ടുള്ള ശ്രദ്ധയിൽപ്പെട്ടിട്ടും ടി സ്ഥാപനത്തിനെതിരെ പോലീസിൽ പരാതി കൊടുത്ത് നിയമാനുസൃത നടപടി സ്വീകരിക്കുവാനും കരാർ റദ്ദാക്കുവാനും കോർപ്പറേഷൻ യാതൊരു നടപടിയും സ്വീകരിച്ചില്ല.

<u>ബി) അജൈവമാലിന്യത്തിന് പകരം പാഴ് കടലാസ്സ് കൊണ്ടുപോയതിന് തുക നൽകി.</u>

അജൈവമാലിന്യം കൊണ്ടുപോകുന്നതിനാണ് നിറവ് സീറോവെയ്സ്റ്റ് മാനേജ്മെന്റുമായി കോർപ്പറേഷൻ കരാറിലേർപ്പെട്ടതെങ്കിലും പല ദിവസങ്ങളിലും അതിനു പകരം പാഴ് പേപ്പർ തൂക്കി വാഹനത്തിൽ കയറ്റിയതിന്റെ തൂക്കം എടുത്തതായി സർക്കാർ അംഗീകൃത വെയ്ബ്രിഡ്ജുകളിലെ ബില്ലുകളിൽ കാണുന്നു. പാഴ് കടലാസ്സ് കൊണ്ടു പോയതിന് തുക അനുവദിച്ചിട്ടുമുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ | തീയതി | വാഹനത്തിന്റെ | വെയ്ബ്രിഡ്ജ് | തൂക്കം | റിമാർക്സ് |
|---|---|---|---|---|---|

| നം. | | നമ്പർ | മെഷീൻ ബിൽ | (കി.ഗ്രാം) | |
|---|---|---|---|---|---|
| 1 | 23.03.2018 | KL-57-D-3542 | മലബാർ വെയ്ബ്രിഡ്ജ്/8461 | 4690 | 2018-19 വർഷം Q bill ആയി തൊട്ടടുത്ത വർഷം മാറിയ ബില്ലുകളോടൊപ്പമുള്ള വെയ്ബ്രിഡ്ജ് ഇൻവോയിസുകളിലും ഇപ്രകാരം അപാകത കാണുന്നുണ്ട് |
| 2 | 06.04.2018 | KL-11-T-18 | "/ 9175 | 3670 | |
| 3 | 11.04.2018 | KL-57-9666 | "/ 9458 | 4160 | |
| 4 | 11.04.2018 | KL-57-1393 | "/ 9483 | 3780 | |
| 5 | 04.09.2018 | MP-06 GA-0993 | "/ 685 | 4590 | |
| 6 | 08.09.2018 | KL-58-D-5375 | " /929 | 5420 | |

**സി) അജൈവ പാഴ് വസ്തുക്കൾ വാഹനത്തിൽ കയറ്റുന്നത് യഥാസമയം ഹെൽത്ത് ഇൻസ്പെക്ടർമാർ പരിശോധിക്കുന്നില്ല.**

**ഉദാഹരണം താഴെ കൊടുക്കുന്നു.**

| ക്രമ നം | ലോഡ് കയറ്റിയ സ്ഥലം | വാഹനത്തിന്റെ നമ്പർ | തീയതി | ചുമതലപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാർ പരിശോധിച്ച തീയതി |
|---|---|---|---|---|
| 1 | വെള്ളയിൽ | KL-57-D-3542 | 23.03.2018 | 17.04.2018 |
| 2 | വെള്ളയിൽ | KL-11-T-7762 | 06.04.2018 | 17.04.2018 |
| 3 | പന്നിയങ്കര | KL-11-T-18 | 12.04.2018 | 17.04.2018 |
| 4 | കാരപറമ്പ് | KL-10-AF-1467 | 30.04.2018 | 15.05.2018 |
| 5 | പാളയം | KL-57-D-3542 | 16.04.2018 | 15.05.2018 |
| 6 | പുതിയങ്ങാടി | KL-55-A-2279 | 14.05.2018 | 08.09.2018 |
| 7 | പുതിയങ്ങാടി | KA-41-7976 | 15.05.2018 | 08.09.2018 |
| 8 | പുതിയങ്ങാടി | KL-10-U-2277 | 15.05.2018 | 08.09.2018 |
| 9 | പുതിയങ്ങാടി | KL-57-C-8049 | 18.05.2018 | 08.09.2018 |
| 10 | പാളയം | KA-21-A-3839 | 11.09.2018 | 19.11.2018 |
| 11 | സെൻട്രൽ മാർക്കറ്റ് | KL-12-D-3141 | 29.09.2018 | 19.11.2018 |
| 12 | ടി | KL-55-A-2279 | 12.11.2018 | 19.11.2018 |
| 13 | ടി | KL-58-D-5375 | 16.11.2018 | 19.11.2018 |
| 14 | കാരപറമ്പ് | KA-21-A-3839 | 14.09.2018 | പരിശോധിച്ചില്ല |
| 15 | കാരപറമ്പ് | KA-01-D-1486 | 19.09.2018 | പരിശോധിച്ചില്ല |

വാഹനത്തിൽ ലോഡ് കയറ്റുന്നത് യഥാസമയം ഉത്തരവാദിത്തപ്പെട്ടവർ പരിശോധിക്കുന്നില്ലായെന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. മേൽ പരാമർശിച്ച ദിവസങ്ങൾക്ക് പുറമെയും ലോഡ് കയറ്റിയതായുള്ള സ്റ്റേറ്റ്മെന്റ് ഉണ്ടെങ്കിലും ലോഡ് പരിശോധിച്ച ഉദ്യോഗസ്ഥൻ തീയതി രേഖപ്പെടുത്താത്തതിനാൽ എന്നാണ് പരിശോധിച്ചതെന്ന് വ്യക്തമല്ല.

ഡി) അജൈവ മാലിന്യം കയറ്റിയ വാഹനങ്ങളുടെ ട്രിപ്പ്ഷീറ്റ് പ്രകാരം വാഹനം 350 കി.മീ. ദൂരം സഞ്ചരിച്ച് സംസ്ഥാന അതിർത്തി കടന്ന് കർണ്ണാടകയിലെ മാണ്ഡ്യയിലെ നിറവ് സെഗ്രിഗേഷൻ യൂണിറ്റിലെത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാഹനം അതിർത്തി ചെക്ക് പോസ്റ്റ് കടന്നതിന്റെ യാതൊരു രേഖപ്പെടുത്തലും ഒരു ട്രിപ്പ് ഷീറ്റിലും കാണുന്നില്ല.

**ഇ) മോട്ടോർ വെഹിക്കിൾ ആക്ട് പ്രകാരം കൊണ്ടുപോകാവുന്ന ഭാരത്തിലും അധികം ലോഡ് വാഹനത്തിൽ കയറ്റി.**

കേന്ദ്രഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 18.10.1996 ലെ നോട്ടിഫിക്കേഷൻ നം.എസ്.ഒ.728(E) പ്രകാരം രണ്ട് ആക്സിൽ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ (മുൻഭാഗത്തെ ആക്സിലിൽ രണ്ട് ചക്രം, പുറകിലെ ആക്സിലിൽ നാല് ചക്രം) പരമാവധി ഗ്രോസ്സ് വെഹിക്കിൾ വെയിറ്റ് 16.2 ടണ്ണും ലോഡ് ഭാരം 10.2 ടണ്ണുമാണ്. എന്നാൽ ഇത്തരം വാഹനങ്ങളിൽ പരമാവധിയിലും അധികം ലോഡ് കയറ്റിയതായി വർക്ക് ബില്ലിൽ കാണിച്ച് തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വാഹന നമ്പർ | തരം | നിയമാനുസൃതം കയറ്റാവുന്ന ലോഡ് | വാഹനത്തിൽ കയറ്റിയ ലോഡ് | ലോഡ് കയറ്റിയ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | KL-09-AP-8960 | Eicher pro 5016 K | 10200 കി.ഗ്രാം | 19350 കി.ഗ്രാം | 29.11.2018 | 2018-19 വർഷം Q bill ആയി തൊട്ടടുത്ത വർഷം മാറിയ ബില്ലുകളോടൊപ്പമുള്ള വെയ്ബ്രിഡ്ജ് ഇൻവോയിസുകളിലും ഇപ്രകാരം അപാകത കാണുന്നുണ്ട്. |
| 2 | ,, | Eicher pro 5016 K | ,, | 20840 കി.ഗ്രാം | 01.12.2018 | |
| 3 | ,, | Eicher pro 5016 K | ,, | 14380 കി.ഗ്രാം | 10.12.2018 | |
| 4 | ,, | Eicher pro 5016 K | ,, | 17350 കി.ഗ്രാം | 12.12.2018 | |
| 5 | ,, | Eicher pro 5016 K | ,, | 14840 കി.ഗ്രാം | 15.12.2018 | |
| 6 | KL-55-A-2279 | Ashok leyland heavy goods commercial-2007 model | ,, | 13860 കി.ഗ്രാം | 14.05.2018 | |
| 7 | KL-10-U-2277 | ,, | ,, | 13600 കി.ഗ്രാം | 15.05.2018 | |

മോട്ടോർ വെഹിക്കിൾ ആക്ട് പ്രകാരമുള്ള അളവിലും നിയമങ്ങൾക്കും വിധേയമായി മാത്രമേ വാഹനങ്ങളിൽ ലോഡ് കൊണ്ടു പോകാവൂ എന്നിരിക്കേ ഉത്തരവാദിത്തപ്പെട്ട കോർപ്പറേഷൻ ഉദ്യോഗസ്ഥർ പരിശോധിക്കാത്തത് ഗുരുതര വീഴ്ചയാണ്. മേൽ പരാമർശിച്ച വാഹനങ്ങളിൽ നിയമാനുസൃതമല്ലാതെ അധിക ലോഡ് കൊണ്ട് പോയതിന് മോട്ടോർ വാഹന നിയമം 1988 പ്രകാരം പിഴ ഈടാക്കിയതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**എഫ്) വാഹനം വെയ്ബ്രിഡ്ജിൽ ഒരേ സമയം തന്നെ ലോഡില്ലാതെയും ലോഡ് സഹിതവും ഭാരം നോക്കി.**

കരാറിലെ 6ാം നമ്പർ വ്യവസ്ഥ പ്രകാരം അജൈവ പാഴ് വസ്തു കയറ്റുന്ന വാഹനത്തിന്റെയും റിജക്റ്റിന്റെയും തൂക്കം കോർപ്പറേഷൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ പ്രത്യേകം പ്രത്യേകം വെയിംഗ് മെഷീനിൽ തൂക്കി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ വെയിംഗ് മെഷിൻ ബില്ലുകളിലൊന്നിലും അപ്രകാരം ചെയ്തിട്ടില്ലായെന്ന് മാത്രമല്ല 04.09.2018 നും 17.09.2018 നും കാരപറമ്പിൽ നിന്ന് ലോഡ് കയറ്റിയ KA-01-D-1486, KL-58-D-5375 എന്നീ വാഹനങ്ങൾ ലോഡില്ലാതെയും ലോഡ് സഹിതവും യഥാക്രമം 12.00.14 മണിക്കും 02.22.51 മണിക്കും തൂക്കം നോക്കിയതായാണ് വേങ്ങേരി അഗ്രികൾച്ചർ ഹോൾസെയിൽ മാർക്കറ്റിന്റെ ഉടമസ്ഥതയിലുള്ള വെയ്ബ്രിഡ്ജ് മെഷീനിന്റെ യഥാക്രമം 21711 നമ്പർ ബില്ലിലും 21928 നമ്പർ ബില്ലിലും രേഖപ്പെടുത്തിയിട്ടുള്ളത്. ടി വാഹനങ്ങൾ ലോഡില്ലാതെയും ലോഡ് സഹിതവും ഒരേ സമയം തൂക്കം നോക്കാൻ കഴിയില്ല. തെറ്റായ ബില്ലിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 4740 കി.ഗ്രാം, 5390 കി.ഗ്രാം ജൈവമാലിന്യം കൊണ്ടുപോയതായി കാണിച്ച് തുക നൽകി.

**ജി) ബില്ലിനോടൊപ്പമുള്ള വെയിംഗ് മെഷിൻ ബില്ലുകളിലൊന്നിലും നഗരസഭ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.**

അജൈവമാലിന്യത്തോടൊപ്പം പൂഴി ചാക്കിൽ നിറച്ച് ലോറിയിൽ കയറ്റി തൂക്കം എടുക്കുക പോലുള്ള ഗുരുതര ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടും കോർപ്പറേഷന്റെ താത്പര്യം സംരക്ഷിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചില്ലായെന്നത് ഉത്തരവാദിത്വപ്പെട്ടവരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ച ആണ്. കൃത്യമായ പരിശോധനയില്ലാതെയും രേഖകൾ പരിശോധിക്കാതെയുമാണ് അജൈവ പാഴ് വസ്തു നീക്കം ചെയ്തതായി കാണിച്ച്

തുക നൽകിയിട്ടുള്ളതെന്നാണ് മേൽ പരാമർശിച്ച അപാകതകളിൽ നിന്നും മനസ്സിലാകുന്നത്. മേൽ അപാകതകൾ ചൂണ്ടിക്കാട്ടിയ ഒ.എസിന് (നം. 100/2018-19-തീയതി 18.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ഭാഗത്തുനിന്നുള്ള അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

## 1-30 ഹരിത കർമ്മസേനയുടെ പ്രവർത്തനം തൃപ്തികരമല്ല- രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഫയൽ നം. എഫ് 6/98964/17

| | |
|---|---|
| പദ്ധതിയുടെ പേര്, നം | ഹരിതകേരളം വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ (587/18-19) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർ വൈസർ |
| അടങ്കൽ തുക – 68,94,144/- | ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് തുക – 99,355/- | ബിൽ നം.18160247003001059264, തീയതി 22.01.2019 -19,355/-<br>ബിൽ നം.18160247003001221661, തീയതി 26.02.2019 -40,000/-<br>ബിൽ നം.18160247003001368489, തീയതി 19.03.2019 -40,000/- |

സ.ഉ.(സാ.ധാ).നം.2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ഹരിതകേരളമിഷന്റെ മാലിന്യസംസ്കരണത്തിനുള്ള മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ പരിധിയിലെ വീടുകളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യം ശേഖരിച്ച് സംഭരണകേന്ദ്രങ്ങളിലെത്തിക്കുന്നതിനായി ഹരിത കർമ്മസേന രൂപീകരിക്കുന്നതിലേയ്ക്കായി ആദ്യഘട്ടത്തിൽ 2,3,6,8,12,17 എന്നീ സർക്കിളുകളിൽ നിന്നുള്ള കുടുബശ്രീ ഖരമാലിന്യതൊഴിലാളികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നതിനും പ്രൊജക്ട് മാനേജർ,ഗ്രീൻ ടെക്നീഷ്യൻ എന്നിവരെ അപേക്ഷ ക്ഷണിച്ച് തിരഞ്ഞെടുക്കുന്നതിനും കൌൺസിൽ 114/03.02.2018 ാം നമ്പർ തീരുമാനമെടുത്തു. ഹരിതകർമ്മസേന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന പ്രൊജക്ട് മാനേജർക്ക് വേതനം നൽകുന്നതിനായി മേൽ പറഞ്ഞ പ്രകാരം 99,355രൂപ ചെലവഴിച്ചിട്ടുണ്ട്.

ഹരിത കർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെകൊടുക്കുന്നു.

1) സർക്കാർ ഉത്തരവ് നിലവിൽ വന്ന് രണ്ട് വർഷത്തിലധികമായിട്ടും കോർപ്പറേഷന്റെ മുഴവൻ സർക്കിളുകളിൽ നിന്നും അജൈവ മാലിന്യം ശേഖരിക്കുന്നതിനായി ഹരിതകർമ്മസേന രൂപീകരിച്ചില്ല. മേൽ പരാമർശിത ഉത്തരവ് പ്രകാരം കോർപ്പറേഷനിൽ രണ്ടു മാസത്തിനകം ഉറവിടമാലിന്യസംസ്കരണസംവിധാനങ്ങൾ ഒരുക്കുന്നതിന് കോർപ്പറേഷനും ഹരിതസഹായ സ്ഥാപനവും ഹരിതകർമ്മസേനയും ഒരുമിച്ച് പ്രവർത്തിക്കേണ്ടതാണ്. എന്നാൽ 2018-19 വർഷം 3000 എണ്ണം പോർട്ടബിൾ ബയോഗ്യാസ്സ് പ്ലാന്റും 8000എണ്ണം റിംഗ് കമ്പോസ്റ്റും സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ട 325/18-19 നമ്പർ പദ്ധതിയിൽ ഫയലിൽ ലഭ്യമായ രേഖകൾ പ്രകാരം യഥാക്രമം 150 യൂണിറ്റ് ബയോഗ്യാസ്സ് പ്ലാന്റും 260 എണ്ണം റിംഗ് കമ്പോസ്റ്റും ( അതായത് കേവലം 5 % മാത്രമാണ്) മാത്രമാണ് സ്ഥാപിക്കാൻ സാധിച്ചിട്ടുള്ളത്. കൂടാതെ നഗരസഭ പരിധിക്കുള്ളിൽ 33,500 എണ്ണം പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിന് 2012-13 ൽ ആരംഭിച്ച പദ്ധതിയും (117/13)ലക്ഷ്യത്തിൽ നിന്നും വളരെ അകലെയാണ്.

2) 2016 ലെ ഖര മാലിന്യം(കൈകാര്യം ചെയ്യൽ) ചട്ടത്തിലെ ഉപചട്ടം (4) പ്രകാരം മാലിന്യം ഉത്പ്പാദിപ്പിക്കുന്നവർ അവ മാലിന്യത്തിന്റെ സ്വഭാവമനുസരിച്ച് കൃത്യമായി വേർതിരിക്കേണ്ടതും മേൽചട്ടത്തിലെ ഉപചട്ടം (15) പ്രകാരം അത്തരം മാലിന്യങ്ങളുടെ ശരിയായ ശേഖരണം, സംഭരണം, ട്രാൻസ്പോർട്ടേഷൻ, സംസ്കരണം എന്നിവയ്ക്കുള്ള സംവിധാനങ്ങൾ ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും ഒരുക്കേണ്ടതുമാണ്. സ.ഉ.(സാ.ധാ).നം.2420/2017/തസ്വഭവ തീയതി 15.07.2017 നെ അടിസ്ഥാനമാക്കിയുള്ള ഹെൽത്ത് ഓഫീസറുടെ 08.05.2019 ലെ എഫ്-6-98964/2017 നമ്പർ ഉത്തരവ് പ്രകാരം ഹരിതകർമ്മസേന ശേഖരിക്കുന്ന പാഴ് വസ്തുക്കൾ പരസ്പരം കലരാത്ത വിധത്തിലും മാലിന്യങ്ങൾ പുരളാത്ത രീതിയിലും ശേഖരിക്കുന്നുവെന്ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.

എന്നാൽ കോഴിക്കോട്, വേങ്ങേരി, നിറവ് സീറോ വെയ്സ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനം പ്രവർത്തിപ്പിക്കുന്ന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വെസ്റ്റ്ഹില്ലിലുള്ള അജൈവ മാലിന്യ സംസ്കരണ കേന്ദ്രത്തിൽ 06.12.2019 ന് കോർപ്പറേഷൻ അധികാരികളോടൊപ്പം നടത്തിയ സ്ഥലപരിശോധന വേളയിൽ ടി സ്ഥാപന നടത്തിപ്പുകാർ ഹാജരാക്കിയ 15.10.2019 മുതൽ 14.11.2019 വരെയുള്ള പ്ലാന്റിന്റെ പ്രവർത്തന റിപ്പോർട്ടിൽ ഹരിതകർമ്മസേന വഴി

കളക്ട് ചെയ്ത് പ്ലാന്റിലെത്തിച്ച പല ലോഡ് അജൈവമാലിന്യങ്ങളിലും ഭക്ഷണഅവശിഷ്ടങ്ങൾ, പാമ്പേഴ്സ്, റോഡിലെ ചണ്ടി എന്നിവ അടങ്ങിയിട്ടുള്ളതായും ആയതിനാൽ തിരിച്ചയച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് നിയമാനുസൃത നടപടി സ്വീകരിച്ചതിന്റെ വിശദാംശം അറിയിക്കേണ്ടതാണ്.

3)കോർപറേഷൻ ശുചീകരണ തൊഴിലാളികൾ, ഹരിത കർമ്മസേന എന്നിവർ മുഖേന അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പ്രവർത്തനകലണ്ടർ തയ്യാറാക്കിയതിന്റെയും യൂസർഫീ ഈടാക്കുന്നതിന്റെയും (ബാങ്ക് കോഴിക്കോട് ജില്ലാ സഹകരണബാങ്ക് അക്കൌണ്ട് നം.100011201020104 ) വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4) 62/01.02.2019 നമ്പർ കൗൺസിൽ തീരുമാനപ്രകാരം (ആരോഗ്യ സ്ഥിരം സമിതി ശുപാർശ 17/30.01.2019) 61,63 വാർഡുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം നടപ്പിലാക്കുന്നതിനും ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങളിൽ മൂല്യമുള്ളവ ലേലം ചെയ്ത് വിൽക്കുന്നതിന് ഹരിത കർമ്മസേനയെ ചുമതപ്പെടുത്തുവാനും അംഗീകാരം നൽകി. എന്നാൽ കോർപറേഷൻ കൗൺസിലിന്റെ 21.11.2017ലെ 78ാം നം.തീരുമാനപ്രകാരം (ഫയൽ നം.F6/22107/16, ആരോഗ്യ സ്ഥിരം സമിതി ശുപാർശ 8/6.11.2017) കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വെസ്റ്റ്ഹില്ലിലുള്ള അജൈവ മാലിന്യ സംസ്കരണ കേന്ദ്രം പ്രവർത്തിപ്പിക്കുവാൻ നിറവ് സീറോ വെയ്സ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിന് നിബന്ധനകൾക്ക് വിധേയമായി മൂന്ന് വർഷത്തേക്ക് കരാർ നൽകിയിട്ടുണ്ട്. മേൽ സ്ഥാപനവുമായി കോർപ്പറേഷൻ 16.01.2018 ൽ ഒപ്പുവെച്ച കരാറിലെ 5ാമത്തെ നിബന്ധനയിൽ <u>നഗരത്തിലുണ്ടാകുന്ന മുഴുവൻ അജൈവ പാഴ്വസ്തുക്കളും നഗരസഭ നേരിട്ടോ അല്ലെങ്കിൽ നഗരസഭ ചുമതലപ്പെടുത്തിയിട്ടുള്ള റസിഡന്റ് എജൻസികൾ/റസിഡന്റ് അസോസിയേഷന കൾ മുഖേനയോ പ്ലാന്റിൽ എത്തിക്കുന്നതും ആയതു മുഴുവൻ കരാറുകാരൻ സംസ്കരിക്കേണ്ടതുമാണെന്നും ആവശ്യമായ മെഷിനറികൾ സ്വന്തം ചെലവിൽ സ്ഥാപിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.</u>

16.01.2018 തീയതിയിലെ കരാർ മൂന്ന് വർഷത്തേക്ക് പ്രാബല്യത്തിലുള്ളതും ഈ കാലയളവിൽ നഗരത്തിലുണ്ടാകുന്ന മുഴുവൻ അജൈവ പാഴ് വസ്തുക്കളും നിറവ് സീറോ വെയ്സ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനം സംസ്കരിക്കണമെന്നിരിക്കെ, ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങളിൽ മൂല്യമുള്ളവ ലേലം ചെയ്ത് വിൽക്കുന്നതിന് ഹരിത കർമ്മസേനയെ ചുമതപ്പെടുത്താൻ കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളത് നിലവിലെ കൗൺസിൽ തീരുമാനത്തിനും കരാറിനും എതിരാണ്.

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് താഴെപ്പറയുന്ന വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

a) എത്ര വാർഡുകളിൽ ഹരിത കർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്? അവയിൽ നിലവിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്? അവ ജൈവമാലിന്യം ശേഖരിക്കുന്നുണ്ടോ?

b) കോർപ്പറേഷനിൽ എത്ര ശതമാനം വീടുകളിലും കച്ചവടസ്ഥാപനങ്ങളിലും ഉറവിട മാലിന്യസംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഹരിത കർമ്മസേന വഴി എത്ര വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും ശേഖരിക്കുന്നുണ്ടെന്നും ശേഖരിച്ച മാലിന്യത്തിന്റെ അളവ് എന്നിവ സംബന്ധിച്ച ഹരിതകർമ്മസേനയുടെ 2018-19 ലെ പ്രവർത്തന റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിലുണ്ടായിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടിയും രേഖകൾ ആവശ്യപ്പെട്ടുകൊണ്ടുമുള്ള ഒ.എസ്.നം. 125/2018-19 തീയതി 10.01.2020-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ വർഷം പദ്ധതിക്കായി ചെലവഴിച്ച തുക 99,355/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-31 ഉറവിട മാലിന്യസംസ്ക്കരണം- പൈപ്പ് കമ്പോസ്റ്റ് - സ്ഥാപിക്കൽ-ഐ.ആർ.ടി.സി-യ്ക്ക് ബാക്കി തുക നൽകൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ചുള്ള രേഖകൾ അപൂർണ്ണം

<u>ഫയൽ നം. എഫ് 6/95107/15</u>

| | |
|---|---|
| പദ്ധതിയുടെ പേര് , നം | ഉറവിട മാലിന്യസംസ്കരണംപൈപ്പ് കമ്പോസ്റ്റ് -ഐ.ആർ.ടി.സി-യ്ക്ക് ബാക്കി തുക നൽകൽ (1576/18-19) |
| നിർവഹണ | ഹെൽത്ത് സൂപ്പർ വൈസർ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ് – 20,00,000/- |
| ചെലവ് | ബിൽ നം.18160247003001476448, തീയതി 26.03.2019 -1,49,600/- |

ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 09.10.2012 ലെ എസ്.എം.സി-2/174/2008 പ്രകാരം നഗരസഭ പരിധിക്കുള്ളിൽ 33,500 പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിന് സാങ്കേതിക അനുമതി ലഭിച്ചു. 2012-13 ൽ ആരംഭിച്ച പദ്ധതിയിൽ (117/13) 2014-15 വരെ 85,10,848/-രൂപ ചെലവഴിച്ചിട്ടുണ്ട്. (42,93,635/-രൂപ എസ്.ഇ.യു.എഫ്-നും 42,07,500/-രൂപ ഐ.ആർ.ടി.സി-ക്ക് മൊബിലൈസേഷൻ അഡ്വാൻസും 9713/- രൂപ സാക്ഷ്യപത്രം പ്രിന്റ് ചെയ്യുന്നതിനും വേണ്ടി). 2018-19 ൽ ഐ.ആർ.ടി.സി-ക്ക് 1,49,600/-രൂപയും നൽകിയിട്ടുണ്ട്. 2012-13 മുതൽ 2014-15 വരെയുള്ള കാലയളവിലെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ 2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4 -ൽ ചൂണ്ടിക്കാട്ടിയെങ്കിലും റിപ്പോർട്ട് ലഭിച്ച് മൂന്ന് വർഷത്തിലേറെ ആയിട്ടും കോർപ്പറേഷൻ ഇതു സംബന്ധിച്ച കൃത്യമായ രേഖകളും മറുപടിയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 2018-19 വർഷം 176 ഗുണഭോക്താക്കൾക്ക് പൈപ്പ് കമ്പോസ്റ്റ് സ്ഥാപിച്ച വകയിൽ 1,49,600/-രൂപ ഐ.ആർ.ടി.സി-ക്ക് നൽകിയെങ്കിലും ഈ വർഷവും പദ്ധതി നിർവഹണം സംബന്ധിച്ച് മുൻ വർഷങ്ങളിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ നിലനിൽക്കുകയാണ്.

ആയതിനാൽ പദ്ധതി നിർവഹണം സംബന്ധിച്ച് താഴെപ്പറയുന്ന രേഖകളും വിശദാംശങ്ങളും അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1)വിവിധ വാർഡ് സഭകൾ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച തിയതി, കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, ആനുകൂല്യം ലഭിച്ചവരുടെ ലിസ്റ്റ്.

2)2012-13 മുതൽ 2018-19 വരെയുള്ള കാലയളവിൽ പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിന് ഗുണഭോക്തൃവിഹിതം അടവാക്കിയ ഗുണഭോക്താക്കളുടെ എണ്ണം, ഈയിനത്തിലെ ആകെ വരവ് ചെലവ് തുക എന്നിവ.

3)ഏതൊക്കെ പദ്ധതികളിൽ എത്ര പേർക്ക് പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ച നൽകി (രണ്ട് നിർവഹണ ഏജൻസികളുടെയും കണക്ക് വർഷം തിരിച്ച് വേർതിരിച്ച് ലഭ്യമാക്കുക)

4)2015-16 മുതൽ 2017-18 വരെയുള്ള കാലയളവിൽ പൈപ്പ് കമ്പോസ്റ്റ് സ്ഥാപിച്ച വകയിൽ വിവിധ ഫണ്ടുകളുടെ ചെലവെത്ര (ചെക്ക് നമ്പർ,തുക ,തീയതി സഹിതം ലഭ്യമാക്കുക)

5)2018-19 ലെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ്, ശുചിത്വ കമ്മിറ്റി സാക്ഷ്യ പത്രം, മോണിറ്ററിംഗ് റിപ്പോർട്ട് , ശുചിത്വ മിഷന് കോർപ്പറേഷൻ ലഭ്യമാക്കേണ്ട വിനിയോഗസാക്ഷ്യപത്രം തുടങ്ങിയവ.

6)26.03.2013 ലെ എസ്.എം/സി2/66/2009നം ഉത്തരവ് പ്രകാരം പദ്ധതി നടത്തിപ്പിനായി ശുചിത്വമിഷനിൽ നിന്ന് ലഭിച്ച 1,58,85,000/-രൂപ 22.01.2014-ന് നഗരസഭയുടെ ടി.പി.എ 98 അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ട്. ആയതിന്റെ നാളിതുവരെയുള്ള ചെലവിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. (ചെക്ക് നം, തുക, തീയതി അടക്കം). ശുചിത്വ മിഷന്റെ 15.02.2018 ലെ 174/സി-2/2008/എസ്.എം നമ്പർ കത്തിൽ പദ്ധതി നടപ്പിലാക്കിയതിന്റെ നഗരസഭ സമർപ്പിച്ച ധനവിനിയോഗ സാക്ഷ്യപത്രത്തിൽ അപാകത കണ്ടെത്തിയതായും ആയത് പരിഹരിച്ച് വീണ്ടും സമർപ്പിക്കണമെന്നും, ബാക്കി തുക പലിശ സഹിതം തിരിച്ചടയ്ക്കണമെന്നും പരാമർശമുണ്ട്. ആയതിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം.

7)നിലവിൽ ശുചിത്വ മിഷൻ ഫണ്ട് കൈകാര്യം ചെയ്യാൻ ഉപയോഗിക്കുന്ന ICICI -ബാങ്ക് അക്കൗണ്ടായ 626505017040 -ലേക്ക് റഗുലർ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യാൻ ഉപയോഗിക്കുന്ന ടി.പി.എ 98 അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന ശുചിത്വമിഷൻ ഫണ്ട് മാറ്റിയിരുന്നോ? ഈ ഫണ്ടിന്റെ ചെലവ് വിശദാംശം.

പദ്ധതി നടത്തിപ്പ് സംബന്ധിച്ച് രേഖകൾ സഹിതം വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഒ.എസിന് (നമ്പർ121/ 2018-19തീയതി 06.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉറവിട മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ നടപ്പിലാക്കുന്ന സുപ്രധാന പദ്ധതിയുടെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതി നിർവ്വഹണം സംബന്ധിച്ച മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ ഈ വർഷം ചെലവഴിച്ച തുക 1,49,600/-രൂപ നിലവിൽ തടസ്സത്തിൽ വയ്ക്കുന്നു. തുടർന്നും രേഖകൾ ലഭ്യമാക്കിയില്ലെങ്കിൽ രേഖകൾ ഇല്ലായെന്ന നിഗമനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും.

## 1-32 നഗരസഭ സെക്രട്ടറി, അഡീ.സെക്രട്ടറി എന്നവരുടെ ശമ്പളാനുകൂല്യങ്ങൾ സർക്കാരിലേക്ക് അടവാക്കുന്നില്ല

ഫയൽ നം സി.4/25951/19

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 48 (3) പ്രകാരം നഗരസഭ സെക്രട്ടറിക്ക് സർക്കാർ അതതു സമയം നിശ്ചയിക്കുന്ന ശമ്പളവും അലവൻസുകളും ഒന്നാമതായി സംസ്ഥാന ഫണ്ടിൽ നിന്ന് കൊടുക്കേണ്ടതാണ്. സെക്രട്ടറിക്ക് കൊടുക്കുന്ന മുഴുവൻ ശമ്പളവും അലവൻസുകളും അവധിക്കാല ശമ്പളത്തിനും പെൻഷനും ആവശ്യമുള്ളിടത്തോളം ഉള്ള അംശാദയങ്ങളും നഗരസഭ സംസ്ഥാന ഫണ്ടിലേക്ക് മാസം തോറും അടയ്ക്കേണ്ടതാണ്. എന്നാൽ 2014 ഒക്ടോബർ മാസം മുതൽ 2019 ഡിസംബർ വരെ സെക്രട്ടറിക്കും, 2017 മേയ് മാസം മുതൽ 2019 ഡിസംബർ വരെ അഡീഷണൽ സെക്രട്ടറിക്കും ട്രഷറിയിൽ നിന്നും അനുവദിച്ച നൽകിയ ശമ്പളാനുകൂല്യങ്ങൾ യഥാക്രമം 44,81,749 രൂപയും 26,80,794 രൂപയും ഉൾപ്പെടെ 71,62,543/-രൂപ നഗരസഭ ഫണ്ടിൽ നിന്നും തിരിച്ചടവാക്കിയിട്ടില്ല.

നഗരസഭ സെക്രട്ടറിക്കും, അഡീഷണൽ സെക്രട്ടറിക്കും ട്രഷറിയിൽ നിന്നും അനുവദിച്ച നൽകിയ ശമ്പളാനുകൂല്യങ്ങൾ 71,62,543/- രൂപ ട്രഷറിയിൽ ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-33 നഗരസഭ പരിധിയിൽ സർക്കാർ വക കെട്ടിടങ്ങൾ വസ്തു നികുതി അടവാക്കുന്നതിൽ വീഴ്ച വരുത്തുന്നു.

ഫയൽ നം.എ.1/129770/14

നഗരസഭ പരിധിയിലെ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളുടെ വസ്തു നികുതി അടവാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും (സഞ്ചയ സോഫ്റ്റ് വെയർ മുഖാന്തിരം) മേൽ സ്ഥാപനങ്ങൾ വലിയ അളവിൽ വസ്തു നികുതി കുടിശ്ശിക വരുത്തിയതായി കാണുന്നുണ്ട്. 1994 കേരള മുനിസിപ്പാലിറ്റി നിയമം പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് വസ്തു നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയിട്ടില്ല. സർക്കാർ സ്ഥാപനങ്ങളുടെ വസ്തു നികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ ചില ഉദാഹരണങ്ങൾ സഹിതം താഴെ കൊടുക്കുന്നു.

| വാർഡ് നം / കെട്ടിട നം | ഓഫീസ് തലവന്റെ പേര് | കുടിശ്ശിക കാലയളവ് | അടവാക്കേണ്ട നികുതി | ലൈബ്രറി സെസ്സ് | ആകെ തുക |
|---|---|---|---|---|---|
| 13/1190 | അസ്സോസിയേഷൻ Of എൻഞ്ചിനീയറിംഗ് പി ഡബ്ല്യു ഡി | 2013 1st half to 2019 1st half | 42150 | 2109 | 44259 |
| 13/1193 | ജില്ലാ കലക്ടർ കോഴിക്കോട് | 2006 1st half to 2019 1st half | 177507 | 8886 | 186393 |
| 13/1194 | ജില്ലാ കലക്ടർ കോഴിക്കോട് | 2008 1st half to 2019 1st half | 92747 | 4646 | 97393 |
| 13/1195 | കലക്ടറേറ്റ് സിവിൽസറ്റേഷൻ | 2003 1st half to 2019 1st half | 307051 | 15360 | 322411 |
| 15/351 | വില്ലേജ് ഓഫീസർ ചേവായൂർ | 2015 1st half to 2019 1st half | 22890 | 1144 | 24034 |
| 15/552 | എക്സിക്യൂട്ടീവ് എഞ്ചിനീയർ പി ഡബ്ള്യ ഡി കോഴിക്കോട് | 2001 1st half to 2019 1st half | 727568 | 36384 | 763952 |
| 15/546 | | 2000 2nd half to 2019 1st half | 279165 | 13953 | 293118 |
| 15/545 | | | 675678 | 33786 | 709464 |

| | | | | | |
|---|---|---|---|---|---|
| 15/547 | | 2000 1st half to 2019 1st half | 171152 | 8554 | 179706 |
| 15/548 | | | 186124 | 9310 | 195434 |
| 15/549 | | | 205374 | 10261 | 215635 |
| 15/553 | | 2002 2nd half to 2019 1st half | 8052 | 400 | 8452 |
| 15/550 | | 2012 1st half to 2019 1st half | 4622 | 236 | 4858 |
| 68/257 | കലക്ടർ ബംഗ്ലാവ് | 2013 1st half to 2019 1st half | 3744 | 186 | 3930 |
| 68/258 | ജില്ല കലക്ടർ | | 283 | 16 | 299 |
| 70/1139 | | 2002 2nd half to 2015 1st half | 10152 | 513 | 10665 |
| | | | | | 3060003 |

മേൽ വിവരിച്ചവ കൂടാതെ സർക്കാർ വക ക്വാട്ടേഴ്സുകളായ എൻ.ജി.ഒ ക്വാട്ടേഴ്സ് (430 എണ്ണം), പോലീസ് ക്വാട്ടേഴ്സ് (മാലൂർകുന്ന്, ചിന്താവളപ്പ്, മാനാഞ്ചിറ) ബി.എസ്.എൻ.എൽ ക്വട്ടേഴ്സ് (മലാപ്പറമ്പ, നല്ലളം), ഇ.പി.എഫ്. വകുപ്പിന്റെ ക്വാട്ടേഴ്സുകൾ (എരഞ്ഞിപ്പാലം) മുതലായവ നമ്പറിങ്ങ് നടത്തി നികുതി ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ അന്വേഷണ കുറിപ്പിന്( ഓ.എസ്. നം.162/2018, തീയതി.28.05.2020) 24.06.2020 ന് സെക്രട്ടറി നൽകിയ മറുപടിയിൽ നികുതിയിൽ നിന്നും ഒഴിവായിപ്പോയ സർക്കാർ കെട്ടിടങ്ങളെ കണ്ടെത്തി നികുതി ചുമത്തുന്നതിന് നഗരസഭയിലെ റവന്യൂ/എഞ്ചിനീയറിംഗ് വിഭാഗത്തിലെ റവന്യൂ ഇൻസ്പെക്ടർമാരും, ഓവർസിയർമാരുമടങ്ങിയ ഒരു ടീം രൂപീകരിച്ചിട്ടുണ്ടെന്നും, മേൽ ടീം കണ്ടെത്തുന്ന കെട്ടിടങ്ങളുടെ നികുതി ചുമത്തി ആയത് പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നഗരസഭ ഫണ്ടിന് നിയമപരമായി ലഭിക്കേണ്ട നികുതി തുകകൾ കാലതാമസമില്ലാതെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 കേരളസംസ്ഥാന ബാംബൂ കോർപറേഷന് സ്ഥലം പാട്ടത്തിന് നൽകിയത് - വസ്തുനികുതി, വാടക ഇനങ്ങളിലായി 36ലക്ഷം രൂപ പിരിച്ചെടുക്കാൻ ബാക്കി

**ഫയൽ നം. ബി1/4527/2008**

ചെറുവണ്ണൂർ-നല്ലളം മേഖലാ കാര്യാലയത്തിന് കീഴിലുള്ള റീ സർവെ 64/1ൽ ഉൾപ്പെടുന്ന 2 ഏക്കർ ഭൂമി, കേരളാ സ്റ്റേറ്റ് ബാംബൂ കോർപറേഷന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രതിവർഷം 1,95,000 രൂപ പാട്ടത്തുക നിശ്ചയിച്ച് ഓരോ വർഷവും 5% വർദ്ധനവോട് കൂടി പാട്ടത്തിന് നൽകി. 9.10.2009ന് നഗരസഭയുമായി ഉടമ്പടി വെച്ച് ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചു. 7/714S നമ്പറിലുള്ള പ്രസ്തുത കെട്ടിടത്തിന് ഒരു അർദ്ധ വർഷത്തേക്ക് 1,44,317രൂപ വസ്തുനികുതി ചുമത്തുകയും; 2011-12 ഒന്നാം അർദ്ധവർഷം വരെയുള്ള നികുതി സ്ഥാപനം അടവാക്കുകയും ചെയ്തു. 2011-12 രണ്ടാം അർദ്ധവർഷം മുതൽ 2016-17 രണ്ടാം അർദ്ധവർഷം വരെയുള്ള വസ്തുനികുതി 15,87,487രൂപയും 2012 ജൂൺ മാസം മുതൽ ഫെബ്രുവരി 2017 വരെയുള്ള വാടക 18,84,649 രൂപയും അടവാക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ ആകെ 34,72,136രൂപ അടവാക്കാനാവശ്യപ്പെട്ടു കൊണ്ട് നഗരസഭ 1.2.2017ന് സ്ഥാപനത്തിന് നോട്ടീസ് നൽകി. എന്നാൽ സ്ഥാപനത്തിന് ഉദ്ദേശിച്ച രീതിയിൽ വരുമാന വർദ്ധനവ് ലഭിക്കാത്തതിനാൽ കുടിശ്ശിക തുക അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിക്കിട്ടുന്നതിന് നഗരസഭയിൽ അപേക്ഷ സമർപ്പിക്കുകയും കുടിശ്ശിക തുക ഒഴിവാക്കുന്നതിനുള്ള അനുമതിക്കായി സർക്കാരിലേക്ക് കത്തയയ്ക്കുന്നതിനായി നഗരസഭ കൗൺസിൽ തീരുമാനമെടുക്കുകയും ചെയ്തു. 9/13 വരെയുള്ള വാടക പിഴ ഉൾപ്പെടെ 5,00,000 രൂപ 11614500144 രസീത് പ്രകാരം 29.3.2017 ന് സ്ഥാപനം നഗരസഭയിൽ അടവാക്കി. അവശേഷിക്കുന്ന തുക ഈടാക്കുന്നതിനായി നഗരസഭ റവന്യൂ റിക്കവറി നടപടി ആരംഭിച്ചു. ഇതിനെതിരെ സ്ഥാപനം ബഹു.ഹൈക്കോടതിയിൽ WP(C) 15343/17 നം. ആയി റിട്ട് ഹർജി നൽകുകയും കേസിൽ 5.7.2017ന് വിധി പ്രസ്താവിക്കുകയും ചെയ്തു. കുടിശ്ശിക ഒഴിവാക്കുന്ന വിഷയത്തിൽ വ്യവസായവകുപ്പ് സെക്രട്ടറി യുക്തമായ ഉത്തരവ്

പുറപ്പെടുവിക്കാനാണ് വിധി. വിധി പ്രസ്താവിച്ച് 2 വർഷം കഴിഞ്ഞെങ്കിലും ഇതുവരെ ഉത്തരവുകളൊന്നും ലഭ്യമായിട്ടില്ല. ഇക്കാര്യം ചൂണ്ടിക്കാണിച്ച കൊണ്ട് 23.1.2018, 29.9.2018, 3.7.2019 തീയതികളിൽ വ്യവസായവകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയതല്ലാതെ ബാംബൂ കോർപറേഷനിൽ നിന്ന് കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികളൊന്നും നഗരസഭ ഇതുവരെ സ്വീകരിച്ചിട്ടില്ല.

2018-19 വരെ വസ്തുനികുതി ഇനത്തിൽ 21,64,755 രൂപയും വാടക ഇനത്തിൽ 15,07,540 രൂപയും (ആകെ 36,72,295രൂപ) ബാംബൂ കോർപറേഷനിൽ നിന്ന് പിരിഞ്ഞു കിട്ടാനുണ്ട്. നഗരസഭയ്ക്ക് കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന് പകരം കുടിശ്ശികതുക ഒഴിവാക്കുന്നതിന് ശുപാർശ ചെയ്യതിനാൽ ഓരോ വർഷവും വസ്തുനികുതിയിനത്തിലും വാടകയിനത്തിലും വലിയൊരു തുക നഗരസഭയ്ക്കക്ക് നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. കുടലഭിക്കാനുള്ള തുക ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-35 പൂരക പോഷകാഹാര പദ്ധതിക്ക് ലഭിക്കുന്ന കേന്ദ്ര വിഹിതം പൂർണ്ണമായും വിനിയോഗിക്കുന്നില്ല.

**ഫയൽ നമ്പർ: D8/107385/11**

കോഴിക്കോട് നഗരസഭക്ക് കൈമാറികിട്ടിയ 4 അർബൺ സി.ഡി.പി.ഒ.യ്ക്ക് കീഴിലുള്ള 543 അങ്കണവാടികളിൽ പോഷകാഹാര വിതരണത്തിനായി 2018-19 വർഷത്തിൽ 12 പദ്ധതികൾക്കായി ചെലവ് പത്രിക പ്രകാരം ആകെ 6,40,03,601/- രൂപ[വികസനഫണ്ട് (പൊതു വിഭാഗം) - 3,00,03,601/-, വികസനഫണ്ട് (എസ്.സി.പി) 40,00,000/-, കേന്ദ്രവിഹിതം - 3,00,00,000/-]വകയിരുത്തിയതായും വികസനഫണ്ടിൽ നിന്നു മാത്രമായി 3,29,57,048/- രൂപ ചെലവഴിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. അതായത് പദ്ധതി ചെലവുകൾ ഉൾപ്പെടുത്തുന്ന സുലേഖ സോഫ്റ്റ് വെയറിൽ ഈ പദ്ധതിയുടെ ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത് വികസന ഫണ്ടിന്റെ ചെലവു മാത്രമാണ്. യഥാർത്ഥത്തിൽ കേന്ദ്ര വിഹിതത്തിൽ നിന്നും ലഭിച്ച തുകയിൽ നിന്നും 1,72,83,400/- രൂപ 2018-19 സാമ്പത്തിക വർഷത്തിൽ സി.ഡി.പി.ഒ മാർക്ക് ചെലവഴിക്കാൻ നൽകിയിട്ടുണ്ട്. തൻവർഷം കേന്ദ്ര വിഹിതത്തിൽ നിന്നും ഒരു രൂപ പോലും ചെലവഴിച്ചിട്ടില്ല എന്ന തെറ്റായ വിവരമാണ് നഗരസഭ പ്ലാനിംഗ് വിഭാഗം ബന്ധപ്പെട്ട മേലധികാരികൾക്കും ഓഡിറ്റിനും സമർപ്പിച്ച പദ്ധതി ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഓരോ വർഷവും പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം നഗരസഭയുടെ രണ്ട് അക്കൗണ്ടിൽ സെക്രട്ടറിയുടെ പേരിൽ നിക്ഷേപിക്കുന്നുണ്ട്. മേൽ ഫണ്ടിന്റെ വരവ് ചെലവുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (2018-19 സാമ്പത്തിക വർഷത്തെ ബാങ്ക് പാസ്സ് ബുക്കുകൾ പ്രകാരം)

| തീയ്യതി | 450610600 പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 1423000105456711) | | | ടി.എസ്.ബി. (തനത് ഫണ്ട്) അക്കൗണ്ട്.നം. 450250101 | | |
|---|---|---|---|---|---|---|
| | വരവ് | ചെലവ് | ചെക്ക് നം, തീയ്യതി | തീയ്യതി | വരവ് | ഫണ്ടിനം |
| മുൻബാക്കി | 95,10,728 | | | | | |
| 19.05.2018 | 26,16,381 | 7,74,181 | 746441, 10/05/2018 | 29.11.2018 | 20,93,350 | SNP (General) |
| | 2,819 | 24,99,970 | 746445, 10/05/2018 | | 37,250 | SNP (SCP) |
| | 26,050 | 25,00,000 | 746446, 01/06/2018 | | 18,24,075 | SNP (General) |
| 08.08.2018 | 14,025 | 5,40,110 | 746447, 01/06/2018 | | 13,150 | SNP (SCP) |
| പലിശ 08.08.2018 | 81,496 | 6,69,103 | 746448, 14/08/2018 | | 15,82,625 | SNP (General) |
| S.B.I (S.B OWN FUND) 67109350615 18.09.2018 | 3,47,69,474 [Chq. no. 947854] | 5,98,555 | 746449, 14/08/2018 | | 94,425 | SNP (SCP) |
| പലിശ | 62,653 | 47,08,175 | 746450, | | 1,275 | SNP (TSP) |

| | | | | | | |
|---|---|---|---|---|---|---|
| 12.10.2018 | | | 28/03/2019 | | | |
| 12.10.2018 | 22,408 | 49,93,271 | 746452, 28/03/2019 | 23.02.2019 | 13,78,775 | SNP (General) |
| പലിശ 23.01.2019 | 2,97,265 | 35 | ബാങ്ക് ചാർജ്ജ് 27.02.2019 | | 13,65,300 | |
| 23.01.2019 | 75,425 | | | | 14,15,800 | |
| | 11,68,954 | | | 29.03.2019 | 36,950 | |
| 27.02.2019 | 13,11,350 | | | മേൽ അക്കൗണ്ടിലെ തുക പോഷകാഹാര പദ്ധതികൾക്കായിചെലവഴിച്ചിട്ടില്ല. | | |
| TSB(OWN FUND) A/C 19.03.2019 | 83,90,225 | | | | | |
| 27.03.2019 | 4,71,771 | | | | | |
| പലിശ 28.03.2019 | 4,06,211 | | | | | |
| ആകെ | 5,92,27,235 | 1,72,83,400 | | | | |
| നീക്കിയിരിപ്പ് തുക - 4,19,44,835/- (59227235 – 17283400) | | | | | | |
| രണ്ട് അക്കൗണ്ടിലുമായി ആകെ നീക്കിയിരിപ്പ് തുക 5,17,87,810/- (അഞ്ച് കോടി പതിനേഴ് ലക്ഷത്തി എൺപത്തിയേഴായിരത്തി എണ്ണൂറ്റി പത്ത് രൂപ) [41944835 +9842975] | | | | | | |

| | |
|---|---|
| SNP (General) | 96,96,875 |
| SNP (SCP) | 1,44,825 |
| SNP(TSB) | 1,275 |
| ആകെ | 98,42,975 |

കൂടാതെ അങ്കണവാടികളിൽ ബേബി ഫ്രണ്ട്-ലി ടോയ് ലറ്റ്, കുടിവെള്ള പദ്ധതി എന്നിവയ്ക്കായി യഥാക്രമം 60,000/- രൂപ, 30,000/- രൂപ എന്നിങ്ങനെ ആകെ 90000/- രൂപ സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. രണ്ട് തുകയും മേൽ ടി.എസ്.ബി. അക്കൗണ്ടിലാണ് നിക്ഷേപിച്ചത്. 12.04.2006 ലെ (പി)177/ 2006/ധനം നമ്പർ ഉത്തരവിൽ കേന്ദ്ര വിഹിതമായി ലഭിക്കുന്ന തുക പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് സർക്കാർ നിർദ്ദേശമുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതെ 2 അക്കൗണ്ടിൽ പണം നിക്ഷേപിക്കുന്നതും ചെലവഴിക്കുന്നതും ഫണ്ട് വിനിയോഗത്തിന്റെ ദുരുപയോഗമായിട്ടേ വിലയിരുത്താൻ കഴിയുകയുള്ളൂ. മേൽ അപാകതകൾ ചൂണ്ടി കാണിച്ച് 26.08.2019 ന് നൽകിയ ഒ.എസ്. ന് (നം.19/ 2018 -19) മറുപടി ലഭ്യമാക്കിയിട്ടില്ല. വകയിരുത്തിയ തുകയ്ക്ക് അനുസൃതമായി ലഭ്യമായ കേന്ദ്രവിഹിതം ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-36 വസ്തു നികുതി അടവാക്കാതെ കെ.എസ്.ആർ.ടി.സി വർക്ക് ഷോപ്പ്.

കോഴിക്കോട് നഗരസഭ എലത്തൂർ മേഖല കാര്യാലയ പരിധിയിൽ റീ. സർവ്വേ നമ്പർ. 22/9, 22/10, 22/11 ഉൾപ്പെടുന്ന 2.5 ഏക്കർ ഭൂമിയിൽ 2009 മുതൽ കെ.എസ്.ആർ.ടി.സി.യുടെ വർക്ക് ഷോപ്പ് പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥലത്ത് 2 കെട്ടിടങ്ങൾ ഓഫീസ് ആവശ്യത്തിനായും, ഷെഡ്ഡോഡു കൂടിയ വലിയ കെട്ടിടം വർക്ക് ഷോപ്പ് ആയും കെ.എസ്.ആർ.ടി.സി. വിഭാഗം വിനിയോഗിക്കുന്നുണ്ട് (കെട്ടിട നം.12/329 എ, ബി, സി). 3 കെട്ടിടങ്ങളുടേയും 2019-20 ലെ വാർഷിക വസ്തു നികുതി നം.34968, 34969, 34970 എന്നീ രശീതികൾ മുഖേന 16.11.2019 ന് അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിങ്ങളുടെ 2018-19 വരെയുള്ള വസ്തു നികുതി അടവാക്കിയിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 538, 538എ, എന്നിവയിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുക വസൂലാക്കുന്നത് എങ്ങനെയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അപ്രകാരമുള്ള നടപടികൾ നഗരസഭയുടെ ഭാഗത്ത് നിന്നുമുണ്ടായിട്ടില്ല. നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതി തുകകൾ യഥാസമയം ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തു നികുതിയിനത്തിൽ നഗരസഭ ഫണ്ടിന് ലഭിക്കേണ്ട തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-37 കണ്ടൽകാട് ഉൾപ്പെടുന്ന പുഴപുറമ്പോക്ക് ഭൂമികൾ നിയമവിരുദ്ധമായി ലീസിന് നൽകി.

ഫയൽ നം. സി ഇംഎസ്ഡ്/ബി.1/4867/2012

ശ്രീ.മുഹമ്മദ് ഹസ്സൻ എന്നവർക്ക് ചെറുവണ്ണൂർ - നല്ലളം ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലത്ത് പാട്ട വ്യവസ്ഥയിൽ അനുവദിച്ചതാണ് 84(1)/10 279 റീ. സ.നമ്പറിലുള്ള 97.77 സെന്റ് പുറമ്പോക്ക് ഭൂമി. മേൽ ഭൂമിയോട് ചേർന്ന് ടിയാന്റെ ഉടമസ്ഥതയിലുള്ള 99.13 സെന്റ് ഭൂമി 27.01.2016 ന് ശ്രീ.പി.ഉമ്മർക്കോയ, ഇൻസാഫ് എക്സ്പോർട്ട്, മധുര ബസാർ, ചെറുവണ്ണൂർ എന്നവർ വാങ്ങി. 16.11.2018 ന് പാട്ടവ്യവസ്ഥയിൽ ശ്രീ.മുഹമ്മദ് ഹസ്സന് അനുവദിച്ച ഭൂമി തന്റെ പേരിലേക്ക് മാറ്റി അനുവദിക്കണമെന്ന് ശ്രീ.പി.ഉമ്മർക്കോയ സെക്രട്ടറിയോട് അപേക്ഷിച്ചു. അപേക്ഷയോടൊപ്പം ശ്രീ.മുഹമ്മദ് ഹസ്സന്റെ സമ്മതപത്രവും സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയ റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കണ്ടൽ കാടിന്റെ ആവാസ വ്യവസ്ഥക്ക് മാറ്റം വരുത്തരുതെന്നും, ഭൂമിയുടെ നിലവിലെ കമ്പോള വിലയുടെ 10% കണക്കാക്കി ലൈസൻസ് ഫീസിൽ 50% വർദ്ധനവ് വരുത്തി ശ്രീ.ഉമ്മർക്കോയ എന്നവർക്ക് പാട്ടത്തിനു അനുവദിക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 10.07.2019 ലെ യോഗത്തിൽ തീരുമാനമെടുത്ത് കൗൺസിലിലേക്ക് ശുപാർശ ചെയ്തു. (തീരുമാനം നം.28). മേൽ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) 1994 ലെ മുനിസിപ്പൽ നിയമം വകുപ്പ് 208(എ)(1), 25.09.2014 ലെ 41630/ആർ.സി.4/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലർ എന്നിവയിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന നദികളുടേയും, പുഴകളുടേയും ഏതെങ്കിലും ഭാഗം ദീർഘകാലത്തേക്കോ, താൽക്കാലികമായോ അന്യാധീനപ്പെടുത്തരുതെന്നും, ഇതിനകം പുഴഭാഗം പാട്ടത്തിന് നൽകിയവയുണ്ടെങ്കിൽ അത്തരം നടപടി നിയമവിരുദ്ധമാകയാൽ എത്രയും വേഗം പാട്ടം റദ്ദ് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ മേൽ നിയമത്തിലെ വ്യവസ്ഥകളും, സർക്കുലറിലെ നിർദ്ദേശങ്ങളും പരിഗണിക്കാതെയാണ് നഗരസഭ അധികൃതർ കണ്ടൽകാട് ഉൾപ്പെടുന്ന പുഴപുറമ്പോക്ക് ഭൂമികൾ ലീസിനായി നൽകിയത്.

(2) കേരള വനനിയമം, കേന്ദ്ര വനപരിപാലന നിയമം, കേരള വൃക്ഷ സംരക്ഷണ നിയമം, കേന്ദ്രപരിസ്ഥിതി സംരക്ഷണ നിയമം, വന്യജീവിനിയമം, കേരള നെൽവയൽ നീർത്തട സംരക്ഷണനിയമം, തീരദേശ സംരക്ഷണ നിയമം തുടങ്ങിയവയിൽ കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിയമങ്ങളിലെ വ്യവസ്ഥകളും ഭൂമികൾ ലീസിനായി നൽകിയപ്പോൾ പാലിച്ചിട്ടില്ല.

(3) റവന്യൂ ഇൻസ്പെക്ടറുടെ 29.12.2018 ലെ അന്വേഷണ റിപ്പോർട്ടിൽ പ്രസ്തുത സ്ഥലം നിലവിൽ ഉപയോഗിച്ചു വരുന്നത് ശ്രീ.ഉമ്മർക്കോയ എന്നവരാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.മുഹമ്മദ് ഹസ്സൻ എന്നവർക്ക് 01.04.2016 മുതൽ 31.03.2019 വരെയുള്ള കാലത്തേക്ക് ലൈസൻസ് വ്യവസ്ഥയിൽ അനുവദിച്ച ഭൂമി നിലവിൽ കൗൺസിലിന്റെ അനുവാദവും അംഗീകാരവുമില്ലാതെ ശ്രീ.ഉമ്മർക്കോയ ഉപയോഗിക്കുന്നത് 1994 ലെ മുനിസിപ്പൽ നിയമം വകുപ്പ് 376 ന്റെ ലംഘനമാണ്. ആയതിനാൽ 1998 ലെ കേരള മുനിസിപ്പാലിറ്റി (പുറമ്പോക്ക് കയ്യേറ്റത്തിന് പിഴ ചുമത്തൽ) ചട്ടങ്ങൾ പ്രകാരം പിഴ അടവാക്കേണ്ടതാണ്. എന്നാൽ മേൽ വിവരിച്ച നിയമ നടപടികൾ സ്വീകരിച്ചിട്ടില്ല.

(4) മേഖല കാര്യാലയത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്ററിൽ (ചെറുവണ്ണൂർ - നല്ലളം ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലത്ത് തയ്യാറാക്കിയത്) പ്രസ്തുത സ്ഥലങ്ങൾ സിദ്ധിച്ചത് സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല. മുനിസിപ്പാലിറ്റി നിയമം വകുപ്പ്.530എ(1), പ്രകാരം സെക്രട്ടറിക്ക് മേയർ/ചെയർപേഴ്സൺ എന്നിവരുടെ അനുവാദത്തോടു കൂടി ലിഖിതമായ ഒരുത്തരവ് മൂലം ഒരു വില്ലേജിനെ സംബന്ധിച്ചോ അതിന്റെ പരിധിയിലുള്ള ഏതെങ്കിലും വസ്തുവിനെ സംബന്ധിച്ചോ നിർണ്ണയിക്കപ്പെടാവുന്ന തരം വിഭാഗങ്ങളിൽ ഏതെങ്കിലും സംഗതിയെ സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ മുനിസിപ്പൽ പ്രദേശത്തെ ബന്ധപ്പെട്ട വില്ലേജ് ഓഫീസറോട് ആവശ്യപ്പെടാവുന്നതാണ്. എന്നാൽ മേൽ നിയമപരമായ നടപടികളും സ്വീകരിച്ചിട്ടില്ല.

അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 31.1.2020ന് നൽകിയ ഒ.എസിന് (137/18-19) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നിയമവിരുദ്ധമായി പാട്ടവ്യവസ്ഥയിൽ അനുവദിച്ച പുറമ്പോക്ക് ഭൂമിയുടെ പാട്ടം റദ്ദ് ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വിശദാംശങ്ങൾ വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമാക്കി ഭൂമിയുടെ സ്കെച്ചിന്റെ പകർപ്പ് സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-38 പദ്ധതി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി വികസന ഫണ്ട് ഉപയോഗിച്ച് കക്കൂസ് റിപ്പയർ

(എ) ഫയൽ നം. : K3/98269/17 (ടോയ് ലറ്റ് റിപ്പയർ)

പ്രോജക്ട് നം. : 599

പദ്ധതി അടങ്കൽ : 33,02,400 (വികസന ഫണ്ട്)

ചെലവ് : 11,10,200/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : കുടുംബശ്രീ പ്രൊജക്ട് ഓഫീസർ

| ബിൽ നം./തീയതി | തുക |
|---|---|
| 12/18.07.18 | 1,40,000 |
| 14/18.07.18 | 3,13,200 |
| 22/27.07.18 | 41,600 |
| 39/29.09.18 | 1,15,600 |
| 71/12.12.18 | 70,200 |
| 77/17.01.19 | 53,200 |
| 112/22.03.19 | 2,47,600 |
| 114/23.03.19 | 1,28,800 |
| ആകെ | 11,10,200 |

നഗരസഭ പരിധിയിലെ പൊട്ടിപൊളിഞ്ഞ കക്കൂസുകൾ റിപ്പയർ ചെയ്യുന്നതിന് 2017-18 വർഷം 766/18 നമ്പർ പ്രോജക്ട് തയ്യാറാക്കുകയുണ്ടായി. ടി വർഷം 237 പേർക്ക് ഒന്നാം ഗഡുവായ 10,000/- രൂപ വീതവും 19 പേർക്ക് 2-ാം ഗഡുവായ 5,400/- രൂപ വീതവും ഉൾപ്പെടെ 24,72,600/- രൂപ ചെലവഴിച്ചു. 2017-18 ൽ 57,75,000/- രൂപ വികസന ഫണ്ടിൽ നിന്ന് വകയിരുത്തിയിരുത്തുകയും പ്രസ്തുത വർഷം ചെലവഴിച്ചതിന്റെ ബാക്കി 33,02,400/- രൂപ 2018-19 വർഷം 599-ാം നമ്പർ പ്രോജക്ടിൽ വകയിരുത്തുകയും 11,10,200/- രൂപ ചെലവഴിക്കുകയും ചെയ്തു. ഈ പദ്ധതിയ്ക്ക് 75 വാർഡുകളിൽ നിന്നും 5 ഗുണഭോക്താക്കളെ വീതം കണ്ടെത്തി 375 പേർക്ക് 15,400/- രൂപ തോതിലാണ് തുക വകയിരുത്തിയിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

(1) 2017-18, 2018-19 വർഷങ്ങളിൽ കക്കൂസ് റിപ്പയറിന് വികസന ഫണ്ട് ചെലവഴിക്കാൻ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളില്ല. 2017-18 വർഷത്തെ ഓഡിറ്റിൽ ടി വിഷയം പരാമർശിച്ചിരുന്നെങ്കിലും പ്രസ്തുത നിർദ്ദേശം പാലിക്കാതെ 2018-19ലും പ്രസ്തുത പദ്ധതിയ്ക്ക് വേണ്ടി വികസന ഫണ്ട് വകയിരുത്തി തുക ചെലവഴിച്ചു.

(2) വാർഡ് കമ്മിറ്റി പരിഗണിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

(3) എല്ലാ ഗുണഭോക്താക്കൾക്കും കക്കൂസ് റിപ്പയറിന് 15,400/- രൂപ വീതം നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല.

(4) 2018-19 ലെ പ്രോജക്ടും പ്രോജക്ട് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

(5) 11,10,200/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചെങ്കിലും 6,10,400/- രൂപയുടെ ചെലവ് സ്റ്റേറ്റ്മെന്റ് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണംആവശ്യപ്പെട്ടുകൊണ്ട് 18.10.2019 ന് നൽകിയ 61ാം നമ്പർ ഒ.എസ്. ന് 9.12.2019ന് കുടുംബശ്രീ പ്രൊജക്ട് ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ ഒ.എസിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് വ്യക്തമായ വിശദീകരണം നൽകിയിട്ടില്ല.

**(ബി) ഫയൽ നം. : K2/86798/18 (ടോയ് ലറ്റ് റിപ്പയർ)**

പ്രോജക്ട് നം. : 40/19

പദ്ധതി അടങ്കൽ : 57,75,000/- (വികസന ഫണ്ട്)

ചെലവ് : 28,74,200/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : കുടുംബശ്രീ പ്രൊജക്ട് ഓഫീസർ

| ബിൽ നം./തീയതി | തുക |
|---|---|
| 57/30.11.2018 | 4,90,000 |
| 58/30.11.2018 | 5,30,000 |
| 59/30.11.2018 | 5,10,000 |
| 60/30.11.2018 | 1,80,000 |
| 72/28.12.2018 | 2,70,000 |
| 78/23.01.2019 | 1,50,000 |
| 79/23.01.2019 | 1,20,000 |
| 80/23.01.2019 | 32,400 |
| 99/12.03.2019 | 2,29,600 |
| 100/12.03.2019 | 1,40,200 |
| 113/25.03.2019 | 2,22,000 |
| ആകെ | 28,74,200 |

2018-19 വർഷത്തെ പദ്ധതി മാർഗ്ഗരേഖയിൽ കക്കൂസ് റിപ്പയർ വികസന ഫണ്ട് ഉപയോഗിച്ച് നടത്താൻ നിർദ്ദേശമില്ല. എന്നാൽ ഇതിന് വിരുദ്ധമായി തൻവർഷം വികസനഫണ്ടിൽ നിന്നും 28,74,200/- ചെലവഴിച്ചിട്ടുണ്ട്. മാത്രമല്ല ഗുണഭോക്താക്കളുടെ അംഗീകൃത ലിസ്റ്റ്, യൂണിറ്റ് കോസ്റ്റ്, വ്യക്തിഗത അപേക്ഷകൾ, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് 25.10.2019 ന് നൽകിയ 66ാം നമ്പർ ഒ.എസ്. ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി കൊണ്ട് പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ വീടിന്റെ ഓണർഷിപ്പ്, കെട്ടിട നികുതി അടച്ചതിന്റെ രശീതി, പ്രവർത്തിയുടെ വാല്വേഷൻ റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മേൽ പറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിലും 14.2.2018 ലെ സ.ഉ.(കൈ)നം.22/2018/തസ്വഭവ പ്രകാരം വികസനഫണ്ടിൽ നിന്നും കക്കൂസ് റിപ്പയറിന് തുക ചെലവഴിക്കാൻ നിർദ്ദേശമില്ലാത്തതിനാലും 39,84,400/- (11,10,200+28,74,200) രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-39 കുടുംബശ്രീ അയൽകൂട്ട ഭാരവാഹികൾക്ക് അക്കൗണ്ടിംഗ് പരിശീലനം - പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി വികസന ഫണ്ട് ചെലവഴിച്ചു

**ഫയൽ നം. : K2/1051/18**

പ്രോജക്ട് നം. : 550/19

പദ്ധതി അടങ്കൽ : 3 ലക്ഷം (വികസന ഫണ്ട്)

ചെലവ് : 3 ലക്ഷം

ബിൽ നം./തീയതി : 63/22.12.2018

നിർവ്വഹണം : കുടുംബശ്രീ പ്രോജക്ട് ഓഫീസർ

നഗരസഭയിലെ നോർത്ത്, സൗത്ത് സെൻട്രൽ സി.ഡി.എസ്. ന് കീഴിൽ രജിസ്റ്റർ ചെയ്ത കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സെക്രട്ടറി, പ്രസിഡന്റ് തുടങ്ങിയ ഭാരവാഹികൾക്ക് അക്കൗണ്ടിംഗ് പരിശീലനം നൽകാനാണ് മേൽ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിന്റെ മേൽനോട്ട ചുമതല സെൻട്രൽ സി.ഡി.എസ്. നെയാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ കുടുംബശ്രീ പ്രോജക്ട് ഓഫീസർ ഏൽപ്പിച്ചിട്ടുള്ളത്.

പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കുടുംബശ്രീയുടെ അക്രഡിറ്റ് ഏജൻസിയായ ടെക്നോവേൾഡ് ഐ.ടി. & സ്കിൽ ട്രെയിനിംഗ് സെന്റർ, കോഴിക്കോട് എന്ന സ്ഥാപനത്തെ പരിഗണിക്കുന്നതിന് സി.ഡി.എസ്. ഭരണസമിതി 23.10.2018 ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും തുടർന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം 16.11.2018 ലെ 54-ാം നമ്പർ തീരുമാനത്തിന് നഗരസഭാ കൗൺസിൽ അംഗീകാരം നൽകുകയും ചെയ്തു. 22.12.2018ന് വികസന ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ പിൻവലിച്ച് സെൻട്രൽ സി.ഡി.എസ്.ന്റെ കോർപ്പറേഷൻ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.520101048767596) നിക്ഷേപിക്കുകയും ചെയ്തു.

നിർവ്വഹണ ഏജൻസിയുടെ ഡയറക്ടറും നിർവ്വഹണ ഉദ്യോഗസ്ഥനും തമ്മിൽ 27.11.2018 ന് ഒപ്പ് വെച്ച ഉടമ്പടിയിലെ വ്യവസ്ഥ പ്രകാരം പരിശീലനം തുടങ്ങുന്നതിന് മുന്നോടിയായി പ്രോജക്ട് തുകയുടെ 80% തുകയായ 2,40,000/- രൂപ 28.12.2018 ന് സെൻട്രൽ സി.ഡി.എസ്. ന്റെ അക്കൗണ്ടിൽ നിന്നും 789543-ാം നമ്പർ ചെക്ക് പ്രകാരം മുൻകൂർ ആയി നൽകി. ബാക്കി വന്ന 60,000/- രൂപ പരിശീലനം പൂർത്തിയാക്കിയ ശേഷം 29.03.2019 ന് 812548-ാം നമ്പർ ചെക്ക് പ്രകാരവും നൽകി.

<u>പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.</u>

1. സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.5 പ്രകാരം പരിശീലനത്തിന് മാത്രമായി ഒരു പ്രോജക്ട് പാടില്ല. മാത്രമല്ല കുടുംബശ്രീ സംവിധാനത്തിലെ അയൽക്കൂട്ടങ്ങൾക്ക് ഇത്തരം പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് വികസന ഫണ്ട് ചെലവഴിക്കാൻ സർക്കാർ നിർദ്ദേശമില്ല. കുടുംബശ്രീ സി.ഡി.എസ്. ൽ നിലവിൽ വേണ്ടത്ര വിദ്യാഭ്യാസ യോഗ്യതയില്ലാത്ത പുതിയ അയൽക്കൂട്ട ഭാരവാഹികൾക്ക് കണക്കെഴുത്തിൽ പരിശീലനം നൽകലാണ് പ്രോജക്ടിന്റെ ലക്ഷ്യമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വേണ്ടത്ര വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവർക്ക് അക്കൗണ്ടിംഗിൽ എന്ത് പ്രയോജനം ലഭിക്കുന്നു എന്ന് വ്യക്തമല്ല. പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

2. സ.ഉ.(കൈ) നം.17/2018/ത.സ്വ.ഭ.വ. തീയതി 02.02.2018 നമ്പർ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3.8.1(3) അനുസരിച്ച് ഒരു പ്രോജക്ട് യാതൊരു കാരണവശാലും ആ പ്രോജക്ട് നിർവ്വഹണം നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ തന്നെ അംഗീകാരം നൽകാൻ പാടില്ല. അതായത് പ്രോജക്ട് അംഗീകരിക്കുന്ന ഉദ്യോഗസ്ഥനും നിർവ്വഹണം നടത്തുന്ന ഉദ്യോഗസ്ഥനും ഒരാളാകാൻ പാടില്ല. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെയാണ് മേൽ പ്രോജക്ടിന് അംഗീകാരം നൽകിയിരിക്കുന്നത്. ഇതും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

4. ജി.ഒ.(പി) 177/2006/ധനം തീയതി 12.04.2006 നമ്പർ ഉത്തരവിലെ ഖണ്ഡിക 6.1 അനുസരിച്ച് ഭാവിയിൽ ചെലവു വരുമെന്ന നിഗമനത്തിൽ വികസനഫണ്ട് മുൻകൂറായി പിൻവലിക്കാൻ പാടില്ല. എന്നാൽ 14.01.2019 ന് തുടങ്ങി 22.01.2019 ന് അവസാനിച്ച പരിശീലനത്തിന് 22.12.2018 ന് വികസന ഫണ്ടിൽ നിന്നും 3,00,000/-രൂപ മുൻകൂറായി പിൻവലിച്ച് സെൻട്രൽ സി.ഡി.എസ്.ന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുകയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്തത്.

10.12.2019 ന് കുടുംബശ്രീ പ്രോജക്ട് ഓഫീസർ ലഭ്യമാക്കിയ കെ2/1051/18 നമ്പർ മറുപടിയിൽ, കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ ദൈനംദിനപ്രവർത്തനങ്ങളും വരവു ചെലവു കണക്കുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നതിന് ഭാരവാഹികളെ പ്രാപ്തരാക്കുന്നതിനു വേണ്ടി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണെന്ന് പരാമർശിച്ചിരിക്കുന്നു. എന്നാൽ പദ്ധതി മാർഗ്ഗ രേഖ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നിർവ്വാഹമില്ല. ദാരിദ്ര്യ നിർമ്മാർജ്ജന ഡയറക്ടർ മേൽ പദ്ധതിയുടെ സൂക്ഷ്മ പരിശോധനയും അംഗീകാരവും നല്കാൻ തയ്യാറാകാതിരുന്നതിനാലാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ നഗരസഭാ പ്ലാനിംഗ് വിഭാഗത്തിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം

നൽകിയത് എന്നാണ് മറുപടിയിലൂടെ അറിയിച്ചിട്ടുള്ളത്. പദ്ധതി മാർഗ്ഗ രേഖയ്ക്ക് അനുസൃതമായ പ്രോജക്ടല്ലാത്തതിനാൽ മേലുദ്യോഗസ്ഥൻ സൂക്ഷ്മ പരിശോധനയും അംഗീകാരവും നൽകാൻ തയ്യാറാകാതിരുന്ന സാഹചര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ പ്രോജക്ടിന് അംഗീകാരം നൽകിയ നടപടി അംഗീകരിക്കാനാവില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 3 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-40 മൃഗാശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ - വാങ്ങിയ മരുന്നുകൾ സ്റ്റോക്കിലെടുക്കാത്തതും മറ്റപാകതകളും

നിർവ്വഹണോദ്യോഗസ്ഥൻ :സീനിയർ വെറ്ററിനറി സർജൻ, കോഴിക്കോട്

| | |
|---|---|
| പ്രോജക്ട് നം. | :394/2019 |
| വകയിരുത്തിയ തുക | :60,00,000/- സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) |
| ചെലവ് | :46,29,113/- (ബിൽ നം. 22/2018-19 തീയതി 27/3/2019) |
| | :8,72,672/- (ബിൽ നം. 23/2018-19 തീയതി 27/3/2019) |
| ആകെ | :55,01,785/- |

മേൽ പ്രൊജക്ട് പ്രകാരം നഗരസഭാപരിധിയിലെ വിവിധ മൃഗാശുപത്രികളിലേക്കുള്ള മരുന്നുകൾ ഇ-ടെണ്ടർ മുഖേന ഡൈനാവെറ്റ്, മൈത്രി ഫാർമ എന്നീ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയിട്ടുണ്ട്. വാങ്ങിയ മരുന്നുകൾ സ്റ്റോക്കിലെടുക്കുകയും ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റൽ, ഉപകേന്ദ്രങ്ങളായ എലത്തൂർ വെറ്ററിനറി ഡിസ്പൻസറി, മാങ്കാവ് വെറ്ററിനറി ഡിസ്പൻസറി, ചെറുവണ്ണൂർ - നല്ലളം വെറ്ററിനറി ഡിസ്പൻസറി എന്നിവിടങ്ങളിലേക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റലിലേക്കുള്ള മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും പല മരുന്നുകളും വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. എലത്തൂർ വെറ്ററിനറി ഡിസ്പൻസറി, മാങ്കാവ് വെറ്ററിനറി ഡിസ്പൻസറി എന്നീ സ്ഥാപനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

**(എ) മരുന്നുകൾ പൂർണ്ണമായും സ്റ്റോക്കിലെടുത്തിട്ടില്ല**

എലത്തൂർ വെറ്ററിനറി ഡിസ്പൻസറി, മാങ്കാവ് വെറ്ററിനറി ഡിസ്പൻസറി എന്നീ സ്ഥാപനങ്ങൾ പ്രൊജക്ട് പ്രകാരം വാങ്ങിയ മരുന്നുകൾ പൂർണ്ണമായും സ്റ്റോക്കിലെടുത്തിട്ടില്ല എന്നു കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

1. മാങ്കാവ് വെറ്ററിനറി ഡിസ്പൻസറി

| Sl no. | Description | quantity | Rate | GST | | Total amount |
|---|---|---|---|---|---|---|
| | | | | % | amount | |
| DYNA VET | | | | | | |
| 1 | HITEK INJ 10ml | 10 | 140.00 | 12 | 16.80 | 1568.00 |
| 2 | HITEK INJ 100ml | 10 | 487.50 | 12 | 58.50 | 5460.00 |
| 3 | NEODEX FORTE 50g | 20 | 71.00 | 12 | 8.52 | 1590.40 |
| 4 | XYROFUR 1g | 4 | 330.00 | 12 | 39.6 | 1478.40 |
| 5 | GENTAMICIN 100ml | 10 | 125.00 | 12 | 15 | 1400.00 |
| MYTHRI PHARMA | | | | | | |
| 1 | RUMISAC BOLUS | 625 | 40.90 | 0 | | 25562.50 |
| 2 | ATROTAS | 25 | 3.90 | 6 | .234 | 103.35 |
| 3 | BACTRISOL BOLUS | 100 | 10.80 | 12 | 1.3 | 1210.00 |
| 4 | CAPSOLA GOLD | 23 | 2912.00 | 0 | | 66976.00 |

| | | | | | | |
|---|---|---|---|---|---|---|
| 5 | CEPHALEX | 50 | 45.54 | 12 | 5.46 | 2550.00 |
| 6 | METROZAP | 25 | 11.16 | 12 | 1.33 | 312.25 |
| Total | | | | | | 108210.90 |

2. എലത്തൂർ വെറ്ററിനറി ഡിസ്പൻസറി

| Sl no. | Description | quantity | Rate | GST | | Total amount |
|---|---|---|---|---|---|---|
| | | | | % | Amount | |
| DYNA VET | | | | | | |
| 1 | HITEK INJ 10ml | 10 | 140.00 | 12 | 16.8 | 1568.00 |
| 2 | HITEK INJ 100ml | 10 | 487.50 | 12 | 58.5 | 5460.00 |
| 3 | NEODEX FORTE 50g | 20 | 71.00 | 12 | 8.52 | 1590.40 |
| 4 | XYROFUR 1g | 4 | 330.00 | 12 | 39.6 | 1478.40 |
| 5 | CEFPET DS 30ml | 50 | 106.00 | 12 | 12.72 | 5936.00 |
| 6 | CEFPET XL 10's | 150 | 230.00 | 12 | 27.6 | 38640.00 |
| 7 | DIGYTON PLUS LIQ 100ml | 10 | 142.85 | 12 | 17.142 | 1600.00 |
| 8 | KISKIN 30ml | 50 | 61.00 | 12 | 7.32 | 3416.00 |
| 9 | MELOBEST PET TAB 10's | 50 | 65.00 | 12 | 7.8 | 3640.00 |
| 10 | MELONEX ORAL SUSP | 10 | 53.00 | 12 | 6.36 | 593.60 |
| 11 | MICODIN SHAMPOO | 5 | 115.00 | 12 | 13.8 | 644.00 |
| 12 | NAYFLEE PLUS SPOT ON | 10 | 145.00 | 12 | 17.4 | 1624.00 |
| 13 | NEOMEC TAB | 115 | 90.00 | 12 | 10.8 | 11592.00 |
| 14 | POMISOL EAR DROPS | 20 | 53.00 | 12 | 6.36 | 1187.20 |
| 15 | DIAROCK | 500 | 17.00 | 12 | 2.04 | 9520.00 |
| 16 | AMOXIRUM BOLUS | 200 | 44.11 | 12 | 5.3 | 9882.00 |
| 17 | GARD PLUS INJ | 15 | 305.00 | 12 | 36.6 | 5124.00 |
| 18 | HEALANT CREAM | 25 | 172.00 | 12 | 20.64 | 4816.00 |
| 19 | HITEK PLATINUM INJ | 10 | 180.00 | 12 | 21.6 | 2016.00 |
| 20 | LIXEN PALA TAB | 50 | 145.00 | 12 | 17.4 | 8120.00 |
| 21 | NILZAN | 40 | 62.00 | 12 | 7.44 | 2777.60 |
| 22 | VETBACIN | 250 | 45.00 | 12 | 5.4 | 12600.00 |
| 23 | BERNIL INJ | 5 | 75.58 | 12 | 9.06 | 423.20 |
| 24 | RECEPTAL | 5 | 625.00 | 12 | 75 | 3500.00 |
| 25 | EPIDOSIN INJ | 10 | 40.00 | 12 | 4.8 | 448.00 |
| 26 | LYSETIC | 100 | 41.00 | 12 | 4.92 | 4592.00 |
| 27 | ROBENDOL BOLUS | 100 | 100.00 | 12 | 12 | 11200.00 |
| 28 | TAMIC VET INJ | 3 | 789.33 | 5 | 39.46 | 2486.40 |
| 29 | CALBOROGLUCONATE | 20 | 106.00 | 12 | 12.72 | 2374.40 |
| 30 | OVERMET | 50 | 164.64 | 0 | | 8232.00 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 31 | OXYTETRACYCLINE INJ | 15 | 57.00 | 12 | 6.84 | 957.60 |
| 32 | PREDNISOLEN | 10 | 30.00 | 12 | 3.6 | 336.00 |
| 33 | THIACAL | 9 | 180.00 | 12 | 21.6 | 1814.40 |
| 34 | TOLFIN BOLUS | 185 | 30.00 | 12 | 3.6 | 6216.00 |
| 35 | TOLFIN8% | 10 | 365.00 | 12 | 43.8 | 4088.00 |
| 36 | VOXIM INJ | 15 | 430.00 | 12 | 51.6 | 7224.00 |
| 37 | CALPOVET GEL | 100 | 160.00 | 0 | | 16000.00 |
| 38 | NANZ ALCORUB | 14 | 446.44 | 12 | 53.57 | 7000.00 |
| 39 | AVACET BOLUS | 100 | 29.29 | 12 | 3.51 | 3280.00 |
| 40 | AVOXY | 350 | 19.50 | 12 | 2.34 | 7644.00 |
| 41 | XYLAXIN | 5 | 212.00 | 12 | 25.44 | 1187.20 |
| 42 | FLYTICK SAFE BOLUS | 100 | 48.00 | 12 | 5.76 | 5376.00 |
| 43 | CAFPLAN | 25 | 520.00 | 0 | | 13000.00 |
| 44 | ECOTAS BOLUS | 50 | 81.90 | 0 | | 4095.00 |
| 45 | ENROTAS BH | 20 | 1075.00 | 12 | 129 | 24080.00 |
| 46 | CFLOX POWDER | 25 | 150.00 | 12 | 18 | 4200.00 |
| 47 | INTAMOX INJ | 80 | 120.00 | 12 | 14.4 | 10752.00 |
| 48 | INTAVITAH | 10 | 45.00 | 12 | 5.4 | 504.00 |
| 49 | MARBOMET INJ | 10 | 655.00 | 12 | 78.6 | 7336.00 |
| 50 | MAXXTOL | 7 | 60.00 | 12 | 7.2 | 470.40 |
| 51 | MELONEX POWER INJ | 10 | 220.00 | 12 | 26.4 | 2464.00 |
| 52 | NILBERY INJ | 5 | 205.00 | 12 | 24.6 | 1148.00 |
| 53 | NOVIZAC | 3 | 140.00 | 12 | 16.8 | 470.40 |
| 54 | TRIBIVET | 12 | 190.94 | 12 | 22.91 | 2566.20 |
| 55 | UNICIF | 50 | 320.00 | 12 | 38.4 | 17920.00 |
| 56 | ZOCTIM | 15 | 575.00 | 12 | 69 | 9660.00 |
| 57 | CETRIAX TAZO | 100 | 316.97 | 12 | 38 | 35497.00 |
| 58 | KALVIT FORTE | 10 | 504.00 | 0 | | 5040.00 |
| 59 | MOXYBIOTICS | 40 | 136.60 | 12 | 16.39 | 6119.60 |
| 60 | PIPERAZINE LIQ | 5 | 1848.44 | 12 | 221.8 | 10351.20 |
| 61 | TASPIN MP BOLUS | 125 | 35.18 | 12 | 4.22 | 4925.00 |
| 62 | KISKIN CREAM | 150 | 45.00 | 12 | 5.4 | 7560.00 |
| 63 | BLOOD OFF INJ | 5 | 86.40 | 12 | 10.36 | 483.80 |
| 64 | HITEK BOLUS | 50 | 45.00 | 12 | 5.4 | 2520.00 |
| 65 | OXOL 2200mg | 50 | 37.14 | 12 | 4.45 | 2079.50 |
| MYTHRI PHARMA | | | | | | |
| 1 | BACTRISOL BOLUS | 100 | 10.80 | 12 | 1.3 | 1210.00 |
| 2 | CAPSOLA GOLD | 23 | 2912.00 | 0 | | 66976.00 |

| | | | | | | |
|---|---|---|---|---|---|---|
| 3 | CEPHALEX | 50 | 45.54 | 12 | 5.46 | 2550.00 |
| 4 | METROZAP | 25 | 11.16 | 12 | 1.34 | 312.25 |
| | Total | | | | | 472494.35 |

പ്രൊജക്ട് പ്രകാരം വാങ്ങിയ മരുന്നുകൾ കൃത്യമായി സ്റ്റോക്കിലെടുക്കാത്തതിനാലും സ്റ്റോക്കിലെടുത്ത മരുന്നുകൾ വിതരണം ചെയ്തത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാ മരുന്നുകളുടെ വിലയായ 580705.25രൂപയുടെ (108210.90 +472494.35) ചെലവ് തടസ്സത്തിൽ വെക്കുന്നു.

(ബി) മാങ്കാവ് വെറ്ററിനറി ഡിസ്പൻസറിയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിൽ ബാക്കിയുള്ളതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| Sl no. | Discription | Received | Issued | Balance | Rate | GST% | Total amount | Expired on |
|---|---|---|---|---|---|---|---|---|
| 1 | FLYSTICK SAFE | 100 | 50 | 50 | 48.00 | 12 | 2688.00 | 12/2019 |
| 2 | XYROFUR 0.5g | 100 | 60 | 40 | 190.00 | 12 | 8512.00 | 12/2019 |
| 3 | ZOCTIM 3g | 18 | 16 | 2 | 575.00 | 12 | 1287.28 | 9/2019 |
| 4 | INJ AVOXIN 30ml | 15 | 5 | 10 | 103.58 | 12 | 1160.00 | 12/2019 |
| | Total | | | | | | 13647.28 | |

കാലാവധി കഴിയാറായ മരുന്നുകൾ ആവശ്യമുള്ള മറ്റ് ഡിസ്പൻസറികളിലേക്ക് നൽകുകയോ, മരുന്നുകൾ വിതരണം ചെയ്ത സ്ഥാപനത്തിലേക്ക് അറിയിച്ച് മാറ്റി വാങ്ങുകയോ ചെയ്യാതിരുന്നതിനാൽ സ്റ്റോക്കിലുള്ള മരുന്നുകൾ ഉപയോഗശൂന്യമായിരിക്കുകയാണ്. ചെലവ് തുക 13647.28രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-41 റിഫ്രഷ്മെന്റ് ചാർജ്ജിനത്തിലെ ചെലവ് - മുഴുവൻ കണ്ടിജന്റ് ഇനങ്ങളുടെ വാർഷിക ചെലവ് പരിധിയിലും അധികരിച്ചു

**1) ഫയൽ നം.ഡി -3-39651/15**

**2) ഫയൽ നം.ഡി -3-33131/17**

**3)ഫയൽ നം.ഡി -3-49271/09**

**4)ഫയൽ നം.ഡി -3-21211/18**

ജി.ഒ(എം.എസ്) 47/2012/ത.സ്വ.ഭ.വ തീയതി 22.05.2012 പ്രകാരം കോർപ്പറേഷൻ മേയറുടെ കണ്ടിജന്റ് ചെലവിന്റെ വാർഷിക പരിധി 3,60,000/- രൂപയാണ്. എന്നാൽ കോഴിക്കോട് കോർപ്പറേഷന്റെ 2018-19 കാലയളവിൽ റിഫ്രഷ്മെന്റ് ചാർജ്ജിനത്തിലെ ചെലവ് മാത്രം സർക്കാർ അനുവദിച്ച മുഴുവൻ കണ്ടിജന്റ് ഇനങ്ങളുടെയും വാർഷിക ചെലവ് പരിധിയിലും അധികമാണ്. ഹാജരാക്കിയ മേൽ ഫയലുകൾ പരിശോധിച്ചതിൽ 2018-19 വർഷം, റിഫ്രഷ്മെന്റ് ചാർജ്ജിനത്തിൽ മാത്രം 4,98,837 /- രൂപ ചെലവഴിച്ചതായി കാണുന്നു. വിശദാംശങ്ങൾ ഇപ്രകാരമാണ്.

| ക്രമ നം | ചെക്ക് നം | തീയതി | തുക | ചെലവ് അധികൃതമാക്കിയ ഭരണ സമിതി തീരുമാനം |
|---|---|---|---|---|
| 1 | 947833 | 15.09.2018 | 73,750 | ധനകാര്യ സ്ഥിരം സമിതി -തീരുമാനം-15/19.06.2018 |
| 2 | 322597 | 21.05.2018 | 1,19,231 | ഭരണ സമിതി തീരുമാനം – 49/05.04.2018 |
| 3 | 947823 | 15.09.2018 | 1,11,524 | ഭരണ സമിതി തീരുമാനം – 17/01.08.2018 |
| 4 | 322512 | 10.05.2018 | 86,895 | ധനകാര്യ സ്ഥിരം സമിതി -തീരുമാനം-46/31.03.2018 |
| 5 | 947740 | 07.09.2018 | 84,769 | ധനകാര്യ സ്ഥിരം സമിതി -തീരുമാനം-16/08.08.2018 |
| 6 | 322895 | 22.06.2018 | 740 | ധനകാര്യ സ്ഥിരം സമിതി -തീരുമാനം-48/30.05.2018 |
| 7 | 707162 | 27.07.2018 | 10,546 | ധനകാര്യ സ്ഥിരം സമിതി -തീരുമാനം-25/10.07.2018 |

| | | | | |
|---|---|---|---|---|
| 8 | 947710 | 05.09.2018 | 6310 | ധനകാര്യ സ്ഥിരം സമിതി -തീരുമാനം-15/08.08.2018 |
| 9 | 385627 | 22.10.2018 | 5072 | ധനകാര്യ സ്ഥിരം സമിതി -തീരുമാനം-39/29.09.2018 |
| ആകെ | | | 4,98,837 | |

അതിഥി സൽക്കാരത്തിനുള്ള ചെലവിന്റെ പരിധി ഉയർത്തുന്നതിനുവേണ്ടി 29.07.2019 ലെ ഡി3/853575/2016 കത്ത് പ്രകാരം സർക്കാറിന് നിവേദനം നൽകിയതായി ഈ വിഷയം സംബന്ധിച്ച് നൽകിയ ഒ.എസിന് (നമ്പർ 27 /19 -തീയതി 16.09.2019) മുനി.കോർപ്പറേഷൻ സെക്രട്ടറി 24.10.2019 തീയതിയിലെ ഡി3/83575/16 കത്ത് പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കണ്ടിജന്റ് ചെലവുകളുടെ വാർഷിക പരിധി നിലവിലെ 3,60,000/- രൂപയിൽ നിന്ന് ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ റിഫ്രഷ്മെന്റ് ചാർജ്ജിനം ഉൾപ്പെടെയുള്ള മുഴുവൻ കണ്ടിജന്റ് ചെലവുകളും ഈ പരിധിയിൽ ക്രമീകരിക്കേണ്ടതാണ്. നിയമാനുസൃത പരിധിയിലും അധികമായി ചെലവഴിച്ച തുക 1,38,837/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു

# 1-42 അലോപ്പതി സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ-കൃത്യമായ കരാർ ചമച്ചില്ല-മരുന്ന് മുഴുവനും ലഭിച്ചിട്ടില്ല

<u>ഫയൽ നം. എഫ് 1/58685/18</u>

| | |
|---|---|
| പദ്ധതിയുടെ പേര് | അലോപ്പതി സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ -പ്രോജക്ട് നം.607/18-19) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | മെയിന്റിനൻസ് ഗ്രാന്റ്(നോൺ റോഡ്)-1,050,0000/- |
| ചെലവ് | 1)ബിൽ നം.18160247001701072355 തീയതി 26.02.2019 -1,02,48,320/- |

അലോപ്പതി സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ കെ.എം.എസ്.സി.എൽ-ന് മേൽ സൂചിത ബില്ല് പ്രകാരം 1,02,48,320/- രൂപ നൽകി. സ്ഥാപനവുമായുള്ള 11.01.2019 ലെ കരാർ പ്രകാരം സപ്ലൈ ഓർഡർ ലഭിച്ച് (05.01.2019) 60 ദിവസത്തിനുള്ളിലോ അല്ലെങ്കിൽ 31.03.2019 നുള്ളിലോ മരുന്ന് മുഴുവൻ വിതരണം ചെയ്യേണ്ടതാണ്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2018-19 വർഷം 52,04,289/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. (26.09.2019 വരെ ആകെ 63,48,554/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.) 41,51,446/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമായിട്ടില്ല. മരുന്നുകൾ യഥാസമയം ലഭ്യമാക്കിയില്ലെങ്കിൽ കെ.എം.എസ്.സി.എൽ-നെതിരെ കോർപ്പറേഷൻ സ്വീകരിക്കാവുന്ന നിയമ നടപടികളെക്കുറിച്ച് കരാറിൽ യാതൊന്നും ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഒ.എസിന് (ഒ.എസ്.നം.71/2018-19 തീയതി 25/11/2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. 41,51,446/- രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുള്ളതിനാൽ ഈ തുക തടസ്സത്തിൽ വെയ്ക്കുന്നു.

# 1-43 മുൻകൂറായി അനുവദിച്ച തുകകൾ ക്രമവൽക്കരിച്ചില്ല.

04.10.2011 ലെ (പി) 419/2011/ധനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (കേരള ഫിനാൻഷ്യൽ കോഡ് വോള്യം.1, ആർട്ടിക്കൾ.99) വർക്ക് അഡ്വാൻസുകൾ, താൽകാലിക അഡ്വാൻസുകൾ മുതലായ പ്രവർത്തനങ്ങൾക്ക് മുൻകൂർ തുക കൈപ്പറ്റുന്നവർ 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. അഡ്ജസ്റ്റ് ചെയ്യുന്നതിനായി ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ മുൻകൂർ തുകയും തിരിച്ചു പിടിക്കണം. ഇങ്ങനെ തിരിച്ചു പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കണം. എന്നാൽ 2018-19ലും മുൻവർഷങ്ങളിലും വിവിധ ഇനങ്ങളിലായി മുൻകൂർ നൽകിയ തുകകൾ നാളിതുവരെ ക്രമവൽക്കരിക്കാത്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

<u>(1) 6 വർഷം മുമ്പ് മുൻകൂറായി അനുവദിച്ച തുക ക്രമവൽക്കരിച്ചില്ല.</u>

**ഫയൽ നമ്പർ: എഫ്.1/64583/12**

2013-14 സാമ്പത്തിക വർഷത്തിൽ 63, 64 എന്നീ വാർഡുകളിലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 25.07.2013 ന് ശ്രീ.ബദറുദ്ദീൻ, ഹെൽത്ത് ഇൻസ്പെക്ടർക്ക് 40,000/- രൂപ മുൻകൂറായി അനുവദിച്ചു. 11.11.2016 ൽ മേൽ തുക 18% പലിശ സഹിതം ക്രമവൽക്കരിക്കാൻ അക്കൗണ്ട്സ് വിഭാഗം സൂപ്രണ്ട് നിർദ്ദേശിച്ചു. ഫയൽ പരിശോധിച്ചതിൽ നിന്നും 15.11.2019 ന് ബില്ലുകൾ സമർപ്പിച്ചതായി കാണുന്നുണ്ട്. ടിയാൻ സമർപ്പിച്ച ബില്ലുകൾ

17.12.2019 ലെ ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. (തീരുമാന നം.4). 6 വർഷം 5 മാസത്തിനു ശേഷമാണ് മുൻകൂർ തുക ക്രമവൽക്കരിക്കുന്നതിനായി ശ്രീ.ബദറുദ്ദീൻ ബില്ലുകൾ സമർപ്പിച്ചത്. തുക അക്കൗണ്ട്സ് വിഭാഗം ക്രമവൽക്കരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

**(2) വിവിധ ഔദ്യോഗിക ആവശ്യങ്ങൾക്ക് നഗരസഭ ജീവനക്കാർ, കൗൺസിലർമാർ എന്നിവർക്ക് മുൻകൂറായി അനുവദിച്ച തുക ക്രമവൽകരിച്ചില്ല.**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന ജീവനക്കാർ, ബഹു.മേയർ, ധനകാര്യ സമിതി ചെയർമാൻ എന്നിവർക്ക് അനുവദിച്ച മുൻകൂർ തുക ഓഡിറ്റ് കാലയളവ് വരേയും ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | മുൻകൂർ നൽകിയത് | അനുവദിച്ച തുക | വൗച്ചർ നം, തീയ്യതി | ചെക്ക് നം | ഫയൽ നം |
|---|---|---|---|---|---|---|
| 1 | ശ്രീമതി.ഷജില.എം, പി.എ. ടു സെക്രട്ടറി | സർക്കാർ കലണ്ടർ വാങ്ങുന്നതിന് | 5000 | 21804466, 27.11.2018 | 386109 | C11/99186/10 |
| 2 | ശ്രീ.പ്രകാശൻ.ടി.പി, ജെ.എച്ച്.ഐ. | ടൗൺ ഹാൾ സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് | 15000 | 21800480/ 07.05.2018 | 984704 | F1/A37/ 14179/18 |
| 3 | ശ്രീ.കെ.വി.ബാബുരാജ്, ധനകാര്യം സമിതി | യാത്രാബത്ത | 15000 | 21801666, 11.07.2018 | 706822 | D3/60635/18 |
| 4 | ശ്രീമതി.ലളിത.കെ. | പാർസൽ ചാർജ്ജ് നൽകുന്നതിന് | 3585 | 21800023, 04.04.2018 | 985013 | C11/28314/16 |
| 5 | ശ്രീ.എ.പി.സുരേഷ്, ജെ.എച്ച്.ഐ | സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് | 20000 | 21800087, 10.04.2018 | 984860 | F14/29216/18 |
| 6 | ശ്രീ.ചന്ദ്രൻ.ടി | ഗ്രീൻ പ്രോട്ടോക്കോൾ | 36000 | 21801055, 04.06.2018 | 322735 | F6/47926/18 |
| 7 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | അൻസാരി പാർക്ക് ശിൽപങ്ങളുടെ പുനർനിർമ്മാണം | 50000 | 21801711, 13.07.2018 | 706843 | EG12/86129/16 |
| 8 | ശ്രീ.സി.എച്ച്.മുസ്തഫ അസി.എഞ്ചിനീയർ | ഇലക്ട്രിക്കൽ പ്രവൃത്തികൾ | 10000 | 21801888, 26.07.2018 | 707150 | EG13/58759/18 |
| 10 | ശ്രീ.രജീഷ്, അസി.എഞ്ചിനീയർ | ഫോട്ടോ സ്റ്റാറ്റ് | 14000 | 21801938, 30.07.2018 | 707177 | TP12/59439/18 |
| 11 | ശ്രീ.സോജൻ ഗുണശീലൻ ഹെൽത്ത് ഇൻസ്പെക്ടർ | മരം മുറിക്കുന്നതിനുള്ള ചെലവ് | 32000 | 21802597, 29.08.2018 | 947621 | BZ/G4/1965/18 |
| 12 | | സ്ലിറ്റ് റിമൂവൽ | 90000 | 21802135, 03.08.2018 | 706917 | BZ/G4/4884/18 |
| 13 | | | 52000 | 21802136, 03.08.2018 | 706918 | BZ/G4/4884/18 |
| 14 | | | 38000 | 21805074, 21.12.2018 | 651241 | BZ/G4/1965/18 |
| 15 | ശ്രീ.നന്ദു. അസി.എഞ്ചിനീയർ | കൃപ അരുണോദയം ഉൽഘാടനം | 15000 | 21802046, 02.08.2018 | 706904 | EG2/66332/18 |
| 16 | സൂപ്രണ്ടിംഗ് എഞ്ചിനീയർ | മെഡിക്കൽ കോളജ് ട്രാഫിക്ക് ഐലൻഡ് | 118000 | 21802139, 03.08.2018 | 706921 | EG12/10014/17 |
| 17 | ശ്രീ.ദിലീപ്, എച്ച്.ഐ. | മരം മുറിക്കുന്നതിനുള്ള | 8000 | 21802811, | 947711 | F13/59653/17 |

| | | | | | | |
|---|---|---|---|---|---|---|
| | | ചെലവ് | | 05.09.2018 | | |
| 18 | ശ്രീ.ഗണേശൻ, സൂപ്രണ്ട്. | അങ്കണവാടി രജിസ്ട്രേഷൻ | 25000 | 21802992, 15.09.2018 | 947802 | EG/44979/11 |
| 19 | ശ്രീ.സജീഷ്.വി.ജി. | | 16160 | 21803137, 25.09.2018 | 947897 | F3/80935/2018 |
| | | മൈലേജ് ടെസ്റ്റ് | 30450 | 21804877, 07.12.2018 | 651097 | F3/98578/16 |
| | | വാഹന രജിസ്ട്രേഷൻ | 64364 | 21806920, 22.03.2019 | 869491 | |
| 20 | ശ്രീ.പവിത്രൻ.സി | അമൃത് പി.എഫ്.എം.എസ് | 2000 | 21804891, 07.12.2018 | 651107 | EG21/ 1103555/16 |
| 21 | ശ്രീ.ശരത്ത് കുമാർ.സി | | 2000 | 21804892, 07.12.2018 | 651108 | |
| 22 | ശ്രീ.ശിവജി, സൂപ്രണ്ട് | യാത്രാബത്ത | 2500 | 21805376, 11.01.2019 | 650816 | B4/1558/19 |
| 23 | ശ്രീ.സജീഷ്.വി.ജി. ജെ.എച്ച്.ഐ | വാഹന രജിസ്ട്രേഷൻ | 27400 | 28.03.2019 | | F.3/ 25314/19 |
| 24 | ശ്രീ.മുരളീധരൻ.കെ.സി എച്ച്.ഐ. | സ്ലിറ്റ് റിമൂവൽ | 200000 | 21805656 29.01.2019 | 651000 | F.7/ EG.2/ 46566/18 |
| 25 | ശ്രീ.ജിത്തു, അസി.എഞ്ചിനീയർ | | 35512 | 21801315, 18.06.2018 | 322852 | EG12/44125/18 |
| 26 | ശ്രീ.സിനിൽ.കെ, ജെ.എച്ച്.ഐ | എൻ.യു.എൽ.എം | 10000 | 21801263, 14.06.2018 | 192893 | F1/32944/18 |
| 27 | ശ്രീമതി.സുബൈദ.ടി. ജെ.പി.എച്ച്.എൻ | | 10000 | 21801261, 14.06.2018 | 192891 | |
| 28 | ശ്രീമതി.ബിജിന.കെ. ജെ.പി.എച്ച്.എൻ | | 10000 | 21801260, 14.06.2018 | 192890 | |
| 29 | ശ്രീമതി.മഞ്ജുഷ.വി.ടി. ജെ.പി.എച്ച്.എൻ | | 10000 | 21801269, 14.06.2018 | 192899 | |
| 30 | ശ്രീ.ഡെയ്സൺ, ജെ.എച്ച്.ഐ | | 10000 | 21801268, 14.06.2018 | 192898 | |
| 31 | ശ്രീ.മനുജ്, ജെ.എച്ച്.ഐ | | 10000 | 21801265, 14.06.2018 | 192895 | |
| 32 | സ്പേസ് ആർട്ട് | കൺസൾട്ടൻസി ഫീസ് മലാപ്പറമ്പ് പാർക്ക് ഡി.പി.ആർ | 52631 | 21801849, 24.07.2018 | 707132 | EG12/7094/17 |
| 33 | ശ്രീ.രഞ്ചിത്ത് കുമാർ.സി.കെ | ഐ.ഇ.സി. ട്രെയിനിംഗ് | 70000 | 21804848, 05.12.2018 | 138108 | F14/K3/F1/ 140315/14 |
| 34 | ശ്രീ.വൽസൻ | | 50000 | 21804847, 05.12.2018 | 138106 | |

<u>(3) ഐ.ഇ.സി. പരിശീലന പരിപാടിയും, കാനോലി കനാൽ ശുചീകരണ ഡോക്യുമെന്ററിയും – മുൻകൂർ തുക</u>

ക്രമീകരിച്ചില്ല

നഗരസഭ ശുചീകരണ തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, കച്ചവടക്കാർ എന്നിവർക്ക് ശാസ്ത്ര മലിനീകരണത്തെ സംബന്ധിച്ച് പരിശീലനം നൽകുന്ന ഐ.ഇ.സി. പരിശീലന പരിപാടി 2018 ഡിസംബർ 10, 11 തീയതികളിൽ ടാഗോർ ഹാളിൽ വെച്ച് നടന്നു. ആയതിന് ശ്രീ.വൽസൻ, ഹെൽത്ത് ഇൻസ്പെക്ടർക്ക് 50,000/- രൂപയും (138107/05.02.2018) ശ്രീ.രഞ്ജിത്ത് കുമാർ ഹെൽത്ത് ഇൻസ്പെക്ടർക്ക് 70,000/- രൂപയും (138108/05.02.2018) ചേർത്ത് ആകെ 1,20,000/- രൂപ മുൻകൂറായി നൽകി. ആയതിന്റെ ചെലവ് രേഖകൾ, ക്രമവൽക്കരിച്ച വിശദാംശങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

(4) മുൻകൂർ യാത്രബത്ത ക്രമീകരിക്കുകയോ തിരിച്ച പിടിക്കുകയോ ചെയ്തിട്ടില്ല

**ഫയൽ നം. : ഡി 3/60635/18**

കോഴിക്കോട് നഗരസഭയിൽ ആധുനിക മാലിന്യപ്ലാന്റ് നിർമ്മിക്കുന്നതിനായി ഇൻഡോറിലെ മാലിന്യ സംസ്കരണ പ്ലാന്റ് സന്ദർശിക്കുന്നതിനായി 18.04.2018 ലെ സ്റ്റിയറിംഗ് കമ്മറ്റിയുടെ 12-ാം നമ്പർ തീരുമാന പ്രകാരം നിയോഗിച്ചവരിൽ ആരോഗ്യകാര്യ സ്ഥിരം സമിതി ചെയർമാൻ ശ്രീ.കെ.വി.ബാബുരാജിന് 11.07.2018 ലെ 706822 നമ്പർ ചെക്ക് മുഖേന 15000 രൂപ പിൻവലിച്ച് നൽകുകയുണ്ടായി. ഫൈനൽ യാത്രബിൽ സമർപ്പിക്കേണ്ട 3 മാസ പരിധി കഴിയുന്നതിന് മുന്നോടിയായോ സാമ്പത്തിക വർഷം അവസാനിക്കുന്നത് വരെയോ യാത്ര ബില്ലുകൾ സമർപ്പിച്ചിട്ടില്ല. 30.04.2013 ലെ സ.ഉ.(അ) നം.51/93/ധന ഉത്തരവ് പ്രകാരം (ക്രമ നം.4(3)) യഥാസമയം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിക്കാത്ത പക്ഷം ആകെ മുൻകൂർ തുകക്ക് 18% വാർഷിക പലിശ സഹിതം (അഡ്വാൻസ് കൈപ്പറ്റിയ തീയതി മുതൽ റിക്കവർ ചെയ്യുന്ന തീയതി വരെയുള്ളത്) ഒറ്റ ഗഡുവായി ഈടാക്കേണ്ടതാണ്.

2018-19ലും മുൻവർഷങ്ങളിലും വിവിധ ഇനങ്ങളിലായി മുൻകൂർ നൽകിയ തുകകൾ ക്രമവൽക്കരിച്ച് അറിയിക്കേണ്ടതാണ്.

## 1-44 മരം മുറിച്ച് മാറ്റിയ ചെലവ് - കൈപ്പറ്റ്, ലേല നടപടികൾ എന്നിവ ഇല്ല

നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ മരം മുറിച്ച് മാറ്റിയ വകയിൽ 1,92,600/- രൂപയുടെ ചെലവ് തനത് ഫണ്ടിൽ നിന്നും ഉണ്ടായിട്ടുണ്ട്. എന്നാൽ മുറിച്ച് മാറ്റിയ മരങ്ങൾ വില നിശ്ചയിച്ച് ലേലം നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ. നം. | ഫയൽ നം. | വൗച്ചർ നമ്പർ | തുക | ചെക്ക് നമ്പർ തീയതി | മറ്റു വിശദാംശങ്ങൾ |
|---|---|---|---|---|---|
| 1 | F 13/ 64269/18 | 21804820 | 17000 | 651073 15.12.2018 | മലാപ്പറമ്പ് ഹൗസിംഗ് കോളനിക്ക് പിൻവശത്ത് കെ.എസ്.ഇ.ബി. ഇലക്ട്രിക് ലൈനിന് മുകൾ ഭാഗത്തുകൂടി കടന്നു പോകുന്ന സൂര്യകാന്തി മരം മുറിച്ച് മാറ്റിയത് |
| 2 | F 13/ 48142/18 | 21805131 | 2000 | 650724 24.12.2018 | നഗരസഭ റോഡരികിലെ (5-ാം സർക്കിൾ) തെങ്ങ് മുറിച്ച് മാറ്റിയത് |
| 3 | BZ/G.4/ 3701/18 | 21802036 | 5000 | 706896, 02.08.2018 | ബേപ്പൂർ സോണൽ ഓഫീസ് പരിധിയിൽ 2 തെങ്ങുകൾ മുറിച്ച് മാറ്റിയത് |
| 4 | BZ/G.4/ 1965-1968/18 | 21802597 | 32000 | 947621, 29.08.2018 | ബേപ്പൂർ വെറ്റിനറി ഹോസ്പിറ്റൽ കോമ്പൗണ്ടിലെ സൂര്യകാന്തി മരങ്ങൾ മുറിച്ച് മാറ്റിയത് |
| 5 | | | 38000 | 651241, 21.12.2018 | |
| 6 | F13/91473/18 | 21806495 | 3500 | 869287, 01.03.2019 | മേയർ ഭവൻ കോമ്പൗണ്ടിലെ മരങ്ങൾ മുറിച്ചു മാറ്റിയത്. |
| 7 | F13/59752/18 | 21806934 | 8500 | 869503, 22.03.2019 | ഭട്ട്റോഡ് സ്റ്റാഫ് ക്വാട്ടേഴ്സിനു സമീപമുള്ള മരങ്ങൾ മുറിച്ച് മാറ്റിയത് |
| 8 | F13/56567/18 | 21806933 | 9000 | | |
| 9 | F13/55942/18 | 21803718 | 4000 | 385804, | പറയഞ്ചേരി ഗവ. ഗേൾസ് ഹൈസ്കൂളിന് സമീപമുള്ള ബദാം മരം |

| | | | | | |
|---|---|---|---|---|---|
| | | | | 27.10.2018 | മുറിച്ച മാറ്റിയത് |
| 10 | F13/72572/18 | 21806615 | 35000 | 869353, 11.03.2019 | കുണ്ടുപറമ്പ് ഹെൽത്ത് സെന്ററിനു സമീപമുള്ള സൂര്യകാന്തി മരം മുറിച്ച് മാറ്റിയത് |
| 11 | F13/63424/18 | 21806973 | 3000 | 869502, 22.03.2019 | ചിറക്കുഴിപടന്ന അങ്കണവാടിയ്ക്ക് സമീപമുള്ള മരം മുറിച്ച് മാറ്റിയത്. |
| 12 | F13/59653/17 | 21802811 | 8000 | 947711, 05.09.2018 | വാർഡ്.17 ൽ മരം മുറിച്ച് മാറ്റിയത്. |
| 13 | F13/42280/18 | 21805859 | 8000 | 869092, 05.02.2019 | ഹെൽത്ത് സർക്കിൾ.1 ൽ മരം മുറിച്ച് മാറ്റിയത്. |
| 14 | F13/40691/18 | 21806972 | 19600 | 869502, 22.03.2019 | ഹെൽത്ത് സർക്കിൾ.6 ൽ മരം മുറിച്ച് മാറ്റിയത്. |
| | ആകെ | | 192600 | | |

മുറിച്ച് മാറ്റിയ മരങ്ങൾ ലേലം നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ചെലവ് തുക 1,92,600/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-45 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.ക്ക് നൽകിയ അധിക തുക തിരികെ ഈടാക്കിയില്ല.

<u>ഫയൽ നം : ബി.ഇസഡ്/ഇ.ജി/6066/18</u>

കോഴിക്കോട് നഗരസഭ ബേപ്പൂർ മേഖല ഓഫീസ് പരിധിയിൽ (ഡിവിഷൻ.52 ൽ) 4 സെന്റ് കോളനിയിൽ ഫുട്പാത്ത് നിർമ്മാണത്തിനായി 18 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി. വിഭാഗം 1,34,233/- രൂപയുടെ എസ്റ്റിമേറ്റ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 20.12.2018 ന് ചെക്ക് നം.651238 പ്രകാരം നഗരസഭ ഫണ്ടിൽ നിന്ന് തുക അനുവദിക്കുകയും ചെയ്തു. (വൗച്ചർ നം. 21805071). അനുവദിച്ച തുകയിൽ 88,600/- രൂപ മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ എന്നും ബാക്കി 45,633/- രൂപ തിരികെ നൽകുകയോ മറ്റ് പ്രവൃത്തികൾക്ക് വിനിയോഗിക്കുകയോ ചെയ്യാവുന്നതാണെന്ന് 06.11.2019 ലെ DB/01/AE-ES-BPR/KZD CORP/2019-20 നം കത്തിലൂടെ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ എഞ്ചിനീയർ സെക്രട്ടറിയെ അറിയിച്ചു.

എന്നാൽ കെ.എസ്.ഇ.ബി.ക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിന് കോർപറേഷൻ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഒ.എസിന് (നം. 84/2018-19 തീയതി 03.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. കെ.എസ്.ഇ.ബി.ക്ക് അധികമായി നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 45,633/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-46 കെ.എസ്.ഇ.ബി.ക്ക് മുൻകൂർ നൽകിയ തുകക്ക് വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ പത്രം എന്നിവ ഹാജരാക്കിയില്ല.

ഓഡിറ്റ് വർഷത്തിൽ നഗരസഭ പരിധിയിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിനായി കെ.എസ്.ഇ.ബി. വിഭാഗത്തിന് നഗരസഭ ഫണ്ടിൽ നിന്നും താഴെ പറയുന്ന തരത്തിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി. വിഭാഗം പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രങ്ങൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം. തീയ്യതി | തുക | പ്രവൃത്തി |
|---|---|---|---|
| 1 | 21805779, 31.01.2019 | 30,198 | EG13/89464/18 - വാർഡ് 30, പട്ടേൽതാഴം പടന്നപറമ്പ് റോഡിൽ 5 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| 2 | 21805084, 22.12.2018 | 42,441 | EG13/101879/18 – വാർഡ്.73, പാലക്കട – അരിക്കാത്ത് റോഡിൽ 5 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| 3 | 21803717, 27.10.2018 | 36,591 | EG13/EG5/51876/18 - വാർഡ് 30, പൊറ്റമ്മൽ - പാലാഴി റോഡിൽ 4 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| 4 | 21804827, 05.12.2018 | 17,623 | EG13/67868/18 - വാർഡ് 8, പൊന്നംപറമ്പത്ത് റോഡിൽ 4 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| 5 | 21805591, 24.01.2019 | 53,071 | EG13/108078/18 - വാർഡ് 14, ചേവരമ്പലം വാർഡിൽ |

| | | | |
|---|---|---|---|
| | | | 8 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| 6 | 21804244, 24.11.2018 | 48,562 | EG13/101165/18 - വാർഡ് 65ൽ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| 7 | 21800504, 07.05.2018 | 11,184 | EG 13/33170/18 - വാർഡ് 50 ൽ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| 8 | 21803758, 01.11.2018 | 11,069 | EG21/8589/18 – മലാപറമ്പ് പാർക്കിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| 9 | ചെക്ക് നം.651016/31.01.19 | 30,198 | ഇ.ജി.13/89464/18-വാർഡ് 30ൽ 5ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| 10 | ചെക്ക് നം.650961/24.01.19 | 53,071 | ഇ.ജി.13/108078/18-വാർഡ് 14ൽ 4ഇലക്ട്രിക്ക്പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| 11 | ചെക്ക് നം.651226/20.12.18 | 48,262 | ഇ.ജി.13/94671/18-വാർഡ് 40ൽ 8ഇലക്ട്രിക്ക്പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| 12 | ചെക്ക് നം.651248/22.12.18 | 42,441 | ഇ.ജി.13/101879/18-വാർഡ് 73ൽ 5ഇലക്ട്രിക്ക്പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| ആകെ | | 4,24,711 | |

പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവയുടെ അഭാവത്തിൽ ചെലവഴിച്ച തുക (4,24,711/- രൂപ) തടസ്സത്തിൽ വെയ്ക്കുന്നു.

## 1-47 വസ്തുനികുതി പരിഷ്കരണം നടപ്പാക്കാത്തതും മറ്റപാകതകളും

കോഴിക്കോട് കോർപ്പറേഷനിലെ ബേപ്പൂർ, ചെറുവണ്ണൂർ നല്ലളം മേഖലാ ഓഫീസുകളുടെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വസ്തുനികുതി പരിഷ്കരണം നടപ്പാക്കിയില്ല

14.01.2011 ലെ സ.ഉ(അ) നം.18/2011/തസ്വഭവ ഉത്തരവ് പ്രകാരം നഗരസഭകളിൽ വസ്തുനികുതി പരിഷ്കരിച്ച് കൊണ്ട് 2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. 06.03.2019 ലെ സ.ഉ(എം.എസ്) നം.540/2019/തസ്വഭവ ഉത്തരവ് പ്രകാരം നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.2016 മുതൽ ഈ ചട്ടം ബാധകമാണ്.

ബേപ്പൂർ മേഖല ഓഫീസിന്റെ പരിധിയിൽ 15 റവന്യൂ വാർഡുകളും ചെറുവണ്ണൂർ നല്ലളം മേഖല ഓഫീസിന്റെ പരിധിയിൽ 14 റവന്യൂ വാർഡുകളുമാണുള്ളത്. കോഴിക്കോട് കോർപ്പറേഷന്റെ ഭാഗമാണെങ്കിലും നിലവിൽ സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലുകൾ മേഖലാ ഓഫീസുകൾക്ക് പ്രത്യേകമായി തന്നെയാണ് ചെയ്തുവരുന്നത്. മേഖലാ ഓഫീസുകളിൽ ഇതുവരെ വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കി പുതിയ നിരക്കിൽ നികുതി ഈടാക്കാൻ തുടങ്ങിയിട്ടില്ല. വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയത് മൂലം പുതുക്കിയ വസ്തുനികുതി ചുമത്തുന്നതിന് 2018-19 സാമ്പത്തിക വർഷത്തിലും സ്ഥാപനങ്ങൾക്ക് സാധിച്ചിട്ടില്ല.

2. രജിസ്റ്ററുകളും രേഖകളും തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വർഷങ്ങളായി വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. മേൽ രജിസ്റ്ററുകളുടെ അഭാവത്തിൽ യഥാർത്ഥ വസ്തുനികുതി ഡിമാന്റ് , കുടിശ്ശിക ഡിമാന്റ് എന്നിവ തിട്ടപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല. 2018-19 വർഷം നികുതി ഈടാക്കിയതിന്റെ വിവരം സഞ്ചയയിൽ രേഖപ്പെടുത്തുന്ന പ്രവൃത്തി ഇതുവരെ പൂർത്തിയായിട്ടില്ല. അതിനാൽ തന്നെ സഞ്ചയയിൽ നിന്നും ഡിമാന്റ് രജിസ്റ്റർ പ്രിന്റ് എടുത്ത് വെക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. സ്ഥാപനങ്ങൾ സമർപ്പിച്ച ഡി സി ബി സ്റ്റേറ്റ്മെന്റ് പ്രകാരം പിരിച്ചെടുക്കാനുള്ള തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| സ്ഥാപനം | പിരിച്ചെടുക്കാനുള്ള തുക | |
|---|---|---|
| | തൻവർഷം | കുടിശ്ശിക |

| | | |
|---|---|---|
| ബേപ്പൂർ മേഖല | 3203158 | 384625 |
| ചെറുവണ്ണൂർ നല്ലളം മേഖല | 847427 | 78000 |

എന്നാൽ പ്രസ്തുത കണക്കുകൾക്കാധാരമായ വസ്തു നികുതി ഡിമാന്റ്/ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, നികുതി ഇളവുകളെ സംബന്ധിച്ച വേക്കൻസി റെമിഷൻ രജിസ്റ്റർ, റൈറ്റ് ഓഫ് രജിസ്റ്റർ, എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 2018-19 വർഷത്തെ വസ്തുനികുതി ഡിമാന്റ് നിർണ്ണയിച്ചത് എപ്രകാരമാണെന്ന് വിശദീകരിക്കേണ്ടതാണ്. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ അടിയന്തിരമായി തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3. ബാംബൂ കോർപറേഷനിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുക ഡി സി ബി സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല

ചെറുവണ്ണൂർ നല്ലളം മേഖലാ ഓഫീസ് ഓഡിറ്റിന് സമർപ്പിച്ച ഡി സി ബി സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതി കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാൻ ബാക്കിയുള്ള തുക 78,000രൂപ ആണ്. കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷന്റെ ഉടമസ്ഥതയിലുള്ള 7/714S നം. കെട്ടിടത്തിന്റെ 2018-19 വരെയുള്ള വസ്തുനികുതി കുടിശ്ശിക 18,76,121രൂപ ഡിസിബി സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഒ.എസ്. ന്(89/4.12.2019, 101/12.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംങ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-48 ചാളത്തറ ശ്മശാനം നവീകരണം - 75,00,000/- രൂപ പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തു - പ്രവൃത്തി പൂർത്തീകരിച്ചില്ല.

<u>ഫയൽ നം. - EG.12/119136/15</u>

കോഴിക്കോട് നഗരസഭയുടെ ഉടമസ്ഥതയിലുള്ള മാവൂർ റോഡ് ചാളത്തറ ശ്മശാനം നവീകരണത്തിന്റെ ഭാഗമായി പുതിയ ക്രിമിറ്റോറിയം കെട്ടിടം, നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണം, സ്റ്റോർ ഷെഡ് നിർമ്മാണം എന്നിവ നടത്തുന്നതിന് 49,00,000/- എസ്റ്റിമേറ്റ് തുകയിൽ 2015-16 കാലയളവിൽ പദ്ധതി രൂപീകരിച്ച (1390/16). 04.01.2016 ന് സാങ്കേതികാനുമതി ലഭിച്ച പദ്ധതി അക്രഡിറ്റഡ് ഏജൻസിയായ യു.എൽ.സി.സി.എസ്. മുഖേന നടപ്പാക്കുന്നതിനായി 28.01.2016 ന് മേൽ ഫയൽ നമ്പർ കത്ത് പ്രകാരം അറിയിക്കുകയും 22.02.2016 ന് പ്രവൃത്തി ഏറ്റെടുക്കുന്നതിന് സമ്മതമാണെന്ന് ഏജൻസി അറിയിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷം പദ്ധതി നടപ്പാക്കിയിട്ടില്ല. ശ്മശാനം പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹു.എം.എൽ.എ (കോഴിക്കോട് നോർത്ത് മണ്ഡലം), മേയർ, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ആർക്കിടെക്റ്റ് ശ്രീ.ബാബു ചെറിയാൻ എന്നിവർ പ്രസ്തുത സ്ഥലം സന്ദർശിച്ച് ശ്മശാനം പ്രവൃത്തിയുടെ പൂർണ്ണവികസനത്തിന് മാസ്റ്റർ പ്ലാൻ ആവശ്യമാണെന്നും ആയതിനു ശേഷമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളുവെന്നും അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 26.05.2016 ന് ഫയൽ ഡി.ബി. സെക്ഷനിൽ നിന്നും എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് തിരികെ വാങ്ങി.

22.06.2016 ലെ (സാധാ) 1968/16/ത.സ്വ.ഭ.വ. നം ഉത്തരവിലൂടെ ശ്മശാനത്തിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് ബഹു.എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50,00,000/- രൂപ (50 ലക്ഷം) വിനിയോഗിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകി. 16.12.2016 ലെ കൗൺസിൽ യോഗത്തിൽ പ്രവൃത്തി ചെയ്യുന്നതിന് സർക്കാർ തീരുമാനത്തിന് വിധേയമായി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുവാൻ തീരുമാനിച്ച (തീരുമാനം നം.85, 87). 03.01.2017, 13.02.2017 എന്നീ തീയ്യതികളിലെ മേൽ നം കത്തിലൂടെ പ്രസ്തുത പദ്ധതിക്കായി നഗരസഭ 2016-17 സാമ്പത്തിക വർഷത്തിൽ 26,00,000/- രൂപ വകയിരുത്തിയിട്ടുണ്ടെന്നും (പ്രോജ.നം.89/17) ഈ തുകയും ബഹു.എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ള 50 ലക്ഷം രൂപയും ചേർത്ത് ഒറ്റ എസ്റ്റിമേറ്റായി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിനും 50 ലക്ഷം പൊതുമരാമത്ത് വകുപ്പിൽ ഡപ്പോസിറ്റായി നൽകുന്നതിനും അനുമതി ആവശ്യപ്പെട്ട് നഗരസഭ സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചു. 27.01.2017 ലെ കൗൺസിൽ യോഗത്തിൽ 2016-17 ലെ പദ്ധതിയുടെ (89/17) അടങ്കൽ തുക 75,00,000/- രൂപയായി ഭേദഗതി വരുത്തി (തീരുമാനം നം.87). സെക്രട്ടറിയുടെ അപേക്ഷ പരിഗണിച്ച് 16.03.2017 ലെ (ആർ.ടി) 722/2017/ തസ്വഭവ നമ്പർ ഉത്തരവിലൂടെ പ്രത്യേകാനുമതി നൽകി. 31.03.2017 ന് 26,00,000/- രൂപയും തുടർന്ന് 925/18 നമ്പർ പദ്ധതി പ്രകാരം 24.05.2018 ന് 49,00,000/- രൂപയും കൂടി ആകെ 75,00,000/- രൂപ പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തു. എന്നാൽ പദ്ധതി പൂർത്തീകരണ കാലാവധി ഉൾപ്പെടുത്തി വകുപ്പുമായി കരാർ ചമക്കുകയോ,

ഓഡിറ്റ് കാലയളവു വരെയും പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച രേഖകൾ നിർവ്വഹണ ഏജൻസിയിൽ നിന്നും ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇതിനിടയിൽ 14.02.2019 ലെ മരാമത്ത് കമ്മിറ്റിയുടെ 20 ാം നമ്പർ തീരുമാനത്തിലൂടെ പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഏൽപിക്കാൻ കൗൺസിലിലേക്ക് ശുപാർശ ചെയ്യുകയും പ്രസ്തുത ശുപാർശ 18.02.2019 ലെ കൗൺസിൽ യോഗത്തിൽ അംഗീകരിക്കുകയും ചെയ്തു (തീരുമാന നം.78).

പ്രവൃത്തി ഏറ്റെടുക്കുവാൻ തയ്യാറാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചത്. പ്രവൃത്തി നിർവ്വഹണ കാലാവധി നിർണ്ണയിച്ച് കൃത്യമായ കരാറിലേർപ്പെടാതിരുന്നതിനാൽ പദ്ധതി നടത്തിപ്പ് അകാരണമായി നീട്ടികൊണ്ടു പോകുന്നതിനെതിരെ നടപടികൾ സ്വീകരിക്കുവാൻ നഗരസഭക്കും സാധിക്കില്ല. ഏറ്റെടുത്ത പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ അകാരണമായ കാലതാമസം വരുത്തുന്നത് നിർമ്മാണ ചെലവ് വർദ്ധിപ്പിക്കുന്നതിന് കാരണമാകും. ആയതിനാൽ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-49 എ ബി സി പദ്ധതി - വികസനഫണ്ടുപയോഗിച്ച് ടീ ഷർട്ട്, ഓവർകോട്ട്, ക്യാപ് എന്നിവ വാങ്ങി - സബ്സിഡി മാർഗരേഖയ്ക്കു വിരുദ്ധം

നിർവ്വഹണോദ്യോഗസ്ഥൻ സീനിയർ വെറ്ററിനറി സർജൻ, കോഴിക്കോട്

| | |
|---|---|
| പ്രോജക്ട് നം. | 807/2019 |
| വകയിരുത്തിയ തുക | 38,63,309/- വികസനഫണ്ട്(ജനറൽ) |
| ചെലവ് | 2,98,870/- (ബിൽ നം. 19/2018-19 തീയതി 22/3/2019) |
| | 5,91,391/- (ബിൽ നം. 15/2018-19 തീയതി 22/3/2019) |
| | 80,643/- (ബിൽ നം. 24/2018-19 തീയതി 27/3/2019) |
| | 13,050/- (ബിൽ നം. 13/2018-19 തീയതി 23/3/2019) |
| | 5,417/- (ബിൽ നം. 14/2018-19 തീയതി 23/3/2019) |
| ആകെ | 9,89,371/- രൂപ |

എ.ബി.സി. പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലേക്ക് ഉപകരണങ്ങൾ, മരുന്നുകൾ, ഡോഗ് വാൻ എന്നിവ വാങ്ങിക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. പദ്ധതിയുടെ ഭാഗമായി വിവിധ ഇനങ്ങൾക്കായി 2018-19 വർഷം 9,89,371രൂപ ചെലവഴിച്ചിട്ടുണ്ട്. ബിൽ നം. 19/2018-19 പ്രകാരം പിൻവലിച്ച തുകയിൽ 1,66,323രൂപ വിനിയോഗിച്ചത് പദ്ധതിയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്കും ജീവനക്കാർക്കും ഉപയോഗിക്കുന്നതിന് വേണ്ടി എബിസി ലോഗോ പതിച്ച ടീ ഷർട്ട്, ഓവർകോട്ട്, ക്യാപ് എന്നിവ വാങ്ങുന്നതിനാണ്. ഇതിനായി 19.11.18ന് ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ടൈക്കൂൺ വ്യാപാരഭവൻ എന്ന സ്ഥാപനവുമായി നെഗോസിയേഷൻ നടത്തി ഇൻവോയ്സ് നം. 1039/12.3.2019 പ്രകാരം 62 ഓവർകോട്ട് (@ 620/-), 320 ടി ഷർട്ട് (@345/-), 100ക്യാപ് (@70) എന്നിവ വാങ്ങുകയും ചെയ്തു (ജി.എസ്.ടി ഉൾപ്പെടെ 1,66,323/- രൂപ). സ.ഉ.(കൈ)നം.22/2018/ ത.സ്വ.ഭ.വ. തീയതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ എബിസി പദ്ധതി സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ടീ ഷർട്ട്, ഓവർകോട്ട്, ക്യാപ് എന്നിവയെക്കുറിച്ച് പരാമർശിച്ചിട്ടില്ല. വികസനഫണ്ടുപയോഗിച്ച് ടീ ഷർട്ട്, ഓവർകോട്ട്, ക്യാപ് എന്നിവ വാങ്ങാൻ ആധാരമാക്കിയ അനുമതി ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതല്ലാതെ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഒ.എസിന്(42/25.10.2019) ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ചെലവ് തുക 1,66,323രൂപ തടസ്സപ്പെടുത്തുന്നു.

## 1-50 ലൈസൻസ് പുതുക്കാതെ നഗരസഭ വക ഭൂമി ലീസിന് നൽകി.

ഫയൽ നം. എ34/29529/80

കോഴിക്കോട് നഗരസഭ കൗൺസിൽ 1953 ൽ ബസ്റ്റാന്റ് നിർമ്മിക്കുന്നതിനായി പാളയത്ത് സ്ഥലം അക്വയർ ചെയ്തതിൽ സർവ്വേ നം 210, 211 ൽ പെട്ട 13.6 സെന്റ് ഭൂമി ബർമ്മ ഓയിൽ കമ്പനി എന്ന സ്ഥാപനത്തിന് പെട്രോൾ ബങ്ക് നടത്തുന്നതിനായി 1965 വരെ ലീസിന് നൽകി. 1965 മുതൽ പ്രസ്തുത സ്ഥലം ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കമ്പനിക്ക് നഗരസഭ ലീസ് വ്യവസ്ഥയിൽ നൽകി. പെട്രോൾ പമ്പ് നടത്തിപ്പിനായി കേരള ട്രാൻസ്പോർട്ട് കമ്പനിയെ (കെ.ടി.സി) ഡീലറായി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ നിയമിച്ചു. 17.08.1969 ന് 3 വർഷത്തെ കരാർ പുതുക്കിയതിനു ശേഷം 22.03.1971 ലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 01.06.1971 തീയതിയിൽ ലീസ് ഭൂമി തിരിച്ച് നൽകണമെന്ന് നഗരസഭ കമ്മീഷണർ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ അധികാരികൾക്ക് രേഖാമൂലം കത്ത് നൽകി. നഗരസഭയുടെ നടപടികൾക്കെതിരെ കെ.ടി.സി. വിഭാഗം ബഹു.കോഴിക്കോട് സബ് കോടതിയിൽ ഓ.എസ്.നം.79/1972 ആയി കേസ് ഫയൽ ചെയ്തു. ഇതിനെതിരെ നഗരസഭ ഫയൽ ചെയ്ത വാദങ്ങൾ തള്ളിയതിനെ തുടർന്ന് ബഹു.ജില്ല കോടതിയിലും, ബഹു.ഹൈക്കോടതിയിലും കേസുകൾ ഫയൽ ചെയ്തെങ്കിലും കോടതി വിധികളെല്ലാം തന്നെ ഐ.ഒ.സി. പാട്ടക്കാരനായതിനാൽ അത്തരക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നിയമപരമായ നടപടിക്രമങ്ങൾ നഗരസഭ പാലിക്കാതെ ഒഴിപ്പിക്കാൻ പാടില്ലെന്ന് ഉത്തരവിട്ടു. ലൈസൻസ് വ്യവസ്ഥയിൽ പെട്രോൾ പമ്പ് 16.05.1982 വരെ പ്രസ്തുത ഭൂമിയിൽ പ്രവർത്തിച്ചിട്ടുണ്ട്. 16.05.1982 നു ശേഷം നഗരസഭ ലൈസൻസ് പുതുക്കി നൽകിയില്ല. ലൈസൻസിയെ ഭൂമിയിൽ നിന്നും ഒഴിപ്പിക്കുന്നതിനുള്ള മറ്റ് നിയമ നടപടികൾ സ്വീകരിച്ചുവെങ്കിലും ആയത് ഫലപ്രാപ്തിയിൽ എത്തിയില്ല. 2009 ൽ ജില്ല അഡീഷണൽ മുനിസിഫ് കോടതിയിൽ നഗരസഭ ഫയൽ ചെയ്ത കേസിൽ (970/09) സ്യൂട്ട് ഫയൽ ചെയ്യുന്നതിനു മുമ്പ് പ്രസ്തുത വിഷയം തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ചീഫ് സെക്രട്ടറി ചെയർമാനായുള്ള ഹൈപവർ കമ്മിറ്റിയിൽ അപേക്ഷിക്കാൻ നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 05.09.2013, 04.11.2013 എന്നീ തീയതികളിൽ അപേക്ഷകൾ നൽകിയെങ്കിലും സർക്കാർ തലത്തിൽ മറ്റ് തീരുമാനങ്ങൾ ഉണ്ടായില്ല. 18.12.2013 മുതൽ വിവിധ കാലയളവിൽ 6,78,000/- രൂപ ഐ.ഒ.സി പ്രതിനിധികൾ നഗരസഭ ഫണ്ടിൽ അടവാക്കി. (പ്രതിമാസം 1500/- രൂപ എന്ന തോതിൽ).

1960 ലെ കേരള മുനിസിപ്പൽ നിയമം വകുപ്പ് 72 പ്രകാരം നഗരസഭക്ക് തങ്ങളുടെ പക്കലുള്ള ഭൂമി പരമാവധി 3 വർഷം വരെ പാട്ടവ്യവസ്ഥയിൽ നൽകാവുന്നതാണ്. തുടർന്നും നൽകുന്നുണ്ടെങ്കിൽ ആയത് പുതുക്കണം. ഐ.ഒ.സി.യുമായി കോടതിയിൽ വ്യവഹാരമുണ്ടായത് ലൈസൻസ് ഫീസ് വർദ്ധനവ് സംബന്ധിച്ച വിഷയത്തിലല്ല. ആയതിനാലാണ് 1982 വരെ ലൈസൻസ് വ്യവസ്ഥയോടെ പെട്രോൾ ബങ്ക് പ്രവർത്തിച്ചത്. 1982 നു ശേഷം പെട്രോൾ ബങ്കിന് ലൈസൻസ് നൽകേണ്ടതില്ലയെന്ന് കൗൺസിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിച്ചിരുന്നില്ല.

1960 ലെ മുനിസിപ്പൽ നിയമം വകുപ്പ് 3(24) പ്രകാരം കൈവശക്കാരൻ എന്നതിൽ ഏത് ഭൂമിയോ കെട്ടിടമോ സംബന്ധിച്ച് പാട്ടമോ, വാടകയോ കൊടുക്കുകയോ കൊടുക്കേണ്ടതായിരിക്കുകയോ ചെയ്യുന്നുവോ ആ ഭൂമിയുടെയോ കെട്ടിടത്തിന്റെയോ അത്തരം പാട്ടമോ വാടകയോ അല്ലെങ്കിൽ അത്തരം പാട്ടത്തിന്റെയോ വാടകയുടെയോ ഏതെങ്കിലും അംശമോ തൽകാലം ഉടമസ്ഥന് കൊടുക്കുകയോ കൊടുക്കുവാൻ ബാദ്ധ്യസ്ഥനായി ഇരിക്കുകയോ ചെയ്യുന്ന ആളാണ്. [നിലവിൽ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 2 (25)]. ഐ.ഒ.സി. വിഭാഗം നഗരസഭയുടെ പാട്ടക്കാരൻ ആണെന്നത് അവർ തന്നെ ഹൈക്കോടതിയിൽ സത്യവാങ്ങായി നൽകിയതുമാണ്. ആ സ്ഥിതിക്ക് അവർ ലൈസൻസ് കാലാവധി കഴിയുന്ന മുറക്ക് നഗരസഭ കൗൺസിൽ പാസ്സാക്കുന്ന നിയമാവലിയിൽ (ബൈലാകളിൽ) വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള വർദ്ധിപ്പിക്കുന്ന ഫീസ് നൽകാൻ ബാദ്ധ്യസ്ഥരുമാണ്. എന്നാൽ 1982 മുതൽ 2019 വരെ 37 വർഷത്തോളമായി ഈയിനത്തിൽ വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല.

നഗരസഭ അധീനതയിലുള്ള വിവിധ സ്ഥലങ്ങൾ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215 ലെ നിയമ വ്യവസ്ഥകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ ബൈലോ പ്രകാരം ലൈസൻസ് വ്യവസ്ഥയിൽ പ്രവർത്തിക്കുന്നതിന് പൊതുജനങ്ങൾക്ക് അനുവദിക്കുന്നുണ്ട്. ഐ.ഒ.സി യുമായി കേസിൽ പരാജയപ്പെട്ടു എന്നുള്ള കാരണം കൊണ്ട് ലൈസൻസ് പുതുക്കാതെ ഭൂമി അനുവദിക്കുവാൻ നിലവിൽ നഗരസഭ കൗൺസിലിന് നിയമപരമായ അധികാരമില്ല. അത്തരത്തിൽ സൗജന്യ നിരക്കിനു തുല്യമായി സ്ഥലം അനുവദിക്കുവാനും ഇതുമായി ബന്ധപ്പെട്ട കോടതി വിധികളിലും പരാമർശിച്ചിട്ടില്ല. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംങ് കമ്മറ്റിയുടെയും കൗൺസിലിന്റേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-51 ലൈസൻസ് ഫീസ് കാലാനുസൃതമായി പുതുക്കാതെ

# നഗരസഭ വക ഭൂമി വാടകയ്ക്ക് നൽകി.

ഫയൽ നം.എ.34/39452/84

നഗരസഭ പരിധിയിൽ കോഴിക്കോട് നോർത്ത് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി നഗരസഭ വക 6 സെന്റ് ഭൂമി ലൈസൻസ് വ്യവസ്ഥയിൽ 12.12.1988 മുതൽ 99 വർഷത്തേക്ക് ബാങ്കിന് അനുവദിച്ചു. 1988 ൽ 1000/- രൂപ പ്രതിവർഷം ലൈസൻസ് ഫീസിലാണ് ബാങ്ക് പ്രസ്തുത ഭൂമിയിൽ പ്രവർത്തിച്ചിരുന്നത്. തുടർന്ന് 11 വർഷത്തിനു ശേഷം 12.12.2009 മുതൽ ലൈസൻസ് ഫീസ് പ്രതിവർഷം 6000/- രൂപയാക്കി വർദ്ധിപ്പിച്ചു. (അതായത് പ്രതിമാസം 500/- രൂപ) ആയതിനു ശേഷം ലൈസൻസ് ഫീസിൽ നഗരസഭ വർദ്ധനവ് വരുത്തിയിട്ടില്ല.

1960 ലെ കേരള മുനിസിപ്പൽ നിയമം വകുപ്പ് 72 പ്രകാരം നഗരസഭക്ക് തങ്ങളുടെ പക്കലുള്ള ഭൂമി പരമാവധി 3 വർഷം പരിധിയിൽ പ്രതിമാസം ലൈസൻസ് ഫീസ് അടവാക്കുന്ന വ്യവസ്ഥയിൽ നൽകാവുന്നതാണ്. തുടർന്നും നൽകുന്നുണ്ടെങ്കിൽ ആയത് പുതുക്കണം. മേൽ നിയമ വ്യവസ്ഥ ഉൾക്കൊള്ളിച്ചല്ല നഗരസഭ ബാങ്ക് അധികൃതരുമായി 1988ൽ കരാർ തയ്യാറാക്കിയത്. കരാറിലെ പ്രത്യേക നിബന്ധനകൾ ക്രമ നം.4 പ്രകാരം സഹകരണ ബാങ്കിന്റെ പ്രവർത്തനങ്ങൾക്ക് അനുവദിച്ച ഭൂമിയുടെ ലൈസൻസ് ഫീസ് കാലാവധികളിൽ വേണ്ടി വന്നാൽ കാലോചിതമായി ഉയർത്തുന്നതിന് നഗരസഭക്ക് അധികാരമുണ്ടെങ്കിലും ആയതും നടപ്പാക്കിയിട്ടില്ല. നഗരസഭ തയ്യാറാക്കിയ ബൈലോ പ്രകാരം 3 വർഷ കാലയളവിൽ വാടക വർദ്ധനവ് വരുത്താവുന്നതാണ്. കാലാനുസൃതമായ വർദ്ധനവ് വരുത്താതെ നഗരസഭ വക ഭൂമി തുച്ഛമായ വാടകക്ക് നൽകുന്നത് സംബന്ധിച്ച അപാകതകൾ സൂചിപ്പിച്ച് നൽകിയ ഒ.എസ്. ന് (157/2018-19, തീയതി 11.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംങ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-52 നഗരസഭയുടെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഫയൽ നം. ഇ.ജി.11/79704/14, ഇ.ജി.11/11994/89

2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ, ചട്ടം 3(2) (10) പ്രകാരം നഗരസഭ പരിധിയിൽ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്നും അർദ്ധ വാർഷിക തൊഴിൽ നികുതി ചുമത്താവുന്നത് എത്രയായിരിക്കണം എന്നുള്ളത് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത കരാറുകാരിൽ നിന്നും 2017-18 സാമ്പത്തിക വർഷം മുതൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് മുന്നോടിയായി തങ്ങളുടെ വരുമാന വിവരങ്ങൾ ലഭ്യമാക്കുവാൻ നഗരസഭയിലെ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും കരാറുകാർക്ക് നോട്ടീസും നൽകിയിട്ടില്ല. ഓഡിറ്റ് വർഷത്തിൽ നഗരസഭയിൽ രജിസ്റ്റർ ചെയ്ത കരാറുകാരുടെ പേര്, വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു. (നഗരസഭയിൽ കരാറുകാരുടെ രജിസ്ട്രേഷൻ 3 വർഷം കൂടുമ്പോഴാണ് പുതുക്കുന്നത്)

| ക്രമ നം | കരാറുകാരന്റെ പേര്, രജിസ്ട്രേഷൻ തരം | രജിസ്ട്രേഷൻ പുതുക്കിയ തീയ്യതി | ഈടാക്കേണ്ട നികുതിയുടെ കാലയളവ് |
|---|---|---|---|
| 1 | ശ്രീ.ഇ.ഇമ്പിച്ചികോയ, സി.ക്ലാസ്സ് | 30.08.2017 | 2017-18 (2 ാം അർദ്ധ വർഷം) , 2018-19 , 2019-20 (2 അർദ്ധ വർഷം) |
| 2 | ശ്രീ.എം.ഗംഗാധരൻ നായർ, സി.ക്ലാസ്സ് | 30.08.2017 | |
| 3 | ശ്രീ.ടി.പ്രകാശൻ, ബി ക്ലാസ്സ് | 30.08.2017 | |
| 4 | ശ്രീ.വി.വി.അപ്പുണ്ണി, സി.ക്ലാസ്സ് | 27.09.2017 | |
| 5 | ശ്രീ.ടി.പി.റഫീക്ക് റഹമാൻ, ബി ക്ലാസ്സ് | 26.09.2017 | 2017-18 (2 ാം അർദ്ധ വർഷം) , 2018-19 , 2019-20 (2 അർദ്ധ വർഷം) |
| 6 | ശ്രീ.വി.പി.ദിനേശ്, സി ക്ലാസ്സ് | 31.08.2017 | |
| 7 | ശ്രീ.തരുൺ.എം.സി, സി ക്ലാസ്സ് | 23.10.2017 | |
| 8 | ശ്രീ.എം.ഹരിദാസ്, സി ക്ലാസ്സ് | 12.10.2017 | |
| 9 | ശ്രീ.റിജീഷ്.എം, സി.ക്ലാസ്സ് | 31.03.2017 | |
| | | | |

| | | | |
|---|---|---|---|
| 10 | ശ്രീ.ശിവദാസൻ.പി, സി.ക്ലാസ്സ് | 31.03.2017 | |
| 11 | ശ്രീ.കെ.പ്രേംജിത്ത്, സി.ക്ലാസ്സ് | 10.12.2015 | |
| 12 | ശ്രീ.മുഹമ്മദ്.ഒ, സി.ക്ലാസ്സ് | 28.09.2017 | |
| 13 | ശ്രീ.എ.പി.വൽസൻ, സി.ക്ലാസ്സ് | 08.12.2017 | |
| 14 | ശ്രീ.ശൈലേഷ്.റ്റി, സി.ക്ലാസ്സ് | 30.12.2015 | |
| 15 | ശ്രീ.കെ.കെ.വിജയരാജൻ, ബി.ക്ലാസ്സ് | 31.03.2017 | |
| 16 | ശ്രീ.ഐ.കെ.നിഖിൽ കുമാർ, ബി.ക്ലാസ്സ് | 31.03.2017 | |
| 17 | ശ്രീ.ഒ.എം.രജത്ത് കുമാർ, സി.ക്ലാസ്സ്. | 31.03.2017 | |
| 18 | ശ്രീ.സുജീഷ്.ബി, സി.ക്ലാസ്സ് | 31.03.2017 | |
| 19 | ഫറോക്ക് കോ.ഓ.ലേബർ സൊസൈസ്റ്റി | 31.03.2017 | |
| 20 | ശ്രീ.എ.പി.മോഹനൻ, ബി.ക്ലാസ്സ് | 31.03.2017 | |
| 21 | ശ്രീ.നിഖിൽ.എ.പി, ഡി.ക്ലാസ്സ് | 31.03.2017 | |
| 22 | ശ്രീ.ബാലകൃഷ്ണൻ, സി.ക്ലാസ്സ് | 31.03.2017 | |
| 23 | നാഷണൽ എഞ്ചിനീയറിംഗ് കമ്പനി | 14.12.2017 | |
| 24 | ശ്രീ.ബിജീഷ്.ഇ, സി.ക്ലാസ്സ് | 31.03.2017 | |
| 25 | സാർകോ ട്രേഡേഴ്സ്, | 31.03.2017 | |
| 26 | ശ്രീ.റ്റി.പി.മൂസക്കോയ, സി.ക്ലാസ്സ് | 31.03.2017 | |
| 27 | ശ്രീ.പി.പുരുഷോത്തമൻ, ബി.ക്ലാസ്സ് | 31.03.2017 | |
| 28 | ശ്രീ.ദീപക്.പി, സി.ക്ലാസ്സ് | 31.03.2017 | |
| 29 | ശ്രീ.ശശികുമാർ.സി, ബി.ക്ലാസ്സ് | 31.03.2017 | |
| 30 | ശ്രീ.സനിൽ.സി.പി, സി.ക്ലാസ്സ് | 01.03.2017 | |
| 31 | ശ്രീ.പവിത്രൻ.സി.പി, സി.ക്ലാസ്സ് | 31.03.2017 | |
| 32 | ശ്രീ.അർജ്ജുൻ.പി, സി.ക്ലാസ്സ് | 31.03.2017 | |
| 33 | ശ്രീ.ഗണേശൻ, സി.ക്ലാസ്സ് | 31.03.2017 | |
| 34 | ശ്രീ.സാജിത്ത്.പി, സി.ക്ലാസ്സ് | 31.03.2017 | |
| 35 | ശ്രീ.കുഞ്ഞിക്കോയ.സി, സി.ക്ലാസ്സ് | 31.03.2017 | |
| 36 | ശ്രീ.ശശീന്ദ്രനാഥൻ, എം, ബി.ക്ലാസ്സ് | 31.03.2017 | |
| 37 | ശ്രീ.കെ.ജയനാരായണൻ, ബി.ക്ലാസ്സ് | 31.03.2017 | |
| 38 | ശ്രീ.എം.ഡി.അബ്ദുൾ ഹാരിസ്, സി.ക്ലാസ്സ് | 31.03.2017 | |
| 39 | ശ്രീ.ശ്രീനിവാസൻ.എ, സി.ക്ലാസ്സ് | 31.03.2017 | |
| 40 | ശ്രീ.രാജേഷ്.കെ, സി.ക്ലാസ്സ് | 31.03.2017 | |
| 41 | ശ്രീ.സുനിൽ കുമാർ.കെ, സി.ക്ലാസ്സ് | 31.03.2017 | |
| 42 | ശ്രീ.മുഹമ്മദ് അഷ്റഫ്, സി.ക്ലാസ്സ് | 31.03.2017 | |
| 43 | ശ്രീ.പി.മോഹൻദാസ്, എ.ക്ലാസ്സ് | 31.03.2017 | |
| 44 | ശ്രീ.ശശിധരൻ.പി, സി.ക്ലാസ്സ് | 31.03.2017 | |

| | | | |
|---|---|---|---|
| 45 | ശ്രീ.നഫ്ലാസ്.എൻ, ബി.ക്ലാസ്സ് | 31.03.2017 | |
| 46 | ശ്രീ.ഇ.അബു, ബി.ക്ലാസ്സ് | 31.03.2017 | |
| 47 | ശ്രീ.ഷംസീർ.എൻ, സി.ക്ലാസ്സ് | 31.03.2017 | |
| 48 | ശ്രീ.സി.അബൂബക്കർ, സി.ക്ലാസ്സ് | 31.03.2017 | |
| 49 | ശ്രീ.യൂനസ് മുഹമ്മദ്.കെ, സി.ക്ലാസ്സ് | 31.03.2017 | |
| 50 | ശ്രീ.ഷംസുദ്ദീൻ.കെ, സി.ക്ലാസ്സ് | 31.03.2017 | |
| 51 | ശ്രീ.അബ്ദുൾ റസാഖ്.വി.വി, സി.ക്ലാസ്സ് | 31.03.2017 | |
| 52 | ഒമ്രൻ പ്രൊജക്ട്സ് പ്രൈ.ലിമിറ്റഡ് | 31.03.2017 | |
| 53 | ശ്രീ.മോഹനൻ.എം.സി, സി.ക്ലാസ്സ് | 31.03.2017 | |
| 54 | ശ്രീ.എ.രവി, സി.ക്ലാസ്സ് | 01.03.2017 | |
| 55 | ശ്രീ.ജിജീഷ്.കെ, സി.ക്ലാസ്സ് | 27.11.2017 | 2018-19 , 2019-20 (2 അർദ്ധ വർഷങ്ങൾ |
| 56 | ശ്രീ.അൻവർ.കെ.പി, സി.ക്ലാസ്സ് | 07.12.2017 | |
| 57 | ശ്രീ.പി.റ്റി.ബാബുരാജ്, സി.ക്ലാസ്സ് | 05.10.2017 | |
| 58 | ശ്രീ.വി.വി.അബ്ദുൾ നാസർ, ബി ക്ലാസ്സ് | 12.10.2017 | |
| 59 | ശ്രീ.കെ.അബ്ദുൾ റസാക്ക്, ബി.ക്ലാസ്സ് | 28.12.2015 | |
| 60 | ശ്രീ.ഫവാസ്.ഇ, സി.ക്ലാസ്സ് | 31.03.2018 | |
| 61 | ശ്രീ.സജീവൻ.എൻ, സി.ക്ലാസ്സ് | 31.03.2018 | |
| 62 | ശ്രീ.എ.ഗിരീഷ് കുമാർ, ഡി.ക്ലാസ്സ് | 01.04.2016 | 2016-17, 2017-18, 2018-19 (2 അർദ്ധ വർഷങ്ങൾ |
| 63 | ശ്രീ.അരവിന്ദ് പാലത്തിങ്കൽ, സി.ക്ലാസ്സ് | 01.04.2016 | |
| 64 | ശ്രീ.സാദ് ബിൻ ബഷീർ, | 01.04.2016 | |
| 65 | ശ്രീ.മനോഹരൻ.കെ.കെ, | 01.04.2016 | |
| 66 | ശ്രീ.വിനീഷ്.ഇ, സി.ക്ലാസ്സ് | 31.03.2017 | 2017-18 , 2018-19 , 2019 -20 (2 അർദ്ധ വർഷങ്ങൾ) |
| 67 | ശ്രീ.റ്റി.സുരേഷ് കുമാർ, സി.ക്ലാസ്സ് | 31.03.2017 | |
| 68 | ശ്രീ.കെ.പി.ഉദയകുമാർ, സി.ക്ലാസ്സ് | 31.03.2017 | |
| 69 | ശ്രീ.ബിജു കുമാർ.വി. സി ക്ലാസ്സ് | 31.03.2017 | |
| 70 | ശ്രീ.പ്രവീൺ കുമാർ.റ്റി.വി. സി ക്ലാസ്സ് | 31.03.2017 | |
| 71 | ശ്രീ.അജ്മൽ ബാബു, സി.ക്ലാസ്സ് | 07.07.2017 | |

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഒ.എസ്. ന് (നം.131/18-19 തീയതി 28.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയിൽ രജിസ്റ്റർ ചെയ്ത കരാറുകാരെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഈടാക്കാതിരുന്നത് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക്, മേലുദ്യോഗസ്ഥർ എന്നിവരുടെ വീഴ്ചയാണ് . കരാറുകാരിൽ നിന്നും കുടിശ്ശിക സഹിതം തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 മാളിനെ വാണിജ്യകെട്ടിടം എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു- കോർപ്പറേഷന് വസ്തു നികുതിയിനത്തിൽ നഷ്ടം

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടത്തിന്റെ അടിസ്ഥാനത്തിലുള്ള (ജി.ഒ(പി) നം.18/2011/തസ്വഭവ തീയതി 14.01.2011 പ്രകാരം) കോഴിക്കോട് കോർപ്പറേഷന്റെ 28.02.2017ലെ എ-1/11552/11 ാം നമ്പർ വിജ്ഞാപനം പ്രകാരം 200 m2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള മാളുകളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 150/- രൂപയാണ്. എന്നാൽ ഇതിനു വിരുദ്ധമായി മാൾ എന്ന ഉപയോഗക്രമത്തിൽ വരുന്ന മലബാർ ക്രിസ്ത്യൻകോളേജിന് സമീപമുള്ള മഹിളാമാൾ എന്ന കെട്ടിടത്തെ 100m2 ന് മുകളിൽ വരുന്ന വാണിജ്യ കെട്ടിടം എന്ന ഗണത്തിൽപ്പെടുത്തി അടിസ്ഥാന നിരക്ക് 105/-രൂപ നിരക്കിൽ വസ്തുനികുതി നിശ്ചയിച്ചു. ആയതിനാൽ കോർപ്പറേഷന് വസ്തുനികുതിയിനത്തിൽ വൻ നഷ്ടം സംഭവിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

ഫയൽ നം.എ-5/ടി.പി-9/85747/18

ശ്രീ. ടി.പി മൊയ്തീൻകോയ, ശ്രീമതി സുലൈഖ മൊയ്തീൻകോയ, ശ്രീ.അർഷാദ് എ.പി, മൊയ്തീൻ.ടി.പി, അബ്ദുൾസലാം എന്നിവരുടെ ഉടമസ്ഥതയിലുള്ള 5ാം റവന്യൂ വാർഡിൽ വയനാട് റോഡിൽ കരുണാകര ഡെന്റൽ ക്ലിനിക്കിന് സമീപം സ്ഥിതിചെയ്യുന്ന മഹിള മാൾ എന്ന കെട്ടിടം-കെട്ടിട നമ്പർ-64/103 മുതൽ 63/108 വരെയുള്ള 87 മുറികളുള്ള കെട്ടിടം(പഴയ നം.5/2497 A മുതൽ F വരെ). 01.10.2012 മുതൽ 5 /2497 A മുതൽ F വരെയുള്ള നമ്പറുകൾ അനുവദിച്ച് എ.ആർ.വി അടിസ്ഥാനത്തിൽ വാർഷിക വസ്തു നികുതി ചുമത്തിയിട്ടുള്ള കെട്ടിടത്തിന്റെ 5/2497A മുതൽ Eവരെയുള്ള നമ്പറുകൾ വിഭജിക്കുന്നതിന് അനുമതി നൽകുകയും ടി.പി-9/85747/18 തീയതി 01.10.2018 നമ്പറായി ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. ഘടനാപരമായ മാറ്റം വരുത്തിയതിനെ തുടർന്ന് കെട്ടിടത്തിന് 01.10.2018 മുതൽ (2018-19 രണ്ടാം അർദ്ധ വർഷം മുതൽ) തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ അടിസ്ഥാന നിരക്ക് 105/- രൂപ നിരക്കിൽ കണക്കാക്കി വസ്തു നികുതി നിർണ്ണയിച്ചു.

ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ ലഭ്യമായ പൂർത്തീകരണപ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 3228.79 ച.മീറ്ററാണ്. വിശദാംശം താഴെപ്പറയുന്ന

| | |
|---|---|
| സെല്ലാർ | 555.6 ച.മീ |
| തറ നില | 391.39 ച.മീ |
| ഒന്നാം നില | 483.39 ച.മീ |
| രണ്ടാം നില | 414.96 ച.മീ |
| മൂന്നാം നില | 414.96 ച.മീ |
| നാലാം നില | 366.77 ച.മീ |
| അഞ്ചാം നില | 366.77 ച.മീ |
| ആറാം നില(ടെറസ്സ് ) | 234.95 |
| ആകെ | 3228.79 ച.മീ |

2011 ലെ കേരള മുനിസിപ്പാലിറ്റി ( വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 2,6 എന്നിവ പ്രകാരം യഥാക്രമം, മേൽ കെട്ടിടത്തിലേക്ക് 5മീറ്ററിൽ കൂടുതലുള്ള റോഡിൽ നിന്ന് പ്രവേശനമാർഗ്ഗം ഉള്ളതിനാൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ നിലകൾക്കും അടിസ്ഥാന വസ്തുനികുതിയിൻമേൽ 20% വർദ്ധനവും 5ാം നിലയിലെ ഹാളിന് ഉയർന്ന തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% വർദ്ധനവും ബാധകമാണ്. കൂടാതെ മേൽ ചട്ടങ്ങളിലെ ചട്ടം 9(5) പ്രകാരം ഒന്നാം നിലയ്ക്ക് 5%, രണ്ടാം നിലയ്ക്ക് 10% ,മൂന്നാം നിലയ്ക്ക് 15%, നാലാം നിലയ്ക്ക് 20%, അഞ്ചാം നില മുതൽ മുകളിലോട്ട് 25% എന്നിങ്ങനെ ഓരോ കെട്ടിടത്തിനും കണക്കാക്കിയ വസ്തുനികുതിയിൽ ഇളവ് അനുവദിക്കുന്നതാണ്. കോർപ്പറേഷന്റെ 06.02.2020 ലെ എ-5/2692/2020 നമ്പർ കത്ത് പ്രകാരം ഈ കെട്ടിടത്തിന് 2018-19 രണ്ടാം അർദ്ധവർഷം മുതൽ അടവാക്കിയ വസ്തുനികുതിയുടെ വിശദാംശം ലഭ്യമാക്കിയിട്ടുണ്ട്. സെല്ലാർ നിലയുടെ തറവിസ്തീർണ്ണവും പൊതു ഉപയോഗ സ്ഥലങ്ങളുടെ തറവിസ്തീർണ്ണവും തറ നില

മുതൽ നാലാം നില വരെയുള്ള നിലകളുടെ തറവിസ്തീർണ്ണത്തോടും ടെറസ്സ് നിലയുടെ തറവിസ്തീർണ്ണം അഞ്ചാം നിലയുടെ തറവിസ്തീർണ്ണത്തോടും കൂട്ടിയാണ് റവന്യൂഓഫീസർ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഈ കെട്ടിടത്തിന് വസ്തുനികുതി കുറവായി നിർണ്ണയിച്ചതുമൂലം 2018-19 വർഷം കോർപ്പറേഷന് 1,56,320/-രൂപ വസ്തു നികുതിയിനത്തിലും സംസ്ഥാനസർക്കാറിന് 8227/- രൂപ ലൈബ്രറിസെസ് ഇനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ട്.
കുറവ് വന്ന നികുതിയുടെ വിശദാംശം അനുബന്ധം 3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

കോർപ്പറേഷന്റെ വിജ്ഞാപന പ്രകാരം മാളുകൾക്ക് പ്രത്യേക അടിസ്ഥാന വസ്തുനികുതി നിരക്ക് പ്രാബല്യത്തിലിരിക്കെ അത്തരത്തിൽപ്പെടുന്ന 'മഹിള മാൾ' എന്ന കെട്ടിടത്തിനെ 100m2 ന് മുകളിൽ വരുന്ന വാണിജ്യ കെട്ടിടം എന്ന ഗണത്തിൽപ്പെടുത്തി അടിസ്ഥാന നിരക്ക് 105/-രൂപ നിരക്കിൽ നിശ്ചയിച്ച് വസ്തുനികുതി കണക്കാക്കുന്നത് നിയമാനുസൃതമല്ലാത്തതും കോർപ്പറേഷന് വസ്തുനികുതിയിനത്തിൽ ലഭിക്കേണ്ട തുകയിൽ വൻ കുറവ് വരുത്തുന്നതുമാണ്. ആയതിനാൽ മാളിനെ തെറ്റായി വാണിജ്യകെട്ടിടം എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിനാൽ മേൽ കണക്കാക്കിയ പ്രകാരം പ്രതിവർഷം കോർപ്പറേഷന് 1,56,320/-രൂപ വസ്തു നികുതിയിനത്തിലും സംസ്ഥാനസർക്കാറിന് 8227/- രൂപ ലൈബ്രറിസെസ് ഇനത്തിലും നഷ്ടം ഉണ്ടാകും . പ്രസ്തുത മാളിന് ഘടനാപരമായ മാറ്റം വരുത്തിയതിനെ തുടർന്ന് 01.10.2018 മുതലാണ് (2018-19 രണ്ടാം അർദ്ധ വർഷം മുതൽ) തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ പുതുക്കിയ വസ്തുനികുതി ഈടാക്കിയതെന്നതിനാൽ, 2018-19 വർഷം കോർപ്പറേഷന് വസ്തുനികുതിയിനത്തിൽ ഉണ്ടായ നഷ്ടം 78,160/-രൂപയും സംസ്ഥാന സർക്കാറിന് ലൈബ്രറിസെസ് ഇനത്തിൽ ഉണ്ടായ നഷ്ടം 4113/-രൂപയുമാണ്. ആയത് കെട്ടിട ഉടമയിൽ നിന്ന് ഈടാക്കി യഥാക്രമം കോർപ്പറേഷൻ ഫണ്ടിലും ട്രഷറിയിലും അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതായിരിക്കും. മേൽ കെട്ടിടത്തിന്റെ 5ാം നിലയിലെ ഹാൾ ഉൾപ്പെടെയുള്ള പല മുറികൾക്കും കെട്ടിട ഉടമ 2018-19 വർഷം വസ്തുനികുതി അടവാക്കിയിട്ടില്ല. ആയത് അടവാക്കുന്നതിനും നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ചെറുവണ്ണൂർ നല്ലളം മേഖലാ ഓഫീസ് -വഴി സൗകര്യം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചത് മൂലം വസ്തുനികുതിയിനത്തിൽ നഷ്ടം

2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികുതിയും (സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) പ്രകാരം ഒരു കെട്ടിടത്തിലേക്ക് 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനമാർഗം ഉണ്ടെങ്കിൽ അടിസ്ഥാനവസ്തുനികുതിയിൻമേൽ 20% വർദ്ധനവ് നൽകേണ്ടതാണ്. എന്നാൽ വഴി സൗകര്യം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചത് മൂലം നഗരസഭക്ക് വസ്തുനികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. കെട്ടിടഉടമസ്ഥൻ സമർപ്പിച്ച സൈറ്റ് പ്ലാൻ പ്രകാരം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനമാർഗം ഉള്ളതായി രേഖപ്പെടുത്തിയിട്ടും റോഡിന്റെ വീതി 5 മീറ്ററിൽ കുറവായി കണക്കാക്കി, 20% വർദ്ധനവ് വരുത്താതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് / കെട്ടിടം നം | ഉടമയുടെ പേര് വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | റോഡിന്റെ വീതി | നിർണ്ണയിച്ച നികുതി | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| 1 | 13/539A1 | കെ.ഉസാമ | $23.50\ m^2$ വാണിജ്യം തറനില | $12\ m^2$ | 23.50@90 = 2115- 20% ഇളവ് (തൃതീയ മേഖല) = 1692 (1.10.2018മുതൽ) | 23.50@90 = 2115- 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) = 2115 | 423 |
| | 13/539A2 | | “ | $12m^2$ | 23.50@90 = 2115- 20% ഇളവ് (തൃതീയ മേഖല) = 1692 (1.10.2018മുതൽ) | 23.50@90 = 2115- 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) = 2115 | 423 |
| | 13/539A3 | | $19.12\ m^2$ വാണിജ്യം തറനില | $12\ m^2$ | 19.12@90 = 1721- 20% ഇളവ് (തൃതീയ മേഖല) = 1377 (1.10.2018മുതൽ) | 19.12@90 = 1721- 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) = 1721 | 344 |
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | 13/539A4 | | 21.24 $m^2$ വാണിജ്യം തറനില | 12 $m^2$ | 21.24@90 = 1912- 20% ഇളവ് (തൃതീയ മേഖല) = 1530 (1.10.2018മുതൽ) | 21.24@90 = 1912 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) = 1912 | 382 |
| 2 | 11/286 A2 | റാബിയ മുതൽ 5 പേർ | 16.433 $m^2$ വാണിജ്യം തറനില | 5m$^2$ | 16.433@105 = 1725- 20% ഇളവ് (തൃതീയ മേഖല) = 1381 (1.10.2018മുതൽ) | 16.433@105= 1725- 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) = 1725 | 344 |
| | 11/286 A3 | | 16.433 $m^2$ വാണിജ്യം തറനില | 5 $m^2$ | 16.433@105 = 1725- 20% ഇളവ് (തൃതീയ മേഖല) = 1381 (1.10.2018മുതൽ) | 16.433@105= 1725- 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) = 1725 | 344 |
| | 11/286 A4 | | 16.433 $m^2$ വാണിജ്യം തറനില | 5 $m^2$ | 16.433@105 = 1725- 20% ഇളവ് (തൃതീയ മേഖല) = 1381 (1.10.2018മുതൽ) | 16.433@105= 1725- 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) = 1725 | 344 |
| | 11/286 A5 | | 12.48 $m^2$ വാണിജ്യം ഒന്നാം നില | 5 $m^2$ | 12.48@105 = 1311 - 20% ഇളവ് (തൃതീയ മേഖല) - 5% ഇളവ്(ഒന്നാം നില) = 997 (1.10.2018മുതൽ) | 12.48@105 = 1311- 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) - 5% ഇളവ് (ഒന്നാം നില) = 1245 | 248 |
| | 11/286 A6 | | 12.48 $m^2$ വാണിജ്യം ഒന്നാം നില | 5 $m^2$ | 12.48@105 = 1311 - 20% ഇളവ് (തൃതീയ മേഖല) - 5% ഇളവ്(ഒന്നാം നില) = 997 (1.10.2018മുതൽ) | 12.48@105 = 1311- 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) - 5% ഇളവ് (ഒന്നാം നില) = 1245 | 248 |
| | 11/286 A7 | | 27.54 $m^2$ വാണിജ്യം ഒന്നാം നില | 5 $m^2$ | 27.54@105 = 2892 - 20% ഇളവ് (തൃതീയ മേഖല) - 5% ഇളവ്(ഒന്നാം നില) = 2198 (1.10.2018മുതൽ) | 27.54@105 = 2892- 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) - 5% ഇളവ് (ഒന്നാം നില) = 2747 | 549 |
| 3 | 12/720 A1 | സെമീറ അൻസാർ മുതൽ 3 പേർ | 106.56 $m^2$ വാണിജ്യം തറനില | 19.6 $m^2$ | 106.56@105 = 11189 - 20% ഇളവ് (തൃതീയ മേഖല) + 15% വർദ്ധനവ്(തറ നിർമ്മിതി) = 10629 (1.04.2018മുതൽ) | 106.56@105 = 11189 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 12867 | 2238 |
| | 12/720 A2 | | 35.52m2 വാണിജ്യം തറനില | 19.6m | 35.52@105 = 3730 - 20% ഇളവ് (തൃതീയ മേഖല) + 15% വർദ്ധനവ്(തറ നിർമ്മിതി) = 3544 (1.04.2018മുതൽ) | 35.52@105 = 3730 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 4290 | 746 |
| | 12/720 A3 | | 191.88 $m^2$ വാണിജ്യം ഒന്നാം നില | 19.6 $m^2$ | 191.88@105 = 20147 - 20% ഇളവ് (തൃതീയ മേഖല) + 15% വർദ്ധനവ്(തറ നിർമ്മിതി) - 5% ഇളവ്(ഒന്നാം നില) = 18183 (1.04.2018മുതൽ) | 35.52@105 = 3730 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി)- 5% ഇളവ്(ഒന്നാം നില) = 22011 | 3828 |
| | | | | | | | 10461 |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 04.12.2019 ലെ 89/2018-19 നം. ഒ.എസിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം.1,2 എന്നിവയിൽ 2018-19 രണ്ടാം അർദ്ധവർഷത്തിലും ക്രമനം.3 ൽ 2018-19 രണ്ട് അർദ്ധവർഷങ്ങളിലും മേൽ പറഞ്ഞ പ്രകാരം കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയതിനാൽ വസ്തു നികുതിയിനത്തിൽ 8,637/-രൂപയും ലൈബ്രറി സെസ്സിനത്തിൽ 432 രൂപയും നഷ്ടം വന്നിട്ടുണ്ട്. നഷ്ട

തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നീടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്. കൂടാതെ ഇപ്രകാരം തെറ്റായി നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-3 വസ്തുനികുതി - നിർണ്ണയിച്ച തുകയേക്കാൾ കുറവ് തുക ഡിമാന്റ് ചെയ്തു

ഫയൽ നം. എ.12/ടിപി(7)11/39550/18

കോഴിക്കോട് കോർപ്പറേഷനിലെ 36ാം ഡിവിഷനിൽ ശ്രീ.സി.പി.റോഷിക് അഹമ്മദ്, ശ്രീ.സി.പി.ഹാഷിം എന്നിവരുടെ ഉടമസ്ഥതയിലുള്ള 432എ മുതൽ 432 ടി വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, ചട്ടപ്രകാരം നിർണ്ണയിച്ച നികുതിയേക്കാൾ കുറവ് തുകയാണ് ഡിമാന്റ് ചെയ്തിരിക്കുന്നതെന്ന് കണ്ടു. (ഡിമാന്റ് നോട്ടീസ് നമ്പർ എ12/ടി.പി.7/11/39550/18 തീയതി 30.10.2018). കെട്ടിടത്തിന്റെ തറ നിലയിൽ 4 മുറികളും, ഒന്നാം നിലയിൽ 7 മുറികളും, രണ്ടാം നിലയിൽ 7 മുറികളും ആണുള്ളത്. ദ്വിതീയമേഖലക്കുള്ള 10% ഇളവും 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനമാർഗം ഉള്ളതിനാൽ 20% വർദ്ധനവും 250 $m^2$ ന മുകളിൽ വിസ്തീർണ്ണം ഉള്ളതിനാൽ തറനിർമ്മിതിക്ക് 15% വർദ്ധനവും നൽകിയാണ് നികുതി കണക്കാക്കിയിട്ടുള്ളത്. നികുതി നിർണ്ണയിച്ചതിന്റേയും ഡിമാന്റ് ചെയ്തതിന്റെയും വിശദാംശം താഴെ കൊടുക്കുന്നു.

- കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം - 663.33 $m^2$
- മേഖല - ദ്വിതീയ മേഖല

| ക്രമ നം | കെട്ടിട നം. | കെട്ടിടത്തിന്റെ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി (ലൈബ്രറി സെസ്സ് ഉൾപ്പടെ) | ഡിമാന്റ് ചെയ്ത നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | 432എ | 34.35$m^2$ - തറനില | 4,735 | 4,167 | 568 |
| 2 | 432ബി | 34.35$m^2$ - തറനില | 4,735 | 4,167 | 568 |
| 3 | 432സി | 39.58$m^2$ -തറനില | 5,455 | 4,801 | 654 |
| 4 | 432ഡി | 39.58$m^2$ -തറനില | 5,455 | 4,801 | 654 |
| 5 | 432ഇ | 36.21$m^2$ -ഒന്നാം നില | 4,742 | 4,173 | 569 |
| 6 | 432എഫ് | 36.21$m^2$ - ഒന്നാം നില | 4,742 | 4,173 | 569 |
| 7 | 432ജി | 39.59$m^2$ -ഒന്നാം നില | 5,183 | 4,563 | 620 |
| 8 | 432എച്ച് | 39.59$m^2$ - ഒന്നാം നില | 5,183 | 4,563 | 620 |
| 9 | 432 ജെ | 39.59$m^2$ - ഒന്നാം നില | 5,183 | 4,563 | 620 |
| 10 | 432 കെ | 33.28$m^2$ -ഒന്നാം നില | 4,358 | 3,835 | 523 |
| 11 | 432 എൽ | 33.28$m^2$ -ഒന്നാം നില | 4,358 | 3,835 | 523 |
| 12 | 432എം | 36.21$m^2$ –രണ്ടാം നില | 4,492 | 3,954 | 538 |
| 13 | 432എൻ | 36.21$m^2$ - രണ്ടാം നില | 4,492 | 3,954 | 538 |
| 14 | 432പി | 39.58$m^2$ -രണ്ടാം നില | 4,910 | 4,322 | 588 |
| 15 | 432ക്യൂ | 39.58$m^2$ -രണ്ടാം നില | 4,910 | 4,322 | 588 |
| 16 | 432ആർ | 39.58$m^2$ -രണ്ടാം നില | 4,910 | 4,322 | 588 |
| 17 | 432 എസ് | 33.28$m^2$ - രണ്ടാം നില | 4,128 | 3,633 | 495 |
| 18 | 432 ടി | | 4,128 | 3,633 | 495 |

| | | | | | |
|---|---|---|---|---|---|
| | | $33.28m^2$ - രണ്ടാം നില | | | |
| | | | ആകെ | | 10,318 |

മേൽ പറഞ്ഞ കെട്ടിടങ്ങൾക്ക് ചട്ടപ്രകാരം നിർണ്ണയിച്ച നികുതിയേക്കാൾ 10,318/- രൂപ കുറവായാണ് സഞ്ചയയിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് 14.01.2020 ന് നൽകിയ 128/2018-19 നം. ഒ.എസിന് നൽകിയ മറുപടിയിൽ, 250 $m^2$ ന മുകളിൽ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങൾക്ക് തറനിർമ്മിതിക്ക് 15% വർദ്ധനവ് വരുത്താൻ സഞ്ചയ സോഫ്റ്റ് വെയറിൽ സാധിക്കാത്തതു കൊണ്ടാണ് കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം ആവശ്യമായ മാറ്റങ്ങൾ സഞ്ചയയിൽ വരുത്തുന്നതിന് പകരം നികുതി കുറവ് ചെയ്ത് കൊടുത്തത് അംഗീകരിക്കാവുന്നതല്ല. നഗരസഭയ്ക്ക് നഷ്ടം വന്ന 10,318/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ പിഴവ് പരിഹരിച്ച് ഇപ്രകാരം തെറ്റായി നികുതി ഡിമാൻറ് ചെയ്ത മുഴുവൻ കെട്ടിടങ്ങളുടെയും നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-4 നഗരസഭ വക ബസ്സ്സ്റ്റാന്റുകളുടെ ഫീസ് പിരിക്കുന്നതിന് കുത്തക നൽകിയതിലെ അപാകതകൾ സംബന്ധിച്ച്.

ഫയൽ നം.എ.36/110621/17, എ.32/17552/18

2018-19 വർഷം നഗരസഭ വക ബസ്സ്സ്റ്റാന്റുകളുടെ ഫീസ് പിരിക്കുന്നതിനുള്ള കുത്തകാവകാശം 22.02.2018 ന് ലേലം/ടെണ്ടർ നടത്തിയെങ്കിലും ലേലം വിളിക്കാൻ ആരും തയ്യാറായില്ല. തുടർന്ന് 12.03.2018, 24.03.2018 എന്നീ തീയതികളിൽ പുനർ ലേലം നടത്തിയതിലും ലേലം വിളിക്കാൻ ആരും തയ്യാറായില്ല. 31.03.2018 ൽ ശ്രീ.എ.വി.ഷിറാജ് കുമാർ, (ഭദ്രാസ്, എള്ളുവളപ്പിൽ (ഹ), തളിക്കുളങ്ങര, മാങ്കാവ്, കോഴിക്കോട്.673007) എന്നവർ 33,99,000/- രൂപക്ക് ഏറ്റെടുക്കാൻ തയ്യാറാണെന്ന് അറിയിച്ച് ഓഫർ നൽകി. ഓഫർ പ്രകാരം ടിയാൻ ഓരോ മാസവും 30 ാം തീയ്യതിക്കകം ഗഡുക്കളായി തുക നഗരസഭയിൽ അടവാക്കും. ആയത് അംഗീകരിച്ച് ടിയാന് നഗരസഭ വക ഐ.ജി. ബസ്സ്സ്റ്റാന്റ്, പാളയം ബസ്സ്സ്റ്റാന്റ് എന്നിവിടങ്ങളിൽ നിന്നും 2018-19 സാമ്പത്തിക വർഷം ഫീസ് പിരിക്കുന്നതിനായി കുത്തകാവകാശം നൽകി. ലേലം ഉറപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 31.03.2018 ന് 2,10,000/- രൂപയുടെ ചെക്ക് നഗരസഭ സെക്രട്ടറിയുടെ പേരിൽ നൽകി. (ചെക്ക് നം.844417, അക്കൗണ്ട് നം.210900301000042, വിജയ ബാങ്ക്). നഗരസഭയിൽ നിന്നും ബസ്സ് സ്റ്റാന്റ് ഫീസ് പിരിക്കുന്നതിന് ആധികാരികമായ രേഖകൾ നൽകാതെയാണ് ഫീസ് പിരിക്കാൻ അനുമതി നൽകിയത്. 05.04.2018 ലെ കൗൺസിൽ യോഗത്തിലെ 85 ാം നമ്പർ തീരുമാന പ്രകാരം ശ്രീ.എ.വി.ഷിറാജ് കുമാർ സമർപ്പിച്ച ഓഫർ അംഗീകരിക്കുകയും 07.06.2018 ന് നഗരസഭ ഡെപ്യൂട്ടി സെക്രട്ടറിയും ശ്രീ.എ.വി.ഷിറാജ് കുമാറും തമ്മിൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ പ്രസ്തുത ഓഫർ കോർപ്പറേഷൻ കൗൺസിൽ അംഗീകരിച്ച് ടിയാനുമായി എഗ്രിമെന്റ് വെയ്ക്കുന്നതിന് മുമ്പ് തന്നെ 01.04.2018 മുതൽ ഫീസ് പിരിക്കുന്നതിന് ടിയാന് അനുവാദം നൽകിയതായി കാണുന്നു (ഫയൽ പേജ് നം.216 തീയതി 02.11.2018 ലെ ശ്രീ.എ.വി.ഷിറാജ് കുമാർ സെക്രട്ടറിയ്ക്ക് നൽകിയ കത്ത്).

06.04.2018 ന് ശ്രീ.എ.വി.ഷിറാജ് കുമാർ ഡെപ്യൂട്ടി മേയർക്ക് നൽകിയ അപേക്ഷയിൽ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കുന്നതിനായി അഭ്യർത്ഥിച്ചു.

(1) 1200 ബസ്സുകൾ 2 സ്റ്റാന്റുകളിലുമായി പ്രവേശിക്കുന്നു എന്ന് കോർപ്പറേഷനിൽ നിന്നും ലഭിച്ച തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് താൻ 33,99,000/- രൂപ ക്വാട്ട് ചെയ്തത്. നിലവിൽ 2 സ്റ്റാന്റുകളിലായി പ്രവേശിക്കുന്ന ബസ്സുകൾ 550 നും 600 നും ഇടയിൽ മാത്രമാണ്. ആയതിനാൽ പിരിവ് ജീവനക്കാരുടെ വേതനം, 18% ജി.എസ്.ടി, 2% ആദായ നികുതി, മറ്റ് ചെലവുകൾ എന്നിവ നൽകേണ്ടത് കൊണ്ടും, ബസ്സുകളുടെ കുറവ് കാരണവും ക്വാട്ട് ചെയ്ത തുകക്ക് ലേലം മുന്നോട്ട് കൊണ്ടു പോയാൽ വലിയ സാമ്പത്തിക ബാദ്ധ്യത വരും. പ്രസ്തുത സാഹചര്യത്തിൽ ഓഫർ തന്ന സംഖ്യയിൽ നിന്നും 5,00,000/- ലക്ഷം രൂപ കുറച്ച് തരണം.

(2) ലേല സംഖ്യയുടെ 75% തുക ഒന്നിച്ച് അടവാക്കണമെന്ന നിബന്ധന അറിയില്ലായിരുന്നു. പ്രസ്തുത തുക വലിയ സംഖ്യയായതിനാൽ അറിവില്ലായ്മ മാപ്പാക്കി മേൽ സംഖ്യ എല്ലാ മാസവും മുൻകൂറായി അടവാക്കുന്നതിന് അനുവദിക്കണം.

ശ്രീ.എ.വി.ഷിറാജ് കുമാറിന്റെ മേൽ അപേക്ഷ 20.04.2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 75% തുക ഒന്നിച്ച് അടവാക്കണമെന്ന നിബന്ധന ഒഴിവാക്കി 2 മാസത്തെ തുക മുൻകൂറായി അടവാക്കാനും ഓരോ മാസവും അടവാക്കേണ്ട തുക അതത് മാസം 3 ാം തീയതിക്കകം അടവാക്കുന്നതിനും അനുവദിക്കാമെന്ന് കൗൺസിലിലേക്ക് ശുപാർശ ചെയ്തു (തീരുമാനം നം.16). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ 27.04.2018 ലെ കൗൺസിൽ യോഗത്തിലെ 69 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

(14.05.2018 ന് ഫയൽ എ.36 സെക്ഷൻ ക്ലാർക്കിൽ നിന്നും എ.32 സെക്ഷൻ ക്ലാർക്കിന് കൈമാറിയിട്ടുണ്ട്). 19.05.2018 ന് ശ്രീ.എ.വി.ഷിറാജ് കുമാർ അടവാക്കേണ്ട ലൈസൻസ് ഫീ, 18% ജി.എസ്.ടി, 2% ആദായ നികുതി എന്നിവ എത്രയെന്ന് കണക്കാക്കി ഡപ്യൂട്ടി സെക്രട്ടറി സെലക്ഷൻ മെമ്മോ അയച്ചു നൽകി. പ്രസ്തുത സെലക്ഷൻ മെമ്മോ പ്രകാരം അടവാക്കേണ്ട തുക താഴെ കൊടുക്കുന്നു.

(1) 2 മാസത്തെ മുൻകൂർ ഡപ്പോസിറ്റ് തുക 5,66,500/- (283250 x 2)

(2) SGST 9 % - 50,985/-

(3) CGST 9 % - 50,985/-

(4) ആദായ നികുതി 2% - 67,980/-

ആകെ - 7,36,450/- രൂപ.

ആയതിന്റെ അടിസ്ഥാനത്തിൽ 26.05.2018 ന് ടിയാൻ നൽകിയ 6,79,800/- രൂപയുടെ ചെക്ക് ബാങ്കിൽ സമർപ്പിച്ചപ്പോൾ payment stopped by drawer എന്ന കാരണത്താൽ മടങ്ങി. ടിയാന്റെ ഓഫർ ക്യാൻസൽ ചെയ്ത് നഗരസഭ ഫണ്ടിൽ അടവാക്കിയ ഡപ്പോസിറ്റ് തുക മുതൽക്കൂട്ടി നഗരസഭയെ കബളിപ്പിക്കാൻ ശ്രമിച്ചതിനെതിരെ നിയമനടപടികൾ സ്വീകരിക്കാവുന്നതാണെന്നും, 2018 ഏപ്രിൽ മുതൽ ബസ്സ്സ്റ്റാന്റ് ഫീ പിരിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ബന്ധപ്പെട്ട റവന്യൂ ഇൻസ്പെക്ടറോട് ആവശ്യപ്പെടാവുന്നതാണെന്നും അറിയിച്ച് സെക്ഷൻ ക്ലാർക്ക് രേഖപ്പെടുത്തിയ കുറിപ്പിന് സൂപ്രണ്ട് താഴെ പറയുന്ന തരത്തിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

“ചെക്ക് ബാങ്കിൽ സമർപ്പിക്കരുതെന്നും, ബസ്സ്സ്റ്റാന്റ് ഫീ അടവാക്കുന്നതിൽ സമയം അനുവദിക്കണമെന്നും സൂചിപ്പിച്ച് ശ്രീ.എ.വി.ഷിറാജ് കുമാർ ബഹു. മേയർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ആയതിനാൽ വിഷയം ഡപ്യൂട്ടി മേയറുടെ ശ്രദ്ധയിൽ കൊണ്ടു വരാവുന്നതാണ്".

മേൽ ശുപാർശ റവന്യൂ ഓഫീസറും (നോൺ ടാക്സ്), ഡപ്യൂട്ടി സെക്രട്ടറിയും അംഗീകരിച്ചു.

06.06.2018 ന് ശ്രീ.എ.വി.ഷിറാജ് കുമാർ ഡപ്യൂട്ടി മേയർക്ക് നൽകിയ അപേക്ഷയിൽ തനിക്ക് നൽകിയ ലൈസൻസ് റദ്ദ് ചെയ്ത് തരണമെന്ന് ആവശ്യപ്പെട്ടു. 12.06.2018 ലെ ധനകാര്യ സ്ഥിരം സമിതി യോഗത്തിൽ ടിയാന്റെ അപേക്ഷയിലെ കാര്യങ്ങൾ അടവാക്കാൻ കുടിശ്ശികയായ തുക അടവാക്കിയതിനു ശേഷം പരിഗണിക്കാവുന്നതാണെന്ന് തീരുമാനിച്ചു. (നം.51).

31.10.2018 ന് ലൈസൻസ് ഫീസിനത്തിൽ അടവാക്കേണ്ട തുക (14,16,250/- 6/18 മുതൽ 10/18 വരെ), ജി.എസ്.ടി (2,54,926/-), ജി.എസ്.ടി.ഫൈൻ (10,561/-) പിഴപലിശ (42,488/-), ആദായ നികുതി (28,325/-) എന്നിവ രേഖപ്പെടുത്തി ആകെ 17,52,552/- രൂപ 7 ദിവസത്തിനകം നഗരസഭയിൽ അടവാക്കാൻ നിർദ്ദേശിച്ച് നോട്ടീസ് നൽകി. തുക അടവാക്കാത്ത പക്ഷം ലൈസൻസ് റദ്ദ് ചെയ്ത് മുഴുവൻ കുടിശ്ശിക തുകയും മറ്റ് ചെലവുകളും നികുതി പണം പോലെ വസൂൽ ചെയ്യുന്നതാണെന്നും അറിയിച്ചു. മേൽ നോട്ടീസ് ലഭിച്ച ടിയാൻ 02.11.2018 ന് തന്നെ നേരിൽ കേൾക്കാതെയും വസ്തുതകൾ മനസ്സിലാക്കാതെയുമാണ് നോട്ടീസ് നൽകിയതെന്നും ആയതിനാൽ നോട്ടീസ് റദ്ദ് ചെയ്ത് തന്നെ നേരിൽ കേട്ട് പ്രശ്നത്തിന് ഒരു പരിഹാരം കൈകൊള്ളണമെന്നും അറിയിച്ച് സെക്രട്ടറിക്ക് കത്ത് നൽകി. തുടർന്ന് നഗരസഭ തലത്തിൽ നടപടികൾ സ്വീകരിക്കാത്തതിനാൽ ടിയാൻ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. [WP (c) No. 36347/2018]. 15.11.2018 ന് ടിയാന്റെ അപേക്ഷ പരിഗണിച്ച് ഒരു മാസത്തിനകം തീരുമാനം എടുക്കണമെന്ന് കോടതി നിർദ്ദേശിച്ചു.

07.12.2018 ന് ഡപ്യൂട്ടി സെക്രട്ടറിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഇൻസ്പെക്ടർ ഐ.ജി. ബസ്സ്സ്റ്റാന്റ്, പാളയം ബസ്സ്സ്റ്റാന്റ് എന്നിവടങ്ങളിലായി പ്രതിദിനം 580 ബസ്സുകൾ വന്ന് പോകുന്നുണ്ടെന്നും ഫീസിനത്തിൽ 23/- രൂപ (ജി.എസ്.ടി ഉൾപ്പടെ) ലൈസൻസി രശീതി മുഖേന വാങ്ങുന്നുണ്ടെന്നും റിപ്പോർട്ട് ചെയ്തു.

കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 18.12.2018 ന് ശ്രീ.എ.വി.ഷിറാജ് കുമാറിനെ നേരിൽ കേട്ട് മൊഴിയെടുത്തു. ടിയാൻ മൊഴിയിൽ പറഞ്ഞ കാര്യങ്ങൾ പരിഗണിക്കേണ്ടതുണ്ടെന്നും, കുടിശ്ശിക തുക ഈടാക്കുന്നതിന്

വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും 20.12.2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലെ 9 ാം നമ്പർ തീരുമാന പ്രകാരം കൗൺസിലിലേക്ക് ശുപാർശ ചെയ്തു. 23.01.2019 ന് ടിയാന്റെ ലൈസൻസ് അവകാശം സെക്രട്ടറി റദ്ദ് ചെയ്തു. ബസ്സ്റ്റാന്റ് ഫീസിനത്തിൽ 28,32,500/- (33,99,000 – 5,66,500) രൂപയും ജി.എസ്.ടി തുകയും നഗരസഭ ഫണ്ടിന് നഷ്ടമായി. 16.02.2019 ന് കുടിശ്ശികയായ തുക റവന്യൂ റിക്കവറി മുഖേന നടത്തുന്നതിനായി ശ്രീ.എ.വി.ഷിറാജ് കുമാറിന്റെ പേരിലുള്ള സ്വത്ത് വിവരങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി വളയനാട് വില്ലേജ് ഓഫീസർക്ക് നൽകിയ കത്തിന് 01.03.2019 ന് ടിയാന്റെ പേരിൽ പ്രസ്തുത വില്ലേജ് പരിധിയിൽ സ്വത്ത് വഹകളില്ല എന്ന് വില്ലേജ് ഓഫീസർ അറിയിച്ചു. തുടർന്ന് 18.03.2019 ന് ടിയാന്റെ പേരിൽ കോഴിക്കോട് ജില്ലയിൽ ഉള്ള എല്ലാ സ്വത്തുക്കളുടേയും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി കോഴിക്കോട് താലൂക്ക് തഹസിൽദാർക്ക് കത്ത് നൽകി. 17.04.2019 ന് ടിയാനെ വീണ്ടും നേരിൽ മൊഴിയെടുത്ത് ബസ്സ് സ്റ്റാന്റ് ഫീസിനത്തിൽ ഉണ്ടായ കുറവ് എത്രയെന്ന് അറിയിക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും ടിയാൻ പിന്നീട് മറുപടി നൽകിയിട്ടില്ല.

01/08/2019 ന് ഡപ്യൂട്ടി തഹസിൽദാർ റിക്കവറി നടത്തുന്നതിന് മുന്നോടിയായി ടിയാന് ഡിമാന്റ് നോട്ടീസ് നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ ബഹു.ഹൈക്കോടതി മുമ്പാകെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്ത് 05.11.2019 ന് തുടർ നടപടികൾക്ക് സ്റ്റേ വാങ്ങി. [WP (c) 28134/2019] 31.03.2019 വരെയുള്ള കാലയളവിൽ ബസ്സ്റ്റാന്റ് ഫീസിനത്തിൽ താഴെ പറയുന്ന തരത്തിൽ ടിയാൻ നഗരസഭ ഫണ്ടിൽ തുക അടവാക്കുവാനുണ്ട്. (01.062018 മുതൽ 31.03.2019 വരെ)

(1) ലേലതുക – 28,32,500/-

(2) CGST - 2,54,930/-

(3) SGST - 2,54,930/-

(4) Fine - 28,325/-

ആകെ 33,70,685/-

ബസ്സ് സ്റ്റാന്റ് ലേലവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

(1) നഗരസഭ വക ബസ്സ് സ്റ്റാന്റുകളിൽ ആകെ എത്ര ബസ്സുകൾ വന്ന് പോകുന്നുണ്ടെന്നുള്ള വ്യക്തമായ കണക്കില്ലാതെയാണ് ലേല നടപടികൾ നഗരസഭയിൽ നിന്നും ആരംഭിച്ചത്. റവന്യൂ ഇൻസ്പെക്ടറുടെ 07.12.2018 ലെ റിപ്പോർട്ട് പ്രകാരം ഐ.ജി. ബസ്സ്റ്റാന്റ്, പാളയം ബസ്സ്റ്റാന്റ് എന്നിവടങ്ങളിലായി പ്രതിദിനം 580 ബസ്സുകൾ മാത്രമേ വന്ന് പോകുന്നുള്ളൂ. 1200 ബസ്സുകൾ വരെ വന്ന് പോകുന്നുണ്ടെന്നുള്ള വിവരം ലഭ്യമായ സ്രോതസ്സ് സംബന്ധിച്ച ആധികാരിക രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(2) 07.12.2018 ന് ഡെപ്യൂട്ടി സെക്രട്ടറിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഇൻസ്പെക്ടർ ഐ.ജി. ബസ്റ്റാന്റ്, പാളയം ബസ്റ്റാന്റ് എന്നിവടങ്ങളിലായി പ്രതിദിനം 580 ബസുകൾ വന്നു പോകുന്നുണ്ടെന്നും ഫീസിനത്തിൽ 23 രൂപ ലൈസൻസി രശീതി മുഖേന വാങ്ങുന്നുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്രകാരം കണക്കാക്കിയാൽ തന്നെ ടിയാന് 48,69,100/-രൂപ (23x580x365) 2018-19 വർഷം ലഭിക്കുമായിരുന്നു. എന്നാൽ ഈ വസ്തുത പരിശോധിക്കാതെയാണ് ബസ്റ്റാന്റ് ഫീസ് പിരിവ് നഷ്ടമാണെന്ന് ടിയാന്റെ വാദം അംഗീകരിക്കുന്ന രീതിയിൽ നഗരസഭ തീരുമാനമെടുത്തിട്ടുള്ളത്.

(3) ലേല നോട്ടീസിൽ ലേലം കൊള്ളുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ആസ്തികൾ സംബന്ധിച്ച വില്ലേജ് ഓഫീസർ/ തഹസിൽദാർ എന്നിവർ അനുവദിക്കുന്ന സോൾവൻസി സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്യാത്തതിനാൽ ലേലം കൊണ്ടവർ ആയത് സമർപ്പിച്ചില്ല. മാത്രമല്ല ഇത് സംബന്ധിച്ച വ്യവസ്ഥകൾ ടിയാനുമായി ചമച്ച കരാറിലും ഉൾപ്പെടുത്തിയിട്ടില്ല. ഇതുമൂലം ശ്രീ.എ.വി.ഷിറാജ് കുമാറിൽ നിന്നും കുടിശ്ശിക തുക ഈടാക്കുന്നതിനായുള്ള നിയമ നടപടികൾ സ്വീകരിക്കാൻ നഗരസഭക്ക് കഴിയാതെ പോയി.

(4) 1995 ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗനടപടി ക്രമം) ചട്ടങ്ങളിലെ, ചട്ടം.13 പ്രകാരം കൗൺസിലിന്റെ ഏതൊരു പ്രമേയവും അതു പാസ്സാക്കിയ തീയ്യതി മുതൽ 3 മാസത്തിനുള്ളിൽ കൗൺസിലിന്റെ ഈ പ്രത്യേക ആവശ്യത്തിനായി വിളിച്ചു കൂട്ടിയ യോഗത്തിലല്ലാതെയും അനുവദിക്കപ്പെട്ട അംഗസംഖ്യയുടെ പകുതിയിലധികം അംഗങ്ങളുടെ പിന്തുണയോടെ അല്ലാതെയും ഭേദഗതി വരുത്തുവാനോ റദ്ദ് ചെയ്യുവാനോ പാടില്ലാത്തതാണ്. എന്നാൽ മേൽ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് 06.04.2018 ന് ശ്രീ.എ.വി.ഷിറാജ് കുമാർ നൽകിയ ബസ്റ്റാന്റ് ഫീസ് കുറയ്ക്കുന്നതിനുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ 05.04.2018 ലെ കൗൺസിൽ യോഗത്തിലെ (നം.85) തീരുമാനം 27.04.2018 ലെ (നം.69) കൗൺസിൽ യോഗത്തിൽ ഭേദഗതി വരുത്തിയത്.

(5) 26.05.2018 ന് ശ്രീ.എ.വി.ഷിറാജ് കുമാർ നൽകിയ 6,79,800/- രൂപയുടെ ചെക്ക് (നം. 117057, വിജയബാങ്ക്, മാങ്കാവ് ശാഖ) ബാങ്കിൽ സമർപ്പിച്ചപ്പോൾ payment stopped by drawer എന്ന കാരണത്താൽ മടങ്ങിയതിന് 04.06.2018 ന് ടിയാനെതിരെ സെക്ഷൻ ക്ലാർക്ക് (എ.32) നിയമനടപടികൾ സ്വീകരിക്കുന്നതിനായി സൂപ്രണ്ടിനെ അറിയിച്ചെങ്കിലും തുടർ നടപടികൾ സ്വീകരിച്ചില്ല. ചെക്ക് ബാങ്കിൽ സമർപ്പിക്കരുതെന്ന ശ്രീ.എ.വി.ഷിറാജ് കുമാറിന്റെ അപേക്ഷ റവന്യൂ ഓഫീസറും (നോൺ ടാക്സ്) ഡെപ്യൂട്ടി സെക്രട്ടറിയും അംഗീകരിക്കുകയും ചെയ്തു. 12.06.2018 ലെ ധനകാര്യ സ്ഥിരം സമിതി യോഗത്തിൽ ടിയാനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനായി അജണ്ടയും സമർപ്പിച്ചിട്ടില്ല.

(6) ശ്രീ.എ.വി.ഷിറാജ് കുമാറുമായി സെക്രട്ടറി 07.06.2018 ൽ ചമച്ച കരാറിൽ ടിയാന്റെ മേൽവിലാസം നൽകിയത് മാനേജിംഗ് പാർട്ട്ണർ ഓഫ് ഭദ്രാസ് മീഡിയ, ഡോർ നം. 19/723, മൂരിയാട് റോഡ്, ചാലപ്പുറം (പി.ഒ), കോഴിക്കോട്.673002 എന്നാണ്. മേൽ വിവരിച്ച മേൽ വിലാസമല്ല ടിയാൻ സമർപ്പിച്ച ഓഫർ കത്തിലും, പാൻ കാർഡിന്റെ പകർപ്പിലും. ടിയാനുമായി കരാർ ചമയ്ക്കുന്നതിനു മുമ്പായി ടിയാന്റെ ഐഡന്റിറ്റി പരിശോധിച്ച് ഉറപ്പു വരുത്തുന്നതിലും കോർപ്പറേഷൻ വീഴ്ച വരുത്തി.

(7) ഭദ്രാസ് മീഡിയ എന്ന സ്ഥാപനത്തിലൂടെ ടിയാന് ഒരു സാമ്പത്തിക വർഷം ലഭിക്കുന്ന വരവ് സംബന്ധിച്ച വിവരങ്ങൾ ഡി.ആന്റ്.ഒ. ലൈസൻസിനായി അപേക്ഷിക്കുന്ന പത്രികയിൽ രേഖപ്പെടുത്തിയത് പരിശോധിക്കുന്നതിനായി നഗരസഭ അധികാരികൾ ശ്രമിച്ചില്ല.

(8) ബസ്സ് സ്റ്റാന്റുകൾ ലൈസൻസ് വ്യവസ്ഥകൾ പ്രകാരം ഉപയോഗിക്കുന്നതിനായുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചു കൊണ്ടല്ല ടിയാനുമായി കരാർ ചമച്ചത്. കരാർ പത്രികയിലെ വ്യവസ്ഥകൾ മിക്കതും നഗരസഭ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ലൈസൻസ് വ്യവസ്ഥയിൽ എടുക്കുന്നതിനായി രേഖപ്പെടുത്തുന്നതാണ്. കരാറിനൊപ്പം ചേർക്കേണ്ട പട്ടികയിൽ ടിയാന് കൈമാറുന്ന ആസ്തികൾ സംബന്ധിച്ച വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിവരിച്ച അപാകതൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 28.12.2019 ന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 114/ 2018 -19) 14.05.2020 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

(1) ലേല പരസ്യത്തിലോ, നിബന്ധനയിലോ ബസ് സ്റ്റാന്റുകളിൽ 1200 ബസ്സുകൾ വന്ന് പോകുന്നുണ്ടെന്ന് രേഖപ്പെടുത്തിയിട്ടില്ല. ജില്ല ട്രാൻസ്പോർട്ട് ഓഫീസിൽ നിന്നും ബസ്സുകളുടെ കണക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ ബസ്സുകളുടെ എണ്ണം കൃത്യമായി കണക്കാക്കാൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ല.

(2) ലേല നിബന്ധനകളിൽ സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് വ്യവസ്ഥ ചെയ്തിരുന്നില്ല.

(3) ബഹു.മേയറുടെ 31.03.2018 ലെ മുൻകൂർ അനുമതി ലഭിച്ചതിനാലും 01.04.2018 മുതൽ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനാലുമാണ് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് ഫീ പിരിക്കുന്നതിന് അനൗദ്യോഗികമായി നിർദ്ദേശം നൽകിയത്.

(4) മുൻയോഗ തീരുമാനം ഭേദഗതി വരുത്തിയത് ശ്രദ്ധക്കുറവ് കാരണമാണ്.

(5) ചെക്ക് പ്രകാരമുള്ള തുക ലൈസൻസിയിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണ കുറിപ്പിൽ ചൂണ്ടികാണിച്ച അപാകതകൾ അംഗീകരിക്കുന്ന തരത്തിലാണ് ഡപ്യൂട്ടി സെക്രട്ടറി മറുപടി സമർപ്പിച്ചത്. 07.12.2018 ന് ഡെപ്യൂട്ടി സെക്രട്ടറിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഇൻസ്പെക്ടർ 2 ബസ്സ്സ്റ്റാന്റുകളിലായി പരിശോധന നടത്തി പ്രതിദിനം 580 ബസ്സുകൾ വന്ന് പോകുന്നുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല ട്രാൻസ്പോർട്ട് ഓഫീസിൽ നിന്നും ബസ്സുകളുടെ കണക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ ബസ്സുകളുടെ എണ്ണം കൃത്യമായി കണക്കാക്കാൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ല എന്ന വാദം ആയതിനാൽ അംഗീകരിക്കാവുന്നതല്ല. നഗരസഭക്ക് ബസ്സുകളുടെ ഏകദേശ എണ്ണം ലഭ്യമാക്കുവാൻ സംവിധാനമുണ്ടായിട്ടും ആയത് യഥാസമയം വിനിയോഗിച്ചില്ല എന്ന വസ്തുത കാണാവുന്നതാണ്. കൂടാതെ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടല്ല എന്ന മറുപടിയും അംഗീകരിക്കാവുന്നതല്ല. ബസ്സ്സ്റ്റാന്റ് ഫീസിനത്തിൽ നഗരസഭ ഫണ്ടിന് നഷ്ടമായ 28,60,825/- രൂപയും (28,32,500+28,325 ഫൈൻ) സർക്കാരിലോയ്ക്ക് നികുതിയിനത്തിൽ അടവാക്കേണ്ട 509860 രൂപയും ഉൾപ്പടെ 33,70,685/- രൂപ ശ്രീ.എ.വി.ഷിറാജ് കുമാറിൽ നിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കുവാൻ കഴിയാതെ വരുന്നതിനാൽ ലേലം നടത്തിയ വേളയിൽ ടിയാന് സമർപ്പിച്ച രേഖകൾ കൃത്യമായി പരിശോധിക്കാതിരുന്ന സെക്ഷൻ ക്ലാർക്ക് (എ.36), നോൺ ടാക്സ് സൂപ്രണ്ട്, റവന്യൂ ഓഫീസർ (നോൺ ടാക്സ്), ഡപ്യൂട്ടി സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 2-5 ഡി.ആന്റ്.ഒ ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 448, 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 13, 14 എന്നിവ പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ഏതെങ്കിലും ഫാക്ടറിയോ, വർക്ക് ഷോപ്പോ, ജോലി സ്ഥലമോ, യന്ത്ര സാമഗ്രിയോ, നിർമ്മാണ യന്ത്രമോ, ഒരു പുരയിടത്തിലോ, കെട്ടിടത്തിലോ പ്രവർത്തിപ്പിക്കുവാൻ അനുവദിച്ചു കൊണ്ടുള്ള ഏതൊരു ലൈസൻസിയും 3-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ചുമത്തേണ്ടതാണ്. 2011 ലെ മേൽ ചട്ടം നടപ്പാക്കുന്നത് വിവിധ ഉത്തരവുകളിലൂടെ സർക്കാർ നീട്ടി നൽകിയിരുന്നു. സ.ഉ.(സാധാ) നം.70/17 ത.സ്വ.ഭ.വ. തീയതി 10.01.2017 പ്രകാരം 30.04.2017 വരെയാണ് അവസാനമായി കാലാവധി ദീർഘിപ്പിച്ച് നൽകിയത്. ആയതിന് ശേഷം ദീർഘിപ്പിക്കൽ ഉത്തരവ് ഇല്ലാത്തതിനാൽ 01.05.2017 മുതൽ മുനിസിപ്പാലിറ്റികളിൽ ലൈസൻസ് അനുവദിക്കുന്നതിന് 2011 ലെ ചട്ടങ്ങൾ ബാധകമായിരിക്കുന്നതാണ്. എന്നാൽ നഗരസഭ ബൈലോ പാസാക്കി ലൈസൻസ് ഫീ ഈടാക്കി തുടങ്ങിയത് 25.01.2019 ലെ കൗൺസിൽ തീരുമാനം നമ്പർ 1 പ്രകാരം മാത്രമാണ്. കോഴിക്കോട് കോർപറേഷനിലും മേഖലാകാര്യാലയങ്ങളിലും ഡി & ഒ ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

(1) യന്ത്രത്തിന്റെ കുതിരശക്തിയ്ക്ക് ആനുപാതികമായി ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയില്ല

(എ) കോഴിക്കോട് കോർപറേഷൻ

കോഴിക്കോട് നഗരസഭയിൽ 2018-19 സാമ്പത്തിക വർഷം ഡി & ഒ ലൈസൻസ് അനുവദിച്ചപ്പോൾ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങളുടെ കുതിര ശക്തി കണക്കാക്കാതെ ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ബൈലോ പാസ്സാക്കാത്തതിനാൽ ചട്ടം പ്രകാരം താഴെ കൊടുത്തിരിക്കുന്ന നിരക്കിൽ ഫീസ് ഈടാക്കേണ്ടതായിരുന്നു.

| ക്രമ നം. | ഉടമയുടെ പേര് | കെട്ടിട നം. | വ്യാപാരത്തിന്റെ സ്വഭാവം | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ്/ തീയതി/നം. | കുറവ് |
|---|---|---|---|---|---|---|---|
| 1 | താര രമേഷ് | 1/430 | Manufacturing of ice | 108.5 HP | 4500 | 2,000/- Rt.No.54795 28.02.18 | 2500 |
| 2 | ഷിമി സെയ്ദ് | 1/449 | Crumb rubber | 386 HP | 10080 | 6,500/- Rt.No.54745 27.02.18 | 3580 |
| 3 | എൻ.കെ.മുഹമ്മദലി | 38/30 | Wheat flour mill | 330 HP | 8400 | 6,000/- Rt.No.52429 25.02.18 | 2400 |
| 4 | എൻ.കെ.മുഹമ്മദലി | 39/21 | Wheat product | 1466 HP | 42480 | 20,000/- Rt.No.52426 25.02.18 | 22480 |
| 5 | കോയ.പി.പി | 36/46 | Cattle food, Hammer Mill | 237.5 HP | 5625 | 5,000/- Rt.No.54785 28.02.18 | 625 |
| 6 | കോയ.പി.പി | 39/ 46A | Manufacturing of cocunut oil | 209 HP | 4770 | 4,000/- Rt.No.54786 28.02.18 | 770 |
| 7 | വി.വി.സുരേശൻ | 39/ | Manufacturing | 96 HP | 2250 | 2,000/- | 250 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 1636 | of ice | | | Rt.No.25048 19.02.18 | |
| 8 | ഹസ്സൻ ബരാമി | 39/ 2150 2151 | flour mill | 350 HP | 9000 | 8,500/- Rt.No.54744 27.02.18 | 500 |
| 9 | പി.കെ.അഹമ്മദ് | 39/ 2153 2154 | flour mill | 450 HP | 12000 | 9,000/- Rt.No.54753 28.02.18 | 3000 |
| | | | | | ആകെ | | 36105/- |

അപാകത സൂചിപ്പിച്ച് നൽകിയ ഒ.എസിന് (144/18-19/29.5.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഡി & ഒ ലൈസൻസ് വിതരണം ചെയ്യുമ്പോൾ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങളുടെ കുതിര ശക്തി കണക്കാക്കാതെ ലൈസൻസ് ഫീസ് ചുമത്തി ഈടാക്കിയത് കാരണം നഗരസഭയ്ക്ക് നഷ്ടം വന്ന 36105രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**(2) ഡി.ആന്റ്.ഒ ലൈസൻസ് പുതുക്കാതെ വ്യാപാര/വാണിജ്യ സ്ഥാപനങ്ങൾ നടത്തുന്നു**

**(എ) എലത്തൂർ മേഖല കാര്യാലയം**

2011 ലെ കേരള മുനിസിപ്പാലിറ്റി ( ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ, ചട്ടം.11 (1) പ്രകാരം മുൻവർഷങ്ങളിൽ ലൈസൻസ് ലഭിച്ചവർ പുതുക്കുന്നതിനുള്ള അപേക്ഷ അതിന്റെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിൽ കുറയാതെയും 90 ദിവസത്തിൽ കവിയാതെയും ഉള്ള സമയത്തിനുള്ളിൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. എന്നാൽ കോഴിക്കോട് നഗരസഭ എലത്തൂർ മേഖല കാര്യാലയത്തിന്റെ പരിധിയിൽ 2018-19 ലൈസൻസിന്റെ കാലാവധി അവസാനിച്ചതിനു ശേഷം 2019-20 സാമ്പത്തിക വർഷത്തിലേക്ക് പുതുക്കുന്നതിന് അപേക്ഷ നൽകാതെ വ്യാപാരം നടത്തി വരുന്നതായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വ്യാപാരിയുടെ പേര്, വാർഡ് നം, കെട്ടിട നം | വ്യാപാര/ സ്ഥാപനം |
|---|---|---|
| 1 | ശ്രീ.എം.പി.പ്രദീപ് കുമാർ, 1/331, 332, 333 | ടെക്നോ കെമിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| 2 | ശ്രീമതി.സബിത.കെ, 2/306/എ | ഇമ്പീരിയൽ സെറാമിക്സ് |
| 3 | ശ്രീ.അനീസ്.കെ, 3/ 70 | ഗ്ലാസ്സ്, പ്ലൈവുഡ് വിൽപ്പന |
| 4 | ശ്രീ.വിപിൻ രാജ്.പി.കെ, 3/315, 315 /ബി | ജി.സ്റ്റാർ എഞ്ചിനീയറിംഗ് |
| 5 | ശ്രീ.മനോജ്.പി, 4/387/എ | ഫയർ വർക്ക്സ് |
| 6 | ശ്രീ.അസ്ഗർ അലി.പി.കെ., 4/476 | ഫ്ലോർ മിൽ |
| 7 | ശ്രീ.ടി.എൻ.പ്രസാദ് കുമാർ, 4/645 | ശേഖർ മെഡിക്കൽസ് |
| 8 | ശ്രീ.റഹീം.കെ.കെ, 4/649 | ഫിഷ് & ചിക്കൻ സ്റ്റാൾ |
| 9 | ശ്രീ.ഹാരുൺ.എ. ആർ, റഷീദ്, 5/360/എ | ഫയൽ & ബോർഡ് വിൽപ്പന |
| 10 | ശ്രീ.ഷജിത്ത് കുമാർ, 6/53 | റോയൽ സൂപ്പർ മാർക്കറ്റ് |
| 11 | ശ്രീ.വിൻസെന്റ്.ഡി.കോത്ത, 6/226 | ടെയ് ലറിംഗ് |
| 12 | ശ്രീ.ഷിഹാബുദ്ദീൻ.എം, 6/543 | ഓട്ടോ പെയിന്റ് & ഹാർഡ് വെയർ |
| 13 | ശ്രീമതി.പേൾ.ജെ. വില്യംസ്, 6/691 | പലചരക്ക് കട |
| 14 | ഡോ.കെ.എം.മെഹബൂബ്, 7/9/എ | നഴ്സിംഗ് കോളേജ് |
| 15 | ശ്രീ.സഹിൽ.സി.കെ, 7/413/എൽ | വാട്ടർ പ്യൂരിഫയർ, വാട്ടർ ഹീറ്റർ, സോളാർ |

| | | |
|---|---|---|
| | | ഉപകരണങ്ങൾ, ഇൻവെർട്ടർ തുടങ്ങിയവയുടെ വിൽപ്പന |
| 16 | ശ്രീ.സുധാകരൻ.പി, 9/212/കെ | ബാർബർ ഷോപ്പ് |
| 17 | ശ്രീ.നിഖിൽ.കെ, 9/212/ജി | സോളാർ ഉപകരണങ്ങൾ, ഇൻവെർട്ടർ തുടങ്ങിയവയുടെ വിൽപ്പന |
| 18 | ശ്രീമതി.റീന രാജീവ്, 11/504 / ഇ, എഫ് | ടെക്സ്റ്റയിൽ, ഫാൻസി, സ്റ്റേഷനറി |
| 19 | ശ്രീ.സനീഷ്.കെ, 12/513 | ഫർണിച്ചർ ഷോപ്പ് |
| 20 | ശ്രീമതി.സോന, 14/252 | സ്നാക്ക്സ് & കൂൾ ബാർ |
| 21 | ശ്രീ.എൻ.പി.ഗോപി, 14/505 | ഡ്രൈ ഫിഷ് കയറ്റുമതി |
| 22 | ശ്രീ.എൻ.പി.ദിവാകരൻ, 14/514 | ഡ്രൈ ഫിഷ് കയറ്റുമതി |
| 23 | ശ്രീമതി.രേഷ്മ.എ.വി, 14/193/ബി | ബ്യൂട്ടി പാർലർ, ടെയ് ലറിംഗ് |
| 24 | ശ്രീമതി.ജലജ ശിവൻ, 16/26/എ | ഹാർഡ് വെയർ, ഇലക്ട്രിക്കൽ, പ്ലംബിംഗ് ഉപകരണങ്ങളുടെ വിൽപ്പന |
| 25 | ശ്രീ.അബ്ദുൾ അസീസ്, 17/281 | ബേക്കറി |
| 26 | ശ്രീമതി.ഷിജിന.വി.എം, 18/563 | ടെക്സ്റ്റയിൽ & ടെയ് ലറിംഗ് |
| 27 | ശ്രീ.സുധീഷ്.ടി, 6/594, | ഇന്റീരിയർ ഫർണിഷിംഗ് |

മേൽ വിവരിച്ച അപാകതൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**(3) നിയമാനുസൃത ബിലേറ്റഡ് ഫീസ് ഈടാക്കാതെ ഡി.ആന്റ്.ഒ ലൈസൻസ് അനുവദിച്ചു.**

(എ) എലത്തൂർ മേഖല കാര്യാലയം

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ, ചട്ടം.11 (1) പ്രകാരം മുൻവർഷങ്ങളിൽ ലൈസൻസ് ലഭിച്ചവർ പുതുക്കുന്നതിനുള്ള അപേക്ഷ അതിന്റെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിൽ കുറയാതെയും 90 ദിവസത്തിൽ കവിയാതെയും ഉള്ള സമയത്തിനുള്ളിൽ അപേക്ഷ നൽകേണ്ടതാണ്. ഉപചട്ടം (4) പ്രകാരം സമയപരിധി അവസാനിച്ച ശേഷം, എന്നാൽ ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് മുമ്പ് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷിക്കുന്ന സംഗതിയിൽ വാർഷിക ഫീസിന്റെ 10% തുകയും, ലൈസൻസിന്റെ കാലാവധി അവസാനിച്ചതിനു ശേഷം അതു പുതുക്കുന്നതിന് അപേക്ഷിക്കുന്ന സംഗതിയിൽ 10ാം ദിവസം വരെയുള്ള കാലതാമസത്തിന് വാർഷിക ഫീസിന്റെ 25% തുകയും, അതിൽ കൂടുതൽ വരുന്ന കാലയളവിലേക്ക് ഓരോ 15 ദിവസത്തേക്കും 25% നിരക്കിലും അധിക ഫീസ് ഈടാക്കിക്കൊണ്ട് ലൈസൻസ് പുതുക്കി നൽകാവുന്നതാണ്.

കോഴിക്കോട് നഗരസഭ എലത്തൂർ മേഖല കാര്യാലയത്തിന്റെ പരിധിയിൽ 2018-19 ലൈസൻസിന്റെ കാലാവധി അവസാനിച്ചതിനു ശേഷം 2019-20 സാമ്പത്തിക വർഷത്തിലേക്ക് പുതുക്കുന്നതിന് അപേക്ഷിക്കുന്നവരിൽ നിന്നും ചട്ടത്തിലെ വ്യവസ്ഥകൾ പാലിക്കാതെ കുറഞ്ഞ നിരക്കിൽ ബിലേറ്റഡഡ് ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുന്നതിനായി ഹെൽത്ത് ഇൻസ്പെക്ടർ ശുപാർശ ചെയ്യുകയും, അപേക്ഷകർ അടവാക്കുകയും ചെയ്തു. ലൈസൻസ് ലഭ്യമായവർ പിഴയടവാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വ്യാപാരിയുടെ പേര്,<br>കെട്ടിട നം. വ്യാപാരം | ഈടാക്കിയ ലൈസൻസ് ഫീസ് | രശീതി നം, തീയതി | ബിലേറ്റഡ് ഫീസ് | | |
|---|---|---|---|---|---|
| | | | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് വന്ന തുക |
| ശ്രീ.ദേവരാജൻ, 16/ IQ, IR, IS<br>മെഡിക്കൽ ഷോപ്പ്, ലബോറട്ടറി | 3000 | 101085/19, 21.08.2019 | 3000 | 7500 | 4500 |
| ശ്രീ.ഇമ്പിച്ചി മുഹമ്മദ്<br>17/262 /എ<br>ഓൾഡേ സൂപ്പർ മാർക്കറ്റ് | 3000 | 119040100396, 21.05.2019 | 2250 | 3000 | 750 |
| ശ്രീ.എൻ.പി.വേണു ഗോപാൽ, 18/242 ആയുർവ്വേദ. സിദ്ധ<br>മരുന്ന് വിൽപ്പന | 450 | 119040100349, 15.05.2019 | 320 | 450 | 130 |
| ശ്രീ.അരുൺ ലാൽ.,13/489 G, ഇന്റീരിയർ | 1125 | 119040100227, | 565 | 844 | 279 |

| | | | | | |
|---|---|---|---|---|---|
| ഡിസൈനിംഗ്,<br>ഫർണിച്ചർ വിപണനം | | 30.04.2019 | | | |
| ശ്രീ.മുഹമ്മദ് അബ്ദുള്ള, 13/489/ജി.1, മൊബൈൽ റീചാർജ്ജ്, വിൽപ്പന | 450 | 119040100217, 29.04.2019 | 225 | 338 | 113 |
| ശ്രീമതി.ജയശ്രീ.പി, 14/425, തേങ്ങ കച്ചവടം | 750 | 119040100255, 04.05.2019 | 375 | 563 | 188 |
| ശ്രീ.അസിം ഇസ്മയിൽ,<br>15/347/ D, E, F<br>4ചക്രവാഹന വിൽപ്പന | 4500 | 100347/19, 15.05.2019 | 3375 | 4500 | 1125 |
| ശ്രീ.ശ്രീനിഷ്.പി, 15/366<br>മെഡിക്കൽ ഷോപ്പ് | 500 | 119040100374, 17.05.2019 | 375 | 500 | 125 |
| ശ്രീ.കെ.എം.മെഹബൂബ്<br>15/327/D, E<br>മാരുതി കാർ വിൽപ്പന | 3500 | 10881/<br>19.07.2019 | 2500 | 7000 | 4500 |
| ശ്രീ.ടി.രാംമോഹൻ,1/168<br>വിമൽ പെട്രോൾ പമ്പ് | 1875 | 119040100485, 31.05.2019 | 1400 | 2344 | 944 |
| ശ്രീ.ഫാസിൽ.പി.പി., 1/334, ഗ്രോസറി ഷോപ്പ് | 800 | 119040100710, 27.06.2019 | 1200 | 1400 | 200 |
| ശ്രീ.മുഹമ്മദ് കോയ, 2/179, ചെരിപ്പ് ബാഗ് വിൽപ്പന | 450 | 119040100683, 25.06.2019 | 675 | 788 | 113 |
| ശ്രീ.മുഹമ്മദ് ശിഹാബ്.ടി<br>2/180, റെഡിമേയ്ഡ് ഷോപ്പ് | 450 | 119040100684, 25.06.2019 | 675 | 788 | 113 |
| ശ്രീ.അജീഷ് കുമാർ,<br>4/98/C, D | 1800 | 119040100125, 11.04.2019 | 450 | 900 | 450 |
| ശ്രീ.മമ്മദ്,<br>5/415, ഹോട്ടൽ | 600 | 119040100362, 16.05.2019 | 450 | 600 | 150 |
| ശ്രീ.മനോജ് കുമാർ, 5/417, ഗ്രോസറി ഷോപ്പ് | 450 | 1190401002355, 02.05.2019 | 225 | 338 | 113 |
| ശ്രീ.മനോജ് കുമാർ, 5/418, 419 , ആരാധന ബേക്കറി | 600 | 119040100234, 02.05.2019 | 300 | 450 | 150 |
| ശ്രീമതി.ജമാലായിഷ, 7/269/എ, ലോഡ്ജ് നടത്തിപ്പ് | 1500 | 119040100970, 30.07.2019 | 3000 | 3375 | 375 |
| ശ്രീ.കെ.എം.മെഹബൂബ്<br>7/530/ ബി<br>മാരുതി കാർ വിൽപ്പന | 3750 | 119040100707, 27.06.2019 | 5625 | 6563 | 938 |
| ശ്രീ.മൂസക്കോയ അഹമ്മദ്,<br>7/413/ഡി, റെഡിമെയ്ഡ് ഷോപ്പ് | 300 | 101689/19, 23.10.2019 | 900 | 1125 | 225 |
| ആകെ | | | | | 15481 |

അപാകത സൂചിപ്പിച്ച് നൽകിയ ഒ.എസിന് (124/18-19/6.1.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ബിലേറ്റഡ്ഡ് ഫീസിനത്തിൽ നഗരസഭ ഫണ്ടിന് നഷ്ടം വന്ന 15481രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

(ബി) ബേപ്പൂർ മേഖലാകാര്യാലയം

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ ബേപ്പൂർ മേഖല കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ 2018-19 ലെ ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചപ്പോൾ മേൽ പ്രകാരമുള്ള അധിക ഫീസ്, കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 511 പ്രകാരമുള്ള ഫൈൻ എന്നിവ ഈടാക്കിയിട്ടില്ല എന്ന് ഡി & ഒ ലൈസൻസ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| കെട്ടിട നം. | ലൈസൻസിയുടെ പേര് | സ്ഥാപനം/ ഉപയോഗം | ഈടാക്കിയ | | | രശീതി നം. | ഈടാക്കേണ്ട | | കുറവ് |
|---|---|---|---|---|---|---|---|---|---|
| | | | ഫീസ് | ബിലേറ്റഡ് ഫീസ് | ഫൈൻ | | ബിലേറ്റഡ് ഫീസ് | ഫൈൻ | |
| 1/303 | ജിബിൻ ദാസ്.ഒ.പി | ഫിഷിംഗ് മെറ്റീരിയൽ | 500 | --- | --- | 16801<br>16.12.18 | (450%)<br>2250 | 1500 | 3750 |
| 2/52 L | അനസ്.ടി | ബാർബർ ഷോപ്പ് | 300 | 150 | --- | 01236<br>24.04.18 | (50%)<br>150 | 900 | 900 |
| 2/299 | ഖാത്തിമ.കെ.എം. | ഫ്ലോർമിൽ | 650 | --- | --- | --- | (200%)<br>1300 | 1950 | 3250 |
| 2/495 | ഷാജിഷ്.പി.കെ | മറൈൻ എക്യുപ്മെന്റ് | 500 | --- | --- | 04156<br>02.06.18 | (125%)<br>625 | 1500 | 2125 |
| 2/499 | നിഖിൽ ദാസ്.എം | ഓയിൽ മിൽ ഫ്ലോർമിൽ | 1900 | 500 | --- | 02085<br>10.05.18 | (75%)<br>1425 | 2000 | 2925 |
| 2/500 | റഹ്മത്തലി.ഇ | ഓയിൽ മിൽ | 500 | 250 | --- | 07442<br>06.09.18 | (300%)<br>1500 | 1500 | 2750 |
| 2/592 | രവീന്ദ്രൻ.കെ | ടെയിലറിംഗ് ഷോപ്പ് | 250 | --- | 750 | 16177<br>19.12.18 | (450%)<br>1125 | 750 | 1125 |
| 2/56 A-O | ആസിഫ്.പി.വി | ലോഡ്ജ് | 1000 | 500 | --- | 11977<br>01.12.18 | (425%)<br>4250 | 2000 | 5750 |
| 2/554 | സക്കീർ.കെ.പി | പ്ലംബിഗ്, വയറിംഗ്, പെയിന്റ് | 500 | --- | --- | 10107<br>20.10.16 | (350%)<br>1750 | 1500 | 3250 |
| 3/544 | ഡോ.കെ.ആർ.ശരത്ത് ചന്ദ്രൻ | ആർ.എം. ഹോസ്പിറ്റൽ | 1500 | --- | --- | 16771<br>23.04.15 | (50%)<br>750 | 2000 | 2750 |
| 3/162 | അനിതകുമാരി | ടീ ഷോപ്പ് | 750 | 375 | --- | 11976<br>01.12.15 | (425%)<br>3375 | 2000 | 5000 |
| 3/222 | സുധീർകുമാർ.കെ | ഗ്രോസറി | 500 | --- | --- | 10787<br>01.11.18 | (375%)<br>1875 | 1500 | 3375 |
| 3/610 | പ്രബീഷ്.പി | ടീ ഷോപ്പ് | 500 | --- | --- | 12692<br>04.12.18 | (425%)<br>2125 | 1500 | 3625 |
| 4/30 | യൂസഫ്.എം | ചപ്പാത്തി നിർമ്മാണം | 500 | --- | --- | 03025<br>06.06.18 | (125%)<br>625 | 1500 | 2125 |
| 4/34 | നൗഷാദ്.എം.കെ | കരകൗശല ഉത്പന്നങ്ങൾ | 500 | 2500 | --- | 05788<br>25.07.18 | (225%)<br>1125 | 1500 | 2375 |
| 4/800 | സുധീർ.കെ.പി | ഹാർഡ് വെയർ | 300 | --- | --- | 04600 | (175%) | 900 | 1425 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | 06.07.18 | 525 | | |
| 4/338 A | ടി.മൊയ്തീൻ ഹനീഫ | ഐസ് പ്ലാന്റ് | 2500 | 2500 | --- | 15990<br>17.08.18 | (250%)<br>6250 | 2000 | 5750 |
| 9/373 | അബ്ദു സലാം.എം.ടി | മൊബൈൽ സ്റ്റേഷനറി | 500 | --- | --- | 128200<br>19.05.18 | (100%)<br>500 | 1500 | 2000 |
| 11/271 | വിപിൻ.ഇ | സർവ്വീസ് സെന്റർ | 500 | 250 | --- | 11939<br>30.011.18 | (425%)<br>2125 | 1500 | 3375 |
| 9/370<br>371 | മുഹമ്മദ് മുസ്തഫ | ലൈറ്റ് & ഇലക്ട്രിക്കൽ | 500 | --- | --- | 08313<br>27.08.18 | (275%)<br>1375 | 1500 | 2875 |
| 10/605 | വിജിത്ത്.പി | മെഡിക്കൽ ഷോപ്പ് | 500 | 250 | --- | 11762<br>27.11.18 | (425%)<br>2125 | 1500 | 3375 |
| 10/625 | ഗംഗാധരൻ.എ | ഫൂട്ട് വെയർ | 500 | --- | --- | 13501<br>17.09.18 | (300%)<br>1500 | 1500 | 3000 |
| 10/621 A | പി.സുബ്രഹ്മണ്യൻ | ഇലക്ട്രിക്കൽ & പ്ലബിംഗ് ഐറ്റംസ് | 300 | --- | --- | 1722<br>26.08.18 | (275%)<br>825 | 900 | 1725 |
| 10/787 E 4 | റിജോയ്.പി | റെഡിമെയ്ഡ് | 500 | --- | --- | 03795<br>18.06.18 | (150%)<br>750 | 1500 | 2250 |
| 11/7 | ഉമ്മർ കോയ.എം.പി | Rent for Construction work | 500 | --- | --- | 07489<br>07.09.18 | (275%)<br>1375 | 1500 | 2875 |
| 11/191 D | ബഷീർ.പി | ഗ്രോസറി | 500 | --- | --- | 10211<br>28.10.18 | (375%)<br>1875 | 1500 | 3375 |
| 11/391 A | രംഗനാഥൻ.എം | ഗ്രോസറി | 350 | --- | --- | 12643<br>19.12.18 | (450%)<br>1575 | 1050 | 2625 |
| 11/112 F | നജ്മു | ഡ്രൈഫ്രൂട്ടസ് | 750 | 375 | --- | 14697<br>06.02.19 | (550%)<br>4125 | 2000 | 5750 |
| 12/570 A 7 | രതി.ഇ.കെ | കമ്പ്യൂട്ടർ & ഫോട്ടോസ്റ്റാറ്റ് | 500 | 250 | --- | 01681<br>03.05.18 | (75%)<br>375 | 1500 | 1625 |
| 13/65 | പി.പി.അബ്ദുൾ റഷീദ് | മിൽമ ബൂത്ത് | 500 | --- | --- | 16165<br>09.12.18 | (450%)<br>2250 | 1500 | 3750 |
| 13/76 | റഷീദ്.എ.ടി | റെഡിമെയ്ഡ് & സ്റ്റേഷനറി | 500 | --- | --- | 12207<br>03.12.18 | (425%)<br>2125 | 1500 | 3625 |
| 13/78 | മുഹമ്മദ് റഫ്സിൻ.എൻ.വി. | കൂൾ ബാർ | 750 | 325 | --- | 12087<br>04.12.18 | (425%)<br>3188 | 2000 | 4863 |
| 14/605 | എം.ടി.ഉമ്മർ | സ്റ്റേഷനറി | 300 | --- | --- | 16712<br>22.08.18 | (250%)<br>750 | 900 | 1650 |
| 14/610 M, F | മുഹമ്മദ് മുസ്തഫ | ഫാൻസി | 500 | --- | --- | 00415<br>10.04.18 | (25%)<br>125 | 1500 | 1625 |
| 3/620 | നിഷ.ടി.വി | ഫാൻസി & | 400 | 200 | 1200 | 0057 | (225%) | 1200 | 700 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| D | | സ്റ്റേഷനറി | | | | 30.07.18 | 900 | | |
| 4/809 B | സുനീർ വേണുഗോപാൽ | സിമന്റ് വിൽപന | 500 | --- | --- | 05135 13.07.18 | (200%) 1000 | 1500 | 2500 |
| 4/500 | പ്രഷീന.കെ | ടൈലറിംഗ് യൂണിറ്റ് | 750 | --- | --- | 08145 18.09.18 | (300%) 2250 | 2000 | 4250 |
| 5/712 | ശ്യാംജിത്ത്.പി.വി. | ബേക്കറി | 500 | --- | --- | 10125 20.11.18 | (400%) 2000 | 1500 | 3500 |
| 13/89 | റാബിയ | ഐസ് ക്രീം, സ്വീറ്റ്സ് | 750 | --- | --- | 05918 27.07.18 | (225%) 1688 | 2000 | 3688 |
| 15/113 | സൽമാൻ.പി.ടി | ട്രാവൽസ് | 500 | --- | --- | 10386 25.10.18 | (375%) 1875 | 1500 | 3375 |
| 15/170 | സക്കീർ ഹുസൈൻ | സോപ്പ് കട | 500 | --- | --- | 10186 22.10.18 | (350%) 1750 | 1500 | 3250 |
| 14/315 | മുഹമ്മദ് റാഫി.ടി.ടി | ഗ്രോസറി | 750 | --- | --- | 12190 06.12.18 | (425%) 3188 | 2000 | 5188 |
| 14/631 | നവാസ്.എം.വി | റെഡിമെയ്ഡ് | 500 | 50- | --- | 14573 05.02.19 | (550%) 2750 | 900 | 3600 |
| 4/56 | അക്ബറലി.ഇ.കെ | ബിൽഡിംഗ് മെറ്റീരിയൽസ് | 750 | 375 | --- | 07774 04.09.18 | (275%) 2063 | 2000 | 3688 |
| 4/127 | മുജീബ്.വി | സ്റ്റേഷനറി ഗ്രോസറി | 500 | --- | --- | 9574 08.10.18 | (350%) 1750 | 1500 | 3250 |
| 4/299 | മുഹമ്മദ് റഷീദ്.എം.കെ | ഡ്രസ്സ് മെറ്റീരിയൽസ് | 500 | 250 | --- | 82675 03.09.18 | (275%) 1375 | 1500 | 2625 |
| 4/301 | മിസ്ഹബ്.പി.കെ | ഫിഷിംഗ് ഐറ്റംസ് | 500 | 250 | --- | 11545 22.11.18 | (425%) 2125 | 1500 | 3375 |
| 4/301 D | ശാന്തി.പി.കെ | വല വില്പന | 500 | --- | --- | 12191 06.12.18 | (425%) 2125 | 1500 | 3625 |
| 4/808 B | സനൂബ്.സി | എം സാന്റ് മെറ്റൽ | 1500 | 750 | --- | 12934 28.12.18 | (475%) 7125 | 2000 | 8375 |
| 5/68 A | ഗോഗുൽ ദാസ്.കെ.കെ | --- | 500 | 250 | --- | 66003 28.07.18 | (225%) 1125 | 1500 | 2375 |
| 5/297 | ബൈജു | കെട്ടിട നിർമ്മാണ സാമഗ്രികൾ | 500 | --- | --- | 15252 08.09.18 | (300%) 1500 | 1500 | 3000 |
| 5/210 E | നിധീഷ്.എൻ.വി. | പ്ലൈവുഡ്, ഹാർഡ് വെയർ | 500 | 250 | --- | 12722 21.12.18 | (450%) 2250 | 1500 | 3500 |
| 5/454 B | കെ.പി.സെയ്തലവി | സ്റ്റേഷനറി | 400 | 200 | --- | 11932 30.11.18 | (425%) 1700 | 1200 | 2700 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 5/661 | നിധീഷ്.വി.കെ | ഹോളോ ബ്രിക്സ് സെയിൽ | 1000 | 500 | --- | 12091 04.10.18 | (325%) 3250 | 2000 | 4750 |
| 6/428 | അബ്ദുൾ അസീസ് | ടൈലറിംഗ് | 300 | 150 | --- | 12242 15.05.18 | (100%) 300 | 900 | 1050 |
| 6/397 | തൻസീർ.പി | ഡ്രസ് മെറ്റീരിയൽസ് | 500 | 50 | --- | 14842 07.02.19 | (550%) 2750 | 1500 | 4200 |
| 6/195, 196 | വിനീഷ്.ടി.വി | ടീ & കൂൾബാർ | 500 | 250 | --- | 10912 02.11.18 | (375%) 1875 | 1500 | 3125 |
| 6/326, 327 | ജയപ്രകാശൻ.പി | സ്റ്റീൽ ഫർണീച്ചർ | 750 | --- | --- | 11226 09.11.18 | (400%) 3000 | 2000 | 5000 |
| 6/430 | രവീന്ദ്രൻ.കെ.വി | മിൽമ ബൂത്ത് | 500 | --- | --- | 10106 20.10.18 | (350%) 1750 | 1500 | 3250 |
| 6/477 | കവിത കുമാർ | ഹോമിയോപ്പതി ക്ലിനിക്ക് | 500 | --- | --- | 08144 15.09.18 | (300%) 1500 | 1500 | 3000 |
| 6/310 | ലാലു.ടി | പെയിന്റ് വില്പന | 1000 | --- | --- | 124941 23.01.19 | (525%) 5250 | 2000 | 7250 |
| 7/120 C, D | ഗീരീഷ്.വി | ഫാർമസ്യൂട്ടിക്കൽ മാർക്കറ്റിംഗ് | 500 | --- | --- | 01552 30.04.18 | (75%) 375 | 1500 | 1875 |
| 7/239 A | ഹമീദ്.എം | ഹോളോ ബ്രിക്സ് നിർമ്മാണം | 500 | 200 | --- | 01695 03.05.18 | (75%) 375 | 1500 | 1675 |
| ആകെ | | | | | | | | | 204352 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (നം.108/2018-19) മറുപടി ലഭ്യമാക്കിയിട്ടില്ല. ബിലേറ്റഡ് ഫീ, ഫൈൻ എന്നീ ഇനങ്ങളിൽ കുറവ് വന്ന 204352രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

(സി) ചെറുവണ്ണൂർ നല്ലളം മേഖലാ കാര്യാലയം

ചെറുവണ്ണൂർ-നല്ലളം മേഖല കാര്യാലയത്തിന്റെ പരിധിയിൽ 2017-18 വർഷത്തെ ലൈസൻസിന്റെ കാലവധി അവസാനിച്ചതിന് ശേഷം 2018-19 ലേയ്ക്ക് അത് പുതുക്കുന്നതിന് അപേക്ഷിക്കുന്നവരിൽ നിന്നും മേൽ വിവരിച്ച ചട്ടത്തിലെ വ്യവസ്ഥകൾ പാലിക്കാതെ കുറഞ്ഞ നിരക്കിൽ ബിലേറ്റഡ് ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | വാർഡ്/ കെട്ടിട നം. | ഉടമസ്ഥന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കേണ്ട ബിലേറ്റഡ് ഫീസ് | ഈടാക്കിയ ബിലേറ്റഡ് ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | III 90 F | ഷെഫീക്.എം | 1500 | 4875 (325%) | 1500 Rt.2465 27.09.18 | 3375 |
| 2 | IV 24 A | വെങ്കിടേഷ്.വി.പി | 900 | 2925 (325%) | 900 Rt.2182 26.09.18 | 2025 |
| 3 | IV | വേണുഗോപാലൻ | 2000 | 7000 | 2000 | 5000 |

| | | | | | | |
|---|---|---|---|---|---|---|
| | 439 CD | | | (350%) | Rt.11113332<br>10.10.18 | |
| 4 | IV<br>564 | രാജീവൻ | 1000 | 3250<br>(325%) | 1000<br>Rt.2556<br>28.09.18 | 2250 |
| 5 | VI<br>83 | അബ്ദു നൗഫൽ.ഇ.പി | 600 | 2550<br>(425%) | 2250<br>Rt.5725<br>03.12.18 | 300 |
| 6 | VI<br>3926 | മുസ്തഫ.കെ | 5000 | 22500<br>(450%) | 21250<br>Rt.11116196<br>13.12.18 | 1250 |
| 7 | VII<br>129 | വി.പി.അബ്ദുൾ റഹ്മാൻ | 2000 | 6500<br>(325%) | 2000<br>Rt.11112759<br>01.10.18 | 4500 |
| 8 | VII<br>646 A | വിലാസിനി.പി.കെ | 1500 | 3000<br>(200%) | 1500<br>Rt.07342<br>16.07.18 | 1500 |
| 9 | VIII<br>130 A | പി.കെ.സുധീഷ് | 2750 | 6187<br>(225%) | 2750<br>Rt.109234<br>07.08.18 | 3437 |
| 10 | VIII<br>516 B1 | രതീഷ്.പി | 300 | 975<br>(325%) | 300<br>Rt.2844<br>03.10.18 | 675 |
| 11 | XI<br>405 B | ചെല്ലൻ.എം | 1500 | 3375<br>(225%) | 1500<br>Rt.8645<br>27.07.18 | 1875 |
| 12 | XII<br>3 A 2 | രാജ്ദീപ് സേത്ത് | 500 | 2125<br>(425%) | 1500<br>Rt.5503<br>28.11.18 | 625 |
| 13 | XII<br>66 | ബാലകൃഷ്ണൻ.പി | 1000 | 1750<br>(175%) | 1000<br>Rt.06300<br>03.07.18 | 750 |
| 14 | XII322 | മുരുകൻ.കെ | 6210 | 17077<br>(275%) | 6210<br>Rt.10191<br>01.09.18 | 10867 |
| 15 | XII<br>345 | അബ്ബാസ്.എൻ.പി | 1900 | 4275<br>(225%) | 1900<br>Rt.6580 | 2375 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 26.07.18 | |
| 16 | XIII<br>486 | മുഹമ്മദ് സിൻഷാദ്.പി.കെ. | 1750 | 4375<br>(205%) | 1750<br>Rt.09471<br>10.08.18 | 2625 |
| 17 | XIV<br>127 | വിജയ മേനോക്കി | 1900 | 6175<br>(325%) | 1900<br>Rt.27430<br>01.10.18 | 4275 |
| 18 | XIV<br>202 | രാധാവിജയൻ | 3250 | 11375<br>(350%) | 3250<br>Rt.3742<br>17.10.18 | 8125 |
| ആകെ | | | | | | 55829രൂപ |

അപാകത സൂചിപ്പിച്ച് നൽകിയ ഒ.എസിന് (83/18-19/22.1.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വ്യക്തികളിൽ നിന്നും നിയമാനുസൃത ലൈസൻസ് ഫീസ് ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതും ലൈസൻസ് ഫീസിൽ കുറവ് വന്ന 55829രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

<u>(4) നിയമാനുസൃത ഫീസ്, ഈടാക്കാതെ ഡി.ആന്റ്.ഒ ലൈസൻസ് അനുവദിച്ചു.</u>

<u>(എ) എലത്തൂർ മേഖല കാര്യാലയം</u>

കോഴിക്കോട് നഗരസഭ എലത്തൂർ മേഖല കാര്യാലയത്തിന്റെ പരിധിയിൽ 2018-19 ലൈസൻസിന്റെ കാലാവധി അവസാനിച്ചതിനു ശേഷം 2019-20 സാമ്പത്തിക വർഷത്തിലേക്ക് പുതുക്കുന്നതിന് അപേക്ഷ നൽകിയവരിൽ നിന്നും ചട്ടത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള നിരക്കിൽ ഫീസ് ഈടാക്കാതെ ലൈസൻസ് അനുവദിക്കുന്നതായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നം | വ്യാപാരിയുടെ പേര്, വാർഡ്/ കെട്ടിട നം.<br>വ്യാപാരം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | കുറവ് വന്ന ഫീസ് | ഫീസ് ഈടാക്കിയ രശീതി നം, തീയതി |
|---|---|---|---|---|---|
| 1 | ശ്രീ.സാജു, കളത്തിൽ, 5/451,<br>ഹാർഡ് വെയർ, പെയിന്റ്, പ്ലംബിംഗ് മെറ്റീരിയൽസ്, ഇഷ്ടിക, എന്നിവയുടെ വിൽപ്പന | 1875 | 3000 | 1125 | 11804106027, 26.02.2019 |
| 2 | ശ്രീ.അബ്ദുൾ ഗഫൂർ,16/42, 43<br>ബേക്കറി, ചിപ്സ് വിൽപ്പന | 450 | 2000 | 1550 | 25519, 15.02.2019 |
| 3 | ശ്രീ.വേലായുധൻ.സി.കെ<br>16/324, ബേക്കറി | 1125 | 2000 | 875 | 11804106528, 13.03.2019 |
| 4 | ശ്രീ.പത്മനാഭൻ.കെ.കെ<br>16/341, ബേക്കറി, ചിപ്സ് വിൽപ്പന | 750 | 2000 | 1250 | 11804106373, 06.03.2019 |
| 5 | ശ്രീ.നജാഫ്.എ, 18/300, 18/301,<br>ബേക്കറി, കൂൾബാർ | 1000 | 2000 | 1000 | 11804106797, 25.03.2019 |
| 6 | ശ്രീ.മനോജ് കുമാർ, 5/418, 419 ,<br>ബേക്കറി | 600 | 2000 | 1400 | 119040100234, 02.05.2019 |
| 7 | ശ്രീ.എം.ടി.സുമിത്രൻ, 1/361,<br>ഡീലക്സ് ബേക്കറി | 375 | 2000 | 1625 | 11804105977, 22.05.2019 |
| 8 | ശ്രീ.മുഹമ്മദ് അനസ്<br>1/546, 547, ടേസ്റ്റി ബേക്കറി | 900 | 2000 | 1100 | 11804106026, 26.02.2019 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 9 | ശ്രീ.ഗിരീഷ് കുമാർ.പി.റ്റി, 2/121,<br>സ്റ്റേഷനറി & ബേക്കറി | 450 | 3000 | 2550 | 05352/19, 11.02.2019 |
| 10 | ശ്രീ.അബ്ദുൾ റഷീദ്, 2/120<br>ഹാർഡ് വെയർ, പ്ലംബിങ്ങ്, ഇലക്ട്രിക്കൽ | 1500 | 3000 | 1500 | 11804106071,<br>26.02.2019 |
| 11 | ശ്രീ.ഷഫീക്ക്.കെ.പി. 2/186<br>സെല്ല ഗോൾഡ് ജ്വലറി | 2000 | 3000 | 1000 | 25597,<br>19.02.2019 |
| 12 | ശ്രീ.ജിതേഷ്.വി, 2/261/എ,<br>ജ്വലറി | 750 | 3000 | 2250 | 05272,<br>06.02.2019 |
| 13 | ശ്രീ.പ്രവീണ് കുമാർ, 2/261.<br>ഇളത്തുർ ജ്വലറി | 1500 | 3000 | 1500 | 05272,<br>06.02.2019 |
| 14 | ശ്രീ.പിപി.പവിത്രൻ, 2/260<br>ശേഖർസ് ബേക്കറി | 750 | 2000 | 1250 | 06241,<br>28.02.2019 |
| 15 | ശ്രീ.ഷമീർ അലി.സി, 3/14,<br>ദിയ ബേക്കറി | 750 | 2000 | 1250 | 11804105875,<br>25.02.2019 |
| 16 | ശ്രീ.ട്വിവിൻ.വി.യു, 4/174,<br>ആരാധന ബേക്കറി | 900 | 2000 | 1250 | 11804106530,<br>13.03.2019 |
| 17 | ശ്രീ.പ്രകാശൻ.എം.എം, 4/645/എ,<br>ഒപ്പൂസ് ബേക്കറി | 900 | 2000 | 1250 | 11804106605,<br>16.03.2019 |
| 18 | ശ്രീ.ഹുസൈൻ, 4/646, 647, 648, കെ.സി.സൂപ്പർ മാർക്കറ്റ് | 1800 | 3000 | 1200 | 105690/19,<br>20.02.2019 |
| 19 | ശ്രീ.കെ.പി.വിജയൻ, 5/137/എ,<br>സ്റ്റേഷനറി ഉൾപ്പടെയുള്ള പലചരക്ക് കട | 450 | 3000 | 2550 | 11804105649,<br>20.02.2019 |
| 20 | ശ്രീ.മനോജ് കുമാർ, 5/418, 419,<br>ആരാധന ബേക്കറി | 600 | 2000 | 1400 | 1190100234<br>02.05.2019 |
| 21 | ശ്രീമതി.സജ്ജന ഹേനരാജ്, 6/16,<br>ശാന്തി ഡന്റൽ ക്ലിനിക്ക് | 450 | 1000 | 550 | 105216/19,<br>05.02.2019 |
| 22 | ശ്രീ.ദീപക്.പി, 6/372,<br>ഡി.എസ്.ബേക്കറി | 600 | 2000 | 1400 | 11804105637,<br>20.02.2019 |
| 23 | ശ്രീ.നൗഫൽ, 7/371 / F<br>ഹാർഡ് വെയർ, പ്ലംബിങ്ങ്,<br>ഇലക്ട്രിക്കൽ, സാനിറ്ററിവെയർ, | 1500 | 3000 | 1500 | 11804105910<br>25.02.2019 |
| 24 | ശ്രീ.പ്രശാന്ത്, 7/431, റഫ്രിജറേറ്റർ സർവ്വീസിംഗ് | 375 | 1000 | 625 | 11804106084,<br>26.02.2019 |
| 25 | ശ്രീ.ബിനി.എം, 7/447/ബി, പ്ലാസ്റ്റിക് സാമഗ്രികൾ (ഫർണിച്ചർ വിൽപ്പന | 375 | 750 | 375 | 11804105704,<br>21.02.2019 |
| 26 | ശ്രീ.കെ.സുരേഷ്, 7/474<br>ജ്വലറി വർക്സ് | 1000 | 3000 | 2000 | 05619,<br>19.02.2019 |
| 27 | ശ്രീ.സുരേഷ്.വി, 8/172, ബേക്കറി | 500 | 2000 | 1500 | 1180410605,<br>26.02.2019 |
| 28 | ശ്രീ.ജയരാജൻ.കെ.സി, 8/312/സി,<br>ജെ.ആർ.എസ് ബേക്കറി | 750 | 2000 | 1250 | 1180415882,<br>25.02.2019 |
| 29 | ശ്രീ.ദിൽജിത്ത്.എം, 9/172, | 375 | 500 | 125 | 05467, |

| | | | | | |
|---|---|---|---|---|---|
| | മിൽമ ഉൽപ്പനങ്ങളുടെ വിൽപ്പന | | | | 14.02.2019 |
| 30 | ശ്രീ.എൻ.പി.ചന്ദ്രൻ, 9/214<br>അനിൽ ബേക്കറി | 375 | 2000 | 1625 | 165638, 28.02.2019 |
| 31 | ശ്രീ.സാമി.കെ.കെ. 9/344 സവിനേഷ് ബേക്കറി | 375 | 2000 | 1625 | 11804106493,<br>12.03.2019 |
| 32 | ശ്രീമതി.ജയശ്രീ.എം.കെ,<br>9/345, ഷിജിൽ ക്ലിനിക് | 600 | 1000 | 400 | 106384/19,<br>07.03.2019 |
| 33 | ശ്രീ.സുരേന്ദ്രൻ, 10/86<br>സ്റ്റേഷനറി ഉൾപ്പടെയുള്ള പലചരക്ക് കട | 450 | 3000 | 2550 | 05346/19,<br>11.02.2019 |
| 34 | ശ്രീ.നിത്യാനന്ദ്, 11/555/എ, ദേവൻസ് ബേക്കറി | 900 | 2000 | 1100 | 165639, 28.02.2019 |
| 35 | ശ്രീ.പി.കെ.ജിതചന്ദ്രൻ, 12/274<br>മാവുമ്മീസ് ബേക്കറി | 750 | 2000 | 1250 | 11804105930,<br>25.02.2019 |
| 36 | ശ്രീ.ശശീന്ദ്രൻ, 12/312<br>റീന ബേക്കറി | 750 | 2000 | 1250 | 11804105801,<br>27.02.2019 |
| 37 | ശ്രീ.കെ.സുരേന്ദ്രൻ, 14/292<br>അശ്വതി ബേക്കറി | 375 | 2000 | 1625 | 16564,<br>28.02.2019 |
| 38 | ശ്രീ.ചന്ദ്രൻ, 15/23/T, ബേക്കറി | 750 | 2000 | 1250 | 05317/19,<br>08.02.2019 |
| | | | | 49,250/- | |

അപാകത സൂചിപ്പിച്ച് നൽകിയ ഒ.എസിന് (123/18-19/6.1.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഫീസിനത്തിൽ കുറവ് വന്ന 49,250രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ബി) ബേപ്പൂർ മേഖലാകാര്യാലയം

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ ബേപ്പൂർ മേഖല കാര്യാലയത്തിലെ 2018-19 ലെ ഡി. & ഒ. ലൈസൻസ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| ക്രമ നം. | കെട്ടിട നം. | ലൈസൻസിയുടെ പേര് | ഉപയോഗം/ സ്ഥാപനം | ഈടാക്കേണ്ട കുറഞ്ഞ ഫീസ് | ഈടാക്കിയ ഫീസ് | രശീതി നം. | കുറവ് |
|---|---|---|---|---|---|---|---|
| 1 | 14/344B | എൻ.പി.സാബിറ | ജ്വല്ലറി | 1500 | 800 | 16254<br>19.02.18 | 700 |
| 2 | 9/667 | കെ.വി.യൂസഫലി | ജ്വല്ലറി | 1500 | 1000 | 16988<br>24.02.18 | 500 |
| 3 | 9/409 B | എം.അബ്ദുൾ ലത്തീഫ് | ആഡിറ്റോറിയം | 5000 | 1000 | 17409<br>27.02.18 | 4000 |
| 4 | 10/230 H | കെ.ശബ്ന | ബ്യൂട്ടിപാർലർ | 500 | 300 | 14940<br>06.02.18 | 200 |
| 5 | 10/570 M | സി.പി.അബ്ദുൾ ഹമീദ് | ആഡിറ്റോറിയം | 5000 | 1000 | 17543<br>28.02.18 | 4000 |
| 6 | 9/688 | എം.മുജീബ് റഹ്മാൻ | ജ്വല്ലറി | 1500 | 1000 | 17350 | 500 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 27.02.18 | |
| 7 | 14/566 BIJ | പി.അബ്ദുൽ ബഷീർ | ആഡിറ്റോറിയം | 5000 | 2500 | 14713 03.02.18 | 2500 |
| 8 | 15/48 | അഹമ്മദ് ശരീഫ് | ജ്വല്ലറി | 1500 | 1000 | 17410 27.02.18 | 500 |
| 9 | 6/719 FG | നാരായണൻ.എൻ.വി | ആഡിറ്റോറിയം | 5000 | 1000 | 17364 27.02.18 | 4000 |
| 10 | | അബ്ദുൽ അസീസ്.കെ | ജ്വല്ലറി | 1500 | 1000 | 17412 27.02.18 | 500 |
| 11 | | സി.വി.കെ.മറിയംബി | ഡീസൽ പമ്പ് | 1000 | 750 | | 250 |
| | | | | | ആകെ | | 17650 |

അപാകത സൂചിപ്പിച്ച് നൽകിയ ഒ.എസിന് (124/18-19/6.1.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വ്യക്തികളിൽ നിന്നും നിയമാനുസൃത ലൈസൻസ് ഫീസ് ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതും ലൈസൻസ് ഫീസിൽ കുറവ് വന്ന 17650രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

## 2-6 ചെറുവണ്ണൂർ നല്ലളം മേഖലാകാര്യാലയത്തിനു കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക ഈടാക്കിയതിലെ അപാകതകൾ

ചെറുവണ്ണൂർ നല്ലളം മേഖലാകാര്യാലയത്തിനു കീഴിലുള്ള ചെറുവണ്ണൂർ നല്ലളം ഷോപ്പിംഗ് കോംപ്ലക്സ്, കല്ലുവെട്ടുകുഴി വനിതാവ്യവസായകേന്ദ്രം, റഹ്മാൻ ബസാർ വനിതാവ്യവസായകേന്ദ്രം, ഫറോക്ക് ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിലെ മുറികളുടെ വാടക ഈടാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാടക ഈടാക്കിയതിൽ കുറവ്

ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക 3 വർഷത്തേക്ക് നിലവിലുള്ള ഫീസിന്റെ 20% കൂട്ടി വാങ്ങുന്നതിന് തീരുമാനിച്ചെങ്കിലും താഴെ പറയുന്ന വാടകക്കാരിൽ നിന്ന് കൂടിയ നിരക്കിൽ തുക ഈടാക്കിയിട്ടില്ല.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | കരാർ പ്രകാരം ഈടാക്കേണ്ട വാടക | ഈടാക്കിയ വാടക | കുറവ് |
|---|---|---|---|---|---|
| 1 | 4/481 | ശ്രീമതി.ഷൈമ പയ്യാനക്കൽ | 740 (1.4.18 മുതൽ) | 617 | 123 x 12 = 1476 |
| 2. | 4/482 | ശ്രീ.പി.പി.ഇക്ബാൽ | 740 (1.4.18 മുതൽ) | 617 | 123 x 12 = 1476 |
| 3. | 4/495 | സീനിയർ സൂപ്രണ്ട്, സിറ്റി പോസ്റ്റ് ഓഫീസ് | 3110 (1.1.18 മുതൽ) | 1,250 | 1860 x 15 = 27900 |
| 4 | 6/496H | ശ്രീമതി.ഫൗസിയ.കെ.പി | 967 (1.4.18 മുതൽ) | 806 | 161 x 12 = 1932 |
| 5 | 6FF | ശ്രീ.മെഹബൂബ്.ടി.പി | 22831 (15.7.16 മുതൽ) | 19,026 | 3805 x33 = 1,25,565 |
| | | ആകെ | | | 1,58,349രൂപ |

വാടക ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി അറിയിക്കാൻ നിർദ്ദേശിച്ച് നൽകിയ ഒ.എസിന് (90/2018-19 തീയതി 4.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. 1,58,349/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി

അറിയിക്കേണ്ടതാണ്.

2. കല്ലുവെട്ടുകുഴി വനിതാ വ്യവസായ കേന്ദ്രത്തിലെ 9/999G, 9/999H നം. മുറികളുടെ വാടക 1/17 ന ശേഷം പിരിച്ചെടുത്ത വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3.വാടക ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ക്രമ നം. 2, 3 പ്രകാരമുള്ള അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 2-7 ബേപ്പൂർ മേഖലാകാര്യാലയത്തിനു കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക ഈടാക്കിയതിലെ അപാകതകൾ

ബേപ്പൂർ മേഖലാകാര്യാലയത്തിന കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക ഈടാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാടക ഈടാക്കിയില്ല

മാത്തോട്ടം ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ പറയുന്ന വാടകക്കാരിൽ നിന്നും 2018-19 വർഷത്തെ വാടക പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | കരാർ പ്രകാരമുള്ള വാടക | ഈടാക്കിയ വാടക | കുറവ് |
|---|---|---|---|---|---|
| 1 | 15/178A | ശ്രീ.നൗഷാദ്.എം.കെ | 5630 | 22520<br>(7/18 വരെ) | 5630 x 8 =<br>45040 |
| 2. | 15/178 O | ശ്രീ.മുഹമ്മദ് അസ്ലം | 643 | - | 643 x 12 = 7716 |
| | | ആകെ | | | 52756രൂപ |

നഗരസഭ കൗൺസിലിന്റെ 17.5.2018ലെ തീരുമാനം നം.80 പ്രകാരം 178 Oനം. മുറിയുടെ വാടക 536രൂപയിൽ നിന്നും 20% വർദ്ധനവോടു കൂടി 1.4.2016 മുതൽ 3 വർഷത്തേക്ക് പുതുക്കി നൽകിയിട്ടുണ്ട്. 643/- രൂപ നിരക്കിൽ അടവാക്കേണ്ടതിന് പകരം 1.4.2016 മുതൽ 31.3.2017 വരെ 563രൂപ നിരക്കിലും 1.4.2017 മുതൽ 31.3.2018 വരെ 591 രൂപ നിരക്കിലുമാണ് വാടക അടവാക്കിയിട്ടുള്ളത്. 1.4.2016 മുതൽ 31.3.2018 വരെയുള്ള കുടിശ്ശിക തുക 1869 രൂപയും {(643-563)x12 + (643-591)x12+ GST- 285} സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയിൽ വർദ്ധനവ് വന്ന 7716 രൂപയും അടവാക്കാനാവശ്യപ്പെട്ടു കൊണ്ട് വാടകക്കാരന് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും ഇതു വരെ തുക അടവാക്കിയിട്ടില്ല. 2018-19 വർഷത്തെ വാടകയുൾപ്പെടെ 17301രൂപയും (7716+7716+1869) 178Aനം. മുറിയുടെ വാടകകുടിശ്ശിക 45040രൂപയും കൂടി ആകെ 62341രൂപ ഈടാക്കി അറിയിക്കാൻ നിർദ്ദേശിച്ച് നൽകിയ 102/2018-19തീയതി 12.12.2019 നം. ഒ.എസിന് മറുപടി നൽകിയിട്ടില്ല. 62341രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

2. നഗരസഭയുടെ അനുമതിയില്ലാതെ കെട്ടിടത്തിൽ മാറ്റം വരുത്തിയതിനാൽ 15/178K, 15/178L, 15/178M, 15/178N നം. മുറികളുടെ ലൈസൻസ് അവകാശം റദ്ദ് ചെയ്യുകയും 18.1.2019ന് മുറികൾ പൂട്ടി നഗരസഭ ഏറ്റെടുക്കുകയും ചെയ്തതാണ്. മേൽ പറഞ്ഞ മുറികൾ വീണ്ടും ലേലം ചെയ്ത് നൽകാത്തതിനാൽ വാടക ഇനത്തിൽ സ്ഥാപനത്തിന് നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. മുറികൾ എത്രയും പെട്ടെന്ന് ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. 2018-19 വർഷം നിർമ്മാണം പൂർത്തിയായ ബേപ്പൂർ ഗോഡൗൺ കോംപ്ലക്സിലെ 5/280B, 5/280C നം. കെട്ടിടങ്ങളും വ്യവസായപാർക്കിലെ 5/548D, 5/548E, 5/548F നം. മുറികളും ലേലം ചെയ്തതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

4. വാടക ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

# 2-8 വാണിജ്യ കെട്ടിടത്തിലെ വസ്തു നികുതി നിർണ്ണയത്തിലെ

# അപാകത – നികുതി നിർണ്ണയിച്ചതിൽ കുറവ്

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ് ചട്ടങ്ങളിലെ) ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ ഒരാളിന്റെ ഉടമസ്ഥതയിലാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ, ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണ്. ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4(1) ൽ പരാമർശിക്കുന്ന തരത്തിൽ വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണ്.

മേൽ വിവരിച്ച നിയമ വ്യവസ്ഥകൾ നിലനിൽക്കേയാണ് നഗരസഭ പരിധിയിൽ 100 ച.മി. വിസ്തൃതിയ്ക്ക് മുകളിൽ നിർമ്മാണം പൂർത്തീകരിക്കുന്ന വാണിജ്യ കെട്ടിടങ്ങളിലെ മുറികൾക്ക് (ഉപയോഗ ക്രമത്തിൽ വ്യത്യാസമില്ലാത്തവ) ഓരോന്നിനും പ്രത്യേക നമ്പർ അനുവദിക്കുന്നത്. ഒരു വ്യക്തിയുടെ തന്നെ കെട്ടിടത്തിലെ വിവിധ മുറികൾക്ക് ഇപ്രകാരം നമ്പർ നൽകുന്നത് വഴി നികുതി നിർണ്ണയിക്കുമ്പോൾ 100 ച.മീറ്ററിന് താഴെ വരികയും നിയമപരമായി നഗരസഭ ഫണ്ടിന് ലഭിക്കേണ്ട നികുതിയിൽ കുറവ് വരികയും ചെയ്യുന്നു. നഗരസഭ പരിധിയിലെ 100 ചി.മീ. മുകളിൽ തറ വിസ്തീർണ്ണം വരുന്ന വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ച.മീ. ന് 105 രൂപ നിരക്കിലും 100 ച.മീറ്ററിന് താഴെ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 90 രൂപ നിരക്കിലുമാണ് നികുതി ഈടാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ താഴെ പറയുന്ന കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് വിവിധ നമ്പർ നൽകി വസ്തു നികുതി ഈടാക്കിയപ്പോൾ ഓരോ ഒക്യൂപെൻസിയുടെ വിസ്തീർണ്ണത്തിനും കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേരും വിലാസവും | കെട്ടിടത്തിന്റെ വിശദാംശം | ഇളവ്/ വർദ്ധനവ് | ച.മീറ്ററിന് 90/- രൂപ തോതിൽ നിർണ്ണയിച്ച പ്രകാരം നികുതി |
|---|---|---|---|---|---|
| 1.(i) | 4/1165 എ | ഇ.എം.ഹരിദാസൻ<br>'രചന'<br>തട്ടാരിപറമ്പ്<br>പുതിയങ്ങാടി.പി.ഒ.<br>പിൻ - 673021 | പടിഞ്ഞാറോട്ട് അഭിമുഖമായ പീടിക മുറി - വാണിജ്യാവശ്യം താഴത്തെ നില 12 ച.മീ | മേഖല ഇളവ് - 20% വഴി, വർദ്ധനവ് - 20% | 12 @ 90<br>വസ്തു നികുതി - 1080<br>ലൈബ്രറി സെസ്സ് - 54<br>ആകെ - 1134<br>01.10.2016 മുതൽ പ്രാബല്യം |
| | ഈടാക്കേണ്ട നികുതി<br>വസ്തു നികുതി - 12 X 105 = 1260<br>ലൈബ്രറി സെസ്സ് - 63<br>ആകെ - 1323<br>വ്യത്യാസം - 1323-1134 = 189<br>01.1.2016 മുതൽ നികുതി പ്രാബല്യത്തിൽ ഉള്ളതിനാൽ അന്നുമുതൽ 2018-19 പ്രതിവർഷം ഉള്ള കുറവ് താഴെ ചേർക്കുന്നു<br>2016-17 രണ്ടാം പകുതി - 95<br>2017-18 ഒന്ന് & രണ്ടാം പകുതി - 189<br>2018-19 ഒന്ന് & രണ്ടാം പകുതി - 189<br>ആകെ കുറവ് - 473 | | | | |
| (ii) | 4/1165 ബി | ഇ.എം.ഹരിദാസൻ<br>'രചന'<br>തട്ടാരിപറമ്പ്<br>പുതിയങ്ങാടി.പി.ഒ.<br>പിൻ - 673021 | പടിഞ്ഞാറോട്ട് അഭിമുഖമായ പീടിക മുറി - വാണിജ്യാവശ്യം താഴത്തെ നില 11.49 ച.മീ | മേഖല ഇളവ് - 20% വഴി, വർദ്ധനവ് - 20% | വസ്തു നികുതി - 1080<br>(11.49x90=1034രൂപയാണ് നികുതി ഈടാക്കേണ്ടതെങ്കിലും 1080രൂപ ഈടാക്കിയിട്ടുണ്ട്)<br>ലൈബ്രറി സെസ്സ് - 54<br>ആകെ - 1134<br>01.10.2016 മുതൽ പ്രാബല്യം |

<table>
<tr><td></td><td colspan="5">ഈടാക്കേണ്ട നികുതി<br>വസ്തു നികുതി - 11.49 X 105 = 1206<br>ലൈബ്രറി സെസ്സ് - 61<br>ആകെ - 1267<br>വ്യത്യാസം - 133<br>01.10.2016 മുതൽ നികുതി പ്രാബല്യത്തിൽ ഉള്ളതിനാൽ അന്നുമുതൽ 2018-19 പ്രതിവർഷം ഉള്ള കുറവ് താഴെ ചേർക്കുന്നു<br>2016-17 രണ്ടാം പകുതി - 67<br>2017-18 ഒന്ന് & രണ്ടാം പകുതി - 133<br>2018-19 ഒന്ന് & രണ്ടാം പകുതി - 133<br>ആകെ കുറവ് - 333</td></tr>
<tr><td rowspan="2">(iii)</td><td>4/1168 എ</td><td>ഇ.എം.ഹരിദാസൻ<br>'രചന'<br>തട്ടാരിപറമ്പ്<br>പുതിയങ്ങാടി.പി.ഒ.<br>പിൻ - 673021</td><td>പടിഞ്ഞാറോട്ട് അഭിമുഖമായ പീടിക മുറി - വാണിജ്യാവശ്യം ഒന്നാം നില 25.43 ച.മീ</td><td>മേഖല ഇളവ് - 20%<br>കുറഞ്ഞതരം മേൽക്കൂര ഇളവ് - 10%<br>ആകെ ഇളവ് - 30%<br>വഴി വർദ്ധനവ് - 20%</td><td>25.43 @ 90<br>വസ്തു നികുതി - 1957<br>ലൈബ്രറി സെസ്സ് - 98<br>ആകെ - 2025<br>01.10.2016 മുതൽ പ്രാബല്യം</td></tr>
<tr><td colspan="5">ഈടാക്കേണ്ട നികുതി<br>വസ്തു നികുതി - 25.43 X 105 = 2670<br>ആകെ ഇളവ് - 30%<br>വഴി വർദ്ധനവ് - 20% വസ്തു നികുതി - 2670-(2670 X 10/100) = 2403<br>ഒന്നാമത്തെ നിലയ്ക്ക് അനുവദനീയമായ ഇളവ് - 5% കുറച്ചുള്ള വസ്തുനികുതി = 2403 – 120 = 2283<br>ലൈബ്രറി സെസ്സ് - 114<br>ആകെ - 2397<br>വ്യത്യസം - 2397-2055 = 342<br>01.10.2016 മുതൽ നികുതി പ്രാബല്യത്തിൽ ഉള്ളതിനാൽ അന്നുമുതൽ 2018-19 പ്രതിവർഷം ഉള്ള കുറവ് താഴെ ചേർക്കുന്നു<br>2016-17 രണ്ടാം പകുതി - 171<br>2017-18 ഒന്ന് & രണ്ടാം പകുതി - 342<br>2018-19 ഒന്ന് & രണ്ടാം പകുതി - 342<br>ആകെ കുറവ് - 855<br>ക്രമ. നം. (i) ലെ കുറവ് - 473<br>(ii) ലെ കുറവ് - 333<br>(iii) ലെ കുറവ് - 855<br>ആകെ - 1661 രൂപ</td></tr>
<tr><td>2(i)</td><td>1/355 എ</td><td>പി.പി.മജീദ്</td><td>കിഴക്കോട്ട് അഭിമുഖമായ പീടിക മുറി - വാണിജ്യാവശ്യം താഴത്തെ നില 21.94</td><td>മേഖല ഇളവ് - 20%</td><td>21.94 @ 90</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | | പുത്തൻപുരയിൽ<br>എലത്തൂർ | ച.മീ | മേൽക്കൂര ഇളവ് - 10%<br>ആകെ ഇളവ് - 30%<br>വഴി വർദ്ധനവ് - 20% | അടിസ്ഥാന വസ്തു നികുതി - 1975<br>വസ്തു നികുതി - 1975-(1975 X 10%) = 1778<br>ലൈബ്രറി സെസ്സ് - 89<br>ആകെ - 1867<br>01.06.2017 മുതൽ പ്രാബല്യം |
| | ഈടാക്കേണ്ട നികുതി<br>21.94 @ 105 = 2304<br>വസ്തു നികുതി - 2304 – (2304 X 10%) = 2074<br>ലൈബ്രറി സെസ്സ് - 104<br>ആകെ - 2178<br>വ്യത്യാസം - 2178 – 1867 = 311<br>01.04.2017 മുതൽ നികുതി പ്രാബല്യത്തിൽ ഉള്ളതിനാൽ 2017-18, 2018-19 വർഷങ്ങളിൽ ഉള്ള കുറവ് താഴെ ചേർക്കുന്നു<br>2017-18 - 311<br>2018-19 - 311<br>ആകെ കുറവ് - 622 | | | | |
| (ii) | 1/355 ബി | പി.പി.മജീദ്<br>പുത്തൻപുരയിൽ<br>എലത്തൂർ | തെക്ക് അഭിമുഖമായ പീടിക മുറി - വാണിജ്യാവശ്യം താഴത്തെ നില 34.99 ച.മീ | മേഖല ഇളവ് - 20%<br>മേൽക്കൂര ഇളവ് - 10%<br>വഴി വർദ്ധനവ് - 20% | അടിസ്ഥാന വസ്തു നികുതി – 34.99 x 90= 3149<br>വസ്തു നികുതി - 3149 -(3149 X 10%) = 2835<br>ലൈബ്രറി സെസ്സ് - 142<br>ആകെ - 2977<br>01-04.2017 മുതൽ പ്രാബല്യം |
| | ഈടാക്കേണ്ട നികുതി<br>34.99 @ 105 = 3674<br>അടിസ്ഥാന വസ്തു നികുതി - 3674<br>വസ്തു നികുതി - 3674 - (3674 X 10%) = 3307<br>ലൈബ്രറി സെസ്സ് - 165<br>ആകെ - 3472<br>വ്യത്യാസം - 3472 –2977 = 495<br>01.04.2017 മുതൽ നികുതി പ്രാബല്യത്തിൽ ഉള്ളതിനാൽ 2017-18, 2018-19 വർഷങ്ങളിൽ നികുതിയിനത്തിൽ ഉള്ള കുറവ് താഴെ ചേർക്കുന്നു<br>2017-18 - 495<br>2018-19 - 495<br>ആകെ കുറവ് - 990 | | | | |
| (iii) | 1/355 സി | പി.പി.മജീദ്<br>പുത്തൻപുരയിൽ | വടക്ക് കിഴക്ക് ഭാഗത്തുള്ള കിഴക്ക് അഭിമുഖമായ പീടിക മുറി - | മേഖല ഇളവ് - 20% | അടിസ്ഥാന വസ്തു നികുതി – 74.84 @ 90 = 6736 |

| | | | | |
|---|---|---|---|---|
| | എലത്തൂർ | വാണിജ്യാവശ്യം താഴത്തെ നില 74.84 ച.മീ | മേൽക്കൂര ഇളവ് - 10%<br>വഴി വർദ്ധനവ് - 20% | വസ്തു നികുതി - 6736-(6736 X 10%) = 6062<br>ലൈബ്രറി സെസ്സ് - 303<br>ആകെ - 6365<br>01.04.2017 മുതൽ പ്രാബല്യം |

ഈടാക്കേണ്ട നികുതി @105 ച.മി.

74.84 X 105 = 7858

വസ്തു നികുതി - 7858 - (7858 X 10%) = 7072

ലൈബ്രറി സെസ്സ് -354

ആകെ - 7426

വ്യത്യാസം - 7426 –6365 = 1061

01.04.2017 മുതൽ നികുതി പ്രാബല്യത്തിൽ ഉള്ളതിനാൽ 2017-18, 2018-19 വർഷങ്ങളിൽ നികുതിയിനത്തിൽ ഉള്ള കുറവ് താഴെ ചേർക്കുന്നു

2017-18 - 1061

2018-19 – 1061

ആകെ കുറവ് - 2122

ക്രമ.നം.(i) ലെ കുറവ് - 622

ക്രമ.നം.(ii) ലെ കുറവ് - 990

ക്രമ.നം.(iii) ലെ കുറവ് - 2122

ആകെ കുറവ് - 3734/- രൂപ

ശ്രീ.മജീദ് എന്നവരുടെ പേരിലുള്ള 01/355 നം. കെട്ടിടം സ്പ്ലീറ്റ് ചെയ്ത് 4 നമ്പർ അനുവദിക്കുന്നതിന് വേണ്ടി ടിയാൻ 21.01.2017 ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൽ ടിയാൻ ഉപയോഗിച്ച് വരുന്ന കെട്ടിടം 1/355 (1 എണ്ണം) (നിലവിൽ ഉള്ളത് 82.15 ച.മി. കൂടാതെ പുതുതായി നിർമ്മിച്ചത് 131.77, ആകെ 213.92) പുതുതായി അനുവദിച്ച നമ്പറുകൾ (3 എണ്ണം) - 1/355 എ, ബി, സി 4 പേർക്കായി വാടകയ്ക്ക് നൽകേണ്ട ആവശ്യത്തിലേക്കായി 3 നമ്പർ അനുവദിച്ച് തരാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടിയാൻ സമർപ്പിച്ച ബിൽഡിംഗ് പ്ലാനിലും 4 മുറികൾ ഷോപ്പുകൾ ആണെന്ന് കാണുന്നുണ്ട്.

ലഭ്യമാക്കിയ അപേക്ഷയിലും സമർപ്പിച്ച പ്ലാനിൽ നിന്നും ടിയാൻ ഉപയോഗിച്ചിരുന്ന കെട്ടിടം (വാടകയ്ക്ക്/ഷോപ്പ് മുറി) ആണെന്നിരിക്കെ ടിയാനിൽ നിന്നും പാർപ്പിടാവശ്യത്തിന്റെ നിരക്കിൽ ആണ് നികുതി ഈടാക്കിയത്. ടിയാനിൽ നിന്നും ഈടാക്കേണ്ട നികുതി നിരക്ക് ചുവടെ ചേർക്കുന്നു.

82.15 @ 105 = 8626

മേഖല ഇളവ് - 20%

മേൽക്കൂര ഇളവ് - 10%

വഴി വർദ്ധനവ് - 20%

അടിസ്ഥാന വസ്തു നികുതി - 8626 - (8626 X 10%) = 7763

ലൈബ്രറി സെസ്സ് - 388

ആകെ - 8151

ടിയാനിൽ നിന്നും 2016-17 വർഷം ഈടാക്കിയ നികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

വസ്തു നികുതി - 1166

ലൈബ്രറി സെസ്സ് -58

<table>
<tr><td></td><td colspan="5">ഫൈൻ - 30<br>ആകെ - 1254<br>കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ ഉള്ള വ്യത്യാസം പരിഗണിച്ച് ആയതിനനുസരിച്ചുള്ള നിരക്കിൽ (ഉപയോഗക്രമം മാറ്റം വരുത്തിയ തീയതി മുതൽ) നികുതി ഈടാക്കി കോർപ്പറേഷൻ ഫണ്ടിൽ അടവാക്കേണ്ടതും തെറ്റായ വിവരം കോർപ്പറേഷനെ ധരിപ്പിച്ചതിന് ടിയാനിൽ നിന്നും വിശദീകരണം തേടേണ്ടതുമാണ്.</td></tr>
<tr><td rowspan="2">3<br>(i)</td><td>3/1207 എ</td><td>രാമാദേവൻ നായർ<br>രാമദേവൻ<br>എരഞ്ഞിക്കൽ</td><td>നട്ടോളിതാഴം പറമ്പിൽ<br>തെക്ക് മുഖമായ കെട്ടത്തിന്റെ ഇടത് വശം ഒന്നാമത് മറി, സ്റ്റെയർ കേസ് ഉൾപ്പെടെ ഷോപ്പ് താഴെ നില – 26.40 ച.മി</td><td>മേഖല ഇളവ് - 20%<br>വഴി വർദ്ധനവ് - 20%</td><td>അടിസ്ഥാന വസ്തു നികുതി – 26.40 @ 90 - 2376<br>ലൈബ്രറി സെസ്സ് - 119<br>ആകെ - 2495</td></tr>
<tr><td colspan="5">ഈടാക്കേണ്ട വസ്തു നികുതി @105/ച.മീ<br>26.40 X 105 - 2772<br>ലൈബ്രറി സെസ്സ് -139<br>ആകെ - 2911<br>വ്യത്യാസം - 2911 –2495 = 416<br>01.10.2017 മുതൽ നികുതി പ്രാബല്യത്തിൽ ഉള്ളതിനാൽ 2017-18 രണ്ടാം പകുതി, 2018-19 ഒന്നും, രണ്ടും പകുതി വർഷങ്ങളിൽ ഉള്ള കുറവ് താഴെ ചേർക്കുന്നു<br>2017-18 രണ്ടാം പകുതി - 208<br>2018-19 ഒന്നും, രണ്ടും പകുതി –416<br>ആകെ കുറവ് - 624</td></tr>
<tr><td rowspan="2">(ii)</td><td>3/1207 ബി</td><td>രാജഗോപാലൻ നായർ<br>രാമദേവൻ<br>എരഞ്ഞിക്കൽ</td><td>നട്ടോളിതാഴം പറമ്പിൽ<br>തെക്ക് മുഖമായ കെട്ടിടത്തിന്റെ ഇടത് വശം റോഡ് നിരപ്പിലുള്ള രണ്ടാമത് മുറി, സ്റ്റെയർ കേസ് ഉൾപ്പെടെ –26.40 ച.മി</td><td>മേഖല ഇളവ് - 20%<br>വഴി വർദ്ധനവ് - 20%</td><td>അടിസ്ഥാന വസ്തു നികുതി – 26.40 @ 90 - 2376<br>ലൈബ്രറി സെസ്സ് - 119<br>ആകെ - 2495</td></tr>
<tr><td colspan="5">ഈടാക്കേണ്ട വസ്തു നികുതി @105/ച.മീ<br>26.40 X 105 - 2772<br>വസ്തു നികുതി - 2772<br>ലൈബ്രറി സെസ്സ് -139<br>ആകെ - 2911<br>വ്യത്യാസം - 2911 –2495 = 416<br>01.10.2017 മുതൽ നികുതി പ്രാബല്യത്തിൽ ഉള്ളതിനാൽ 2017-18 രണ്ടാം പകുതി, 2018-19 വർഷങ്ങളിൽ ഉള്ള കുറവ് താഴെ ചേർക്കുന്നു<br>2017-18 രണ്ടാം പകുതി - 208<br>2018-19 ഒന്നും, രണ്ടും പകുതി –416<br>ആകെ കുറവ് - 624<br>ക്രമ.നം.(i) ലെ കുറവ് - 624<br>ക്രമ.നം.(ii) ലെ കുറവ് - 624<br>ആകെ കുറവ് - 1248/- രൂപ</td></tr>
</table>

മേൽ പ്രകാരം നികുതി നിർണ്ണയിച്ചത് മൂലം നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതിയിനത്തിൽ കുറവ് വന്നതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഒ.എസിന് (നം.94/22.1.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതിയിനത്തിൽ നഷ്ടം വന്ന 6643രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-9 വേക്കൻസി റമിഷൻചട്ട പ്രകാരമല്ലാതെ ഇളവ് നൽകി

5/1727 A നം കെട്ടിടത്തിന്റെ ഉടമയായ ശ്രീ.വിജു തോമസ് (മാനേജിംഗ് ഡയറക്ടർ, ലെ മാർബിൾ ഗാലറി, കോഴിക്കോട്) വേക്കൻസി റമിഷന് വേണ്ടി 03.04.2019 ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൽ ടിയാൻ കെട്ടിട നമ്പറിനായി 01.04.2018 ന് അപേക്ഷ സമർപ്പിച്ചിരുന്നെന്നും റവന്യൂ വിഭാഗം നടത്തിയ പരിശോധനയുടേയും പരിശോധനയിൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ചതിന്റേയും അടിസ്ഥാനത്തിൽ ടിയാന് നമ്പർ ലഭിച്ചത് 03.04.2019 നാണ് എന്നും അറിയിച്ചിട്ടുണ്ട്. ആയത് കൊണ്ട് തന്നെ ഉപയോഗിക്കാൻ പറ്റാതെ കിടന്ന കെട്ടിടത്തിന്റെ ഒരു വർഷത്തെ (2018-19 വർഷത്തെ) നികുതി ഒഴിവാക്കിതരാൻ വേണ്ടിയാണ് ടിയാൻ അപേക്ഷ സമർപ്പിച്ചത്.

മേൽ അപേക്ഷ പരിഗണിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 19.08.2019 ലെ 23-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2018-19 ലെ (രണ്ട് അർദ്ധ വർഷത്തേയും) നികുതി ഇളവ് ചെയ്ത് നൽകിയിട്ടുണ്ട്.

കെട്ടിടത്തിന്റെ വിശദാംശവും നികുതി നിർണ്ണയവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| കണ്ടോളി പറമ്പിൽ കിഴക്ക് മുഖമായ ഒരു നില ഷീറ്റിട്ട ഷോറൂം -വാണിജ്യാവിശ്യം | |
| പ്ലിന്ത് ഏരിയ-ഗ്രൗണ്ട് ഫ്ലോർ - 911.35 m2 , ച.മീറ്ററിന് 105 രൂപ തോതിൽ | |
| അടിസ്ഥാന നികുതി | 95692 |
| മേഖല ഇളവ് | 20% |
| കുറഞ്ഞ മേൽക്കൂര - ഇളവ് | 10% |
| ആകെ ഇളവ് | 30% |
| വഴിവർദ്ധനവ് | 20% |
| വസ്തു നികുതി | 86123 |
| ലൈബ്രറി സെസ്സ് | 4306 |
| ആകെ | 90428 |

കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 239 ലെ ഉപവകുപ്പ് 3 (എ) (ii) പ്രകാരം നോട്ടീസ് നൽകപ്പെടുന്ന അർദ്ധ വർഷത്തിലോ തുടർന്നുള്ള അർദ്ധവർഷത്തിലോ ഒരു പ്രത്യേക തീയതി മുതൽ കെട്ടിടം ഒഴിയുകയും വാടകയ്ക്ക് കൊടുക്കപ്പെടാതിരിക്കുകയും ചെയ്യുമെന്നോ നേരത്തെ തന്നെ സെക്രട്ടറിക്ക് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലല്ലാതെ അങ്ങനെയുള്ള യാതൊരു ഇളവ് ചെയ്യലും അനുവദിക്കാവുന്നതല്ല. കൂടാതെ ഉപവകുപ്പ് 3(ബി) (എ) പ്രകാരം ഏതൊരു നോട്ടീസിന്റേയും കാലാവധി അത് അപ്രകാരം കൊടുക്കുന്ന അർദ്ധ വർഷത്തോട് കൂടി അവസാനിക്കുന്നതും അതിന് ശേഷം അതിന് പ്രാബല്യമില്ലാത്തതുമാണ്.

എന്നാൽ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി രണ്ട് അർദ്ധ വർഷത്തേയും നികുതി ടിയാന് ഇളവ് ചെയ്ത് കൊടുത്തിട്ടുണ്ട്. കൂടാതെ ഓരോ അർദ്ധവർഷത്തേയും വേക്കൻസി റമിഷന് വേണ്ടിയുള്ള അപേക്ഷ നേരത്തേ തന്നെ സെക്രട്ടറിക്ക് നൽകിയിട്ടുണ്ടെങ്കിൽ മാത്രമേ ഇളവ് ചെയ്യേണ്ടതുള്ളൂ എന്നുള്ള വ്യവസ്ഥയും ഇവിടെ പാലിച്ചിട്ടില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഒ.എസ് ന് (95/9.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ട പ്രകാരമല്ലാതെ അനുവദിച്ച ഇളവ് അംഗീകരിക്കുന്നില്ല. 90,428/- രൂപ ഉടമസ്ഥനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 3-1 സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ മഴക്കാല പൂർവ്വ ശുചീകരണത്തിനായി 33,10,000/- രൂപ അധികം ചെലവഴിച്ചു.

ഫയൽ നം.എഫ്.7/32889/18, എഫ്.1/46288/18

31.03.2018 ലെ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ നഗരസഭ പരിധിയിലെ 75 വാർഡുകളിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തികൾ നടപ്പാക്കുന്നതിന് നഗരസഭ തനത് ഫണ്ടിൽ നിന്നും 58,10,000/- രൂപ ചെലവഴിക്കുന്നതിന് (വാർഡ് അടിസ്ഥാനത്തിൽ തുക വീതിച്ച്) കൗൺസിലിലേക്ക് ശുപാർശ ചെയ്തു (തീരുമാനം നം.1). 05.04.2018 ലെ കൗൺസിൽ യോഗത്തിൽ (തീരുമാനം നം.87) മേൽ ശുപാർശ അംഗീകരിക്കുകയും, ആയതനുസരിച്ച് ഓരോ വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മറ്റി ചെയർമാന്റേയും (വാർഡ് കൗൺസിലർ), കൺവീനറുടേയും (ഹെൽത്ത് ഇൻസ്പെക്ടർ) പേരിലുള്ള ജോയിന്റ് അക്കൗണ്ടുകളിലേക്ക് മുൻകൂറായി തുക അനുവദിക്കുകയും ചെയ്തു. 14.06.2018 ലെ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ ശുചീകരണ പ്രവൃത്തികൾക്ക് തുക കുറഞ്ഞ പോയ വാർഡുകളിലേക്ക് അധിക തുക നൽകുന്നതിനായി കൗൺസിലിലേക്ക് ശുപാർശ ചെയ്യുകയും 21.06.2018 ലെ കൗൺസിൽ യോഗത്തിൽ മേൽ ശുപാർശ അംഗീകരിക്കുകയും ചെയ്തു. (തീരുമാനം നം.125). 09.05.2018, 28.09.2018 ഓരോ വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മറ്റികൾക്കും പ്രത്യേകമായി തുക നൽകി. ഇത്തരത്തിൽ 1,75,000/- രൂപ വരെ വാർഡുകൾക്ക് നൽകിയിട്ടുണ്ട്.

നഗരസഭ തനത് ഫണ്ടിൽ നിന്നും അനുവദിച്ച തുക കൂടാതെ കോഴിക്കോട് ജില്ല ശുചിത്വ മിഷൻ കോർഡിനേറ്ററുടെ ഡി.എസ്സ്.എം/കെ.കെ.ഡി/478/2017 തീയ്യതി.21.05.2018 ലെ നടപടിക്രമം പ്രകാരം നഗരസഭ പരിധിയിലെ 75 വാർഡുകളിൽ മഴക്കാല പൂർവ്വ കാമ്പയിനും, ശുചീകരണ പ്രവൃത്തികളും നടപ്പാക്കുന്നതിന് 7,50,000/- രൂപ (ചെക്ക് നം.547469, 22.05.2018) ശുചിത്വ മിഷനിൽ നിന്നും അനുവദിച്ചിട്ടുണ്ട്. (ഓരോ വാർഡിനും 10,000/- രൂപ വീതം). ശുചിത്വ മിഷനിൽ നിന്നും ലഭ്യമായ തുക രശീതി നം.118060500032, 23.05.2018 പ്രകാരം നഗരസഭ ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. മേൽ രണ്ട് ഫണ്ടുകളിൽ നിന്നായി 66,85,000/- രൂപയാണ് ആകെ അനുവദിച്ചത്. തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് നം | അനുവദിച്ച തുക (തനത് ഫണ്ട്) | ചെക്ക് നം തീയ്യതി | ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും അനുവദിച്ച തുക | ആകെ അനുവദിച്ച തുക |
|---|---|---|---|---|
| 1 | 70,000<br>5,000 | 322401,01.06.2018<br>947919, 01.10.2018 | 10,000 | 85,000 |
| 2 | 70,000 | 322402, 01.06.2018 | 10,000 | 80,000 |
| 3 | 70,000 | 322403, 01.06.2018 | 10,000 | 80,000 |
| 4 | 60,000 | 322404, 01.06.2018 | 10,000 | 70,000 |
| 5 | 70,000<br>5,000 | 322405, 01.06.2018<br>947921, 01.10.2018 | 10,000 | 85,000 |
| 6 | 80,000 | 322406, 01.06.2018 | 10,000 | 90,000 |
| 7 | 80,000<br>5,000 | 322407, 01.06.2018<br>947922, 01.10.2018 | 10,000 | 95,000 |
| 8 | 80,000<br>5,000 | 322408, 15.05.2018<br>947923, 01.10.2018 | 10,000 | 95,000 |
| 9 | 80,000<br>5,000 | 322726, 06.06.2018<br>947924, 01.10.2018 | 10,000 | 95,000 |
| 10 | 80,000 | 322410, 08.05.2018 | 10,000 | 90,000 |
| 11 | 75,000 | 322411, 08.05.2018 | 10,000 | 85,000 |
| 12 | 70,000 | 322412, 15.05.2018 | 10,000 | 80,000 |

| | | | | |
|---|---|---|---|---|
| 13 | 70,000 | 322423, 16.05.2018 | 10,000 | 80,000 |
| 14 | 70,000 | 322422, 08.05.2018 | 10,000 | 80,000 |
| 15 | 65,000 | 322423, 08.05.2018 | 10,000 | 75,000 |
| 16 | 60,000 | 322424, 08.05.2018 | 10,000 | 70,000 |
| 17 | 50,000 | 322425, 08.05.2018 | 10,000 | 60,000 |
| 18 | 80,000 | 322426, 08.05.2018 | 10,000 | 90,000 |
| 19 | 80,000 | 322427, 08.05.2018 | 10,000 | 90,000 |
| 20 | 50,000 | 322428, 08.05.2018 | 10,000 | 60,000 |
| 21 | 70,000 | 322429, 08.05.2018 | 10,000 | 80,000 |
| 22 | 70,000<br>5,000 | 322430, 08.05.2018<br>947925, 01.10.2018 | 10,000 | 85,000 |
| 23 | 70,000 | 322431, 14.05.2018 | 10,000 | 85,000 |
| 24 | 70,000<br>5,000 | 322432, 15.05.2018<br>947927, 01.10.2018 | 10,000 | 85,000 |
| 25 | 80,000<br>5,000 | 322433, 08.05.2018<br>947928, 01.10.2018 | 10,000 | 95,000 |
| 26 | 80,000<br>5,000 | 322434, 08.05.2018<br>947929, 1.10.2018 | 10,000 | 95,000 |
| 27 | 75,000 | 322435, 22.05.2018 | 10,000 | 85,000 |
| 28 | 75,000 | 322436, 17.05.2018 | 10,000 | 85,000 |
| 29 | 70,000<br>5,000 | 322437, 18.05.2018<br>947930, 01.10.2018 | 10,000 | 85,000 |
| 30 | 75,000 | 322438, 17.05.2018 | 10,000 | 85,000 |
| 31 | 75,000 | 322439, 17.05.2018 | 10,000 | 85,000 |
| 32 | 60,000 | 322440, 08.05.2018 | 10,000 | 70,000 |
| 33 | 80,000 | 322441, 08.05.2018 | 10,000 | 90,000 |
| 34 | 55,000 | 322442, 08.05.2018 | 10,000 | 65,000 |
| 35 | 60,000 | 322443, 08.05.2018 | 10,000 | 70,000 |
| 36 | 65,000 | 322444, 08.05.2018 | 10,000 | 75,000 |
| 37 | 65,000 | 322445, 08.05.2018 | 10,000 | 75,000 |
| 38 | 80,000 | 322446, 08.05.2018 | 10,000 | 90,000 |
| 39 | 70,000 | 322447, 08.05.2018 | 10,000 | 80,000 |
| 40 | 70,000 | 322448, 16.05.2018 | 10,000 | 80,000 |
| 41 | 70,000 | 322449, 16.05.2018 | 10,000 | 80,000 |
| 42 | 60,000 | 322450,16.05.2018 | 10,000 | 70,000 |
| 43 | 70,000 | 322451, 16.05.2018 | 10,000 | 80,000 |
| 44 | 70,000 | 322452, 14.05.2018 | 10,000 | 80,000 |
| 45 | 65,000<br>5,000 | 322453, 14.05.2018<br>947931, 28.09.2018 | 10,000 | 80,000 |

| | | | | |
|---|---|---|---|---|
| 46 | 65,000 | 322454, 14.05.2018 | 10,000 | 75,000 |
| 47 | 65,000 | 322455, 15.05.2018 | 10,000 | 75,000 |
| 48 | 65,000 | 322456, 15.05.2018 | 10,000 | 75,000 |
| 49 | 60,000 | 322457, 15.05.2018 | 10,000 | 70,000 |
| 50 | 65,000 | 322458, 15.05.2018 | 10,000 | 75,000 |
| 51 | 65,000 | 322459, 15.05.2018 | 10,000 | 75,000 |
| 52 | 65,000 | 322460, 15.05.2018 | 10,000 | 75,000 |
| 53 | 80,000 | 322461, 15.05.2018 | 10,000 | 90,000 |
| 54 | 1,00,000 | 322462, 08.05.2018 | 10,000 | 1,10,000 |
| 55 | 1,00,000 | 322463, 08.05.2018 | 10,000 | 1,10,000 |
| 56 | 80,000<br>10,000 | 322464, 08.05.2018<br>947932, 28.09.2018 | 10,000 | 1,00,000 |
| 57 | 1,25,000 | 322465, 08.05.2018 | 10,000 | 1,35,000 |
| 58 | 1,00,000<br>10,000 | 322466, 16.05.2018<br>947933, 28.09.2018 | 10,000 | 1,20,000 |
| 59 | 80,000<br>20,000 | 322467, 16.05.2018<br>947934, 28.09.2018 | 10,000 | 1,10,000 |
| 60 | 1,25,000<br>10,000 | 322468, 22.05.2018<br>947935, 28.09.2018 | 10,000 | 1,45,000 |
| 61 | 1,75,000 | 322469, 08.05.2018 | 10,000 | 1,85,000 |
| 62 | 1,30,000 | 322470, 08.05.2018 | 10,000 | 1,40,000 |
| 63 | 1,00,000 | 322471, 08.05.2018 | 10,000 | 1,10,000 |
| 64 | 85,000 | 322472, 08.05.2018 | 10,000 | 95,000 |
| 65 | 85,000 | 322473, 08.05.2018 | 10,000 | 95,000 |
| 66 | 1,25,000 | 322474, 08.05.2018 | 10,000 | 1,35,000 |
| 67 | 1,00,000 | 322475, 01.06.2018 | 10,000 | 1,10,000 |
| 68 | 80,000 | 322476, 16.05.2018 | 10,000 | 90,000 |
| 69 | 65,000 | 322477, 16.05.2018 | 10,000 | 75,000 |
| 70 | 65,000 | 322478, 08.05.2018 | 10,000 | 75,000 |
| 71 | 85,000 | 322479, 08.05.2018 | 10,000 | 95,000 |
| 72 | 75,000 | 322480, 08.05.2018 | 10,000 | 85,000 |
| 73 | 80,000<br>10,000 | 322481, 08.05.2018<br>947937, 28.09.2018 | 10,000 | 1,00,000 |
| 74 | 85,000 | 322482, 08.05.2018 | 10,000 | 95,000 |
| 75 | 75,000<br>10,000 | 322483, 08.05.2018<br>947938, 28.09.2018 | 10,000 | 95,000 |
| | 59,35,000 | | 7,50,000 | 66,85,000 |

22.01.2018 ലെ 17/ഡി.സി.1/186/ത.സ്വ.ഭ.വ. നം. സർക്കുലറിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മഴക്കാല

പൂർവ്വശുചിത്വ ക്യാംപെയിൻ നടപ്പാക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം മൺസൂൺ കാലത്ത് പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്നതിനുള്ള സാധ്യത ഒഴിവാക്കാൻ ലക്ഷ്യമിട്ടു കൊണ്ട് വിവിധ പ്രതിരോധ പ്രവർത്തനങ്ങൾ രൂപീകരിച്ച് പ്രാദേശിക തലത്തിൽ ജനുവരി 2018 മുതൽ തന്നെ നടപ്പിലാക്കണം. ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ച് മാപ്പിംഗും മൈക്രോ ലെവൽ കർമ്മപരിപാടികളും ആസൂത്രണം ചെയ്ത് വാർഡ് തലത്തിൽ ഏകോപ്പിച്ച് തദ്ദേശ സ്ഥാപന ഭരണസമിതിയുടെ അംഗീകാരം നേടണം. വാർഡ് തല ആരോഗ്യ ശുചിത്വപോഷണ സമിതി യോഗം ചേർന്ന് ഓരോ വാർഡിലേയും മാലിന്യ പ്രശ്നങ്ങൾ ഉള്ള പ്രദേശങ്ങൾ, വെള്ളം കെട്ടി നിന്ന് കൊതുക് പെരുകുന്നതിന് സാധ്യതയുള്ള സ്ഥലങ്ങൾ, ഓടകൾ നന്നായി പരിപാലിക്കാത്ത പ്രദേശങ്ങൾ, വെള്ളം കെട്ടി നിൽക്കുന്ന ടാങ്കുകൾ എന്നിങ്ങനെയുള്ള അപകടകരമായ സ്ഥലങ്ങൾ ശുചിത്വ മാപ്പിംഗിലൂടെ കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കണം. ഇത്തരത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകൾ നഗരസഭാ തലത്തിൽ ക്രോഡീകരിച്ച്, ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾക്ക് കർമ്മ പരിപാടി രൂപീകരിച്ചതിനു ശേഷമാണ് പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്താതെയാണ് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തികൾ നഗരസഭ പ്രദേശങ്ങളിൽ നടപ്പാക്കിയത്. 2018 ജനുവരി ആദ്യവാരം പ്രവൃത്തികൾ ആരംഭിക്കേണ്ടതാണെങ്കിലും നഗരസഭയിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചത് 2018 മെയ് മാസം മുതലാണ്. വാർഡു തല ശുചിത്വ സമിതി എല്ലാ ആഴ്ചയിലും യോഗം ചേർന്ന് പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണെങ്കിലും മേൽ തരത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടില്ല.

പ്രവൃത്തി സംബന്ധിച്ച മറ്റ് അപാകതകൾ താഴെ കൊടുക്കുന്നു.

(1) മേൽ സർക്കുലർ ഖണ്ഡിക.9 പ്രകാരം സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് മഴക്കാലപൂർവ്വ ശുചീകരണത്തിന് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്ന പരമാവധി തുക വാർഡൊന്നിന് 35,000/- രൂപയാണ്. എന്നാൽ മേൽ പരിധി പരിഗണിക്കാതെയാണ് 1,75,000/- രൂപ വരെ വാർഡുകൾക്ക് അനുവദിച്ചിട്ടുള്ളത്. നഗരസഭ പരിധിയിലെ വാർഡുകളിൽ എല്ലാമായി ആകെ 26,25,000/- (35,000 x 75) രൂപ ചെലവഴിക്കുന്നതിനു പകരം 59,35,000/- രൂപയാണ് നഗരസഭ ചെലവഴിച്ചിരിക്കുന്നത്. 33,10,000/- രൂപ അധികം ചെലവഴിച്ചു.

(2) 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ്.49 (1) (ഐ) പ്രകാരം മുനിസിപ്പൽ ഫണ്ടിന്റെ സൂക്ഷിപ്പിന് ഉത്തരവാദി സെക്രട്ടറിയാണ്. എന്നാൽ മേൽ നിയമത്തിനു വിരുദ്ധമായാണ് വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മറ്റി ചെയർമാന്റേയും (വാർഡ് കൗൺസിലർ), കൺവീനറുടേയും (ഹെൽത്ത് ഇൻസ്പെക്ടർ) പേരിൽ ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ച് മുനിസിപ്പൽ ഫണ്ട് യഥേഷ്ടം ചെലവഴിക്കാൻ സ്വാതന്ത്ര്യം നൽകിയിട്ടുള്ളത്. വകുപ്പ്.283, 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം മുനിസിപ്പൽ ഫണ്ടിൽ നിന്നും ചെലവുകൾ നടത്തേണ്ടത് സെക്രട്ടറിയാണ്. (സ്ഥാപന തലവന്റെ അംഗീകാരത്തോടെ) എന്നാൽ നിയമത്തിൽ അനുശാസിക്കാത്ത തരത്തിൽ വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മറ്റിക്ക് പണം കൈകാര്യം ചെയ്യാൻ അനുവാദം നൽകി.

(3) വാർഡ് തല ശുചിത്വ സമിതി തയ്യാറാക്കുന്ന പ്രവർത്തന രേഖയുടെ 2 കോപ്പികൾ ഭരണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കണമെങ്കിലും ആയത് സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല.

(4) ശുചീകരണ പ്രവർത്തനങ്ങൾ, കാംമ്പെയിനുകൾ എന്നിവ നടത്തുന്നതിനായി വിശേഷാൽ വാർഡ് സഭകൾ വിളിച്ചു ചേർത്ത് വാർഡ് സഭാംഗങ്ങളുടെ സ്വന്തം ഉത്തരവാദിത്വത്തിലും കൂട്ടായ്മയിലും ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും സൂക്ഷ്മതല പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യണം. എന്നാൽ അത്തരത്തിൽ വാർഡ് സഭകൾ വിളിച്ചു ചേർത്തതിന്റെ വിശദാംശങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ്.45 (1) (എച്ച്) പ്രകാരം വാർഡ് പ്രദേശത്തെ ശുചിത്വം, പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം തുടങ്ങിയ പൊതുതാൽപര്യമുള്ള സംഗതികളെ സംബന്ധിച്ച അറിവ് പകരുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക വാർഡ് സഭകളുടെ ചുമതലകളാണ്.

(5) രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഏറ്റവും പ്രധാന ഘടകമാണ് ആസൂത്രണത്തിന്റെ ഭാഗമായ ശുചിത്വ മാപ്പിംഗ് തയ്യാറാക്കലും ഫീൽഡ് സന്ദർശനവും. ഇതിനായി ഓരോ വാർഡിലേയും 25-50 വീടുകൾ അടങ്ങുന്ന പ്രത്യേക ബ്ലോക്കുകൾ തയ്യാറാക്കണം. ബ്ലോക്കുകൾ തിരിച്ചു കഴിഞ്ഞാൽ ആയവക്ക് പ്രത്യേക നമ്പർ നൽകേണ്ടതും, റോഡുകൾ, ലാന്റ് മാർക്കുകൾ, പൊതു സ്ഥലങ്ങൾ മറ്റ് പ്രധാനപ്പെട്ട സ്ഥാപനങ്ങൾ എന്നിവ പ്രത്യേകമായി രേഖപ്പെടുത്തണം. മാപ്പിംഗ് തയ്യാറാക്കുമ്പോൾ നഗരസഭ പരിധിയിലെ എല്ലാ ഭവനങ്ങൾ, സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ, മാർക്കറ്റുകൾ തുടങ്ങിയവ ഉൾപ്പെടണം. എന്നാൽ 75 വാർഡുകളിലും മേൽ തരത്തിൽ ശുചിത്വ മാപ്പിംഗ് നടത്തിയല്ല പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ നിന്നും ഓരോ വാർഡിലേയും 10ൽ താഴെ വരുന്ന റോഡുകൾ/ മറ്റ് വഴികൾ എന്നിവയുടെ അരികിലുള്ള ഓടകൾ/ കാനകളിൽ അടിഞ്ഞു കൂടിയ മണ്ണ്, ചെളി എന്നിവ

നീക്കം ചെയ്യതിന് അന്യസംസ്ഥാന തൊഴിലാളികൾക്ക് (അതിഥി തൊഴിലാളികൾ) ദിവസ വേതനം നൽകിയതിന്റെ വിശദാംശങ്ങളാണ് ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

(6) വാർഡ് കൺവീനർമാർ സമർപ്പിച്ച മസ്റ്റർ റോൾ പ്രകാരം 2018 ജൂൺ മാസം മുതലാണ് നഗരസഭയിൽ ശുചിത്വ ഫണ്ട് വിനിയോഗിച്ച് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഓടകൾ/കാനകൾ എന്നിവയിൽ നിന്നും മണ്ണും ചളിയും വാരി എടുത്തെന്ന് കൺവീനറും വാർഡ് കമ്മിറ്റി അംഗങ്ങളും സാക്ഷ്യപ്പെടുത്തിയ പത്രികകളും (വാർഡ് മെമ്പർ അംഗീകരിച്ച്) ഫയലിനോടൊപ്പം ചേർത്തിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണ ഫണ്ട്, ശുചിത്വ മിഷൻ ഫണ്ട് എന്നിവ വിനിയോഗിച്ച് സമർപ്പിച്ച രേഖകളുടെ വിശദാംശങ്ങൾ ചില ഉദാഹരണങ്ങൾ സഹിതം താഴെ കൊടുക്കുന്നു.

വാർഡ്.57 –
(F-7-78399/18, ശുചിത്വ മിഷൻ ഫണ്ട് -10,000/- രൂപ) –

മിനുട്ട്സ് പ്രകാരം - 30.05.2018 ന് ചേർന്ന വാർഡ് തല സാനിറ്റേഷൻ കമ്മിറ്റിയിൽ 7 പേർ പങ്കെടുത്തു. (യോഗ തീരുമാനം) 01.05.2018 ന് സാനിറ്റേഷൻ കമ്മിറ്റി യോഗത്തിൽ തീരുമാനിച്ച മുൻഗണന ക്രമത്തിൽ തിരഞ്ഞെടുത്തതും അംഗീകരിച്ചതുമായ ഡ്രെയിനേജുകളിലെ ചളിയും മാലിന്യവും തൃപ്തികരമായി നീക്കം ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തി ബന്ധപ്പെട്ട കൗൺസിലറും സാനിറ്റേഷൻ കമ്മിറ്റി അംഗങ്ങളും മേൽനോട്ടം വഹിച്ച് ഇന്നേ ദിവസം (30.05.2018) ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുണ്ട്. കൂടാതെ ശുചിത്വ മിഷന്റെ ഭാഗമായി ലഭിച്ച 10,000/- രൂപയുടെ പ്രവൃത്തിയും അംഗീകരിക്കുന്നു.

18.07.2018 നാണ് നഗരസഭയിൽ നിന്നും ശുചിത്വ മിഷൻ ഫണ്ട് വിനിയോഗത്തിനായി വാർഡ് കൺവീനറുടെ പേരിൽ അനുവദിക്കുന്നത്. എന്നാൽ മേൽ ഫണ്ട് വിനിയോഗിച്ച് 30.05.2018 ന് തന്നെ പ്രവൃത്തി നടത്തിയതായിട്ടാണ് വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മറ്റി ചെയർമാനും (വാർഡ് കൗൺസിലർ), കൺവീനറും (ഹെൽത്ത് ഇൻസ്പെക്ടർ) സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ശുചിത്വ മിഷൻ ഫണ്ട് ചെലവഴിച്ചത് സംബന്ധിച്ച് 11.09.2018 ന് മുൻകൂർ തുക അഡ്ജസ്റ്റ് ചെയ്യുന്നതിനായി സമർപ്പിച്ച രേഖകളിലാണ് മേൽ പരാമർശം വാർഡ് കൺവീനർ രേഖപ്പെടുത്തിയിരിക്കുന്നത്. സമർപ്പിച്ച മസ്റ്റർ റോൾ പ്രകാരം 3 അന്യ സംസ്ഥാന തൊഴിലാളികൾ 2018 ജൂൺ 5 മുതൽ 10 വരെ 6 ദിവസം ജോലി ചെയ്തിട്ടുണ്ട്.[1) സത്യശീൽ കുമാർ s/oരാംകുമാർ, ഓഫീസ്, 2)നാഗരാജ് s/o വടിവേലു, കോയമ്പത്തൂർ, 3)മുത്തസാമി s/o പളനിസാമി, കോയമ്പത്തൂർ . മേൽ തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകൾ ഫയലിനോടൊപ്പം ചേർത്തിട്ടില്ല).

(F-7-7400/18, മഴക്കാല പൂർവ്വ ശുചീകരണ ഫണ്ട്-1,25,000/- രൂപ) –
മേൽ തുക അനുവദിച്ചത് 08.05.2018 നാണ് (വൗച്ചർ നം.21800595, ചെക്ക് നം.322465). മുൻ ഖണ്ഡികയിൽ കൊടുത്ത മിനുട്ട്സിന്റെ പകർപ്പ് തന്നെയാണ് ഫയലിൽ ചേർത്തിട്ടുള്ളത്. 11.09.2018 ന് മുൻകൂർ തുക അഡ്ജസ്റ്റ് ചെയ്യുന്നതിനായി സമർപ്പിച്ച മസ്റ്റർ റോൾ പ്രകാരം 7 അന്യ സംസ്ഥാന തൊഴിലാളികൾ 17 ദിവസവും, 6 അന്യ സംസ്ഥാന തൊഴിലാളികൾ 15 ദിവസം ജോലി ചെയ്തിട്ടുണ്ട്. (7 പേർ തമിഴ്നാട് സ്വദേശികൾ, 4 പേർ വെസ്റ്റ് ബംഗാൾ സ്വദേശികൾ, 2 പേർ ഒറീസ്സ തൊഴിലാളികൾ. മേൽ തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകൾ ഫയലിനോടൊപ്പം ചേർത്തിട്ടുണ്ട്.) പ്രസ്തുത തൊഴിലാളികൾ 2018 ജൂൺ 1 മുതൽ 19 വരെയുള്ള തീയ്യതികളിൽ ജോലി ചെയ്തിട്ടുണ്ട്.

വാർഡ്.72
(F-1-57204/19, ശുചിത്വ മിഷൻ ഫണ്ട് - 10,000/- രൂപ)

വാർഡ് കൺവീനർക്ക് 17.09.2018 ന് തുക അനുവദിച്ചു. തുക അനുവദിച്ച് 6 മാസം കഴിഞ്ഞ് 16.03.2019 ന് പുതിയങ്ങാടി ഹെൽത്ത് സർക്കിൾ ഓഫീസിൽ വെച്ച് ചേർന്ന 72 ാം വാർഡ് ആരോഗ്യ ശുചിത്വ കമ്മിറ്റിയുടെ യോഗ തീരുമാനം പ്രകാരം പ്രവൃത്തി നടത്തേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. 22.07.2019 ന് മുൻകൂർ തുക അഡ്ജസ്റ്റ് ചെയ്യുന്നതിനായി സമർപ്പിച്ച മസ്റ്റർ റോൾ പ്രകാരം 2 തൊഴിലാളികൾ 4 ദിവസവും, 3 തൊഴിലാളികൾ 3 ദിവസം ജോലി ചെയ്തിട്ടുണ്ട്. (മേൽ തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകൾ ഫയലിനോടൊപ്പം ചേർത്തിട്ടുണ്ട്.) പ്രസ്തുത തൊഴിലാളികൾ 2018 ജൂൺ 1 മുതൽ 19 വരെയുള്ള തീയ്യതികളിൽ ജോലി ചെയ്തിട്ടുണ്ട്.

1. എർത്ത് എക്സ്കവേഷൻ, ലിക്വഡ് മഡ് എക്സ്കവേഷൻ തുടങ്ങിയവക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് ഡി.എസ്.ആർ. നിരക്കുകൾ പ്രകാരമാണ്. എസ്റ്റിമേറ്റ് തയ്യാറാക്കാൻ ക്ഷമതയുള്ളവർ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരാണ്. എന്നാൽ 75 വാർഡുകളിലും ഏകദേശ കണക്ക് എന്ന് നിലക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് എഞ്ചിനീയറിംഗ് പരിജ്ഞാനമില്ലാത്ത ഹെൽത്ത് വിഭാഗത്തിലെ ഉദ്യോഗസ്ഥരാണ്.

എത്ര അളവിൽ മണ്ണ്, ചെളി എടുത്തു, എടുത്ത മണ്ണും ചെളിയും മറ്റ് മാലിന്യങ്ങളും എങ്ങനെ നീക്കം ചെയ്തു എന്നതിനെക്കുറിച്ചും ഫയലുകളിൽ വ്യക്തമാക്കിയിട്ടില്ല.

2. വാർഡ് തല ശുചിത്വ പോഷണ സമിതിയുടെ പ്രവർത്തനങ്ങൾ 3 മാസത്തിലൊരിക്കൽ തദ്ദേശ സ്ഥാപന തലവൻമാർ, ആരോഗ്യ സമിതി അദ്ധ്യക്ഷൻ, സെക്രട്ടറി, മെഡിക്കൽ ഓഫീസർ എന്നിവരടങ്ങിയ സമിതി പരിശോധിച്ച് വിലയിരുത്തുകയും ജില്ല കളക്ടർക്ക് പ്രവർത്തന പുരോഗതി നൽകുകയും ചെയ്യണം. എന്നാൽ പ്രസ്തുത തരത്തിൽ റിപ്പോർട്ട് തയ്യാറാക്കിയതായി ഫയലിൽ ചേർത്തിട്ടില്ല.
3. മാപ്പിംഗിലൂടെ കണ്ടെത്തിയ ആൾതാമസം ഇല്ലാത്ത പരിസരങ്ങൾ, വൃത്തിഹീനമായി കാടുകയറി കിടക്കുന്ന വീടുകൾ തുടങ്ങിയവ ഉടമകളെ അറിയിക്കുകയും വൃത്തിയാക്കാനുള്ള സത്വര നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുകയും അല്ലാത്തപക്ഷം വൃത്തിയാക്കി അതിനായുള്ള ചെലവ് ഉടമയിൽ നിന്ന് ഈടാക്കുകയും ചെയ്യുന്ന ഉത്തരവാദിത്വം അതാത് നഗരസഭ സെക്രട്ടറിമാർക്കാണ്. എന്നാൽ ഇത്തരത്തിൽ പ്രവർത്തനങ്ങൾ നടത്തി നഗരസഭ ഫണ്ടിൽ വരവ് വന്നതിന്റെ വിശദാംശങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.
4. 11.02.2019 ലെ ആരോഗ്യകാര്യ സ്ഥിരം സമിതി 53ാം വാർഡിന്റെ ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ശുചീകരണ പ്രവൃത്തികൾക്ക് തുക കുറഞ്ഞ പോയ വാർഡുകളിലേക്ക് അധിക തുക (1,35,000/- രൂപ) നൽകിയത് കണക്കിലെടുക്കാതെ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് തെറ്റായ രീതിയിൽ രേഖപ്പെടുത്തിയ ആദ്യ ഘട്ടത്തിൽ അനുവദിച്ച തുക കണക്കാക്കിയാണ് വരവും ചെലവും അംഗീകരിച്ചിരിക്കുന്നത്. ഇതിനാൽ വലിയ തുക നിലവിലും ഉദ്യോഗസ്ഥരുടെ കൈയിൽ നീക്കിയിരിപ്പുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പുകൾക്ക് (നം.36/18-19,37/18-19 തീയതി.27.09.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. 22.01.2018 ലെ 17/ഡി.സി.1/186/ത.സ്വ.ഭ.വ. നം. സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നഗരസഭ തനത് ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച 33,10,000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുവാൻ കഴിയുന്നതല്ല. അധികമായി ചെലവഴിച്ച തനത് ഫണ്ട് 33,10,000/- രൂപ വാർഡ് അടിസ്ഥാനത്തിൽ തുക വീതിച്ച് ചെലവഴിക്കുന്നതിനായി ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി, നഗരസഭ കൗൺസിൽ എന്ന കമ്മിറ്റികളിലേക്ക് ശുപാർശ ചെയ്ത ഹെൽത്ത് ഓഫീസറിൽ നിന്നും, നഗരസഭ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന വേളയിൽ സർക്കാർ സർക്കുലറിലെ നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും, കൗൺസിലിന്റേയും ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് വീഴ്ച വരുത്തിയ അക്കൗണ്ട്സ് ഓഫീസറിൽ നിന്നും, നഗരസഭ സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി പ്രാബല്യത്തിലുള്ള കരാർ നിബന്ധനകൾക്ക് വിരുദ്ധമായി പണം ചെലവഴിച്ചു - കോർപ്പറേഷന് ലക്ഷങ്ങളുടെ നഷ്ടം

ഫയൽ നം. എഫ് 6/10813/17

| | |
|---|---|
| പദ്ധതിയുടെ പേര് | നഗരസഭ പരിധിക്കുള്ളിൽ കൂടി കിടക്കുന്ന അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ ( പ്രൊജക്ട് നം.583/18-19) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർ വൈസർ |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ് - 65,00000/- |
| ചെലവ് | 1) ബിൽ നം.18160247003000780681<br>തീയതി 15.11.2018 -14,95,692/-<br>2) ബിൽ നം.18160247003001236814 - തുക 10,79,298/-<br>തീയതി 12.03.2019<br>ആകെ 25,74,990/- |

കോർപ്പറേഷന്റെ 75 വാർഡുകളിൽ ശേഖരിച്ചുവെച്ചിട്ടുള്ള പ്ലാസ്റ്റിക്ക്, ടയർ, ചെരുപ്പ് മുതലായ അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തിയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ആയതിലേയ്ക്കായി 23.01.2018 തീയതിയിലെ എഫ് 6/101813/17 നമ്പർ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ ക്ഷണിച്ചതിൽ കോഴിക്കോട്, വേങ്ങേരി, നിറവ് സീറോ വെയ്സ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും (കി.ഗ്രാം ന് 4.40/- രൂപ എന്ന നിരക്ക്-ഭരണസമിതി തീരുമാനം-78/15.03.2018, ആരോഗ്യസ്ഥിരം സമിതി ശുപാർശ - 11/06.03.2018)) മേൽ സ്ഥാപനവുമായി 17.03.2018 ന് കരാറിലേർപ്പെടുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 5,82,225 കിഗ്രാം അജൈവമാലിന്യം നീക്കം ചെയ്ത വകയിൽ മേൽ പരാമർശിച്ച ബില്ലുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷം 25,74,990/- രൂപ ചെലവഴിച്ചു.

ഈ സ്ഥാപനവുമായി കരാറിലേർപ്പെടുന്നതിന് മുമ്പ്, കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വെസ്റ്റ്ഹിലിലുള്ള അജൈവ മാലിന്യ സംസ്കരണ കേന്ദ്രം പ്രവർത്തിപ്പിക്കുവാൻ ഇതേ സ്ഥാപനത്തിന് നിബന്ധനകൾക്ക് വിധേയമായി മൂന്ന് വർഷത്തേക്ക് കരാർ നൽകിയിരുന്നു. (ഫയൽനം. എഫ്-6/22107/16, ഭരണസമിതി തീരുമാനം-78/21.11.2017, ആരോഗ്യസ്ഥിരം സമിതി ശുപാർശ-08/06.11.2017). മേൽ സ്ഥാപനവുമായി കോർപ്പറേഷൻ 16.01.2018 തീയതിയിൽ ഒപ്പുവെച്ച കരാറിലെ 5ാംമത്തെയും 8ാംമത്തെയും നിബന്ധനകൾ യഥാക്രമം താഴെപ്പറയും പ്രകാരമാണ്.

<u>5ാമത്തെ വ്യവസ്ഥ:- നഗരത്തിലുണ്ടാകുന്ന മുഴുവൻ അജൈവ പാഴ്വസ്തുക്കളും നഗരസഭ നേരിട്ടോ അല്ലെങ്കിൽ നഗരസഭ ചുമതലപ്പെടുത്തിയിട്ടുള്ള റസിഡന്റ് ഏജൻസികൾ/റസിഡന്റ് അസോസിയേഷനുകൾ മുഖേനയോ പ്ലാന്റിൽ എത്തിക്കുന്നതും ആയതു മുഴുവൻ കരാറുകാരൻ സംസ്കരിക്കേണ്ടതുമാണ്. ആവശ്യമായ മെഷിനറികൾ സ്വന്തം ചെലവിൽ സ്ഥാപിക്കേണ്ടതുമാണ്.</u>

<u>8ാമത്തെ വ്യവസ്ഥ:- പ്ലാന്റിന്റെ കോമ്പൗണ്ടിനുള്ളിൽ നിലവിലുള്ള മുഴുവൻ റിജക്ട്സും ഭാവിയിൽ ഉണ്ടാകാൻ പോകുന്ന മുഴുവൻ റിജക്ട്സും സ്വന്തം ചെലവിൽ സ്വന്തം വാഹനത്തിൽ സ്വന്തം ജീവനക്കാരെ ഉപയോഗിച്ച് 'നിറവ് ' നീക്കം ചെയ്യേണ്ടതാണ്.</u>

2016 ലെ പ്ലാസ്റ്റിക്ക് മാലിന്യം (മാനേജ്മെന്റ്) ചട്ടത്തിലെ ഉപചട്ടം 6(1) പ്രകാരം അജൈവമാലിന്യങ്ങളുടെ വേർതിരിക്കൽ, ശേഖരണം, ഗതാഗതം, സംസ്കരണം എന്നിവയ്ക്കായുള്ള സംവിധാനം സ്വന്തമായോ ഏജൻസി മുഖേനയോ നടപ്പിലാക്കേണ്ടതാണ്. കോർപ്പറേഷനിലുണ്ടാകുന്ന അജൈവമാലിന്യം സംസ്കരിക്കുന്നതിനായി പ്ലാന്റുണ്ടാക്കിയ കോർപ്പറേഷൻ, 16.01.2018 മുതൽ മൂന്ന് വർഷകാലത്തേക്ക് ഈ പ്ലാന്റിൽ അജൈവമാലിന്യം സംസ്കരിക്കുന്നതിനും റിജക്ട്സ് സ്വന്തം ചെലവിൽ നീക്കം ചെയ്യുന്നതിനുമായി കരാർ മുഖേന ഉത്തരവാദിത്വപ്പെടുത്തിയ സ്ഥാപനത്തിന് തന്നെ ഇവിടത്തെ അജൈവ മാലിന്യം കോർപ്പറേഷന്റെ ചെലവിൽ കർണ്ണാടക സംസ്ഥാനത്തിലേക്ക് കൊണ്ടുപോകാൻ കടക വിരുദ്ധമായ മറ്റൊരു കരാർ നൽകിയത് കോർപ്പറേഷന്റെ ഉത്തമതാത്പ്പര്യങ്ങൾക്കെതിരാണ്. ഈ വിഷയം സംബന്ധിച്ച ഒ.എസ്.നം. 100/2018-19-തീയതി 18.12.2019-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അജൈവമാലിന്യം നീക്കം ചെയ്യുന്നതിനായി മേൽ സ്ഥാപനത്തെ തിരഞ്ഞെടുത്ത ടെണ്ടർ നടപടിക്രമങ്ങളിലെ ഗുരുതര പാളിച്ചകൾ, അജൈവ മാലിന്യത്തിന്റെ നീക്കം ചെയ്യലുമായി ബന്ധപ്പെട്ട് അജൈവ മാലിന്യത്തിന് പകരം പൂഴി ചാക്കിൽ നിറച്ച് ലോറിയിൽ കയറ്റി തൂക്കം എടുത്തു, ലോറികൾ ചെക്ക് പോസ്റ്റ് കടന്നതിന്റെ രേഖകൾ ഇല്ലാതിരിക്കുക, പ്രവർത്തനങ്ങളിലെ സുതാര്യതയില്ലായ്മ, കോർപ്പറേഷന്റെ അജൈവമാലിന്യ സംസ്കരണപ്ലാന്റിന്റെ പ്രവർത്തനത്തിലെ പാളിച്ചകൾ തുടങ്ങിയവ വിശദമായി ഓഡിറ്റ് റിപ്പോർട്ടിലെ മറ്റ് ഖണ്ഡികകളിൽ (1-26,1-27,1-28,1-29) ഉൾപ്പെടുത്തിയിട്ടുണ്ട്.

കോർപ്പറേഷന്റെ ഉത്തമതാത്പ്പര്യം സംരക്ഷിക്കാൻ ബാദ്ധ്യസ്ഥനായ നിർവഹണോദ്യോഗസ്ഥൻ നിലവിൽ പ്രാബല്യത്തിലുള്ള കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതും കോർപ്പറേഷന്റെ താത്പ്പര്യങ്ങളെ ഹനിക്കുന്നതുമായ മറ്റൊരു കരാറിലേർപ്പെടുകയും പദ്ധതി തയ്യാറാക്കി തുക ചെലവഴിക്കുകയും ചെയ്തതു വഴി കോർപ്പറേഷൻ ഫണ്ടിന് ഭീമമായ നഷ്ടം വരുത്തിവെച്ചു. ഇതു മൂലം 2018-19 വർഷം കോർപ്പറേഷൻ ഫണ്ടിനുണ്ടായ നഷ്ടം 25,74,990/- രൂപയാണ്. ആയതും 2019-20 വർഷം ഈയിനത്തിൽ ചെലവഴിച്ച തുകയും ഉത്തരവാദിയായ ഹെൽത്ത് സൂപ്പർവൈസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-3 സർക്കാർ ഉത്തരവിന് വിരുദ്ധമായി ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള സാധനങ്ങൾ വാങ്ങി-കോർപ്പറേഷന്

## 14,71,324/- രൂപയുടെ അധിക ചെലവ്

2018-19 വർഷം വിവിധ പദ്ധതികളിലായി നഗരസഭ ഹെൽത്ത് ഓഫീസറും ഹെൽത്ത് സൂപ്പർവൈസറും ശുചീകരണ തൊഴിലാളികൾക്ക് ചെരുപ്പും റെയിൻകോട്ടും വാങ്ങി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ 2016 ലെ ശമ്പള പരിഷ്കരണ ഉത്തരവ് (17.08.2016 ലെ സ.ഉ (എം.എസ്) നം.118/2016 തസ്വഭവ, ഖണ്ഡിക നം.XVII), 04.08.2018 -ലെ സ.ഉ(എം.എസ്) നം.105/2018 തസ്വഭവ പ്രകാരമുള്ള ഭേദഗതി ഉത്തരവ് പ്രകാരവും ജീവനക്കാർക്ക് നാല് ജോഡി യൂണിഫോമും (സ്ത്രീകൾക്ക് ഇതിനു പുറമെ നാല് ഓവർക്കോട്ട്), മാലിന്യം നീക്കം ചെയ്യലുമായി ബന്ധപ്പെട്ടവർക്ക മാത്രം വർഷത്തിലൊരിക്കൽ ഒരു ഗംബൂട്ടും, രണ്ട് വർഷത്തിലൊരിക്കൽ ഒരു റെയിൻ കോട്ടും നൽകാവുന്നതാണ്. എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായി ഗംബൂട്ടിന് പുറമെ തൻവർഷം ചെരുപ്പ് അനുവദിച്ചിട്ടുണ്ട്. കൂടാതെ 2017-18 വർഷം 583 ജീവനക്കാർക്ക് റെയിൻകോട്ട് നൽകിയിട്ടുണ്ടെങ്കിലും തൻവർഷവും റെയിൻകോട്ട് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ നൽകുന്നു. (സ്റ്റോക്ക് രജിസ്റ്റർ വാല്യം XIV പേജ് 155- ഇൻവോയ്സ്.നം. 34/05.09.2017-m/s ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്, കോഴിക്കോട്)

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ, പദ്ധതി നം, | ഇനം | ഇൻവോയ്സ് നം, തീയ്യതി | തുക |
|---|---|---|---|---|
| 1 | ഹെൽത്ത് സൂപ്പർവൈസർ, 318/18-19 | റെയിൻകോട്ട് – 688 എണ്ണം | 232/26.03.2019- m/s ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്, കോഴിക്കോട് | 4,57,520 |
| 2 | ഹെൽത്ത് ഓഫീസർ, 1060/19 | റെയിൻകോട്ട് 539 എണ്ണം | 222/07.03.2019 m/s ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്, കോഴിക്കോട് | 3,55,739 |
| 3 | ഹെൽത്ത് സൂപ്പർവൈസർ, 1345/19 ( കുടുംബശ്രീ ശുചീകരണ തൊഴിലാളികൾ) | റെയിൻകോട്ട് 317 എണ്ണം | 206/02.03.2019 m/s ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്, കോഴിക്കോട് | 2,06,047 |
| 4 | ഹെൽത്ത് സൂപ്പർവൈസർ, 318/19 | ചപ്പൽസ് 688 എണ്ണം | ജി.എസ്.ടി.ആർ 303/ 12.06.2019 M/s ചോയ്സ് കെമിക്കൽസ് | 1,54,800 |
| 5 | ഹെൽത്ത് ഓഫീസർ, 1060/19 | ചപ്പൽസ് 1078 എണ്ണം | 222/ 07.03.2019- m/s ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്, കോഴിക്കോട് | 238330 |
| 6 | ഹെൽത്ത് സൂപ്പർവൈസർ, 1345/19 (കുടുംബശ്രീ ശുചീകരണ തൊഴിലാളികൾ) | ചപ്പൽസ് 317എണ്ണം | 206/02.03.2019- m/s ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്, കോഴിക്കോട് | 58,888 |

സർക്കാർ ഉത്തരവിന് വിരുദ്ധമായാണ് ചെരുപ്പും റെയിൻകോട്ടും വാങ്ങുന്നതിനായി 14,71,324/- രൂപ ചെലവഴിച്ചിട്ടുള്ളത്. ഇതിൽ ക്രമ നമ്പർ 3 ഉം 6 ഉം ഇനങ്ങൾക്ക് (പദ്ധതി 1345/19 പ്രകാരം വാങ്ങിയവ) തുക ചെലവഴിച്ചത് 2018-19 ലും ഇവ ഒഴികെയുള്ളവയ്ക്ക് തുക ചെലവഴിച്ചത് 2019-20 ലുമാണ്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി ആവിഷ്കരിച്ച് തുക ചെലവഴിച്ചത് സംബന്ധിച്ച് നിൽകിയ ഒ.എസി.ന് (ഒ.എസ്.നം.119/തീയതി

06.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈയിനത്തിൽ ചെലവഴിച്ച 14,71,324/- രൂപയിൽ 2018-19ലെ 2,64,935/- രൂപയും 2019-20 ലെ 12,06,389/- രൂപയും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 ശുചീകരണ സാമഗ്രികൾ വിവിധ പദ്ധതികളിലായി ഒരേ സമയം അധിക നിരക്കിൽ വാങ്ങി-കോർപ്പറേഷന് ലക്ഷങ്ങളുടെ നഷ്ടം

1)ഫയൽ നം. എഫ് 6/58632/18

| | |
|---|---|
| പദ്ധതിയുടെ പേര് | ശുചീകരണ ഉപകരണങ്ങൾ,സാമഗ്രികൾ വാങ്ങൽ ( പ്രൊജക്ട് നം.317/18-19) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർ വൈസർ |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ്-40,00000/- |
| ചെലവ് | 1)ബിൽ നം.18160247003001458198 തീയതി 21.03.2019 -2,84,546/-<br>2)ബിൽ നം.18160247003001457369 തീയതി 23.03.2019 -9,50,000/-<br>ആകെ-12,34,546/- |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ(പി) നം.259/2010/ തസ്വഭവ തീയതി 08.11.2010) പ്രകാരം സാധനങ്ങളുടെ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണവും അളവും കണക്കാക്കി ഒന്നിച്ച് വാങ്ങുകയാണ് വേണ്ടത്. എന്നാൽ 2018-19 വർഷം ഒരേ സമയം ഒരേയിനം സാധനങ്ങൾ വ്യത്യസ്ത വിലയ്ക്ക് ഹെൽത്ത് ഓഫീസർ മുഖേനയും ഹെൽത്ത് സൂപ്പർവൈസർ മുഖേനയും വിവിധ പദ്ധതികളിലൂടെ വാങ്ങിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്ട് നം/ ഫയൽ നം | സാധനത്തിന്റെ പേര് | ഇൻവോയ്സ് നം | തുകം/ നിരക്ക് | വ്യത്യാസം | അധികം നൽകിയ തുക | സ്റ്റോക്കിലെടുത്ത തിന്റെ വിശദാംശം | ടെണ്ടർ നോട്ടീസ് നം./തീയതി |
|---|---|---|---|---|---|---|---|---|
| 1 | 1059/18-19/<br>എഫ്-1/62012/17(ഹെൽത്ത് ഓഫീസർ)<br>ബിൽ നം.49/ 18-19 തീയതി-17.03.2019-9,88,664/- | ബ്ലീച്ചിംഗ് പൌഡർ | 217/ 26.02.2019 – m/s ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്, കോഴിക്കോട് | 14000 കി.ഗ്രാം @38.8/ കി.ഗ്രാം<br>5,44,499.20 (18% ജി.എസ്.ടി ഉൾപ്പെടെ) | 60,200/-(@4.30/ കിഗ്രാം-14000x4.30) | 60,200/- | വാല്യം-14(പേജ് 55)-06.03.2019 | എഫ്- 1/62012/17<br>25.09.2018 |
| 2 | 317/18-19/ എഫ്-6/58632/18 | ബ്ലീച്ചിംഗ് പൌഡർ | ജി.എസ്.ടി -ആർ-1371 /19.03.2019- m/s ചോയിസ് കെമിക്കൽസ്, എറണാകുളം | 10000 കി.ഗ്രാം/@ 34.5/കി.ഗ്രാം<br>3,45,386(- 18% ജി.എസ്.ടി ഉൾപ്പെടെ) | | | വാല്യം-15(പേജ് 58)-23.03.2019 | എഫ്-6/58632/18-11.09.2018 |
| 3 | 1059/18-19/<br>എഫ്-1/62012/17(ഹെൽത്ത് ഓഫീസർ) | കുമ്മായം | 217/ 26.02.2019 -m/s ഷിബു ഡിസ്ട്രബ്യൂട്ടേഴ്സ്, കോഴിക്കോട് | 18000 കി.ഗ്രാം/<br>314874(@ 17.4- 5% ജി.എസ്.ടി ഉൾപ്പെടെ) | 66,600/-(@3.7/ കിഗ്രാം-18000x3.7) | 66,600/- | വാല്യം-14(പേജ് 63)-06.03.2019 | എഫ്- 1/62012/17<br>25.09.2018 |
| 4 | 317/18-19/ എഫ്-6/58632/18<br>(317/19) | കുമ്മായം | ജി.എസ്.ടി -ആർ-1387 /21.03.2019- m/s ചോയിസ് കെമിക്കൽസ്, എറണാകുളം | 200000 കി.ഗ്രാം/<br>2,74,470(@ 13.7- 5% ജി.എസ്.ടി ഉൾപ്പെടെ) | | | സ്റ്റോക്ക് രജിസ്റ്റർ വാല്യം-14(പേജ് 64)-23.03.2019 | എഫ്-6/58632/18-11.09.2018 |
| 5 | എഫ്-6/62008/17 (1060/19) | ഫേയ്സ് മാസ്ക് (പൊല്യൂഷൻ മാസ്ക്) | നം. 222/07.03.2019- m/s ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്, കോഴിക്കോട് | 1078 @42 | 45276 | 1078/- | വാല്യം-15- പേജ്-15- 15.03.2019 | എഫ്-6/62008/17 തീയതി 31.12.2018 |
| 6 | എഫ്-6/67707/18<br>(318/19) | ഫേയ്സ് മാസ്ക് (പൊല്യൂഷൻ മാസ്ക്) | നം. ജി.<br>എസ്.ടി.ആർ 304 | 1376 @41 | 56420 | | വാല്യം-15- പേജ്-16- 15.03.2019 | എഫ്-6/67703/18 തീയതി 27.12.2018 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | /12.06.2019- M/s ചോയ്സ് കെമിക്കൽസ് | | | | | |
| 7 | എഫ്-6/67707/18<br>(318/19) | റെയിൻകോട്ട് റിയൽ | നം. 232/<br>26.03.2019-m/s ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്, കോഴിക്കോട് | 688@665/- | 457520 | | വാല്യം-14- പേജ്-159- 30.03.2019 | „ |
| 8 | എഫ്-6/62008/17<br>(1060/19) | റെയിൻകോട്ട് റിയൽ | നം. 222/<br>07.03.2019-m/s ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്, കോഴിക്കോട് | 539@660 | 355739.19 | 10320/-<br>5390/- | വാല്യം-14- പേജ്-157- 15.03.2019 | എഫ്-6/62008/17 തീയതി 31.12.2018 |
| 9 | എഫ്-6/58629/18<br>(1345/19) | റെയിൻകോട്ട് റിയൽ | നം. 206/<br>02.03.2019-m/s ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്,കോഴിക്കോട് | 317@650 | 206047.46 | | പേജ് 6 | എഫ്-6/58629/18 തീയതി 23.10.2018 |
| 10 | എഫ്-6/67707/18<br>(318/19) | ചപ്പൽസ് പിവിസി<br>ജെൻസ്<br>ഫീമെയിൽസ് | നം. ജി.<br>എസ്.ടി.ആർ 303<br>/12.06.2019<br>M/s ചോയ്സ് കെമിക്കൽസ് | 288@225<br>400@225 | 64800/-<br>90000/- | 11712/- (ചപ്പൽസ് -ജെൻസ്)<br>10800/- (ചപ്പൽസ് -ഫീമെയിൽ) | വാല്യം-15- പേജ്-115- 15.03.2019 | എഫ്-6/67703/18 തീയതി 27.12.2018 |
| 11 | എഫ്-6/62008/17<br>(1060/19) | ചപ്പൽസ് പിവിസി<br>ജെൻസ്<br>ഫീമെയിൽസ് | നം. 222/226<br>07.03.2019-m/s ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്, കോഴിക്കോട് | 488@249<br>590@198 | 121510.53<br>116819.11 | | വാല്യം-14- പേജ്-129- 12.03.2019 | എഫ്-6/62008/17 തീയതി 31.12.2018 |
| 12 | എഫ്-6/62008/17<br>(1060/19) | യൂണിഫോം<br>1) കാക്കി<br>2)നീല സാരി<br>3)ബ്ലൗസ് പീസ് | നം. 222/226<br>07.03.2019-m/s ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്, കോഴിക്കോട് | 2928 m@187.991<br>6490 m@65.992<br>1180 m@ 67.99 | 550440.57<br>428291.32<br>80237.64 | 14172/- (കാക്കി)<br>10644/- (നീല സാരി)<br>3127/- (ബ്ലൗസ്) | വാല്യം-14- പേജ്-180- 15.03.2019 | „ |
| 13 | എഫ്-6/67707/18<br>(318/19) | യൂണിഫോം<br>1) കാക്കി<br>2)നീല സാരി<br>3)ബ്ലൗസ് പീസ് | നം. ജി.<br>എസ്.ടി.ആർ 303<br>/12.06.2019<br>M/s ചോയ്സ് കെമിക്കൽസ് | 3456 m@183.15<br>8800m@ 64.35<br>1600 m@65.34 | 6,32,970/-<br>566319.6<br>1,04545.6 | | വാല്യം-15- പേജ്-49- 15.03.2019 | എഫ്-6/67703/18 തീയതി 27.12.2018 |
| ആകെ | | | | | | 194043/- | | |

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലേക്ക് ആവശ്യമായ മേൽ പരാമർശിച്ച സാധനങ്ങൾ വിവിധ പദ്ധതികളായി ഒരേ സമയം അധിക നിരക്കിൽ വാങ്ങിയതു മൂലം 1,94,043/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. ഒരേ സമയം നടത്തിയ വിവിധ ടെണ്ടറുകൾ മുഖേന ഒരേയിനം സാധനങ്ങൾ വ്യത്യസ്ത വിലയ്ക്ക് ടെണ്ടർ അംഗീകരിച്ച് നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ച്ചയാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഒ.എസ്. നമ്പർ 119/19-തീയതി 06.01.2020 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇവ വാങ്ങിയതുമൂലം കോർപ്പറേഷൻ ഫണ്ടിനുണ്ടായ നഷ്ടം 1,26,800/- രൂപ( ബ്ളീച്ചിംഗ് പൗഡർ, കുമ്മായം എന്നിവ ഒഴികെയുള്ളവ വാങ്ങിയത് 2018-19 ൽ ആണെങ്കിലും തുക നൽകിയിട്ടുള്ളത് 2019-20-ൽ ആണ്). നിർവഹണോദ്യോഗസ്ഥനായ ഹെൽത്ത് ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്. 2019-20 വർഷം അധിക തുക നൽകിയ മറ്റ് സാധനങ്ങളുടെ വിലയും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഇടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 സർക്കാർ/എയ്ഡഡ് ഹയർസെക്കൻഡറി സ്കൂൾ/ ഹൈസ്കൂളുകളിൽ സാങ്കേതിക തികവോടെ ബയോഗ്യാസ് പ്ളാന്റ് സ്ഥാപിക്കൽ -കോർപറേഷന് ലക്ഷങ്ങളുടെ നഷ്ടം

<u>ഫയൽ നം. എഫ് 6/109067/16</u>

| | |
|---|---|
| പദ്ധതിയുടെ പേര് , നം | നഗരത്തിലെ സർക്കാർ/എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂൾ/ഹൈസ്കൂളുകളിൽ |

| | |
|---|---|
| | ബയോഗ്യാസ് പ്ളാൻറ് സ്ഥാപിക്കൽ (608/18-19) |
| നിർവഹണ ഉദ്യോഗസ്ഥൻ | നഗരസഭ ഹെൽത്ത് ഓഫീസർ |
| അടങ്കൽ | ധനകാര്യ കമ്മീഷൻ അവാർഡ് - 24,00,000/- |
| ചെലവ് | ബിൽ നം.17160247001701314250 തീയതി 23.05.2018 – 14,25,000/- |

കോർപ്പറേഷൻ പരിധിയിലെ സർക്കാർ/എയ്ഡഡ് ഹയർസെക്കൻഡറി സ്കൂൾ/ഹൈസ്കൂളുകളെ മാലിന്യ വിമുക്തമാക്കുന്നതിനും കുട്ടികളിൽ ആരോഗ്യപരമായ സംസ്കാരം വളർത്തിയെടുക്കുന്നതിനും ശുചിത്വത്തിലൂടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ടു നടപ്പിലാക്കിയ പദ്ധതിയാണിത്. ഈ പദ്ധതിയിൽ മുപ്പത് സ്കൂളുകൾക്ക് മുപ്പത് ബയോഗ്യാസ്സ് പ്ലാന്റുകൾ സ്ഥാപിച്ച് നൽകുവാനാണ് തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) <u>ബയോഗ്യാസ് പ്ലാന്റുകൾ പലതും സ്ഥാപിക്കുകയോ /പ്രവർത്തിക്കുകയോ ചെയ്യുന്നില്ല</u>

14.11.2019 തീയതിയിൽ കോർപ്പറേഷൻ അധികൃതരോടൊപ്പം നാല് സ്കൂളുകളിൽ നടത്തിയ സ്ഥലപരിശോധനയുടെ ചിത്രങ്ങളും വിശദാംശങ്ങളും താഴെ നൽകുന്നു.

a) <u>ഗവ.എച്ച്.എസ്.എസ്, ആഴ്ച് വട്ടം :</u> റെയ്ഡ്കോയിൽ നിന്ന് ലഭിച്ച ബയോഗ്യാസ് പ്ളാന്റ് സ്കൂളിലെ സ്ഥലപരിമിതി മൂലം സ്ഥാപിച്ചിട്ടില്ല. സ്കൂളിൽ സ്ഥലപരിമിതിയുണ്ടെന്നും ആയതിനാൽ കോർപ്പറേഷൻ അധികാരികൾ വന്ന് നോക്കിയിട്ട് പറ്റുമെങ്കിൽ പ്ലാന്റ് സ്ഥാപിക്കാൻ അനുമതി നൽകണമെന്നും 17.11.2016 -ന് സ്കൂൾ പ്രധാന അദ്ധ്യാപകൻ കോർപ്പറേഷൻ ആരോഗ്യകാര്യ സ്ഥിരംസമിതി ചെയർമാന് കത്ത് നൽകിയതായി ഫയലിൽ കാണുന്നുണ്ട്. സ്കൂളിലെ സ്ഥലപരിമിതി മൂലമാണ് ബയോഗ്യാസ്സ് പ്ലാന്റ് സ്ഥാപിക്കാത്തതെന്ന് നിലവിലെ പ്രധാന അദ്ധ്യാപികയും സ്ഥലപരിശോധന വേളയിൽ രേഖാമൂലം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതൊന്നും പരിശോധിക്കാതെയാണ് ഈ സ്കൂളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ ആരോഗ്യകാര്യ സ്ഥിരം സമിതിയും (തീരുമാനം നം.15/30.12.2016) ഭരണസമിതിയും (തീരുമാനം നം.54/27.01.17) തീരുമാനമെടുത്തിട്ടുള്ളത്. ഇതിന് നിർവഹണോദ്യോഗസ്ഥൻ വിയോജന കുറിപ്പ് നൽകിയിട്ടില്ല. മാത്രവുമല്ല സ്ഥലപരിശോധന നടത്താതെ, ഈ സ്കൂളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെന്ന സ്കൂൾ അധ്യാപകന്റെയും (കത്ത് തീയതി 22.01.2018 ) റെയ്ഡ്കോ-യുടെയും കത്തുകളുടെ അടിസ്ഥാനത്തിൽ (കത്ത് തീയതി 26.03.2018) മാത്രമാണ്, നിർവഹണ ഉദ്യോഗസ്ഥൻ സ്ഥാപനത്തിന് 47,500/- രൂപ അനുവദിച്ചുള്ളത്. എന്നാൽ സ്ഥല പരിശോധനയിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാതെ നിലത്ത് കിടക്കുന്നതാണ് കണ്ടത്.



b) <u>ഗവ. അച്യുതൻ ഗേൾസ് ഹൈസ്കൂൾ,കോഴിക്കോട് :</u> റെയ്ഡ്കോയിൽ നിന്ന് ലഭിച്ച ബയോഗ്യാസ് പ്ലാന്റ് ഉപയോഗിക്കാതെ, കാടുപിടിച്ച സ്ഥലത്ത് മഴവെള്ളം നിറഞ്ഞ് കിടക്കുന്നതായി സ്ഥലപരിശോധനയിൽ കണ്ടു. ബയോഗ്യാസ് പ്ളാന്റ് 2019 ആഗസ്റ്റ് മാസം വരെ ഉപയോഗിച്ചിരുന്നതായും കെട്ടിടം പൊളിച്ച് പണിയുന്നതിലേയ്ക്കായി പ്ലാന്റിന്റെ പ്രവർത്തനം നിർത്തി വെച്ചിരിക്കുന്നുവെന്നാണ് സ്കൂളിലെ അധ്യാപകൻ സ്ഥല പരിശോധന വേളയിൽ ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. ഭാവിയിൽ ബയോഗ്യാസ് പ്ലാന്റ് ഉപയോഗ യോഗ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.



c) ഗവ. ഗണപത് ബോയ്സ് ഹൈസ്കൂൾ, ചാലപ്പുറം : ബയോഗ്യാസ് പ്ലാന്റ് ഉപയോഗിക്കാതെ മഴവെള്ളം നിറഞ്ഞ് കിടക്കുന്നതായി സ്ഥലപരിശോധനയിൽ കണ്ടു. ബയോഗ്യാസ് പ്ലാന്റിൽ നിന്നും അടുക്കളയിലേക്കുള്ള ദൂരം കൂടുതലായതിനാൽ ഭക്ഷണം പാകം ചെയ്യുന്നതിനായി ഇതുവരെ ഗ്യാസ് ലഭ്യമായിട്ടില്ലെന്നും പ്രധാന അദ്ധ്യാപിക ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. റെയ്ഡ്കോ, സാങ്കേതിക മികവോടെ പ്ലാന്റ് സ്ഥാപിച്ചുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തുകയോ സ്കൂൾ അധികൃതർ ഇക്കാര്യം ബന്ധപ്പെട്ടവരെ അറിയിക്കുകയോ ചെയ്തിട്ടില്ല. നിലവിൽ സ്കൂൾ അധികൃതർ പ്ലാന്റ് ശരിയായ രീതിയിൽ പരിപാലിക്കുന്നുമില്ല.




d) സി.എം.സി ബോയ്സ് ഹൈസ്കൂൾ,ഏലത്തൂർ : മേൽ സ്കൂളിൽ ബയോഗ്യാസ് പ്ളാന്റ് ഉപയോഗിക്കാതെ മഴവെള്ളം നിറഞ്ഞ് കിടക്കുകയാണ്. പ്ലാന്റിൽ നിന്ന് ദുർഗന്ധം വന്നതിനാലും ഗ്യാസ് ലഭിക്കാത്തതിനാലും തുടക്കം മുതലേ പ്രവർത്തിച്ചിരുന്നില്ലായെന്നാണ് സ്കൂൾ അധികൃതർ സ്ഥല പരിശോധന വേളയിൽ ഓഡിറ്റിനെ നേരിട്ട് അറിയിച്ചിട്ടുള്ളത്. റെയ്ഡ്കോ, സാങ്കേതിക മികവോടെ പ്ലാന്റ് സ്ഥാപിച്ചുവെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തുകയോ സ്കൂൾ അധികൃതർ ഇക്കാര്യം ബന്ധപ്പെട്ടവരെ അറിയിക്കുകയോ ചെയ്തിട്ടില്ല. നിലവിൽ സ്കൂൾ അധികൃതർ പ്ലാന്റ് ശരിയായ രീതിയിൽ പരിപാലിക്കുന്നുമില്ല.



മേൽ പരാമർശിച്ച അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 25.11.2019 ന് നൽകിയ 70/2018-19 നമ്പർ ഒ.എസ്.ന് മറുപടി ലഭ്യമാക്കിയില്ല. ആഴ്ച്ചവട്ടം, ഗവ.എച്ച്.എസ്.എസ്-ൽ ബയോഗ്യാസ്സ് പ്ലാന്റ് സ്ഥാപിക്കാൻ സ്ഥലമില്ലാതിരുന്നിട്ടും പ്ലാന്റ് നൽകിയതിനാലാണ് അത് സ്ഥാപിക്കാൻ കഴിയാതെ സ്കൂൾ പരിസരത്ത് ഉപയോഗശൂന്യമായി ഇടേണ്ട അവസ്ഥ വന്നത്. സ്കൂൾ അധികൃതർ ഇക്കാര്യം രേഖാമൂലം അറിയിച്ചിട്ടും കോർപ്പറേഷൻ അധികൃതർ അത് പരിഗണിക്കാതിരുന്നത് പൊതു പണത്തിന്റെ ദുർവ്യയത്തിന് ഇടയാക്കി. കൂടാതെ സ്ഥലപരിശോധന നടത്താതെ, ഈ സ്കൂളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെന്ന സ്കൂൾ അധ്യാപകന്റെയും (കത്ത് തീയതി 22.01.2018) റെയ്ഡ്കോയുടെയും കത്തുകളുടെ അടിസ്ഥാനത്തിൽ (കത്ത് തീയതി 26.03.2018) മാത്രം, നിർവഹണ ഉദ്യോഗസ്ഥൻ റെയ്ഡ്കോ-യ്ക്ക് 47,500/- രൂപ അനുവദിച്ചിട്ടുള്ളതും അദ്ദേഹത്തിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ച്ചയാണ്. കോർപ്പറേഷൻ ഫണ്ടിനുണ്ടായ നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഗവ. ഗണപത് ബോയ്സ് ഹൈസ്കൂൾ, ചാലപ്പുറം, സി.എം.സി ബോയ്സ് ഹൈസ്കൂൾ, ഏലത്തൂർ എന്നീ സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ്സ് പ്ലാന്റുകൾ തുടക്കം മുതലേ ശരിയായ രീതിയിൽ പ്രവർത്തിച്ചിരുന്നില്ലായെന്നാണ് സ്കൂൾ അധികൃതർ സ്ഥല പരിശോധന വേളയിൽ ഓഡിറ്റിനെ നേരിട്ട് അറിയിച്ചിട്ടുള്ളത്. ഓഡിറ്റ് പരിശോധന വേളയിലും ഇവ ഉപയോഗശൂന്യമായി കിടക്കുന്നതായാണ് കണ്ടത്. എന്നാൽ ഇക്കാര്യം, നിർവ്വഹണ ഏജൻസിക്ക് പണം നൽകുന്നതിന് മുമ്പ് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിക്കുകയോ സ്കൂൾ അധികൃതർ ബന്ധപ്പെട്ടവരെ അറിയിക്കുകയോ ചെയ്തിട്ടില്ല. ഈ വീഴ്ച്ചയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകേണ്ടതാണ്. ബയോഗ്യാസ്സ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കാതെ സ്ഥാപിച്ചതായി റിപ്പോർട്ട് നൽകിയ റെയ്ഡ്കോയ്ക്കെതിരെ കോർപ്പറേഷൻ അവരുമായി 25.05.2017 -ന് ഒപ്പുവെച്ച കരാറിലെ 14 ഉം 15 ഉം വ്യവസ്ഥകൾ പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാവുന്നതാണെങ്കിലും ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മേൽ പരാമർശിച്ചവ കൂടാതെ ഇത്തരത്തിൽ ഉപയോഗശൂന്യമായി കിടക്കുന്ന എല്ലാ പ്ലാന്റുകളും പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ച്ചയായി കണ്ട് തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും. പ്ലാന്റുകളുടെ കൃത്യമായ പരിപാലനത്തിന്, സ്കൂളുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് കൊണ്ട് അവരുമായി കരാറിലേർപ്പെടുന്നത് ഉചിതമായിരിക്കും.

മേൽ പരാമർശിച്ച സ്കൂളുകളിൽ സ്ഥലപരിശോധന വേളയിൽ ഓഡിറ്റിന് കാണിച്ചു തന്ന ബയോഗ്യാസ് പ്ലാന്റുകളിൽ റെയ്ഡ്കോയുടെ സ്റ്റിക്കർ ഒട്ടിച്ചിട്ടുണ്ടെങ്കിലും പ്ലാന്റിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച യാതൊരു വിവരവും അതിൽ രേഖപ്പെടുത്തിയിട്ടില്ല. റെയ്ഡ്കോയുടെ ഇൻവോയ്സിലും സ്കൂൾ അധ്യാപകരുടെ സാക്ഷ്യപത്രത്തിലും മാത്രമാണ് പ്ലാന്റിന്റെ കപ്പാസിറ്റി 2 ക്യൂബിക് മീറ്റർ എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ ഇതു സംബന്ധിച്ച യാതൊരു രേഖയും ലഭ്യമല്ല. സ്ഥല പരിശോധനാവേളയിൽ സ്കൂൾ അധികൃതരും യാതൊരു രേഖയും ലഭ്യമാക്കിയില്ല . ആയതിനാൽ പ്ലാന്റിന്റെ സ്പെസിഫിക്കേഷൻ, കപ്പാസിറ്റി, യൂണിറ്റ് കോസ്റ്റ്, വാറണ്ടി എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**2) <u>ശുചിത്വമിഷൻ വിഹിതം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചില്ല</u>**

<u>എ) കോർപ്പറേഷന്റെ സ്വന്തം/വിട്ടു കിട്ടിയ സ്ഥാപനങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ</u>

2018-19 -ലെ സബ്സിഡി മാർഗ്ഗരേഖ ( ജി.ഒ(എം.എസ്) നം.22/2018 തസ്വഭവ തീയതി 14.02.2018) ഖണ്ഡിക6.8 (2)(എ) പ്രകാരം കോർപ്പറേഷന്റെ സ്വന്തം/വിട്ടു കിട്ടിയ സ്ഥാപനങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് യൂണിറ്റ് കോസ്റ്റിന്റെ പരാമവധി 50% ശുചിത്വമിഷൻ വിഹിതം ലഭ്യമാകുന്നതാണ്. എന്നാൽ വിവിധ സർക്കാർ സ്കൂളുകളിൽ (19 എണ്ണം) ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിന് ഒരു പ്ളാന്റിന് 47500/- രൂപ നിരക്കിൽ മുഴുവൻ തുകയും ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. ശുചിത്വമിഷൻ വിഹിതം

ലഭ്യമാക്കാൻ നടപടിയെടുക്കാതെ മുഴുവൻ തുകയും ധനകാര്യകമ്മീഷൻ അവാർഡിൽ നിന്ന് ചെലവഴിക്കുക വഴി മറ്റ് വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട 451250രൂപ പാഴാവുകയാണ് ചെയ്തത്.

ബി) <u>എയ്ഡഡ് സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ</u>

മേൽ ഉത്തരവ് ഖണ്ഡിക6.8(2)(ബി) പ്രകാരം കോർപ്പറേഷന് വിട്ടു കിട്ടാത്ത സ്ഥാപനങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് യൂണിറ്റ് കോസ്റ്റിന്റെ പരാമവധി 50% ശുചിത്വമിഷൻ വിഹിതം ലഭ്യമാക്കേണ്ടതും 50% ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതുമാണ്. എന്നാൽ വിവിധ എയ്ഡഡ് സ്കൂളുകളിൽ (11 എണ്ണം) ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിന് ഒരു പ്ളാന്റിന് 47,500/- രൂപ നിരക്കിൽ മുഴുവൻ തുകയും ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച ഒ.എസ്.നം.70/2018-19 -തീയതി 25.11.2019 -ന് മറുപടി ലഭ്യമാക്കിയില്ല. 50% ഗുണഭോക്തൃ വിഹിതമായ 2,61,250/- രൂപ ഈടാക്കി പ്ലാൻഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓരോ സ്കൂളിൽ നിന്നും 23,750/- രൂപ വീതം 11 സ്കൂളുകളിൽ നിന്ന്). അല്ലാത്ത പക്ഷം ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. 50% ശുചിത്വമിഷൻ വിഹിതം ലഭ്യമാക്കാൻ നടപടിയെടുക്കാത്തതിന് വിശദീകരണം നൽകേണ്ടതുമാണ്.

# 3-6 കോടികൾ ചെലവഴിച്ച് നിർമ്മിച്ച നഗരസഭ സ്റ്റേഡിയം ഗോകുലം ഫുട്ബോൾ ക്ലബിന് സൗജന്യമായി ഉപയോഗിക്കുന്നതിന് അനുവദിച്ചു.

<u>ഫയൽ നം. – എ.34/57520/18, ഇ.ജി.11/109566/16, ഇ.ജി.11/59022/15</u>

ഗോകുലം ഫുട്ബോൾ ക്ലബിന്റെ ഹോം മാച്ചുകൾ നടത്തുന്നതിനായി കോഴിക്കോട് നഗരസഭ വക ഇ.എം.എസ്. സ്റ്റേഡിയം അനുവദിക്കുന്നതിനായി ക്ലബിന്റെ ഭാരവാഹികൾ 28.07.2018 ന് അപേക്ഷിച്ചു. 31.07.2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റേയും 01.08.2018 ലെ നഗരസഭ കൗൺസിൽ തീരുമാനത്തിന്റേയും (തീരുമാനം നം.45) അടിസ്ഥാനത്തിൽ 03.08.2018 മുതൽ 02.08.2019 വരെ ഒരു വർഷത്തേക്ക് ഇ.എം.എസ്. സ്റ്റേഡിയം ഗ്രൗണ്ടും ഒരു ഓഫീസ് റൂമും ഗോകുലം ഫുട്ബോൾ ക്ലബിന് സൗജന്യമായി അനുവദിച്ചു. ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

(1) 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ്. 215, 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ എന്നിവ പ്രകാരം മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ള ഏതൊരു വസ്തുവും ഏത് വ്യവസ്ഥയിലാണോ അവ നിക്ഷിപ്തമായിട്ടുള്ളത് ആ വ്യവസ്ഥ ലംഘിക്കാതെ പാട്ടത്തിനു നൽകാവുന്നതാണ്. മേൽ നിയമ വ്യവസ്ഥകൾ നിലനിൽക്കെയാണ് ഇ.എം.എസ്. സ്റ്റേഡിയം ഗ്രൗണ്ടും, ഒരു ഓഫീസ് റൂമും ഗോകുലം ഫുട്ബോൾ ക്ലബിന് സൗജന്യമായി അനുവദിക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി/കൗൺസിൽ തീരുമാനിച്ചത്. മേൽ നിയമത്തിലെ വ്യവസ്ഥകൾ ബന്ധപ്പെട്ട റവന്യൂ വിഭാഗത്തിലെ സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട്, റവന്യൂ ഓഫീസർ, അക്കൗണ്ട്സ് വിഭാഗം, അഡീഷണൽ സെക്രട്ടറി എന്നിവരാരും ഫയലിൽ രേഖപ്പെടുത്തുകയോ, സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലും, കൗൺസിൽ യോഗത്തിലും ശ്രദ്ധയിൽപെടുത്തുകയോ ചെയ്തിട്ടില്ല.

(2) 03.08.2018 മുതൽ 02.08.2019 വരെയുള്ള കാലയളവിൽ ഗോകുലം ഫ്ട്ബോൾ ക്ലബ് പങ്കെടുത്ത 9 ഹോം മാച്ചുകൾ കാണുന്നതിനായി 50/- രൂപ (ഗാലറി), 100/- രൂപ (ചെയർ) എന്ന നിരക്കിൽ ടിക്കറ്റ് വിൽപ്പന നടത്തിയിട്ടുണ്ട്. പ്രസ്തുത തരത്തിൽ കളക്ഷൻ മാച്ചുകൾ നടത്തുന്നത് സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നില്ല.

(3) മേൽ കരാറിലെ വ്യവസ്ഥ 3 പ്രകാരം സ്റ്റേഡിയത്തിനും ഓഫീസ് റൂമിനുമുള്ള വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ക്ലബ് ഭാരവാഹികൾ അടവാക്കണം. 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ (സെപ്റ്റംബർ മുതൽ) നഗരസഭ കാര്യാലയത്തിൽ ലഭ്യമായ വൈദ്യുതി ബില്ലുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

<u>കൺസ്യൂമർ നമ്പർ – 1366020037221 (സ്റ്റേഡിയം), HT.IV (Commercial)</u>

| | ബിൽ നം, തീയ്യതി | ബിൽ തുക |
|---|---|---|
| 1 | 2102811651328, 04.09.2018 | 84,519 |
| 2 | 2102811655381, 03.10.2018 | 91,249 |
| 3 | 2102811663367, 03.11.2018 | 1,07,059 |
| | | |

| | | |
|---|---|---|
| 4 | 2102811670560, 04.12.2018 | 1,65,267 |
| 5 | 2102811678228, 04.01.2019 | 2,16,293 |
| 6 | 2102811687466, 04.02.2019 | 57,760 |
| 7 | 2102811694496, 05.03.2019 | 78,395 |
| 8 | 2102811699939, 03.04.2019 | 69,690 |
| 9 | 2102811708774, 07.05.2019 | 80,851 |
| 10 | 2102811713626, 11.06.2019 | 55,232 |
| 11 | 2102811721464, 11.07.2019 | 17,143 |
| 12 | ബിൽ കോപ്പി ഫയലിൽ ഇല്ല. ഓഫീസ് കുറിപ്പിൽ രേഖപ്പെടുത്തിയത് പ്രകാരം | 50,135 |
| 13 | 2102811736517, 04.09.2019 | 53,623 |
| 14 | 2102811746106, 25.10.2019 | 52,658 |
| 15 | 2102811753588, 22.11.2019 | 58,203 |
| | ആകെ | 12,21,486 |

(2019 നവംബറിനു ശേഷം വന്ന വൈദ്യുതി ബില്ലുകളുടെ വിശദാംശങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ജല അതോറിറ്റിയിൽ നിന്നും ബില്ലുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഫയലിൽ ചേർക്കാത്തതിനാൽ ആയത് എത്രയെന്ന് കണക്കാക്കുവാനും സാധിച്ചിട്ടില്ല.) കരാർ പ്രകാരം വൈദ്യുതി/വാട്ടർ ചാർജ്ജുകൾ ക്ലബ്ബ് അടവാക്കേണ്ടതാണെങ്കിലും ഈയിനത്തിൽ ക്ലബ് അധികാരികൾ നഗരസഭ ഫണ്ടിൽ തുക അടവാക്കിയിട്ടില്ല. മേൽ വിവരിച്ച പട്ടികയിൽ 2018-19 സാമ്പത്തിക വർഷത്തിൽ നഗരസഭ ഫണ്ടിൽ നിന്നും അടവാക്കിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (വൗച്ചർ പ്രകാരമുള്ള തുകയിൽ സ്റ്റേഡിയത്തിന്റെ വൈദ്യുതി തുക കൂടാതെ നഗരസഭ കാര്യാലയത്തിന്റെ വൈദ്യുതി ചാർജ്ജ് ഉൾപ്പടെയാണ് കെ.എസ്.ഇ.ബി.യിൽ ഓൺലൈൻ മുഖാന്തിരം അടവാക്കിയത്).

| ക്രമ നം | വൗച്ചർ നം, തീയ്യതി | തുക | ചെക്ക് നം |
|---|---|---|---|
| 1 | 21800351, 26.04.2018 | 1,99,189 | 984824 |
| 2 | 21800774, 18.05.2018 | 2,59,131 | 322569 |
| 3 | 21801485, 28.06.2018 | 2,02,796 | 706729 |
| 4 | 21801723, 13.07.2018 | 1,19,188 | 706852 |
| 5 | 21801799, 21.07.2018 | 11,094 | 707098 |
| 6 | 21803269, 02.10.2018 | 1,36,660 | 947967 |
| 7 | 21803270, 02.10.2018 | 1,64,607 | 947968 |
| 8 | 21803620, 23.10.2018 | 2,35,764 | 385646 |
| 9 | 21805353, 07.01.2019 | 2,89,539 | 650805 |
| 10 | 21805354, 07.01.2019 | 3,49,816 | 650805 |
| | | 19,67,784 | |

(4) കരാറിലെ നിബന്ധന.2 പ്രകാരം സ്റ്റേഡിയം, മൈതാനത്തിനുള്ള പുൽത്തകിടി, ഗ്യാലറി, ഇരിപ്പിടങ്ങൾ, ഫ്ലഡ് ലൈറ്റ് ഉൾപ്പടെയുള്ള ലൈറ്റിംഗ് സംവിധാനങ്ങൾ എന്നിവ മികച്ച രീതിയിൽ ക്ലബ് അധികാരികൾ പരിപാലിക്കേണ്ടതും നിബന്ധന.7 പ്രകാരം ഗ്രീൻ പ്രോട്ടോകോളിന് വിധേയമായി ക്ലബ് അധികാരികൾ സ്റ്റേഡിയം ശുചിയായി സൂക്ഷിക്കേണ്ടതും, മാലിന്യ സംസ്കരണം സ്വന്തം ഉത്തരവാദിത്വത്തിലും, ചെലവിലും നിർവ്വഹിക്കേണ്ടതുമാണ്. എന്നാൽ മേൽ നിബന്ധനകൾ പാലിക്കാതെ ഗാലറിയിലും, ഗാലറിയിലെ ബാത്ത് റൂമുകളിലും പ്ലാസ്റ്റിക് കുപ്പികൾ, പേപ്പർ മാലിന്യങ്ങൾ എന്നിവ നിറഞ്ഞത് വൃത്തിയാക്കാതെയും, ഗ്രൗണ്ടിലെ

പുൽത്തകിടികൾ കേട് വരുത്തിയും, അനുവദിച്ച 1 റൂമിനു പകരം 5 റൂമുകൾ അനുവാദമില്ലാതെ ഹോസ്റ്റൽ പോലെ ഉപയോഗിക്കുകയും സ്റ്റേഡിയവും അനുബന്ധ കെട്ടിടങ്ങളും വൃത്തിഹീനമാക്കിയതായും സൂചിപ്പിച്ച് സ്റ്റേഡിയം സെക്യൂരിറ്റി വിഭാഗത്തിലെ ഉദ്യോഗസ്ഥൻ സെക്രട്ടറിയെ 04.02.2019, 19.03.2019, എന്നീ തീയ്യതികളിൽ രേഖാമൂലം അറിയിച്ചിട്ടുണ്ട്. കൂടാതെ മാർച്ച് 24, 25, 26 തീയ്യതികളിൽ നടത്തിയ ഫുട്ബോൾ സെലക്ഷനായി വന്ന ആളുകൾ പ്രശ്നമുണ്ടാക്കി സ്റ്റേഡിയത്തിലെ കസേരകൾ, മേശകൾ, വാതിലുകൾ എന്നിവയും തകർത്തു. മേൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 12.04.2019 ന് 4 ാം സർക്കിൾ റവന്യൂ ഇൻസ്പെക്ടർക്കും, സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും പരിശോധനക്കായി കുറിപ്പ് നൽകിയെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

(5) 1991 മുതൽ സ്റ്റേഡിയം പുനരുദ്ധാരണ പ്രവൃത്തികൾക്കായി വിവിധ പ്രോജക്ടുകൾക്ക് രൂപം നൽകിയിട്ടുണ്ട്. 1995 ൽ 10.17 കോടി രൂപയും, 2010 ൽ 5 കോടി രൂപയും ഹഡ്കോയിൽ നിന്ന് വൻതുക പലിശയ്ക്ക് വായ്പയെടുത്ത് പുനർനിർമ്മിച്ചതാണ് സ്റ്റേഡിയം. ഇതിൽ സ്റ്റേഡിയം പുനരുദ്ധാരണം, ഫ്ലഡ് ലൈറ്റ് സംവിധാനം ഏർപ്പെടുത്തൽ എന്നിവ ഉൾപ്പെട്ടിരുന്നു. ഇതു കൂടാതെ ദേശീയ ഗെയിംസ് നടത്തുന്നതിനായി നഗരസഭയും ദേശീയ ഗെയിംസ് അതോറിറ്റിയും ചേർന്ന് 24 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട് (ഇതിൽ നഗരസഭ വിഹിതം 10,80,32,238/- രൂപ). മേൽ പറഞ്ഞ പ്രകാരം വൻതുക ചെലവഴിച്ച് നിർമ്മിച്ച സ്റ്റേഡിയം വിവിധ ആവശ്യങ്ങൾക്കായി വിട്ടു കൊടുക്കുമ്പോൾ പാലിക്കേണ്ട അടിസ്ഥാന നിബന്ധനകൾ (വ്യവസ്ഥകളും, നിബന്ധനകളും, ഫീസ് നിരക്കും, കാലയളവും) പാലിക്കാതെയാണ് നഗരസഭ അധികൃതർ സൗജന്യമായി ഉപയോഗിക്കുന്നതിന് സ്റ്റേഡിയം വിട്ടു നൽകിയത്.

(6) ഗോകുലം ഫുട്ബോൾ ക്ലബ് അധികാരികളും, നഗരസഭയും ചമച്ച കരാറിനോടൊപ്പം നഗരസഭ വിട്ടു നൽകുന്ന ഇനങ്ങൾ (ഉദാ. ആകെ സ്ഥലം, കെട്ടിടത്തിലെ മുറികളുടെ എണ്ണം, കസേരകളുടെ എണ്ണം മുതലായവ ) അവയുടെ മൂല്യം തുടങ്ങിയവ പട്ടിക തിരിച്ച് ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ക്രമ നം.4 ൽ കേടുപാടുകൾ വരുത്തിയതായി പരാമർശിച്ച കോർപ്പറേഷൻ ആസ്തികളുടെ, അതായത് എത്ര ഇനങ്ങൾക്ക് കേട് പാടുകൾ സംഭവിച്ചു എന്നതിന്റെ വ്യക്തമായ കണക്ക് ലഭ്യമാക്കുവാനും കഴിഞ്ഞില്ല.

അപാകതകൾ ചൂണ്ടികാണിച്ച് 24.11.2019 ന് ഒ.എസ്. (നം. 65/18-19) നൽകിയതിന് ഡെപ്യൂട്ടി സെക്രട്ടറി 14.05.2020 ന് ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്.

"നഗരം കേന്ദ്രീകരിച്ച് ഒരു പ്രൊഫഷണൽ ഫുട്ബോൾ ക്ലബ് ഉയർന്നു വരുന്നതിനും അതുവഴി യുവതാരങ്ങൾക്കും ഭാവി താരങ്ങൾക്കും മികച്ച രീതിയിലുള്ള കോച്ചിംഗിലൂടെ ഒട്ടേറെ അവസരങ്ങൾ കൈവരിക്കുന്നതിനും ഉതകുന്നതായതിനാലാണ് നഗരസഭ ധനകാര്യ സ്ഥിരം സമിതിയുടേയും കൗൺസിലിന്റേയും തീരുമാനങ്ങൾക്ക് വിധേയമായി ഗോകുലം ഫുട്ബോൾ ക്ലബിന് സ്റ്റേഡിയം സൗജന്യമായി അനുവദിച്ചത്. നഗരസഭ അനുമതിയോടെ ക്ലബ് നടത്തിയ മൽസരങ്ങൾ സംഘടിപ്പിക്കുന്നതിന് ഫ്ലഡ് ലൈറ്റ്, ഗ്രൗണ്ട് തുടങ്ങിയവയുടെ അറ്റകുറ്റപണികൾക്ക് ക്ലബ് അധികൃതർ 20 ലക്ഷം രൂപ ചെലവഴിച്ചു."

നഗരം കേന്ദ്രീകരിച്ച് സ്വകാര്യ ഫുട്ബോൾ ക്ലബുകൾ, കേരള ഫുട്ബോൾ അസോസിയേഷൻ, സംസ്ഥാന സ്പോർട്സ് കൗൺസിലിൽ അംഗത്വമുള്ള ഫുട്ബോൾ അസോസിയേഷനുകൾ യുവതാരങ്ങൾക്കും ഭാവി താരങ്ങൾക്കും മികച്ച രീതിയിലുള്ള കോച്ചിംഗ് നടത്തുന്നുണ്ട്. എന്നാൽ മേൽ വിഭാഗങ്ങളിൽപെട്ടവർക്ക് എല്ലാം തന്നെ നഗരസഭ വക ഗ്രൗണ്ടുകൾ, അനുബന്ധ സാമഗ്രികൾ സൗജന്യമായി അനുവദിക്കുവാൻ നിലവിലെ നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ആയതിനാൽ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. കൂടാതെ വൈദ്യുതി, വെള്ളം എന്നിവയുടെ നിരക്കുകൾ നഗരസഭ ഫണ്ടിൽ നിന്നും സൗജന്യമായി നൽകുവാനും നിയമ വ്യവസ്ഥയില്ല (വൈദ്യുതി ചാർജിനെ കുറിച്ച് ഡപ്യൂട്ടി സെക്രട്ടറിയുടെ മറുപടിയിൽ യാതൊന്നും പരാമർശിച്ചിട്ടില്ല). ആയതിനാൽ ഓഡിറ്റ് വർഷത്തിൽ വൈദ്യുതി ചാർജ്ജിനത്തിൽ ചെലവഴിച്ച തുക 7,83,951/- രൂപയും, 2019 മാർച്ചിനു ശേഷം വന്ന വൈദ്യുതി ബില്ലുകളിലെ തുകയും, വെള്ളക്കരത്തിന്റെ തുകയും എത്രയെന്ന് കണക്കാക്കി ഗോകുലം ഫുട്ബോൾ ക്ലബ് അധികാരികളിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറി (കരാർ കാലയളവിലെ), ഡപ്യൂട്ടി സെക്രട്ടറി, റവന്യൂ ഓഫീസർ (നോൺ ടാകസ്), സൂപ്രണ്ട് (നോൺ ടാക്സ്), സെക്ഷൻ ക്ലാർക്ക് എന്നിവരിൽ നിന്നോ ഈടാക്കേണ്ടതാണ്. ഗോകുലം ഫുട്ബോൾ ക്ലബിന് വിട്ടു നൽകിയ കാലയളവിൽ സ്റ്റേഡിയം, അനുബന്ധ കെട്ടിടങ്ങൾ, മറ്റ് സാധന സാമഗ്രികൾ എന്നിവക്ക് വന്ന കേടുപാടുകൾ പരിശോധിച്ച് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയതിന്റെ നഷ്ട തുക ക്ലബ് അധികാരികളിൽ നിന്ന് ഈടാക്കേണ്ടതുമാണ്. 7,83,951/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-7 സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസനഫണ്ട്

# മുൻകൂറായി പിൻവലിച്ച് കുടുംബശ്രീയുടെ സി.ഡി.എസ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു

| | |
|---|---|
| ഫയൽ നമ്പർ | കെ - 2/1023/17 |
| പ്രൊജക്ട് നമ്പർ | 695/18 (കുടുംബശ്രീ അംഗങ്ങൾക്ക് ചെറുകിട ഗ്രൂപ്പ് സംരഭങ്ങൾക്ക് സബ്സിഡി) |
| അടങ്കൽ | 15,00,000/- (വികസനഫണ്ട്) |
| | 2,50,000/- (ഗുണഭോക്തൃ വിഹിതം) |
| | 32,50,000/- (ബാങ്ക് ലോൺ) |
| ആകെ | – 50,00,000/- രൂപ |
| ചെലവ് തുക | – 15,00,000/- (വികസനഫണ്ട്), ബിൽ നം.19/13.01.2018 |

5 മുതൽ 10 വരെയുള്ള കുടുംബശ്രീ അംഗങ്ങൾ ഉൾപ്പെടുന്ന 5 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ ചെയ്ത് ജീവിത മാർഗ്ഗം കണ്ടെത്തി അവരെ സമൂഹത്തിലെ ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിനാണ് 50,00,000/- രൂപ അടങ്കലിൽ മേൽ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ പദ്ധതി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാതെ 15 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് നോർത്ത് സി.ഡി.എസ്. ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.605402010004756, യൂണിയൻ ബാങ്ക്, വെസ്റ്റിൽ ശാഖ) നിർവ്വഹണ ഉദ്യോഗസ്ഥനായ കുടുംബശ്രീ പ്രോജക്ട് ഓഫീസർ നിക്ഷേപിച്ചു. (ഓഫീസ് കുറിപ്പ് തീയ്യതി.23.11.2017). നഗരസഭ പരിധിയിൽ വരുന്ന 3 സി.ഡി.എസുകളുടെ കീഴിലുള്ള കുടുംബശ്രീ അംഗങ്ങൾ രൂപീകരിക്കുന്ന സംരംഭക ഗ്രൂപ്പുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ട തുകയാണ് നോർത്ത് സി.ഡി.എസ്. ന്റെ അക്കൗണ്ടിലേക്ക് മാറ്റിയത്. ട്രഷറിയിൽ നിന്നും മുൻകൂറായി പിൻവലിച്ച തുകയിൽ 1,65,000/- രൂപ 2019 മാർച്ചിലും, 2,00,000/- രൂപ 2019 ജൂലായിലും താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. (ആകെ 3,65,000/-)

| ക്രമ നം | അംഗങ്ങളുടെ എണ്ണം | സംരംഭത്തിന്റെ പേര് | സംരംഭം ആരംഭിക്കുന്നതിനു വേണ്ട ആകെ തുക | അനുവദിച്ച തുക | ചെക്ക് നം, തീയ്യതി |
|---|---|---|---|---|---|
| 1 | 5 | ലിറ്റിൽ സ്റ്റാർസ് ഡേ കെയർ യൂണിറ്റ് | 5,50,000/- | 1,25,000 | 02073756 11.03.2019 |
| 2 | 1 | ------ | 2,40,000/- | 40,000 | 0207357 16.03.2019 |
| 3 | 5 | റെയിൽ വ്യൂ വുമൺസ് ഹോസ്റ്റൽ | 16,77,500/- | 2,00,000 | 76552 08.07.2019 |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

(1) 12.04.2006 ലെ (പി) 177/06/ധനം നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 6.1 പ്രകാരം പദ്ധതി വിഹിതം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ മുൻകൂറായി പിൻവലിക്കാൻ പാടില്ല. അപ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച് 30 ദിവസത്തിനകം ചെലവഴിക്കാത്ത തുക ട്രഷറിയിൽ തിരിച്ചടക്കണമെന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 02.05.2018 ലെ ഡി.എ.1/439/2018/ത.സ്വ.ഭ.വ നം സർക്കുലറിൽ (ഖ.2-1) 2017-18 സാമ്പത്തിക വർഷത്തിലെ പുതിയ പദ്ധതികളിൽ 2018 ഏപ്രിൽ1 ന മുമ്പ് ആരംഭിച്ച പദ്ധതികൾ സ്പിൽ ഓവറായി തുടരുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. നിർവ്വഹണം ആരംഭിച്ചു എന്നത് കൊണ്ട് അർത്ഥമാക്കുന്നത് കരാറിൽ ഏർപ്പെട്ടതോ, (വ്യക്തിഗത ആനുകൂല്യം നൽകുന്നതിനുള്ള പദ്ധതികളുടെ കാര്യത്തിൽ ഒരു ഗുണഭോക്താവായെങ്കിലും കരാറിൽ ഏർപ്പെട്ടതോ) പർച്ചേയ്സ് ഓർഡർ നൽകിയതോ ആയ പദ്ധതികൾ ആയിരിക്കണം എന്നാണ്. എന്നാൽ നിർവ്വഹണ

ഉദ്യോഗസ്ഥൻ വികസന ഫണ്ട് പിൻവലിച്ച് 14 മാസത്തിനു ശേഷമാണ് ആദ്യത്തെ ഗുണഭോക്താവിന് തുക കൈമാറിയിട്ടുള്ളത്. ഇത് മേൽ ഉത്തരവുകൾക്ക് വിരുദ്ധമാണ്.

(2) 03/04/2017 ലെ (എം.എസ്) 80/2017/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 2.9 അനുസരിച്ച് ഗ്രൂപ്പ് സംരംഭത്തിന്റെ മാനദണ്ഡങ്ങളും നിബന്ധനകളും പൂർത്തിയാക്കിയാൽ മാത്രമേ നിർവ്വഹണ ഉദ്യോഗസ്ഥൻ സബ്സിഡി സംരംഭകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാൻ പാടുള്ളൂ. അതായത് ഗ്രൂപ്പുകൾ രൂപീകരിച്ച് തുടങ്ങാനാഗ്രഹിക്കുന്ന സംരംഭത്തിന്റെ പ്രൊപ്പോസൽ നൽകി നഗരസഭയിൽ പേര് രജിസ്റ്റർ ചെയ്യണം. ആയതിന് ശേഷം ബാങ്ക് ലോൺ ലഭ്യമാക്കിയത് ഉറപ്പ് വരുത്തിയതിന് ശേഷമേ സബ്സിഡി തുക അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാൻ പാടുള്ളൂ. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ ആരംഭിക്കാതെയാണ് നിർവഹണ ഉദ്യോഗസ്ഥൻ സബ്സിഡി തുക അനുവദിച്ചിട്ടുള്ളത്. കൂടാതെ സബ്സിഡി അനുവദിച്ച മേൽ വിവരിച്ച ഗുണഭോക്താക്കൾ ആരും നഗരസഭ വാർഡുകളിലെ കൗൺസിലർമാർ സമർപ്പിച്ച ലിസ്റ്റിലുള്ളവരല്ല. ആയവരെ മാർക്കിന്റെ അടിസ്ഥാനത്തിൽ മുൻഗണാക്രമം നിശ്ചയിച്ച് ലിസ്റ്റ് ചെയ്യുകയോ, വാർഡ് സഭ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, മുനിസിപ്പൽ കൗൺസിൽ എന്നിവയുടെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.
(3) ശ്രീ.പ്രകാശൻ.പി, (കൈരളി (ഹ), കാഞ്ഞിരാർ വയൽ, വാർഡ് നം.70, കാരപ്പറമ്പ്, കോഴിക്കോട്-673010) എന്ന ഗുണഭോക്താവിന് ഓട്ടോറിക്ഷ വാങ്ങുന്നതിനാണ് ക്രമനം.2 പ്രകാരം സബ്സിഡി ഇനത്തിൽ 40,000/- രൂപ അനുവദിച്ചത്. കുടുംബശ്രീ യൂണിറ്റിലെ ഗ്രൂപ്പ് അംഗങ്ങൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ചത്. എന്നാൽ ആയതിൽ നിന്നും വ്യതിചലിച്ചാണ് വ്യക്തിഗത ഗുണഭോക്താവിന് സബ്സിഡി തുക അനുവദിച്ചത്.
(4) സി.ഡി.എസ്. നോർത്ത് ഭരണ സമിതി അംഗങ്ങളായ ശ്രീമതി.പ്രസന്ന കുമാരി.സി, ശ്രീമതി.റോച്ചന.എൻ എന്നിവർക്കും 3 കുടുംബശ്രീ അംഗങ്ങൾക്കും ഡേ കെയർ ആരംഭിക്കുന്നതിനാണ് ക്രമ നം.1 പ്രകാരം സബ്സിഡി തുക അനുവദിച്ചിട്ടുള്ളത്. ആദ്യം എരഞ്ഞിപ്പാലത്തിനു സമീപം രാരിച്ചൻ റോഡിൽ 2018 ഏപ്രിലിൽ ആരംഭിച്ച സ്ഥാപനം പിന്നീട് എടക്കാട് എന്ന സ്ഥലത്തേക്ക് മാറ്റി. നിലവിൽ സ്ഥാപനത്തിൽ 4 കുട്ടികൾ മാത്രമാണുള്ളത്. 2017 ലെ ജി.എസ്.ടി നിയമ പ്രകാരം പ്രസ്തുത സ്ഥാപനം ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. അതുപോലെ സ്ഥാപനത്തിന്റെ പേരിൽ ആദായ നികുതി വകുപ്പിൽ നിന്നും പാൻ കാർഡ് എടുക്കേണ്ടതുണ്ട്. എന്നാൽ നിയമപരമായി സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ പാലിക്കാതെയാണ് സ്ഥാപനം തുടങ്ങിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഒ.എസ്. നൽകിയെങ്കിലും (നം. 14/ 2018 -19/ 02.08.2019) കുടുംബശ്രീ പ്രോജക്ട് ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി പദ്ധതി തുക ചെലവഴിച്ചത് ന്യായീകരിക്കത്തക്കതല്ല. 24.06.2017 ന് ഡി.പി.സി അംഗീകാരം ലഭിച്ച പദ്ധതി നടപ്പാക്കാതെ പദ്ധതി തുക 15,00,000/- രൂപ നോർത്ത് സി.ഡി.എസ്. ന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചത് ഗുരുതരമായ ക്രമക്കേടും, പദ്ധതി തുകയുടെ ദുരുപയോഗവും സർക്കാർ ഉത്തരവുകളുടെ ലംഘനവുമാണ്. ഇതേ രീതിയിലുള്ള ക്രമക്കേട് സംബന്ധിച്ച് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശിച്ചെങ്കിലും തുടർവർഷങ്ങളിൽ ആവർത്തിക്കുന്നത് അംഗീകരിക്കാവുന്നതല്ല. സി.ഡി.എസ്. ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച വികസന ഫണ്ടിൽ ബാക്കിയുള്ള തുക 11,35,000/- രൂപ (15,00,000-3,65,000 രൂപ) പലിശ സഹിതം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.മേൽ പട്ടികയിലെ ക്രമ നമ്പർ 2 പ്രകാരം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ, ഗ്രൂപ്പ് സംരംഭങ്ങൾക്ക് തുക അനുവദിക്കുന്നതിനു പകരം വ്യക്തിഗത ഗുണഭോക്താവിന് 40,000/- രൂപ അനുവദിച്ചത് അംഗീകരിക്കുന്നില്ല. ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ അനർഹമായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് അനുവദിച്ച 3,25,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിരാകരിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-8 ബേപ്പൂർ സോണൽ ഓഫീസിൽ ബാറ്ററി വാങ്ങിയത് സംബന്ധിച്ച അപാകതകൾ.

<u>ഫയൽ നം ബി.ഇസഡ്/ഇ.ജി./7069/17</u>

വൗച്ചർ നം - 21805812 തിയതി 02.02.2019

ചെലവു തുക – 92,000/-

കോഴിക്കോട് നഗരസഭ ബേപ്പൂർ മേഖല കാര്യാലയത്തിലെ യു.പി.എസിന്റെ കേടായ 20 ബാറ്ററികൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 16.06.2017 ന് സോണൽ റവന്യൂ ഓഫീസറുടെ കത്തിന്റെ അടിസ്ഥാനത്തിൽ, 27.06.2017 ന് മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മുൻകൂർ അനുമതി നൽകി. 33 ദിവസത്തിനു ശേഷം 29.07.2017 ന് ക്വട്ടേഷൻ നോട്ടീസ് തയ്യാറാക്കുകയും 08.08.2017 ന് നടന്ന ക്വട്ടേഷനിൽ 2 സ്ഥാപനങ്ങൾ പങ്കെടുക്കുകയും ചെയ്തു. ലഭിച്ച ക്വട്ടേഷന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര്, | ലഭ്യമാക്കുന്ന ബാറ്ററി | ബാറ്ററിയുടെ വില, 28% ജി.എസ്.ടി.(ഒന്നിന്) | പഴയ ബാറ്ററിയുടെ വില (ഒന്നിന്) |
|---|---|---|---|
| IGA TECH INDUSTRIAL ELECTRONICS | Exide SMF Battery | 3,840/- (3000 +840) | 800/- |
| TAIKANDY ENTERPRISES | Exide Power safe SMF Battery | 4,800/- | 750/- |

മേൽ നടപടിക്രമങ്ങൾ കഴിഞ്ഞ് 15 ദിവസത്തിനു ശേഷം 23.08.2017 ന് അഭിപ്രായത്തിനായി ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് അയച്ചു കൊടുത്ത ഫയൽ 02.09.2017 ന് കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ബാറ്ററികൾ വാങ്ങാവുന്നതാണെന്ന് അറിയിച്ച് റവന്യൂ ഓഫീസർക്ക് തിരിച്ചയച്ചു. 25.10.2017 ന് ക്വട്ടേഷൻ അംഗീകരിക്കുന്ന നടപടികൾക്കായി ഫയൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് അയച്ചു കൊടുക്കുകയും 31.10.2017 ന് ക്വട്ടേഷൻ അംഗീകരിച്ച് തിരികെ നൽകുകയും ചെയ്തു. വിവിധ നടപടിക്രമങ്ങൾക്കു ശേഷം 06.02.2018 ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ സപ്ലൈ ഓർഡർ നൽകി. (അതായത് ക്വട്ടേഷൻ അംഗീകരിച്ച് 3 മാസത്തിനു ശേഷം). എന്നാൽ സമർപ്പിച്ച ക്വട്ടേഷനിൽ 60 ദിവസത്തിനകം സപ്ലൈ ഓർഡർ ലഭ്യമാക്കുന്നതിനാണ് ഓഫർ നൽകിയിരുന്നതെന്നും ആയതിനാൽ ക്വട്ടേഷൻ നിരക്കിൽ ബാറ്ററി വിതരണം ചെയ്യാൻ സാധ്യമല്ലെന്നും സ്ഥാപനം അറിയിച്ചു. തുടർന്ന് പുതിയ ക്വട്ടേഷൻ സ്വീകരിക്കുകയും ആയതിൽ കുറവ് തുക രേഖപ്പെടുത്തിയ 'പവർ ട്രാക്' എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ (ബാറ്ററി ഒന്നിന് 4,631.25/- നിരക്കിൽ) 13.07.2018 ന് പർച്ചേയ്സ് കമ്മിറ്റിയും (തീരുമാനം നം.1), 10.08.2018 ന് മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും (തീരുമാനം നം.17) അംഗീകരിച്ചു. 22.10.2018 ന് സ്ഥാപനം ബാറ്ററികൾ ലഭ്യമാക്കിയിട്ടുണ്ട്. ഒന്നിന് 3,840/- രൂപ നിരക്കിൽ ലഭിക്കേണ്ടിയിരുന്ന ബാറ്ററികൾക്ക് ഫയൽ നടപടിക്രമങ്ങളിലെ കാലതാമസം കാരണം ഒന്നിന് 4,631.25/- രൂപ നൽകേണ്ടി വന്നു. രണ്ട് സ്ഥാപനങ്ങളും ക്വാട്ട് ചെയ്ത ബാറ്ററികളുടെ വില വ്യത്യാസം താഴെ കൊടുക്കുന്നു. (ആകെ ആവശ്യമായ ബാറ്ററികൾ - 20 എണ്ണം)

| സ്ഥാപനത്തിന്റെ പേര്, | ലഭ്യമാക്കുന്ന ബാറ്ററി | ബാറ്ററിയുടെ വില, 28% ജി.എസ്.ടി. ഉൾപ്പടെ (ഒന്നിന്) | പഴയ ബാറ്ററിയുടെ വില (ഒന്നിന്) |
|---|---|---|---|
| IGA TECH INDUSTRIAL ELECTRONICS | 12 V, 42AH, Exide SMF Battery | 3,840/- (3000 +840) | 800/- |
| POWER TRACK | 12V, 42AH, AMARON QUANTA SMF Battery | 4631.25/- (4062.5 + 568.75) | 600/- |

(1) 08.08.2017 ലെ ക്വട്ടേഷൻ വിജയി 'ഇഗാടെക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ്' വിതരണം നടത്താമെന്ന് അറിയിച്ചതിനേക്കാൾ 791.25/- രൂപ (4631.25 – 3840) ബാറ്ററി ഒന്നിന് അധികരിച്ചാണ് 'പവർ ട്രാക്' എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത്. നഗരസഭ ഫണ്ടിന് നഷ്ടം 15,825/- രൂപ (791.25 x 20).

(2) പഴയ 20 ബാറ്ററികൾക്ക് 800/- രൂപ തോതിൽ 16,000/- രൂപ ലഭിക്കേണ്ടിടത്ത് 600/- രൂപ തോതിൽ 12,000/- രൂപയാണ് ലഭിച്ചത്. നഗരസഭ ഫണ്ടിന് നഷ്ടം - 4,000/- രൂപ (20x200).

ആകെ നഷ്ടം - 19,825/- രൂപ (15825 +4000)

27.03.2018 ലെ (എം.എസ്)02/2018/എസ്.പി.ഡി. നമ്പർ ഉത്തരവിലൂടെ ഡി.ജി.എസ്.&ഡി യുമായി ധാരണാപത്രം ഒപ്പ് വെയ്ക്കാതെ ഗുണമേന്മ ഉറപ്പാക്കി കേരള സർക്കാർ വകുപ്പുകൾക്കും, അനുബന്ധ സ്ഥാപനങ്ങൾക്കും കേന്ദ്ര സർക്കാർ നടത്തുന്ന ജെം പോർട്ടലിലൂടെ (G.E.M) സാധനങ്ങൾ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സർക്കാർ/ പൊതുമേഖല/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ ജെം പോർട്ടലിലൂടെ സാധനങ്ങൾ നേരിട്ട് വാങ്ങുന്നതിന് നിയമ തടസ്സമില്ലാതിരുന്നിട്ടും 05.04.2018 ന് പുതിയ ക്വട്ടേഷൻ

സ്വീകരിക്കുന്നതിനാണ് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം അറിയിച്ചത്. (25,000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ജെം പോർട്ടൽ മുഖേന വാങ്ങണം.)

മേൽ വിവരിച്ച അപാകതൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 26.08.2019 ന് നൽകിയ ഒ.എസ്. ന് (നം.22/ 2018 -19) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ ഫണ്ടിന് നഷ്ടം വന്ന 19,825/- രൂപ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-9 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം വരുമാന പരിധി പരിശോധിക്കാതെ അനുവദിച്ചതും മറ്റ് അപാകതകളും.

<u>ഫയൽ നം. ഡി.9/7108/97(C) വോള്യം .II, ഇ.ഇസെഡ്.3/5298/16</u>

21.07.2010 ലെ (എം.എസ്) 43/2010/ സാ.ക്ഷേ.വ ഉത്തരവിലൂടെ കേരളത്തിലെ സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം നൽകുന്നതിലുള്ള വരുമാന പരിധി നഗരപ്രദേശങ്ങളിൽ 22,375/- രൂപയായിട്ടാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം വിവാഹ ധനസഹായത്തിന് വരുമാന പരിധി നിശ്ചയിക്കുന്നത് അപേക്ഷകയായ വിധവയുടേയും, കുടുംബത്തിന്റേയും എല്ലാ ഇനത്തിലുമുള്ള കുടുംബവാർഷിക വരുമാനം കണക്കാക്കിയാണ്. എന്നാൽ സർക്കാർ നിർദ്ദേശിച്ച വരുമാന പരിധി പരിഗണിക്കാതെയും തെറ്റായ വരുമാന വിവരങ്ങൾ ഗുണഭോക്താക്കൾ സമർപ്പിച്ചത് യഥാവിധി പരിശോധിക്കാതെയും, മറ്റ് കാരണങ്ങളാലും നഗരസഭയിൽ നിന്നും വിവാഹ ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

<table>
<tr><th>ക്രമ നം</th><th>ഗുണഭോക്താവിന്റെ പേര്, മേൽവിലാസം</th><th>ഫയൽ നം</th><th>അനുവദിച്ച തുക</th></tr>
<tr><td>1</td><td>ശ്രീമതി.ഉഷ.എൻ.പി, വളപ്പിൽ (ഹ), വെള്ളയിൽ, ബീച്ച് (പി.ഒ), കോഴിക്കോട്</td><td>D9/24517/18</td><td>30000</td></tr>
<tr><td colspan="4">ശ്രീമതി.ഉഷ.എൻ.പി ഹാജരാക്കിയ റേഷൻ കാർഡിന്റെ പകർപ്പിൽ ടിയാരിക്ക് 27 വയസ്സുള്ള മകൻ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീ.ജി.പി.സുജൻ, റവന്യൂ ഇൻസ്പെക്ടർ ടിയാരിയുടെ അപേക്ഷ പരിശോധിച്ച് തുക അനുവദിക്കാമെന്ന് ശുപാർശ ചെയ്യുകയും വാർഡ് കൗൺസിലർ ശ്രീ.തോമസ് മാത്യൂ ആയത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തു.</td></tr>
<tr><td>2</td><td>ശ്രീമതി.രാധ.കെ, നെട്ടുളി, അമ്പലപ്പടി എരഞ്ഞിക്കൽ, കോഴിക്കോട്.673303</td><td>EZ.3/7718/17</td><td>30,000</td></tr>
<tr><td colspan="4">ടിയാരിയുടെ മകൾ ശ്രീമതി.ദിവ്യ.എൻ., കേന്ദ്ര സർക്കാർ സ്ഥാപനമായ ഫുഡ് കോർപ്പറേഷനിലെ ജീവനക്കാരിയാണ് എന്ന് ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച വിവാഹ സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (സർട്ടിഫിക്കറ്റ് നം.76/2018, 09.02.2018). ശ്രീ. സുജിത്ത്.പി. റവന്യൂ ഇൻസ്പെക്ടർ ടിയാരിയുടെ അപേക്ഷ പരിശോധിച്ച് തുക അനുവദിക്കാമെന്ന് ശുപാർശ ചെയ്യുകയും വാർഡ് കൗൺസിലർ ശ്രീ.എം.രാധാകൃഷ്ണൻ ആയത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തു.</td></tr>
<tr><td>3</td><td>ശ്രീമതി.സുധ.എം, തിരുവോണം (ഹ), മൊകവൂർ, എരഞ്ഞിക്കൽ (പി.ഒ), കോഴിക്കോട്.673303</td><td>EZ.3/5298/16</td><td>30,000</td></tr>
<tr><td colspan="4">ടിയാരിയുടെ മകൾ ശ്രീമതി.ഭവ്യ.എ., കനറ ബാങ്ക് ജീവനക്കാരിയാണ് എന്ന് കോഴിക്കോട് നഗരസഭയിൽ നിന്നും അനുവദിച്ച വിവാഹ സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (സർട്ടിഫിക്കറ്റ് തീയ്യതി 17.02.2018, EZ.3/1240/2018). ശ്രീ. നാണു.ടി.എച്ച്. റവന്യൂ ഇൻസ്പെക്ടർ ടിയാരിയുടെ അപേക്ഷ പരിശോധിച്ച് തുക അനുവദിക്കാമെന്ന് ശുപാർശ ചെയ്യുകയും വാർഡ് കൗൺസിലർ ശ്രീ.എൻ.പി.പത്മനാഭൻ ആയത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തു.</td></tr>
<tr><td>4</td><td>ശ്രീമതി.മിനി.കെ.പി, പടിഞ്ഞാറെ തിരുത്തിയിൽ (ഹ), മൊകവൂർ, എരഞ്ഞിക്കൽ (പി.ഒ), കോഴിക്കോട്.673303</td><td>EZ.3/5298/16</td><td>30,000</td></tr>
<tr><td colspan="4">ടിയാരിയുടെ മകൾ ശ്രീമതി.ദർശന.പി.റ്റി, നഴ്സായി (വിദേശത്ത്) ജോലി ചെയ്യുന്ന വ്യക്തിയാണെന്ന് പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച വിവാഹ സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (സർട്ടിഫിക്കറ്റ് നം.3459/2018 തീയ്യതി 25.04.2018, ). ശ്രീ.സുജിത്ത്.പി. റവന്യൂ ഇൻസ്പെക്ടർ ടിയാരിയുടെ അപേക്ഷ പരിശോധിച്ച്</td></tr>
</table>

<table>
<tr><td colspan="4">ആകെ വാർഷിക വരുമാനം 22,000/- രൂപയാണെന്നും വിവാഹ ധനസഹായ തുക അനുവദിക്കാമെന്ന് ശുപാർശ ചെയ്യുകയും വാർഡ് കൗൺസിലർ ശ്രീ.എൻ.പി.പത്മനാഭൻ ആയത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തു.</td></tr>
<tr><td>5</td><td>ശ്രീമതി.ഇന്ദിര.പി, ചാലക്കുഴിയിൽ (ഹ), വേങ്ങേരി (പി.ഒ), കോഴിക്കോട്.10</td><td>D.9/69440/18</td><td>30000</td></tr>
<tr><td colspan="4">ടിയാരിയുടെ മകൾ ശ്രീമതി.ധന്യ.സി ഇലക്ട്രിക്കൽ എഞ്ചിനീയറായി ജോലി ചെയ്യുന്ന വ്യക്തിയാണെന്ന് കോഴിക്കോട് നഗരസഭയിൽ നിന്നും അനുവദിച്ച വിവാഹ സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (സർട്ടിഫിക്കറ്റ് നം.80598/2018 തീയ്യതി 22.09.2018, ). ടിയാരിയുടെ അപേക്ഷ പരിശോധിച്ച റവന്യൂ ഇൻസ്പെക്ടർ ശ്രീ.ഷൈലേഷ്.എം, ആകെ വാർഷിക വരുമാനം 18,000/- രൂപയാണെന്നും വിവാഹ ധനസഹായ തുക അനുവദിക്കാമെന്ന് ശുപാർശ ചെയ്യുകയും വാർഡ് കൗൺസിലർ ശ്രീമതി.കെ.രതീദേവി ആയത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തു.</td></tr>
<tr><td>6</td><td>ശ്രീമതി.സുജ.പി, മോഹനം (ഹ), പുളിയൻ വയൽ, കണ്ണാടിക്കൽ വേങ്ങേരി (പി.ഒ) കോഴിക്കോട്6703010</td><td>D.9/71176/18</td><td>30000</td></tr>
<tr><td colspan="4">ടിയാരിയുടെ മകൾ ശ്രീമതി.കാവ്യ മോഹനൻ.കെ. ഫാർമസിസ്റ്റായി ജോലി ചെയ്യുന്ന വ്യക്തിയാണെന്ന് കോഴിക്കോട് നഗരസഭയിൽ നിന്നും അനുവദിച്ച വിവാഹ സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (സർട്ടിഫിക്കറ്റ് നം.102287/2018 തീയ്യതി 11.12.2018, ). ടിയാരിയുടെ അപേക്ഷ പരിശോധിച്ച റവന്യൂ ഇൻസ്പെക്ടർ ശ്രീ.ഷൈലേഷ്.എം, ആകെ വാർഷിക വരുമാനം 18,000/- രൂപയാണെന്നും വിവാഹ ധനസഹായ തുക അനുവദിക്കാമെന്ന് ശുപാർശ ചെയ്യുകയും വാർഡ് കൗൺസിലർ ശ്രീമതി.രജനി.യു. ആയത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തു.</td></tr>
<tr><td>7</td><td>ശ്രീമതി.ഐറിൻ ആൽബർട്ട്, ചാത്തനാട് (ഹ), മേരിക്കുന്ന് (പി.ഒ), കോഴിക്കോട്.673012</td><td>D.9/49717/15</td><td>30000</td></tr>
<tr><td colspan="4">ടിയാരിയുടെ മകൾ ശ്രീമതി.പ്രിസ്സില്ല ആൻ ജോയ്സ് അദ്ധ്യാപികയായി ജോലി ചെയ്യുന്ന വ്യക്തിയാണെന്ന് പെരുവയൽ ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച വിവാഹ സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (സർട്ടിഫിക്കറ്റ് നം.9804/2015 തീയ്യതി 21.11.2015, ). ടിയാരിയുടെ അപേക്ഷ പരിശോധിച്ച റവന്യൂ ഇൻസ്പെക്ടർ ശ്രീമതി.ടി.പി.സിന്ധു, ആകെ വാർഷിക വരുമാനം 12,000/- രൂപയാണെന്നും വിവാഹ ധനസഹായ തുക അനുവദിക്കാമെന്ന് ശുപാർശ ചെയ്യുകയും വാർഡ് കൗൺസിലർ ശ്രീമതി.പ്രമീള ബാലഗോപാൽ ആയത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തു.</td></tr>
<tr><td>8</td><td>ശ്രീമതി.പുഷ്പ.കെ, കോഴിക്കൽ (ഹ), വെളിയഞ്ചേരി പാടം, ചാലപ്പുറം (പി.ഒ), കോഴിക്കോട്</td><td>D.9/34713/17</td><td>30000</td></tr>
<tr><td colspan="4">ടിയാരിയുടെ മകൾ ശ്രീമതി.രേഷ്മ.കെ, അക്കൗണ്ടന്റ് ആയി ജോലി ചെയ്യുന്ന വ്യക്തിയാണെന്ന് കോഴിക്കോട് നഗരസഭയിൽ നിന്നും അനുവദിച്ച വിവാഹ സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (സർട്ടിഫിക്കറ്റ് നം.54626/17 തീയ്യതി 24.06.2017,). ടിയാരിയുടെ അപേക്ഷ പരിശോധിച്ച റവന്യൂ ഇൻസ്പെക്ടർ ശ്രീ.ജേക്കബ് ജോർജ്ജ്. ആകെ വാർഷിക വരുമാനം 21,000/- രൂപയാണെന്നും വിവാഹ ധനസഹായ തുക അനുവദിക്കാമെന്ന് ശുപാർശ ചെയ്യുകയും വാർഡ് കൗൺസിലർ ശ്രീമതി.ഉഷദേവി. ആയത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തു.</td></tr>
<tr><td>9</td><td>ശ്രീമതി.സരസിജാക്ഷി.കെ, താരകത്ത് (ഹ), വാഴതിരുത്തി, സിവിൽ സ്റ്റേഷൻ (പി.ഒ) കോഴിക്കോട്.673020</td><td>D.9/31880/18</td><td>30000</td></tr>
<tr><td colspan="4">ടിയാരിയുടെ മകൾ ശ്രീമതി.മിനിജ രത്നം, കമ്പ്യൂട്ടർ ഓപ്പറേറ്ററായി ആയി ജോലി ചെയ്യുന്ന വ്യക്തിയാണെന്ന് കോഴിക്കോട് നഗരസഭയിൽ നിന്നും അനുവദിച്ച വിവാഹ സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (സർട്ടിഫിക്കറ്റ് നം.47695/2018 തീയ്യതി 04.06.2018,). ടിയാരിയുടെ അപേക്ഷ പരിശോധിച്ച റവന്യൂ ഇൻസ്പെക്ടർ ശ്രീമതി.ബിന്ദു.പി.ആർ. ആകെ വാർഷിക വരുമാനം 18,000/- രൂപയാണെന്നും വിവാഹ ധനസഹായ തുക അനുവദിക്കാമെന്ന് ശുപാർശ ചെയ്യുകയും വാർഡ് കൗൺസിലർ ശ്രീമതി.ജിഷ ഗിരീഷ്. ആയത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തു.</td></tr>
<tr><td>10</td><td>ശ്രീമതി മേഴ്സി ഈവലിൻ, കോളേരിപ്പറമ്പ്, കുതിരവട്ടം (പോസ്റ്റ് ) കോഴിക്കോട്.673016</td><td>D.9/100696/17</td><td>30000</td></tr>
<tr><td colspan="4">ടിയാരിയുടെ മകൾ ശ്രീമതി.ഷിംന ഹാർവിൻ.കെ അദ്ധ്യാപികയായി ജോലി ചെയ്യുന്ന വ്യക്തിയാണെന്ന്</td></tr>
</table>

<table>
<tr><td colspan="4">കോഴിക്കോട് നഗരസഭയിൽ നിന്നും അനുവദിച്ച വിവാഹ സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (സർട്ടിഫിക്കറ്റ് നം.47292/2017 തീയ്യതി 27.05.2017, ). ടിയാരിയുടെ അപേക്ഷ പരിശോധിച്ച റവന്യൂ ഇൻസ്പെക്ടർ ശ്രീ.സാദിക്ക് അലിഖാൻ.പി.എസ്., ആകെ വാർഷിക വരുമാനം 15,000/- രൂപയാണെന്നും വിവാഹ ധനസഹായ തുക അനുവദിക്കാമെന്ന് ശുപാർശ ചെയ്യുകയും വാർഡ് കൗൺസിലർ ശ്രീമതി.എം.സെലീന ആയത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തു.</td></tr>
<tr><td>11</td><td>ശ്രീമതി.വൈജയന്തി.എ., ഹർഷജ (ഹ), അരീക്കനാടത്ത്, ഈസ്റ്റ്ഹിൽ, കോഴിക്കോട്. 673005</td><td>D.9/325/18</td><td>30000</td></tr>
<tr><td colspan="4">ടിയാരിയുടെ മകൾ ശ്രീമതി.അൻജുഷ.എം, ഡ്രാഫ്റ്റ്സ്മാനായി ജോലി ചെയ്യുന്ന വ്യക്തിയാണെന്ന് കോഴിക്കോട് നഗരസഭയിൽ നിന്നും അനുവദിച്ച വിവാഹ സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (സർട്ടിഫിക്കറ്റ് നം.21790/2018 തീയ്യതി 13.03.2018,). ടിയാരിയുടെ അപേക്ഷ പരിശോധിച്ച റവന്യൂ ഇൻസ്പെക്ടർ ശ്രീമതി.ബിന്ദു.പി.ആർ., ആകെ വാർഷിക വരുമാനം 21,000/- രൂപയാണെന്നും വിവാഹ ധനസഹായ തുക അനുവദിക്കാമെന്ന് ശുപാർശ ചെയ്യുകയും വാർഡ് കൗൺസിലർ ശ്രീ.കെ.വി.ബാബുരാജ് ആയത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തു.</td></tr>
<tr><td>12</td><td>ശ്രീമതി.വൽസല.ഒ.പി., മാളു വിഹാർ, തയ്യടിനിലം പറമ്പ, നടക്കാവ് (പി.ഒ), കോഴിക്കോട്. 673011</td><td>D9/7770/18</td><td>30000</td></tr>
<tr><td colspan="4">ശ്രീമതി. വൽസല .ഒ. സമർപ്പിച്ച റേഷൻകാർഡിന്റെ പകർപ്പ് പ്രകാരം കുടുംബവാർഷിക വരുമാനം 56,400/- രൂപയാണ്. ടിയാരിയുടെ മകൾ ശ്രീമതി.ആതിര ബാബു.ടി. സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന വ്യക്തിയാണെന്ന് കോഴിക്കോട് നഗരസഭയിൽ നിന്നും അനുവദിച്ച വിവാഹ സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (സർട്ടിഫിക്കറ്റ് നം.21462/2018 തീയ്യതി 07.03.2018). ടിയാരിയുടെ അപേക്ഷ പരിശോധിച്ച റവന്യൂ ഇൻസ്പെക്ടർ ശ്രീ.സുജൻ., ആകെ വാർഷിക വരുമാനം 15,000/- രൂപയാണെന്നും വിവാഹ ധനസഹായ തുക അനുവദിക്കാമെന്ന് ശുപാർശ ചെയ്യുകയും വാർഡ് കൗൺസിലർ ശ്രീ.പി.കിഷൻചന്ദ് ആയത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തു.</td></tr>
<tr><td>13</td><td>ശ്രീമതി.പ്രസന്ന.വി, വെളുപ്പോൽ(ഹ), എരഞ്ഞിക്കൽ, മൊകവൂർ, കോഴിക്കോട് - 673303</td><td>EZ.3/5298/16</td><td>30000</td></tr>
<tr><td colspan="4">ശ്രീമതി.പ്രസന്ന.വി, സമർപ്പിച്ച റേഷൻകാർഡിന്റെ പകർപ്പ് പ്രകാരം കുടുംബവാർഷിക വരുമാനം 36,000/- രൂപയാണ്. എന്നാൽ ടിയാരിയുടെ അപേക്ഷ പരിശോധിച്ച റവന്യൂ ഇൻസ്പെക്ടർ ശ്രീ.നാണു.ടി.എച്ച്, ആകെ വാർഷിക വരുമാനം 18,000/- രൂപയാണെന്നും വിവാഹ ധനസഹായ തുക അനുവദിക്കാമെന്ന് ശുപാർശ ചെയ്യുകയും വാർഡ് കൗൺസിലർ ശ്രീ.എൻ.പി.പത്മനാഭൻ ആയത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തു.</td></tr>
<tr><td>14</td><td>ശ്രീമതി.ബിന്ദു.കെ, കൊയിലോത്ത് തെക്കേയിൽ, മൊകവൂർ, എരഞ്ഞിക്കൽ (പി.ഒ), കോഴിക്കോട്.673303</td><td>EZ.3/5298/16</td><td>30000</td></tr>
<tr><td colspan="4">ശ്രീമതി.ബിന്ദു.കെ, എന്നവർക്ക് എലത്തൂർ വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം 48,000/- രൂപയും, അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം കുടുംബവാർഷിക വരുമാനം 36,000/- രൂപയുമാണ്. ടിയാരിയുടെ അപേക്ഷ പരിശോധിച്ച റവന്യൂ ഇൻസ്പെക്ടർ ശ്രീ.സുജിത്ത്.പി., ആകെ വാർഷിക വരുമാനം 48,000/- രൂപയാണെന്നും വിവാഹ ധനസഹായ തുക അനുവദിക്കാമെന്ന് ശുപാർശ ചെയ്യുകയും വാർഡ് കൗൺസിലർ ശ്രീ.എൻ.പി.പത്മനാഭൻ ആയത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തു.</td></tr>
<tr><td>15</td><td>ശ്രീമതി.ശാന്ത.ഇ.കെ, എലത്തൂർക്കാട്ടിൽ, ചെട്ടിക്കുളം, എലത്തൂർ(പി.ഒ), കോഴിക്കോട്.673303</td><td>EZ.3/5298/16</td><td>30000</td></tr>
<tr><td colspan="4">ശ്രീമതി.ശാന്ത.ഇ.കെ, എന്നവർക്ക് എലത്തൂർ വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം 48,000/- രൂപയാണ്. ടിയാരിയുടെ അപേക്ഷ പരിശോധിച്ച റവന്യൂ ഇൻസ്പെക്ടർ ശ്രീ.സുജിത്ത്.പി., ആകെ വാർഷിക വരുമാനം 48,000/- രൂപയാണെന്നും വിവാഹ ധനസഹായ തുക അനുവദിക്കാമെന്ന് ശുപാർശ ചെയ്യുകയും വാർഡ് കൗൺസിലർ ശ്രീ.എൻ.പി.പത്മനാഭൻ ആയത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തു.</td></tr>
<tr><td>16</td><td>ശ്രീമതി.പരിമള.കെ. തായാട്ട് പൊയിൽ, വൃന്ദാവൻ കോളനി, ചേവായൂർ (പി.ഒ), കോഴിക്കോട്.673017</td><td>D.9/108162/17</td><td>30000</td></tr>
</table>

| | | | |
|---|---|---|---|
| ശ്രീമതി.പരിമള..കെ, എന്നവർ സമർപ്പിച്ച റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം കുടുംബവാർഷിക വരുമാനം 36,000/- രൂപയാണ്. ആയത് ടിയാരി അപേക്ഷയിലും രേഖപ്പെടുത്തിയതാണ്. എന്നാൽ ടിയാരിയുടെ അപേക്ഷ പരിശോധിച്ച റവന്യൂ ഇൻസ്പെക്ടർ ശ്രീമതി.സജിത. റിപ്പോർട്ട് ചെയ്ത പ്രകാരം ശ്രീമതി.പരിമള..കെ എന്നവരുടെ ആകെ വാർഷിക വരുമാനം 19,000/- രൂപയാണെന്നും വിവാഹ ധനസഹായ തുക അനുവദിക്കാമെന്ന് ശുപാർശ ചെയ്യുകയും വാർഡ് കൗൺസിലർ ശ്രീ.വി.ടി.സത്യൻ ആയത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തു. | | | |
| 17 | ശ്രീമതി.മൈമൂന.എം.വി., മക്കാട്ട് (ഹ), ലങ്കപറമ്പ്, അരീക്കാട്, നല്ലളം (പി.ഒ) | A5/8325/18 | 30000 |
| ശ്രീമതി.മൈമൂന.എം.വി. സമർപ്പിച്ച വരുമാന സർട്ടിഫിക്കറ്റ് പ്രകാരം 36,000/- രൂപയാണ് വാർഷിക വരുമാനം. അപേക്ഷ പരിശോധിച്ച ചെറുവണ്ണൂർ നല്ലളം സോണൽ ഓഫീസ് റവന്യൂ ഇൻസ്പെക്ടർ വിവാഹ ധനസഹായ തുക അനുവദിക്കാമെന്ന് ശുപാർശ ചെയ്യുകയും വാർഡ് കൗൺസിലർ ശ്രീ.എസ്.വി.സയ്യീദ് മുഹമ്മദ് ഷമീൽ ആയത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തു. | | | |

അപേക്ഷകർ സമർപ്പിക്കുന്ന രേഖകളിൽ വരുമാനം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമായിരുന്നിട്ടും ആയത് പരിശോധിക്കാതെ വിവാഹ ധനസഹായം നൽകുന്നതിന് ശുപാർശ ചെയ്ത റവന്യൂ ഇൻസ്പെക്ടർമാർ, ബന്ധപ്പെട്ട കൗൺസിലർമാർ എന്നിവരിൽ നിന്നും 5,10,000/- രൂപ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 ആദായ നികുതി റിട്ടേണുകൾ തെറ്റായി ഫയൽ ചെയ്തതിനാൽ നഗരസഭ ഫണ്ടിൽ നിന്നും പിഴ അടവാക്കിയതും, മറ്റ് ചെലവുകളും.

1) ഫയൽ നം.ബി.5/110757/15

കോഴിക്കോട് നഗരസഭ സെക്രട്ടറിയുടെ പേരിൽ അനുവദിച്ച TAN (CHNC00161A) ൽ 2007-08 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ 2,39,50,697/- രൂപ നികുതി കുടിശ്ശിക അടവാക്കാനുണ്ടെന്ന് കാണിച്ച് 14.10.2015 ലെ ITO(TDS)/Arrear Demand/ CHNC00161A/2015-16/1209 നമ്പർ കത്തിലൂടെ ആദായ നികുതി വകുപ്പിൽ നിന്നും നിർദ്ദേശം ലഭിച്ചു. കുടിശ്ശികയുടെ വിശദാംശങ്ങൾ പരിശോധിച്ച് റെക്റ്റിഫിക്കേഷൻ റിപ്പോർട്ടുകൾ സമർപ്പിച്ചതിലൂടെ കുടിശ്ശിക തുക 11,18,694/- രൂപയായി കുറഞ്ഞു. മേൽ കുടിശ്ശികയിൽ 7,48,990/- രൂപ ആദായ നികുതി വകുപ്പ് നഗരസഭയിൽ നേരിട്ട് പരിശോധന നടത്തി മാന്വലായി ചുമത്തിയതാണ്. ആയതിന് ആദായ നികുതി കമ്മീഷണർ മുമ്പാകെ അപ്പീൽ ഫയൽ ചെയ്തു. ബാക്കിയുള്ള 3,69,730/- രൂപ ട്രേസസ്സ് പ്രകാരം കുടിശ്ശിക നിലനിൽക്കുന്നു.

ഈടാക്കിയ നികുതി ആദായ നികുതി വകുപ്പിൽ യഥാസമയം അടവാക്കാത്തതിനാൽ പിഴപ്പലിശയിനത്തിൽ 70,060/- രൂപ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ ഓൺലൈനായി അടവാക്കിയിട്ടുണ്ട്.ആദായ നികുതി റിക്കവറി നടത്തുമ്പോൾ പാൻ നമ്പർ ഇല്ലാത്തവരിൽ നിന്നും 20% വും, ആദായ നികുതി നിയമം വകുപ്പ് 194(സി) പ്രകാരം കരാർ എടുക്കുന്നവരിൽ നിന്നും 2% തോതിലും ഈടാക്കണം. എന്നാൽ പ്രസ്തുത കാലയളവിൽ മേൽ രീതിയിൽ തുക ഈടാക്കുന്നതിൽ അക്കൗണ്ട്സ് സെക്ഷൻ ബി.4, ബി.9, റവന്യൂ നോൺ ടാക്സ്, എഞ്ചിനീയറിംഗ് വിഭാഗങ്ങൾ വീഴ്ച വരുത്തി. തെറ്റായ പാൻ നമ്പറുകളിലൂടെ റിട്ടേണുകൾ സമർപ്പിച്ചതിനാലും, ഓരോ ക്വാർട്ടറിന്റേയും റിട്ടേണുകൾ നിയമപരമായ സമയപരിധിക്കകം സമർപ്പിക്കാത്തതിനാലും, റവന്യൂ നോൺ ടാക്സ് വിഭാഗത്തിൽ നിന്ന് ലേലം വിളിച്ചെടുത്തവരിൽ നിന്നും 2% ആദായ നികുതി ഈടാക്കേണ്ടതിനു പകരം 1% നികുതി ഈടാക്കിയതിനാലും, തനത്/പദ്ധതി ഫണ്ടുകൾ വകയിരുത്തി നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നും ആദായ നികുതി തെറ്റായി ഈടാക്കിയതിനാലുമാണ് വലിയ തുക നികുതി കുടിശ്ശിക ആദായ നികുതി വകുപ്പ് ഡിമാന്റ് ചെയ്തത്.

| വൗച്ചർ നം | തീയ്യതി | തുക |
|---|---|---|
| 21801909 | 27.07.2018 | 14,150 |
| 21801907 | | 8,290 |
| 21801908 | | 4,600 |
| 21801906 | | 41,710 |

| | | |
|---|---|---|
| 21801905 | | 1,310 |
| | | 70,060 |

2008-09 മുതൽ 2014-15 വരെയുള്ള കാലയളവിൽ ബി.5 സെക്ഷൻ ചുമതലയുണ്ടായിരുന്ന ക്ലാർക്കുമാരോട് സെക്രട്ടറി വിശദീകരണം ആവശ്യപ്പെട്ട് കുറിപ്പുകൾ നൽകി. മേൽ വിശദീകരണ കുറിപ്പിന് പ്രസ്തുത കാലയളവിൽ ചുമതലയിൽ ഉണ്ടായിരുന്ന സെക്ഷൻ ക്ലാർക്കുമാരായ ശ്രീ.കെ.സി.സുനിൽകുമാർ, ശ്രീ.പി.റെനിരാജ് എന്നീ സീനിയർ ക്ലാർക്കുമാർ യഥാക്രമം 13.11.2017, 31.08.2018 തീയതികളിൽ സമർപ്പിച്ച മറുപടികൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 20.06.2018 ന് ഡെപ്യൂട്ടി സെക്രട്ടറിയെ സെക്രട്ടറി ചുമതലപ്പെടുത്തി. ഡപ്യൂട്ടി സെക്രട്ടറിയുടെ റിപ്പോർട്ടിൽ ശ്രീ.റെനിരാജ്.പി.യുടെ മറുപടിയിൽ പറഞ്ഞത് പ്രകാരമുള്ള കാര്യങ്ങൾ പരിശോധിക്കണമെന്നും (ശമ്പളം നൽകി കഴിഞ്ഞ് നഗരസഭ അക്കൗണ്ടിൽ പണം ഇല്ലാത്തതിനാൽ ഐ.ടി, വാറ്റ്, ക്ഷേമനിധി തുടങ്ങിയവ നൽകുന്നതിന് ചെക്ക് എഴുതി വയ്ക്കുമെങ്കിലും 2, 3 ദിവസങ്ങൾക്ക് ശേഷമാണ് നൽകാറ്), ശ്രീ.കെ.സി.സുനിൽ കുമാർ യഥാസമയം റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയതായും സെക്രട്ടറിയെ അറിയിച്ചു. മേൽ വിഷയത്തിൽ തുടർ അന്വേഷണം നടത്തുന്നതിന് വകുപ്പ് മേധാവിയായ അക്കൗണ്ട്സ് ഓഫീസറെ ചുമതലപ്പെടുത്താവുന്നതാണെന്നും 24.09.2018 ന് ശുപാർശ ചെയ്തു.

അക്കൗണ്ട്സ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിൽ 2010 ഏപ്രിൽ മുതൽ 2015 ജൂലൈ വരെയുള്ള കാലയളവിൽ ആദായ നികുതി വകുപ്പിൽ നിന്നും ലഭിക്കുന്ന നോട്ടീസുകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകാതെയും ആദായ നികുതി സമയബന്ധിതമായി അടവാക്കുന്നതിലും, റിട്ടേണുകൾ ഫയൽ ചെയ്യുന്നതിലും ശ്രീ.കെ.സി.സുനിൽ കുമാറിന്റെ ഭാഗത്ത് നിന്ന് ഗുരുതര വീഴ്ച സംഭവിച്ചതായി പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ നഗരസഭക്ക് അടവാക്കേണ്ടി വന്ന പിഴ ടിയാനിൽ നിന്നും ഈടാക്കേണ്ടതാണെന്നും ശ്രീ.റെനിരാജ്.പി. യുടെ മറുപടി പ്രകാരമുള്ള കാര്യങ്ങൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണെന്നും പരാമർശിച്ചിട്ടുണ്ട്. നഗരസഭ ജീവനക്കാരുടെ ഭാഗത്ത് നിന്ന് വീഴ്ച സംഭവിച്ചതിന് മെമ്മോ നൽകി വിശദീകരണം ലഭ്യമാക്കിയതിനു ശേഷം തുടർനടപടികൾ സ്വീകരിക്കുവാൻ 13.06.2019 ന് അഡീഷണൽ സെക്രട്ടറി അക്കൗണ്ട്സ് ഓഫീസർക്ക് നിർദ്ദേശം നൽകിയെങ്കിലും തുടർനടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.

2) <u>ഫയൽ നം. ബി.ഇസഡ്/ജി.4/11110/11</u>

ബേപ്പൂർ സോണൽ ഓഫീസിൽ നിന്നും മണൽ വിൽപ്പന ഇനത്തിൽ വരവ് വന്ന തുകയിൽ നിന്നും ആദായ നികുതി അടവാക്കുന്നതിൽ വീഴ്ചകൾ വരുത്തിയതിനാൽ 2011-12 അസസ്സ്മെന്റ് വർഷത്തിൽ 12,17,970/- രൂപ കുടിശ്ശിക അടവാക്കാൻ നിർദ്ദേശിച്ച് ഡിമാന്റ് നോട്ടീസ് ലഭിച്ചു. ഡിമാന്റ് നോട്ടീസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആദായ നികുതി വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ തെറ്റായ പാൻ നമ്പർ ചേർത്ത് സ്റ്റേറ്റ് മെന്റ് നൽകിയതിനാലും, ഡാറ്റ എൻട്രിയിൽ പിഴവുകൾ വരുത്തിയതിനാലാണ് വലിയ തുക കുടിശ്ശികയായി ഡിമാന്റ് ചെയ്തത് എന്ന് ബോദ്ധ്യപ്പെട്ടു. മേൽ അപാകതകൾ പരിഹരിക്കുന്നതിനായി 03.12.2016 ന് റെക്കൺ ബിസിനസ്സ് സൊല്യൂഷൻ (ടാക്സ് കൺസൾട്ടന്റ്) എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തി. പ്രസ്തുത വിഭാഗം ആയത് പരിശോധിച്ച് ആദായ നികുതി വകുപ്പിൽ പുതുക്കിയ റിട്ടേണുകൾ സമർപ്പിച്ച് കുടിശ്ശിക തുക ഒഴിവാക്കി. ആയതിന്റെ കൺസൾട്ടൻസി ഫീസായി 12,495/- രൂപ 25.05.2018 ന് 322637 നമ്പർ ചെക്ക് പ്രകാരം നഗരസഭ ഫണ്ടിൽ നിന്നും അനുവദിച്ചു (വൗച്ചർ നം. 21800903, 25.05.2018). 28.03.2018 ലെ ധനകാര്യ സ്ഥിരം സമിതി യോഗത്തിൽ ആദായ നികുതി തെറ്റായി റിട്ടേൺ ഫയൽ ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുന്നതിന് നിർദ്ദേശിച്ചുവെങ്കിലും തുടർനടപടികൾ സ്വീകരിച്ച വിശദാംശങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. കൺസൾട്ടൻസി ഫീസിനത്തിൽ 12,495/- രൂപ അധികം ചെലവഴിച്ചു.

3) <u>ഫയൽ നം. എ.4/8359/18</u>

ചെറുവണ്ണൂർ - നല്ലളം ഗ്രാമപഞ്ചായത്ത് ആയിരുന്ന 2008-09, 2009-10, 2010-11 സാമ്പത്തിക വർഷത്തിൽ 10,26,893/- രൂപ നികുതി അടവാക്കുന്നതിൽ കുടിശ്ശിക വരുത്തിയതിന് 25.05.2018 ന് ITO(TDS)/Arrear Demand/ CHNC01192C/260 നമ്പർ കത്തിലൂടെ ആദായ നികുതി വകുപ്പിൽ നിന്നും ഡിമാന്റ് നോട്ടീസ് ലഭിച്ചു. ആദായ നികുതി അടവാക്കുന്നതും, ഫയലിംഗ് നടത്തുന്നതിനുമായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഈടാക്കിയ നികുതി യഥാസമയം അടവാക്കുന്നതിലും, റിട്ടേൺ ഫയൽ ചെയ്യുന്നതിലും വീഴ്ച വരുത്തിയതിനാലാണ് കുടിശ്ശികയായത് . കുടിശ്ശികയുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷം തിരിച്ച് താഴെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | കുടിശ്ശിക |
|---|---|
| | |

| | |
|---|---|
| 2008-09 | 46,710 |
| 2009-10 | 9,310 |
| 2010-11 | 9,70,873 |
| ആകെ | 10,26,893 |

19.06.2018 ന് ആദായ നികുതി ഓഫീസിൽ വെച്ച് നടന്ന ഹിയറിംഗിൽ ആദായ നികുതി അടവാക്കിയത് സംബന്ധിച്ച ഫയലുകൾ ഓഫീസിൽ ലഭ്യമായിട്ടില്ല എന്ന് അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ രേഖകൾ ഹാജരാക്കുന്നതിന് 3 ആഴ്ച സമയം അനുവദിച്ചു നൽകി. 28.06.2018 ന് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് 23.07.2018 നാണ് അജണ്ട തയ്യാറാക്കി ഫയൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ അഡീഷണൽ സെക്രട്ടറി നിർദ്ദേശിക്കുന്നത്. 08.08.2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലെ 2ാം നമ്പർ തീരുമാനം പ്രകാരം മേൽ വിഷയം കൈകാര്യം ചെയ്യുന്നതിനായി റെക്കൺ ബിസിനസ്സ് സൊല്യൂഷൻ എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തി. തുടർ നടപടികൾ സംബന്ധിച്ച് ഫയലിൽ രേഖപ്പെടുത്തലുകളില്ല.

ആദായ നികുതി നിയമം പ്രകാരം നികുതിയിനത്തിൽ ഈടാക്കിയ തുക തൊട്ടടുത്ത മാസം 7 ാം തീയതിക്കകം അടവാക്കേണ്ടതും, ഇപ്രകാരം അടക്കുന്ന തുകക്ക് ഓരോ ക്വാർട്ടറിലും വിവരങ്ങളടങ്ങിയ റിട്ടേൺ യഥാസമയം ഫയൽ ചെയ്യേണ്ടത് അതത് സ്ഥാപന തലവൻമാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ നഗരസഭയിലും മേഖല കാര്യാലയങ്ങളിലും ആദായ നികുതി അടവാക്കുന്നതിനും, ഫയലിംഗ് നടത്തുന്നതിനുമായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഈടാക്കിയ നികുതി യഥാസമയം അടവാക്കുന്നതിലും, റിട്ടേൺ ഫയൽ ചെയ്യുന്നതിലും വീഴ്ച വരുത്തിയതിനാലാണ് ആദായ നികുതി വകുപ്പ് ലേറ്റ് പെയ്മെന്റ് ഫീ, ലേറ്റ് ഫയലിംഗ് ഫീ എന്നിവ ചുമത്തുന്നതും നഗരസഭ ഫണ്ടിൽ നിന്നും തുക അടവാക്കേണ്ടി വരുന്നതും. ഇത്തരത്തിൽ അടവാക്കിയ തുകയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുവാൻ കഴിയില്ല.

ആദായ നികുതി അടവാക്കുന്നതിന്റെ ഭാഗമായി തെറ്റായി റിട്ടേൺ ഫയൽ ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും നഗരസഭ ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ഈടാക്കുന്നതിനും വീഴ്ച വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും പിഴയിനത്തിൽ അധികം അടവാക്കിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 92,545/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. (70060+12495).

(4) ഫയൽ നം.ബി5/40365/17

<u>ആദായ നികുതി ഫയലിംഗിന് വേണ്ടിയുള്ള ഡാറ്റ എൻട്രിക്ക് വേണ്ടി തനത് ഫണ്ടിൽ നിന്നും തുക ചെലവാക്കുന്നു</u>

ആദായ നികുതി റിട്ടേണുകൾ "കാർവി" എന്ന സ്ഥാപനം വഴിയാണ് നഗരസഭ ഫയൽ ചെയ്തു വരുന്നത്. ഇതിനായി നഗരസഭ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നുണ്ട്. ഇതിന്റെ ഡാറ്റ എൻട്രിക്കായി റെക്കൺ ബിസിനസ്സ് സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് 2018-19 ൽ താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ.നം. | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 322523 | 14.05.2018 | 4140 |
| 2 | 707160 | 27.07.2018 | 6300 |
| 3 | 947985 | 04.10.2018 | 17550 |
| 4 | 948029 | 09.10.2018 | 4725 |
| 5 | 569160 | 19.02.2019 | 4410 |
| | | ആകെ | 37125 |

ബന്ധപ്പെട്ട സെക്ഷനുകൾ ചെയ്യേണ്ട ജോലികൾ മറ്റ് ഏജൻസിയെക്കൊണ്ട് നിർവഹിച്ചതിനാണ് മേൽ പ്രകാരം 37,125/- രൂപ ചെലവഴിച്ചത്. മേൽ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

# 3-11 മുനിസിപ്പൽ നിയമത്തിനു വിരുദ്ധമായി വാർഡ്

# സാനിറ്റേഷൻ കമ്മിറ്റികളുടെ പേരിൽ ബാങ്കുകളിൽ പ്രത്യേക അക്കൗണ്ടുകൾ ആരംഭിച്ചു.

നഗരസഭയിലെ 75 വാർഡുകളിലെ സാനിറ്റേഷൻ കമ്മിറ്റികളുടെ പേരിൽ വിവിധ ബാങ്കുകളിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തികൾ നടപ്പാക്കുന്നതിന് തനത് ഫണ്ടിൽ നിന്നും തുക വീതിച്ച് നൽകിയിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് നം, പേര്, 2018-19 സാമ്പത്തിക വർഷത്തിലെ മുന്നിരിപ്പ്, വരവ് തുക, ചെലവ് തുക, ഓഡിറ്റ് കാലയളവിലെ നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് നം | ബാങ്കിന്റെ പേര്, ശാഖ | അക്കൗണ്ട് നമ്പർ | മുന്നിരിപ്പ് തുക | വരവ് തുക | ചെലവ് തുക | ഓഡിറ്റ് കാലയളവിലെ നീക്കിയിരിപ്പ് തുക | മിനിമം ബാലൻസ് ഇല്ലാതെ പിഴ ഈടാക്കിയത് |
|---|---|---|---|---|---|---|---|
| 1 | കാരന്നൂർ സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് | 0010190007597 | 497 | 160572 | 160000 | 1069 | --------- |
| 2 | കെ.ഡി.സി.ബാങ്ക്, എലത്തൂർ | 100491202120138 | 407 | 160365 | 160000 | 772 | --------- |
| 3 | പുതിയങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് | 4493 | 51 | 160134 | 140000 | 20185 | --------- |
| 4 | കോഴിക്കോട് ജില്ല സഹകരണ ബാങ്ക് | 100491202120140 | 609 | 140457 | 140000 | 1066 | --------- |
| 5 | | 100491202120141 | 487 | 160545 | 159000 | 2032 | --------- |
| 8 | സിൻഡിക്കേറ്റ് ബാങ്ക് മലാപറമ്പ | 441520110005901 | 1363.13 | 170113.03 | 170000 | 1476.16 | --------- |
| 9 | C.N.S.C.Bank | 102100020008756 | 276 | 180163 | 180000 | 439 | --------- |
| 11 | കാലിക്കറ്റ് സിറ്റി സർവ്വീസ് കോ.ബേങ്ക് | 002001006471 | 42 | | | | --------- |
| 12 | സിൻഡിക്കേറ്റ് ബാങ്ക് മലാപറമ്പ | 441520110006290 | 1303.23 | 150211.37 | 150000 | 1514.60 | --------- |
| 13 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പി.& എസ്. ബി. ശാഖ, പൊറ്റമൽ | 67369535677 | 46635 | 150660 | 205165.2 | 2147.80 | 165.20 |
| 14 | സിൻഡിക്കേറ്റ് ബാങ്ക് മലാപറമ്പ | 441520110005896 | 1121.43 | 150117.21 | 150030 | 1208.64 | --------- |
| 15 | കാലിക്കറ്റ് സിറ്റി സർവ്വീസ് കോ.ബേങ്ക് | 002001006467 | | | | | --------- |
| 16 | | 002001006458 | --- | 140042 | 140000 | 42 | --------- |
| 17 | | 002001006463 | 10 | 140031 | 140000 | 41 | --------- |
| 18 | പഞ്ചാബ് നാഷണൽ ബാങ്ക്, മെഡിക്കൽ കോളേജ് | 4909000100026548 | 72 | 7 | ---- | 79 | --------- |
| 19 | | 4909000100026502 | 000 | --- | 000 | 0000 | --------- |
| 20 | | 4909000100026539 | 51 | 50169 | 50000 | 220 | --------- |
| 21 | കാലിക്കറ്റ് സിറ്റി സർവ്വീസ് കോ.ബേങ്ക് | 002001006479 | 56 | 160041 | 160000 | 97 | --------- |
| 22 | പഞ്ചാബ് നാഷണൽ ബാങ്ക് | 4909000100026520 | 64 | 70247 | 70000 | 311 | --------- |
| 23 | യൂണിയൻ ബാങ്ക്, പൊറ്റമ്മൽ | 441802010207958 | 1558 | 70408 | 70000 | 1966 | --------- |
| 24 | | 441802010208019 | 1500 | 70340 | 70000 | 1840 | --------- |
| 25 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പി.& എസ്. ബി. ശാഖ, പൊറ്റമൽ | 67355487923 | 16628 | 321980 | 338700.30 | 92.30 | 100.30 |
| 26 | | 67363074187 | 17 | 170077 | 170094 | 0.00 | 242.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 27 | പഞ്ചാബ് നാഷണൽ ബാങ്ക്, ലിങ്ക് റോഡ് | 1423000105451390 | 1092 | 160244 | 160000 | 1336 | --------- |
| 28 | കൊമ്മേരി സർവ്വീസ് സഹകരണ ബാങ്ക് | 0030060001796 | 153 | 160000 | 160020 | 133 | --------- |
| 29 | യൂണിയൻ ബാങ്ക്, | 441802010208018 | 1227 | 70232 | 70000 | 1459 | --------- |
| 30 | കൊമേരി സർവ്വീസ് സഹകരണ ബാങ്ക് | 0030060001795 | 20617 | 160091 | 180020 | 688 | --------- |
| 31 | | 0030060001794 | 167 | 160000 | 160020 | 147 | --------- |
| 32 | പഞ്ചാബ് നാഷണൽ ബാങ്ക്, മാങ്കാവ് | 4312001700019585 | 267 | 140207 | 140000 | 474 | --------- |
| 33 | | 4312001700019363 | 315 | 180299 | 180088.5 | 525.5 | --------- |
| 34 | | 4312001700019567 | 371 | 130172 | 130000 | 543 | --------- |
| 35 | | 4312001700019576 | 1485 | 145255 | 145088.5 | 1651.50 | --------- |
| 36 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കല്ലായി | 67361646933 | --- | 1500089 | 150000 | 89 | 201.56 |
| 37 | | 67361432932 | ---- | 155097 | 155000 | 97 | 61.00 |
| 40 | പഞ്ചാബ് നാഷണൽ ബാങ്ക്, മീഞ്ചന്ത | 4316000100432930 | 1079.15 | 160423 | 158124.05 | 3378.10 | --------- |
| 41 | | 4316000100432949 | 1295.25 | 160239 | 158000 | 3534.25 | --------- |
| 42 | | 4316000100432921 | 1245.15 | 145388 | 144070.80 | 2562.35 | --------- |
| 43 | | 4316000100432912 | 21836.15 | 160833 | 182669.15 | ----- | --------- |
| 44 | | 4316000100432851 | 1362.45 | 160387 | 160106.35 | 1643.10 | --------- |
| 45 | | 4316000100432879 | 1386.15 | 155361 | 156302.55 | 444.60 | --------- |
| 46 | | 4316000100432897 | 1242.15 | 150176 | 150124.05 | 1294.10 | --------- |
| 47 | എസ്.ബി.ഐ, ബേപ്പൂർ | 67361951811 | ---- | 10000 | 9000 | --- | 1000.00 |
| 48 | | 67361951425 | ---- | 10000 | 9000 | --- | 1000.00 |
| 49 | | 67361951902 | ---- | 100000 | 99000 | ---- | 1000.00 |
| 50 | | 67361951753 | ---- | 10000 | 8702 | ---- | 1298.00 |
| 51 | | 67369008617 | ---- | 10000 | 8900 | --- | 1100.00 |
| 52 | | 67368809222 | ---- | 10000 | ---- | 7581 | 2419.00 |
| 53 | | 67368731537 | ---- | 62000 | 61829 | 171 | 1829.00 |
| 54 | എസ്.ബി.എ. കല്ലായി റോഡ് | 67364716433 | 10915 | 215456 | 150000 | 76371 | --------- |
| 55 | | 67361824102 | --- | 215567 | | | --------- |
| 56 | | 67361818348 | ---- | 190198 | 187033 | 3164.80 | 533.20 |
| 60 | പഞ്ചാബ് നാഷണൽ ബാങ്ക് | 1423000105451309 | 1226 | 260544 | 260000 | 1770 | --------- |
| 61 | കാലിക്കറ്റ് ടൗൺ സർവ്വീസ് കോ.ബേങ്ക് | 007001000270 | 21922 | 370182 | 390000 | 2104 | --------- |
| 62 | കെ.ഡി.സി.ബാങ്ക്, വെള്ളയിൽ | 100191201020072 | 556 | 280325 | 280000 | 881 | --------- |
| 63 | കെ.ഡി.സി. ബാങ്ക് മാവൂർ റോഡ് | 100251201020003 | 1154 | 95222 | 95000 | 1376 | --------- |
| 64 | | 100251201020002 | 1156 | 110402 | 110000 | 1558 | --------- |
| 65 | കെ.ഡി.സി.ബാങ്ക്, വെള്ളയിൽ | 100191201020067 | 1259 | 190209 | 188741 | 1468 | --------- |
| 66 | | 100191201020069 | 643 | 346727 | 345000 | 2370 | --------- |
| 67 | എസ്.ബി.ഐ. ചക്കോരത്തുകളം | 67355378753 | 62.02 | 321035 | 320215.94 | 881.08 | --------- |
| 68 | | 67355383515 | ---- | 170790.2 | 170758.7 | 31.50 | --------- |

| | | | | | | | |
|---|---|---|---|---|---|---|---|
| 69 | | 67355380933 | ---- | 150572.6 | 150553.36 | 19.24 | --------- |
| 70 | C.N.S.C.Bank | 10610002000319 | 44 | 150074 | 150000 | 118 | --------- |
| 71 | പുതിയങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് | PUD1004004512 | 23 | 95100 | 95000 | 123 | --------- |
| 72 | | PUD1004004497 | 10200 | 85512 | 95000 | 712 | --------- |
| 73 | | PUD1004004503 | 8 | 90067 | 90000 | 75 | --------- |
| 74 | | PUD1004004496 | 20640 | 95901 | 105000 | 11541 | --------- |
| 75 | കോഴിക്കോട് ജില്ല സഹകരണ ബാങ്ക് | 100491202120142 | 532 | 195608 | 195000 | 1140 | -------- |
| | | | | | | | 11004.72 |

(വാർഡ് 15 ലെ ബാങ്ക് നീക്കിയിരിപ്പ് വിശദാംശങ്ങൾ പാസ് ബുക്ക് ഹാജരാക്കാത്തതിനാൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.)

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ്49 (1) (ഐ) പ്രകാരം മുനിസിപ്പൽ ഫണ്ടിന്റെ സൂക്ഷിപ്പിന് ഉത്തരവാദി സെക്രട്ടറിയാണ്. എന്നാൽ മേൽ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെ വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മറ്റി ചെയർമാന്റെയും (വാർഡ് കൗൺസിലർ), കൺവീനറുടേയും (ഹെൽത്ത് ഇൻസ്പെക്ടർ) പേരിൽ ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ച് മുനിസിപ്പൽ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നുണ്ട്. വകുപ്പ് 283, 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം മുനിസിപ്പൽ ഫണ്ടിൽ നിന്നും ചെലവുകൾ നടത്തേണ്ടത് സെക്രട്ടറിയാണ്. (സ്ഥാപന തലവന്റെ അംഗീകാരത്തോടെ) എന്നാൽ നിയമത്തിൽ അനുശാസിക്കാത്ത തരത്തിൽ വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മറ്റിക്ക് യഥേഷ്ടം പണം കൈകാര്യം ചെയ്യാൻ അനുവാദം നൽകുന്നത് നിയമ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. കൃത്യമായ രീതിയിൽ പരിശോധന നടത്താതെയും ബാങ്ക് അക്കൗണ്ടിൽ മിനിമം ബാലൻസ് നിലനിർത്താതെയും അക്കൗണ്ടുകൾ സൂക്ഷിച്ചതിനാൽ 11,005/- (11,004.72) രൂപ നഗരസഭ ഫണ്ടിന് നഷ്ടം സംഭവിച്ചു. മുനിസിപ്പൽ നിയമത്തിലേയും അനുബന്ധ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിരുദ്ധമായി വാർഡ് സാനിറ്റേഷൻ കമ്മിറ്റികൾക്ക് തുക അനുവദിച്ചതിനും 11,005/- രൂപ നഷ്ടം വരുത്തിയതിനും വിശദീകരണം ലഭ്യമാക്കുന്നതിനായി 31.01.2020 ന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.138/18-19) മറുപടി ലഭ്യമാക്കിയിട്ടില്ല. ബാങ്ക് അക്കൗണ്ടിൽ മിനിമം ബാലൻസ് നിലനിർത്താതെ നഷ്ടം വരുത്തിയ 11,005/- രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 എസ്.സി. വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങൽ - പർച്ചേസിംഗ് മാർഗ്ഗരേഖ വ്യവസ്ഥകൾ, സർക്കാർ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് പേര്, നം | - ലാപ് ടോപ്പ് വിതരണം, 578/19 |
| നിർവ്വഹണ ഉദ്യോഗസ്ഥ | - പട്ടികജാതി വികസന ഓഫീസർ, കോഴിക്കോട് നഗരസഭ |
| അടങ്കൽ തുക, ഫണ്ട് തരം | - 10,00,000/- , വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് തുക | - 10,00,000/- [ബിൽ നം. 02/18-19, തീയ്യതി - 21.05.2018] |

നഗരസഭ പരിധിയിൽ വസിക്കുന്നതും ഡിഗ്രിതലം മുതൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി 40 ലാപ്പ് ടോപ്പുകൾ വാങ്ങി നൽകുന്നതിനായിട്ടാണ് 2017-18 സാമ്പത്തിക വർഷത്തിൽ മേൽ പദ്ധതി രൂപീകരിച്ചത് (630/17). 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മേൽ പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, ആയതിന്റെ പരിശോധന വിവിധ കമ്മിറ്റികളുടെ അംഗീകാരം എന്നീ പ്രവർത്തനങ്ങൾ യഥാസമയം നടത്താത്തതിനാൽ ട്രഷറിയിൽ ബിൽ സമർപ്പിക്കാൻ സാധിച്ചത് 24.03.2018 നാണ്. എന്നാൽ ബിൽ പാസ്സാകാത്തതിനാൽ 2018-19 സാമ്പത്തിക വർഷം പദ്ധതി സ്പിൽ ഓവറായി (578/19) തുക ചെലവഴിച്ചു. 31.01.2018ന് കെൽട്രോൺ, കെ.എസ്.ഐ.ഇ. എന്നീ സ്ഥാപനങ്ങൾക്ക് ലാപ് ടോപ്പ്, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സ്പെസിഫിക്കേഷൻ, വില എന്നിവ ലഭ്യമാക്കുവാൻ ഇ-മെയിൽ മുഖാന്തിരം നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ 2 സ്ഥാപനങ്ങളും തങ്ങളുടെ സ്ഥാപനത്തിലൂടെ വിൽപ്പന നടത്തുന്ന ലാപ് ടോപ്പ്, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സ്പെസിഫിക്കേഷൻ, വില എന്നിവ ലഭ്യമാക്കി. സ്ഥാപനങ്ങൾ സമർപ്പിച്ച ഇൻവോയ്സ് പ്രകാരമുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| 1. കെൽട്രോൺ | Unit | Rate |
|---|---|---|
| Laptop Computer ACCER<br><br>Intel core i3 processor, 4GB DPR3- RAM HDD:500GB, SATA, Display : 14 "wide screen WXGA Graphics Intel HD/ATI-Radeon Xpress / N – Vidia geforce, Optical Drive : Integrated, DVD Writer 8 X Network 10/100/1000 Fast Ethernet, Integrated Stereo speaker. All Standard ports, Ac Adaptor, Power 230V, 50HZ AC supply with rechargeble battery pack, Warranty : 5 Year for Laptop, 3 Year for Battery | 1 | 29,950 |
| 2. കെ.എസ്.ഐ.ഇ. | | |
| Laptop – Intel Cell Dual Core processor or AMD/4GB Ram/500GB HDD / 15.6" Screen, BlueTooth/ WIFI/Card Reader<br><br>Brand – Asus / H.P, 3 Years Warranty. | 1 | 20,978 |

കുറഞ്ഞ നിരക്കിൽ ഇൻവോയിസ് സമർപ്പിച്ച കെ.എസ്.ഐ.ഇ. എന്ന സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിക്കുകയും 40 ലാപ്ടോപ്പുകൾ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വാങ്ങുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(1)12.05.2015 ലെ (എം.എസ്)13/2015/ഐ.ടി.ഡി. നം.സർക്കാർ ഉത്തരവ് പ്രകാരം 5 ലക്ഷത്തിനു മുകളിൽ വരുന്ന എല്ലാ പർച്ചേയ്സുകളും, പ്രവൃത്തികളും ഇ-പ്രൊക്യൂർമെന്റ് രീതിയിലാണ് നടപ്പാക്കേണ്ടത്. എന്നാൽ സർക്കാർ ഉത്തരവിനു വിരുദ്ധമായി ഇ-മെയിൽ മുഖാന്തിരം സ്ഥാപനങ്ങളോട് ഇൻവോയ്സ് സമർപ്പിക്കാൻ ആവശ്യപ്പെട്ടു.

(2) സ്റ്റോർ പർച്ചേയ്സ് മാന്വൽ പ്രകാരം സർക്കാർ സ്ഥാപനങ്ങൾ / സംസ്ഥാന പൊതു മേഖല സ്ഥാപനങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന സാമഗ്രികൾക്ക് ടെണ്ടർ ഇളവ് നൽകിയിട്ടുണ്ട്. (ടെണ്ടർ നടപടികളിൽ സർക്കാർ അനുവദിച്ച ഇളവ് കാലയളവിനുള്ളിൽ). വിതരണ ഏജൻസി സമർപ്പിച്ച പ്രൈസ് ഷെഡ്യൂളിൽ അവർ നൽകുന്ന ഉൽപ്പന്നത്തിന്റെ നിരക്കും മറ്റ് എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടും ആയവ പരിശോധിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ വിതരണ ഏജൻസിക്ക് സപ്ലൈ ഓർഡർ നൽകിയത് സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങളുടേയും, 8.11.2010 ലെ (പി)259/2010/ത.സ്വ.ഭ.വ. നം ഉത്തരവിന്റേയും ലംഘനമാണ്. (ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ)

(3) രാജ്യത്ത് നിലവിൽ intel core 1.3, 1.5, 1.7 കോൺഫിഗറേഷൻ തരത്തിൽ കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്ന നിരവധി കമ്പനികളുണ്ടെങ്കിലും മേൽ സ്ഥാപനങ്ങളിൽ നിന്ന് കമ്പ്യൂട്ടറുകളുടെ വില നിലവാരം, സ്പെസിഫിക്കേഷൻ എന്നിവ ശേഖരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനോ, പർച്ചേയ്സിംഗ് കമ്മിറ്റിയോ ശ്രമിച്ചില്ല. കേരള സ്റ്റോർ പർച്ചേഴ്സ് മാന്വൽ ഖണ്ഡിക.9.46 പ്രകാരം സാധനങ്ങൾ വാങ്ങുന്നതിനായി കരാറിൽ ഏർപ്പെടുന്നതിന് മുമ്പ്, കമ്പോളത്തിലെ തത്തുല്യമായ ഉൽപ്പന്നം അവസാനം വാങ്ങിയ വില, വാങ്ങേണ്ട ഉൽപ്പന്നത്തിന്റെ/തത്തുല്യ ഉൽപന്നത്തിന്റെ കമ്പോള വില എന്നിവ പരിഗണിച്ച് വേണം വാങ്ങേണ്ടത്. പർച്ചേസിംഗ് ഓഫീസർമാർക്ക് മേൽ നിരക്ക് കമ്പോള നിലവാരത്തിനേക്കാൾ ലാഭകരമാണെങ്കിൽ മാത്രമേ ഉൽപ്പനങ്ങൾ വാങ്ങേണ്ടതുള്ളു. ഇതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ മേൽ നിയമ വ്യവസ്ഥകൾ പാലിക്കാതെയും കമ്പ്യൂട്ടറുകളുടെ കമ്പോള വില നിലവാരം പരിശോധിക്കാതെയുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ പർച്ചേയ്സ് നടത്തിയത്.

(4) സ്റ്റോർ പർച്ചേയ്സ് വകുപ്പിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ടെണ്ടർ ഇളവിന്റെ മറവിൽ മറ്റ് സ്ഥാപനങ്ങൾ നിർമ്മിച്ച കമ്പ്യൂട്ടറുകളാണ് വിതരണം നടത്തുന്നത് എന്ന് 2 സ്ഥാപനങ്ങളുടേയും ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചെലവഴിച്ച തുകയെക്കാൾ വളരെ കുറഞ്ഞ നിരക്കിൽ പൊതു കമ്പോളത്തിൽ നിന്ന് ടെണ്ടർ നടപടികളിലൂടെ വാങ്ങാവുന്ന സാഹചര്യം ഒഴിവാക്കി.

(5) സബ്സിഡി അനുവദിച്ച ഗുണഭോക്താക്കളുടെ മുൻഗണനാക്രമം നിശ്ചയിച്ച ലിസ്റ്റ് വാർഡ്സഭ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, മുനിസിപ്പൽ കൗൺസിൽ എന്നിവയുടെ അംഗീകാരം വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ചേർത്തിട്ടില്ല.

(6) പഠനം പൂർത്തിയായവർക്ക് ലാപ്പ് ടോപ്പ് വിതരണം ചെയ്തു.

14.02.2018 ലെ (സാധാ) നം.22/2018/ത.സ്വ.ഭ.വ. ഉത്തരവിലൂടെ വിവിധ കോഴ്സുകൾ പഠിക്കുന്ന പട്ടിക ജാതി/വർഗ്ഗ വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്കാണ് കമ്പ്യൂട്ടർ/ലാപ്പ് ടോപ്പ് വാങ്ങി നൽകേണ്ടത്. എന്നാൽ പദ്ധതി

നടപ്പാക്കുന്നതിന് മുമ്പ് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കും ലാപ് ടോപ് വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് മേൽവിലാസം | റിമാർക്സ് |
|---|---|
| ആദിത്ത്.കെ, ഇമ്പ്രാപൊയിൽ താഴത്ത് (വീട്), മേരിക്കുന്ന് (പി.ഒ) കോഴിക്കോട്.673012, വാർഡ്.15 | അപേക്ഷയോടൊപ്പം സമർപ്പിച്ച കോഴ്സ് & കോൺടാക്റ്റ് സർട്ടിഫിക്കറ്റിൽ (J.D.T Islam Poly Technic College) മേൽ വിദ്യാർത്ഥി 20.06.2014 മുതൽ 31.03.2017 വരെയുള്ള കാലയളവിൽ പഠിച്ചിരുന്നു എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. നിലവിൽ മറ്റൊരു കോഴ്സ് പഠിക്കുന്നതിന്റെ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. |
| അനുശ്രീ.എൻ, മുത്തുചിപ്പി (ഹ), പാറക്കാട്ടിൽ, കോയാ റോഡ്, എടക്കാട് (പി.ഒ) കോഴിക്കോട്. വാർഡ്.73 | അപേക്ഷയോടൊപ്പം കോളേജ് ഓഫ് അപ്ലയിഡ് സയൻസ്, കോഴിക്കോട് പ്രിൻസിപ്പൽ നൽകിയ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സാക്ഷ്യ പത്രത്തിൽ 2013-15 കാലയളവിൽ ബി.എസ്.സി. ഇലക്ട്രോണിക്സ് വിഷയത്തിൽ പഠിച്ചിരുന്നതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. നിലവിൽ മറ്റൊരു കോഴ്സ് പഠിക്കുന്നതിന്റെ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. |

(7) 02.02.2018 ലെ (കൈ)17/2018/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് ഖണ്ഡിക 13 പ്രകാരം പദ്ധതി മോണിറ്ററിംഗ് നടത്തേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പാണ്. എന്നാൽ പ്രസ്തുത മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ അനുബന്ധമായി ചേർത്തിട്ടില്ല.

(8) 21.11.2018 ലെ (സാധാ)2596/2018/ ത.സ്വ.ഭ.വ. നം ഉത്തരവിലൂടെ പട്ടിക ജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന ലാപ്പ് ടോപ്പുകളുടെ വാറന്റി കാലയളവ് 3 വർഷമായി നിജപ്പെടുത്തുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഐ.ഇ. യുമായി ചമച്ച കരാറിൽ കമ്പ്യൂട്ടറുകളുടെ വാറന്റി പീരിഡ്, സർവ്വീസ് നടത്തേണ്ട സ്ഥാപനം, പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാൾ സെന്റർ നമ്പർ, വെബ് പോർട്ടൽ അഡ്രസ്സ് എന്നിവ ചേർത്തിട്ടില്ല.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 03.10.2019 ന് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.40/ 2018 -19) 22.06.2020 ന് 497/എ/2020-21 കത്തിലൂടെ മറുപടി ലഭ്യമാക്കി. മേൽ മറുപടിയിൽ ഓഡിറ്റ് ഖണ്ഡികയിൽ ചൂണ്ടികാണിച്ച ക്രമ നം.1, 5 എന്നീ അപാകതകൾക്ക് മാത്രമേ മറുപടി ലഭ്യമാക്കിയിട്ടുള്ളൂ. മറുപടിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

" 2017-18 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ച പദ്ധതിയുടെ ഗുണഭോക്തൃ പട്ടിക നിർവ്വഹണത്തിനായി ലഭിച്ചത് 2018 ജനവരിയിലാണ്. ഗുണഭോക്തൃ പട്ടികയോടൊപ്പം ലഭിച്ച അപേക്ഷകളിൽ വിദ്യാർത്ഥികളുടെ ജാതി സർട്ടിഫിക്കറ്റുകളോ അനുബന്ധ സർട്ടിഫിക്കറ്റുകളോ ഉണ്ടായിരുന്നില്ല. അവ പിന്നീട് വാങ്ങി ഉറപ്പ് വരുത്തിയാണ് ലാപ് ടോപ്പ് അനുവദിച്ചത്. നിലവിൽ ഇ-ടെണ്ടർ ചെയ്യുന്നതിന് എസ്.സി.ഡി.ഒ. യ്ക്ക് ലോഗിൻ ഇല്ല. പർച്ചേയ്സ് കമ്മിറ്റിയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പ് വരുത്തിയാണ് ഏറ്റവും കുറവ് ക്വാട്ട് ചെയ്ത കെ.എസ്.ഐ. യുടെ ഇൻവോയ്സ് അംഗീകരിച്ചത്."

നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി വ്യക്തമാക്കുന്നത് ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെയും, പർച്ചേയ്സിംഗിലെയും സുതാര്യമില്ലായ്മയാണ്. ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകതകൾ കൊണ്ടാണ് കോഴ്സ് കഴിഞ്ഞ വിദ്യാർത്ഥികൾക്കും ലാപ് ടോപ്പ് നൽകുന്ന സാഹചര്യമുണ്ടായത്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്റ്റുകൾ വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ട ചുമതല അതത് വിഷയ മേഖലയുടെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. പ്രോജക്റ്റിന്റെ നിർവ്വഹണരീതി തീരുമാനിച്ച് പ്രോജക്റ്റിൽ രേഖപ്പെടുത്തേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. [പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.5.1 കണ്ടാലും, സ.ഉ(കൈ) നം.17/2018/ത.സ്വ.ഭ.വ, തീയ്യതി 02.02.2018]. എന്നാൽ ആയതിനു പകരം സാമ്പത്തിക വർഷാവസാനം പദ്ധതി ഏതു വിധേനയെങ്കിലും നടപ്പാക്കുന്നതിനായിട്ടാണ് ഇ-മെയിൽ മുഖാന്തിരം

ഏജൻസികളിൽ നിന്നും സ്പെസിഫിക്കേഷൻ, വില എന്നിവ ലഭ്യമാക്കി പർച്ചേയ്സ് മാനദണ്ഡങ്ങൾ പാലിക്കാതെ ലാപ് ടോപ്പുകൾ വാങ്ങിയത്.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും, ലാപ് ടോപ്പ് വാങ്ങുന്നതിൽ സർക്കാർ നിർദ്ദേശിച്ച പർച്ചേയ്സ് നിയമങ്ങൾ, ഉത്തരവുകൾ എന്നിവ പാലിക്കാത്തതിനാലും നിർവ്വഹണ ഉദ്യോഗസ്ഥന്റെ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല.

ഖണ്ഡിക 6ൽ പരാമർശിച്ച പ്രകാരം കോഴ്സ് അവസാനിച്ച 2 ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് ചെലവഴിച്ച 49,508/- രൂപ (24754 x 2) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. പദ്ധതികൾക്കായി ചെലവഴിച്ച 9,90,162/- രൂപയിൽ നിരാകരിച്ച 49,508/- രൂപ കഴിച്ച് 9,40,654/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതൾക്ക് പൂർണ്ണമായും വ്യക്തമായും മറുപടി ലഭ്യമാക്കാത്തപക്ഷം തടസ്സപ്പെടുത്തിയ തുക കൂടി നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 3-13 മുൻകൂർ തുകകൾ സമയബന്ധിതമായി അഡ്ജസ്റ്റ് ചെയ്തില്ല.

(1) സാമൂഹ്യ സുരക്ഷ പെൻഷൻ അദാലത്തിനായി അനുവദിച്ച തുക.

ഫയൽ നം/ഡി.5/68514/17

24.11.2018 ലെ (സാധാ) 9697/2018/ധനം നമ്പർ ഉത്തരവിലൂടെ വിവിധ കാരണങ്ങളാൽ നിരസിച്ച സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൾ സംബന്ധിച്ച് ലഭിച്ച പരാതികൾ പരിഹരിക്കുന്നതിന് അദാലത്ത് നടത്തുന്നതിനായി ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് തങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകി. ആയതനുസരിച്ച് അദാലത്ത് നടത്തുന്നതിനായി നഗരസഭ കൗൺസിൽ സെക്രട്ടറി ശ്രീ.ലാൻസ് ലെറ്റ് സാമുവൽ.പി. എന്നവർക്ക് 11.12.2018 ന് 1,00,000/- രൂപ മുൻകൂറായി അനുവദിച്ചു. (ചെക്ക് നം.651113). അദാലത്ത് നടത്തിപ്പുമായി ബന്ധപ്പെട്ട് തുക ചെലവഴിച്ചതിന്റേയും, മുൻകൂർ അഡ്ജസ്റ്റ് ചെയ്തതിന്റേയും വിശദാംശങ്ങൾ ഫയലിൽ ചേർത്ത് ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിക്കാതിരുന്നതിനാൽ 07.08.2019 ന് ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി സമർപ്പിക്കുന്നതിന് ഒ.എസ്. നൽകി(നം.16/ 2018 -19). ഒ.എസ്. ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ മുൻകൂർ അനുവദിച്ച തുകയിൽ ചെലവഴിച്ച 79,861/- രൂപയുടെ ബില്ലുകൾ സമർപ്പിക്കുകയും ബാക്കി നീക്കിയിരിപ്പുള്ള തുക 20,139/- രൂപ (9 മാസം, 12 ദിവസം കൈവശം വെച്ചതിനു ശേഷം) 23.09.2019 ന് 119021100058 നമ്പർ രശീതി പ്രകാരം കൗൺസിൽ സെക്രട്ടറി നഗരസഭ ഫണ്ടിൽ അടവാക്കി. ചെലവഴിച്ച തുക 31.10.2019 ലെ ധനകാര്യ സ്ഥിരം സമിതി യോഗത്തിൽ അംഗീകരിച്ചു (തീരുമാനം നം.34). മുൻകൂർ അനുവദിച്ച തുകയിൽ തിരിച്ചടവാക്കിയ 20,139/- രൂപയുടെ പലിശ 2,719/- രൂപ അടവാക്കാൻ നിർദ്ദേശിച്ച് അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ എന്നിവർ 25.1.2020 ന് കുറിപ്പ് എഴുതി. ആയതിന്റെ അടിസ്ഥാനത്തിൽ 27.01.2020 ന് 119270131439 നമ്പർ രശീതി പ്രകാരം പലിശയിനത്തിലെ 2,719/- രൂപ കൗൺസിൽ സെക്രട്ടറി നഗരസഭ ഫണ്ടിൽ അടവാക്കി.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം1, ആർട്ടിക്കിൾ 99, 04.10.2011 ലെ (പി) 419/2011/ ധനം നമ്പർ സർക്കാർ ഉത്തരവ് എന്നിവ പ്രകാരം താൽകാലിക അഡ്വാൻസുകൾ മുൻകൂറായി കൈപ്പറ്റുന്നവർ 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിച്ച് അനുവദിച്ച തുക അഡ്ജസ്റ്റ് ചെയ്യണം. അല്ലാത്തപക്ഷം അനുവദിച്ച സമയത്തിനകം സമർപ്പിക്കാത്തവരിൽ നിന്നും 18% നിരക്കിൽ പലിശ ഈടാക്കണം. (3 മാസം കഴിഞ്ഞ തീയ്യതി മുതൽ അഡ്ജസ്റ്റ് ചെയ്ത ദിവസം വരെ). യഥാർത്ഥത്തിൽ 1,00,000/- രൂപയുടെ 18% പലിശയാണ് കൗൺസിൽ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. (1,00,000 x 18% = 18000, 18000/12 = 1500 , 1500 x 9മാസം, 12 ദിവസം = 14100/- രൂപ). എന്നാൽ നിയമത്തിലെ വ്യവസ്ഥ പാലിക്കാതെ തിരിച്ചടവാക്കിയ 20,139/- രൂപയുടെ പലിശ മാത്രം (2,719/- രൂപ) ടിയാനിൽ നിന്നും ഈടാക്കിയത് അംഗീകരിക്കാവുന്നതല്ല. പലിശയിനത്തിൽ അടവാക്കാൻ ബാക്കിയുള്ള തുക 11,381/- (14100-2719) രൂപ ടിയാനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

(2)ചിത്രപ്രദർശനത്തിന് തുക മുൻകൂർ അനുവദിച്ചു - അഡ്ജസ്റ്റ് ചെയ്തത് 8 വർഷത്തിനു ശേഷം – നിയമാനുസൃത പലിശ ഈടാക്കിയില്ല.

ഫയൽ നം. ഡി.1/64100/10

2005 ൽ അധികാരത്തിൽ വന്ന കോഴിക്കോട് നഗരസഭ കൗൺസിലിന്റെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച ചിത്രപ്രദർശനവും, ബുക്ക് ലെറ്റ് പ്രസിദ്ധീകരണത്തിനുമായി തനത് ഫണ്ടിൽ നിന്നും 5,00,000/- രൂപ ചെലവഴിക്കുന്നതിന് 20.07.2010 ലെ (എം.എസ്) 2360/2010/ ത.സ്വ.ഭ.വ നം ഉത്തരവിലൂടെ സർക്കാർ അനുമതി നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ 2010 ജൂലായ് 30, 31 ഓഗസ്റ്റ് 01, 02, 03 എന്നീ തീയ്യതികളിൽ കോംട്രസ്റ്റ് ഗ്രൗണ്ടിൽ വെച്ച് ചിത്രപ്രദർശനം നടത്തുന്നതിന് 26.07.2010 ലെ കൗൺസിൽ യോഗത്തിൽ തീരുമാനിക്കുകയും ചെലവിനായി 5,00,000/- രൂപ ശ്രീ.വി.സുരേഷ് കുമാർ ക്ലാർക്കിന് മുൻകൂറായി നൽകി. (ചെക്ക് നം. 310454, വൗച്ചർ നം.21001994, 31.07.2010). 8 വർഷം 8 മാസത്തിനു ശേഷം 26.03.2019 ന് ശ്രീ.വി.സുരേഷ് കുമാർ ചിത്രപ്രദർശനത്തിനും ബുക്ക് ലെറ്റ് പ്രസിദ്ധീകരണത്തിനുമായി ചെലവഴിച്ച തുകയുടെ കണക്കുകൾ ബില്ല് സഹിതം സമർപ്പിച്ചു. സമർപ്പിച്ച ബില്ലുകൾ പ്രകാരം മുൻകൂർ അനുവദിച്ച 5,00,000/- രൂപ കൂടാതെ 3,00,800/- രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്. (ആകെ 8,00,800/- രൂപ). വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ചെലവിനം | തുക |
|---|---|---|
| 1 | ബോർഡുകൾ, മാതൃകകൾ, ഗേറ്റ് എന്നിവ തയ്യാറാക്കിയതിന് | 85,000 |
| 2 | ലൈറ്റ് & സൌണ്ട്സ് | 25,500 |
| 3 | പ്രിന്റിംഗ് ചാർജ്ജ് (സിറ്റി കാളിംഗ് ബുക്ക്) | 6,85,300 |
| 4 | നാടൻപാട്ട് അവതരിപ്പിച്ച ചെലവ് | 4,100 |
| 5 | മറ്റ് ചെലവുകൾ | 900 |
| | ആകെ | 8,00,800 |

അധികമായി ചെലവഴിച്ച 3,00,800/- രൂപക്ക് സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് 16.03.2012 ന് മേയർ അയച്ച കത്തിന്റെ അടിസ്ഥാനത്തിൽ 12.04.2012 ന് (എം.എസ്) 1112/ 2012/ത.സ്വ.ഭ.വ നം ഉത്തരവിലൂടെ സർക്കാർ അനുമതി നൽകി. എന്നാൽ 3,00,000/- രൂപ നഗരസഭ ഫണ്ടിൽ നിന്നും അനുവദിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

മുൻകൂർ അനുവദിച്ച തുക യഥാസമയം അഡ്ജസ്റ്റ് ചെയ്യാതിരുന്നതിന് ടിയാൻ നൽകിയ മാപ്പപേക്ഷ പരിഗണിച്ച് കൗൺസിൽ സൂപ്രണ്ട്, കൗൺസിൽ സെക്രട്ടറി എന്നിവർ തുക അഡ്ജസ്റ്റ് ചെയ്യുന്നതിനായി ശുപാർശ ചെയ്തു. കൗൺസിൽ സെക്ഷനിൽ നിന്നും അക്കൗണ്ട്സ് സെക്ഷനിലേക്ക് ഫയൽ കൈമാറിയപ്പോൾ തുക അഡ്ജസ്റ്റ് ചെയ്യുന്നതിന് ധനകാര്യ സ്ഥിരം സമിതിയുടേയും, കൗൺസിലിന്റേയും അനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഫയൽ മടക്കി. 15.05.2019 ലെ കൗൺസിൽ യോഗത്തിൽ തുക പിഴ കൂടാതെ അഡ്ജസ്റ്റ് ചെയ്യുന്നതിന് അനുമതി നൽകി (തീരുമാനം നം 124). തുക അഡ്ജസ്റ്റ് ചെയ്യുന്നതിനായി പലിശ ഈടാക്കണം എന്ന 04.10.2011 ലെ (പി) 419/2011/ധനം നമ്പർ സർക്കാർ ഉത്തരവ് ചൂണ്ടി കാണിച്ച് അക്കൗണ്ട്സ് സെക്ഷൻ ക്ലാർക്ക് (ബി.3) അഭിപ്രായം രേഖപ്പെടുത്തിയെങ്കിലും അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, അഡീഷണൽ സെക്രട്ടറി എന്നിവർ ധനകാര്യ സ്ഥിരം സമിതിയുടേയും, കൗൺസിലിന്റേയും അനുമതികളുടെ അടിസ്ഥാനത്തിൽ പലിശ ഈടാക്കാതെ അഡ്ജസ്റ്റ് ചെയ്യുന്നതിനായി അനുവാദം നൽകി.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 24.10.2019 ന് നൽകിയ ഒ.എസ്. ന് (നം.64/18-19) 22.11.2019 ന് സെക്രട്ടറി ശ്രീ.വി.സുരേഷ് കുമാറിന്റെ വിശദീകരണ കുറിപ്പ് സഹിതം മറുപടി സമർപ്പിച്ചു. മേൽ വിശദീകരണത്തിൽ ഓഡിറ്റ് വിഭാഗത്തിൽ നിന്നും മുൻകൂർ തുകകൾ അഡ്ജസ്റ്റ് ചെയ്യാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ ബില്ലുകൾ സമർപ്പിച്ച് അഡ്ജസ്റ്റ് ചെയ്തതെന്നും, മുൻകൂർ അഡ്ജസ്റ്റ് ചെയ്യാതിരുന്നത് ഓഫീസ് ജോലി തിരക്കുകൾ കാരണവുമാണെന്ന് അറിയിച്ചു. സെക്രട്ടറിയുടേയും, ശ്രീ.വി.സുരേഷ് കുമാറിന്റെയും മറുപടികൾ അംഗീകരിക്കാവുന്നതല്ല. (ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച 2011-12 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക. 3.8) മേൽ പരാമർശിച്ച ചെലവ് തുകയുടെ രേഖകൾ ഹാജരാക്കാത്തതായി പരാമർശമുണ്ട്.) മേൽ പരാമർശത്തിന് കൃത്യമായ മറുപടി നാളിതുവരെയും ഓഡിറ്റിൽ

സമർപ്പിച്ചിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം.1, ആർട്ടിക്കൾ.99 പ്രകാരം മുൻകൂർ തുക കൈപ്പറ്റുന്നവർ 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. അനുവദിച്ച സമയത്തിനകം സമർപ്പിക്കാത്തവരിൽ നിന്നും 19.07.2000 ലെ (പി)1035/2000/ധനം നമ്പർ ഉത്തവ് പ്രകാരം 6% നിരക്കിലും, 04.10.2011 ലെ (പി)419/2011/ ധനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 18% നിരക്കിലും പലിശ ഈടാക്കണം. അഡ്ജസ്റ്റ് ചെയ്യുന്നതിനായി ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴവൻ മുൻകൂർ തുകയും തിരിച്ച പിടിക്കണം. (3 മാസം കഴിഞ്ഞ തീയ്യതി മുതൽ തിരിച്ച പിടിക്കുന്ന ദിവസം വരെ) മേൽ നിയമ വ്യവസ്ഥ നിലനിൽക്കേയാണ് ശ്രീ.വി.സുരേഷ് കുമാറിന്റെ മാപ്പ് അപേക്ഷ പരിഗണിച്ച് പലിശ ഈടാക്കാതെ മുൻകൂർ തുക ബർത്തിയാക്കിയത്. ആയതിനാൽ പലിശയിനത്തിൽ ലഭ്യമാകേണ്ട തുക എത്രയെന്ന് കണക്കാക്കി ടിയാനിൽ നിന്നോ അല്ലാത്തപക്ഷം കൗൺസിൽ സെക്ഷൻ ക്ലാർക്ക്, കൗൺസിൽ സൂപ്രണ്ട്, കൗൺസിൽ സെക്രട്ടറി, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, അഡീഷണൽ സെക്രട്ടറി, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-14 കോർപ്പറേഷന്റെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ ഗുരുതര പാളിച്ചകൾ

1)ഫയൽ നം. എഫ് 1/58679/18, നം. എഫ് 1/58679/18(എ), നം. എഫ് 1/58679/18(ബി)

(നഴ്സുമാരുടെയും ഡ്രൈവർമാരുടെയും ഹോണറേറിയം, ഭക്ഷണച്ചെലവ്)

| പദ്ധതിയുടെ പേര്, നം. | പാലിയേറ്റീവ് കെയർ 2019 (458/19) | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | നഗരസഭ ഹെൽത്ത് ഓഫീസർ | |
| അടങ്കൽ തുക | വികസന ഫണ്ട് പൊതു വിഭാഗം - 27,44,000/- | |
| ചെലവ് തുക | 1)ബിൽ നം.181602470017003103 77, തീയതി 19.07.2018 | 2,40,000 |
| | 2)ബിൽ നം.181602470017004148 65, തീയതി 16.08.2018 | 60,000 |
| | 3)ബിൽ നം.181602470017006116 31, തീയതി 10.10.2018 | 60,000 |
| | 4)ബിൽ നം.181602470017007625 74, തീയതി 12.11.2018 | 60,000 |
| | 5)ബിൽ നം.181602470017009178 18, തീയതി 15.12.2018 | 1,0,7750 |
| | 6)ബിൽ നം.181602470017010605 18, തീയതി 22.01.2019 | 60,000 |
| | 7) ബിൽ നം.181602470017011838 15, തീയതി 16.02.2019 | 71,750 |
| | 8)ബിൽ നം.181602470017013526 32, തീയതി 16.02.2019 | 65,750 |
| | 9)ബിൽ നം.181602470017004355 02, തീയതി 21.08.2018 | 64,800 |
| | 10) ബിൽ നം.181602470017006189 41, തീയതി 16.10.2018 | 1,63,030 |
| | 11) ബിൽ നം.181602470017007625 76, തീയതി12.11.2018 | 15,070 |
| | 12)ബിൽ നം.181602470017009178 22, തീയതി 15.12.2018 | 17,495 |
| | 13)ബിൽ നം.181602470017010605 23, തീയതി 22.01.2019 | 16,800 |
| | 14)ബിൽ നം.181602470017011838 12, തീയതി 16.02.2019 | 16,100 |
| | 15)ബിൽ നം.181602470017013526 05, തീയതി 18.03.2019 | 16,100 |
| | ആകെ | 10,34,645 |

2) ഫയൽ നം. എഫ് 1/66451/17 (ഉപകരണങ്ങൾ വാങ്ങൽ)

| പദ്ധതിയുടെ പേര് , നം | പാലിയേറ്റീവ് കെയർ 2018 (613/19) (എസ്. 1458/17-18) |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | നഗരസഭ ഹെൽത്ത് ഓഫീസർ |
| | |

| | |
|---|---|
| അടങ്കൽ തുക | വികസന ഫണ്ട് പൊതു വിഭാഗം - 29,74,000/- |
| ചെലവ് തുക | ബിൽ നം.17160247001701319866, തീയതി 18.05.2018 -40,0000/- |

3) ഫയൽ നം. എഫ് 1/21980/17

| | |
|---|---|
| പദ്ധതിയുടെ പേര്, നം | പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി ഉപകരണങ്ങൾ വാങ്ങൽ<br>(609/19), (എസ് 1725/17, 582/18) |
| നിർവഹണ ഉദ്യോഗസ്ഥൻ | നഗരസഭ ഹെൽത്ത് ഓഫീസർ |
| അടങ്കൽ തുക | വികസന ഫണ്ട് പൊതു വിഭാഗം - 11,00,026/- |
| ചെലവ് തുക | 1)ബിൽ നം. 17160247001701319852, തീയതി 18.05.2018 , തുക 5,70,000/- |

ക്യാൻസർ, ഹൃദ്രോഗം, പക്ഷാഘാതം, ബുദ്ധിമാന്ദ്യം, വൃക്കരോഗം, പ്രായാധിക്യം, ശാരീരിക വൈകല്യം തുടങ്ങിയവ മൂലം ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമായ രോഗികൾക്ക്, രോഗിയെയും കുടുംബത്തെയും സന്നദ്ധപ്രവർത്തകരെയും ബന്ധപ്പെടുത്തി കൊണ്ട് രോഗിയുടെ വീട്ടിൽ വെച്ച് മെച്ചപ്പെട്ട പരിചരണവും സാന്ത്വനവും നൽകുക എന്നുള്ളതാണ് പാലിയേറ്റീവ് പരിചരണം കൊണ്ട് ഉദ്ദേശിക്കുന്നത്. നഗരസഭ പരിധിയിൽ നിലവിൽ പാലിയേറ്റീവ് കെയർ ആവശ്യമുള്ള രോഗികളുടെ എണ്ണം 483 ആണ് (2019 മാർച്ച് മാസത്തിലെ കണക്ക് പ്രകാരം). ആയതിൽ തുടർ പരിചരണം ആവശ്യമുള്ള രോഗികളുടെ എണ്ണം 404 ആണ്. 4 പാലിയേറ്റീവ് കെയർ നേഴ്സമാർ രണ്ട് ടീമായാണ് ഇവർക്ക് പരിചരണം നൽകി വരുന്നത്. 2018-19 കാലയളവിലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

**(I) ഒരേ ഉപകരണം വ്യത്യസ്ത നിരക്കിൽ വാങ്ങി – അധിക ചെലവ്**

പ്രോജക്ട് നം.609/19, പ്രോജക്ട് നം.613/19 എന്നീ പദ്ധതികൾ പ്രകാരം കമ്മോഡ് ചെയർ എഫ് എസ് 894/ടി വീൽ എന്ന ഉപകരണം ഒരേ സ്ഥാപനത്തിനിൽ നിന്നും ഒരേ ദിവസം തന്നെ വ്യത്യസ്ത നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെപ്പറയുന്നു. വിതരണം നടത്തിയ സ്ഥാപനം – M/S Calicut Surgicals, Calicut

എ)പെയിൻ & പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങൽ ( പ്രോജക്ട് നം.609/19)

| ഉപകരണത്തിന്റെ പേര്, നിരക്ക് | പ്രോക്യൂർമെന്റ് കമ്മിറ്റി തീരുമാനം/ കൗൺസിൽ തീരുമാനം | ഇൻവോയ്സ് നം, തീയതി | എണ്ണം/ ആകെ തുക |
|---|---|---|---|
| കമ്മോഡ് ചെയർ<br>എഫ് എസ് 894/ടി വീൽ<br>(@ 2,000/- ) | 7/19.03.2018<br><br>6/20.03.2018 | 327/26.03.2018- | 25 എണ്ണം<br>50,000/- |

ബി)പാലിയേറ്റീവ് കെയർ 2018 ( പ്രോജക്ട് നം.613/19)

| ഉപകരണത്തിന്റെ പേര്, നിരക്ക് | പ്രോക്യൂർമെന്റ് കമ്മിറ്റി തീരുമാനം/ കൗൺസിൽ തീരുമാനം | ഇൻവോയ്സ് നം, തീയ്യതി | എണ്ണം/ ആകെ തുക |
|---|---|---|---|
| കമ്മോഡ് ചെയർ<br>എഫ് എസ് 894/ടി വീൽ<br>(@ 2,285.71/- രൂപ ) | 6/19.03.2018<br><br>07/20.03.2018 | 326/26.03.2018- | 20 എണ്ണം<br>45714.20/- |

രണ്ട് പദ്ധതികളിലായി ഉപകരണങ്ങൾ വാങ്ങുന്നതിന് ഒരേ സമയം രണ്ട് ടെണ്ടറുകൾ ക്ഷണിച്ച് ഒരേ സ്ഥാപനത്തിന്റെ വ്യത്യസ്ത നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു വഴി കോർപ്പറേഷൻ ഫണ്ടിന് 5714/- രൂപ( 285.71*20=)നഷ്ടമുണ്ടായി. ഇത് സംബന്ധിച്ച ഒ.എസ്.നം.81/2018-19-തീയതി 25.11.2019-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കോർപ്പറേഷൻ ഫണ്ടിനുണ്ടായ നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

**II) ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.**

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി M/S Calicut Surgicals, Calicut എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പല ഉപകരണങ്ങളും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം, തീയ്യതി | ഉപകരണത്തിന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | 327/26.03.2018- | ടേബിൾ എം.എസ് വിത്ത് ചെയർ പിവിസി-4 എണ്ണം | സ്റ്റോക്കിലെടുത്തിട്ടില്ല |
| 2 | 327/26.03.2018- | ഗ്ളൂക്കോമീറ്റർ ഒ.ടി സെലക്ട് സിമ്പിൾ-5 എണ്ണം | സ്റ്റോക്കിലെടുത്തിട്ടില്ല |
| 3 | 327/26.03.2018- | മാസ്ക് ഡിസ്പോസിബിൾ-100's യൂണിഗ്രിപ്പ്-100 എണ്ണം | സ്റ്റോക്കിലെടുത്തിട്ടില്ല |
| 4 | 327/26.03.2018- | ഗ്ളൊസ് എക്സാമിനേഷൻ-50 എണ്ണം | സ്റ്റോക്കിലെടുത്തിട്ടില്ല |

എന്നാൽ മേൽ പരാമർശിച്ച ഉപകരണങ്ങൾ ഇടിയങ്ങരയിലുള്ള പാലിയേറ്റീവ് കെയർ പരിചരണ കേന്ദ്രത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. ആയതിനാൽ ഇവ സ്റ്റോക്കിലെടുത്ത് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**<u>III) പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വാങ്ങിയ ഉപകരണങ്ങൾ അശ്രദ്ധമായും അലക്ഷ്യമായും കൂട്ടിയിട്ടിരിക്കുന്നു</u>**

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വാങ്ങിയ സെമിഫ്ളോവേഴ്സ് കട്ടിൽ, എൽബോ ക്രച്ചസ്സ്, വാക്കർ, വീൽച്ചെയറുകൾ, യുറിനൽ പ്രോ പിവിസി ആൽഫ തുടങ്ങിയ പല ഉപകരണങ്ങളും കോർപ്പറേഷന്റെ ഇടിയങ്ങരയിലുള്ള പാലിയേറ്റീവ് കെയർ പരിചരണ കേന്ദ്രത്തിൽ വളരെ അലക്ഷ്യമായും അശ്രദ്ധയോടും കൂടി ശുചീകരണസാമഗ്രികളിൽ നിന്നുള്ള ദുർഗന്ധപൂരിതമായ അന്തരീക്ഷത്തിൽ ഇടുങ്ങിയ മുറികളിൽ കൂട്ടിയിട്ടിരിക്കുന്നതായി 14.11.2019-ന് നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. (ഫോട്ടോ ചുവടെ കൊടുക്കുന്നു). അവ പലതും പൊട്ടിയും തുരുമ്പ് പിടിച്ച അവസ്ഥയിലുമാണുള്ളത്. പല സ്റ്റോർ മുറികളുടെയും പരിസരം കാടു പിടിച്ചതും ജനൽ ചില്ലുകൾ പൊട്ടിയ നിലയിലുമാണ്. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വാങ്ങിയ പല ഉപകരണങ്ങളും വളരെ അലക്ഷ്യമായും അശ്രദ്ധയോടും കൂടി കൂട്ടിയിട്ടിരിക്കുന്നതിനാൽ പലതിന്റെയും സ്റ്റോക്ക് പരിശോധന നടത്താൻ സാധിച്ചില്ല.







**<u>IV) പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വാങ്ങിയ പല ഉപകരണങ്ങളും പെട്ടി പൊട്ടിക്കാതെ കൂട്ടിയിട്ടിരിക്കുന്നു.</u>**

കോർപ്പറേഷന്റെ ഇടിയങ്ങരയിലുള്ള പാലിയേറ്റീവ് കെയർ പരിചരണ കേന്ദ്രത്തിൽ 14.11.2019-ന് നടത്തിയ സ്ഥലപരിശോധനയിൽ ഒരു മുറിയിൽ പൊട്ടിക്കാത്ത പെട്ടികളിൽ 26.03.2018 ൽ വാങ്ങിയ 22 എണ്ണം 'കമ്മോഡ് ചെയറുകളും (മോഡൽ FS 894W) 75 എണ്ണം എൽബോ ക്രച്ചസ്സുകളും (മോഡൽ 933 L) സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ (പേജ് 399) 27.03.2017 ന് വാങ്ങിയ 20 എൽബോ ക്രച്ചസ്സുകളിൽ 17 എണ്ണം ബാക്കിയിരിക്കെയാണ് 26.03.2018-ന് 75 എണ്ണം വാങ്ങിയിട്ടുള്ളത്. ആയതിൽ 8 എണ്ണം മാത്രമാണ് 11.10.2019 വരെ വിതരണം ചെയ്തിട്ടുള്ളത്. രോഗികളിൽ നിന്ന് തിരിച്ചു വന്ന രണ്ടെണ്ണമടക്കം നിലവിൽ 86 എണ്ണം ഉപയോഗിക്കാതെ ബാക്കിയുണ്ട്. ഈ ഉപകരണം ഒരെണ്ണത്തിന് 523.80 രൂപ വില വരുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ കമ്മോഡ് ചെയർ 73 എണ്ണം നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പൊട്ടിക്കാത്ത പെട്ടികളിലുള്ള 22 എണ്ണം ഉൾപ്പെടെ 35 കമ്മോഡ് ചെയറുകളാണ് മേൽ തീയതിയിൽ നടത്തിയ ഭൗതിക പരിശോധനയിൽ കാണാൻ കഴിഞ്ഞത്. ഇതിനു പുറമെ വേറൊരു മുറിയിൽ 26.03.2018 ൽ വാങ്ങിയ യൂറിനൽ പ്രോ പിവിസി ആൽഫ എന്ന ഉപകരണം മൂന്ന് ചാക്ക് കെട്ടുകളിലായി കൂട്ടിയിട്ടതായും കണ്ടു. (ഫോട്ടോ ചുവടെ കൊടുക്കുന്നു.) സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ (പേജ് 431 ) 26.03.2018 ന് വാങ്ങിയ 500 എണ്ണത്തിൽ 499 എണ്ണം 07.11.2019 ന് നീക്കിയിരിപ്പുള്ളതായി കാണിച്ചിട്ടുണ്ട്. ഈ ഉപകരണം ഒരെണ്ണത്തിന് 31.25 രൂപ വില വരുന്നുണ്ട്. 2018-19ൽ ഇൻവോയ്സ് നം.387തീയതി 20.3.2019പ്രകാരം കാലിക്കറ്റ് സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും (തുക നൽകിയിട്ടുള്ളത് 2019-20ലാണ്) വീൽ ചെയർ, എയർബെഡ്, വാട്ടർബെഡ്, ക്രച്ചസ് തുടങ്ങിയവ വാങ്ങിയിട്ടുണ്ട്. ഉപകരണങ്ങൾ ആവശ്യമില്ലാതെ വാങ്ങുന്നതും യഥാസമയം അവ ആവശ്യമുള്ള രോഗികൾക്ക് വിതരണം ചെയ്യാത്തതും കാരണമാണ് അവ കെട്ടിക്കിടക്കുന്ന അവസ്ഥയ്ക്കിടയാക്കിയത്.



**V) പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ ഭൂരിഭാഗം തുകയും ചെലവഴിക്കാതെ ലാപ്സാക്കുന്നു.**

മേൽ സൂചന പദ്ധതികൾ പ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | പദ്ധതിയുടെ പേര്, നം | വകയിരുത്തിയ തുക, | ചെലവഴിച്ച തുക | ലാപ്സായതുക (67.5 %) |
|---|---|---|---|---|
| 1 | പാലിയേറ്റീവ് കെയർ 2019 (458/19) | 27,44,000 | 10,34,645 | 17,09,355 |
| 2 | പാലിയേറ്റീവ് കെയർ 2018 (.613/19), (എസ് 1458/17-18) | 23,06,041 | 4,00000 | 19,06,041 |
| 3 | പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി ഉപകരണങ്ങൾ വാങ്ങൽ (609/19) | 11,00,026 | 5,70,000 | 5,30,026 |

**VI) പല രോഗികൾക്കും യഥാസമയം ഹോംകെയർ ലഭിക്കുന്നില്ല**

ഓഡിറ്റിന് ഹാജരാക്കിയ ഫോളോഅപ്പ് ഹോംകെയർ രജിസ്റ്റർ പരിശോധിച്ചതിൽ പല രോഗികൾക്കും യഥാസമയം ഹോംകെയർ ലഭിക്കുന്നതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | ഫോളോഅപ്പ് രജിസ്റ്ററിലെ ക്രമ നം | രോഗിയുടെ പേര്, മേൽവിലാസം | ഹോംകെയർ ലഭിക്കാത്ത കാലയളവ് |
|---|---|---|---|
| 1 | 334/2018 (രജിസ്റ്റർ-1) | ശ്രീമതി.സീത, നന്ദനം, കുതിരവട്ടം | 3/2018 മുതൽ 12/2018 വരെ |
| 2 | 335/2018 (രജിസ്റ്റർ-1) | ശ്രീ.ബാലൻ, നന്ദനം, കുതിരവട്ടം | 3/2018 മുതൽ 12/2018 വരെ |
| 3 | 336/2018 (രജിസ്റ്റർ-1) | ശ്രീ.സജീവൻ, നന്ദനം, കുതിരവട്ടം | 3/2018 മുതൽ 12/2018 വരെ |
| 4 | 338/2018 (രജിസ്റ്റർ-1) | ശ്രീമതി.പാർവ്വതി , അമ്പലത്താഴം, കോട്ടൂളി | 3/2018 മുതൽ 12/2018 വരെ |
| 5 | 13/2018 (രജിസ്റ്റർ-2) | ശ്രീമതി.ആയിഷ, മണ്ണംകുളങ്ങര, കിണ്ണാശ്ശേരി | 4/2018 മുതൽ 12/2018 വരെ |
| 6 | 8/2018 (രജിസ്റ്റർ-2) | ശ്രീ.ഗോപിനാഥൻ, ഉദയപുരി, കുതിരവട്ടം | 7/2018 മുതൽ 12/2018 വരെ |
| 7 | 9/2018 (രജിസ്റ്റർ-2) | ശ്രീമതി.പ്രേമലത, ഉദയപുരി, കുതിരവട്ടം | 7/2018 മുതൽ 12/2018 വരെ |
| 8 | 79/2018 (രജിസ്റ്റർ-2) | ശ്രീമതി.ദേവകി, ഞാറയ്ക്കൽ വയൽ, മാങ്കാവ് | 3/2018 മുതൽ 12/2018 വരെ |
| 9 | 108/2018 (രജിസ്റ്റർ-2) | ശ്രീമതി.ശാരദ, പുനത്തിൽ, കുതിരവട്ടം | 8/2018 മുതൽ 12/2018 വരെ |
| 10 | 109/2018 (രജിസ്റ്റർ-2) | ശ്രീമതി.ജാനു , ശ്രീനിവാസ്, കൊളക്കാട് താഴത്ത് | 5/2018 മുതൽ 12/2018 വരെ |

**VII) പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പല രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല**

സ.ഉ. (സാ.ധ) നം.3217/2015/ത.സ്വ.ഭ.വ. തീയതി 29.10.2015 പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ പ്രകാരമുള്ള നഗരസഭ പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി, നിർവഹണ കമ്മിറ്റി എന്നിവയുടെ ഹാജർ പുസ്തകം, മിനുട്സ്, സ്പെഷ്യൽ ഒ.പി രജിസ്റ്റർ, സ്റ്റാഫ് & വോളണ്ടിയർ അറ്റൻഡൻസ് രജിസ്റ്റർ, പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി സംഭാവന സ്വീകരിക്കുന്നതിനുള്ള രസീത് ബുക്കുകളും അതിന്റെ സ്റ്റോക്ക് രജിസ്റ്ററും, ക്യാഷ് & അസ്സറ്റ്സ് ഡൊണേഷൻ രജിസ്റ്റർ, വരവ് – ചെലവ് കണക്ക് പുസ്തകം, ക്യാഷ് ബുക്ക്, സബ്സിഡിയറി രജിസ്ററർ, സന്നദ്ധ സംഘടനകളുടെ കീഴിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ

യൂണിറ്റുകൾക്ക് ഉപകരണങ്ങളോ മരുന്നോ നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രജിസ്റ്റർ എന്നീ സുപ്രധാന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുവെങ്കിലും ഓഡിറ്റിന് ഹാജരാക്കിയില്ല.

മേൽ ഉത്തരവ് ഖണ്ഡിക 2.5.6 പ്രകാരം പാലിയേറ്റീവ് കെയർ ആവശ്യമുള്ള രോഗികളുടെ വിവരം നഗരസഭ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്ത പക്ഷം പദ്ധതിയിൽ നിന്ന് പണം ചെലവഴിക്കാൻ പാടില്ലെന്ന വ്യവസ്ഥയിരിക്കെയാണ് നഗരസഭ ചെലവ് നടത്തിയിട്ടുള്ളത്. മേൽ ഉത്തരവ് ഖണ്ഡിക 2.10.6 പ്രകാരം ഒരു വർഷം ഒന്നിലധികം പാലിയേറ്റീവ് കെയർ പദ്ധതികൾ നടപ്പാക്കാൻ പാടില്ലെങ്കിലും 2018-19 വർഷം മൂന്ന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 2018-19 വർഷം പാലിയേറ്റീവ് രോഗികളുടെ പുനരുദ്ധാരണത്തിനായി കോർപ്പറേഷൻ തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം, 2018-19 വർഷം ആരോഗ്യസ്ഥിരം സമിതി, ഭരണസമിതി, ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് എന്നിവ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്തതിന്റെ വിശദാംശം, കിടപ്പിലായ രോഗികളെ 2018-19 കാലയളവിൽ ഡോക്ടർമാർ സന്ദർശിച്ചതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കിയില്ല. കിടപ്പിലായ രോഗികളിൽ സ്ഥിരമായി മരുന്ന് കഴിക്കേണ്ടി വരുന്നവർക്ക് കോർപ്പറേഷൻ പരിധിയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ പരിശോധനയും മരുന്നും ലഭിക്കുന്നതിന് ആഴ്ചയിൽ ഒരു ദിവസമെങ്കിലും സ്പെഷ്യൽ ഒ.പി സൗകര്യം ഒരുക്കേണ്ടതാണ്. 2018-19 വർഷം അപ്രകാരം സൗകര്യമൊരുക്കിയതിന്റെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

വിവിധ രോഗങ്ങളാൽ ദുരിതം അനുഭവിക്കുന്നവരുടെ ക്ഷേമത്തിനായി വാങ്ങിയ ലക്ഷക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ കോർപ്പറേഷന്റെ ഇടിയങ്ങരയിലുള്ള പാലിയേറ്റീവ് കെയർ പരിചരണ കേന്ദ്രത്തിൽ വളരെ അലക്ഷ്യമായും അശ്രദ്ധയോടും കൂടി ശുചീകരണസാമഗ്രികളിൽ നിന്നുള്ള ദുർഗന്ധപൂരിതമായ അന്തരീക്ഷത്തിൽ ഇടുങ്ങിയ മുറികളിൽ പഴയതും തുരുമ്പ് പിടിച്ചതുമായ ഉപകരണങ്ങളുടെ കൂടെ കൂട്ടിയിട്ടിരിക്കുന്നത് അത് ഉപയോഗിക്കുന്ന രോഗികൾക്ക് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന് പുറമെ ഉപകരണങ്ങൾ നശിക്കുന്നതിനും ഇടവരുത്തും. ഇത് സമൂഹത്തിലെ ഏറ്റവും അനുകമ്പാർഹരായ രോഗികളോട് ചെയ്യുന്ന കടുത്ത അനീതി കൂടിയാണ്. ആവശ്യമില്ലാതെ ഉപകരണങ്ങൾ വാങ്ങിക്കൂട്ടി യഥാസമയം വിതരണം ചെയ്യാതിരിക്കുന്നത് പൊതുമുതലിന്റെ ദുർവ്യയമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പല സുപ്രധാന രേഖകളും ഓഡിറ്റിന് ഹാജരാക്കുകയോ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിലുണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ച്കൾ ചൂണ്ടികാണിച്ചു കൊണ്ടുള്ള ഒ.എസ്.നം.81/2018-19-തീയതി 25.11.2019-ന് മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ലായെന്നത് ഇക്കാര്യത്തിൽ നഗരസഭയുടെ ഭാഗത്തുള്ള അലംഭാവമാണ് കാണിക്കുന്നത്. മേൽ പരാമർശിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയിൽ നിരാകരിച്ച തുകയായ 5,714/- രൂപ കിഴിച്ച് 19,98,931/ രൂപയുടെ ചെലവ് (2004645 - 5714) തടസ്സത്തിൽ വയ്ക്കുന്നു.

## 3-15 സ്നേഹതീരം അങ്കണവാടി നിർമ്മാണം - കരാറുകാരന് അധികതുക നൽകി

| | |
|---|---|
| ഫയൽ നം | - BZ/EG/8885/17 |
| നിർവഹണ ഉദ്യോഗസ്ഥൻ | -ശ്രീ.രമേഷ്.കെ.പി, എക്സി.എഞ്ചിനീയർ |
| പ്രോജക്ട് നം | - 837/19 |
| അടങ്കൽ തുക | - 10,02,894/-, വികസനഫണ്ട് (ജനറൽ) |
| ഫൈനൽ ബിൽ തുക | - 6,67,114/-, ബിൽ നം. 17/19.3.2019 |
| കരാർ നം. | -ACE/15/17-18 തീയതി 18.01.2018 |
| അളവ് പുസ്തകം | - 597/17, 474/17, 595/17 |
| കരാറുകാരൻ | - ശ്രീ.രതീഷ് കുമാർ. പി |

കോഴിക്കോട് കോർപറേഷൻ വാർഡ് 48ലെ സ്നേഹതീരം അങ്കണവാടിയുടെ നിർമ്മാണപ്രവർത്തനത്തിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. നിലവിലുള്ള ബിൽഡിംഗിനോട് ചേർത്ത് ഹാൾ, സ്റ്റോർ റൂം, ബാത്ത് റൂം എന്നിവയാണ് നിർമ്മിക്കാൻ ഉദ്ദേശിച്ചത്. പ്രവൃത്തി പൂർത്തീകരിച്ച് 2 ബില്ലുകളിലായി 8,64,220 /- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ചുമർ പെയിന്റിംഗ് പ്രവൃത്തിയിൽ ആകെ ചെയ്ത പ്രവൃത്തിയുടെ അളവിൽ നിന്ന് ചുമർ ടൈൽ

പതിച്ച ഭാഗം 46.35$^{m2}$ കുറവ് ചെയ്യാത്തതിനാൽ താഴെ പറയും പ്രകാരം 5,562 /- രൂപ കരാറുകാരന് അധികം നൽകാൻ ഇടയായിട്ടുണ്ട്.

| ഇനം | പ്രവൃത്തി | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|
| 1.18 | Wall painting with acrylic emulsion paint | 303.38$^{m2}$ @120/ $^{m2}$ =36405.60രൂപ | 257.03$^{m2}$ @ 120/ $^{m2}$ =30843.60രൂപ (303.38$^{m2}$ -46.35$^{m2}$ = 257.03$^{m2}$ ) | 5,562 /-രൂപ |

മേൽ പ്രവൃത്തിയിൽ കരാറുകാരന് അധികം തുക നൽകിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഒ.എസ്. ന് (നം.160/2018-19, തീയതി 12.06.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക 5,562/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-16 പൂളക്കടവ് സ്റ്റാഫ് ക്വാർട്ടേഴ്സ് പാർക്ക് നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിക്കാത്തതും മറ്റപാകതകളും

| | |
|---|---|
| ഫയൽ നം. | - ഇജി8/19622/17 |
| നിർവഹണ ഉദ്യോഗസ്ഥൻ | -സൂപ്രണ്ടിംഗ് എഞ്ചിനീയർ |
| പ്രോജക്ട് നം | - 800 857/17 |
| അടങ്കൽ | - 5,00,000/-, വികസനഫണ്ട് (ജനറൽ) |
| ചെലവ് | - 3,48,599/- ബിൽ നം. 46/17.08.2018 |
| കരാർ നം. | -ACE14/17-18 തീയതി 13.7.2017 |
| കരാർ തുക | -4,71,914/- |
| കരാറുകാരൻ | - മൂപ്പൻസ് ആസ്റ്റെക് കോൺട്രാക്ടിംഗ് ലിമിറ്റഡ് |

കോഴിക്കോട് കോർപറേഷൻ സ്റ്റാഫ് ക്വാർട്ടേഴ്സിന് സമീപത്തെ സ്ഥലം ഒരു പാർക്ക് ആയി രൂപപ്പെടുത്തുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. പ്രധാനമായും പാർക്കിന്റെ അതിർത്തി മതിൽ കെട്ടി സംരക്ഷിക്കുന്നതിനും അതിൽ ആവശ്യമായ മണ്ണ് ഫിൽ ചെയ്ത് ഉയർത്തിയ ശേഷം ചെടികളും പുല്ലും പിടിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് നടക്കുന്നതിന് ഒരു പാത്ത് വേ നിർമ്മിക്കുന്നതിനും ഇരിക്കുന്നതിനായി ഒരു റെസ്റ്റ് ഏരിയ നിർമ്മിക്കുന്നതിനുമായി 23 ഇനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കി. 08.03.2017ന് ടെണ്ടർ ക്ഷണിച്ചതിൽ 5 % കുറവ് നിരക്കിൽ ഓഫർ സമർപ്പിച്ച മൂപ്പൻസ് ആസ്റ്റെക് കോൺട്രാക്ടിംഗ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. 23.06.2017ന് കരാറുകാരന് സെലക്ഷൻ മെമ്മോ അയയ്ക്കുകയും 13.07.2017ന് കരാർ വെച്ച് 29.07.2017ന് സൈറ്റ് കൈമാറുകയും ചെയ്തു. കരാർ പ്രകാരം 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. 29.07.2017ന് സൈറ്റ് ഏറ്റെടുത്തെങ്കിലും മഴ കാരണം പ്രവൃത്തി ആരംഭിക്കുവാൻ വൈകിയതിനാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 15.03.2018 വരെ നീട്ടി നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ അളവുപുസ്തകം പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ പ്രവൃത്തി തുടങ്ങിയ തീയതി സംബന്ധിച്ച് വ്യക്തതയില്ല. പ്രവൃത്തിയുടെ ഇനം 2,3,4,5,10,13 എന്നിവ പൂർത്തിയാക്കി 31.03.2018ന് 3,87,332.65 രൂപയുടെ പാർട്ട് ബിൽ സമർപ്പിക്കുകയും 10 % റീടെൻഷനും നികുതികളും കുറവ് ചെയ്ത് 3,48,598.80 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

<u>1. ടെണ്ടർ കുറവ് 5% കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി.</u>

പാർട്ട് ബിൽ തുക നൽകിയപ്പോൾ ആകെ പ്രവൃത്തി മൂല്യം 3,87,332.65 രൂപയിൽ നിന്നും 5 % ടെണ്ടർ കുറവ് ആയ 19,367/-രൂപ കുറവ് ചെയ്തിട്ടില്ല.

<u>2. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.</u>

കരാർ പ്രകാരം 28.01.2018ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നെങ്കിലും കരാറുകാരന്റെ അപേക്ഷ പ്രകാരം 15.03.2018 വരെ കാലാവധി നീട്ടി നൽകുകയായിരുന്നു. എന്നാൽ കാലാവധി കഴിഞ്ഞ് 2 വർഷം കഴിഞ്ഞെങ്കിലും ഇതുവരെ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല. കരാറുടമ്പടിയിലെ ക്രമനം. 9 പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് അയച്ച 14 ദിവസങ്ങൾക്ക് ശേഷം കരാർ റദ്ദാക്കേണ്ടതും പ്രവൃത്തി മറ്റൊരു ഏജൻസി വഴി പൂർത്തിയാക്കേണ്ടതുമാണ്. മറ്റൊരു ഏജൻസിയെക്കൊണ്ട് പ്രവൃത്തി പൂർത്തിയാക്കുന്നത് മൂലം ഉണ്ടാകുന്ന അധികച്ചെലവ് മുഴുവൻ കരാറുകാരനിൽ നിന്നും വസൂലാക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ കരാറിൽ പറഞ്ഞ നടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നഗരസഭയുടെ ഭാഗത്തു നിന്ന് ശ്രമമുണ്ടായതായി കാണുന്നില്ല. പാർക്കിനായുള്ള സ്ഥലത്തിന്റെ അതിർത്തി മതിൽ കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി മാത്രമാണ് ഇതു വരെ ചെയ്തിട്ടുള്ളത്. അതിനാൽ തന്നെ സ്റ്റാഫ് ക്വാർട്ടേഴ്സിന് സമീപത്തെ സ്ഥലം ഒരു പാർക്ക് ആയി രൂപപ്പെടുത്തുക എന്ന ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല.

3. എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടില്ല.

എസ്റ്റിമേറ്റ് പ്രകാരമുള്ള 23 ഇനങ്ങളിൽ താഴെ പറയുന്ന 6 ഇനങ്ങൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്.

| ഇനം | പ്രവൃത്തി | ചെയ്ത അളവ് | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് |
|---|---|---|---|
| 2 | 2.8.1 – Earth work excavation... | 38.96m3 | 18.604m3 |
| 3 | 60.7.1- DR masonary... | 38.96m3 | 18.604m3 |
| 4 | 7.1.1- RR masonary... | 24.63m3 | 16.12m3 |
| 5 | 50.6.7.2- Laterite masonary... | 15.24m3 | 11.755m3 |
| 10 | 13.33.1- Pointing on stone work.. | 46.77m2 | 35.821m2 |
| 13 | 13.1.1- 12mm cement plaster... | 146.69m2 | 112.283m2 |

മേൽ പറഞ്ഞ പ്രവൃത്തികളിൽ ചില ഇനങ്ങൾ എസ്റ്റിമേറ്റിലെ അളവുകളേക്കാൾ 500% അധികരിച്ചിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഒ.എസ്.ന് (ഒ.എസ്.നം.164/18-19, തീയതി 12.06.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ കിഴിവ് ബില്ലിൽ നിന്നും കുറവ് വരുത്താതെ സ്ഥാപനത്തിന് അധികം നൽകിയ തുക 19,367/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഈടാക്കി വികസനഫണ്ടിൽ അടവ് വരുത്തേണ്ടതാണ്.

## 3-17 ഇടവിള കൃഷി വികസനം 2019 – തൈകൾ പൂർണ്ണമായും വിതരണം ചെയ്തില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 193/2018-19 - ഇടവിള കൃഷി വികസനം 2019 |
| അടങ്കൽ | 17,94,000/- (വികസന ഫണ്ട് ജനറൽ)<br>1,56,000/- (ഗുണഭോക്തൃ വിഹിതം) |
| ആകെ | 19,50,000/- |
| നിർവ്വഹണം | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ, ചെറുവണ്ണൂർ- നല്ലളം |

ചെലവഴിച്ച തുക

| | |
|---|---|
| വികസന ഫണ്ട് ജനറൽ | 11,01,700/- |
| ബിൽ നം.കെ.ബി.സി (കെ.സി.പി) 2/19 തീയതി 29.03.2019 | 11,01,700/- |
| ഗുണഭോക്തൃ വിഹിതം | 95,800/- |

പ്ലാവ്, മാവ്, വാഴ ചേന, ചേമ്പ് ഇടങ്ങിയവ അടങ്ങുന്ന ഒരു കിറ്റിന് 100/- രൂപ ഗുണഭോക്തൃ വിഹിതം അടവാക്കി 10 സെന്റിന് 1 യൂണിറ്റ് എന്ന നിരക്കിൽ ഒരാൾക്ക് പരമാവധി 3 യൂണിറ്റ് അനുവദിക്കുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

(I) ടിഷ്യൂകൾച്ചർ വാഴ തൈകൾ മുഴുവൻ വിതരണം ചെയ്തില്ല

വി.എഫ്.പി.സി.കെ. കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയിസ് VFPCK/KKD/104 തീയതി 20.03.2019 പ്രകാരം ക്രമ നം.8 ആയി 10,538 എണ്ണം ടിഷ്യൂകൾച്ചർ വാഴ തൈകൾ വാങ്ങിയിട്ടുണ്ടെങ്കിലും ഓഡിറ്റിന് ഹാജരാക്കിയ വിതരണ രജിസ്റ്റർ പ്രകാരം 9580 എണ്ണമേ വിതരണം ചെയ്തിട്ടുള്ളൂ. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | കൃഷി ഭവൻ | കർഷകരുടെ എണ്ണം | ഒരു കിറ്റിൽ 10 തൈകൾ എന്ന തോതിൽ വിതരണം ചെയ്ത കിറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | കോഴിക്കോട് | 259 | 275 |
| 2 | ബേപ്പൂർ | 103 | 113 |
| 3 | എലത്തൂർ | 210 | 210 |
| 4 | ചെറുവണ്ണൂർ-നല്ലളം | 291 | 360 |
| | ആകെ | 863 | 958 |

958 ടിഷ്യൂകൾച്ചർ വാഴ തൈകൾ (10,538-9580) വിതരണം ചെയ്യാത്തതിന് ഒ.എസ്. നമ്പർ 52/19 പ്രകാരം വിശദീകരണം ആരാഞ്ഞതിന് 02/11/19 ലെ കെ.ബി.കെ-20/2019-20 നമ്പർ കത്ത് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്. പദ്ധതി രൂപീകരിച്ചപ്പോൾ വിഭാവനം ചെയ്തത് 10 ടിഷ്യുകൾച്ചർ വാഴ തൈകൾ 20/- രൂപ നിരക്കിൽ വാങ്ങി നൽകുവാനാണ്. വി.എഫ്.പി.സി.കെ-യിൽ നിന്നും 18/- രൂപ നിരക്കിൽ വാഴതൈകൾ ലഭിച്ചതിനാൽ 11 എണ്ണം വീതം വിതരണം ചെയ്തു. എന്നാൽ ചില കൃഷിഭവനുകളിൽ പദ്ധതിയിൽ വിഭാവനം ചെയ്തത് 10 വാഴതൈകൾ എന്ന് തെറ്റിദ്ധരിച്ച് അപ്രകാരം വിതരണ രജിസ്റ്ററിൽ കാലേക്കൂട്ടി എഴുതുകയാണുണ്ടായത്. ആയത് തിരുത്താൻ വിട്ടുപോയി. എലത്തൂർ കൃഷിഭവനിൽ യഥാർത്ഥത്തിൽ വിതരണം ചെയ്തത് 11 വാഴതൈകൾ ആണെങ്കിലും പദ്ധതിയിൽ വിഭാവനം ചെയ്തത് 10 വാഴതൈകൾ എന്ന് തെറ്റിദ്ധരിച്ച് അപ്രകാരം തിരുത്തി എഴുതുകയാണുണ്ടായതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

എന്നാൽ ഡിപിസി അംഗീകരിച്ച പദ്ധതിയിൽ ഒരിടത്തും 10 ടിഷ്യുകൾച്ചർ വാഴ തൈകൾ വീതമുള്ള കിറ്റുകളാണ് വിതരണം ചെയ്യുന്നതെന്ന് രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല കൃഷിഭവനുകളിൽ വിതരണത്തിന് മുമ്പേ തൈ വിതരണ രജിസ്റ്റർ തയ്യാറാക്കി എന്നുള്ളത് ശരിയായ നടപടിയല്ല. യഥാർത്ഥത്തിൽ വിതരണം ചെയ്ത വാഴതൈകളുടെ എണ്ണമാണ് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടത്. ആയതിനാൽ എലത്തൂർ കൃഷിഭവനിൽ 11 വാഴതൈകൾ വിതരണം ചെയ്തുവെങ്കിലും പദ്ധതിയിൽ വിഭാവനം ചെയ്തത് 10 വാഴതൈകളാണെന്ന് തെറ്റിദ്ധരിച്ച് രജിസ്റ്ററിൽ തെറ്റായി എഴുതുകയാണുണ്ടായതെന്ന മറുപടിയും സ്വീകാര്യമല്ല. കോഴിക്കോട്, ചെറുവണ്ണൂർ-നല്ലളം കൃഷി ഓഫീസുകളിൽ കർഷകർക്ക് കിറ്റ് അടിസ്ഥാനത്തിലാണ് തൈകൾ വിതരണം നടത്തിയിട്ടുള്ളത്. എലത്തൂർ, ബേപ്പൂർ എന്നീ കൃഷിഭവനുകളിൽ 10 ടിഷ്യുകൾച്ചർ വാഴ തൈകൾ ഉൾക്കൊള്ളുന്ന കിറ്റുകൾ ലഭിച്ചതായി ഗുണഭോക്താക്കൾ വിതരണ രജിസ്റ്ററിൽ ഒപ്പുവെച്ചിട്ടുണ്ട് . ഈ വസ്തുത നിർവ്വഹണഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ 10538 ടിഷ്യുകൾച്ചർ വാഴ തൈകൾ വാങ്ങുന്നതിനായി തൈ ഒന്നിന് 18/- രൂപ നിരക്കിൽ 1,89,684/- രൂപ ചെലവഴിച്ചുവെങ്കിലും 9580 തൈകൾ മാത്രമേ കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളുവെന്ന് രേഖകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നു. ആയതിനാൽ കർഷകർക്ക് വിതരണം ചെയ്യാത്ത 958 എണ്ണം ടിഷ്യുകൾച്ചർ വാഴ തൈകളുടെ വിലയായ 17,244/- രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

(II) കൂടുതൽ കിറ്റുകൾ വിതരണം ചെയ്തു

മേൽ പദ്ധതി പ്രകാരം 10 സെന്റിന് ഒരു കിറ്റ് എന്ന രീതിയിൽ ഒരു ഗുണഭോക്താവിന് പരമാവധി മൂന്ന് കിറ്റുകൾ വിതരണം ചെയ്യുവാനാണ് പദ്ധതിയിൽ നിഷ്കർഷിച്ചതെങ്കിലും വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം ചില ഗുണഭോക്താക്കൾക്ക് അതിൽ കൂടുതൽ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ. നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | വിതരണ രജിസ്റ്ററിലെ ക്രമ നം. | കൈപ്പറ്റിയ കിറ്റുകളുടെ എണ്ണം | കൃഷിഭവൻ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ശ്രീമതി.ജെസീന പൊന്നമറ്റത്തിൽ ഉല്ലാസ് നഗർ കോളനി | 243 | 5 | കോഴിക്കോട് |
| 2 | ശ്രീമതി.ശാന്ത.കെ അയിനൂർ, കുതിരവട്ടം | 256 | 5 | കോഴിക്കോട് |
| 3 | ശ്രീമതി.സുഗതകുമാരി ശ്രീരാഗം, പുതങ്ങര | 257 | 4 | കോഴിക്കോട് |
| 4 | ശ്രീമതി.റാബിയ.എ.ടി ഒളശ്ശേരി നരങ്ങാട്ട് നടുവട്ടം, നോർത്ത് ബേപ്പൂർ | 103 | 5 | ബേപ്പൂർ |

1560 കിറ്റുകൾ വിതരണം ചെയ്യുവാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തതെങ്കിലും ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട മുഴുവൻ പേരും തൈകൾ വാങ്ങാതെ വന്നതിനാൽ 958 കിറ്റുകളെ വിതരണം ചെയ്യുവാൻ സാധിച്ചുള്ളൂവെന്നും ആയതിനാൽ കൂടുതൽ സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് മൂന്നിൽ കൂടുതൽ കിറ്റുകൾ നൽകിയെന്നുമാണ് നിർവഹണഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. പദ്ധതിയിൽ നിഷ്കർഷിച്ചതിലും അധികം കിറ്റുകൾ പല ഗുണഭോക്താക്കൾക്കും നൽകിയിട്ടും പദ്ധതിയിൽ ലക്ഷ്യമിട്ടതിന്റെ 61 % കിറ്റുകൾ മാത്രമേ വിതരണം ചെയ്യാൻ സാധിച്ചിട്ടുള്ളൂവെന്നത് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയതിലെ പാളിച്ചയാണ് സൂചിപ്പിക്കുന്നത്. പദ്ധതിയിൽ പരാമർശിച്ച മുൻഗണനാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തി ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിരുന്നെങ്കിൽ ഈ പാളിച്ച സംഭവിക്കില്ലായിരുന്നു. ആയതിനാൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതും പദ്ധതിയിൽ വിഭാവനം ചെയ്ത കണക്കിൽ തന്നെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-18 മേയർ ഭവൻ, അനുബന്ധ ക്വാട്ടേഴ്സുകൾ എന്നിവയുടെ വൈദ്യുതി ചാർജ്ജ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കിയില്ല.

ഫയൽ നമ്പർ: എ.32(എ)/40670/85.

കോഴിക്കോട് നഗരസഭ വക മേയർ ഭവന്റെയും അനുബന്ധ ക്വാട്ടേഴ്സുകളുടേയും വൈദ്യുതി ചാർജ്ജ് അടവാക്കുന്ന വിശദാംശങ്ങൾ ഉൾപ്പെട്ടതാണ് മേൽ ഫയൽ. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ നിന്നും മേൽ കോമ്പൗണ്ടിൽ 4 വൈദ്യുതി കണക്ഷൻ ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കൺസ്യൂമർ നം | 5/18 | 7/18 | 9/18 | 11/18 | 01/19 | 03/19 |
|---|---|---|---|---|---|---|
| 1166016001617 | 10,927 | 12,213 | 4,344 | 3,581 | 2,867 | 3,470 |
| 1166012003323 | 115 | 48 | 84 | 123 | 120 | 120 |
| 1166010005122 | 306 | 353 | 264 | 276 | 216 | ---- |
| 1166017007534 | 143 | ---- | ----- | ---- | ---- | ---- |

2018-19 സാമ്പത്തിക വർഷത്തിൽ നഗരസഭ ഫണ്ടിൽ നിന്നും അടവാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വൗച്ചർ നം, തീയ്യതി | തുക | ചെക്ക്, നം. |
|---|---|---|
| 21800794, 19.05.2018 | 11,485 | 322583 |
| | | |

| | | |
|---|---|---|
| 21801701, 13.07.2018 | 12,566 | 706835 |
| 21802903, 12.09.2018 | 4,692 | 947753 |
| 21804083, 16.11.2018 | 3,980 | 386039 |
| 21805572, 23.01.2019 | 3,203 | 650942 |
| 21806908, 22.03.2019 | 3,590 | 869480 |
| | 39,516 | |

മേയർ ഭവനിൽ നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനീയറും, അനുബന്ധ ക്വാട്ടേഴ്സുകളിൽ ഹെൽത്ത് ഓഫീസർ, വെറ്ററിനറി സർജ്ജൻ, സെക്രട്ടറി എന്നിവരുമാണ് താമസിക്കുന്നത്. നഗരസഭ ഫണ്ടിൽ നിന്നും വൈദ്യുതി ചാർജ്ജ് ഇനത്തിൽ അടവാക്കിയ 39,516/-രൂപ അക്കാലയളവിൽ ക്വാട്ടേഴ്സുകൾ വിനിയോഗിച്ച ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. ചെലവ് തുക അംഗീകരിക്കുന്നില്ല.

## 3-19 ഇതരസംസ്ഥാന തൊഴിലാളികൾക്കും കോർപ്പറേഷൻ തൊഴിലാളികൾക്കും മെഡിക്കൽ ക്യാമ്പ് - അപാകതകൾ

ഫയൽ നം.എഫ്.1/93098/18

2018-19 ൽ ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ ഇതരസംസ്ഥാന തൊഴിലാളികൾക്കും കോർപ്പറേഷൻ തൊഴിലാളികൾക്കും മെഡിക്കൽ ക്യാമ്പ് എന്ന പദ്ധതി (നമ്പർ S0070/19, തുക 6,00,000/-) പ്രകാരം ടാഗോർ സെന്റിനറി ഹാൾ കോഴിക്കോട്, എൻ.ജി.ഒ. ക്വാർട്ടേഴ്സ് വെള്ളിമാട്കുന്ന്, UHC മാങ്കാവ്, ജിനരാജദാസ് എ.എൽ.പി. സ്കൂൾ നടുവട്ടം എന്നിവിടങ്ങളിൽ വെച്ച് 4 മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. ഓരോ ക്യാമ്പിലും തൊഴിലാളികളുടെ രക്ത പരിശോധന, മരുന്ന് വിതരണം, ഭക്ഷണം, മറ്റ് അനുബന്ധ ചെലവുകൾക്കുമായി 1,50,000/- രൂപ വീതം ആകെ 6,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ബിൽ നം, തീയ്യതി | തുക | അപാകത |
|---|---|---|
| 38/18-19, 13.03.2019 | 1,50,000 | 22.01.2019 ന് ടാഗോർ സെന്റിനറി ഹാളിൽ വെച്ച് കോർപ്പറേഷൻ തൊഴിലാളികൾക്ക് വേണ്ടി നടത്തിയ ക്യാമ്പിൽ പങ്കെടുത്തവരുടെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |
| 39/18-19, 13.03.2019 | 1,50,000 | 03.02.2019 ന് എൻ.ജി.ഒ.ക്വാട്ടേഴ്സ് ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി നടത്തിയ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തവരുടെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി തുകയിൽ നിന്നും 5,000/- രൂപ സ്കൂൾ പി.ടി.എ. പ്രവർത്തന ഫണ്ടിലേക്ക് സംഭാവന നൽകിയതായും കാണുന്നു. |
| 40/18-19, 13.03.2019 | 1,50,000 | 17.02.2019 ന് മാങ്കാവ് UHC യിൽ വെച്ച് ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി നടത്തിയ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തവരുടെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 1,49,677/- രൂപയുടെ ചെലവ് രേഖകളെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ |
| 41/18-19, 13.03.2019 | 1,50,000 | 24.02.2019 ന് ജിനരാജദാസ് എ.എൽ.പി. സ്കൂൾ നടുവട്ടത്ത് വെച്ച് ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി നടത്തിയ ക്യാമ്പിൽ പങ്കെടുത്തവരുടെ പേര് വിവരം ഫയലിൽ ലഭ്യമല്ല. 1,49,622/- രൂപയുടെ ചെലവു രേഖകൾ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ. ചെലവ് രേഖകളിൽ ബിൽ നം.31-32 പ്രകാരം ചെലവ് 1,255/- രൂപയാണ്. എന്നാൽ 1,355/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി തുകയിൽ നിന്നും 5,000/- രൂപ സ്കൂൾ വികസന ഫണ്ടിലേക്ക് സംഭാവന നൽകുകയും ചെയ്തിട്ടുണ്ട്. |

സ.ഉ.(കൈ) നം.22/18 ത.സ്വ.ഭ.വ. തീയതി 14.02.18 നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 5 പ്രകാരം സംഭാവന ഇനത്തിൽ തുക നൽകുന്നതിന് വ്യവസ്ഥയില്ല. ഇത് സംബന്ധിച്ച് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (നം.133/18-19) മറുപടി നൽകിയിട്ടില്ല. നഗരസഭ ഫണ്ടിന് നഷ്ടം വന്ന 10,000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും

ഈടാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 5,90,000/- രൂപ (600000-10000) തടസ്സത്തിൽ വെക്കുന്നു.

## 3-20 നഗരസഭ കാര്യാലയം, സ്റ്റേഡിയം വൈദ്യുതി ചാർജ്ജ് - യഥാസമയം ബിൽ അടക്കാത്തതിനാൽ, പിഴ, ബിലേറ്റഡ് ഫീസ് അടവാക്കി.

ഫയൽ നം. - EG11/109566/16, EG11/59022/15

കൺസ്യൂമർ നം -

(1) 1366030021909 (നഗരസഭ കാര്യാലയം), HT.II (A) General

(2) 1366020037221 (സ്റ്റേഡിയം), HT.IV (Commercial)

08.05.2014 ലെ ബി.ഒ.(സി.എം.ഡി) 1327/2014 (കെ.എസ്.ഇ.ബി/ട്രാക്/എച്ച്.ടി & ഇ.എച്ച്.ടി/ഇൻസെന്റീവ്/ 2014-15) നം ഉത്തരവ് ഖണ്ഡിക.3(iv)(ബി) പ്രകാരം ഇൻവോയ്സ് തുക ഡ്യൂ ഡേറ്റിനു 5 ദിവസം മുമ്പ് അടവാക്കുകയാണെങ്കിൽ ബിൽ തുകയുടെ 0.30% ഉപഭോക്താവിന് ഇൻസെന്റീവ് ആയി ലഭിക്കും. ഖണ്ഡിക.3(iv)(ഡി) പ്രകാരം ഇൻവോയ്സ് തുക നിശ്ചിത തീയ്യതിക്കകം അടവാക്കുന്നതിൽ താമസം വരുത്തിയാൽ ബാങ്ക് പലിശ സഹിതം പിഴയടക്കം അടവാക്കണം. മേൽ വിവരിച്ച വൈദ്യുതി കണക്ഷനുകൾക്ക് വൈദ്യുതി ലഭിക്കുന്നത് കെ.എസ്.ബി. യുടെ ഹൈടെൻഷൻ ലൈൻ മുഖേനയാണ്. ആയതിനാൽ തന്നെ വൈദ്യുതി ഡിമാന്റ് ബിൽ ലഭിക്കുന്നത് കെ.എസ്.ഇ.ബി. യുടെ തിരുവനന്തപുരം റവന്യൂ ഓഫീസറിൽ നിന്നുമാണ്. മേൽ കൺസ്യൂമർ നമ്പറുകളിലുള്ള വൈദ്യുതി കണക്ഷനുകളുടെ ബില്ലുകൾ പരിശോധിച്ചതിൽ നിന്നും ബിൽ തുക അടവാക്കുന്നതിൽ കാലതാമസം വരുന്നതിനാൽ അടുത്ത ഡിമാന്റ് ബില്ലിൽ വലിയ തുക പിഴയായി നൽകുന്നതായി കണ്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1366030021909 (നഗരസഭ കാര്യാലയം), HT.II (A) General

| | ബിൽ നം, തീയ്യതി | ബിൽ തുക | അടവാക്കേണ്ട തീയ്യതി | പെനാൽറ്റി തുക | ബിലേറ്റഡ് തുക |
|---|---|---|---|---|---|
| 1 | 2102811615609, 04.04.2018 | 1,54,132 | 11.04.2018 | ----- | ----- |
| 2 | 2102811623443, 03.05.2018 | 3,03,708 | 10.05.2018 | 1,863.38 | ---- |
| 3 | 2102811632779, 04.06.2018 | 1,63,976 | 11.06.2018 | 12,170.57 | 1,844.00 |
| 4 | 2102811636959, 03.07.2018 | 1,19,188 | 10.07.2018 | 12,545.85 | ---- |
| 5 | 2102811641958, 02.08.2018 | 1,36,660 | 09.08.2018 | 11,135.48 | 1,526.00 |
| 6 | 2102811649569, 04.09.2018 | 1,18,266 | 11.09.2018 | 9,164.75 | ---- |
| 7 | 2102811654225, 03.10.2018 | 2,53,236 | 10.10.2018 | 9,578.09 | 2,010.90 |
| 8 | 210281161082, 02.11.2018 | 1,46,245 | 09.11.2018 | 11,340.00 | 1,211.00 |
| 9 | 2102811669273, 03.12.2018 | 1,43,294 | 10.12.2018 | 9,748.19 | ---- |
| 10 | 2102811680646, 04.01.2019 | 2,88,088 | 11.01.2019 | 10,073.16 | ---- |
| 11 | 2102811684771, 02.02.2019 | 1,39,882 | 11.02.2019 | 10,649.77 | 3,208.00 |
| 12 | 2102811690367, 02.03.2019 | 1,84,517 | 11.03.2019 | 8,179.87 | ----- |
| ആകെ | | 21,51,192 | | 1,06,449.11 | 9,799.90 |
| 106449.11 + 9,799.90 = 116249.01 Rounded to 1,16,249/- | | | | | |

1366020037221 (സ്റ്റേഡിയം), HT.IV (Commercial)

| | ബിൽ നം, തീയ്യതി | ബിൽ തുക | അടവാക്കേണ്ട തീയ്യതി | പെനാൽറ്റി തുക | ബിലേറ്റഡ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | തുക |
| 1 | 21028116204, 07.04.2018 | 45057 | 14.04.2018 | ----- | 1448.00 |
| 2 | 2102811624313, 04.05.2018 | 87190 | 11.05.2018 | ----- | ----- |
| 3 | 2102811631319, 04.06.2018 | 38820 | 11.05.2018 | | 468.00 |
| 4 | 2102811637972, 04.07.2018 | 49914 | 11.07.2018 | 64.67 | ---- |
| 5 | 2102811644431, 03.08.2018 | 38178 | 10.08.2018 | ---- | 351.00 |
| 6 | 2102811651328, 04.09.2018 | 84519 | 11.09.2018 | 1954.73 | ---- |
| 7 | 2102811655381, 03.10.2018 | 91248 | 10.10.2018 | 1443.46 | 424.20 |
| 8 | 21028116633667, 03.11.2018 | 107059 | 12.11.2018 | ---- | 390 |
| 9 | 2102811670560, 04.12.2018 | 165267 | 11.12.2018 | ---- | 595.20 |
| 10 | 2102811678228, 04.01.2019 | 216293 | 11.01.2019 | ---- | ---- |
| 11 | 2102811687466, 04.02.2019 | 57760 | 11.02.2019 | ---- | ----- |
| 12 | 2102811694496, 05.03.2019 | 61804 | 12.03.2019 | ---- | ----- |
| ആകെ | | 1043109 | | 3462.86 | 3676.4 |
| 3462.86 + 3676.40 = 7139.26 | | | | | |

മേൽ കൺസ്യൂമർ നമ്പറുകളിലായി 1,23,388.26/- രൂപ (116249 + 7139.26) പിഴ, ബിലേറ്റഡ് ഫീസ് എന്നീയിനങ്ങളിൽ നഗരസഭ ഫണ്ടിൽ നിന്നും അടവാക്കി.

മേൽ പട്ടികകളിലെ വൈദ്യുതി ചാർജ് 31,94,301/- അടവാക്കുന്നതിനായി നഗരസഭ ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം 2018-19 സാമ്പത്തിക വർഷം 19,67,784/- രൂപ ചെലവഴിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ നഗരസഭ തനത് ഫണ്ട് സാംഖ്യ ബാങ്ക് ബുക്ക് പ്രകാരം)

| ക്രമ നം | വൗച്ചർ നം, തീയ്യതി | തുക | ചെക്ക് നം |
|---|---|---|---|
| 1 | 21800351, 26.04.2018 | 1,99,189 | 984824 |
| 2 | 21800774, 18.05.2018 | 2,59,131 | 322569 |
| 3 | 21801485, 28.06.2018 | 2,02,796 | 706729 |
| 4 | 21801723, 13.07.2018 | 1,19,188 | 706852 |
| 5 | 21801799, 21.07.2018 | 11,094 | 707098 |
| 6 | 21803269, 02.10.2018 | 1,36,660 | 947967 |
| 7 | 21803270, 02.10.2018 | 1,64,607 | 947968 |
| 8 | 21803620, 23.10.2018 | 2,35,764 | 385646 |
| 9 | 21805353, 07.01.2019 | 2,89,539 | 650805 |
| 10 | 21805354, 07.01.2019 | 3,49,816 | 650805 |
| | | 1967784 | |

കെ.എസ്.ഇ.ബി. നൽകിയ ഡിമാന്റ് ബില്ലുകൾ പ്രകാരം 2151192 + 1043110 = 31,94,301/- രൂപ അടവാക്കേണ്ടതുണ്ടെങ്കിലും 19,67,784/- രൂപ മാത്രമാണ് അടവാക്കിയത്. 12,26,517/- (3194301 – 1967784) രൂപ അടവാക്കിയതായി ബന്ധപ്പെട്ട ഫയലുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ബില്ലുകൾ യഥാസമയം അടവ് വരുത്താത്തതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. കെ.എസ്.ഇ.ബി.യിൽ യഥാസമയം ബിൽ അടക്കാതെ ഇൻസെന്റീവ് നഷ്ടപ്പെടുത്തിയതും, പിഴ, ബിലേറ്റഡ് ഫീസ് എന്നീയിനങ്ങളിൽ തുക അടവാക്കാൻ സാഹചര്യമൊരുക്കിയതും ശരിയായ നടപടിയല്ല. യഥാസമയം വൈദ്യുതി ബിൽ അടവാക്കാതെ അധികമായി കെ.എസ്.ഇ.ബി.ക്ക് അനുവദിച്ച 1,23,388/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-21 ഇ-ടോയ് ലറ്റുകളുടെ വാർഷിക പരിപാലന കരാർ - തുക അനുവദിച്ചത് - സംബന്ധിച്ച്

ഫയൽ നം. – ഇജി13/66854/10

ചെലവ് തുക – 79,100/- (തനത് ഫണ്ട്)

ചെക്ക് നം. – 650946/23.01.2019

കോഴിക്കോട് നഗരങ്ങളിലെ പ്രധാന സ്ഥലങ്ങളിൽ ഡിലൈറ്റ് ഭാരത് ഓട്ടോമാറ്റിക് ടോയ് ലറ്റ് സ്ഥാപിക്കുന്നതിനുള്ള കരാർ എം./എസ്.ഡി-സെലറ എന്ന സ്ഥാപനവുമായി നഗരസഭ 28.03.2011 ന് ഒപ്പു വെച്ചു. ഇത് പ്രകാരം നഗരസഭയുടെ 15 ഇടങ്ങളിലായി 15 പൊതു ഇ-ടോയ് ലറ്റുകൾ സ്ഥാപിക്കുകയുണ്ടായി. നഗരസഭയും ഇറാം സയിന്റിഫിക് (പുതിയ പേര്) സൊല്യൂഷൻസും തമ്മിലുണ്ടാക്കിയ കരാർ പ്രകാരം ഏഴു വർഷമായി തുടർന്നു വന്നിരുന്ന ഇ-ടോയ് ലറ്റുകളുടെ സൗജന്യ പരിപാലനം 27.03.2018 ന് അവസാനിക്കുകയുണ്ടായി. തുടർന്ന് വാർഷിക പരിപാലനത്തിനായി ഇറാം സയന്റിഫിക്കുമായി പുതിയ കരാറിൽ ഏർപ്പെടുന്നതിലേക്കുള്ള നടപടികൾക്കായി വിഷയം ധനകാര്യ സ്ഥിരം സമിതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതിനാൽ നഗരസഭയുടെ അഭ്യർത്ഥന പ്രകാരം ഇ-ടോയ് ലറ്റുകളുടെ സൗജന്യ പരിപാലനം 30.04.2018 വരെ തുടരുന്നതാണെന്ന് ഇറാം സയിന്റിഫിക് സൊല്യൂഷൻ എന്ന സ്ഥാപനം അറിയിച്ചിരുന്നു. അതിന് ശേഷം ഇ-ടോയ് ലറ്റുകളുടെ വാർഷിക പരിപാലന ഉടമ്പടി നഗരസഭയുമായി 14.11.2018 മുതൽ 13.11.2019 വരെ ഒരു വർഷത്തേക്ക് പുതുക്കി ഒപ്പുവെയ്ക്കുകയുണ്ടായി. ടി ഉടമ്പടി പ്രകാരം ഇ-ടോയ് ലറ്റുകളുടെ എ.എം.സി. തുക കരാർ ഒപ്പുവെയ്ക്കുന്ന മുറയ്ക്ക് എ.എം.സി. യുടെ 10% വും, മൂന്ന് മാസത്തിന് ശേഷം സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് 30% വും 8 മാസത്തിന് ശേഷം 30% വും കരാറിന്റെ കാലാവധിക്കു ശേഷം 30% വും നൽകാനാണ് തീരുമാനിച്ചത്.

നഗരസഭാ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള ഇ-ടോയ് ലറ്റുകളുടെ എ.എം.സി.ക്കായി 2018-19 വർഷത്തെ പുതുക്കിയ ബജറ്റിൽ 7,91,000/- തുക വകയിരുത്തിയതിൽ മേൽ കരാർ പ്രകാരം എ.എം.സി. ഇനത്തിൽ 10% തുകയായ 79,100/- രൂപ ചെക്ക് നം.650946 തീയതി 23.01.2019 പ്രകാരം നൽകിയിട്ടുണ്ട്. (ഒരു യൂണിറ്റിന് 56,500/- രൂപ നിരക്കിൽ 14 എണ്ണത്തിന് 7,91,000/- രൂപയുടെ 10% ആണ് നൽകിയത്)

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ 07.05.2018 ലെ സ്ഥല പരിശോധന റിപ്പോർട്ട് പ്രകാരം 15 ഇ-ടോയ് ലറ്റുകളിൽ 5 എണ്ണം പ്രവർത്തിക്കുന്നില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് പ്രകാരം ആകെ പ്രവർത്തിക്കുന്നത് 10 എണ്ണമാണ്. പ്രവർത്തിക്കാത്ത ബേപ്പൂർ ബസ്റ്റാന്റിനടുത്തുള്ള ഒരു ഇ-ടോയ് ലറ്റ് കൗൺസിലർ, എം.എൽ.എ. എന്നിവരുടെ അഭിപ്രായമറിഞ്ഞ ശേഷം പുലിമുട്ടിലേക്കോ സോണൽ ഓഫീസിലേക്കോ മാറ്റാൻ അഡീഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രവർത്തന ക്ഷമമല്ലാത്ത 4 ഇ-ടോയ് ലറ്റുകൾക്ക് അധികമായി എ.എം.സി. നൽകിയതിന്റെ കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ 141/01.02.2020 നമ്പർ ഒ.എസ്. ന് സൂപ്രണ്ടിങ് എഞ്ചിനീയർ 29.02.2020 ന് ഇ.ജി.12/45830/19 നമ്പറായി ലഭ്യമാക്കിയ മറുപടിയിൽ, നിലവിൽ പ്രവർത്തിക്കാത്ത 4 ഇ-ടോയ് ലറ്റുകളും പ്രവർത്തനക്ഷമമാക്കുവാൻ ഇറാം സയന്റിഫിക്ക് സൊല്യൂഷന് നിർദ്ദേശം നൽകുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ പ്രവർത്തിക്കാത്ത 4 ഇ ടോയ് ലറ്റുകൾക്കും എ.എം.സി. അടവാക്കി എന്നുള്ളത് വ്യക്തമാണ്. ആയതിനാൽ ഇ-ടോയ് ലറ്റുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും പ്രവർത്തിക്കാത്ത 4 ഇ-ടോയ് ലറ്റുകൾക്ക് എ.എം.സി. വെയ്ക്കുക വഴി അധികം ചെലവഴിച്ച 22,600/- രൂപ (5,650 x 4) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

# 3-22 നഗരസഭ വക വാഹനങ്ങളിൽ ടയർ, ട്യൂബ് വാങ്ങിയത് സംബന്ധിച്ച അപാകതകൾ

**ഫയൽ നം. EG.14/98717/15**

നഗരസഭയിൽ ശുചീകരണം, കുടിവെള്ള വിതരണം എന്നിവയ്ക്കായി ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് പുതിയ ടയറുകൾ ലഭ്യമാക്കുന്നതിന് ഏകദേശ ചെലവ് 2,50,000/- രൂപ വേണ്ടി വരുമെന്നും ആയതിന് നടപടികൾ സ്വീകരിക്കണമെന്നും നഗരസഭ ട്രാൻസ്പോർട്ട് മെക്കാനിക്ക് 10.07.2017 ന് റിപ്പോർട്ട് ചെയ്തു. ടയറുകൾ മാറ്റേണ്ട വാഹനങ്ങളുടെ വിശദാംശങ്ങളും ആവശ്യമായ ടയറുകളുടെ എണ്ണവും താഴെ കൊടുക്കുന്നു.

| | വാഹനത്തിന്റെ നമ്പർ തരം | ആവശ്യമായ ടയറുകൾ |
|---|---|---|
| | | |

| | | |
|---|---|---|
| 1 | KL.11-AH-8521 (Compact Lorry) | 1. 8.25 x 16 16Play (Front) - 10 Nos<br>2. 8.25 x 16 16Play (Rear) - 20 Nos |
| 2 | KL.11-AH-8554 (Compact Lorry) | |
| 3 | KL.11-AH-3479 (Dual Container) | |
| 4 | KL.11-AH-3491 (Dual Container) | |
| 5 | KL.11-AE-8743 (Water Lorry) | |

ടയർ വാങ്ങലുമായി ബന്ധപ്പെട്ട് 07.10.2017 ന് ദേശാഭിമാനി, മംഗളം ദിനപത്രങ്ങളിൽ ടെണ്ടർ നോട്ടീസ് നൽകി. ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ റീടെണ്ടർ നടത്തി. ആയതിലും ആരും പങ്കെടുക്കാത്തതിനാൽ 15.12.2017 ന് സീൽഡ് ഓഫർ ക്ഷണിച്ചതിൽ 3 സ്ഥാപനങ്ങൾ പങ്കെടുത്തു.

എം.ആർ.എഫ്.ടയേഴ്സ് സമർപ്പിച്ച 8.25 x 16 ടയർ, ട്യൂബ് & ഫ്ലാപ്പ്, അപ്പോളോ ടയേഴ്സ് സമർപ്പിച്ച 8.25.16 -18PR ടയർ, ട്യൂബ് & ഫ്ലാപ്പ് വാങ്ങാവുന്നതാണെന്ന് സ്പെസിഫിക്കേഷൻ പരിശോധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ 05.01.2018 ന് റിപ്പോർട്ട് ചെയ്തു. എന്നാൽ എം.ആർ.എഫ്.ടയേഴ്സ് ഒരിനത്തിന് മാത്രമാണ് ക്വാട്ട് ചെയ്തതെന്നും, അപ്പോളോ ടയേഴ്സ് 2 ഇനത്തിനും ക്വാട്ട് ചെയ്തിട്ടുണ്ടെന്നും ആയതിനാൽ കുറഞ്ഞ ഓഫർ ആയി അവരെ പരിഗണിക്കാമെന്നും, സപ്ലൈ നടത്തുന്നതിന് ടയറിന്റെയും അനുബന്ധ സാധനങ്ങളുടേയും വില മുൻകൂറായി നൽകണമെന്ന വ്യവസ്ഥ അംഗീകരിക്കാൻ കഴിയാത്തതിനാൽ മേൽ സ്ഥാപനങ്ങളുമായി നെഗോഷ്യയേറ്റ് ചെയ്യുന്നതിനും വിഷയം പ്രൊക്യൂർമെന്റ് കമ്മിറ്റിക്ക് സമർപ്പിക്കാനും എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശിച്ചു. (10.01.2018 കുറിപ്പ് )

15.02.2018 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ യോഗത്തിൽ എം.ആർ.എഫ്.ടയേഴ്സ് സമർപ്പിച്ച 8.25 x 16 ടയർ, ട്യൂബ് & ഫ്ലാപ്പ് (85,108/- രൂപ), അപ്പോളോ ടയേഴ്സ് സമർപ്പിച്ച 8.25.16 -18PR ടയർ, ട്യൂബ് & ഫ്ലാപ്പ് (1,95,000/- രൂപ) എന്ന തരത്തിൽ വാങ്ങുന്നതിനായി കൗൺസിലിലേക്ക് ശുപാർശ ചെയ്തു. (തീരുമാനം നം.1) ആകെ വില 2,80,108/- രൂപ (1,95,000 + 85,108). പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ 15.03.2018 ലെ കൗൺസിൽ യോഗത്തിൽ അംഗീകരിക്കുകയും (തീരുമാനം നം.112) 17.03.2018 ന് രണ്ട് സ്ഥാപനങ്ങൾക്കും മേൽ വിവരിച്ച നിരക്കിൽ ടയറുകളും അനുബന്ധ സാധനങ്ങളും സപ്ലൈ ചെയ്യുന്നതിനായി ഓർഡർ നൽകുകയും ചെയ്തു. എന്നാൽ രണ്ട് സ്ഥാപനങ്ങളും 01.03.2018 ന് ടയർ വിലയിൽ വന്ന വർദ്ധനവ് ചൂണ്ടി കാണിച്ച് ഉയർന്ന് നിരക്ക് ആവശ്യപ്പെട്ടു. സ്ഥാപനങ്ങൾ ഉയർന്ന നിരക്ക് ആവശ്യപ്പെട്ടത് പ്രൊക്യൂർമെന്റ് കമ്മിറ്റിക്ക് ശുപാർശ ചെയ്ത് അസിസ്റ്റന്റ് എഞ്ചിനീയറും, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറും 11.04.2018 ന് ഫയലിൽ കുറിപ്പെഴുതി. 13.06.2018 ന് മേൽ വിഷയം കൗൺസിൽ അംഗീകാരം നൽകിയതിനാൽ കൗൺസിലിലേക്ക് തന്നെ റിപ്പോർട്ട് ചെയ്യാമെന്നും, രണ്ട് സ്ഥാപനങ്ങളും മുഴുവൻ പണവും അഡ്വാൻസായി ആവശ്യപ്പെട്ടതിനാൽ പർച്ചേയ്സ് മാന്വലിന് വിരുദ്ധമാണെങ്കിലും (12.16) നിലവിലെ സാഹചര്യം കണക്കിലെടുത്ത് ആവശ്യമായ അഡ്വാൻസ് എടുത്ത് ടയറുകൾ വാങ്ങുന്നതിന് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നതായിരിക്കും ഉചിതം എന്നുമുള്ള സെക്ഷൻ ക്ലാർക്കിന്റെ അഭിപ്രായം എഞ്ചിനീയറിംഗ് സൂപ്രണ്ട് അംഗീകരിച്ചു. പർച്ചേയ്സ് നടത്തുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറെ (വെഹിക്കിൾ) ചുമതലപ്പെടുത്താൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ 18.06.2018 നും, എക്സിക്യൂട്ടീവ് എഞ്ചിനീയർ 26.06.2018 നും ശുപാർശ ചെയ്തു. 28.06.2018ന് സെക്രട്ടറി ആയത് അംഗീകരിച്ചു. ശ്രീമതി.സത്യഭാമ.സി.എസ്. അസിസ്റ്റന്റ് എഞ്ചിനീയറെ (വെഹിക്കിൾ) പർച്ചേയ്സ് ഓഫീസറായി ചുമതലപ്പെടുത്തുകയും 28.09.2018 ന് 2,80,000/- രൂപയുടെ ചെക്ക് ടിയാളുടെ പേരിൽ അനുവദിക്കുകയും ചെയ്തു (ചെക്ക് നം 947909). 24.11.2018 ലെ ടെണ്ടറിലും, 11.12.2018 ലെ റീടെണ്ടറിലും ആരും പങ്കെടുക്കാത്തതിനാൽ 17.12.2018 ന് സീൽഡ് ഓഫർ സ്വീകരിച്ചു. ആയതിൽ 3 പേർ പങ്കെടുത്തു.

- ആർ.കെ.ഓട്ടോ സർവ്വീസ് - 3,41,000/- രൂപ

  8.25.16 -16PR Amar Gold, AppoloTyre, Tube & Flap – 10500 x 10 = 1,05,000/-

  8.25.16 -18PR L.S.S AppoloTyre, Tube & Flap - 11800 x 20 = 2,36,000/-

  Total 3,41,000/-

- മുക്കം ടയേഴ്സ് (രാമനാട്ടുകര) - 3,46,000/- രൂപ

  8.25.16 -16PR Amar Gold, AppoloTyre, Tube & Flap – 10600 x 10 = 106,000/-

  8.25.16 -18PR L.S.S AppoloTyre, Tube & Flap - 12000 x 20 = 2,40,000/-

Total 3,46,000/-

- മുക്കം ടയേഴ്സ് (നടക്കാവ്) - 3,31,000/- രൂപ

8.25.16 -16PR Amar Gold, AppoloTyre, Tube & Flap – 10100 x 10 = 101,000/-

8.25.16 -18PR L.S.S AppoloTyre, Tube & Flap - 11500 x 20 = 2,30,000/-

Total 3,31,000/-

24.01.2019 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ യോഗത്തിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത മുക്കം ടയേഴ്സ് (നടക്കാവ്) സമർപ്പിച്ചതിൽ നിന്നും നെഗോസിയേഷൻ നടത്തി 6,000/- രൂപ കുറച്ചതിനാൽ മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനായി കൗൺസിലിലേക്ക് ശുപാർശ ചെയ്തു. (തീരുമാനം നം.3). പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ 01.02.2019 ലെ കൗൺസിൽ യോഗത്തിൽ അംഗീകരിക്കുകയും (തീരുമാനം നം.57) 08.02.2019 ന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തു (3,25,000/- രൂപ). 14.02.2019 ന് കരാർ വെച്ചു. 19.02.2019 ന് ടയറുകളും അനുബന്ധ സാമഗ്രികളും സ്ഥാപനം സപ്ലൈ ചെയ്തു. 22.02.2019 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ (വെഹിക്കിൾ) പേരിൽ നൽകിയ 2,80,000/- രൂപയുടെ ചെക്ക് അവർ തന്നെ ക്യാഷാക്കി സ്ഥാപനത്തിന് നൽകി. 28.03.2019 ന് ബാക്കി തുകയായ 45,000/- രൂപയുടെ ചെക്കും നൽകി. (ചെക്ക് നം. 201630).

നഗരസഭയിൽ ശുചീകരണത്തിനും, കുടിവെള്ള വിതരണത്തിനുമായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ ടയറുകൾ തേയ്മാനം വന്ന് ഉപയോഗിക്കാൻ പറ്റാതായെന്നും, വാഹനങ്ങൾ പഞ്ചറായി വഴിയിൽ കിടക്കുന്നതിനാൽ ശുചീകരണ പ്രവർത്തനങ്ങളും, കുടിവെള്ള വിതരണവും സുഗമമായി നടത്താൻ കഴിയുന്നില്ലെന്നും നഗരസഭ ട്രാൻസ്പോർട്ട് മെക്കാനിക്ക് 10.07.2017 ന് റിപ്പോർട്ട് ചെയ്ത് 1 വർഷം, 7മാസം, 9ദിവസം കഴിഞ്ഞ് പർച്ചേയ്സ് നടത്തി. ഇതു മൂലം നഗരസഭ ഫണ്ടിന് നഷ്ടം വന്ന തുക 44,892/- രൂപ. (325000 – 280108) (15.12.2017 ന് സീൽഡ് ഓഫർ ക്ഷണിച്ചതിൽ വാങ്ങുന്നതിനായി നിശ്ചയിച്ച വില 195000 + 85108 = 2,80,108/- രൂപ).

മേൽ ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ മറ്റ് അപാകതകൾ താഴെ കൊടുക്കുന്നു.

(1) 10.01.2000 ലെ 4676/പി.3/99/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അടിയന്തിര ഘട്ടത്തിൽ 75,000/- രൂപ വരെയുള്ള പെറ്റി വർക്കുകളാണ് തനത് ഫണ്ട് വിനിയോഗിച്ച് ജില്ല ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ഇല്ലാതെ ഏറ്റെടുക്കാവുന്നത്. ഈ രീതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ തുടർന്ന ജില്ല ആസൂത്രണ സമിതിക്ക് റിപ്പോർട്ട് ചെയ്ത് സാധൂകരണം വാങ്ങി നടപടി ഉത്തരവിൽ ഉൾപ്പെടുത്തണം. (ഗവ.ലെററർ നം.39957/ഡി.ബി/09/ത.സ്വ.ഭ.വ. 08-08-2009, വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല സമിതിയുടെ 23-07-2009 ലെ തീരുമാനം. 23) എന്നാൽ ഓഡിറ്റ് വർഷത്തിൽ തനത് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ മേൽ പ്രവൃത്തി ജില്ല ആസൂത്രണ സമിതിക്ക് റിപ്പോർട്ട് ചെയ്ത് സാധൂകരണം വാങ്ങി നടപടി ഉത്തരവിൽ ഉൾപ്പെടുത്തുകയോ ചെയ്തില്ല.

(2) സ്റ്റോർ പർച്ചേയ്സ് മാന്വൽ. ഖണ്ഡിക 12.6 പ്രകാരം സ്വകാര്യ ഏജൻസികൾക്ക് 30% മാത്രമേ മുൻകൂർ അനുവദിക്കാവൂ. മേൽ വ്യവസ്ഥയുള്ളതിനാലാണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ (വെഹിക്കിൾ) പേരിൽ ചെക്ക് നൽകിയത്. മുനിസിപ്പൽ അക്കൗണ്ട് റൂൾ പ്രകാരം നഗരസഭ സെക്രട്ടറി മേയറുടെ അംഗീകാരത്തോടെയാണ് നഗരസഭ ഫണ്ട് ചെലവഴിക്കേണ്ടത്. ആയതിനു പകരം അസിസ്റ്റന്റ് എഞ്ചിനീയർ (വെഹിക്കിൾ) തന്റെ പേരിൽ ലഭിച്ച ചെക്ക് ബാങ്കിൽ നിന്നും ക്യാഷ് ചെയ്ത് ഡീലർക്ക് നൽകിയത് ചട്ടവിരുദ്ധമാണ്.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 16.09.2019 ന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.29/2018-19 മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും നഗരസഭ ഫണ്ടിന് നഷ്ടം വന്ന 44,892/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-23 വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമല്ല

(എ)ക്ഷമത സാക്ഷ്യപത്രമില്ലാതെ നഗരസഭ വക ജീവൻരക്ഷാ വാഹനങ്ങൾ ഉപയോഗിക്കുന്നു.

ഫയൽ നം ഇ.ജി.14/49872/15, ഇ.ജി.14/120421/15

1989 ലെ മോട്ടോർ വാഹന ചട്ടങ്ങൾ, ചട്ടം.62(1) പ്രകാരം ട്രാൻസ്പോർട്ടേഷനായി ഉപയോഗിക്കുന്ന പുതിയ വാഹനങ്ങൾ ആദ്യ 2 വർഷ കാലയളവ് കഴിഞ്ഞതിനു ശേഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വകുപ്പിൽ അപേക്ഷിച്ച് പുതുക്കണം. എന്നാൽ നഗരസഭ സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന KL-11-AS-4444, KL-11-AS-6666 എന്നീ ആംബുലൻസുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ കാലവാധി കഴിഞ്ഞിട്ടും ആയത് പുതുക്കിയിട്ടില്ല.

| ക്രമ നം | വാഹനത്തിന്റെ നമ്പർ | ഫിറ്റ്നെസ് കാലാവധി കഴിഞ്ഞ തീയ്യതി |
|---|---|---|
| 1 | KL-11-AS-4444 | 08.10.2018 |
| 2 | KL-11-AS-6666 | 23.07.2019 |

**1) KL-11-AS-4444**

- മേൽ വാഹനത്തിന്റെ ഫിറ്റ്നസ് കാലാവധി 08.10.2018 ന് തീരുകയാണെന്ന് വാഹനത്തിന്റെ ഡ്രൈവർ 06.08.2018 നും 18.08.2018 ന് നഗരസഭ ഫിറ്റും അറിയിച്ചു. 07.09.2018 ന് സെക്ഷൻ ക്ലാർക്കും, സൂപ്രണ്ടും മേൽ അഭിപ്രായങ്ങൾ ശരിവെച്ച് 13.09.2018 ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചു. കാലതാമസമില്ലാതെ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ച് ഫയൽ അയച്ചെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഫയൽ ലഭ്യമായത് 24.10.2018 നാണ്. പിന്നീട് ടെണ്ടർ നടപടികൾ, കമ്മിറ്റി, കൗൺസിലുകൾ എന്നിവയുടെ അനുമതികൾ എന്നിവ ലഭിച്ച് 13.03.2019 ന് ഫയൽ തിരികെ ലഭിച്ചു. എന്നാൽ ഓഡിറ്റ് കാലയളവ് വരേയും വാഹനത്തിന് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

**2) KL-11-AS-6666**

- മേൽ വാഹനത്തിന്റെ ഫിറ്റ്നസ് കാലാവധി 23.07.2019 ന് തീരുകയാണെന്ന് വാഹനത്തിന്റെ ഡ്രൈവർ 17.04.2019 നും 02.05.2019 ന് നഗരസഭ ഫിറ്റും അറിയിച്ചു. 16.05.2019 ന് സെക്ഷൻ ക്ലാർക്ക് അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും 26.05.2019 ന് ക്വട്ടേഷൻ ക്ഷണിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ച് അസിസ്റ്റന്റ് എഞ്ചിനീയറും, 27.05.2019 അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറും നിർദ്ദേശം നൽകി. ഫയൽ ആരോഗ്യ കാര്യ സ്ഥിരം സമിതി മുമ്പാകെ 30.05.2019 ന് ലഭ്യമാക്കി. തുടർന്ന് ടെണ്ടർ നടപടികൾ, കമ്മിറ്റി, കൗൺസിലുകൾ എന്നിവയുടെ അനുമതികൾ ലഭിച്ച് വാഹനം റിപ്പയർ കഴിഞ്ഞ് 04.09.2019 നാണ് ലഭിച്ചത്. ഓഡിറ്റ് കാലയളവ് വരേയും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

മേൽ വാഹനങ്ങളുടെ ഫിറ്റ്നസ് യഥാസമയം പുതുക്കാത്തതിനാൽ ഫിറ്റ്നസ് ലഭ്യമാകുന്നതിന് മോട്ടോർ വാഹന വകുപ്പിൽ വലിയ തുക പിഴ ഒടുക്കേണ്ട സാഹചര്യമുണ്ടാകും. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ബി) ഫിറ്റ് നസ് യഥാസമയം പുതുക്കാത്തതിനാൽ പിഴ അടവാക്കി**

**ഫയൽ നം : ഇ3/17211/17**

ഹെൽത്ത് വിഭാഗം ശുചീകരണ വാഹനങ്ങളുടെ ഫിറ്റ്നസ് പുതുക്കാൻ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാതിരുന്നതിനാൽ പിഴയിനത്തിൽ ആകെ 46,400/- രൂപ തനത് ഫണ്ടിൽ നിന്നും മോട്ടോർ വാഹന വകുപ്പിൽ അടവാക്കേണ്ടി വന്നിട്ടുണ്ട്. മേൽ ഫയൽ പ്രകാരമുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ചെക്ക് നമ്പർ/തീയതി | തുക |
|---|---|
| 985015/04.04.2018 | 30,850 |
| 984757/16.04.2018 | 7,130 |
| 947732/07.09.2018 | 11,500 |
| ആകെ | 49,480 |

**1. വാഹനനമ്പർ KL.11.AC.5749**

06.08.2016 ന് ഫിറ്റ്നസ് കാലാവധി കഴിഞ്ഞ മേൽ നമ്പർ വാഹനം ഹെൽത്ത് കമ്മിറ്റിയുടെ 03.07.2017 ലെ തീരുമാനപ്രകാരം റിപ്പയർ പ്രവൃത്തികൾ നടത്താൻ കാലിക്കറ്റ് ട്രേഡിംഗ് സെന്ററിന് 24.10.2017 ന് നൽകി.. റിപ്പയർ കഴിഞ്ഞ് 24.02.2018 നാണ് വാഹനം തിരികെ നഗരസഭയിൽ ലഭിക്കുന്നത്. ഇതിനിടയിൽ മോട്ടോർ വാഹന വകുപ്പിൽ നിന്നും സ്റ്റോപ്പേജ് ലെറ്റർ നൽകാൻ നഗരസഭയുടെ ഭാഗത്ത് നിന്നും നടപടികൾ ഉണ്ടായതായി ഫയൽ പ്രകാരം കാണുന്നില്ല. 07.08.2016 മുതൽ ഫിറ്റ്നസ് പുതുക്കാൻ നൽകുന്ന 06.04.2018 വരെ 602 ദിവസത്തേക്ക് ഓരോ ദിവസവും 50/- രൂപ തോതിൽ ആകെ 30,100/- രൂപ പിഴയായി നഗരസഭ മോട്ടോർ വാഹന വകുപ്പിൽ അടവാക്കിയിട്ടുണ്ട്.

**2. വാഹനനമ്പർ KL.11.AJ.9287**

മേൽ വാഹനത്തിന്റെ ഫിറ്റ്നസ് 14.12.2017 ന് കഴിഞ്ഞതാണ്. ഫിറ്റ്നസ് പുതുക്കാൻ 126 ദിവസത്തെ കാലതാമസം വന്നതിനാൽ ഓരോ ദിവസത്തേക്കും 50/- രൂപ തോതിൽ 6300/- രൂപ പിഴയിനത്തിൽ അടവാക്കി സ്റ്റോപ്പേജ് ലെറ്റർ നൽകാനോ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാനോ ബന്ധപ്പെട്ടവർ ശ്രദ്ധിച്ചിട്ടില്ല.

**3) വാഹനനമ്പർ KL.11.X.8526**

മേൽ വാഹനത്തിന്റെ ഫിറ്റ്നസ് കാലാവധി 09.06.2014 ന് അവസാനിച്ചെങ്കിലും റിപ്പയറിനുള്ള വർക്ക് ഓർഡർ നൽകുന്നത് 11.04.2016 നാണ്. പ്രസ്തുത വാഹനത്തിന് സ്റ്റോപ്പേജ് ലെറ്റർ നൽകിയിട്ടുണ്ടെങ്കിലും കാലതാമസം നേരിടുന്ന ഓരോ മാസത്തേക്കും 200/- രൂപ തോതിൽ പിഴ ഒടുക്കാൻ ഉത്തരവുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ വാഹനത്തിന്റെ ഫിറ്റ്നസ് പുതുക്കാൻ 50 മാസത്തെ കാലതാമസം നേരിട്ടിട്ടുണ്ട്. ആയതിനാൽ 10,000/- രൂപ പിഴയിനത്തിൽ മോട്ടോർ വാഹന വകുപ്പിൽ അടവാക്കിയിട്ടുണ്ട്.

3 വാഹനങ്ങളുടെയും ഫിറ്റ്നസ് യഥാസമയം പുതുക്കാൻ നടപടികൾ സ്വീകരിക്കാതിരുന്നതിനാൽ 2018-19 വർഷം മേൽ വിവരിച്ച ചെക്കുകൾ പ്രകാരം പിൻവലിച്ച തുകയിൽ പിഴയിനത്തിൽ ആകെ 46,400/- രൂപ (30,100 + 6,300 + 10,000) തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-24 പാർക്കിംഗ് പ്ലാസ - കം - കമേഴ്സിയൽ ബിൽഡിംഗ് - ബി.ഒ.റ്റി വ്യവസ്ഥയിലെ നിർമ്മാണം 10 വർഷം കഴിഞ്ഞും പൂർത്തീകരിച്ചില്ല – നഗരസഭക്ക് വൻധനനഷ്ടം.

ഫയൽ നം. ഇ.ജി.21/1365/ഇ.1/15/സി.ഡി.എ)

കോഴിക്കോട് റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡിനു സമീപം ജയപ്രകാശ് നാരായണൻ റോഡിൽ സി.ഡി.എ.യുടെ ഉടമസ്ഥതയിലുള്ള 23 സെന്റ് സ്ഥലത്ത് (നഗരം വില്ലേജ്, സർവ്വേ നം.ടി.എസ്/234/2) പി.പി.പി/ബി.ഒ.ടി. അടിസ്ഥാനത്തിൽ മൾട്ടിലെവൽ പാർക്കിംഗ് പ്ലാസ നിർമ്മിക്കുന്നതിനായി 15.09.2009 ന് നഗരസഭ കൗൺസിൽ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിക്കുകയും, നിർമ്മിക്കുന്നതിനായി ലേഔട്ട് അംഗീകാരത്തോടെ യെന്നാറീസ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി അധികാരികളുമായി 04.10.2010 ന് നഗരസഭ സെക്രട്ടറി കരാറിൽ ഏർപ്പെടുകയും ചെയ്തു. 2009 ലെ പ്രൈസ് ഷെഡ്യൂൾ പ്രകാരം 7 കോടി രൂപ ചെലവിൽ ബേസ്മെന്റ് ഫ്ലോർ ഉൾപ്പടെ 5 നില കെട്ടിടവും, തുടർന്ന് 10 നില സ്റ്റീൽ കൊണ്ടുള്ള 90 പാർക്കിംഗിങ്ങ് സ്ലോട്ടുകളും നിർമ്മിക്കും. കരാറിലെ ഖണ്ഡിക.4(1) (ബി. ഐ) പ്രകാരം പ്രവൃത്തി ആരംഭിക്കുന്ന തീയ്യതി കണക്കാക്കേണ്ടത് പ്രൊജക്റ്റിന് ലഭ്യമാകേണ്ട എല്ലാ പ്ലാനുകളും അംഗീകരിച്ചതിനു ശേഷമാണ്. കരാറിലെ ഖണ്ഡിക 14.2 ലെ വ്യവസ്ഥ പ്രകാരം നിർമ്മാണത്തിനു വേണ്ടി സൈറ്റ് വിട്ട് കൊടുത്ത് 24 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കുമെന്നും അഥവാ പൂർത്തിയായില്ലെങ്കിൽ 6 മാസം ഗ്രേസ് പീരിയഡ് അനുവദിക്കുമെന്നും വ്യക്തമാക്കുന്നു. പ്രസ്തുത സ്ഥലത്തോടു ചേർന്ന് ശ്രീമതി. പാറക്കാടൻ സഫിയ എന്നവരുടെ സ്വകാര്യ ഭൂമി ഉൾപ്പെട്ടതായിരുന്നു പദ്ധതി സൈറ്റ് (2 സെന്റ് സ്ഥലം). മേൽ ഭൂമിയിൽ കൈവശക്കാരായി 2 കച്ചവടക്കാർ ഉണ്ടായിരുന്നതിനാൽ ഭൂമി വിട്ടു കിട്ടുന്നതിന് താമസം നേരിട്ടു. ആയതിനാൽ നിർമ്മാണ പ്രവൃത്തി കമ്പനി നിർത്തിവെച്ചു.

19.12.2012 ലെ (എം.എസ്)272/2012/ത.സ്വ.ഭ.വ നം ഉത്തരവിലൂടെ കോഴിക്കോട് വികസന അതോറിറ്റി സർക്കാർ പുനസ്ഥാപിച്ചു. 21.05.2013 ന് സി.ഡി.എ. തങ്ങളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചതിനെ തുടർന്ന് കാർപാർക്കിംഗ് പ്ലാസ നിർമ്മാണ സ്ഥലവും പദ്ധതി നടത്തിപ്പും വികസന അതോറിറ്റി ഏറ്റെടുത്തു. 31.12.2015 ലെ ഉടമ്പടിയിലൂടെ ശ്രീമതി.പാറക്കാടൻ സഫിയ ഉപാധികളോടെ തന്റെ പേരിലുള്ള സ്ഥലം വികസന അതോറിറ്റിക്ക് വിട്ടു നൽകി. 04.03.2016 ന് സി.ഡി.എ. സെക്രട്ടറിയുമായി കൺസഷണർ ചമച്ച സപ്ലിമെന്ററി കരാർ പ്രകാരം (ഖണ്ഡിക C - xx, ചാപ്റ്റർ.1) പ്രവൃത്തിയുടെ ഒന്നാം ഘട്ടം ആദ്യ വർഷവും (2017 മാർച്ച് 3 നകം) അടുത്തഘട്ടം രണ്ടാം വർഷവും പൂർത്തീകരിക്കും (2018 മാർച്ച് 3 നകം). 04.05.2016 ന് പദ്ധതിക്കാവശ്യമായ അധിക സ്ഥലം യെന്നാറീസ് വിഭാഗത്തിന് കൈമാറി. 04.10.2010 ലെ കരാർ വ്യവസ്ഥ (ഖണ്ഡിക.8-6), 04.03.2016 കരാർ വ്യവസ്ഥ എന്നിവ പ്രകാരം (ചാപ്റ്റർ 5.2) മൾട്ടിലെവൽ പാർക്കിംഗ് പ്ലാസ നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ അനുവാദ പത്രങ്ങളും, അംഗീകാരങ്ങളും കൺസഷണയർ സ്വന്തം നിലയിൽ ലഭ്യമാക്കി അതോറിറ്റി എഞ്ചിനീയർമാരുടെ മേൽ നോട്ടത്തിൽ പ്രവൃത്തികൾ പൂർത്തീകരിക്കണം. ഇതിനായി വികസന അതോറിറ്റി എഞ്ചിനീയറിംഗ് വിഭാഗത്തെ 07.05.2015 ലെ 1365/ഇ/15/സി.ഡി.എ. നം. ഉത്തരവിലൂടെ സി.ഡി.എ. സെക്രട്ടറി ചുമതലപ്പെടുത്തി. പ്രവൃത്തികൾ പൂർത്തീകരിച്ചതിനു ശേഷം 33 വർഷം (കൺസഷൺ പീരിയഡ്) പ്രസ്തുത കെട്ടിടം ( 3 ാം നില ഒഴികെ) കൺസഷണർ ഉപയോഗിച്ച് സി.ഡി.എ. ക്ക് കൈമാറും. കൺസഷൺ പീരിയഡിൽ പാർക്കിംഗ് പ്ലാസയിൽ നിന്നും ലഭ്യമാകുന്ന വരുമാനത്തിന്റെ 16% തുക എല്ലാ മാസവും 5 ാം തീയ്യതികകം സി.ഡി.എ.ക്ക് കൈമാറും. 2016 ജൂൺ മുതൽ പ്രവൃത്തി ആരംഭിച്ചു. മേൽ പദ്ധതിയുടെ പ്ലാനും എഗ്രിമെന്റും സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത് സി.ഡി.എ. പ്ലാനിംഗ് വിഭാഗമാണ്.

ശ്രീമതി. പാറക്കാടൻ സഫിയ എന്നവരുടെ പേരിലുള്ള ഭൂമി ലഭ്യമാക്കുന്നതിന് വന്ന കാലതാമസം, കാലവർഷം, നിർമ്മാണ സാമഗ്രികൾ ലഭ്യമല്ലാത്തത്, 2016 ലെ നോട്ട് നിരോധനം തുടങ്ങിയ കാരണങ്ങൾ ചൂണ്ടികാട്ടി പ്രവൃത്തിയുടെ കാലാവധി 30.10.2017 വരെ ദീർഘിപ്പിച്ചു തരണമെന്ന് ആവശ്യപ്പെട്ട് കൺസഷണർ 23.02.2017 ന് അപേക്ഷ നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ 25.03.2017 ന് അതോറിറ്റി സെക്രട്ടറി പൂർത്തീകരണ കാലാവധി 30.10.2017 വരെ ദീർഘിപ്പിച്ച് നൽകി. 10.03.2017 ലെ (കൈ) നം. 54/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കോഴിക്കോട് വികസന അതോറിറ്റിയുടെ പ്രവർത്തനം 31.03.2017 ന് നിറുത്തലാക്കുവാനും ആസ്തി ബാദ്ധ്യതകൾ കോഴിക്കോട് നഗരസഭയിൽ നിക്ഷിപ്തമാക്കാനും സർക്കാർ നിർദ്ദേശിച്ചു.

20.10.2017ന് നഗരസഭയിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിനാൽ പ്രവൃത്തി പൂർത്തീകരിക്കുന്നത് 31.03.2018 വരെ ദീർഘിപ്പിച്ചു തരണമെന്ന് ആവശ്യപ്പെട്ടു. 03.08.2017 ന് ഫയർ എൻ.ഒ.സി ലഭ്യമായതിനെ തുടർന്ന് 20.12.2017 ന് നഗരസഭയിൽ നിന്നും 4 നില സിവിൽ സ്ട്രക്ചർ, 7 നില സ്റ്റീൽ സ്ട്രക്ചർ എന്നിവ നിർമ്മിക്കുന്നതിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു നൽകി. (T.P.5/ 91147/16). 24.11.2017 ന് ബഹു.മേയറുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ പ്രവൃത്തികൾ 31.03.2018 നകം പൂർത്തീകരിക്കുന്നതിന് കൗൺസിൽ അനുവാദത്തോടെ അനുവദിക്കുന്നതിന് തീരുമാനിച്ചു. 09.03.2018 ന് പാർക്കിംഗ് പ്ലാസ നിർമ്മാണത്തിന്റെ ടെക്നോളജി ഏജൻസി കൂടുതൽ സമയം ആവശ്യപ്പെട്ടതിനാൽ 31.03.2018 നകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കില്ലെന്നും, പാർക്കിംഗ് പ്ലാസയുടെ ബാക്കി 3 നിലയുടെ സ്റ്റീൽ സ്ട്രക്ചർ നിർമ്മാണത്തിനുള്ള പ്ലാൻ തയ്യാറാക്കി വരികയാണെന്നും ആയതിനാൽ 04.10.2010 ലെ കരാറിൽ വ്യവസ്ഥ ചെയ്ത പ്രകാരം (ഖണ്ഡിക.14.2) ബിൽഡിംഗ് പെർമിറ്റ് ലഭിച്ച തീയ്യതി മുതൽ ഒരു വർഷ സമയ പരിധി കൂടി നിർമ്മാണം പൂർത്തീകരിക്കുന്നതിന് അനുവദിച്ചു തരണമെന്നും അപേക്ഷിച്ചു. 12.06.2018 ന് ബഹു.മേയറുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ മേൽ അപേക്ഷ പരിഗണിച്ച് താഴെ പറയുന്ന തരത്തിൽ തീരുമാനങ്ങളെടുത്തു.

- പ്രവൃത്തിയുടെ രണ്ടാം ഘട്ടത്തിനുള്ള പ്ലാൻ എത്രയും വേഗം തയ്യാറാക്കി നഗരസഭയിൽ സമർപ്പിച്ച് അനുമതി വാങ്ങേണ്ടതാണ്.

- കൺസഷണർ കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.കെ.പി.രമേഷ്, ടൗൺ പ്ലാനർ ശ്രീ.എ.എം.ജയൻ എന്നിവരോടൊപ്പം പൂനെയിലുള്ള നിർമ്മാണ ശാലയിൽ പോയി ഓട്ടോമാറ്റിക് പാർക്കിംഗ് ചെയ്യുന്നതിനുള്ള റോബോട്ടിക് പാർട്സിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തി ആയതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഘട്ടം ഉൾപ്പടെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള തീയ്യതി അറിയിക്കണം. മേൽ തീയ്യതിയിൽ നിന്ന് പിന്നീട് കാലാവധി നീട്ടി നൽകേണ്ടതില്ല.

പൂനെയിലുള്ള നിർമ്മാണശാല സന്ദർശിച്ച നഗരസഭ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ടൗൺ പ്ലാനർ എന്നിവർ നൽകിയ റിപ്പോർട്ടിൽ പ്രവൃത്തി പൂർത്തീകരിക്കാൻ 4 മാസം സമയം വേണ്ടി വരുമെന്നും എഗ്രിമെന്റ് പ്രകാരം പ്ലാൻ

അനുമതി കൊടുത്ത 20.12.2017 ന ശേഷം 2 വർഷ സമയ പരിധി (19.12.2019 വരെ) ദീർഘിപ്പിച്ച നൽകാവുന്നതാണെന്നും ശുപാർശ ചെയ്ത് റിപ്പോർട്ട് സമർപ്പിച്ചു. മേൽ ശുപാർശ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, കൗൺസിലോ ചർച്ച ചെയ്ത് അനുമതി നൽകിയിട്ടില്ല. 31.03.2018 ന ശേഷം പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് കൗൺസിലിന്റെ അനുമതിയും ലഭ്യമാക്കിയിട്ടില്ല. പ്രാദേശിക പരിശോധനയിൽ പ്രസ്തുത സ്ഥലത്ത് നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തിയതിനെതിരെ നടപടികൾ സ്വീകരിക്കുവാൻ ഉദ്യോഗസ്ഥ തലത്തിലും ശുപാർശകളില്ല.

04.03.2016 ന് സി.ഡി.എ. സെക്രട്ടറിയുമായി കൺസഷണർ ചമച്ച സപ്ലിമെന്ററി കരാർ പ്രകാരം (ഖണ്ഡിക C.xx, ചാപ്റ്റർ.1) പ്രവൃത്തി, 04.10.2010 ൽ ചമച്ച കരാർ വ്യവസ്ഥകളിൽ (ഖണ്ഡിക – 14.2 )വ്യക്തമാക്കിയ തരത്തിൽ പറഞ്ഞ 24 മാസ കാലയളവിനുള്ളിൽ പൂർത്തീകരിക്കും. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീയാക്കുവാൻ കൺസഷണർക്ക് കഴിയാത്ത സാഹചര്യം വരുകയാണെങ്കിൽ ഖണ്ഡിക – 14.3 ( i, ii, iii) പ്രകാരം തുടർന്നുള്ള ആദ്യത്തെ 120 ദിവസം പ്രോജക്റ്റ് കോസ്റ്റിന്റെ 0.01% നിരക്കിലും, 120 ദിവസം പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ തുടർന്നുള്ള 60 ദിവസം പ്രോജക്റ്റ് കോസ്റ്റിന്റെ 0.02% നിരക്കിലും, 180 ദിവസം പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ തുടർന്നുള്ള 185 ദിവസം പ്രോജക്റ്റ് കോസ്റ്റിന്റെ 0.05% നിരക്കിലും പ്രതിദിന പിഴ നഗരസഭയിൽ അടവാക്കും. ഖണ്ഡിക 14.4 പ്രകാരം നിർമ്മാണ പൂർത്തീകരണ കാലയളവ് കഴിഞ്ഞ് 18 മാസത്തിനു ശേഷവും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ കോഴിക്കോട് നഗരസഭയും കൺസഷണറും തമ്മിലുള്ള കരാർ അവസാനിക്കുന്നതുമാണ്. കൺസഷണർ കരാർ പ്രകാരമുള്ള നിർമ്മാണകാലയളവിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ നഗരസഭക്ക് താഴെ പറയുന്ന തരത്തിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ഈടാക്കേണ്ട പിഴയുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| കരാർ തീയ്യതി | 04.03.2016 |
| പ്രവൃത്തി പൂർത്തീകരണ തീയ്യതി | 03.03.2018 |
| ആകെ പ്രോജക്റ്റ് കോസ്റ്റ് | 7,00,00,000/- രൂപ (എഴ് കോടി രൂപ) |
| പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ആദ്യത്തെ 120 ദിവസം പ്രോജക്റ്റ് കോസ്റ്റിന്റെ 0.01% നിരക്കിൽ പ്രതിദിന പിഴ ( 04.03.2018 മുതൽ 01.07.2018 വരെ ) | 7,00,00,000 x 0.01 x 120/100 = 8,40,000 |
| 120 ദിവസം പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ തുടർന്നുള്ള 60 ദിവസം പ്രോജക്റ്റ് കോസ്റ്റിന്റെ 0.02% നിരക്കിൽ പ്രതിദിന പിഴ (02.07.2018 മുതൽ 30.08.2018 വരെ ) | 7,00,00,000 x 0.02 x 60/100 = 8,40,000 |
| 180 ദിവസം പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ തുടർന്നുള്ള 185 ദിവസം പ്രോജക്റ്റ് കോസ്റ്റിന്റെ 0.05% നിരക്കിൽ പ്രതിദിന പിഴ (31.08.2018 മുതൽ 03.03.2019 വരെ ) | 7,00,00,000 x 0.05 x 185/100 = 64,75,000 |
| ആകെ ഒടുക്കേണ്ട തുക 8,40,000 + 8,40,000 + 64,75,000 = 81,55,000/- രൂപ. | |

മേൽ വിവരിച്ച നഷ്ടം കൂടാതെ ഏറ്റെടുത്ത പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ അകാരണമായ കാലതാമസം വരുത്തിയതിൽ നഗരസഭ ഫണ്ടിന് 2017 മുതൽ ലഭ്യമാകേണ്ട റവന്യൂ വരവും നഷ്ടപ്പെടുത്തി. (കൺസഷൺ പീരിയഡിൽ പാർക്കിംഗ് പ്ലാസയിൽ നിന്നും ലഭ്യമാകുന്ന വരുമാനം). പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നഗരസഭ ഏറ്റെടുത്ത് പൂർത്തീകരിക്കേണ്ടതും നഗരസഭ ഫണ്ടിന് നഷ്ടം വന്ന തുക കൺസഷണറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 21.08.2019 മുതൽ 29.08.2019വരെ | എ8/594/2019 തീയതി 30.8.2019 |

## 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

വിശദാംശങ്ങൾ ലഭ്യമല്ല

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | പ്രൊജക്ട് 328/19 അങ്കണവാടികൾക്ക് കുടിവെള്ളം ലഭ്യമാക്കൽ | 1397675/ 27.3.2019 | 210000 | - | 210000 |
| കെ.എസ് .ഇ.ബി | പ്രൊജക്ട് 384/19 നിലവിൽ സ്ട്രീറ്റ് മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കുക | 01/18-19/ 12.3.2019 | 4911411 | - | 4911411 |
| കെ.എസ് .ഇ.ബി | പ്രൊജക്ട് 391/19 നഗരത്തിലെ എല്ലാതരം തെരുവു വിളക്കുകളുടെയും മെയിൻറനൻസിനാവശ്യമായ സ്പെയേഴ്സ് വാങ്ങലും കെ.എസ്.ഇ.ബി.യിൽ മെയിൻറനൻസ് ചാർജ്ജ് ഡെപ്പോസിറ്റ് ചെയ്യലും | 01/18-19/ 27.6.2018<br>02/18-19/ 26.9.2018<br>03/18-19/ 29.10.2018 | 2065613<br>6494154<br>1418260<br>-----------<br>9978027 | - | 9978027 |
| കേരളാ വാട്ടർ അതോറിറ്റി | പ്രൊജക്ട് 744/19 നടുവട്ടം വാട്ടർ സപ്ലൈസ്കീം മെയ്ൻറനൻസ് വാർഡ് 49 ബേപ്പൂർ 17 | ലഭ്യമല്ല | 69298 | - | 69298 |
| കേരളാ വാട്ടർ അതോറിറ്റി | പ്രൊജക്ട് 993/19 അങ്കണവാടികൾക്ക് കുടിവെള്ളം ലഭ്യമാക്കൽ | 1397672/ 27.3.2019 | 350000 | - | 350000 |
| കെ.എസ് .ഇ.ബി | പ്രൊജക്ട് 1341/19 സ്കൂളുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ | 6/2018-19/ 30/11/2018 | 2000000 | - | 2000000 |
| കേരളാ വാട്ടർ അതോറിറ്റി | പ്രൊജക്ട് 1344/19 പി.കെ.തൊടി കോളനി ഗോവിന്ദപുരം കുടിവെള്ള പദ്ധതി വാർഡ് 28 സെക്ടർ 5 | 30/18-19/ 19.3.2019 | 252000 | - | 252000 |

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം കോർപറേഷന് വായ്പയിനത്തിൽ 14640000രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ |
|---|---|---|---|---|---|

| | | | മുതൽ | പലിശ | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി എം എ വൈ (KURDFC) | 14640000 | 0 | 0 | 0 | 14640000 |
| സ്റ്റേഡിയം ഫ്ലഡ് ലൈറ്റ് (HUDCO) | 50068000 | 18686000 | 3692000 | 1874644 | 14994000 |

•

## 4-5 സ്ഥിരനിക്ഷേപങ്ങളുടെയും ഓഹരികളുടെയും വിശദാംശങ്ങൾ.

1.സ്ഥിരം നിക്ഷേപം

| ക്രമ നം. | വിശദാംശം | രശീതി നം. | തുക |
|---|---|---|---|
| 1. | ട്രഷറി സേവിംഗ്സ് ബേങ്ക് | 799010500698284 | 2739000 |
| 2. | | 799010500698292 | 3295805 |
| 3. | പഞ്ചാബ് നാഷണൽ ബാങ്ക്, മീഞ്ചന്ത | 431600PR0000722 | 597027 |
| 4. | കെ.ഡി.സി. ബാങ്ക്, ബേപ്പൂർ | 1807520005 | 413317 |
| 5. | കെ.ഡി.സി. ബാങ്ക്, കല്ലായി റോഡ് | 1807520104 | 498064 |
| 6. | | 1807520102 | 264821 |
| 7. | | 1807520103 | 264821 |
| 8. | കെ.ഡി.സി. ബാങ്ക്, ഫറോക്ക് | 6180752044 | 399722 |
| ആകെ | | | 8472577 |

2. ഓഹരി നിക്ഷേപം

| ക്രമ നം. | വിശദാംശം | നം. | തുക |
|---|---|---|---|
| 1. | ക്ലീൻ കേരള കമ്പനി | 48 | 10000000 |
| 2. | | 62 | 10000000 |
| 3. | കോഴിക്കോട് ജില്ല സഹകരണ ആശുപത്രി | 2820 | 2500 |
| 4. | മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് ഓഹരി | 21 | 1000 |
| 5. | കെ.യു.ഡി.എഫ്.സി ഓഹരി | | 100000 |
| 6. | കെ.യു.ഡി.എഫ്.സി ഓഹരി (സി.ഡി.എ യിൽ നിന്നും കൈമാറിയത്) | | 141500 |
| 7 | കാലികറ്റ് കോ ഓപറേറ്റീവ് ഫാംസ് & ഫീഡ്സ് ലിമിറ്റഡ് | | 5000 |
| ആകെ | | | 20250000 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വരവുണ്ടോ എന്ന് വ്യക്തമല്ല. തൻവർഷ വാർഷികകണക്കിൽ ഈയിനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ.

കോഴിക്കോട് കോർപ്പറേഷന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം,

വകുപ്പ്.23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക നം | | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | | വിഷയം |
|---|---|---|---|---|
| 1996-97 | 22(ii) | 1998 | അദ്ധ്യായം II.ഖ.iii(1) | വാടക കരാറുകളിലെ സ്റ്റാമ്പ് ഡ്യൂട്ടി കുറവ്-സർക്കാരിന് നഷ്ടം |
| | 22.IX | | അദ്ധ്യായം II.ഖ.iii(3) | വാടക നിരക്ക് പരിഷ്കരി-ക്കാത്തതിനാൽ നഗരസഭയ്ക്ക് നഷ്ടം |
| 1997-98 | 21(E),(F), (I) | 1999-2000 | അദ്ധ്യായം V.ഖ.3(എ) | സ്വത്തുനികുതി പിരിവിലെ നഷ്ടം |
| 1998-99 | 46(14) | 2000-01 | അദ്ധ്യായം V.ഖ.4(b) | കോർപ്പറേഷൻ പരിധിക്ക് പുറത്തുള്ള സോപ്പ് നിർമ്മാണ യൂണിറ്റിന് ധനസഹായം നൽകി-2,00,000/- രൂപ |
| | 47(1)(a) | | അദ്ധ്യായം V.ഖ.4(d) | വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് നൽകിയ 27 ലക്ഷത്തിൽപ്പരം രൂപയുടെ ധനസഹായം ചട്ടവിരുദ്ധം |
| | 47(1)(b) | | അദ്ധ്യായം V. ഖ.4(e) | കൃത്രിമ വൈരക്കല്ല് നിർമ്മാണ പരിശീലനം സ്വകാര്യ ഏജൻസിക്ക് നൽകിയ 1,26,000/-രൂപ നഷ്ടമായി |
| 1999-00 | 53 | 2001-02 | അദ്ധ്യായം VI.ഖ.1.5(i) | കോടതി വിധി-നടപ്പിലാക്കിയതിൽ അനാസ്ഥ-പാഴ്ച്ചെലവ് 1,66,140/-രൂപ |
| | 65 | | അദ്ധ്യായം VI.ഖ.1.5(ii) | റോഡ് പണി-അളവ് കൂട്ടി എഴുതൽ ധനനഷ്ടം- 63,157/-രൂപ |
| | 66 | | അദ്ധ്യായം VIൽ ഖ.1.5(iii) | ഓവ്ചാലിൽ നിന്ന് മണ്ണ് നീക്കം ചെയ്യൽ-ധനദുർവിനിയോഗം |
| | 70 | | അദ്ധ്യായം VI.ഖ.1.5(v) | പദ്ധതി വിഹിതത്തിൽ നിന്ന് പിഴപലിശ അടച്ചത്-അംഗീകരിക്കുന്നില്ല |
| | 73 | | അദ്ധ്യായം VI.ഖ.1.5(vi) | എസ്.കെ.പൊറ്റക്കാട്-സംസ്കാരിക നിലയം നിർവ്വഹണത്തിൽ പാഴ്ച്ചെലവ് |
| | 74 | | അദ്ധ്യായം VI.ഖ.1.5(vii) | വിദ്യാലയങ്ങൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകൽ സ്റ്റോർ പർച്ചേസ് ചട്ട ലംഘനം |
| | 76 | | അദ്ധ്യായം VI.ഖ.1.5(viii) | വീട്ട് വളപ്പിൽ മണ്ണിട്ട് നികത്തൽ - ധനദുർവിനിയോഗവും |

| | | | | |
|---|---|---|---|---|
| | | | | ഉത്തരവുകളുടെ ലംഘനവും |
| | 27.3 | | അദ്ധ്യായം<br>VII.ഖ.III 5(i) | തൊഴിൽ നികുതി ചുമത്താൻ<br>വിട്ടുപോയത്-ലക്ഷങ്ങളുടെ നഷ്ടം |
| | 27.4 | | അദ്ധ്യായം<br>VII.ഖ.III 5(ii) | തൊഴിൽ നികുതി കുടിശ്ശിക<br>കാലഹരണപ്പെട്ടു |
| | 30.2 | | അദ്ധ്യായം<br>VII.ഖ.III 5(iii) | ലൈസൻസ് ഫീസ് പിരിച്ചതിൽ<br>കുറവ്-നഷ്ടം 81,713 രൂപ |
| | 32 | | അദ്ധ്യായം<br>VIIഖ.III 5(iv) | ബസ്സ്റ്റാന്റ് ഫീസ്-കുടിശ്ശിക<br>വസൂലാക്കിയില്ല |
| | 33 | | അദ്ധ്യായം<br>VIIഖ.III 5(v) | ലൈസൻസുകൾ യഥാസമയം<br>പുതുക്കാതെ കോർപ്പറേഷൻ വക<br>മുറികൾ കൈവശം വയ്ക്കുന്നത്<br>സംബന്ധിച്ച് |
| | 35,36 | | അദ്ധ്യായം<br>VIIഖ.III .5(vi) | ലൈസൻസ് ഫീസ്<br>ഈടാക്കിയില്ല-നഷ്ടം 2,55,762/-<br>രൂപ |
| 1999-00<br>ഡി.<br>സി.ബി | 39(4) | 2002-<br>03 | അദ്ധ്യായം<br>VIIഖ.III.5(vii) | വാടകക്കാർക്ക് കുറഞ്ഞ<br>നിരക്കിൽ വൈദ്യുതി<br>നൽകിയതിലെ നഷ്ടം-19,144/-<br>രൂപ |
| | 39(5) | | അദ്ധ്യായം<br>VIIഖ.III.5(viii) | വാടകക്കാരിൽ നിന്നും വാങ്ങിയ<br>ഡെപ്പോസിറ്റ് ദ്രവ്യങ്ങൾ<br>നഗരസഭ ഫണ്ടിൽ<br>വരവുവയ്ക്കാത്തതും, വൈദ്യുതി<br>ചാർജ്ജ് വസൂലാക്കാത്തതും<br>സംബന്ധിച്ച് |
| | | | അദ്ധ്യായം<br>VIII ക്രമനം.12 | പ്രജനന ശൈശവ ആരോഗ്യ<br>പദ്ധതിയിൽ കീഴിലെകെട്ടിട<br>നിർമ്മാണ പ്രവർത്തികൾ<br>-കെ.നിർ.തൊ. ക്ഷേമനിധി<br>-1,24,499/- ആദായനികുതി-<br>21,925/- സെൽഫ് ചെക്ക്<br>മാറിയെടുത്ത് പണാപഹരണം<br>നടത്തി |
| | | | അദ്ധ്യായം<br>VIII ക്രമനം.13 | സർക്കാർ വായ്പ തിരിച്ചടവ്<br>നടത്തുവാൻ പിൻവലിച്ച<br>1,43,069/-, 3,01,515/-,<br>1,73,583/- രൂപ അടവാക്കിയില്ല<br>എന്ന് കോർപ്പറേഷൻ സെക്രട്ടറി<br>റിപ്പോർട്ട് |
| 2000-01 | 34(3,4,5) | 2003-<br>04 | അദ്ധ്യായം 7.5(1) | ലൈസൻസ് ഫീസ്<br>ഈടാക്കിയില്ല |

| | | | | |
|---|---|---|---|---|
| | | | | കോഴിക്കോട് നഗരസഭയ്ക്ക് വൻ നഷ്ടം |
| | 95(5,6,8,9,10, 11,12) | | അദ്ധ്യായം 7.5(2) | യു.പി.എ.സെൽ 98,439/- രൂപയുടെ ക്രമക്കേട് |
| | 28(4), 31(3) | | അദ്ധ്യായം 7.5(3) | നികുതി വരവിൽ വൻനഷ്ടം |
| | 92 (1) | | അദ്ധ്യായം 7.5(5) | സബ്സിഡി അധികം നൽകി |
| | 96(4) | | അദ്ധ്യായം 7.5(6) | 1,46,424/- രൂപയുടെ ധനാപഹരണം |
| 2001-02 | 27(12),27 (3) | 2004-05 | അദ്ധ്യായം 4.1.5(1) | വസ്തു നികുതി കുടിശ്ശിക പിരിക്കുന്നില്ല. ലക്ഷങ്ങൾ നഷ്ടപ്പെടുന്നു. |
| | 31(10) | | അദ്ധ്യായം 4.1. 5(2) | വാടക 14.3 ലക്ഷം കുടിശ്ശിക |
| | 71 | | അദ്ധ്യായം 4.1.5(4) | സെൻട്രൽ മാർക്കറ്റ് പുന:നിർമ്മാണത്തിൽ അപാകതകൾ |
| | 72(13) | | അദ്ധ്യായം 4.1.5(5) | ഇൻസിനേറ്റർ സ്ഥാപിച്ചില്ല പദ്ധതിപ്പണം പാഴാകുന്നു. |
| | 74(4) | | അദ്ധ്യായം 4.1.5(6) | ഭവന നിർമ്മാണ വായ്പ തിരിച്ചടയ്ക്കാൻ യു.പി.എ. ഫണ്ട്-20.2 ലക്ഷം വകമാറ്റി |
| 2002-03 | 3-11 | 2005-06 | അദ്ധ്യായം 3.5(1) | കമേഴ്സ്യൽ കോംപ്ലക്സ് കം-സ്റ്റേഡിയം നിർമ്മാണത്തിൽ അപാകത-നഷ്ടം |
| | 3-12 | | അദ്ധ്യായം 3.5(2) | നിയന്ത്രണ മേഖലയിൽ ചട്ടം ലംഘിച്ച് ഓപ്പൺ എയർ സ്റ്റേജ് |
| | 3-13 | | അദ്ധ്യായം 3.5(3) | താമരക്കുളം നവീകരണത്തിൽ അപാകത |
| | 3-15 | | അദ്ധ്യായം 3.5(4) | ബുൾഡോസർ വാടക-അധിക നിരക്ക് നൽകി |
| | 3-20 | | അദ്ധ്യായം 3.5(5) | സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക്-പദ്ധതിപ്പണം പാഴായി |
| | 3-21 | | അദ്ധ്യായം 3.5(6) | സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| | 2-19 | | അദ്ധ്യായം 3.5(7) | ലൈസൻസ് ഫീസ് വർദ്ധന കുടിശ്ശിക ഈടാക്കിയില്ല |
| 2003-04 | 1-6 | 2006-07 | ഖ.4.5.1 | നികുതി പിരിവിന്റെ പുരോഗതി |

| | | | | |
|---|---|---|---|---|
| | | | | ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നില്ല |
| | 2-6 | | ഖ.4.5.2 | വസ്തു നികുതി-മിനിമം നികുതി ഈടാക്കി വരുന്നില്ല-20 ലക്ഷത്തോളം രൂപയുടെ ആവർത്തന നഷ്ടം |
| | 3-2 | | ഖ.4.5.3 | പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ദിവസക്കൂലി അടിസ്ഥാനത്തിൽ വർക്ക് സൂപ്രണ്ടുമാരെ നിയമിച്ചത് അംഗീകരിക്കുന്നില്ല |
| | 3-5 | | ഖ.4.5.4 | കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയ ശുദ്ധജല വിതരണം-10.05 കോടി രൂപ 15 വർഷം കഴിഞ്ഞിട്ടും ലഭിച്ചില്ല |
| | 3-6 | | ഖ.4.5.5 | സ്റ്റേഡിയം കം - ഷോപ്പിഗ് കോംപ്ലക്സ് നിർമ്മാണം വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച 442.32 ലക്ഷം രൂപയുടെ അധിക ബാധ്യത |
| | 3-14 | | ഖ.4.5.6 | നീലിച്ചിറയുടെ പുനരുജ്ജീവന പദ്ധതി-നടപ്പിലാക്കിയതിലെ അപാകതകൾ |
| | 3-22 | | ഖ.4.5.7 | 62.6 ലക്ഷം രൂപ അധികമായി സർക്കാരിലേയ്ക്ക് തിരിച്ചടച്ച - ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അഭാവം |
| | 3-23 | | ഖ.4.5.8 | കുടിവെള്ള പദ്ധതികൾ - ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല |
| | 3-27 | | ഖ.4.5.9 | കേരള വികസന പദ്ധതി 2003-04 പദ്ധതിപ്പണം പാഴായി |
| | 3-32 | | ഖ.4.5.10 | എൻ.എസ്.ഡി.പി.പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ |
| | 3-33 | | ഖ.4.5.11 | വാത്മീകി അബേദ്കർ ആവാസ് യോജന പദ്ധതി അപാകതകളും സാമ്പത്തിക നഷ്ടവും |
| 2004-05 | 2-11 | 2007-08 | ഖ.4.2.1 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികൾ ലൈസൻസിനു നൽകാതെ ഒഴിഞ്ഞു കിടക്കുന്നത് വരുമാന നഷ്ടമുണ്ടാക്കി |

| | | | | |
|---|---|---|---|---|
| | 2-24 | | ഖ.4.2.2 | നഗരസഭയുടെ ലൈസൻസ് വ്യവസ്ഥയിൽ നൽകിയ സ്ഥലത്തിന്റെ കുടിശ്ശിക ഈടാക്കുകയോ സ്ഥലം തിരികെ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല |
| | 3-1 | | ഖ.4.2.3 | മെയിന്റനൻസ് ഗ്രാന്റ്-ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് വകമാറ്റി ചെലവഴിച്ചു |
| | 3-10 | | ഖ.4.2.4 | വിവാഹ ധനസഹായം-1.36 കോടി രൂപ നഗരസഭ ഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു |
| | 3-14 | | ഖ.4.2.5 | നഗരസഭ ഓഫീസ് കമ്പ്യൂട്ടർവത്കരണം ലക്ഷങ്ങൾ ചെലവഴിച്ചെങ്കിലും ലക്ഷ്യം കൈവരിച്ചില്ല |
| 2005-06 | | 2008-09 | ഖ.2.6 | തനതു ഫണ്ടിന്റെ സംഭരണം |
| | 3-14-5 | | ഖ.3.2.3 | മോഡൽ സോലിഡ് വേസ്റ്റ് മാനേജ്മെന്റ് ഫണ്ട് വകമാറ്റിയതിനാൽ പലിശയിനത്തിൽ 4 ലക്ഷത്തിൽപ്പരം രൂപയുടെ നഷ്ടം |
| | 3-27 | | ഖ.3.4.4 | മൈത്രി ഭവനപദ്ധതി-ഭവനനിർമ്മാണ ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത 28,12,500 /- രൂപ വിനയോഗിച്ചിട്ടില്ല |
| | 3-14-7 | | ഖ.3.5.13.എ | ശാരീരിക വൈകല്യങ്ങൾ നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ വിതരണം-ക്രമക്കേട് |
| | 3-8 | | ഖ.3.5.13.ബി | ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ തിരസ്കരണി മാറ്റൽ-കരാർ വ്യവസ്ഥ പാലിക്കാതെ അധിക നിരക്കിൽ ടെണ്ടർ നൽകിയതുവഴി നഷ്ടം |
| 2007-08 | | 2009-10 | ഖ.2-2 | ബജറ്റ് തയ്യാറാക്കുന്നതിലെ പിഴവുകൾ |
| | 1-8 | | ഖ.2-3 | വാർഡ് സഭകളിലും കമ്മിറ്റികളിലും പങ്കാളിത്തം ഉറപ്പുവരുത്തുന്നില്ല |
| | 3(8)(6) | | ഖ.2-10 | പദ്ധതി വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച |
| | 2-3(2) | | ഖ.3-1-7(i) | തൊഴിൽ നികുതി ചട്ടം 3(2) |

| | | | | |
|---|---|---|---|---|
| | | | | പ്രകാരമുള്ള നികുതി ഈടാക്കുന്നില്ല |
| | 2-4 | | ഖ.3-1-7(ii) | നഗരസഭ കെട്ടിടങ്ങൾ ലൈസൻസ് ഫീസ് വ്യവസ്ഥയിൽ നൽകുന്നത്-യഥാസമയം ലൈസൻസ് പുതുക്കാതെയും കരാർ ചമയ്ക്കാതെയും മുറികൾ കൈവശം വെയ്ക്കുന്നതിന് അവസരം നൽകുന്നു |
| | 3-1 | | ഖ.3-3-3(i) | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വകമാറ്റി ചെലവഴിക്കുന്നു |
| | 3-7(14) | | ഖ.3-4-4(i) | വികസനഫണ്ടിൽ നിന്നും പിൻവലിച്ച തുക വിനിയോഗിക്കാതെ മാസങ്ങളോളം ബാങ്കേഴ്സ് ചെക്കായി സൂക്ഷിച്ചു |
| | 3-7(5) | | ഖ.3-7-12(i) | സമ്പൂർണ്ണ ഊർജ്ജസുരക്ഷ പദ്ധതിക്കായുള്ള ദ്വിവർഷ പ്രോജക്ട്-രണ്ട് പദ്ധതി വർഷം പിന്നിട്ടിട്ടും പ്രവർത്തനം ആരംഭദിശയിൽ തന്നെ |
| | 3-7(9) | | ഖ.3-7-12(ii) | വ്യവസായ മേഖലയ്ക്ക് നീക്കിവച്ച വികസനഫണ്ടിന്റെ 2% പോലും വിനിയോഗിച്ചില്ല |
| | 2-4-2 | | ഖ.2-5 | വരുമാന വർദ്ധനവിനുള്ള നടപടികളുടെ അഭാവം-ഏകദിന പെർമിറ്റ് ലൈസൻസ് രാജിയാക്കൽ ഫീസ് ഇനത്തിലുള്ള നഷ്ടം-25,750/- രൂപ |
| | | | ഖ.2-11 | വർദ്ധിച്ചു വരുന്ന ഋണബാധ്യതകൾ-ഹഡ്കോ-5,22,80,000/-,കേരള സർക്കാർ-11,73,83,069/- |
| 2008-09 | 2-4-2 | 2010-11 | ഖ.5-1-9(1) | ഏകദിന പെർമിറ്റ്-ലൈസൻസ് അനുവദിച്ചതിലെ അപാകതയും, അനധികൃത നിർമ്മാണം ക്രമവത്കരിക്കാത്തതും |
| | 2-7 | | ഖ.5-1-9(2) | തടി നികുതി-ലേലസംഖ്യ മുഴുവനായും അടവാക്കിയതിന് രേഖകളില്ല |
| | 3-10-12 | | ഖ.5-3-17 | പരീക്ഷ കഴിഞ്ഞ് അധ്യാപക പരിശീലനം |

| | | | | |
|---|---|---|---|---|
| 2009-10 | -- | 2011-12 | ഖ.2-3 | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച |
| | -- | | ഖ.2-9 | മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് രൂപീകരണം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല |
| | -- | | ഖ.3-1ൽ1-23 | പ്രവർത്തനാവലോകന റിപ്പോർട്ട്-കാർഷികപദ്ധതികളും കൃഷിഭവനം |
| | -- | | ഖ.3-2-1 മുതൽ 3-2-24 വരെ | പ്രവർത്തനാവലോകന റിപ്പോർട്ട്-തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ റോഡുപണികൾ |
| | -- | | ഖ.3-3-1 മുതൽ 3-3-16 വരെ | പ്രവർത്തനാവലോകന റിപ്പോർട്ട്-ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും |
| അവലോകനങ്ങൾ | -- | 2012-13 | ഖ.2-5 | ലഘു അവലോകന റിപ്പോർട്ട്-നഗരസഭകളും പരസ്യനികുതിയും |
| | -- | | ഖ.3-1-1 മുതൽ 3-1-7 വരെ | പ്രവർത്തനാവലോകനം-തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം |
| | -- | | ഖ.3-3-1 മുതൽ 3-8 വരെ | പ്രവർത്തനക്ഷമതാ റിപ്പോർട്ട്-തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആരോഗ്യ മേഖലയും |
| പ്രവർത്തനക്ഷമത റിപ്പോർട്ടുകൾ | | 2013-14 | ഖ.5-1-5(7)മണ്ണ് ജലസംരക്ഷണ പ്രവർത്തനം കാര്യക്ഷമമല്ല | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും, ഖ.V(1)-ഓഡിറ്റ് നിരീക്ഷണങ്ങൾ-പ്രോജക്ടുകളുടെ അവലോകനം |
| | | | ഖ.5-2-4(1)വാടക കെട്ടിട ത്തിൽ പ്രവർ-ത്തിക്കുന്ന സ്കൂളുകൾ | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ5-3സി (8)-സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സ്കൂളുകൾ |
| | | | ഖ.5-2-4(2) സ്കൂൾ കെട്ടിടങ്ങ ളുടെ അവസ്ഥ ശോചനീയം | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ5-3സി (I)-കെട്ടിടങ്ങളുടെ അഭാവം |
| | | | ഖ.5-2-4(9)കളിസ്ഥലങ്ങൾ-വിദ്യാഭ്യാസ ചട്ട ങ്ങൾ പാലിക്ക പ്പെട്ടിട്ടില്ല | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ5-3സി III-കളിസ്ഥലം |

| | | | |
|---|---|---|---|
| | | ഖ.5-2-4(18)സ്കൂൾ വിദ്യാഭ്യാസ മേഖലയും സർവ്വശിക്ഷ | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും, ഖ5-3സി-VII-5 -എസ്.എസ്.എ |
| | | ഖ.5-3-5(2)ചെറുകിട വ്യവസായ മേഖലയിൽ വകയിരുത്തുന്ന തുകകൾ ശരിയാംവിധം ചെലവഴിക്കുന്നില്ല | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരഭങ്ങളും, ഖ.5-3-5(2)-ചെറുകിട വ്യവസായ മേഖലയിൽ വകയിരുത്തുന്ന തുകകൾ ശരിയാം വിധം ചെലവഴിക്കുന്നില്ല |
| | | ഖ.5-3-5(3)പരാജയമടഞ്ഞ വ്യവസായ സംരഭങ്ങൾ | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരഭങ്ങളും, ഖ.5-1-4(2)-കണ്ണഞ്ചേരി വനിത തൊഴിൽ പരിശീലനകേന്ദ്രം |
| | | ഖ.5-3-5(19)കുടുബശ്രീ സംരഭങ്ങൾ പലതും സ്തംഭനാവസ്ഥയിൽ | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരഭങ്ങളും, ഖ.5-1-6(2)-കുടുംബശ്രീ വിപണന കേന്ദ്രങ്ങൾ- വനിത വിപണനകേന്ദ്രം, മാവൂർ റോഡ് |
| | | ഖ.5-3-5(16)<br>സർക്കാർ ഉത്തരവുകൾ | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരഭങ്ങളും,ഖ.5-1-4(1)-സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി |
| ലഘു അവലോകനം | | ഖ.6-2-3വാടക ലൈസൻസ് ഫീ | പൊതുമാർക്കറ്റ്,ഷോപ്പുകൾ, ബസ്സ്റ്റാന്റുകൾ എന്നിവയുടെ വരുമാനം സംബന്ധിച്ച അവലോകനം-ലൈസൻസ് ഫീസ് നിലനിൽക്കുന്ന -ഏതാനും മുറികളുടെ വിശദാംശങ്ങൾ |
| | | ഖ.6-3 ത.സ്വ.ഭ.വ.സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം | ത.സ്വ.ഭ.വ.സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം-പ്രൊക്യൂർമെന്റ് മാന്വൽ |
| | | ഖ.6-3-1പ്രൊക്യൂർമെന്റ് കമ്മിറ്റി, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം | ത.സ്വ.ഭ.വ.സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം-പ്രൊക്യൂർമെന്റ് മാന്വൽ,ഖ(ബി) |
| | | ഖ.6-3-2പ്രൊക്യൂർമെന്റ് സൈക്കിൾ-ആദ്യപടി | ബ്രാന്റ് നെയിം പറഞ്ഞ് ക്വട്ടേഷൻ ക്ഷണിച്ചു, ടെണ്ടർ |

| | | | | |
|---|---|---|---|---|
| | | | പാലിക്കുന്നില്ല | നടപടി കൂടാതെ കാറുകൾ വാങ്ങുന്നു |
| 2012-13 | ക്രമ നം.10 | 2014-15 | ഖ.2-1 | ഓഡിറ്റ് റിപ്പോർട്ടുകൾ ഭരണസമിതിയിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നില്ല. |
| 2011-12 | ഖ.2-30 | | ഖ.3-4 | പെർമിറ്റ് ഫീസ് നഷ്ടം - 2812968/- രൂപ ലഭിച്ചു. |
| വിഷയാധിഷ്ഠിത അവലോകനം | (നിഷ്ക്രിയ ആസ്തികൾ) ഖ.2- എ, ബി, സി,ഖ.5 | | ഖ.4-1-4 | ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയ; മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്നു. |
| | | | ഖ.4-1-5 | വ്യവസായ കേന്ദ്രങ്ങൾ - കെട്ടിട നിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു. |
| | നദീതര സംരക്ഷണവും മണൽവാര്ല നിയന്ത്രണവും | | ഖ.4-2-6 | മണൽ വിൽപ്പനയിൽ നിന്നുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വരവ്/ചെലവ് |
| | | | ഖ.4-2-7 | മണൽ വരവ്/ചെലവ് കണക്കുകൾ ശരിയായി സൂക്ഷിക്കുന്നില്ല. |
| | | | ഖ.4-2-8 | റിവർ മാനേജ്മെന്റ് ഫണ്ട് ഒടുക്കിയതിൽ കുറവ്. |
| | | | ഖ.4-2-9 | റിവർ മാനേജ്മെന്റ് ഫണ്ട് (RMF) അധികം ഒടുക്കി ബേപ്പൂർ തുറമുഖത്തുനിന്നുള്ള മണൽ നഗരസഭയ്ക്ക് ലഭിക്കുന്നില്ല. |
| | | | ഖ.4-2-14 | കടവു കമ്മിറ്റികൾ സജീവമല്ല. |
| പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് (മൃഗസംരക്ഷവും ക്ഷീരവികസന മേഖലയും) | ഖ.V-4(ഡി) | | ഖ.5-5 | നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ മേഖലയും. |
| | ഖ.V-3 | | ഖ.5-5 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ മേഖലയെ അവഗണിക്കുന്നു. |
| | ഖ.V-3(എ) | | ഖ.5-6 | മൃഗസംരക്ഷണ വികസന മേഖലകളിലെ കർമ്മ സമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല. |
| | ഖ.V-1(ബി) | | ഖ.5-7 | വെറ്റിനറി സ്ഥാപനങ്ങളിലെ ഭൗതികസാഹചര്യങ്ങൾ - പരിമിതം - ശോചനീയാവ സ്ഥയിൽ ബേപ്പൂർ മൃഗാശുപത്രി. |
| | ഖ.V-1(ഇ) | | ഖ.5-7 | വെറ്റിനറി സ്ഥാപനങ്ങളിലെ ഭൗതികസാഹചര്യങ്ങൾ - പരിമിതം - ശോചനീയാവ സ്ഥയിൽ ബേപ്പൂർ മൃഗാശുപത്രി. |

| | | | | |
|---|---|---|---|---|
| | | | | ട്രിവീസ് ഇല്ല. കൃത്രിമബീസങ്കലനം പ്രയാസം. |
| | ഖ.V-9(ഡി) | | ഖ.5-9 | മൃഗങ്ങളുടെ രോഗചികിത്സ, പ്രതിരോധം, ആരോഗ്യ പരിപാലനം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല – ജീവനക്കാരുടെ അപര്യാപ്തത. |
| | ഖ.V-8(എ) | | ഖ.5-13 | ശ്വാന സംരക്ഷണവും പേവിഷ നിയന്ത്രണവും - വളർത്തു തെരുവു നായ്ക്കളുടെ കണക്കെടുപ്പ് നടത്തുന്നില്ല. |
| | ഖ.V-8(ബി) | | ഖ.5-13 | ശ്വാനസംരക്ഷണവും പേവിഷ നിയന്ത്രണവും. തുക വകയിരുത്തി പദ്ധതി നടപ്പിലാക്കിയില്ല. |
| | ഖ.V-9(ഡി) | | ഖ.5-14 | കാശാപ്പുശാലകൾ സ്ഥാപിക്കുന്നതിലും നടത്തിപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമല്ല – വെറ്റിനറി സർജനില്ലാതെ കശാപ്പുശാലകൾ. |
| | ഖ.V-7 | | ഖ.5-14 | കശാപ്പുശാലകൾ സ്ഥാപിക്കുന്നതിലും നടത്തിപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമല്ല – അറവുശാലയില്ലെങ്കിലും മാംസം സുലഭം. |
| പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/ പട്ടികവർഗ്ഗ പദ്ധതികളുടെ നിർവഹണം) | | 2015-16 | ഖ.3.7.2 | കോഴിക്കോട് കോർപ്പറേഷനിൽ സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്ത 50 പട്ടികജാതി കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി 5,29,68,332/- രൂപ സി.ഡി.എ.യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും ആരംഭിച്ചിട്ടില്ല. |
| 2016-17 | 2-1 | 2017-18 | 1-11 കോഴിക്കോട് കോർപറേഷൻ | ബസ് സ്റ്റാന്റ് റൗണ്ട് ബ്ലോക്ക് പരസ്യം - കേസ് നടത്തിപ്പിലെ |

| | | | | |
|---|---|---|---|---|
| | | | ഖ 1 | വീഴ്ച കാരണം വരുമാന നഷ്ടം സംഭവിക്കുന്നു |
| 2016-17 | 3-1 | 2017-18 | 1-11 കോഴിക്കോട് കോർപറേഷൻ<br>ഖ 2 | കോടതിയിൽ ബാങ്ക് ഗ്യാരണ്ടി ഹാജരാക്കുന്നതിൽ വീഴ്ച വരുത്തി - നഗരസഭയ്ക്ക് വലിയ നഷ്ടം സംഭവിച്ചു |
| 2016-17 | 3-2 | 2017-18 | 1-11 കോഴിക്കോട് കോർപറേഷൻ<br>ഖ 3 | ആർട്ടിസ്റ്റ് സ്മാരക നിർമ്മാണം - നിർവഹണത്തിലെ അപാകതകൾ |
| 2016-17 | 3-9 | 2017-18 | 1-11 കോഴിക്കോട് കോർപറേഷൻ<br>ഖ 4 | നഗരസഭയിൽ നിക്ഷിപ്തമായ തോട് നിയമവിരുദ്ധമായി സ്വകാര്യ വ്യക്തിക്ക് കൈമാറുന്നു |
| 2016-17 | 3-5 | 2017-18 | 1-11 കോഴിക്കോട് കോർപറേഷൻ<br>ഖ 5 | നഗരസഭാ ജീവനക്കാരുടെ പെൻഷൻ ഫണ്ടുകളുടെ പരിപാലനം കാര്യക്ഷമമല്ല |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,52,09,54,757.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,11,50,75,123.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 41,64,228 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,65,73,008 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,41,01,842 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി).നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 78,160 | | ശ്രീ.വിനയൻ.കെ.പി, സെക്രട്ടറി ഇൻ ചാർജ് |
| 2-2 | 8,637 | | ശ്രീ.സത്യബാബു.കെ, റവന്യൂ ഓഫീസർ,<br>ചെറുവണ്ണൂർ - നല്ലളം മേഖല കാര്യാലയം |
| 2-3 | 10,318 | | ശ്രീ.സുനിൽ കുമാർ.വി, റവന്യൂ ഓഫീസർ |
| 2-4 | 8,42,671<br>8,42,671<br>8,42,671<br>8,42,672 | | ശ്രീ.ഗോപി.കെ.പി, സീനിയർ ക്ലാർക്ക്<br>ശ്രീ.സാംസൺ.വി.വി, സൂപ്രണ്ട് (നോൺ ടാക്സ്)<br>ശ്രീ.ഷാജി തോമസ്, റവന്യൂ ഓഫീസർ (നോൺ ടാക്സ്)<br>ശ്രീ.സുധൻ.വി.വി, ഡപ്യൂട്ടി സെക്രട്ടറി |
| 2-5(1)(എ) | 36,105 | | ഡോ.ആർ.എസ്.ഗോപകുമാർ, ഹെൽത്ത് ഓഫീസർ |
| 2-5(3)(എ) | 15,481 | | ഡോ.ആർ.എസ്.ഗോപകുമാർ, ഹെൽത്ത് ഓഫീസർ |
| 2-5(3) | 2,04,352 | | ഡോ.ആർ.എസ്.ഗോപകുമാർ, ഹെൽത്ത് ഓഫീസർ |

| | | | |
|---|---|---|---|
| (ബി) | | | |
| 2-5(3) (സി) | 55,829 | | ഡോ.ആർ.എസ്.ഗോപകുമാർ, ഹെൽത്ത് ഓഫീസർ |
| 2-5(4)(എ) | 49,250 | | ഡോ.ആർ.എസ്.ഗോപകുമാർ, ഹെൽത്ത് ഓഫീസർ |
| 2-5(4) (ബി) | 17,650 | | ഡോ.ആർ.എസ്.ഗോപകുമാർ, ഹെൽത്ത് ഓഫീസർ |
| 2-6 | 1,58,349 | | ശ്രീ.സത്യബാബു.കെ, റവന്യൂ ഓഫീസർ,<br>ചെറുവണ്ണൂർ - നല്ലളം മേഖല കാര്യാലയം |
| 2-7 | 62,341 | | ശ്രീ.സോമശേഖരൻ.പി,<br>റവന്യൂ ഓഫീസർ, ബേപ്പൂർ മേഖല കാര്യാലയം |
| 2-8 | 6,643 | | ശ്രീ.ചന്ദ്രൻ.പി.ജി.റവന്യൂ ഓഫീസർ, എലത്തൂർ മേഖല കാര്യാലയം |
| 2-9 | 90,428 | | ശ്രീമതി.ജോഷി മൃണ്മയി ശശാങ്ക്, ഐ.എ.എസ്, സെക്രട്ടറി |
| 3-1 | | 11,03,333<br>11,03,333<br>11,03,334 | ശ്രീമതി.ജോഷി മൃണ്മയി ശശാങ്ക്, സെക്രട്ടറി<br>ശ്രീ.സുനിൽ കുമാർ.വി, അക്കൗണ്ട്സ് ഓഫീസർ<br>ഡോ.ആർ.എസ്.ഗോപകുമാർ, ഹെൽത്ത് ഓഫീസർ |
| 3-2 | | 25,74,990 | ശ്രീ.എം.എം.ഗോപാലൻ, ഹെൽത്ത് സൂപ്പർവൈസർ |
| 3-3 | | 2,64,935 | ശ്രീ.എം.എം.ഗോപാലൻ, ഹെൽത്ത് സൂപ്പർവൈസർ |
| 3-4 | | 1,26,800 | ശ്രീ.എം.എം.ഗോപാലൻ, ഹെൽത്ത് സൂപ്പർവൈസർ |
| 3-5 | | 2,61,250 | ഡോ.ആർ.എസ്.ഗോപകുമാർ, ഹെൽത്ത് ഓഫീസർ |
| 3-6 | | 1,56,790<br>1,56,790<br>1,56,790<br>1,56,790<br>1,56,791 | ശ്രീ.ദാസൻ.കെ, സീനിയർ ക്ലാർക്ക്<br>ശ്രീ.സാംസൺ.വി.വി, സൂപ്രണ്ട് (നോൺ ടാക്സ്)<br>ശ്രീ.ഷാജി തോമസ്, റവന്യൂ ഓഫീസർ (നോൺ ടാക്സ്)<br>ശ്രീ.സുധൻ.വി.വി., ഡപ്യൂട്ടി സെക്രട്ടറി,<br>ശ്രീ.വിനയൻ.കെ.പി, സെക്രട്ടറി |
| 3-7 | | 40,000 | ശ്രീ. റംസി ഇസ്മയിൽ എം.വി, പ്രോജക്ട് ഓഫീസർ കുടുംബശ്രീ |
| 3-8 | | 19,825 | ശ്രീ.രമേഷ് കെ.പി, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-9 | | 5,10,000 | ഉത്തരവാദികളായവരുടെ വിവരം അനുബന്ധം (2) ആയി ഉൾപ്പെടുത്തുന്നു. |
| 3-10(1)<br>3-10(2)<br>3-10(4) | | 700,60<br>12,495<br>37,125 | ശ്രീ.സുനിൽ കുമാർ.വി, അക്കൗണ്ട്സ് ഓഫീസർ |
| 3-11 | | 11,005 | ഡോ.ആർ.എസ്.ഗോപകുമാർ, ഹെൽത്ത് ഓഫീസർ |
| 3-12 | | 49,508 | ശ്രീ.എ.വേണു, പട്ടികജാതി വികസന ഓഫീസർ |
| 3-13 | | 11,381 | ശ്രീ.ലാൻസ് ലെറ്റ് സാമുവൽ, കൗൺസിൽ സെക്രട്ടറി |
| 3-14 | | 5,714 | ഡോ.ആർ.എസ്.ഗോപകുമാർ, ഹെൽത്ത് ഓഫീസർ |
| 3-15 | | 5,562 | ശ്രീ.രമേഷ് കെ.പി, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-16 | | 19,367 | ശ്രീമതി.ജെസ്സി.ഇ.എസ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ |
| 3-17(1) | | 17,244 | ശ്രീ.സിദ്ധാർത്ഥൻ എ.കെ,<br>കൃഷി ഓഫീസർ, ചെറുവണ്ണൂർ നല്ലളം |
| 3-18 | | 13,172<br>13,172 | ശ്രീ.അജിത്ത് കുമാർ.എൻ, സീനിയർ ക്ലാർക്ക്<br>ശ്രീ.സാംസൺ.വി.വി, സൂപ്രണ്ട് (നോൺ ടാക്സ്) |

| | | | |
|---|---|---|---|
| | | 13,172 | ശ്രീ.ഷാജി തോമസ്, റവന്യൂ ഓഫീസർ (നോൺ ടാക്സ്) |
| 3-19 | | 10,000 | ഡോ.ആർ.എസ്.ഗോപകുമാർ, ഹെൽത്ത് ഓഫീസർ |
| 3-20 | | 1,23,388 | ശ്രീ.മുഹമ്മദ് ബഷീർ.ടി, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-21 | | 22,600 | ശ്രീ.കെ.യു.ഉദയൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-22 | | 44,892 | ശ്രീ.ഉത്തമൻ.ജി, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-23 | | 46,400 | ശ്രീ.ഉത്തമൻ.ജി, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-24 | | 81,55,000 | ശ്രീ.എം.ജയൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 41,64,228 | 1,65,73,008 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 99,355 | ശ്രീ.എം.എം.ഗോപാലൻ, ഹെൽത്ത് സൂപ്പർവൈസർ |
| 1-31 | 1,49,600 | ശ്രീ.എം.എം.ഗോപാലൻ, ഹെൽത്ത് സൂപ്പർവൈസർ |
| 1-38(എ) | 11,10,200 | ശ്രീ. റംസി ഇസ്മയിൽ എം.വി, പ്രോജക്ട് ഓഫീസർ, കുടുംബശ്രീ |
| 1-38(ബി) | 28,74,200 | ശ്രീ. റംസി ഇസ്മയിൽ എം.വി, പ്രോജക്ട് ഓഫീസർ, കുടുംബശ്രീ |
| 1-39 | 3,00,000 | ശ്രീ. റംസി ഇസ്മയിൽ എം.വി, പ്രോജക്ട് ഓഫീസർ, കുടുംബശ്രീ |
| 1-40(എ) | 5,80,705 | ഡോ.ബേബി കെ.കെ, സീനിയർ വെറ്റിനറി സർജ്ജൻ |
| 1-40(ബി) | 13,647 | ഡോ.ബേബി കെ.കെ, സീനിയർ വെറ്റിനറി സർജ്ജൻ |
| 1-41 | 1,38,837 | ശ്രീ.ലാൻസ് ലെറ്റ് സാമുവൽ, കൗൺസിൽ സെക്രട്ടറി |
| 1-42 | 41,51,446 | ഡോ.ആർ.എസ്.ഗോപകുമാർ, ഹെൽത്ത് ഓഫീസർ |
| 1-44 | 1,17,600<br>75,000 | ഡോ.ആർ.എസ്.ഗോപകുമാർ, ഹെൽത്ത് ഓഫീസർ<br>ശ്രീ.സോമശേഖരൻ.പി, റവന്യൂ ഓഫീസർ, ബേപ്പൂർ മേഖല കാര്യാലയം |
| 1-45 | 45,633 | ശ്രീ.സോമശേഖരൻ.പി, റവന്യൂ ഓഫീസർ, ബേപ്പൂർ മേഖല കാര്യാലയം |
| 1-46 | 4,24,711 | ശ്രീ.ഉത്തമൻ.ജി, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-49 | 1,66,323 | ഡോ.ബേബി കെ.കെ, സീനിയർ വെറ്റിനറി സർജ്ജൻ |
| 3-7 | 3,25,000 | ശ്രീ. റംസി ഇസ്മയിൽ എം.വി, പ്രോജക്ട് ഓഫീസർ, കുടുംബശ്രീ |
| 3-12 | 9,40,654 | ശ്രീ.എ.വേണു, പട്ടികജാതി വികസന ഓഫീസർ |
| 3-14 | 19,98,931 | ഡോ.ആർ.എസ്.ഗോപകുമാർ, ഹെൽത്ത് ഓഫീസർ |
| 3-19 | 5,90,000 | ഡോ.ആർ.എസ്.ഗോപകുമാർ, ഹെൽത്ത് ഓഫീസർ |
| ആകെ | 1,41,01,842 | |

<u>(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഇനം |
|---|---|---|
| 2-1 | 4,113 | ലൈബ്രറി സെസ്സ് |
| 2-2 | 432 | ലൈബ്രറി സെസ്സ് |

<u>(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

| | |
|---|---|
| ഖണ്ഡിക നമ്പർ | |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിനയൻ.കെ.പി, സെക്രട്ടറി ഇൻ ചാർജ്ജ് | റീജിയണൽ ജോയിന്റ് ഡയറക്ടർ അർബൻ അഫയേഴ്സ്, കോഴിക്കോട് | സാകേതം, ശ്രീസ്ഥ (പി.ഒ) പഴയങ്ങാടി (വഴി) കണ്ണൂർ – 670303 |
| ഡോ.ആർ.എസ്.ഗോപകുമാർ, ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ | പത്മ നിലയം, കുവളശ്ശേരി, തിരുവനന്തപുരം, |
| ശ്രീമതി.ജോഷി മൃണ്മയി ശശാങ്ക്, ഐ.എ.എസ്, സെക്രട്ടറി | അഡീ.ഡയരക്ടർ, ടൂറിസം | എസ്.ആർ.നം.81/5എ/2, ഭയ്യ ചിന്താമണി സൊസൈറ്റി, പന്ത് റോഡ്, പൂനെ |
| ശ്രീ.സുനിൽ കുമാർ.വി, അക്കൗണ്ട്സ് ഓഫീസർ | റവന്യൂ ഓഫീസർ, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ | ദേവി കൃഷ്ണ, ഗോവിന്ദപുരം (പി.ഒ), കോഴിക്കോട്.16 |
| ശ്രീ.എം.ജയൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ | ആറ്റംപുള്ളി ചേരൂർ (പി.ഒ), തൃശ്ശൂർ |
| ശ്രീ.എം.എം.ഗോപാലൻ, ഹെൽത്ത് സൂപ്പർവൈസർ | റിട്ടയർഡ് | മനാട്ട് മീത്തൽ, കാവിൽ(പി.ഒ) നടുവണ്ണൂർ, കോഴിക്കോട് |
| ശ്രീ. റംസി ഇസ്മയിൽ എം.വി, പ്രോജക്ട് ഓഫീസർ കുടുംബശ്രീ | റവന്യൂ ഓഫീസർ കാസർഗോഡ് നഗരസഭ | മഫ്റഹ്, ഫ്രാൻസിസ് റോഡ്, കല്ലായി, കോഴിക്കോട് |
| ശ്രീ.രമേഷ് കെ.പി, എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ | 10/394, കാട്ടിൽ പറമ്പ്, വേങ്ങേരി, കോഴിക്കോട് |
| ശ്രീ.കെ.യു.ഉദയൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ കോഴിക്കോട് നഗരസഭ | സരണ്യ (ഹ), തിരുവങ്ങാട്ട്തടം ചേലേമ്പ്ര, മലപ്പുറം.673634 |
| ശ്രീ.ടി.എ.വേണു, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, കണ്ണൂർ നഗരസഭ | നന്ദനം, മണ്ണിപ്പടി, ആർ.ഡി നഗർ (പി.ഒ) കാസറഗോഡ് |
| ശ്രീ.സിദ്ധാർത്ഥൻ എ.കെ, കൃഷി ഓഫീസർ, ചെറുവണ്ണൂർ നല്ലളം | കൃഷി ഓഫീസർ, ചെറുവണ്ണൂർ നല്ലളം കൃഷിഭവൻ | നക്ഷത്ര (ഹൗസ്) ചേവായൂർ പി.ഒ, കോഴിക്കോട് |
| ശ്രീ.സോമശേഖരൻ.പി, റവന്യൂ ഓഫീസർ, ബേപ്പൂർ മേഖല കാര്യാലയം | റവന്യൂ ഓഫീസർ, ചെറുവണ്ണൂർ – നല്ലളം മേഖലകാര്യാലയം, കോഴിക്കോട് നഗരസഭ | മണ്ണാരക്കൽ, തേഞ്ഞിപ്പാലം (പി.ഒ) പിൻ.673636, മലപ്പുറം |
| ശ്രീ.സുധൻ.വി.വി, ഡപ്യൂട്ടി സെക്രട്ടറി | റിട്ടയർഡ് | വടക്കേക്കര, മുട്ടംമ്പാലം, കോട്ടയം |
| | | |

| | | |
|---|---|---|
| ശ്രീ.ഷാജി തോമസ്, റവന്യൂ ഓഫീസർ (നോൺ ടാക്സ്) | റവന്യൂ ഓഫീസർ (നോൺ ടാക്സ്) കോഴിക്കോട് നഗരസഭ | 25/1048, ജി.കോട്ടൂർ വില്ല, കോഴിക്കോട്അരീക്കരപ്പറമ്പ്, പോത്തഞ്ചേരിത്താഴം, ജി.എ.കോളേജ്, കോഴിക്കോട്-673014 |
| ശ്രീ.സാംസൺ.വി.വി, സൂപ്രണ്ട് (നോൺ ടാക്സ്) | സൂപ്രണ്ട് (നോൺ ടാക്സ്), കോഴിക്കോട് നഗരസഭ | വട്ടാലുകുന്നേൽ, മുത്തപ്പൻപുഴ (പി.ഒ), തിരുവമ്പാടി, കോഴിക്കോട് |
| ശ്രീ.ഗോപി.കെ.പി, സീനിയർ ക്ലാർക്ക് | സീനിയർ ക്ലാർക്ക്, കോഴിക്കോട് നഗരസഭ | കടത്തിൽപുറത്ത്, വെള്ളിപ്പറമ്പ, കീഴമാട്, കോഴിക്കോട് |
| ശ്രീ.ദാസൻ.കെ, സീനിയർ ക്ലാർക്ക് | സീനിയർ ക്ലാർക്ക്, കോഴിക്കോട് നഗരസഭ | കപ്പുങ്ങര (ഹ), മാനിപ്പുരം (പി.ഒ), കൊടുവള്ളി (വഴി) കോഴിക്കോട്.673572 |
| ശ്രീ.ലാൻസ് ലെറ്റ് സാമുവൽ കൗൺസിൽ സെക്രട്ടറി | കൗൺസിൽ സെക്രട്ടറി കോഴിക്കോട് നഗരസഭ | 'ശാലോം'വള്ളത്ത് അങ്കണവാടിക്ക് സമീപം, മൂഴിക്കൽ, ചെലവൂർ (പി.ഒ) കോഴിക്കോട് – 673571 |
| ശ്രീ.മുഹമ്മദ് ബഷീർ.ടി, എക്സിക്യൂട്ടീവ് എഞ്ചിനീയർ | റിട്ടയർഡ് | 3/264 എഫ്, തയ്യിൽ (ഹൗസ്), മേജർ സന്തോഷ് റോഡ്, ഈസ്റ്റ് നടക്കാവ്, കോഴിക്കോട്- 673011 |
| ശ്രീ.അജിത്ത് കുമാർ.എൻ സീനിയർ ക്ലാർക്ക് | റവന്യൂ ഇൻസ്പെക്ടർ വടക്കാഞ്ചേരി നഗരസഭ | കുട്ടംവീട്ടിൽ, വിരിപ്പിൽ റോഡ്, മൂഴിക്കൽ, ചെലവൂർ, കോഴിക്കോട് |
| ശ്രീ.എ.എം.ജയൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ കോഴിക്കോട് നഗരസഭ | ആറ്റംപുള്ളി, ചേറ്റൂർ (പി.ഒ), തൃശ്ശൂർ – 680008 |
| ശ്രീ.ചന്ദ്രൻ.പി.ജി. റവന്യൂ ഓഫീസർ | പി.എ.ടു. സെക്രട്ടറി വടകര നഗരസഭ | പള്ളവയൽ (ഹ), നീലറച്ചാൽ (പി.ഒ), അമ്പലവയൽ (വഴി) വയനാട്. |
| ശ്രീ.ഉത്തമൻ.ജി എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ കോഴിക്കോട് നഗരസഭ | ശ്രീഹരി (ഹ), ഷാപ്പിൻകുന്ന്, കാരക്കുന്നു, മലപ്പുറം.676123 |
| ശ്രീമതി.ബിസ്സി.എസ് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കോഴിക്കോട് നഗരസഭ | പനച്ചിങ്ങൽ, പള്ളിയോൾ (പി.ഒ), മാവൂർ, കോഴിക്കോട്.673661 |
| ശ്രീ.സത്യബാബു.കെ, റവന്യൂ ഓഫീസർ, ചെറുവണ്ണൂർ - നല്ലളം മേഖല കാര്യാലയം | റവന്യൂ ഓഫീസർ കണ്ണൂർ നഗരസഭ | മേലേമുക്കത്ത്, ചെറുമൂലവയൽ, മുട്ടിൽ (പി.ഒ), വയനാട്. |
| ശ്രീ.ജി.പി.സുജൻ, റവന്യൂ ഇൻസ്പെക്ടർ | റവന്യൂ ഇൻസ്പെക്ടർ തിരുവനന്തപുരം നഗരസഭ | ഹരിനിവാസ്, വെള്ളനാട് (പി.ഒ), തിരുവനന്തപുരം |
| ശ്രീ.സുജിത്ത്.പി, റവന്യൂ ഇൻസ്പെക്ടർ | റവന്യൂ ഇൻസ്പെക്ടർ എലത്തൂർ മേഖല കാര്യാലയം | ബി.34, ബി.എസ്.എൻ.എൽ, ക്വാട്ടേഴ്സ്, മലാപ്പറമ്പ, കോഴിക്കോട്.673009 |
| ശ്രീ.നാണു.ടി.എച്ച്, റവന്യൂ ഇൻസ്പെക്ടർ | സൂപ്രണ്ട്, വടകര നഗരസഭ | നിരഞ്ജനം, വൈക്കിലശ്ശേരി (പി.ഒ), വടകര, കോഴിക്കോട്.673104 |
| ശ്രീ.ശൈലേഷ്.എം, റവന്യൂ ഇൻസ്പെക്ടർ | സൂപ്രണ്ട്, കൊടുവള്ളി നഗരസഭ | ശ്രീശൈലനിലയം, കാലിയങ്ങാട്, ആർ.ഡി.നഗർ (പി.ഒ), കാസർഗോഡ് |
| ശ്രീമതി.ടിപി.സിന്ധു, റവന്യൂ ഇൻസ്പെക്ടർ | സൂപ്രണ്ട്, ചെറുവണ്ണൂർ നല്ലളം മേഖല കാര്യാലയം | രാജശ്രീ നിവാസ്, മുണ്ടകശ്ശേരി, പെരുമണ്ണ (പി.ഒ), കോഴിക്കോട്.673019 |

| | | |
|---|---|---|
| ശ്രീ.ജേക്കബ് ജോർജ്ജ്, റവന്യൂ ഇൻസ്പെക്ടർ | സൂപ്രണ്ട്, സുൽത്താൻ ബത്തേരി, നഗരസഭ | ചെമ്പകശ്ശേരി (ഹ), കേണിച്ചിറ, വയനാട്. |
| ശ്രീമതി.ബിന്ദു.പി.ആർ, റവന്യൂ ഇൻസ്പെക്ടർ | സൂപ്രണ്ട്, ഫറോക്ക് നഗരസഭ | വൈഷ്ണവം, എ.20, വിശാൽ ഹോം സ്റ്റേക്ക് മുൻവശം, തോട്ടിൽ പീടിക, ചേവരമ്പലം, കോഴിക്കോട്. |
| ശ്രീ.സാദിക് അലിഖാൻ.പി.എസ്, റവന്യൂ ഇൻസ്പെക്ടർ | റവന്യൂ ഇൻസ്പെക്ടർ കോഴിക്കോട് നഗരസഭ | റെയ്ഹാൻ, ശാലേംപുരം പത്തനാപുരം, കൊല്ലം .689695 |
| ശ്രീമതി.സജിത, റവന്യൂ ഇൻസ്പെക്ടർ | സൂപ്രണ്ട്, വടകര നഗരസഭ | ആന്ദ്രമാൽ, പതിമംഗലം, കുന്ദമംഗലം (പി.ഒ) കോഴിക്കോട് |
| ശ്രീമതി.റാണി.എസ്.നായർ, റവന്യൂ ഇൻസ്പെക്ടർ | സൂപ്രണ്ട്, ബേപ്പൂർ മേഖല കാര്യാലയം | ശ്രേയസ്സ്, ഗോവിന്ദപുരം (പി.ഒ), കോഴിക്കോട്.673016 |
| ശ്രീ.തോമസ് മാത്യു, വാർഡ് കൗൺസിലർ | വാർഡ് 62 കൗൺസിലർ | അഡ്വക്കേറ്റ്, പി.കെ.കോംപ്ലക്സ്, ചെറൂട്ടി റോഡ്, കോഴിക്കോട് |
| ശ്രീ.എം.രാധാകൃഷ്ണൻ, വാർഡ് കൗൺസിലർ | വാർഡ് 03 കൗൺസിലർ | ഹരിതം, പുതിയനിരത്ത് (പി.ഒ), കോഴിക്കോട് |
| ശ്രീ.എൻ.പി.പത്മനാഭൻ, വാർഡ് കൗൺസിലർ | വാർഡ് 05 കൗൺസിലർ | തീർത്ഥം, 3386 എ, ഈസ്റ്റ് ഹിൽ റോഡ് വെസ്റ്റ്ഹിൽ, കോഴിക്കോട്.05 |
| ശ്രീമതി.കെ.രതീദേവി, വാർഡ് കൗൺസിലർ | വാർഡ് 09 കൗൺസിലർ | കോട്ടയപ്പാട്ട് (ഹ), വേങ്ങേരി.(പി.ഒ), കോഴിക്കോട്.10 |
| ശ്രീമതി.രജനി.യു, വാർഡ് കൗൺസിലർ | വാർഡ് 10 കൗൺസിലർ | കിഴക്കേ ഉണ്ണിയാവീട്ടിൽ, 36/292 ബി. വേങ്ങേരി (പി.ഒ), കോഴിക്കോട്.10 |
| ശ്രീമതി. പ്രമീള ബാലഗോപാൽ, വാർഡ് കൗൺസിലർ | വാർഡ് 15 കൗൺസിലർ | ചിറക്കൽ(ഹ), മേരിക്കുന്ന് (പി.ഒ), കോഴിക്കോട്. 673012 |
| ശ്രീമതി.ഉഷാദേവി, വാർഡ് കൗൺസിലർ | വാർഡ് 60 കൗൺസിലർ | ചമ്പയിൽ (ഹ), ആർട്സ് കോളേജ് (പി.ഒ), കോഴിക്കോട്.18 |
| ശ്രീമതി.ജിഷ ഗിരിഷ്., വാർഡ് കൗൺസിലർ | വാർഡ് 13 കൗൺസിലർ | പീടികത്തൊടിയിൽ, മലാപ്പറമ്പ് (പി.ഒ), കോഴിക്കോട്.9 |
| ശ്രീമതി.എം.സെലീന, വാർഡ് കൗൺസിലർ | വാർഡ് .27 കൗൺസിലർ | 27/147, സെലീന മൻസിൽ, പുതിയറ (പി.ഒ), കോഴിക്കോട്.4 |
| ശ്രീ.കെ.വി.ബാബുരാജ്, വാർഡ് കൗൺസിലർ | വാർഡ് .71 കൗൺസിലർ | തയ്യിൽത്താഴത്ത്, എടക്കാട് (പി.ഒ), കോഴിക്കോട് |
| ശ്രീ.പി.കിഷൻചന്ദ്, വാർഡ് കൗൺസിലർ | വാർഡ് .65കൗൺസിലർ | പൊറ്റങ്ങാടി വീട്, 3/797/ഡി, പൊറ്റങ്ങാടി രാഘവൻ റോഡ്, വെസ്റ്റ് നടക്കാവ്, കോഴിക്കോട്.11 |
| ശ്രീ.വി.ടി.സത്യൻ, വാർഡ് കൗൺസിലർ | വാർഡ് .24 കൗൺസിലർ | നയനം, പുതുവയൽനിലം, ടി.പി.റോഡ്, ചേവരമ്പലം (പി.ഒ), കോഴിക്കോട്.17 |
| ശ്രീ.എസ്.വി.സയ്യീദ് മുഹമ്മദ് ഷമീൽ, വാർഡ് കൗൺസിലർ | വാർഡ് .41 കൗൺസിലർ | ജമീല മൻസിൽ, നൂർനഗർ, നല്ലളം (പി.ഒ), കോഴിക്കോട്.27 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പറും തീയതിയും | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1996-97 | എൽ.എഫ്.സി.സി.എ4/251/98, 8.9.98 | 74 |
| 2 | 1997-98 | എൽ.എഫ്.സി.സി.എ6/906/06, 28.12.06 | 115 |
| 3 | 1998-99 | എൽ.എഫ്.സി.സി.എ6/382/09, 15.5.09 | 90 |
| 4 | 1999-00 (വരവ്) | എൽ.എഫ്.സി.സി.എ4/752/01,17.5.2002 | 39 |
| 5 | 1999-00 (ചെലവ്) | എൽ.എഫ്.സി.സി.എ4/418/00, 8.06.2001 | 86 |
| 6 | 2000-01 | എൽ.എഫ്.സി.സി.എ4/124/03, 20.05.2003 | 146 |
| 7 | 2001-02 | എൽ.എഫ്.സി.സി.എ4/438/04, 30.7.2004 | 83 |
| 8 | 2002-03 | എൽ.എഫ്.സി.സി.എ4/451/05, 01.18.2005 | 80 |
| 9 | 2003-04 | എൽ.എഫ്.സി.സി.എ4/364/06, 22.06.2006 | 109 |
| 10 | 2004-05 | എൽ.എഫ്.സി.സി.എ4/350/07, 27.07.2007 | 60 |
| 11 | 2005-06 | എൽ.എഫ്.സി.സി.എ4/436/07, 15.4.2008 | 64 |
| 12 | 2006-07 | എൽ.എഫ്.സി.സി.എ4/675/08, 12.11.2008 | 97 |
| 13 | 2007-08 | എൽ.എഫ്.സി.സി.എ4/506/09, 1.10.2009 | 75 |
| 14 | 2008-09 | എൽ.എഫ്.സി.സി.എ4/329/10, 31.05.2010 | 50 |
| 15 | 2009-10 | എൽ.എഫ്.സി.സി.എ4/669/11, 27.9.2011 | 63 |
| 16 | 2010-11 | എൽ.എഫ്.സി.സി.എ4/332/12, 15.6.2013 | 180 |
| 17 | 2011-12 | എൽ.എഫ്.സി.സി.എ4/389/14, 31.5.2014 | 104 |
| 18 | 2012-13 | എൽ.എഫ്.സി.സി.എ4/1245/14, 31.3.2015 | 110 |
| 19 | 2013-14 | കെ.എസ്.എ./കെ.ഒ.സി./എ4/27/2016, 31.5.16 | 107 |
| 20 | 2014-15 | കെ.എസ്.എ./കെ.ഒ.സി/എ4/1042/16, 30.7.16 | 87 |
| 21 | 2015-16 | കെ.എസ്.എ./കെ.ഒ.സി./എ4/110/17, 31.1.17 | 75 |
| 22 | 2016-17 | കെ.എസ്.എ./കെ.ഒ.സി./എ4/1075/17, 03.11.2017 | 83 |
| 23 | 2017-18 | കെ.എസ്.എ./കെ.ഒ.സി./എ4/127/19, 25.04.2019 | 66 |

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
സീനിയർ ഡപ്യൂട്ടി ഡയറക്ടർ,

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ/കെ.ഒ.സി /എ.4/500/2020 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട്,

E- mail-corpkkd.ksad@kerala.gov..in

Phone: 0495-2365264

തീയതി: 23.09.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018/ ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോഴിക്കോട് കോർപറേഷന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കോഴിക്കോട് കോർപ്പറേഷൻ ഓഡിറ്റ്

# <u>അനുബന്ധം - 2 ഖണ്ഡിക 3-9 പ്രകാരമുള്ള ഉത്തരവാദികൾ</u>

| ക്രമ നം | ഉത്തരവാദികൾ | തുക |
|---|---|---|
| 1 | ശ്രീ.ജി.പി.സുജൻ, റവന്യൂ ഇൻസ്പെക്ടർ | 15,000 |
| | ശ്രീ.തോമസ് മാത്യൂ, വാർഡ് കൗൺസിലർ | 15,000 |
| 2 | ശ്രീ. സുജിത്ത്.പി. റവന്യൂ ഇൻസ്പെക്ടർ | 15,000 |
| | ശ്രീ.എം.രാധാകൃഷ്ണൻ, വാർഡ് കൗൺസിലർ | 15,000 |
| 3 | ശ്രീ. നാണു.ടി.എച്ച്. റവന്യൂ ഇൻസ്പെക്ടർ | 15,000 |
| | ശ്രീ.എൻ.പി.പത്മമാഭൻ, വാർഡ് കൗൺസിലർ | 15,000 |
| 4 | ശ്രീ. സുജിത്ത്.പി. റവന്യൂ ഇൻസ്പെക്ടർ | 15,000 |
| | ശ്രീ.എൻ.പി.പത്മമാഭൻ, വാർഡ് കൗൺസിലർ | 15,000 |
| 5 | ശ്രീ.ഷൈലേഷ്.എം, റവന്യൂ ഇൻസ്പെക്ടർ | 15,000 |
| | ശ്രീമതി.കെ.രതീദേവി, വാർഡ് കൗൺസിലർ | 15,000 |
| 6 | ശ്രീ.ഷൈലേഷ്.എം, റവന്യൂ ഇൻസ്പെക്ടർ | 15,000 |
| | ശ്രീമതി.രജനി.യു, വാർഡ് കൗൺസിലർ | 15,000 |
| 7 | ശ്രീമതി.ടി.പി.സിന്ധു. റവന്യൂ ഇൻസ്പെക്ടർ | 15,000 |
| | ശ്രീമതി.പ്രമീള ബാലഗോപാൽ, വാർഡ് കൗൺസിലർ | 15,000 |
| 8 | ശ്രീ.ജേക്കബ് ജോർജ്ജ്, റവന്യൂ ഇൻസ്പെക്ടർ | 15,000 |
| | ശ്രീമതി.ഉഷദേവി., വാർഡ് കൗൺസിലർ | 15,000 |
| 9 | ശ്രീമതി.ബിന്ദു.പി.ആർ. റവന്യൂ ഇൻസ്പെക്ടർ | 15,000 |
| | ശ്രീമതി.ജിഷ ഗിരിഷ്. വാർഡ് കൗൺസിലർ | 15,000 |
| 10 | ശ്രീ.സാദിക്ക് അലിഖാൻ.പി.എസ്, റവന്യൂ ഇൻസ്പെക്ടർ | 15,000 |
| | ശ്രീമതി.എം.സെലീന, വാർഡ് കൗൺസിലർ | 15,000 |
| 11 | ശ്രീമതി.ബിന്ദു.പി.ആർ. റവന്യൂ ഇൻസ്പെക്ടർ | 15,000 |
| | ശ്രീ.കെ.വി.ബാബുരാജ്, വാർഡ് കൗൺസിലർ | 15,000 |
| 12 | ശ്രീ.ജി.പി.സുജൻ, റവന്യൂ ഇൻസ്പെക്ടർ | 15,000 |
| | ശ്രീ.പി.കിഷൻചന്ദ്, വാർഡ് കൗൺസിലർ | 15,000 |
| 13 | ശ്രീ.നാണു.ടി.എച്ച്, റവന്യൂ ഇൻസ്പെക്ടർ | 15,000 |
| | ശ്രീ.എൻ.പി.പത്മനാഭൻ, വാർഡ് കൗൺസിലർ | 15,000 |
| 14 | ശ്രീ. സുജിത്ത്.പി. റവന്യൂ ഇൻസ്പെക്ടർ | 15,000 |
| | ശ്രീ.എൻ.പി.പത്മനാഭൻ, വാർഡ് കൗൺസിലർ | 15,000 |
| 15 | ശ്രീ. സുജിത്ത്.പി. റവന്യൂ ഇൻസ്പെക്ടർ | 15,000 |
| | ശ്രീ.എൻ.പി.പത്മനാഭൻ, വാർഡ് കൗൺസിലർ | 15,000 |
| 16 | ശ്രീമതി.സജിത, റവന്യൂ ഇൻസ്പെക്ടർ | 15,000 |
| | ശ്രീ.വി.ടി.സത്യൻ, വാർഡ് കൗൺസിലർ | 15,000 |

| | | |
|---|---|---|
| 17 | ശ്രീമതി.റാണി.എസ്.നായർ, റവന്യൂ ഇൻസ്പെക്ടർ<br>ശ്രീ.എസ്.വി.സയ്യീദ് മുഹമ്മദ് ഷമീൽ, വാർഡ് കൗൺസിലർ | 15,000<br>15,000 |
| | | 5,10,000 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കോഴിക്കോട് കോർപ്പറേഷൻ ഓഡിറ്റ്

# അനുബന്ധം - 3 മാളിനെ വാണിജ്യകെട്ടിടം എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിനാൽ കുറവ് വന്ന വസ്തുനികുതിയുടെ വിശദാംശം

1) ഭൂനിരപ്പ് നില

| കെട്ടിടനം/ തറ വിസ്തീർണ്ണം (m2) | നിർണ്ണയിച്ച വസ്തു നികുതി(ഫോം-2 പ്രകാരം) | ലൈബ്രറി സെസ് | ആകെ | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി | ലൈബ്രറി സെസ് | ആകെ | കുറവായി നിർണ്ണയിച്ച വസ്തു നികുതി | 2ാം അർദ്ധവർഷ ത്തേക്കുള്ള നികുതി | അടവാക്കിയ നികുതി | കുറവ് (അടവാക്കാത്ത ഉൾപ്പെടെ) |
|---|---|---|---|---|---|---|---|---|---|---|
| 63/103 -22.05 | 22.05*105*1.20=2779/- | 139 | 2918 | 22.05*150*1.20=3969/- | 198 | 4167 | 1249/- | 2084 | 1459 | 625 |
| 63/103-A-22.05 | 22.05*105*1.20=2779/- | 139 | 2918 | 22.05*150*1.20=3969/- | 198 | 4167 | 1249/- | 2084 | 1459 | 625 |
| 63/103-A1-22.05 | 22.05*105*1.20=2779/- | 139 | 2918 | 22.05*150*1.20=3969/- | 198 | 4167 | 1249/- | 2084 | 1459 | 625 |
| 63/103-A2-22.05 | 22.05*105*1.20=2779/- | 139 | 2918 | 22.05*150*1.20=3969/- | 198 | 4167 | 1249/- | 2084 | 1459 | 625 |
| 63/103-A3- | 22.05*105*1.20=2779/- | 139 | 2918 | 22.05*150*1.20=3969/- | 198 | 4167 | 1249/- | 2084 | 1459 | 625 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 22.05 | | | | | | | | | | |
| 63/103-A4-22.05 | 22.05*105*1.20=2779/- | 139 | 2918 | 22.05*150*1.20=3969/- | 198 | 4167 | 1249/- | 2084 | 0 | 2084 |
| 63/103-A5-40.26 | 40.26*105*1.20=5073 | 254 | 5327 | 40.26*150*1.20=7247/- | 362 | 7609 | 2282/- | 3805 | 2663 | 1142 |
| 63/103-A6-22.51 | 22.51*105*1.20=2837 | 142 | 2979 | 22.51*150*1.20=4052/- | 203 | 4255 | 1276 | 2128 | 1489 | 639 |
| 63/103-A7-75.21 | 75.21*105*1.20=9477 | 474 | 9951 | 75.21*150*1.20=13538/- | 677 | 14215 | 4264 | 7108 | 4975 | 2133 |
| 63/107-A8-124.76 | 124.76*105*1.2=15720/- | 786 | 16506 | 124.76*150*1.2=22457/- | 1123 | 23580 | 7074 | 11790 | 8253 | 3537 |
| 63/103-A9-23.16 | 23.16*105*1.20=2918 | 146 | 3064 | 23.16*150*1.20=4169/- | 208 | 4377 | 1313 | 2189 | 1532 | 657 |
| 63/103-A10-26.32 | 26.23*105*1.20=3305/- | 165 | 3470 | 26.23*150*1.20=4722/- | 236 | 4958 | 1488 | 2479 | 1735 | 744 |
| 63/103-A11-17.31 | 17.31*105*1.20=2182 | 109 | 2291 | 17.31*150*1.20=3116/- | 156 | 3272 | 981 | 1636 | 1146 | 490 |
| 63/103-A12-18.98 | 18.98*105*1.20=2392 | 120 | 2512 | 18.98*150*1.20=3417/- | 171 | 3588 | 1076 | 1794 | 1256 | 538 |

തറനിലയ്ക്ക് കുറവായി നിർണ്ണയിച്ച വസ്തുനികുതി (ലൈബ്രറിസെസ് അടക്കം)-27,248/-രൂപ

2) ഒന്നാം നില

| കെട്ടിടനം/തറ വിസ്തീർണ്ണം (m2) | നിർണ്ണയിച്ച വസ്തു നികുതി | ലൈബ്രറി സെസ് | ആകെ | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി | ലൈബ്രറി സെസ് | ആകെ | കുറവായി നിർണ്ണയിച്ച വസ്തു നികുതി | 2ാം അർദ്ധവർഷ ത്തേക്കുള്ള നികുതി | അടവാക്കിയ നികുതി | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|
| 63/104-34.2 | (34.2*105*1.20)-<br>കിഴിവ്-5%=<br>4310-216=4094 | 205 | 4299 | (34.2*150*1.20)-<br>കിഴിവ്-5%=<br>6156-308=5848 | 292 | 6140 | 1841/- | 3070 | 2150 | 920 |
| 63/104-A-24.82 | (24.82*105*1.20)-<br>കിഴിവ്-5%=<br>3128-157=2971 | 149 | 3120 | (24.82*150*1.20)-<br>കിഴിവ്-5%=<br>4468-224=4244 | 212 | 4456 | 1485 | 2228 | 0 | 2228 |
| 63/104-A1-24.82 | (24.82*105*1.20)-<br>കിഴിവ്-5%=<br>3128-157=2971 | 149 | 3120 | (24.82*150*1.20)-<br>കിഴിവ്-5%=<br>4468-224=4244 | 212 | 4456 | 1485 | 2228 | 0 | 2228 |
| 63/104-A2-24.82 | (24.82*105*1.20)-<br>കിഴിവ്-5%=<br>3128-157=2971 | 149 | 3120 | (24.82*150*1.20)-<br>കിഴിവ്-5%=<br>4468-224=4244 | 212 | 4456 | 1485 | 2228 | 1560 | 668 |
| 63/104-A3-29.74 | (29.74*105*1.20)-<br>കിഴിവ്-5%=<br>3748-188=3560 | 178 | 3738 | (29.74*150*1.20)-<br>കിഴിവ്-5%=<br>5354-268=5086 | 255 | 5341 | 1603 | 2671 | 1869 | 802 |
| 63/104-A4-29.74 | (29.74*105*1.20)-<br>കിഴിവ്-5%=<br>3748-188=3560 | 178 | 3738 | (29.74*150*1.20)-<br>കിഴിവ്-5%=<br>5354-268=5086 | 255 | 5341 | 1603 | 2671 | 1869 | 802 |
| 63/104-A5-24.82 | (24.82*105*1.20)-<br>കിഴിവ്-5%=<br>3128-157=2971 | 149 | 3120 | (24.82*150*1.20)-<br>കിഴിവ്-5%=<br>4468-224=4244 | 212 | 4456 | 1485 | 2228 | 0 | 2228 |
| 63/104-A6-29.65 | (29.65*105*1.20)-<br>കിഴിവ്-5%=<br>3736-187=3549 | 177 | 3726 | (29.65*150*1.20)-<br>കിഴിവ്-5%=<br>5337-267=5070 | 254 | 5324 | 1598 | 2662 | 1864 | 798 |
| 63/104-A7-25.93 | (25.93*105*1.20)-<br>കിഴിവ്-5%=<br>3268-164=3104 | 155 | 3259 | (25.93*150*1.20)-<br>കിഴിവ്-5%=<br>4668-234=4434 | 222 | 4656 | 1552 | 2328 | 1630 | 698 |
| 63/104-A8-32.07 | (32.07*105*1.20)-<br>കിഴിവ്-5%=<br>4041-203=3838 | 192 | 4030 | (32.07*150*1.20)-<br>കിഴിവ്-5%=<br>5773-289=5484 | 274 | 5758 | 1728 | 2879 | 0 | 2879 |
| 63/104-A9-27.14 | (27.14*105*1.20)-<br>കിഴിവ്-5%= | 162 | 3411 | (27.14*150*1.20)-<br>കിഴിവ്-5%= | 232 | 4873 | 1624 | 2437 | 0 | 2437 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | 3420-171=3249 | | | 4886-245=4641 | | | | | | |
| 63/104-A10-26.4 | (26.4*105*1.20)-<br>കിഴിവ്-5%=<br>3327-167=3160 | 158 | 3318 | (26.4*150*1.20)-<br>കിഴിവ്-5%=<br>4752-238=4514 | 226 | 4740 | 1422 | 2370 | 1659 | 711 |
| 63/104-A11-20.36 | (20.36*105*1.20)-<br>കിഴിവ്-5%=<br>2566-129=2437 | 122 | 2559 | (20.36*150*1.20)-<br>കിഴിവ്-5%=<br>3665-184=3481 | 174 | 3655 | 1096 | 1828 | 0 | 1828 |
| 63/104-A12-23.98 | (23.98*105*1.20)-<br>കിഴിവ്-5%=<br>3022-152=2870 | 144 | 3014 | (23.98*150*1.20)-<br>കിഴിവ്-5%=<br>4317-216=4101 | 226 | 4327 | 1313 | 2164 | 1507 | 657 |
| 63/104-A13-23.98 | (23.98*105*1.20)-<br>കിഴിവ്-5%=<br>3022-152=2870 | 144 | 3014 | (23.98*150*1.20)-<br>കിഴിവ്-5%=<br>4317-216=4101 | 226 | 4327 | 1313 | 2164 | 1507 | 657 |
| 63/104-A14-29.28 | (29.28*105*1.20)-<br>കിഴിവ്-5%=<br>3690-185=3505 | 175 | 3680 | (29.28*150*1.20)-<br>കിഴിവ്-5%=<br>5271-264=5007 | 250 | 5257 | 1752 | 2629 | 1841 | 788 |
| 63/104-A15-28.19 | (28.91*105*1.20)-<br>കിഴിവ്-5%=<br>3643-183=3460 | 173 | 3633 | (28.91*150*1.20)-<br>കിഴിവ്-5%=<br>5204-261=4943 | 247 | 5190 | 1557 | 2595 | 1730 | 865 |
| 63/104-A16-28.19 | (28.91*105*1.20)-<br>കിഴിവ്-5%=<br>3643-183=3460 | 173 | 3633 | (28.91*150*1.20)-<br>കിഴിവ്-5%=<br>5204-261=4943 | 247 | 5190 | 1557 | 2595 | 0 | 2595 |
| 63/104-A17-33.55 | (33.55*105*1.20)-<br>കിഴിവ്-5%=<br>4228-212=4016 | 201 | 4217 | (33.55*150*1.20)-<br>കിഴിവ്-5%=<br>6039-302=5737 | 287 | 6024 | 1807 | 3012 | 2108 | 904 |
| 63/104-A18-33.55 | (33.55*105*1.20)-<br>കിഴിവ്-5%=<br>4228-212=4016 | 201 | 4217 | (33.55*150*1.20)-<br>കിഴിവ്-5%=<br>6039-302=5737 | 287 | 6024 | 1807 | 3012 | 2108 | 904 |
| 63/104-A19-33.55 | (33.55*105*1.20)-<br>കിഴിവ്-5%=<br>4228-212=4016 | 201 | 4217 | (33.55*150*1.20)-<br>കിഴിവ്-5%=<br>6039-302=5737 | 287 | 6024 | 1807 | 3012 | 0 | 3012 |
| 63/104-A20-33.55 | (33.55*105*1.20)-<br>കിഴിവ്-5%=<br>4228-212=4016 | 201 | 4217 | (33.55*150*1.20)-<br>കിഴിവ്-5%=<br>6039-302=5737 | 287 | 6024 | 1807 | 3012 | 2108 | 904 |

ഒന്നാം നിലയ്ക്ക് കുറവായി നിർണ്ണയിച്ച വസ്തുനികുതി (ലൈബ്രറിസെസ് അടക്കം)-34,727/-രൂപ

3) രണ്ടാം നില

| കെട്ടിടനം/തറ വിസ്തീർണ്ണം (m2) | നിർണ്ണയിച്ച വസ്തു നികതി | ലൈബ്രറി സെസ് | ആകെ | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികതി | ലൈബ്രറി സെസ് | ആകെ | കുറവായി നിർണ്ണയിച്ച വസ്തു നികതി | 2ാം അർദ്ധവർഷത്തേക്കുള്ള നികതി | അടവാക്കിയ നികതി | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|
| 63/105-25.26 | (25.26*105*1.20)-<br>കിഴിവ്-10%=<br>3183-319=2864 | 143 | 3007 | (25.26*150*1.20)-<br>കിഴിവ്-10%=<br>4547-455=4092 | 205 | 4297 | 1290/- | 2149 | 0 | 2149 |
| 63/105-A-29.31 | (29.31*105*1.20)-<br>കിഴിവ്-10%=<br>3694-370=3324 | 166 | 3490 | (29.31*150*1.20)-<br>കിഴിവ്-10%=<br>5276-528=4748 | 237 | 4985 | 1495/- | 2493 | 1745 | 748 |
| 63/105-A1-29.31 | (29.31*105*1.20)-<br>കിഴിവ്-10%=<br>3694-370=3324 | 166 | 3490 | (29.31*150*1.20)-<br>കിഴിവ്-10%=<br>5276-528=4748 | 237 | 4985 | 1495/- | 2493 | 1750 | 743 |
| 63/105-A2-29.31 | (29.31*105*1.20)-<br>കിഴിവ്-10%=<br>3694-370=3324 | 166 | 3490 | (29.31*150*1.20)-<br>കിഴിവ്-10%=<br>5276-528=4748 | 237 | 4985 | 1495/- | 2493 | 1745 | 743 |
| 63/105-A3-29.31 | (29.31*105*1.20)-<br>കിഴിവ്-10%=<br>3694-370=3324 | 166 | 3490 | (29.31*150*1.20)-<br>കിഴിവ്-10%=<br>5276-528=4748 | 237 | 4985 | 1495/- | 2493 | 1745 | 743 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 63/105-A4-29.321 | (29.31*105*1.20)-<br>കിഴിവ്-10%=<br>3694-370=3324 | 166 | 3490 | (29.31*150*1.20)-<br>കിഴിവ്-10%=<br>5276-528=4748 | 237 | 4985 | 1495/- | 2493 | 1745 | 743 |
| 63/105-A5-29.31 | (29.31*105*1.20)-<br>കിഴിവ്-10%=<br>3694-370=3324 | 166 | 3490 | (29.31*150*1.20)-<br>കിഴിവ്-10%=<br>5276-528=4748 | 237 | 4985 | 1495/- | 2493 | 1745 | 743 |
| 63/105-A6-29.31 | (29.31*105*1.20)-<br>കിഴിവ്-10%=<br>3694-370=3324 | 166 | 3490 | (29.31*150*1.20)-<br>കിഴിവ്-10%<br>5276-528=4748 | 237 | 4985 | 1495/- | 2493 | 1745 | 743 |
| 63/105-A7-29.31 | (29.31*105*1.20)-<br>കിഴിവ്-10%=<br>3694-370=3324 | 166 | 3490 | (29.31*150*1.20)-<br>കിഴിവ്-10%=<br>5276-528=4748 | 237 | 4985 | 1495/- | 2493 | 1745 | 743 |
| 63/105-A8-29.31 | (29.31*105*1.20)-<br>കിഴിവ്-10%=<br>3694-370=3324 | 166 | 3490 | (29.31*150*1.20)-<br>കിഴിവ്-10%=<br>5276-528=4748 | 237 | 4985 | 1495/- | 2493 | 1745 | 743 |
| 63/105-A9-32.11 | (32.11*105*1.20)-<br>കിഴിവ്-10%=<br>4046-405=3641 | 182 | 3823 | (32.11*150*1.20)-<br>കിഴിവ്-10%=<br>5780-578=5202 | 260 | 5462 | 1639/- | 2731 | 1912 | 819 |
| 63/105-A10-24.58 | (24.58*105*1.20)-<br>കിഴിവ്-10%=<br>3098-310=2788 | 139 | 2927 | (24.58*150*1.20)-<br>കിഴിവ്-10%=<br>4425-443=3982 | 199 | 4181 | 1254/- | 2091 | 1469 | 622 |
| 63/105-A11-25.03 | (25.03*105*1.20)-<br>കിഴിവ്-10%=<br>3154-316=2838 | 142 | 2980 | (25.03*150*1.20)-<br>കിഴിവ്-10%=<br>4506-451=4055 | 203 | 4258 | 1278/- | 2129 | 1464 | 665 |
| 63/105-A12-24.58 | (24.58*105*1.20)-<br>കിഴിവ്-10%=<br>3098-310=2788 | 139 | 2927 | (24.58*150*1.20)-<br>കിഴിവ്-10%=<br>4425-443=3982 | 199 | 4181 | 1254/- | 2091 | 1464 | 627 |
| 63/105-A13-19.18 | (19.18*105*1.20)-<br>കിഴിവ്-10%=<br>2417-242=2175 | 109 | 2284 | (19.18*150*1.20)-<br>കിഴിവ്-10%=<br>3453-173=3280 | 164 | 3444 | 1160/- | 1722 | 1142 | 580 |
| 63/105-A14-24.67 | (24.67*105*1.20)-<br>കിഴിവ്-10%=<br>3109-311=2798 | 140 | 2938 | (24.67*150*1.20)-<br>കിഴിവ്-10%=<br>4441-445=3996 | 200 | 4196 | 1258/- | 2098 | 1469 | 629 |
| 63/105-A15-29.41 | (29.41*105*1.20)-<br>കിഴിവ്-10%=<br>3706-371=3335 | 167 | 3502 | (29.41*150*1.20)-<br>കിഴിവ്-10%=<br>5294-530=4764 | 238 | 5002 | 1500/- | 2501 | 1751 | 750 |
| 63/105-A16-24.66 | (24.66*105*1.20)-<br>കിഴിവ്-10%=<br>3108-311=2797 | 140 | 2937 | (24.66*150*1.20)-<br>കിഴിവ്-10%=<br>4439-444=3995 | 200 | 4195 | 1258/- | 2098 | 0 | 2098 |
| 63/105-A17-24.66 | (24.66*105*1.20)-<br>കിഴിവ്-10%=<br>3108-311=2797 | 140 | 2937 | (24.66*150*1.20)-<br>കിഴിവ്-10%=<br>4439-444=3995 | 200 | 4195 | 1258/- | 2098 | 1469 | 629 |
| 63/105-A18-24.66 | (24.66*105*1.20)-<br>കിഴിവ്-10%=<br>3108-311=2797 | 140 | 2937 | (24.66*150*1.20)-<br>കിഴിവ്-10%=<br>4439-444=3995 | 200 | 4195 | 1258/- | 2098 | 1469 | 629 |

രണ്ടാം നിലയ്ക്ക് കുറവായി നിർണ്ണയിച്ച വസ്തുനികുതി (ലൈബ്രറിസെസ് അടക്കം)-27,862/-രൂപ

4) മൂന്നാം നില

| കെട്ടിടനം/<br>തറ<br>വിസ്തീർണ്ണം<br>(m2) | നിർണ്ണയിച്ച വസ്തു നികുതി | ലൈബ്രറി സെസ് | ആകെ | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി | ലൈബ്രറി സെസ് | ആകെ | കുറവായി നിർണ്ണയിച്ച വസ്തു നികുതി | 2ാം അർദ്ധവർഷത്തേക്കുള്ള നികുതി | അടവാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|
| 63/106-<br>28.88 | (28.88*105*1.20)-<br>കിഴിവ്-15%=<br>3639-546=3093 | 155 | 3248 | (28.88*150*1.20)-<br>കിഴിവ്-15%=<br>5199-780=4419 | 221 | 4640 | 1392/- | 2320 | 0 | 2320 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 63/106-A-28.88 | (28.88*105*1.20)-കിഴിവ്-15%=<br>3639-546=3093 | 155 | 3248 | (28.88*150*1.20)-കിഴിവ്-15%=<br>5199-780=4419 | 221 | 4640 | 1392/- | 2320 | 0 | 2320 |
| 63/106-A1-28.88 | (28.88*105*1.20)-കിഴിവ്-15%=<br>3639-546=3093 | 155 | 3248 | (28.88*150*1.20)-കിഴിവ്-15%=<br>5199-780=4419 | 221 | 4640 | 1392/- | 2320 | 1624 | 696 |
| 63/106-A2-28.88 | (28.88*105*1.20)-കിഴിവ്-15%=<br>3639-546=3093 | 155 | 3248 | (28.88*150*1.20)-കിഴിവ്-15%=<br>5199-780=4419 | 221 | 4640 | 1392/- | 2320 | 1624 | 696 |
| 63/106-A328.88 | (28.88*105*1.20)-കിഴിവ്-15%=<br>3639-546=3093 | 155 | 3248 | (28.88*150*1.20)-കിഴിവ്-15%=<br>5199-780=4419 | 221 | 4640 | 1392/- | 2320 | 1624 | 696 |
| 63/106-A4-28.88 | (28.88*105*1.20)-കിഴിവ്-15%=<br>3639-546=3093 | 155 | 3248 | (28.88*150*1.20)-കിഴിവ്-15%=<br>5199-780=4419 | 221 | 4640 | 1392/- | 2320 | 1745 | 575 |
| 63/106-A5-28.88 | (28.88*105*1.20)-കിഴിവ്-15%=<br>3639-546=3093 | 155 | 3248 | (28.88*150*1.20)-കിഴിവ്-15%=<br>5199-780=4419 | 221 | 4640 | 1392/- | 2320 | 1745 | 575 |
| 63/106-A6-28.88 | (28.88*105*1.20)-കിഴിവ്-15%=<br>3639-546=3093 | 155 | 3248 | (28.88*150*1.20)-കിഴിവ്-15%=<br>5199-780=4419 | 221 | 4640 | 1392/- | 2320 | 1745 | 575 |
| 63/106-A7-28.88 | (28.88*105*1.20)-കിഴിവ്-15%=<br>3639-546=3093 | 155 | 3248 | (28.88*150*1.20)-കിഴിവ്-15%=<br>5199-780=4419 | 221 | 4640 | 1392/- | 2320 | 1745 | 575 |
| 63/106-A8-27.02 | (27.02*105*1.20)-കിഴിവ്-15%=<br>3405-460=2945 | 147 | 3092 | (27.02*150*1.20)-കിഴിവ്-15%=<br>4864-730=4134 | 207 | 4341 | 1249/- | 2171 | 1745 | 426 |
| 63/106-A9-33.81 | (33.81*105*1.20)-കിഴിവ്-15%=<br>4261-640=3621 | 181 | 3802 | (33.81*150*1.20)-കിഴിവ്-15%=<br>6086-913=5173 | 259 | 5432 | 1630/- | 2716 | 1912 | 804 |
| 63/106-A10-24.61 | (24.61*105*1.20)-കിഴിവ്-15%=<br>3101-466=2635 | 132 | 2767 | (24.61*150*1.20)-കിഴിവ്-15%=<br>4429-665=3764 | 188 | 3952 | 1185/- | 1976 | 1464 | 512 |
| 63/106-A11-25.63 | (25.63*105*1.20)-കിഴിവ്-15%=<br>3230-485=2745 | 137 | 2882 | (25.63*150*1.20)-കിഴിവ്-15%=<br>4614-693=3921 | 196 | 4117 | 1235/- | 2059 | 1490 | 569 |
| 63/106-A12-24.61 | (24.61*105*1.20)-കിഴിവ്-15%=<br>3101-466=2635 | 132 | 2767 | (24.61*150*1.20)-കിഴിവ്-15%=<br>4429-665=3764 | 188 | 3952 | 1185/- | 1976 | 1464 | 512 |
| 63/106-A13-23.86 | (23.86*105*1.20)-കിഴിവ്-15%=<br>3007-452=2555 | 128 | 2683 | (23.86*150*1.20)-കിഴിവ്-15%=<br>4295-645=3650 | 183 | 3833 | 1150/- | 1917 | 1142 | 775 |
| 63/106-A14-24.61 | (24.61*105*1.20)-കിഴിവ്-15%=<br>3101-466=2635 | 132 | 2767 | (24.61*150*1.20)-കിഴിവ്-15%=<br>4429-665=3764 | 188 | 3952 | 1185/- | 1976 | 1469 | 507 |
| 63/106-A15-24.61 | (24.61*105*1.20)-കിഴിവ്-15%=<br>3101-466=2635 | 132 | 2767 | (24.61*150*1.20)-കിഴിവ്-15%=<br>4429-665=3764 | 188 | 3952 | 1185/- | 1976 | 1751 | 225 |
| 63/106-A16-24.61 | (24.61*105*1.20)-കിഴിവ്-15%=<br>3101-466=2635 | 132 | 2767 | (24.61*150*1.20)-കിഴിവ്-15%=<br>4429-665=3764 | 188 | 3952 | 1185/- | 1976 | 0 | 1976 |
| 63/106-A17-24.61 | (24.61*105*1.20)-കിഴിവ്-15%=<br>3101-466=2635 | 132 | 2767 | (24.61*150*1.20)-കിഴിവ്-15%=<br>4429-665=3764 | 188 | 3952 | 1185/- | 1976 | 1469 | 507 |
| 63/106-A18-24.61 | (24.61*105*1.20)-കിഴിവ്-15%= | 132 | 2767 | (24.61*150*1.20)-കിഴിവ്-15%= | 188 | 3952 | 1185/- | 1976 | 1469 | 507 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | 3101-466=2635 | | | 4429-665=3764 | | | | | | |

മൂന്നാം നിലയ്ക്ക് കുറവായി നിർണ്ണയിച്ച വസ്തുനികുതി (ലൈബ്രറിസെസ് അടക്കം)-26087/- രൂപ

5) നാലാം നില

| കെട്ടിടനം/ തറ വിസ്തീർണ്ണം (m2) | നിർണ്ണയിച്ച വസ്തു നികുതി | ലൈബ്രറി സെസ് | ആകെ | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി | ലൈബ്രറി സെസ് | ആകെ | കുറവായി നിർണ്ണയിച്ച വസ്തു നികുതി | 2ാം അർദ്ധവർഷത്തേക്കുള്ള നികുതി | അടവാക്കിയ നികുതി | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|
| 63/107-47.58 | (47.58*105*1.20)-കിഴിവ്-20%= 5996-1200=4796 | 240 | 5036 | (47.58*150*1.20)-കിഴിവ്-20%= 8565-1713=6852 | 343 | 7195 | 2159/- | 3598 | 2518 | 1080 |
| 63/107-A-99.26 | (99.26*105*1.20) -കിഴിവ് 20%= 12507-2502= 10005 | 500 | 10505 | (99.26*150*1.20)-കിഴിവ്-20%= 17867-3574=14293 | 715 | 15008 | 4503/- | 7504 | 5253 | 2251 |
| 63/107-A1-32.99 | (32.99*105*1.20) -കിഴിവ് 20%= 4157-832= 3325 | 166 | 3491 | (32.99*150*1.20)-കിഴിവ്-20%= 5939-1188=4751 | 238 | 4989 | 1498/- | 2495 | 1746 | 749 |
| 63/107-A2-33.08 | (33.08*105*1.20) -കിഴിവ് 20%= 4169-834= 3335 | 167 | 3502 | (33.08*150*1.20)-കിഴിവ്-20%= 5955-1191=4764 | 238 | 5002 | 1500/- | 2501 | 0 | 2501 |
| 63/107-A3-37.27 | (37.27*105*1.20) -കിഴിവ് 20%= 4697-940= 3757 | 188 | 3945 | (37.27*150*1.20)-കിഴിവ്20%= 6709-1342= 5367 | 269 | 5636 | 1691/- | 2818 | 0 | 2818 |
| 63/107-A4-32.53 | (32.53*105*1.20) -കിഴിവ് 20%= 4099-820= 3279 | 164 | 3443 | (32.53*150*1.20)-കിഴിവ്-20%= 5856-1172=4684 | 235 | 4919 | 1476/- | 2460 | 0 | 2460 |
| 63/107-A5-34.76 | (34.76*105*1.20) -കിഴിവ് 20%= 4380-876= 3504 | 176 | 3680 | (34.76*150*1.20)-കിഴിവ്-20%= 6257-1252=5005 | 250 | 5255 | 1575/- | 2628 | 0 | 2628 |
| 63/107-A6-32.99 | (32.99*105*1.20) -കിഴിവ് 20%= 4157-832= 3325 | 166 | 3491 | (32.99*150*1.20)-കിഴിവ്-20%= 5939-1188=4751 | 238 | 4989 | 1498/- | 2495 | 0 | 2495 |
| 63/107-A7-42.1 | (42.1*105*1.20) -കിഴിവ് 20%= 5305-1061= 4244 | 212 | 4456 | (42.1*150*1.20)-കിഴിവ്-20%= 7578-1516=6062 | 303 | 6365 | 1909/- | 3183 | 0 | 3183 |
| 63/107-A8-37.36 | (37.36*105*1.20) -കിഴിവ് 20%= 4708-942= 3766 | 188 | 3954 | (37.36*150*1.20)-കിഴിവ്-20%= 6725-1345=5380 | 269 | 5649 | 1695/- | 2825 | 0 | 2825 |

നാലാം നിലയ്ക്ക് കുറവായി നിർണ്ണയിച്ച വസ്തുനികുതി (ലൈബ്രറിസെസ് അടക്കം)-19,504/- രൂപ

6) അഞ്ചാം നില

| കെട്ടിടനം/ തറ വിസ്തീർണ്ണം (m2) | നിർണ്ണയിച്ച വസ്തു നികുതി | ലൈബ്രറി സെസ് | ആകെ | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി | ലൈബ്രറി സെസ് | ആകെ | കുറവായി നിർണ്ണയിച്ച വസ്തു നികുതി | 2ാം അർദ്ധവർഷത്തേക്കുള്ള നികുതി | അടവാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|
| 63/108-608.7 | (608.70*105*1.35)-കിഴിവ്-25%= 86284-21571=64713 | 3236 | 67949 | (608.70*150*1.35)-കിഴിവ്-25%= 1,23,262-30816=92446 | 4622 | 97068 | 29119 | 48534 | 0 | 48534 |

അഞ്ചാം നിലയ്ക്ക് കുറവായി നിർണ്ണയിച്ച വസ്തുനികുതി (ലൈബ്രറിസെസ് അടക്കം)-29,119/-രൂപ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കോഴിക്കോട് കോർപ്പറേഷൻ ഓഡിറ്റ്